# PROCEEDINGS
# OF THE
# TENTH KERALA LEGISLATIVE ASSEMBLY

LIBRARY ARCHIVES Kerala Legislative Assembly

**FIRST SESSION**

*Monday, 29th July 1996*

# OFFICIAL REPORT

Vol. XCVIII - No. 14

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM

©
GOVERNMENT OF KERALA
2001

2/1203/2002.

# കേരള നിയമസഭാ നടപടികൾ

## പത്താം കേരള നിയമസഭ

**ഒന്നാം സമ്മേളനം**

*1996 ജൂലായ് 29, തിങ്കൾ*

*സ്പീക്കർ*

**ശ്രീ. എം. വിജയകുമാർ**

*ഡെപ്യൂട്ടി സ്പീക്കർ*

**ശ്രീ. സി.എ. കുര്യൻ**

*സെക്രട്ടറി (ഇൻ-ചാർജ്)*

**ശ്രീ. എസ്. കൃഷ്ണമൂർത്തി**

*ചീഫ് എഡിറ്റർ*

**ശ്രീമതി ഇ.എം. ഭാനുമതി**

*എഡിറ്റിംഗ് ബ്രാഞ്ച്*

**കേരള നിയമസഭാ സെക്രട്ടേറിയറ്റ്**

**തിരുവനന്തപുരം**

LIBRARY ARCHIVES Kerala Legislative Assembly

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | ശ്രീ. ഇ.കെ. നായനാർ |
| ജലസേചനവും തൊഴിലും വകുപ്പുമന്ത്രി | ശ്രീ. ബേബി ജോൺ |
| ഭക്ഷ്യ വിനോദസഞ്ചാര നിയമ വകുപ്പുമന്ത്രി | ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ |
| റവന്യൂ വകുപ്പുമന്ത്രി | ശ്രീ. കെ.ഇ. ഇസ്മയിൽ |
| വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി | ശ്രീ. പി.ജെ. ജോസഫ് |
| തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി | ശ്രീ. പാലൊളി മുഹമ്മദ്കുട്ടി |
| വനവും ഗതാഗതവും വകുപ്പുമന്ത്രി | ശ്രീ. പി.ആർ. കുറുപ്പ് |
| പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി | ശ്രീ. കെ. രാധാകൃഷ്ണൻ |
| കൃഷിവകുപ്പുമന്ത്രി | ശ്രീ. വി.കെ. രാജൻ |
| ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി | ശ്രീ. ടി.കെ. രാമകൃഷ്ണൻ |
| ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി | ശ്രീ. എ.സി. ഷൺമുഖദാസ് |
| ധനകാര്യ വകുപ്പുമന്ത്രി | ശ്രീ. ടി. ശിവദാസമേനോൻ |
| വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി | ശ്രീമതി സുശീലാഗോപാലൻ |
| വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി | ശ്രീ. പിണറായി വിജയൻ |

LIBRARY ARCHIVES Kerala Legislative Assembly

# ഉള്ളടക്കം


I. ചോദ്യോത്തരങ്ങൾ 11

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ 11

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ 33

(iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളും ഉത്തരങ്ങളും 35

II. അടിയന്തിര പ്രമേയം 151

കാർഷികോല്പന്നങ്ങളുടെ വിലയിടിവ് 151

III. ശ്രദ്ധക്ഷണിക്കൽ 163

(1) സംസ്ഥാനത്തെ അൺഎയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥകൾ നിശ്ചയിക്കുന്നതിന് നിയമനിർമ്മാണം നടത്തേണ്ടതിന്റെ ആവശ്യകത

-ശ്രീ. ജോണി നെല്ലൂർ 163

(2) സംസ്ഥാനത്തെ ഇ.എസ്.ഐ. സംവിധാനത്തിലുള്ള അപര്യാപ്തതകൾമൂലം തൊഴിലാളികൾ അനുഭവിക്കുന്നതായി പറയപ്പെടുന്ന ബുദ്ധിമുട്ടുകൾ

-ശ്രീ. ബാബുദിവാകരൻ 166

IV. ചരമോപചാരം 169

സർവ്വശ്രീ സി.പി. നാരായണൻ, എൻ.കെ. ബാലകൃഷ്ണൻ, പി.എ. ആന്റണി, ടി. കൃഷ്ണൻ, കല്ലട നാരായണൻ, വി.പി.പി. നമ്പൂതിരി, പി.വി. ശങ്കരനാരായണൻ, കെ.വി.കെ. വാര്യർ, കെ. ഭാനു, ശ്രീമതി അന്നാ ചാണ്ടി എന്നിവരുടെ നിര്യാണം 169

V. റൂളിംഗ് 174

പ്രതിപക്ഷ കക്ഷികൾക്ക് വാക്കൗട്ടിന് മുമ്പ് പ്രസ്താവന നടത്താൻ അവസരം നൽകണമെന്നതിനെ സംബന്ധിച്ച് 174

VI. സബ്മിഷൻ 175

(1) എഫ്.സി.ഐ.യുടെ സബ്ഡിപ്പോകൾ നിർത്തലാക്കുമ്പോൾ ഉണ്ടാകുന്ന സ്ഥിതി വിശേഷം

-പി.ജെ. ഫ്രാൻസിസ് 175

(2) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ കൃത്യസമയത്ത് രജിസ്ട്രേഷൻ പുതുക്കാതിരുന്നവർക്കു ഒരവസരം കൂടി കൊടുക്കേണ്ടതിന്റെ ആവശ്യകത

-ശ്രീ. കെ.പി. സതീഷ്ചന്ദ്രൻ 176

(3) ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയുടെ വികസനം

-ശ്രീ. കെ.സി. വേണുഗോപാൽ 177


LIBRARY ARCHIVES Kerala Legislative Assembly

(4) സോവിയറ്റ് സാംസ്കാരിക കേന്ദ്രം സംസ്ഥാന ഗവൺമെന്റ് ഏറ്റെടുക്കുന്നത് സംബന്ധിച്ച്
-ശ്രീ. പാലോട് രവി 178

(5) സെക്രട്ടറിയറ്റിലെ ഫയലുകൾ നശിപ്പിച്ച സംഭവം
-ശ്രീ. കടകംപള്ളി സുരേന്ദ്രൻ 179

(6) തൃപ്പൂണിത്തുറ റയിൽവേ സ്റ്റേഷനിൽ ദീർഘദൂര തീവണ്ടികൾക്ക് സ്റ്റോപ്പ് അനുവദിക്കേണ്ടതിന്റെ ആവശ്യകത
-ശ്രീ.കെ.ബാബു 180

(7) പോലീസ് കസ്റ്റഡിയിൽ വച്ച് പ്രതി തൂങ്ങിമരിച്ച സംഭവം
-ശ്രീ.കെ. സുധാകരൻ 181

(8) സംസ്കൃത യൂണിവേഴ്സിറ്റിയോട് സംസ്ഥാന ഗവൺമെന്റ് അനുവർത്തിച്ചുവരുന്ന സമീപനം
-ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ 183

(9) മലയാളം ബുക്ക് ഡെവലപ്പ്മെന്റ് കൗൺസിൽ പുനഃരാരംഭിക്കുന്നത് സംബന്ധിച്ച്
-ശ്രീ. പി. രവീന്ദ്രൻ 185

(10) കോഴിക്കോട് യൂണിവേഴ്സിറ്റിയിൽ സെഷനൽ ബി.എഡ്.കോഴ്സ് ഹ്രസ്വകാല അവധിയെടുത്ത് പൂർത്തിയാക്കിയ അദ്ധ്യാപകരുടെ അവധി
-ശ്രീ.കെ. കുട്ടി അഹമ്മദ്കുട്ടി 186

(11) മണലൂർ നിയോജകമണ്ഡലത്തിലെ കുടിവെള്ള പ്രശ്നം
-ശ്രീമതി റോസമ്മ ചാക്കോ 186

(12) എം.വി.ഐ.പി. 1997-ൽ തന്നെ പൂർത്തിയാക്കണമെന്ന ആവശ്യം
-ശ്രീ.ടി.എം ജേക്കബ് 187

(13) ചന്തിരൂർതോട് സൈഡ് കെട്ടുകയും വൃത്തിയാക്കുകയും ചെയ്യുന്നതിലുള്ള കാലതാമസം സംബന്ധിച്ച്
-ശ്രീമതി കെ. ആർ ഗൗരിയമ്മ 189

14) കോട്ടയ്ക്കൽ വനിതാ പോളിടെക്നിക്കിൽ ഈ വർഷം ഒന്നാം വർഷ പ്രവേശനം വേണ്ടെന്നു വച്ചതു മൂലമുള്ള ബുദ്ധിമുട്ടുകൾ സംബന്ധിച്ച്
- പി.കെ.അബ്ദുറബ്ബ് 189

(15) അന്ധ-ബധിര സ്കൂളിന്റെ ശോചനീയാവസ്ഥ
-ശ്രീ.എൻ.ആർ.ബാലൻ 191

(16) മാലുമേൽക്കടവ് പാലത്തിന്റെ പണി
-ശ്രീ.ടി.നാണുമാസ്റ്റർ 191

(17) പഴശി പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം
-ശ്രീ.എം.വി. ഗോവിന്ദൻ മാസ്റ്റർ 192


LIBRARY ARCHIVES Kerala Legislative Assembly

(18) ഇടുക്കി ജില്ലയിലെ കഞ്ഞിക്കുഴിയിലുള്ള അനധികൃത മദ്യഷാപ്പ് നിർത്തലാക്കൽ
-ശ്രീ. പി.പി. സുലൈമാൻ റാവുത്തര് 192
(19) ആദിവാസികളുടെ ഭൂമി വാങ്ങിയ കൃഷിക്കാർ നേരിടുന്ന കുടിയിറക്ക് ഭീഷണി
-ശ്രീ. പി. രാജു എബ്രഹാം 193
(20) കോട്ടയം ജില്ലയിലെ കാലവർഷക്കെടുതി
-ശ്രീ. മോൻസ് ജോസഫ് 194
(21) കടൽത്തീരത്തുനിന്ന് 500 മീറ്റർ അകലെ മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ പാടുള്ളു എന്ന സുപ്രീം കോടതി വിധിയുടെ പ്രത്യാഘാതം സംബന്ധിച്ച്
-ശ്രീ. ആനത്തലവട്ടം ആനന്ദൻ 195
(22) പുനലൂർ പേപ്പർമിൽ തുറന്നു പ്രവർത്തിപ്പിക്കുന്നതു സംബന്ധിച്ച്
-ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ 197
(23) മോർച്ചറിയിൽ സൂക്ഷിച്ചിരുന്ന മൃതദേഹ ങ്ങളോടുള്ള ക്രൂരത
-ശ്രീ.എം. മുരളി 198
(24) നാദാപുരം - തൂണേരി പെരിങ്ങത്തൂർ റോഡ്
-ശ്രീ സത്യൻ മൊകേരി 200
(25) റാംബഹദൂർ കമ്പനിയിലും എം.എം.ജെ. പ്ലാന്റേഷനിലും പണിയെടുക്കുന്ന തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ
-ശ്രീ. പി.രാജു 201
(26) ഷോപ്പിംഗ് കോംപ്ലക്സിലെ മുറികളിൽ പത്തുശതമാനം മുറികൾ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് നൽകണമെന്ന വ്യവസ്ഥ
-ഡോ.എം.എം. കുട്ടപ്പൻ 202
(27) വണ്ടൂർ ടെലിഫോൺ എക്സ്ചേഞ്ചിന്റെ വികസന പ്രവർത്തനം
-ശ്രീ.എൻ. കണ്ണൻ 203
(28) വെണ്ണക്കോട് നിവാസികളുടെ പട്ടയഭൂമി
-ശ്രീ.എൻ.കണ്ണന് 203
(29) ചെമ്മരുതി പഞ്ചായത്തിലെ കർഷകത്തൊഴിലാളി കുടുംബങ്ങളെ കുടിയിറക്കിയതു സംബന്ധിച്ച്
-ശ്രീ.എ.അലിഹസ്സൻ 204
**VIII. നിയമസഭാംഗമായി തെരഞ്ഞെടുക്കപ്പെടുന്നതിനു മുമ്പ് മുഖ്യമന്ത്രി ശ്രീ ഇ.കെ. നായനാരെ സബ്ജക്ട് കമ്മിറ്റി ചെയർമാനാക്കി ബുള്ളറ്റിൻ ഇറക്കിയതു സംബന്ധിച്ച്**
-ശ്രീ.പി. പി. തങ്കച്ചൻ 208
**IX. നിയമനിർമ്മാണകാര്യം** 209

2/1203/2002.

LIBRARY ARCHIVES Kerala Legislative Assembly

1996-ലെ ധനകാര്യബിൽ 209

X. 1996-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട് നമ്പർ 2) 211

(1) 1996 ജൂലായ് 18-ാം തീയതിയിലെ 50-ാം നമ്പർ നക്ഷത്രചിഹ്നമിട്ട ചോദ്യത്തിന്റെ മറുപടിയിൽ നിന്ന് ഉളവായ പൊതു പ്രാധാന്യമുള്ള കാര്യം 254

(2) 1996 ജൂലായ് 23-ാംതീയതിയിലെ 99-ാം നമ്പർ നക്ഷത്രചിഹ്നമിട്ട ചോദ്യത്തിന്റെ മറുപടിയിൽ നിന്ന് ഉളവായ പൊതുപ്രാധാന്യമുള്ള കാര്യം 267

XIII. അവകാശലംഘന പ്രശ്നങ്ങൾ 278


LIBRARY ARCHIVES Kerala Legislative Assembly

# കേരള നിയമസഭാ നടപടികൾ

## പത്താം കേരള നിയമസഭ

ഒന്നാം സമ്മേളനം

1996 ജൂലായ് 29, തിങ്കൾ

വാല്യം XCVIII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 14

നിയമസഭ 1996 ജൂലായ് 29-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം.വിജയകുമാറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു)

### (i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മിസ്റ്റർ സ്പീക്കർ : ഓർഡർ, ഓർഡർ............ചോദ്യം നമ്പർ 140

***1 (140) കാർഷിക ഉൽപ്പന്നങ്ങൾക്ക് "അഗ്മാർക്ക്" നിർബന്ധമാക്കുന്നതിന് നടപടി**

ശ്രീ. പാലോട് രവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) "അഗ്മാർക്ക്" എന്ന ചിഹ്നം ചുരുക്കം ചില ഉൽപ്പന്നങ്ങൾക്കു മാത്രമേ ഇപ്പോൾ ഏർപ്പെടുത്തിയിട്ടുള്ളു എന്നത് സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) വിപണിയിലെത്തുന്ന എല്ലാ കാർഷിക ഉൽപ്പന്നങ്ങൾക്കും "അഗ്മാർക്ക്" നിർബന്ധമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) നിയമനിർമ്മാണം മുഖേന "അഗ്മാർക്ക്" സംവിധാനം നടപ്പിലാക്കുമോ;

(ഡി) എങ്കിൽ എത്ര കാലാവധിക്കുള്ളിൽ ഈ സംവിധാനം നടപ്പിലാക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

കൃഷിവകുപ്പുമന്ത്രി (ശ്രീ.വി.കെ. രാജൻ) : സർ,

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉല്പാദകർ സ്വമേധയാ ആണ്. അഗ്മാർക്ക് ലൈസൻസ് എടുക്കുന്നത്. നിലവിലുള്ള നിയമപ്രകാരം ഉൽപ്പന്നങ്ങൾക്ക് അഗ്മാർക്ക് നിർബന്ധമാക്കാൻ കഴിയുകയില്ല.

(സി) കേന്ദ്രസർക്കാരിന്റെ 1937-ലെ അഗ്രിക്കൾച്ചറൽ പ്രൊഡ്യൂസ് ഗ്രേഡിംഗ് ആന്റ് മാർക്കറ്റിംഗ് ആക്ടിലെ വ്യവസ്ഥ പ്രകാരമാണ് അഗ്മാർക്ക് ലൈസൻസ് കൊടുക്കുന്നത്. ആയതിനാൽ അഗ്മാർക്ക് നിർബന്ധമാക്കികൊണ്ടുള്ള നിയമനിർമ്മാണം നടത്തേണ്ടതും കേന്ദ്ര ഗവൺമെന്റാണ്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. പാലോടു രവി: സർ, അങ്ങു പറഞ്ഞു 1937-ലെ കേന്ദ്ര ഗവൺമെന്റിന്റെ ആക്ടനുസരിച്ച് ഇതു നടപ്പിലാക്കുന്നതെന്ന്. ഈ സംസ്ഥാനത്ത് ഇത് പരിശോധിക്കുന്നതിനു വേണ്ടി എത്ര ഡിപ്പാർട്ടുമെന്റുകളുണ്ട്; എത്ര ലാബുകളുണ്ട്? അവ എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നത്; എല്ലാ ജില്ലകളിലും ലാബുകളുണ്ടോ; ഇല്ലെങ്കിൽ ഏതെല്ലാം ജില്ലകളിലാണ് പരിശോധനയ്ക്കുള്ള ലാബുകളില്ലാത്തത്? സാധനങ്ങളുടെ പരിശോധനയ്ക്ക് ലാബുകൾ അത്യന്താപേക്ഷിതമാണെന്നുള്ളതുകൊണ്ട് ലാബുകളില്ലാത്ത ജില്ലകളിൽക്കൂടി അത് സ്ഥാപിക്കുവാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. വി.കെ. രാജൻ: ഇപ്പോൾ 10 ജില്ലകളിൽ ലാബുകളുണ്ട്. നാല് ജില്ലകളിൽ അത് ഇല്ല. ആ നാലു ജില്ലകളിൽ ലാബുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കാം.

ശ്രീ. പാലോട് രവി: നമ്മുടെ സർക്കാർ ഹോട്ടലുകൾ, സർക്കാർ ഹോസ്റ്റലുകൾ എന്നിവിടങ്ങളിൽ അഗ്മാർക്കുള്ള സാധനങ്ങൾ മാത്രമേ വാങ്ങാവൂ, ഉപയോഗിക്കാവൂ എന്നുള്ള നിർദ്ദേശവും, ഡിപ്പാർട്ടുമെന്റൽ സ്റ്റോറുകൾ, സൂപ്പർ മാർക്കറ്റുകൾ, സപ്ലൈകോ തുടങ്ങിയ സർക്കാർ സ്ഥാപനങ്ങളിൽ അഗ്മാർക്കുള്ള ഉൽപ്പന്നങ്ങൾ മാത്രമേ വിൽക്കൂ എന്നും ശുപാർശ ചെയ്യുന്നതോടൊപ്പം കേന്ദ്ര ഗവൺമെന്റ് കയറ്റുമതി ചെയ്യുന്ന കറിപൗഡറുകൾ, വെളിച്ചെണ്ണ മുതലായവക്ക് അഗ്മാർക്ക് നിർബന്ധമാക്കുവാനും കേന്ദ്ര ഗവൺമെന്റിനോട് ശുപാർശ ചെയ്യുമോ? നമ്മുടെ സ്റ്റേറ്റിനെ സംബന്ധിച്ചിടത്തോളം ഒരു കൺസ്യൂമർ, സ്റ്റേറ്റായതുകൊണ്ട് ഉപഭോക്താക്കൾക്ക് ഏറ്റവും ഗുണം ചെയ്യുന്ന ഒരു കാര്യമായതുകൊണ്ട് ഈ മൂന്നു കാര്യങ്ങളിലും വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. വി.കെ. രാജൻ : വളരെ നല്ല ഒരു നിർദ്ദേശമാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. അക്കാര്യങ്ങളെ സംബന്ധിച്ച് ഗവൺമെന്റ് ആലോചിച്ച് സത്വരമായ നടപടി സ്വീകരിക്കും.

ശ്രീ. പി. രാഘവൻ : കാർഷിക ഉല്പന്നങ്ങളുമായി ബന്ധപ്പെട്ട ഒരു കാര്യമാണ് എനിക്ക് ചോദിക്കാനുള്ളത്. കാർഷികോൽപ്പന്നങ്ങളുടെ വിലയിടിയാതെ സൂക്ഷിക്കുന്നതിനുവേണ്ടി കാസർകോടു ജില്ലയിൽ ലക്ഷക്കണക്കിന് രൂപ ചെലവുചെയ്ത് റെഗുലേറ്റഡ് മാർക്കറ്റ് നിർമ്മിച്ചിട്ട് കുറേ വർഷങ്ങളായി. അത് പ്രവർത്തിപ്പിക്കാനാവശ്യമായ നടപടി എടുക്കുമോയെന്നുള്ളതാണ് എന്റെ ചോദ്യം.

ശ്രീ. വി.കെ. രാജൻ : അക്കാര്യം പരിശോധിക്കാം.

പ്രൊഫ: സാവിത്രി ലക്ഷ്മണൻ : അന്തർദേശീയ വിപണിയിൽ ഇൻഡ്യയുടെ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്താനും ഉപഭോ

LIBRARY ARCHIVES Kerala Legislative Assembly

ക്താക്കൾക്ക് ഇൻഡ്യയെപ്പറ്റി നല്ല മതിപ്പ് സൃഷ്ടിക്കുവാനും ഏറ്റവും ചുരുങ്ങിയ പക്ഷം ഇൻഡ്യയിൽ നിന്നും കയറ്റുമതി ചെയ്യുന്ന ഉൽപ്പന്നങ്ങളുടെയെങ്കിലും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും നിർബന്ധമായും അഗ്മാർക്ക് വേണമെന്ന വ്യവസ്ഥ ഉണ്ടാക്കാൻ പാകത്തിൽ ആറ് ദശകങ്ങൾക്കു മുമ്പ് സൃഷ്ടിക്കപ്പെട്ട നിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്താൻ കേരള സർക്കാരിന്റെ ഭാഗത്തു നിന്നും വേണ്ട നടപടിയുണ്ടാക്കാൻ ശ്രമിക്കുമോ?

ശ്രീ. വി.കെ. രാജൻ : ഇക്കാര്യത്തെക്കുറിച്ച് ആലോചിക്കാവുന്നതാണ്.

ശ്രീ. കെ.എ. ചന്ദ്രൻ : കാർഷികോൽപ്പന്നങ്ങൾക്ക് അഗ്മാർക്ക് നിർബന്ധമാക്കുന്നത് വളരെ ആലോചിച്ച്ചെയ്യേണ്ട ഒരു കാര്യമാണെന്നാണ് എന്റെ അഭിപ്രായം. ചെറുകിട കാർഷികോൽപ്പന്നങ്ങൾ കൊണ്ട് ഉണ്ടാക്കുന്ന അച്ചാർ, കൊണ്ടാട്ടം ഇത്യാദി സാധനങ്ങൾ ഉണ്ടാക്കുന്ന ആളുകളെ അഗ്മാർക്ക് വ്യവസ്ഥയ്ക്കും വിധേയമാക്കിയാൽ അവർക്ക് കച്ചവടം നടത്താൻ സാധിക്കുകയില്ല എന്ന കാര്യം ഗവൺമെന്റ് ആലോചിക്കുമോ? അതിനുവേണ്ടി ഗവൺമെന്റ് എന്തെങ്കിലും ചെയ്യാനുദ്ദേശിക്കുന്നുണ്ടോ?

ശ്രീ. വി.കെ. രാജൻ : അഗ്മാർക്ക് ഒരു സാധനത്തിനും നിർബന്ധമാക്കുന്നതല്ല. അവർ സ്വമേധയാ എടുക്കുന്നതാണ് അഗ്മാർക്ക്. അതുകൊണ്ട് മെമ്പറുടെ ചോദ്യത്തിന് പ്രസക്തിയില്ല. ഇഷ്ടമുള്ളവർ എടുത്താൽ മതി.

### *2 (141) ലോട്ടറീസ് വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

ശ്രീ. എം.കെ. മുനീർ :
ശ്രീ. പി. രാജു :
ശ്രീമതി. ഭാർഗ്ഗവി തങ്കപ്പൻ :
പ്രൊഫസർ മീനാക്ഷി തമ്പാൻ :
ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ലോട്ടറീസ് വകുപ്പ് കഴിഞ്ഞ സാമ്പത്തിക വർഷം എന്തു തുക ലാഭമുണ്ടാക്കി;

(ബി) ഏതെല്ലാം തരത്തിലുള്ള ലോട്ടറികളാണ് ഇപ്പോൾ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പൊതുജനങ്ങൾക്ക് ഗവൺമെന്റ് ലോട്ടറികളോടുള്ള ആഭിമുഖ്യം മനസ്സിലാക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള പഠനം നടത്തിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിനെക്കുറിച്ചുള്ള വിശദവിവരം വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാനത്ത് വ്യാജലോട്ടറി ടിക്കറ്റുകൾ കണ്ടുപിടിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(എഫ്) സംസ്ഥാനത്ത് ഒറ്റ നമ്പർ ലോട്ടറി ടിക്കറ്റിന്റെ വിൽപ്പന വർദ്ധിച്ചു വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) എങ്കിൽ ഒറ്റ നമ്പർ ലോട്ടറി ടിക്കറ്റിന്റെ വിൽപ്പന തടയാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?



LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യ വകുപ്പു മന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ,

(എ) സംസ്ഥാന ലോട്ടറീസ് വകുപ്പ് കഴിഞ്ഞ സാമ്പത്തികവർഷം 11.86 കോടി രൂപ ലാഭമുണ്ടാക്കി.

(ബി) കൈരളി, പെരിയാർ, മാവേലി, സൗഭാഗ്യ എന്നീ പ്രതിവാര ഭാഗ്യക്കുറികളും പ്രതിമാസ ബംപർ ഭാഗ്യക്കുറികളും വിശേഷ അവസരങ്ങളിൽ സൂപ്പർ ബംപർ ഭാഗ്യക്കുറികളുമാണ് ഇപ്പോൾ നടത്തിവരുന്നത്.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) ഈ സംസ്ഥാനത്ത് വിൽപ്പനാനുമതി നൽകിയിട്ടുള്ള അന്യ സംസ്ഥാന ലോട്ടറികൾ (സുപ്രീം കോടതി മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി നടത്തപ്പെടുന്ന) ഏതെല്ലാം ആണെന്ന് സംബന്ധിച്ചുള്ള വിശദമായ ലിസ്റ്റ് പോലീസ് ഡയറക്ടർ ജനറലിന് നൽകുകയും അല്ലാതെയുള്ള വ്യാജ, അനധികൃത ലോട്ടറികൾ വില്പന നടത്തുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ ഇത്തരം ടിക്കറ്റുകളുടെ വില്പന കണ്ടുപിടിച്ച് പോലീസിൽ അറിയിക്കുന്നതിന് ജില്ലാ ഭാഗ്യക്കുറി ഓഫീസർമാരെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

(എഫ്) ഇല്ല.

(ജി) ഒറ്റ നമ്പർ ഭാഗ്യക്കുറികളുടെയും ഇൻസ്റ്റൻഡ് ഭാഗ്യക്കുറികളുടെയും വില്പന സംസ്ഥാനത്ത് നിരോധിച്ചിട്ടുണ്ട്.

ശ്രീ.എം.കെ. മുനീർ : സർ, ഇവിടെ (എഫ്) ചോദ്യത്തിന് ഇല്ല; എന്നുള്ള മറുപടിയാണ് ബഹുമാനപ്പെട്ട മന്ത്രി തന്നിട്ടുള്ളത്. പക്ഷേ ഈ അടുത്തകാലത്ത് ഒറ്റ നമ്പർ ഭാഗ്യക്കുറികളുടെ വിൽപ്പന നമ്മുടെ സംസ്ഥാനത്ത് ചെങ്ങന്നൂർ, തിരുവല്ല എന്നിവിടങ്ങളിൽ വ്യാപകമായി നടക്കുന്നതായി പത്രങ്ങളിൽ വാർത്തകൾ വന്നിട്ടുണ്ട്. അങ്ങനെ അനധികൃതമായി നടത്തുന്ന ഒറ്റ നമ്പർ ഭാഗ്യക്കുറികളുടെ വിൽപ്പന നടത്തിക്കൊണ്ടിരിക്കുന്നവരുടെ പേരിൽ നടപടി എടുക്കുമോ? ഈ ടിക്കറ്റുകളുടെ വിൽപ്പന തടയാൻ ആവശ്യമായ നടപടി ഗവൺമെന്റിന്റെ ഭാഗത്തു നിന്നും ഉണ്ടാകുമോ?

ശ്രീ. ടി. ശിവദാസമേനോൻ : 1995-ൽ അന്നത്തെ യു.ഡി.എഫ്. സർക്കാരിന്റെ കാലത്തുതന്നെ ഇതു നിരോധിച്ചുകൊണ്ട് ഉത്തരവ് ഇറക്കിയിട്ടുണ്ട്. മാത്രമല്ല, പോലീസ് ഡയറക്ടർ ജനറലിനെയും മറ്റ് ഉന്നത ഉദ്യോഗസ്ഥൻമാരെയും വിളിച്ചുവരുത്തി മുൻ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് പുറപ്പെടുവിച്ചിട്ടുള്ള ആ ഉത്തരവിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്നുള്ള നിർദ്ദേശവും കൊടുത്തിട്ടുണ്ട്. ഇപ്പോൾ അത്തരത്തിലുള്ള കാര്യങ്ങൾ നടത്തുന്നുണ്ട്. ഒറ്റ നമ്പർ ഭാഗ്യക്കുറി നമ്മുടെ സംസ്ഥാനത്ത് കർശനമായി നിരോധിച്ചിട്ടുണ്ട്. അതിന്റെ വിൽപ്പന എവിടെയെങ്കിലും നടക്കുന്നുണ്ടെങ്കിൽ അത് തടയാനുള്ള എല്ലാ നടപടികളും ഗവൺമെന്റ് ഊർജ്ജിതപ്പെടുത്തുന്നതാണ്.

ശ്രീ. എം.കെ.മുനീർ : സംസ്ഥാന ലോട്ടറീസ് വകുപ്പിന് കഴിഞ്ഞ സാമ്പത്തികവർഷം 11.86 കോടി രൂപയുടെ ലാഭമുണ്ടായിട്ടുണ്ടെന്ന് പറഞ്ഞു. ധാരാളം ആളുകൾ ഈ മേഖലയിൽ തൊഴിൽ ചെയ്യുന്നുമുണ്ട്. ചാരായനിരോധനംപോലെ ഈ തൊഴിലാളികൾക്കും പുനരധിവാസ പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ട് നമ്മുടെ സംസ്ഥാനത്തെ ജനങ്ങളുടെ ആകാംക്ഷയെ ചൂഷണം

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുന്ന ലോട്ടറി എന്നുപറയുന്ന സംവിധാനം നിർത്തൽ ചെയ്യുന്നതിനെക്കുറിച്ച് സർക്കാർ ആലോചിച്ചിട്ടുണ്ടോ?

ശ്രീ. ടി. ശിവദാസമേനോൻ : സർ, ലോട്ടറി തുടർന്നുവരുന്നത് നിർത്തൽ ചെയ്യണമെന്നുള്ള ഒരാലോചനയും ഇപ്പോൾ ഗവൺമെന്റിന്റെ മുന്നിലില്ല.

ശ്രീമതി. ഭാർഗ്ഗവി തങ്കപ്പൻ : സർ, കഴിഞ്ഞവർഷം 11.86 കോടി രൂപ ലാഭമുണ്ടാക്കിയെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഇങ്ങനെ ഓരോ വർഷവും ഉണ്ടാക്കുന്ന ലാഭം ധർമ്മാശുപത്രികളിൽ പാവപ്പെട്ട രോഗികൾക്ക് മരുന്നു വാങ്ങി വിതരണം നടത്താൻ വേണ്ടി ചെലവഴിക്കാമോ? അത് അതിനായി ചെലവഴിച്ചുകൂടേ?

ശ്രീ.ടി.ശിവദാസമേനോൻ : സർ, ഇത് കൺസോളിഡേറ്റഡ് ഫണ്ടിൽ വരുന്നതാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ നിർദ്ദേശം പരിശോധിക്കാവുന്നതാണ്.

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : ഇവിടെ ചോദ്യം 'സി' പൊതുജനങ്ങൾക്ക് ഗവൺമെന്റ് ലോട്ടറിയോടുള്ള ആഭിമുഖ്യം മനസ്സിലാക്കുന്നതിന് ഏതെങ്കിലും വിധത്തിലുള്ള പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനെക്കുറിച്ചുള്ള വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ' എന്നാണ്. അപ്പോൾ അതിന് 'ഇല്ല' എന്ന മറുപടിയാണ് മന്ത്രി പറഞ്ഞത്. എന്നാൽ അതിനെക്കുറിച്ച് പഠനം നടത്താനാവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ.ടി.ശിവദാസമേനോൻ : ഇതിൽ ജനങ്ങളുടെ ആഭിമുഖ്യം ഈ ലോട്ടറിയുടെ കാര്യത്തിൽ ഉണ്ടോ, ഇല്ലയോ എന്നുള്ള സംശയം വരത്തക്കവിധമുള്ള സാഹചര്യമല്ല ഇന്നുള്ളത്. കാരണം ഇതെല്ലാം പബ്ലിക് പ്ലെയിസിൽ എല്ലാവരെയും അറിയിച്ചിട്ടാണ് നറുക്കെടുപ്പുകൾ നടത്തുന്നത്. പ്രധാനപ്പെട്ട വ്യക്തികളാണ്, ഇത് നടത്തുന്നത്. നറുക്കെടുപ്പ് നടക്കുന്ന സ്ഥലങ്ങളിൽ കൂടുന്ന ജനങ്ങളുടെയും അതിനോട് അവർ കാണിക്കുന്ന ആകാംക്ഷയും അവിടെ വരുന്ന ആളുകളുടെ എണ്ണവും വർദ്ധിച്ചുവരുന്നതായിട്ടാണ് കാണുന്നത്. അതുകൊണ്ട് പൊതുജനങ്ങൾക്ക് ലോട്ടറിയോട് ആഭിമുഖ്യം കുറഞ്ഞുവെന്ന് ഗവൺമെന്റിന് തോന്നത്തക്കവിധത്തിലുള്ള ഒരു സാഹചര്യവും ഉണ്ടായിട്ടില്ല. അത് വേണമെന്ന ഒരു ഘട്ടം വന്നാൽ നിശ്ചയമായും അതിനെപ്പറ്റി പഠനം നടത്താവുന്നതാണ്.

പ്രൊഫസർ മീനാക്ഷി തമ്പാൻ : സർ, സംസ്ഥാന ലോട്ടറീസ് വകുപ്പ് കഴിഞ്ഞ സാമ്പത്തിക വർഷം 11.86 കോടി രൂപ ലാഭമുണ്ടാക്കിയതായി പറഞ്ഞു. ഇത് കഴിഞ്ഞ വർഷത്തേക്കാൾ അധികമാണോ? ക്രമാനുസൃതമായി ലാഭം വർദ്ധിച്ചു വരുന്നുണ്ടോ എന്നറിയാൻ വേണ്ടിയാണ് ചോദിക്കുന്നത്.

ധനകാര്യവകുപ്പു മന്ത്രി (ശ്രീ.ടി. ശിവദാസമേനോൻ) : വർദ്ധിച്ചു വരുന്നുണ്ട്.

പ്രൊഫസർ മീനാക്ഷി തമ്പാൻ : സർ, വ്യാജ, അനധികൃത ലോട്ടറികൾ വിൽപന നടത്തുന്നവർക്കെതിരെ കർശനമായ നടപടി എടുക്കുന്നുണ്ട് എന്ന് അങ്ങ് വ്യക്തമാക്കുകയുണ്ടായി. അത്തരം എത്ര കേസ്സുകൾ ഈ അടുത്ത കാലത്ത് എടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

ശ്രീ.ടി.ശിവദാസമേനോൻ : അതിന് പ്രത്യേക നോട്ടീസ് വേണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ലോനപ്പൻ നംപാടൻ : സർ, നറുക്കെടുപ്പുകളിൽ സമ്മാനാർഹരായവർ ഹാജരാകാത്തതുമൂലം ഇതുവരെ ലോട്ടറി ഡിപ്പാർട്ടുമെന്റിന് ഉണ്ടായ ലാഭം എത്രയെന്ന് പറയാമോ; സ്വർണ്ണം സമ്മാനമായി ലഭിച്ചവർക്ക് അത് കൊടുക്കാൻ കാലതാമസം ഉണ്ടാകുന്നതെന്താണെന്നു പറയാമോ?

ശ്രീ.ടി.ശിവദാസമേനോൻ : സ്വർണ്ണം സമ്മാനമായി കിട്ടുന്നവർക്ക് അത് കിട്ടാൻ കാലതാമസം ഉണ്ടാകുന്നുണ്ടെന്നുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇപ്പോൾ അത് പെട്ടിട്ടുണ്ട്. അത് ഇല്ലായ്മ ചെയ്യാൻ കാരണങ്ങൾ എന്താണെന്ന് മനസ്സിലാക്കി അതിനുവേണ്ടി പരിശ്രമിക്കുന്നതാണ്. സമ്മാനാർഹരായവരെ കണ്ടെത്തി അവർക്ക് സമ്മാനം കൊടുക്കാത്തതിന്റെ പേരിൽ എത്ര രൂപ ഗവൺമെന്റിന് കിട്ടിയെന്നത് പറയാൻ പ്രത്യേക നോട്ടീസ് വേണം.

ശ്രീ. ലോനപ്പൻ നമ്പാടൻ : സർ, പാവപ്പെട്ട സ്കൂൾ വിദ്യാർത്ഥികളുടെ ക്ഷേമത്തിനായി കൂടുതൽ ആകർഷണീയമായ വിധത്തിൽ ഒരു പ്രത്യേക ലോട്ടറി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. ശിവദാസമേനോൻ : അത് പരിഗണനാർഹമായൊരു നിർദ്ദേശം ആണ്.

ശ്രീ. കെ. ബാബു : സർ, ലോട്ടറി ഏജന്റുമാരുടെ ക്ഷേമനിധി കൂടുതൽ ഫലപ്രദമാക്കാനും, അവർക്ക് കൂടുതൽ ആനുകൂല്യം നൽകുന്നതിനും എന്തെങ്കിലും നിർദ്ദേശം ഗവൺമെന്റിന്റെ മുന്നിലുണ്ടോ; ഉണ്ടെങ്കിൽ അതു വ്യക്തമാക്കാമോ?

ശ്രീ. ടി. ശിവദാസമേനോൻ : പ്രത്യേക നിർദ്ദേശങ്ങളൊന്നും ഗവൺമെന്റിന്റെ മുന്നിൽ ഇല്ല. നിർദ്ദേശങ്ങൾ വരികയാണെങ്കിൽ നിശ്ചയമായും സന്തോഷത്തോടുകൂടി അത് നടപ്പിലാക്കാൻ ഗവൺമെന്റിന് താൽപര്യമേയുള്ളു.

ശ്രീ. എം.വി.ജയരാജൻ : സർ, ഒറ്റ നമ്പർ ലോട്ടറി വില്പന തടയാൻ വേണ്ടി കർശനമായ നടപടി ഗവൺമെന്റ് സ്വീകരിക്കുമെന്ന് പറഞ്ഞു. ഒരു തവണ പിടികൂടിയ ലൈസൻസ് ഉള്ള വിൽപ്പനക്കാർ തന്നെ വീണ്ടും ആവർത്തിക്കുകയാണ്. അങ്ങനെ വരുംപോൾ അവരുടെ ലൈസൻസ് ഉൾപ്പെടെ തടയാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. ശിവദാസമേനോൻ : ഒറ്റ നംപർ ലോട്ടറി തടയാൻ വേണ്ടി കർശനമായ നടപടികൾ എടുക്കാൻ 1995-ൽ തന്നെ തീരുമാനമുണ്ട്. ഡി.ജി.പി. തുടങ്ങിയ ഉദ്യോഗസ്ഥന്മാരുമായി ചർച്ച നടത്തിയെന്ന് ഞാൻ വിശദീകരിച്ചതാണ്. ലോട്ടറി ഏജന്റുമാർ ഇറഗുലർ ആയി, നിയമവിരുദ്ധമായി ലോട്ടറി ടിക്കറ്റുകളും, ഒറ്റ നംപർ ലോട്ടറികളും വിൽക്കുകയാണെങ്കിൽ അവരുടെ നേരെ എടുക്കുന്ന നടപടിയുടെ കൂടെ ലൈസൻസ് കൂടി റദ്ദാക്കുന്ന കാര്യം ഗവൺമെന്റ് സജീവമായി പരിഗണിക്കുന്നതാണ്.

ശ്രീമതി ശോഭനാ ജോർജ്ജ് : സർ, നാഷണൽ സേവിംഗ്സ് രംഗത്ത് മഹിളാ പ്രധാൻ ഏജന്റുമാർ വർക്ക് ചെയ്യുന്നതുപോലെ ലോട്ടറി വിതരണ രംഗത്ത് മഹിളാ ലോട്ടറി ഏജന്റുമാരെ നിയമിക്കുകയും, അവർക്ക് കൂടുതൽ കമ്മീഷൻ ഉദാരമാക്കിക്കൊടുക്കുകയും ചെയ്യുന്ന ഒരു പദ്ധതിയെപ്പറ്റി ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. ശിവദാസമേനോൻ : ഇപ്പോൾ തന്നെ ലോട്ടറി ഏജന്റുമാരാകാൻ മഹിളകളും അർഹരാണ്. അതുകൊണ്ട് അവർക്ക് പ്രത്യേകമായി ഏജൻസി പ്രഖ്യാപിക്കേണ്ട ആവശ്യമില്ല.

ശ്രീ. സത്യൻമൊകേരി : സർ, ലോട്ടറി ഇനത്തിൽ ഒരു വർഷം 11 കോടിയിലധികം രൂപ വരുമാനമുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. നമ്മുടെ സംസ്ഥാനത്ത് ക്യാൻസർ, ബ്രെയിൻ ട്യൂമർ, ഹൃദ്രോഗം തുടങ്ങിയ മാരകമായ രോഗം ബാധിച്ച ഒട്ടേറെ പാവപ്പെട്ട ആളുകൾ ചികിത്സിക്കാൻ കഴിയാതെ ദുരിതമനുഭവിക്കുകയാണ്. അവർക്കൊരു പ്രത്യേക നിധി നമ്മുടെ സംസ്ഥാനത്ത് സ്വരൂപിക്കുന്നതിനുവേണ്ടി, ഒരു വർഷത്തെ ലോട്ടറി ഇനത്തിലുള്ള ഫണ്ട് ഇതിലേയ്ക്ക് വകയിരുത്തുന്നതിനുവേണ്ടി ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ടി. ശിവദാസമേനോൻ : ഇതൊരു നല്ല ആശയമാണ്. ഇതിന് ഒറ്റ വാക്കിൽ ഗവൺമെന്റിന് വേണ്ടി മറുപടി പറയാൻ കഴിയില്ല എന്ന് എല്ലാവർക്കുമറിയാവുന്ന കാര്യമാണ്. ഈ നിർദ്ദേശം ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

ശ്രീ.കെ.എ. ചന്ദ്രൻ : സർ, നമ്മുടെ സംസ്ഥാന ലോട്ടറിയുടെയും, മറ്റു ലോട്ടറികളുടെയും വിൽപ്പന നാൾക്കുനാൾ വർദ്ധിച്ചുവരുന്നു എന്നാണ് ലാഭത്തെപ്പറ്റി പറഞ്ഞപ്പോൾ തോന്നിയത്. സ്ഥിരമായി ലോട്ടറി എടുക്കുന്ന ജനവിഭാഗം ഏതാണ്. ഇത് അവരുടെ കുടുംബച്ചെലവിനെ കാര്യമായി ബാധിക്കുന്നുണ്ടോ എന്ന കാര്യത്തെക്കുറിച്ച് ഒരു സർവ്വേ എടുക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ടി.ശിവദാസമേനോൻ : ലോട്ടറി നടത്താൻ തീരുമാനിച്ചാൽ ടിക്കറ്റ് ജാസ്തി ചെലവാകണമെന്നാണ് ഗവൺമെന്റിന്റെ ആഗ്രഹം. അതിന് ഒരു ഇൻവെസ്റ്റിഗേഷൻ നടത്തി പൈസ ചെലവാക്കി അതിന്റെ സ്പീഡ് കുറയ്ക്കാൻ ഗവൺമെന്റ് ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

ശ്രീ. സി.പി.ബാലൻവൈദ്യർ : സർ, ലോട്ടറി സമ്മാനം കിട്ടുന്ന ആളുകളിൽ നിന്നും കേന്ദ്ര ഗവൺമെന്റ് ഒരു നിശ്ചിത ശതമാനം ടാക്സ് ഈടാക്കി വരുന്നുണ്ട്. സംസ്ഥാന ഗവൺമെന്റ് എന്തെങ്കിലും ടാക്സ് ഈടാക്കുന്നുണ്ടോ; കേന്ദ്രഗവൺമെന്റ് ഈടാക്കുന്ന ടാക്സ് എത്രയാണെന്ന് ബഹുമാനപ്പെട്ട മന്ത്രി വെളിപ്പെടുത്താമോ?

ശ്രീ.ടി.ശിവദാസമേനോൻ : കേന്ദ്രഗവൺമെന്റ് ഈടാക്കുന്ന ടാക്സ് ഇൻകം ടാക്സാണ്. ആ ഇൻകം ടാക്സിന്റെ ഒരു വിഹിതം സ്റ്റേറ്റ് ഗവൺമെന്റിന് കിട്ടുകയും ചെയ്യും.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, സാധാരണഗതിയിൽ ടിക്കറ്റ് എടുക്കുന്നത് ഇന്നല്ലെങ്കിൽ നാളെയെങ്കിലും സമ്മാനം കിട്ടുമെന്നുള്ള പ്രതീക്ഷയോടുകൂടിയാണ്. അങ്ങനെ നോക്കിയാൽ നമ്മുടെ സംസ്ഥാനത്തെ ലോട്ടറിയുടെ തുക മാത്രമല്ല ബമ്പർ ലോട്ടറിക്ക് പോലും കുറഞ്ഞ തുകയാണ് വച്ചിരിക്കുന്നത്. ഒന്നാം സമ്മാനമായി 25 ലക്ഷം രൂപയാണ് പരമാവധി കൊടുക്കുന്നത്. നമുക്ക് കിട്ടുന്ന വരുമാനവും, കൊടുക്കുന്ന സമ്മാനവും തമ്മിൽ ഒരു അനുപാതവുമില്ലാത്ത രൂപത്തിലാണ്. കിട്ടുന്ന വരുമാനത്തിന്റെ ഇത്ര ശതമാനം നമ്മൾ സമ്മാനമായി വിതരണം ചെയ്യുമെന്ന നിബന്ധന വയ്ക്കാമോ?

ശ്രീ.ടി.ശിവദാസമേനോൻ : സൂപ്പർ ബംപർ ലോട്ടറിക്ക് 50 ലക്ഷം രൂപയും ഒരു മാരുതി കാറുമാണ് സമ്മാനമായി നൽകുന്നത്. അതൊരു മോശ



LIBRARY ARCHIVES Kerala Legislative Assembly

പ്പെട്ട കാര്യമല്ല. ഇതിന്റെ വരുമാനം കണക്കാക്കി ഇത്ര ശതമാനം പൈസയായിട്ട് കൊടുക്കുകയെന്നുള്ള സമ്പ്രദായം ലോട്ടറി നടത്തുന്ന ബിസിനസ്സിൽ ഉണ്ടെന്ന് പറയാൻ കഴിയില്ല. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച ഇക്കാര്യം പരിശോധനാവിധേയമാക്കുന്നതാണ്. എക്സ്പെർട്ടിനോട് ചോദിച്ച് അവരുടെ ഉപദേശാനുസരണം ഗവൺമെന്റ് പ്രവർത്തിക്കുന്നതാണ്.

ശ്രീ. ജി.സുധാകരൻ : സർ, 1967-ൽ ശ്രീ.ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ ഗവൺമെന്റിന്റെ കാലത്ത് തുടങ്ങിയതിനുശേഷം നാളിതുവരെ സംസ്ഥാന ഖജനാവിന് എന്ത് അറ്റാദായം ഉണ്ടായിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

ശ്രീ. ടി.ശിവദാസമേനോൻ : നല്ല ആദായം ഉണ്ടായിട്ടുണ്ട്. അതിന്റെ കൃത്യമായ സംഖ്യ പറയാൻ നോട്ടീസ് വേണം.

## *3 (142) കള്ളു വ്യവസായത്തെ സംരക്ഷിക്കുന്നതിന് നടപടി

ശ്രീ. എം.പി. വർഗ്ഗീസ് :
ശ്രീ. എളമരം കരീം :
ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കള്ളു വ്യവസായത്തെ സംരക്ഷിക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) കള്ളിൽ നിന്നും ശീതള പാനീയങ്ങൾ ഉല്പാദിപ്പിക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത പദ്ധതി എന്നത്തേക്ക് നടപ്പിൽ വരുത്താൻ കഴിയും എന്ന് പറയാമോ?

ധനകാര്യ വകുപ്പു മന്ത്രി (ശ്രീ. ടി.ശിവദാസമേനോൻ) : സർ,

(എ) കള്ളു വ്യവസായത്തെ സംരക്ഷിക്കുന്നതിനുള്ള നടപടികളെ സംബന്ധിച്ചുള്ള കാര്യങ്ങൾ സർക്കാരിന്റെ പരിഗണനയിലുണ്ട്.

(ബി) ഇതു സംബന്ധിച്ച് ഉദയഭാനു കമ്മീഷൻ താഴെ പറയുന്ന ശുപാർശകൾ സമർപ്പിക്കുകയുണ്ടായി.

(1) കള്ളിന്റെ ഉൽപാദനവിതരണ ചുമതല തൊഴിലാളി (താലൂക്ക് ലെവൽ) സഹകരണസംഘങ്ങളെ ഏൽപിക്കുക.

(2) ധനസഹായം നൽകുവാൻ ഒരു കേന്ദ്രസംഘം രൂപീകരിക്കുക, പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുക.

ഈ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന്റെ പ്രായോഗികതയെപ്പറ്റി വിശദമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനു വേണ്ടി റവന്യൂ ബോർഡ് സെക്രട്ടറിയെയും (എക്സൈസ്) സഹകരണ രജിസ്ട്രാറെയും ഉൾപ്പെടുത്തികൊണ്ട് ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

(സി) ഇല്ല.

(ഡി) പ്രസക്തമല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം.പി. വർഗ്ഗീസ് : മദ്യവ്യവസായ തൊഴിലാളികൾക്ക് പെൻഷൻ കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ടി. ശിവദാസമേനോൻ : ഇത് കള്ളു വ്യവസായത്തെ സംബന്ധിച്ചുള്ള ചോദ്യമാണ്. മദ്യത്തിൽ കള്ളും ഉൾപ്പെടുമെന്നുള്ളതുകൊണ്ടു പറയുകയാണ്. ആ തൊഴിലാളികൾക്ക് പെൻഷൻ കൊടുക്കുന്ന കാര്യം തീരുമാനിച്ചിട്ടില്ല. അതെല്ലാം പരിശോധിക്കാവുന്നതെയുള്ളു.

ശ്രീ.എം.പി. വർഗ്ഗീസ് : വിദേശമദ്യങ്ങളുടെയും വ്യാജമദ്യങ്ങളുടെയും കടന്നുകയറ്റത്തിൽ നിന്ന് കള്ളു വ്യവസായരംഗത്തെ രക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ.ടി.ശിവദാസമേനോൻ : വ്യാജമദ്യം ഇങ്ങോട്ട് കടക്കാതിരിക്കാനുള്ള സർവ്വ നടപടികളും ഗവൺമെന്റ് ഊർജ്ജിതപ്പെടുത്തുന്നുണ്ട്. അത് ഞാൻ പലതവണ ആവർത്തിച്ച് ഈ സഭയിൽത്തന്നെ പറഞ്ഞതാണ്. മറ്റുള്ള മദ്യങ്ങളെക്കാൾ വീര്യം കുറഞ്ഞ കള്ളുവ്യവസായം പ്രോത്സാഹിപ്പിക്കാൻ ഇൻഡ്യൻ നിർമ്മിത വിദേശ്യമദ്യവും മറ്റും ഇങ്ങോട്ട് വരുന്നത് കർശനമായി തടയുന്നുണ്ട്. ഇന്നലെ തന്നെ ഇരുന്നൂറോളം ഇൻഡ്യൻ നിർമ്മിത വിദേശ മദ്യ കെയിസുകൾ തമിഴ്നാട്ടിൽ നിന്ന് കൊണ്ടുവന്നത് കുമാരപുരം ചെക്ക് പോസ്റ്റിൽ പിടിച്ചിട്ടുണ്ട്. ബിവറേജസ് കോർപ്പറേഷന്റെ സീലിന്റെ കടലാസ് കള്ളത്തരമായി അച്ചടിച്ചതും പിടിച്ചിട്ടുണ്ട്. അതെല്ലാം പത്രത്തിൽ നിന്ന് ബഹുമാനപ്പെട്ട അംഗം വായിച്ചിരിക്കും.

ശ്രീ. എളമരം കരീം : മുൻ സർക്കാർ ദൂരപരിധി നീക്കം ചെയ്തതിന്റെ ഫലമായി വർഷങ്ങളായി പ്രവർത്തിച്ചുവന്ന ചില കള്ളുഷാപ്പുകൾ അടച്ചുപൂട്ടേണ്ടി വരികയും തൊഴിലാളികൾക്ക് ജോലി നഷ്ടപ്പെടുകയും ചെയ്ത പ്രശ്നം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ തൊഴിലാളികളെ സംരക്ഷിക്കാൻ എന്ത് നടപടിയാണ് എടുക്കാനുദ്ദേശിക്കുന്നത്?

ശ്രീ.ടി.ശിവദാസമേനോൻ : സർക്കാർ ലേലം ചെയ്ത് കൊടുത്തിട്ടുള്ള, കിസ്ത്ത് അടച്ചിട്ടുള്ള ഷാപ്പുകളിലെ തൊഴിലാളികൾക്ക് ദോഷം വരാത്ത വണ്ണം നടപടികൾ ഗവൺമെന്റ് കൈക്കൊള്ളുന്നതാണ്. അതിനുള്ള വിശദാംശങ്ങൾ തയ്യാറായി വരുന്നതേയുള്ളു.

ശ്രീ. എളമരം കരീം : ഉദയഭാനു കമ്മീഷൻ റിപ്പോർട്ടിലെ ചില വ്യവസ്ഥകളെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പരാമർശിച്ചു. കള്ളുഷാപ്പുകൾക്ക് സ്ഥിരമായ കെട്ടിടം നിർമ്മിച്ചുകൊടുക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള നിർദ്ദേശം കഴിയുന്നത്രവേഗം നടപ്പാക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ.ടി.ശിവദാസമേനോൻ : ഇത് അബ്കാരി പോളിസിയുടെ ഭാഗമാണ്. ആ പോളിസി ലേലത്തിനു മുൻപാണ് പ്രഖ്യാപിക്കേണ്ടത്. അതിനിടയിൽ പോളിസിയിൽ വല്ല മാറ്റവും വരുത്തുന്നതിനേക്കാൾ ഉചിതം ഇതൊക്കെ ഒന്നിച്ച് ഒരു പോളിസിയായി ആലോചിച്ച് ഒരു നയം പ്രഖ്യാപിക്കലായിരിക്കും എന്നാണ് ഗവൺമെന്റിന്റെ നിലപാട്.

ശ്രീ.കെ.പി. സതീശ് ചന്ദ്രൻ : കള്ളു വ്യവസായം സംരക്ഷിക്കുന്നതിന്റെ ഭാഗമായി അബ്കാരി ലേലത്തിൽ കള്ളുഷാപ്പുകൾക്ക് മുൻഗണന നൽകി ലേലം ചെയ്യുന്ന വ്യവസ്ഥ നടപ്പിലാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. ശിവദാസമേനോൻ : കള്ളുഷാപ്പുകൾക്ക് മുൻഗണന നൽകി ലേലം ചെയ്യാനുള്ള നടപടികളാണ് എല്ലാ ഗവൺമെന്റുകളും സ്വീകരിച്ചുവന്നിട്ടുള്ളത്. സാധാരണ കള്ളുഷാപ്പ് ലേലത്തിൽ പോകാറില്ല. കള്ളും ചാരായവും കൂട്ടിക്കൊടുത്താലാണ് കള്ളുഷാപ്പ് ലേലത്തിൽ പോകുന്ന സ്ഥിതിയുണ്ടായിരുന്നത്. ഏതായാലും അതെല്ലാം മാറി. വീര്യമുള്ള ബ്രാണ്ടിയും വിസ്കിയും കൊടുക്കുന്നതിനേക്കാൾ കള്ളു വിപുലമാക്കാനും ബ്രാണ്ടിക്കുപകരം കള്ള് റിപ്ളേസ് ചെയ്യാനുമുള്ള ഒരു പ്രോസസ് ക്രമാനുസൃതമായ രീതിയിൽ നടപ്പിലാക്കി വരാവുന്നതേയുള്ളു. അതുസംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കുന്നതാണ്.

ശ്രീ.കെ.പി. സതീശ് ചന്ദ്രൻ : 1995-96-ലെ അബ്കാരി ലേലത്തിൽ പതിവിൽനിന്ന് വ്യത്യസ്തമായി വൻതുകയ്ക്കാണ് കള്ളുഷാപ്പുകൾ ലേലത്തിൽ പോയതെന്ന് മനസ്സിലാക്കുന്നു. ഇത് കള്ളുഷാപ്പിലൂടെ അനധികൃത ചാരായം വിൽക്കാൻ അതു നടത്തിയ ശ്രമത്തിന്റെ ഭാഗമാണെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് തടയാൻ നടപടി സ്വീകരിക്കുമോ?

ശ്രീ.ടി. ശിവദാസമേനോൻ : കള്ളുഷാപ്പ് ലേലം ചെയ്തുകൊടുത്തിട്ടുള്ളത് കള്ളുമാത്രം വിൽക്കാനാണ്. അതിൽക്കൂടെ വേറെ എന്തെങ്കിലും വിറ്റാൽ ഇപ്പോൾ ഇറക്കിയിട്ടുള്ള നിർദ്ദേശങ്ങളനുസരിച്ച് ആ കള്ളുഷാപ്പിന്റെ ലൈസൻസ് on the spot സസ്പെന്റ് ചെയ്യും. പിന്നീട് അന്വേഷണത്തിൽ അത് ക്യാൻസൽ ചെയ്യുകയും ചെയ്യും.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : ഇപ്പോൾ നമ്മുടെ നാട്ടിലുള്ള വലിയ പ്രശ്നം കള്ളു കിട്ടുന്നില്ലെന്നുള്ളതാണ്. പല പ്രദേശങ്ങളിലും കള്ള് ലഭ്യമാകാത്തതുകൊണ്ട് പാലക്കാട് ജില്ലയിൽ നിന്നാണ് കള്ള് കൊണ്ടുവരുന്നത്. അതുകൊണ്ട് ആ കള്ളിന്റെ ലഭ്യതയെക്കുറിച്ച് ഗവൺമെന്റിന് എന്തെങ്കിലും നിർദ്ദേശം വയ്ക്കാനുണ്ടോ?

ശ്രീ.ടി.ശിവദാസമേനോൻ : വളരെ പ്രസക്തമായ ഒരു പ്രശ്നത്തിലേയ്ക്കാണ് ബഹുമാനപ്പെട്ട മെമ്പർ സഭയുടെ ശ്രദ്ധക്ഷണിച്ചിട്ടുള്ളത്. കള്ളിന്റെ ലഭ്യതക്കുറവാണ്. പാലക്കാട്ടിൽ നിന്നോ അതല്ലെങ്കിൽ വേറെ ഭാഗത്തു നിന്നോ കള്ളു ചെത്തി ഇങ്ങോട്ട് കൊണ്ടുവരുന്ന സ്ഥിതിയാണ് ഇപ്പോഴുള്ളത്. ഷാപ്പുടമസ്ഥനും തെങ്ങിന്റെ ഉടമയും തമ്മിൽ യോജിക്കുകയാണെങ്കിൽ ചെത്തു വിപുലമാക്കാനുള്ള കാര്യങ്ങളെ സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കും. കള്ളിൻ ലഭ്യത വർദ്ധിപ്പിക്കാനും ഇന്നുള്ള ക്ഷാമം തീർക്കാനുമുള്ള എല്ലാ നടപടികളും ഗവൺമെന്റ് സ്വീകരിക്കും. ബഹുമാനപ്പെട്ട അംഗത്തിന് സ്പെസിഫിക്കായി വല്ല നിർദ്ദേശങ്ങളും തരാനുണ്ടെങ്കിൽ അത് എഴുതിത്തന്നാൽ പരിഗണിക്കുന്നതാണ്. കാരണം ഇത് വലിയൊരു ഇഷ്യുവാണ്. ഈ പ്രശ്നം ഇപ്പോൾ ഉണ്ടാകാൻ പാടില്ല. അതുകൊണ്ട് അതിനു വേണ്ട എല്ലാ സംവിധാനവും സജ്ജമാക്കണം.

ശ്രീ. പി. രാജു : കള്ളുവ്യവസായം പുനഃരുദ്ധരിക്കുന്നതിന്റെ ഭാഗമായി ഒരു പരമ്പരാഗത വ്യവസായമെന്നുള്ള നിലയിൽ സംസ്ഥാനത്ത് ഇന്നുള്ള ദൂര പരിധിയിൽ ഇളവ് വരുത്തുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചന നടത്തുന്നുണ്ടോ; ബാറുകൾക്ക് ക്ഷേത്രത്തിൽ നിന്നും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും 200 മീറ്റർ മാത്രം ദൂരെ ലഹരി കൂടിയ വിദേശമദ്യം വിറ്റഴിക്കാനുള്ള സൗകര്യം ഗവൺമെന്റ് കൊടുക്കുന്നുണ്ട്. എന്നാൽ ഒരു പരമ്പരാഗത വ്യവസായം എന്ന നിലയിൽ ലഹരിയില്ലാത്ത സമ്പൂർണ്ണ ആരോഗ്യം നൽകുന്ന

LIBRARY ARCHIVES Kerala Legislative Assembly

കള്ള് വിറ്റഴിക്കാനുള്ള ദൂരപരിധി 200 മീറ്ററാക്കി ചുരുക്കിക്കൊടുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. ശിവദാസമേനോൻ : ഇപ്പോൾ നിലവിലുള്ള ഷാപ്പിന് ദൂരപരിധി ബാധകമാക്കാൻ പാടില്ല. ആ ദൂരപരിധി 31.3 വരെയാണ് സമ്മതിച്ചിരുന്നത്. ആ ദൂരപരിധി ഈ അബ്കാരി വർഷം അവസാനം വരെ നീട്ടിക്കൊടുക്കാനും പിന്നീട് ഇതിനെപ്പറ്റി ഒരു പുനർചിന്തനം നടത്തി ഉള്ള കള്ളുഷാപ്പുകൾ പൂട്ടാതിരിക്കാൻ, ലേലം ചെയ്ത് കിസ്ത്ത് അടച്ചത് നടത്തിക്കൊണ്ടുപോകാനും വേണ്ട സംവിധാനം ഗവൺമെന്റ് ഉണ്ടാക്കുന്നതാണ്.

ശ്രീ. പി.പി. തങ്കച്ചൻ : കഴിഞ്ഞ കുറെ വർഷങ്ങളായി നിരന്തരമായി പ്രവർത്തനരഹിതമായി കിടന്ന ചില വിദേശ മദ്യഷാപ്പുകൾക്ക് ഈയടുത്തകാലത്ത് ലൊക്കേഷൻ മാറ്റി ലൈസൻസ് കൊടുത്തിട്ടുള്ളത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, അത് ഈ കള്ളു ബിസിനസിനെ പ്രതികൂലമായി ബാധിക്കുകയില്ലേ?

ശ്രീ. ടി. ശിവദാസമേനോൻ : ചില ബാറുകൾക്ക് ലൈസൻസ് കൊടുത്തിട്ടുണ്ട്. അത് കൊടുത്തിട്ടുള്ളത് കോടതി വിധി അനുസരിച്ചാണ്. Contempt of court വന്നിട്ട് എക്സൈസ് സെക്രട്ടറി ജയിലിൽ പോകുന്ന ഘട്ടം എത്തിയപ്പോൾ താൽക്കാലികമായി till the disposal of the case of three months whichever is earlier എന്നു പറഞ്ഞ് കോടതി വിധി കംപ്ലൈ ചെയ്യാൻ വേണ്ടി അനുവാദം കൊടുത്തിട്ടുണ്ട്. ഷാപ്പ് മാറ്റുക എന്ന് പറഞ്ഞാൽ അവർക്ക് അതിന് അവകാശമുണ്ട്. അതിന് പത്ത് ലക്ഷം രൂപയാണ് ഇപ്പോൾ കൊടുക്കുന്നത്. അതിനു പുറമെ നിറുത്തിയ കൊല്ലം മുഴുവൻ ഓരോ വർഷത്തിനും 25,000 രൂപ വീതം പിഴ അടച്ചാൽ അവർക്കുള്ള ലൈസൻസ് പുതുക്കി കൊടുക്കാൻ ഇന്ന് വ്യവസ്ഥയുണ്ട്. ആ വ്യവസ്ഥക്കെതിരായി ചെയ്താൽ അത് കോടതിയിൽ പോയാൽ ഈ രണ്ട് വലിയ ബാറുകൾ കൊടുത്ത മാതിരി ഇതും കൊടുക്കേണ്ടിവരും. അതുകൊണ്ട് ക്യാബിനറ്റ് തീരുമാനപ്രകാരം ഈ വ്യവസ്ഥയനുസരിച്ചാണ് ബഹുമാനപ്പെട്ട തങ്കച്ചന്റെ മനസ്സിലുള്ള ബാറിന് ലൈസൻസ് കൊടുത്തിട്ടുള്ളത്.

ശ്രീ. പി.പി. ജോർജ് : ചെത്ത് ഒരു കുലത്തൊഴിൽ എന്നുള്ള നിലയ്ക്ക് ഇടലാഭക്കാരായ കോൺട്രാക്ടർമാരെ ഒഴിവാക്കിക്കൊണ്ട് ഈ മേഖലയിലെ തൊഴിലാളികളെ സംരക്ഷിക്കാൻ കഴിയും. ഈ തൊഴിലാളികളുടെ ഒരു സഹകരണസംഘം ഉണ്ടാക്കിക്കൊണ്ട് അവർക്ക് ലൈസൻസ് കൊടുത്ത് ലേലം നടപടി അവസാനിപ്പിക്കാനുള്ള വല്ല ആലോചനയുമുണ്ടോ, ഇല്ലെങ്കിൽ അതിനെപ്പറ്റി ആലോചിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ധനകാര്യവകുപ്പു മന്ത്രി (ശ്രീ.ടി.ശിവദാസമേനോൻ) : സർ, മദ്യവ്യവസായ തൊഴിലാളികളുടെ പുനരധിവാസത്തിനുവേണ്ടി ഇത്തരത്തിലുള്ള ഒരു സ്കീം, ഇൻഡ്യയിൽ കോഫീഹൗസ് മോഡലിൽ ഒരു സഹകരണസംഘം ഉണ്ടാക്കി അതിലൂടെ ഇപ്പോൾ നിരോധിക്കാത്ത കള്ള്, ബിയർ തുടങ്ങിയ കാര്യങ്ങൾ വിൽപ്പന നടത്തുന്നതിന്റെ ഫീസിബിലിറ്റിയേയും അതിന്റെ നാനാവശങ്ങളേയും സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ പരിശോധിച്ചു വരികയാണ്. അത് ശരിയാണെന്നു കണ്ടാൽ നല്ലൊരു ആശയമാണ്. അത് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയായിട്ടാണ് കൊടുക്കുന്നത്. കുറെ



LIBRARY ARCHIVES Kerala Legislative Assembly

തൊഴിലാളികളെ രക്ഷിക്കാനും സാധിക്കും. ആ നിർദ്ദേശം ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്, തീരുമാനമൊന്നും ആയിട്ടില്ല.

ശ്രീ. ടി.എം. ജേക്കബ് : സർ, കള്ളുഷാപ്പുകളിൽ കള്ളല്ലാതെ വേറെ ന്തെങ്കിലും മദ്യം വിറ്റാൽ കർശന നടപടി സ്വീകരിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ മറുപടി പറഞ്ഞ അവസരത്തിൽ പറയുകയുണ്ടായി. കേരളത്തിലെ മിക്കവാറും എല്ലാ കള്ളുഷാപ്പുകളിലും ചാരായം വിൽക്കുന്നുണ്ടെന്ന കാര്യം എല്ലാവർക്കും അറിയാവുന്ന ഒരു സത്യമാണ്. അത് നിലവിലിരിക്കെ ഈ കാര്യത്തിൽ ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് നിർദ്ദേശം കൊടുക്കുകയും അവരോട് കൃത്യമായിത്തന്നെ റെയിഡ് നടത്താനാവശ്യപ്പെടാനുള്ള നടപടി സ്വീകരിക്കുകയും ചെയ്യുമോ?

ശ്രീ. ടി.ശിവദാസമേനോൻ : ഇത് നിരവധി തവണ ഞാൻ ഈ സഭയിൽ ആവർത്തിച്ച് പറഞ്ഞതാണ്. ഇപ്പോൾ എല്ലാവർക്കും നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഏപ്രിൽ ഒന്നാം തീയതി തന്നെ അവർക്ക് റെയിഡ് ചെയ്യാനുള്ള വാഹനങ്ങളും മറ്റെല്ലാ സജ്ജീകരണങ്ങളും കൊടുത്തിട്ടുണ്ട്. ആ വാഹനം തിരിച്ചെടുത്തെന്നു പറഞ്ഞു. പക്ഷേ ഞാൻ അന്വേഷിച്ചപ്പോൾ തിരിച്ചൊന്നും എടുത്തിട്ടില്ല. കൂടുതൽ വാഹനം കൊടുക്കാൻ തയ്യാറുമാണ്. അത് റെയിഡ് ചെയ്ത് പിടിക്കുമെന്നുള്ള കാര്യത്തിൽ ഒരു സംശയവുമില്ല. അതിനുവേണ്ടിയാണ് പ്രവർത്തിക്കുന്നത്. ബഹുമാന്യനായ ടി.എം.ജേക്കബ് ഉൾപ്പെടെയുള്ള ആളുകൾ ഇതിന്റെ സംസ്ഥാനതല കമ്മിറ്റിയിലുണ്ട്. ഇത് രണ്ടു മാസത്തിലൊരിക്കൽ കൂടും. മാസം തോറും കൂടുന്നതിന് ജില്ലാതല കമ്മിറ്റി വേറെയുമുണ്ട്, ബ്ലോക്ക് തല കമ്മിറ്റിയുമുണ്ട്. ഈ ജനകീയ കമ്മിറ്റിയിൽ, കള്ളല്ലാതെ വേറെ എന്തെങ്കിലും വിൽക്കുന്നുണ്ട് എന്നുള്ള കാര്യം ഉന്നയിച്ചാൽ ഉടൻ അവർ നടപടി എടുത്തുകൊള്ളണമെന്നാണ്. നടപടി എടുത്തില്ലെങ്കിൽ അവർ ശിക്ഷണ നടപടിക്ക് വിധേയരാകും. ഇത് വളരെ വ്യക്തമായിട്ട് എഴുതി അറിയിച്ചിട്ടുണ്ട്. ഇപ്പോൾ ഇവിടുത്തെ എം.എൽ.എ.മാരെല്ലാം ജില്ലാതലത്തിലോ ബ്ലോക്കുതലത്തിലോ ഈ നിരോധനസമിതിയിലെ അംഗങ്ങളാണ്. ബഹുമാന്യനായ ടി.എം. ജേക്കബോ മറ്റാരെങ്കിലുമോ എവിടെയെങ്കിലും ഇതുണ്ടെങ്കിൽ ഇന്നസ്ഥലത്ത് ഈ സാധനമുണ്ടെന്നു പറഞ്ഞാൽ ആ മിനിട്ടിൽ ഉദ്യോഗസ്ഥന്മാർ പോകണമെന്നതാണ് നിർദ്ദേശിച്ചിട്ടുള്ളത്. പോയിട്ടില്ലെങ്കിൽ ആ വിവരം കളക്ടറെ അറിയിച്ചാൽ കളക്ടർ വേണ്ട നടപടി സ്വീകരിക്കുന്നതാണ്. കളക്ടർ എക്സൈസ് വകുപ്പു മന്ത്രിക്ക് എല്ലാ 15 ദിവസം കൂടുമ്പോഴും ഈ കമ്മിറ്റികളുടെ പ്രവർത്തനത്തിന്റെയും നടത്തിയ റെയിഡിന്റെയും പിടിച്ച കാര്യങ്ങളുടേയും എല്ലാം റിപ്പോർട്ടും റിവ്യൂവും നേരിട്ട് അയയ്ക്കണമെന്നുള്ള നിർദ്ദേശമാണ് കൊടുത്തിട്ടുള്ളത്. അത് ഒന്നുകൂടി എൻഫോഴ്സ് ചെയ്യാൻ വേണ്ടി 6-ാം തീയതി ഒരു യോഗം വിളിച്ചിട്ടുണ്ട്, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവുൾപ്പെടെയുള്ളവരേയും കളക്ടർമാരേയും, എസ്.പി.യേയും ഡി.ജി.പി. എക്സൈസ് കമ്മീഷണർ തുടങ്ങിയവരേയും ആ യോഗത്തിനു വിളിച്ചിട്ടുണ്ട്. ഉന്നതതല യോഗം കഴിഞ്ഞു. ഇനി ജില്ലാതല ഓഫീസർമാരുടെ യോഗമാണ്. അതിൽ നമുക്ക് യോജിച്ച് വളരെ കർശനമായ നടപടി എടുക്കാവുന്നതാണ്. അതിൽ യാതൊരു അഭിപ്രായഭിന്നതയുടേയും പ്രശ്നമില്ല. അപ്പോൾ ഈ പ്രശ്നത്തിൽ ഞങ്ങളും നിങ്ങളും നമ്മളാണ്, ഒരു സംശയവും വേണ്ട. ഇക്കാര്യത്തിൽ യാതൊരു റിസർവേഷനും ഗവൺമെന്റിനില്ല. ഇത് ക്രിമിനൽ കുറ്റമാണ്. ആ കുറ്റം നോൺ കോമ്പൗണ്ടബിൾ ഒഫൻസിൽ പിടിക്കാവുന്നതാണ്. ആ രീതിയിൽ തന്നെ ഇത് കർശനമായി കൈകാര്യം ചെയ്യും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ.കെ.ആന്റണി : സർ, നമ്മുടെ അസംബ്ലിയിലെ സ്ത്രീകളുടേയും കുട്ടികളുടേയും ക്ഷേമം സംബന്ധിച്ച സമിതിയുടെ 4-ാമത് റിപ്പോർട്ട് അനധികൃത മദ്യഷാപ്പുകൾക്ക് എതിരെ നടപടി സ്വീകരിക്കാനുള്ള ശുപാർശകൾ ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ?' ഇതിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടിസ്വീകരിച്ചിട്ടുണ്ടോ എന്നറിയിച്ചാൽ കൊള്ളാം.

ശ്രീ.ടി.ശിവദാസമേനോൻ : ആ റിപ്പോർട്ട് എന്റെ മുന്നിൽ വന്നിട്ടില്ല. ഞാൻ ആ റിപ്പോർട്ട് അന്വേഷിച്ച് വരുത്തുന്നതാണ്. വായിച്ചുനോക്കി നടപടികളെടുക്കുന്നതാണ്. അസംബ്ലിയിൽ എന്തെങ്കിലും പറയാൻ പാടില്ലല്ലോ. It has not come to my notice. Anyway അത് എന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന് നന്ദിയുണ്ട്. ഞാൻ ആ റിപ്പോർട്ടിൽ പറഞ്ഞ കാര്യങ്ങൾ നോക്കിയിട്ട് ഫീസിബിളായിട്ടുള്ള കാര്യങ്ങൾ നിശ്ചയമായും നടപ്പിലാക്കുന്നതാണ്.

***4 (143) യൂറോപ്യൻ സാമ്പത്തിക സമൂഹത്തിന്റെ സഹായത്തോടെ കൃഷിവകുപ്പിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ**

ശ്രീ. ജോസ് ബേബി :
ശ്രീ. സത്യൻ മൊകേരി :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) :
ശ്രീ. കെ.പി.രാജേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) യൂറോപ്യൻ സാമ്പത്തിക സമൂഹത്തിന്റെ സഹായത്തോടെ കൃഷി വകുപ്പിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ ഏതെല്ലാം;

(ബി) ഇതിൽ മണ്ണൊലിപ്പ് തടയാനുള്ള പദ്ധതികൾ ഏതെല്ലാം;

(സി) മണ്ണൊലിപ്പ് തടയുന്നതിനുവേണ്ടി വർഷംതോറും കേന്ദ്രത്തിൽ നിന്നും എന്തുമാത്രം സഹായം ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

കൃഷിവകുപ്പുമന്ത്രി (ശ്രീ.വി.കെ.രാജൻ) : സർ,

(എ) യൂറോപ്യൻ സാമ്പത്തിക സമൂഹത്തിന്റെ സഹായത്തോടെ സംസ്ഥാനത്ത് കൃഷിവകുപ്പ് താഴെ പറയുന്ന പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്.

1. കേരള ഹോർട്ടിക്കൾച്ചറൽ വികസനപദ്ധതി.
2. കേരള കാർഷിക വിപണിപദ്ധതി.

ഇതുകൂടാതെ സമഗ്ര നാളികേര വികസനപദ്ധതി തുടർന്നു നടത്താനായി ഇ.ഇ.സി.യുടെ അനുമതിക്കുവേണ്ടി എൻ.സി.ഡി.സി.വഴി ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) മണ്ണൊലിപ്പ് തടയാനുള്ള പദ്ധതികൾ ഒന്നുംതന്നെ യൂറോപ്യൻ സാമ്പത്തിക സമൂഹത്തിന്റെ സഹായത്തോടെ നടപ്പാക്കുന്നില്ല.

(സി) നൂറുശതമാനം കേന്ദ്രാവിഷ്കൃത പദ്ധതിയായ കുന്താനദീതട സംരക്ഷണ പദ്ധതിക്കായി വർഷം തോറും 200 ലക്ഷം രൂപ വീതം 8-ാം പഞ്ചവത്സര പദ്ധതിയിൽ ധനസഹായമായി ലഭിക്കുന്നുണ്ട്. ഇതുകൂടാതെ നാഷണൽ വാട്ടർ ഷെഡ് ഡെവലപ്പ്മെന്റ് പ്രോഗ്രാം ഫോർ റയിൻഫെഡ് ഏരിയ (എൻ.ഡബ്ല്യു.ഡി.പി.ആർ.എ.) അതായത് മഴയെ മാത്രം ആശ്രയിച്ച് കൃഷി

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുന്ന പ്രദേശങ്ങളിലേയ്ക്കുള്ള ദേശീയ നീർമറി വികസന പദ്ധതി അനുസരിച്ച് 8-ാം പദ്ധതിക്കാലത്ത് 35.83 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. കാർഷികമേഖലയുടെ സമഗ്രവികസനം ഉദ്ദേശിച്ചുകൊണ്ടുള്ള ഈ പദ്ധതിയുടെ ഒരു ഘടകം മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾക്ക് വേണ്ടിയുള്ളതാണ്. മൊത്തം പദ്ധതിയുടെ 32 ശതമാനം ഇതിലേയ്ക്കായി നീക്കിവച്ചിട്ടുണ്ട്.

മണ്ണുസംരക്ഷണം കൂടാതെ ഈ പദ്ധതിയിലെ മറ്റു ഘടകങ്ങൾ കൃഷി, മൃഗസംരക്ഷണം, സാമൂഹ്യ വനവത്ക്കരണം മുതലായ വകുപ്പുകളെ ഏകോപിപ്പിച്ച് നടപ്പിലാക്കിവരുന്നു.

ശ്രീ. ജോസ് ബേബി : സർ, മണ്ണൊലിപ്പു തടയൽ പദ്ധതിയിൽ കഴിഞ്ഞ കാലത്ത് ചില ക്രമക്കേടുകൾ നടന്നിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ. അങ്ങനെ എവിടെയെങ്കിലും ഉണ്ടെങ്കിൽ ആ ക്രമക്കേടുകൾക്കെതിരായി ശക്തമായ നടപടി സ്വീകരിക്കുമോ?

ശ്രീ. വി.കെ.രാജൻ : ഈ പദ്ധതി നടപ്പാക്കിയതിനെ സംബന്ധിച്ച് പല യിടങ്ങളിൽ നിന്നും ധാരാളം ആക്ഷേപങ്ങളും പരാതികളും ഉയർന്നുവന്നിട്ടുണ്ട്. എന്റെ കൈയിൽ ലഭിച്ച പരാതികൾ നടപടിക്ക് വിധേയമാക്കിയിട്ടുണ്ട്.

ശ്രീ. ജോസ് ബേബി : സർ, മണ്ണാർക്കാട് മണ്ഡലത്തിലെ അട്ടപ്പാടി പ്രദേശത്ത് ഈ പദ്ധതിപ്രകാരം കഴിഞ്ഞകാലത്ത് കുറെ ഫണ്ടുകൾ അനുവദിച്ചിരുന്നു. അതിനെക്കുറിച്ച് ചില അലിഗേഷനുകളൊക്കെയുണ്ടായിട്ടുണ്ട്. അത് ശ്രദ്ധയിൽപ്പെടുത്തിക്കഴിഞ്ഞാൽ സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീ. വി.കെ.രാജൻ : ശ്രദ്ധയിൽപ്പെട്ടാൽ ഉടനടി നടപടി സ്വീകരിക്കും.

ശ്രീ. സത്യൻ മൊകേരി : സർ, ഇ.ഇ.സി. സഹായത്തോടുകൂടി കമ്മ്യൂണിറ്റി ഇറിഗേഷൻ സ്കീം നടപ്പിൽ വരുത്തുന്നത് 85% സർക്കാരിന്റെ സഹായവും 15% ബെനിഫിഷ്യറീസിന്റെ പങ്കാളിത്തത്തോടുകൂടിയുമാണ്. അങ്ങനെ നടപ്പിലാക്കുമ്പോൾ ടെക്നിക്കലായിട്ട് സൂപ്പർവിഷൻ നടത്താൻ കൃഷിവകുപ്പിന്റെ കീഴിലുള്ള ടെക്നിക്കൽ വിംഗിലെ ഉദ്യോഗസ്ഥൻമാരുടെ സഹായമില്ലാത്തതുകൊണ്ട് ഈ പദ്ധതി കൃത്യമായി നടപ്പിലാക്കാൻ കഴിയുന്നില്ല. പല സ്ഥലങ്ങളിലും ഇത്ര ശതമാനം തന്നു കഴിഞ്ഞാൽ കംപ്ലീഷൻ സർട്ടിഫിക്കറ്റു തരാം. വാല്യുവേഷൻ എടുത്തുതരാം എന്നൊരു സമീപനം സ്വീകരിക്കുന്നതുകൊണ്ട് കൃഷിക്കാർ ബുദ്ധിമുട്ടുന്നുണ്ട്. ടെക്നിക്കൽ വിംഗിന്റെ പല സ്ഥലത്തുമുള്ള ഉദ്യോഗസ്ഥന്മാരുടെ സഹകരണമില്ലായ്മ ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ? അത് പരിഹരിക്കുന്നതിനുവേണ്ടി ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ.വി.കെ. രാജൻ : ഏതു പ്രദേശത്താണ് ഇങ്ങനെയൊരു സംഭവമുണ്ടായതെന്ന് ശ്രദ്ധയിൽപ്പെടുത്തിയാൽ ഉടനടി നടപടി സ്വീകരിക്കാം.

ശ്രീ. സത്യൻമൊകേരി : സർ, കമ്മ്യൂണിറ്റി ഇറിഗേഷൻ സ്കീം ഫലപ്രദമായി നടപ്പിൽ വരുത്താൻ കഴിയുന്നില്ല എന്ന പ്രശ്നം വളരെ ഗൗരവമായി കോഴിക്കോട് ജില്ലയിലെ പല സ്ഥലങ്ങളിലും ഉയർന്നു വന്നിട്ടുണ്ട്. ആ കാര്യം പ്രത്യേകമായി പരിശോധിക്കുമോ?

ശ്രീ.വി.കെ.രാജൻ : പ്രത്യേകമായി പരിശോധിക്കാം. ശ്രീ. സത്യൻമൊകേരി ഇപ്പോൾത്തന്നെ എഴുതിത്തന്നാൽ അതിൻമേൽ ആവശ്യമായ നടപടി കൈക്കൊള്ളാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.പി. രാജേന്ദ്രൻ : സർ, കേരളത്തിൽ പച്ചക്കറി കൃഷിയുടെ ഉല്പാദനം വർദ്ധിപ്പിക്കാനും കൂടുതൽ മേഖലയിൽ നടപ്പിലാക്കാനും കഴിയുന്ന വിധം സംസ്ഥാന വ്യാപകമായി ജില്ലാ ബ്ലോക്ക് ഗ്രാമ പഞ്ചായത്തുകളിൽ ഇ.ഇ.സി.യുടെ സഹായത്തോടുകൂടി നടപ്പിലാക്കാനുള്ള പദ്ധതികൾ ആരംഭിക്കുമോ? ജില്ലാ പഞ്ചായത്തുകൾ ചില ജില്ലകളിൽ നടപ്പിലാക്കുന്നു. ഉദാഹരണത്തിന് തിരുവനന്തപുരം ജില്ലയിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതി പോലെ അതിനാവശ്യമായ സഹായം നൽകിക്കൊണ്ട് എല്ലാ ജില്ലകളിലും ആ പദ്ധതി വ്യാപിപ്പിക്കാൻ കഴിയുമോ?

ശ്രീ. വി.കെ. രാജൻ : സർ, പച്ചക്കറിക്കൃഷിയുടെ വികസനത്തിനു ഗവൺമെന്റ് വളരെ പ്രാധാന്യം കൊടുക്കുന്നുണ്ട്. അതിനുവേണ്ടി ഒട്ടനവധി സ്ഥലങ്ങളിൽ യോഗങ്ങൾ ചേർന്നിട്ടുണ്ട്. പഞ്ചായത്തുകൾ തോറും അത്തരം പരിപാടികൾ നടപ്പാക്കണമെന്ന് ആഗ്രഹിക്കുന്നു. തിരുവനന്തപുരത്ത് ജില്ലാ പഞ്ചായത്ത് ഉൾപ്പെടെ അൻപതു പഞ്ചായത്തുകൾ തെരഞ്ഞെടുത്ത് പച്ചക്കറി കൃഷി നടത്തിവരുന്നുണ്ട്. ഇ.ഇ.സി.യിൽ നിന്നു മാത്രമല്ല മറ്റു ഏജൻസികളിൽ നിന്നും പണം സംഭരിച്ച് പച്ചക്കറി കൃഷി വ്യാപിപ്പിക്കാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നു.

ശ്രീ.കെ.പി. രാജേന്ദ്രൻ : സർ, നാണ്യവിളകളുടെ സംരക്ഷണത്തിനും ഉല്പാദനം കൂടുതൽ ഉയർത്തിക്കൊണ്ടുവരാനും കഴിയുന്ന വിധത്തിൽ ഇ.ഇ.സി.യുടെ സഹായത്തോടുകൂടി പുതിയ പദ്ധതികൾ ആരംഭിക്കാൻ കഴിയുമോ; ഏതെങ്കിലും പദ്ധതികൾ ആലോചിച്ചിട്ടുണ്ടോ?

ശ്രീ. വി.കെ.രാജൻ : ആലോചിക്കാം.

ശ്രീ.കെ. ബാബു : സർ, ഇ.ഇ.സി.യുടെ സാമ്പത്തിക സഹായത്തോടുകൂടി കൊച്ചിയിലെ വൈറ്റിലയിൽ കേരഫെഡിന്റെ ആഭിമുഖ്യത്തിൽ ഒരു നാളികേര സംസ്കരണ ഫാക്ടറി ആരംഭിക്കാൻ തീരുമാനിച്ചിരുന്നു. അതിന്റെ നടപടികൾ ഇപ്പോൾ ഏതുവരെയായി; ഇ.ഇ.സി. പദ്ധതികൾ തുടങ്ങുന്നതിനു എന്തെങ്കിലും തടസ്സമുണ്ടോ എന്നു വ്യക്തമാക്കുമോ?

ശ്രീ. വി.കെ. രാജൻ : സർ, വൈറ്റിലയിൽ ഇങ്ങനെയൊരു സംസ്കരണ ഫാക്ടറി സ്ഥാപിക്കണമെന്ന് നിർദ്ദേശമുണ്ടായിരുന്നു. കരുനാഗപ്പള്ളി, വൈറ്റില, കോഴിക്കോട് എന്നീ സ്ഥലങ്ങളിൽ ഇത്തരം ഫാക്ടറി സ്ഥാപിക്കാൻ നിർദ്ദേശമുണ്ടായിരുന്നു. കരുനാഗപ്പള്ളിയിൽ മാത്രമേ ഈ ഫാക്ടറി പ്രവർത്തിക്കുന്നുള്ളു കോഴിക്കോട് അതിന്റെ പണി ഏറെക്കുറെ പൂർത്തിയാക്കാറായി. എന്നാൽ നിശ്ചിത കാലാവധിക്കുള്ളിൽ ആ പണി പൂർത്തിയാക്കാൻ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തു കഴിഞ്ഞിരുന്നില്ല. അതിന്റെ ഫലമായി ഇ.ഇ.സി.യിൽ നിന്നും പണം തരില്ല എന്ന നിർദ്ദേശം ഗവൺമെന്റിന്റെ മുൻപാകെ വച്ചു. അവരുമായി അന്നു ചർച്ച ചെയ്തു. ചർച്ചക്കുശേഷം ഇ.ഇ.സി.യുടെ ഡയറക്ടർബോർഡ് കൂടി അറിയിക്കാമെന്നു പറഞ്ഞശേഷം അറിയിച്ചിട്ടില്ല. വൈറ്റിലയിൽ വെളിച്ചെണ്ണ ഉണ്ടാക്കലല്ല, വൈവിധ്യമാർന്ന കേരോല്പന്നങ്ങൾ ഉണ്ടാക്കണമെന്ന പുതിയ ഒരു നിർദ്ദേശമാണ് ഇപ്പോഴുള്ളത്.

ശ്രീ. സി.കെ. രാജേന്ദ്രൻ : സർ, ജലസേചന പദ്ധതികളിലെ ജലസംഭരണികൾക്കു ചുറ്റും കൃഷി ചെയ്യുന്നതുകൊണ്ട് മണ്ണ് ഒഴുകി വന്ന് സംഭരണികൾ പലതും നികന്നുകൊണ്ടിരിക്കുന്നു. അതിനു ചുറ്റും മണ്ണ് സംരക്ഷിച്ചു നിറുത്തുന്നതിന് മണ്ണൊഴുക്ക് തടയാൻ വേണ്ടിയുള്ള ഒരു വിപുലമായ പദ്ധതിക്ക് ഗവൺമെന്റ് രൂപം കൊടുക്കുമോ?



LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി.കെ. രാജൻ : സർ, ഇപ്പോൾ നാമ മാത്രമായ സംഖ്യയാണ് മണ്ണൊലിപ്പ് നിവാരണത്തിനായി സംസ്ഥാന സർക്കാർ നീക്കിവച്ചിട്ടുള്ളത്. അതിനു കൂടുതൽ സംഖ്യ ആവശ്യമാണെന്ന് ഗവൺമെന്റ് കരുതുന്നു. ഇക്കാര്യം ആലോചിക്കാം.

ശ്രീ.പി.പി.തങ്കച്ചൻ : സർ, ഇ.ഇ.സി.യുടെ സഹായത്തോടുകൂടി മൂവാറ്റുപുഴയ്ക്കടുത്തുള്ള വാഴക്കുളത്ത് ഒരു വലിയ പൈനാപ്പിൾ സംസ്കരണ ഫാക്ടറി സ്ഥാപിക്കാൻ തീരുമാനമെടുത്തിരുന്നു. അതിന്റെ പ്രാരംഭ പ്രവർത്തനങ്ങളായിട്ടുണ്ട്. കുറച്ചു നാളായി ഒരു പണിയും പുരോഗമിക്കാതെ കിടക്കുകയാണ്. കേരളത്തിലെ പൈനാപ്പിൾ കൃഷിക്കാരെ സംരക്ഷിക്കാനുള്ള ഒരു സംരംഭമാണിത്. അതിനാൽ ബഹുമാനപ്പെട്ട മന്ത്രി പ്രത്യേകം താല്പര്യമെടുത്ത് അതിന്റെ പ്രതിനിധികളെ വിളിച്ചുവരുത്തി എന്തൊക്കെയാണ് അതിന്റെ പോരായ്മകൾ എന്നു പരിശോധിച്ച് അതിന്റെ പണി പുനരാരംഭിക്കാൻ വേണ്ട നടപടി കൈക്കൊള്ളുമോ?

ശ്രീ. വി.കെ. രാജൻ : ബഹുമാനപ്പെട്ട അംഗം പറഞ്ഞ നിർദ്ദേശങ്ങൾ പൂർണ്ണമായും ഞാൻ അംഗീകരിക്കുന്നു. എനിക്ക് എഴുതിക്കിട്ടിയ റിപ്പോർട്ട് ഇപ്രകാരമാണ്. 1997 നവംബർ മാസത്തിൽ കമ്മിഷൻ ചെയ്യുമെന്നാണ് എഴുതി അറിയിച്ചിട്ടുള്ളത്. എന്നാൽ അങ്ങു പറഞ്ഞതാണ് അതിന്റെ അവസ്ഥ എന്നു ഞാൻ മനസ്സിലാക്കുന്നു. നമുക്ക് രണ്ടു പേർക്കും കൂട്ടായി അതിനെക്കുറിച്ച് ആലോചിച്ച് അതിന് പരിഹാരമുണ്ടാക്കാം.

ശ്രീ. സി.കെ. നാണു : സർ, യൂറോപ്യൻ സാമ്പത്തിക സമൂഹത്തിന്റെ സഹായത്തോടുകൂടി കേരഫെഡിന്റെ ആഭിമുഖ്യത്തിൽ ഫാക്ടറികൾ ആരംഭിക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ കോഴിക്കോടും, എറണാകുളത്തും, കൊല്ലം ജില്ലയിലും ഫാക്ടറികൾ തുറക്കുന്നതിനു തടസ്സമായി നിന്നത്, സഹകരണ വകുപ്പും കാർഷിക വകുപ്പും ഒരുമിച്ചു ചേർന്ന് കഴിഞ്ഞ അഞ്ചു കൊല്ലമായി ഈ പണമുപയോഗിച്ച് നടത്തി വരുന്ന പ്രവർത്തനങ്ങളുടെ പോരായ്മയാണോ?.

ശ്രീ. വി.കെ. രാജൻ : ഇവിടെ അങ്ങു പറഞ്ഞ കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അങ്ങനെയൊരു തടസ്സമില്ല എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. .

ശ്രീ. ഇസ്ഹാക് കുരിക്കൾ : സർ, ഇ.ഇ.സി.യുടെയും പ്രധാനമന്ത്രിയുടെ പ്രോഗ്രാമുമെല്ലാം ജനങ്ങളുടെ കോൺട്രിബ്യൂഷൻ കൊണ്ടു നടത്തുന്ന പദ്ധതികളാണ്. ഈ പദ്ധതികൾക്ക് അംഗീകാരം നൽകാനും തെരഞ്ഞെടുക്കാനുമുള്ള അധികാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണോ അതോ കൃഷി വകുപ്പിനാണോ? പഞ്ചായത്തിൽ ചെന്നാൽ ജില്ലാ ഓഫീസിലാണെന്നു പറയും അല്ലെങ്കിൽ മുനിസിപ്പാലിറ്റിയാണെന്നു പറയും. ഒരു അവ്യക്തത ഇക്കാര്യത്തിൽ നിലനിൽക്കുന്നുണ്ട്. അതു മാറ്റി സ്ഥിരമായ ഒരു ഗൈഡ്‌ലൈൻ ഈ രംഗത്തു കൊടുക്കാൻ നടപടിയെടുക്കുമോ?

ശ്രീ. വി.കെ. രാജൻ : അങ്ങു പറഞ്ഞതുപോലെ ഇക്കാര്യത്തിൽ പല യിടങ്ങളിലും സംശയം നിലനിൽക്കുന്നു. പഞ്ചായത്തിലും ജില്ലാ പഞ്ചായത്തിലും കൃഷിവകുപ്പിൽ നിന്നും അധികാരങ്ങൾ കൈമാറിയതിനെ സംബന്ധിച്ച് വ്യക്തമായി പ്രഖ്യാപിച്ചിട്ടുണ്ട്. അതിൽ ചില ഉത്തരവുകൾ നേരെയല്ല എന്ന് ചില ഉദ്യോഗസ്ഥന്മാർ വ്യാഖ്യാനിക്കുന്നു. അതിനു പരിഹാരം കാണാൻ വേണ്ടി കൃഷിവകുപ്പു മന്ത്രിയും തദ്ദേശ സ്വയംഭരണ വകുപ്പുമ

LIBRARY ARCHIVES Kerala Legislative Assembly

ന്ത്രിയും ഒരു കോൺഫറൻസ് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ അതിന്റെ സംഘടനാ ഭാരവാഹികൾ എന്നിവരടക്കം വിളിച്ച് എന്തെങ്കിലും തകരാറ് ഉണ്ടെങ്കിൽ പരിഹരിക്കണമെന്നു ഞങ്ങൾ ആഗ്രഹിക്കുന്നു. അതുപോലെ തന്നെ ഇവിടെ നിന്നും അധികാരം അങ്ങോട്ടു പകർന്നു കൊടുക്കുന്നതിന് ഒരു തടസ്സവുമില്ല എന്നാണ് ഞാൻ അറിഞ്ഞത്.

ശ്രീ.ടി. നാണു മാസ്റ്റർ : സർ, ഇ.ഇ.സി.യുടെ പരിപാടികൾ കഴിഞ്ഞ ഒരു വർഷമായി നടപ്പിലാക്കിയിരിക്കുകയാണ്. അതുകൊണ്ട് ഈ ഗവൺമെന്റ് വന്നതിനുശേഷം വളരെ അടിയന്തിര ശ്രദ്ധയോടുകൂടിയുള്ള സമീപനമാണ് അതു നടപ്പിലാക്കാൻ എടുത്തിട്ടുള്ളത്. അതെല്ലാം കൃഷിഭവനുകളിലൂടെയാണ് നടപ്പിലാക്കുന്നതെങ്കിൽ നിലവിലുള്ള കൃഷിഭവനുകളുടെ അപാകതകൾ പരിഹരിച്ച് അതു പുന:സംഘടിപ്പിക്കുന്നതിനും ഈ പരിപാടികൾ സജീവമായി ജനപങ്കാളിത്തത്തോടെ നടപ്പാക്കാനും വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. വി.കെ. രാജൻ : കൃഷിഭവനുകൾ പുന:സംഘടിപ്പിച്ച് ഏതാനും ദിവസങ്ങൾക്കകം അതു രൂപീകരിക്കും. ആഗസ്റ്റു മാസം 17-ാം തീയതി ചിങ്ങ മാസം ഒന്നാം തീയതി കർഷകദിനത്തിൽ അതിന്റെ സംസ്ഥാനതല യോഗം ചേരുന്നതാണ്.

ശ്രീ. പാലോട് രവി : സർ, പച്ചക്കറി വികസനത്തോടനുബന്ധിച്ച് തിരുവനന്തപുരം ജില്ലയിൽ ബഹുമാനപ്പെട്ട സ്പീക്കറുടെ നിയോജകമണ്ഡലത്തിലും എന്റെ നിയോജകമണ്ഡലത്തിലും രണ്ട് ഇ.ഇ.സി. മാർക്കറ്റുകൾ അതിന്റെ പ്രവർത്തനം ആരംഭിച്ചു. ഇ.ഇ.സി.മാർക്കറ്റുകൾ വികസിച്ചു വരുന്നതോടൊപ്പം അഗ്രിക്കൾച്ചറൽ ബെൽറ്റ് ഉണ്ടാക്കാനാണ് ഇ.ഇ.സി.യുടെ നിർദ്ദേശം. അങ്ങനെ ഞങ്ങളുടെ പ്രദേശങ്ങളിൽ കുറെ പഞ്ചായത്തുകളെടുത്തിട്ടുണ്ട്. ഇതിനോടനുബന്ധിച്ച് ഇ.ഇ.സി. മാർക്കറ്റുകളുടെ പ്രവർത്തനം സംബന്ധിച്ചുകൂടി ഒരു അവലോകനം നടത്തുന്നതിനും അതു പൂർത്തീകരിക്കാനും അങ്ങ് നടപടി സ്വീകരിക്കുമോ?

ശ്രീ. വി.കെ. രാജൻ : അക്കാര്യം ആലോചിക്കാം.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, ബഹുമാനപ്പെട്ട മെമ്പർ പാലോട് രവി ചോദിച്ച അതേ ചോദ്യം തന്നെയാണ് ഞാനും ചോദിക്കുന്നത്. അങ്ങയുടെ മണ്ഡലത്തിൽ കടകംപള്ളി പഞ്ചായത്തിലുള്ള വേൾഡ് മാർക്കറ്റിന്റെ ഇന്നത്തെ സ്ഥിതിയെന്താണ്?

ശ്രീ. വി.കെ. രാജൻ : അക്കാര്യവും ആലോചിക്കാം.

ശ്രീ. ഇ.എം. അഗസ്തി : ശ്രീ. കെ.പി. രാജേന്ദ്രൻ ചോദിച്ചതിന്റെ അനുബന്ധമായ ഒരു ചോദ്യമാണ്. ആ ചോദ്യം ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കാതെയാണ് മറുപടി പറഞ്ഞത് എന്ന് എനിക്കു തോന്നിയതുകൊണ്ടാണ് ഞാനും ആ ചോദ്യം ചോദിക്കുന്നത്. അദ്ദേഹം ചോദിച്ച ചോദ്യം, നമ്മുടെ വൃഷ്ടി പ്രദേശങ്ങളിൽ മണ്ണൊലിപ്പുണ്ടാകുന്നതുമൂലം ജലസംഭരണികളിൽ മണ്ണ് അടിഞ്ഞുചേരുന്നു. അത് ഒഴിവാക്കുന്നതിന് ജലസംഭരണികളുള്ള വൃഷ്ടി പ്രദേശങ്ങളിൽ മണ്ണ് സംരക്ഷിക്കുന്നതിനുള്ള പദ്ധതികളേർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ എന്നായിരുന്നു ചോദ്യം. ഞാൻ ആ ചോദ്യം ആവർത്തിക്കുകയല്ല കേരളത്തിന്റെ അഭിമാനമായ ഇടുക്കി പദ്ധതി പ്രദേശം പൂർണ്ണമായും എന്റെ നിയോജകമണ്ഡലത്തിലാണ്. വൃഷ്ടി പ്രദേശത്ത് മഴ പെയ്യുമ്പോൾ മണ്ണൊലിച്ച് ജലസംഭരണികളിൽ ഒഴുകി എത്തുന്നതിന്റെ ഫല

LIBRARY ARCHIVES Kerala Legislative Assembly

മായി കേരളത്തിന്റെ അഭിമാനമായ ഇടുക്കി പദ്ധതി നികന്നുകൊണ്ടിരിക്കുകയാണ്. അതു സഭയുടെ ശ്രദ്ധയിൽ വന്നിട്ടുണ്ട്. വളരെ അടിയന്തിര പ്രാധാന്യമുള്ള ഒരു വിഷയമെന്ന നിലയിൽ ഇ.ഇ.സി.യുടെ സാമ്പത്തിക സഹായത്തോടുകൂടിയോ അല്ലെങ്കിൽ മറ്റ് ഏതെങ്കിലും ഏജൻസിയുടെ സഹായത്തോടുകൂടിയോ സഹായം ലഭ്യമാക്കുകയോ അല്ലെങ്കിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റിബോർഡും കൃഷിവകുപ്പും സംയുക്തമായി ആലോചിച്ച് വൃഷ്ടി പ്രദേശങ്ങളിലുള്ള ജലസംഭരണികളിലെ മണ്ണൊലിപ്പ് നിവാരണത്തിനുള്ള നടപടികൾ ആരംഭിക്കാൻ തയ്യാറാകുമോ?

ശ്രീ. വി.കെ. രാജൻ : മണ്ണൊലിപ്പ് തടയുന്നതിന് സംസ്ഥാന ബഡ്ജറ്റിൽ കുറച്ച് സംഖ്യയേയുള്ളു എന്നാണ് ശ്രീ. കെ.പി. രാജേന്ദ്രന്റെ ചോദ്യത്തിനു മറുപടി പറഞ്ഞത്. അങ്ങു പറഞ്ഞ കാര്യങ്ങൾ ഞങ്ങൾ രണ്ടുപേരും കൂടി ആലോചിക്കാം. ഏതെങ്കിലും ഏജൻസിയിൽ നിന്നും ധനസഹായം ലഭ്യമാക്കാൻ കഴിയുമോ എന്ന് ആലോചിക്കാം.

***5 (144) നഗരപ്രദേശങ്ങളിലെ ദാരിദ്ര്യനിർമ്മാർജ്ജനത്തിന് ജനപങ്കാളിത്തം**

ശ്രീ. പി. വിശ്വൻ :
ശ്രീ. എൻ. ആർ. ബാലൻ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീ. എം.എ. തോമസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗര പ്രദേശങ്ങളിൽ ദരിദ്രരുടെ എണ്ണം കൂടിവരുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നഗരങ്ങളിൽ ദാരിദ്ര്യരേഖയ്ക്ക് താഴെ കഴിയുന്നവരെക്കുറിച്ച് സർക്കാർ സർവ്വെ നടത്തിയിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) ദാരിദ്ര്യരേഖയ്ക്കു താഴെ കഴിയുന്നവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനായി എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) നഗരദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികളിൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ,

(എ) ഉണ്ട്

(ബി) ഉണ്ട്

(സി) സംസ്ഥാനത്തെ 57 നഗരപ്രദേശങ്ങളിലും സാമൂഹ്യപങ്കാളിത്തത്തോടെ സർവേ നടത്തി 8.47 ലക്ഷം കുടുംബങ്ങളിലെ 2.03 ലക്ഷം ദരിദ്ര കുടുംബങ്ങളെ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്.

(ഡി) നഗരദരിദ്രരുടെ ജീവിത നിലവാരം ഉയർത്തുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരിന്റെ വിവിധ പദ്ധതികൾ ഇപ്പോൾ തന്നെയുണ്ട്. എന്നാൽ ഒരു ക്ലിപ്ത സമയപരിധിക്കുള്ളിൽ നഗരദാരിദ്ര്യം നിർമ്മാർജ്ജനം

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുന്നതിന് സമൂഹപങ്കാളിത്തത്തോടും നഗരസഭകളുടെയും വിവിധ സർക്കാർ വകുപ്പുകളുടേയും സഹകരണത്തോടും നിലവിലുള്ള പദ്ധതികളുടെ പ്രയോജനം ഏകോപിപ്പിച്ചുകൊണ്ട് കൂടുതൽ വിഭവസമാഹരണം നടത്തിയും സംയോജിത നഗരദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി നടപ്പാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(ഇ) നഗരദാരിദ്ര്യ നിർമ്മാർജ്ജന പരിപാടിയിൽ അർത്ഥപൂർണ്ണമായ സാമൂഹ്യ പങ്കാളിത്തം ഉറപ്പാക്കുന്നതിന് ആവശ്യമായ വിധം ഗുണഭോക്ത കുടുംബങ്ങളെ സംഘടിപ്പിച്ച് അയൽക്കൂട്ടത്തിലും വാർഡുതലത്തിലും പട്ടണതലത്തിലും സമൂഹസംഘങ്ങൾ നഗരസഭയുമായി ബന്ധിപ്പിച്ചു രൂപീകരിച്ചിട്ടുണ്ട്. പാവപ്പെട്ടവരുടെ ആവശ്യങ്ങൾ സ്വയം മനസ്സിലാക്കി പദ്ധതി അവർ തന്നെ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിനും അവലോകനം ചെയ്യുന്നതിനും വേണ്ട സംവിധാനം ഇതിനകം രൂപീകരിച്ചിട്ടുണ്ട്. ഇപ്രകാരം സംസ്ഥാനത്തെ 57 പട്ടണങ്ങളിലായി ആറായിരത്തി ഒരുന്നൂറ്റി അൻപത്തിയഞ്ച് അയൽക്കൂട്ടങ്ങളും 469 വാർഡുതല സംഘങ്ങളും 57 പട്ടണതല കമ്മ്യൂണിറ്റി ഡെവലപ്പുമെന്റ് സൊസൈറ്റികളും രൂപീകരിച്ചിട്ടുണ്ട്. 31000 ത്തോളം കമ്മ്യൂണിറ്റി വോളന്റിയർമാരെ തെരഞ്ഞെടുത്ത് പരിശീലനം നൽകിയിട്ടുണ്ട്.

ശ്രീ.പി.വിശ്വൻ : നഗരപ്രദേശങ്ങളിൽ വീടില്ലാതെ അലഞ്ഞു തിരിഞ്ഞു നടക്കുന്ന കുടുംബങ്ങളെ പുനരധിവസിപ്പിക്കുവാൻ എന്തെങ്കിലും സാമ്പത്തിക സമൂഹത്തിന്റെ സഹായം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സഹായം തേടുമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. പിണറായി വിജയൻ) : ഇപ്പോൾ കിട്ടിയ ഫയലിൽ കാണുന്നില്ല.

ശ്രീ.പി.വിശ്വൻ : നാട്ടിൻപുറത്തു നിന്നും പട്ടണപ്രദേശങ്ങളിലേയ്ക്കു കേരളത്തിലെ മറ്റു സംസ്ഥാനങ്ങളിലുള്ളതുപോലെ വലിയ തോതിൽ കുടിയേറ്റമുണ്ടോ?

ശ്രീ. പിണറായി വിജയൻ : ചോദ്യം വ്യക്തമായിട്ടില്ല.

ശ്രീ. പി. വിശ്വൻ : നാട്ടിൻപുറത്തു നിന്നും പട്ടണപ്രദേശങ്ങളിലേക്കുള്ള കുടിയേറ്റം സാധാരണ ഗതിയിലുള്ളതാണ്. അതു മറ്റു സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായിട്ടാണോ കേരളത്തിലുള്ളത്?

ശ്രീ. പിണറായി വിജയൻ : കേരളത്തിൽ നാട്ടിൻപുറവും പട്ടണവും തമ്മിൽ വലിയ വ്യത്യാസമുണ്ടെന്നു പറയാൻ പറ്റില്ല. എന്നാൽ ചില്ലറ വ്യത്യാസമുണ്ടാകുന്നുണ്ട്. പക്ഷേ മറ്റു സംസ്ഥാനങ്ങളിലുള്ളതുപോലെ നാട്ടിൻപുറവും പട്ടണവും തമ്മിൽ ഭീമമായ വ്യത്യാസം കേരളത്തിലുണ്ടെന്നു പറയാൻ കഴിയുന്നതല്ല.

ശ്രീ. എൻ.ആർ. ബാലൻ : ദാരിദ്ര്യരേഖയ്ക്കു താഴെ താമസിക്കുന്ന ജനവിഭാഗങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്താൻ ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ ഒന്നു വിശദീകരിക്കാമോ?

ശ്രീ. പിണറായി വിജയൻ : ഇവിടെ വളരെ വ്യക്തമായിട്ട് അക്കാര്യം പറഞ്ഞു കഴിഞ്ഞു.

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : നഗരപ്രദേശത്തുള്ള ചേരികളിൽ താമസിക്കുന്നവർക്ക് എന്തെങ്കിലും തൊഴിൽ കൊടുക്കാനുള്ള നടപടികൾ ഈ ഗവൺമെന്റ് മുൻകൈ എടുത്തു നടപ്പിലാക്കുമോ?



LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പിണറായി വിജയൻ : പല തരത്തിലുള്ള തൊഴിലധിഷ്ഠിത പദ്ധതികൾ ഇപ്പോൾ നിലവിലുണ്ട്. അതിന്റെ ഭാഗമായി എങ്ങനെ തൊഴിൽ കൊടുക്കാൻ കഴിയുമെന്ന് പ്രത്യേകമായി ആലോചിക്കേണ്ടതാണ്.

ശ്രീ. വെങ്ങാനൂർ പി. ഭാസ്ക്കരൻ : ചേരിപ്രദേശത്ത് സ്വാഭാവികമായി ക്രമസമാധാന തകർച്ചയുണ്ടാകാനിടയുണ്ട്. ഇക്കാര്യങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ക്രമസമാധാനം നിലനിർത്താൻ എന്തെല്ലാം നടപടികളാണ് ഈ പ്രദേശങ്ങളിൽ സ്വീകരിക്കാറുള്ളത്?

ശ്രീ. പിണറായി വിജയൻ : ചേരിപ്രദേശമായതുകൊണ്ടു മാത്രം ക്രമസമാധാന പ്രശ്നം ഉയർന്നുവരുമെന്നുള്ള അഭിപ്രായം ഗവൺമെന്റിനില്ല.

ശ്രീ. എം.എ. തോമസ് ദാരിദ്ര്യരേഖ എന്നു ഗവൺമെന്റ് പറഞ്ഞിരിക്കുന്നത് ഏതു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ്.

ശ്രീ. പിണറായി വിജയൻ : ദാരിദ്ര്യരേഖ കണക്കാക്കുന്നത് പ്രശ്നങ്ങളിൽ നാലെണ്ണമോ അതിൽ കൂടുതലോ ഉള്ള കുടുംബത്തെയാണ്.

ശ്രീ. എം.എ. തോമസ് : ഞാൻ ചോദിച്ച ചോദ്യത്തിന് മറുപടി പറഞ്ഞില്ല.

മി. സ്പീക്കർ : 9 കാര്യങ്ങൾ അദ്ദേഹം പറഞ്ഞു. അതിൽ നാലെണ്ണത്തിൽപ്പെട്ടാൽ ദരിദ്രരേഖയ്ക്കു താഴെയാണ്.

ശ്രീ. പിണറായി വിജയൻ : വളരെ വിശദമായി പറയാൻ ഞാൻ തയ്യാറാണ്.

ശ്രീ. സി.എഫ്.തോമസ് : ഈ പദ്ധതി നഗരത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നുവെന്നു പറഞ്ഞു. കേന്ദ്ര ഗവൺമെന്റ് സഹായം ചെയ്യുന്നതോടൊപ്പം തന്നെ സംസ്ഥാനത്തിന്റെ സഹായവിഹിതം നമ്മുടെ മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും നൽകുന്നില്ല എന്നുള്ള ആക്ഷേപം ഉയർന്നു വന്നിട്ടുണ്ടോ; അങ്ങനെയുണ്ടെങ്കിൽ അടിയന്തിരമായി ഈ തുകകൾ നൽകാനുള്ള ഏർപ്പാടു ചെയ്യുമോ?

ശ്രീ. പിണറായി വിജയൻ : അങ്ങനെയുള്ളതായിട്ടറിയില്ല. അങ്ങനെയുണ്ടെങ്കിൽ നമുക്ക് പരിഹരിക്കാവുന്നതാണ്.

ശ്രീ. ആന്റണി രാജു : നഗരങ്ങളിലെ ചേരി നിർമ്മാർജ്ജനത്തിന് എന്തെങ്കിലും പ്രത്യേക പദ്ധതി ഗവൺമെന്റ് ആവിഷ്ക്കരിക്കുന്നുണ്ടോ?

ശ്രീ. പിണറായി വിജയൻ : വിശദമായി ചർച്ച ചെയ്യേണ്ട ഒരു വിഷയമാണ്. ചേരി നിർമ്മാർജ്ജനം ക്രമാനുഗതമായി മാത്രമേ നടപ്പിലാക്കാൻ സാധിക്കുകയുള്ളു.

ശ്രീ. കെ.സി. വേണുഗോപാൽ : നഗരപ്രദേശങ്ങളിലെ ദാരിദ്ര്യ നിർമ്മാർജ്ജനത്തിനുവേണ്ടി കേന്ദ്ര ഗവൺമെന്റ് കേരളത്തിൽ ചില മുനിസിപ്പാലിറ്റികളെ തെരഞ്ഞെടുത്തിട്ടുണ്ട്. ജനസംഖ്യയുടെ കാരണം പറഞ്ഞ് ആലപ്പുഴയിലെ ദരിദ്രർ ഏറ്റവും കൂടുതലുള്ള മുനിസിപ്പാലിറ്റികളെ ആ പരിധിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. അങ്ങനെ ഒഴിവാക്കപ്പെട്ട മുനിസിപ്പാലിറ്റികളെക്കൂടി കേന്ദ്ര ഗവൺമെന്റിന്റെ സഹായപദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ : ഈ പദ്ധതിക്കുള്ളിൽപ്പെടുന്ന മുനിസിപ്പാലിറ്റികളെ ഉൾപ്പെടുത്തുന്നതിന് യാതൊരു വൈമനസ്യവും ഗവൺമെന്റിനില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ.എം.വി.ജയരാജൻ : ചേരി നിർമ്മാർജ്ജനത്തിന് പ്രത്യേക പദ്ധതി നടപ്പാക്കുന്നതു സംബന്ധിച്ച് വിശദമായി ഒരു അന്വേഷണം നടത്തിയിട്ടു മാത്രമേ പറയാൻ കഴിയൂവെന്നു പറഞ്ഞു. ഇപ്പോൾ ഏതെങ്കിലും പട്ടണങ്ങളിൽ ആ വിധത്തിൽ പദ്ധതികൾ നിലവിലുണ്ടോ?

ശ്രീ. പിണറായി വിജയൻ : ചില പട്ടണങ്ങളിൽ അത്തരം പദ്ധതികൾ ഏർപ്പെടുത്തിയിട്ടുണ്ട്. പക്ഷേ ഏതൊക്കെയാണ് എന്നുള്ളതിനെപ്പറ്റിയുള്ള വിശദാംശങ്ങൾ എന്റെ കൈയിൽ ഇല്ല.

ശ്രീ. എ.കണാരൻ : നമ്മുടെ നഗരങ്ങളിൽ നിരവധി പേർ അലഞ്ഞുതിരിഞ്ഞു നടക്കുന്നുണ്ട്. ദാരിദ്ര്യത്തിന്റെ ഫലമായി നാട്ടിൻപുറങ്ങളിൽ നിന്ന് പട്ടണങ്ങളിൽ വന്നു യാചിക്കുകയും അലഞ്ഞുതിരിഞ്ഞു നടക്കുകയും ചെയ്യുന്നവരുണ്ട്. അവരുടെ ദാരിദ്ര്യം ഇല്ലായ്മ ചെയ്യാൻ വേണ്ടി എന്തെങ്കിലുമൊരു പദ്ധതി ആവിഷ്ക്കരിക്കുമോ?

ശ്രീ. പിണറായി വിജയൻ : ആരും അലഞ്ഞുതിരിഞ്ഞു നടക്കാനിടയില്ലാത്ത ഒരു സ്ഥിതിയാണ് നമുക്ക് ഉണ്ടാകേണ്ടത്.

ശ്രീ. സി.ടി. അഹമ്മദ് അലി : ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയിൽ സംസ്ഥാനത്തെ പല നഗരസഭകളേയും ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇക്കൊല്ലം പുതിയതായി ഏതെങ്കിലും നഗരസഭകളെ ഉൾപ്പെടുത്താൻ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാമാണെന്നു വ്യക്തമാക്കാമോ?

ശ്രീ. പിണറായി വിജയൻ : അത്രത്തോളം വിവരം എന്റെ കൈയിൽ ഇപ്പോഴില്ല.

## അടിയന്തിര ചോദ്യം

***6 (1) ഒളിംപിക്സിൽ പങ്കെടുക്കുന്ന മലയാളി കായികതാരങ്ങൾക്ക് സഹായം**

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) അറ്റ്ലാന്റയിൽ നടക്കുന്ന ശതാബ്ദി ഒളിംപിക്സിൽ പങ്കെടുക്കുന്ന മലയാളികളായ കായികതാരങ്ങൾക്ക് സർക്കാർ എന്തെങ്കിലും സഹായം നൽകിയിട്ടുണ്ടോ;

(ബി) ഒളിംപിക്സിൽ മെഡൽ നേടുന്ന മലയാളി കായിക താരങ്ങൾക്ക് സർക്കാർ പാരിതോഷികമായി ക്യാഷ് അവാർഡ് പ്രഖ്യാപിക്കുമോ:

(സി) എങ്കിൽ സ്വർണ്ണം, വെള്ളി, വെങ്കലം എന്നീ മെഡലുകൾ നേടുന്ന ഓരോരുത്തർക്കും എന്തു തുക വീതം നൽകുമെന്ന് വ്യക്തമാക്കാമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ.എ.സി. ഷൺമുഖദാസ്) :

(എ) ഇല്ല. ഒളിംപിക്സ് ടീമുകളെ തെരഞ്ഞെടുക്കുകയും പരിശീലനം നൽകുകയും ചെയ്യുന്നത് സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യയും ഇന്ത്യൻ ഒളിംപിക്സ് അസോസിയേഷനുമാണ്. ഇക്കാര്യത്തിൽ കേരള സർക്കാരിനോ കേരള സ്പോർട്സ് കൗൺസിലിനോ യാതൊരു നിയന്ത്ര

LIBRARY ARCHIVES Kerala Legislative Assembly

ണവും ഇല്ല. അറ്റ്ലാന്റാ ഒളിംപിക്സിൽ പങ്കെടുക്കുന്ന മലയാളികളായ കായികതാരങ്ങൾക്ക് പ്രത്യേകമായി സർക്കാർ സാമ്പത്തിക സഹായമൊന്നും നൽകിയിട്ടില്ല എങ്കിൽ ആ കായികതാരങ്ങളെ ദേശീയ അന്തർദേശീയ മത്സരങ്ങളിൽ പങ്കെടുത്ത് വിജയികളാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് ബഹുമുഖമായ പദ്ധതികളോടെ സ്പോർട്സ് കൗൺസിൽ പരിശീലനവും സഹായങ്ങളും നൽകിവരുന്നത്. ഇപ്പോൾതന്നെ ദേശീയ ഗെയിംസിൽ പങ്കെടുത്ത് സമ്മാനാർഹരാകുന്നവർക്ക് ക്യാഷ് അവാർഡുകളും പ്രോത്സാഹനങ്ങളും നൽകുന്നുണ്ട്.

(ബി), (സി) ഒളിംപിക്സ് മത്സരത്തിൽ മെഡൽ നേടുന്ന മലയാളികളായ കായികതാരങ്ങൾക്ക് ആകർഷകമായ ക്യാഷ് അവാർഡ് നൽകുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുന്നതാണ്.

ശ്രീ. കെ.പി. രാജേന്ദ്രൻ : സർ, ഒളിംപിക്സ് വാർത്ത കേൾക്കാൻ ആവേശത്തോടും സന്തോഷത്തോടും കൂടി കാത്തിരിക്കുകയാണ് നമ്മെളെല്ലാവരും. ഈ സന്ദർഭത്തിൽ അറ്റ്ലാന്റ ശതാബ്ദി ഒളിംപിക്സിൽ പങ്കെടുക്കുന്ന ഭാരതത്തിന്റെ ടീമിൽ മലയാളികളായ എത്ര കായികതാരങ്ങളുണ്ട്; അവർ ആരെല്ലാമാണ്? കഴിഞ്ഞ ഒളിംപിക്സിൽ പങ്കെടുത്തിരുന്ന മലയാളി കായികതാരങ്ങൾക്ക് അന്നത്തെ ഗവൺമെന്റ് എന്തെങ്കിലും സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ?

ശ്രീ.എ.സി. ഷൺമുഖദാസ് : സർ, 100 പേരാണ് പോകുന്നത്. അതിൽ 6 പേർ മലയാളികളാണ്. പി.ടി. ഉഷ, ഷൈനി വിൽസൺ, മിനിമോൾ, റോസക്കുട്ടി, സേവ്യർ സെബാസ്റ്റ്യൻ, അംബികാ രാധിക എന്നിവരാണ്. പത്താമത് ഏഷ്യൻ ഗെയിംസ് സോളിൽ നടന്നപ്പോൾ മെഡൽ വിന്നേഴ്സിനും കോച്ചുകൾക്കും പ്രത്യേക മെഡൽ കൊടുത്തിരുന്നു. Asian Track and Field meet at Kualalumpur in 1991. 11-ാമത് ബീജിംങിൽ നടന്ന 4-ാമത് നാഷണൽ ഗെയിംസിൽ ഏറ്റവും കൂടുതൽ സംഖ്യ കൊടുത്തത് പി.ടി. ഉഷയ്ക്കാണ്. മൂന്നു ലക്ഷം രൂപ, അതിൽ രണ്ടര ലക്ഷം രൂപ ചെലവു വരുന്ന ഒരു സ്റ്റാന്റേർഡ് കാർ നൽകി. മറ്റുള്ളവർക്ക് അതിൽ താഴെയാണ് നൽകിയത്.

ശ്രീ.കെ.പി. രാജേന്ദ്രൻ : സർ, കേരളത്തിന്റെ ഏറ്റവും വലിയ അഭിമാനമായിരുന്ന നമ്മുടെ കായികതാരങ്ങൾ, ദേശീയ അന്തർദേശീയ മത്സരങ്ങളിൽ കഴിഞ്ഞ കാലങ്ങളിൽ ഉയർന്ന സ്ഥാനങ്ങൾ നേടിയിരുന്നു. ഇന്ന് നമ്മുടെ സ്ഥാനം താഴോട്ടാണ്. വളരെ വളരെ താഴോട്ടു പോയിക്കൊണ്ടിരിക്കുകയാണ്. ആ സാഹചര്യത്തിൽ നമ്മുടെ കായികതാരങ്ങളെ കൂടുതൽ പ്രോത്സാഹിപ്പിക്കുവാനും മെച്ചപ്പെട്ട വിജയങ്ങൾ അവർക്ക് നേടാനും കഴിയുന്ന വിധത്തിൽ കേരള ഗവൺമെന്റ് ഒരു സ്പോർട്സ് നയം അടിയന്തിരമായി പ്രഖ്യാപിക്കുമോ, നടപ്പിലാക്കുമോ?

ശ്രീ. എ.സി. ഷൺമുഖദാസ് : സത്യത്തിൽ ഇൻഡ്യാ ഗവൺമെന്റിന് കേരളത്തിൽ ഇതിനാവശ്യമായ ഡിപ്പാർട്ടുമെന്റു തുടങ്ങുന്നതുതന്നെ ഡൽഹിയിൽ നടന്ന ഏഷ്യൻ ഗെയിംസിനു ശേഷമാണ്. ഡയറക്ടർ ഓഫ് സ്പോർട്സ് ആന്റ് യൂത്ത് അഫയേഴ്സ് ഡൽഹിയിൽ വന്നു, ഇവിടെ വന്നു. അതിനുമുൻപ് സ്പോർട്സ് കൗൺസിലും മറ്റ് കാര്യങ്ങളും മാത്രമേയുണ്ടായിരുന്നുള്ളു. നയം പ്രഖ്യാപിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കാം. ആ കൂട്ടത്തിൽ 1995-96 സാമ്പത്തിക വർഷത്തെ സ്പോർട്സ് കൗൺസിൽ പ്ലാനിൽ 255 ലക്ഷം രൂപ നീക്കിവച്ചപ്പോൾ ഈ വർഷത്തെ ബഡ്ജറ്റിൽ 400

LIBRARY ARCHIVES Kerala Legislative Assembly

ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. ഈ നയം നടപ്പാക്കുന്നതിനു സാമ്പത്തിക സ്ഥിതിവച്ചുകൊണ്ടുമാത്രമേ കഴിയൂ. സ്പോർട്സ് ബിൽ ഗവൺമെന്റിന്റെ പരിശോധനയിലാണ്.

ശ്രീ.എ.വി.താമരാക്ഷൻ : ഒളിംബിക്സിൽ 90 കോടി ജനങ്ങളുള്ള നമ്മുടെ രാജ്യത്തിന്റെ പെർഫോർമൻസ് വളരെ വളരെ പുറകിലാണെന്നുള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ജനസംഖ്യ കുറഞ്ഞ രാജ്യങ്ങൾ വരെ സ്വർണ്ണങ്ങൾ വാരിക്കൂട്ടുമ്പോൾ 90 കോടി ജനങ്ങളുള്ള നമ്മുടെ രാജ്യത്തിന് ഒരു സ്വർണ്ണ മെഡൽപോലും വാങ്ങിയെടുക്കാൻ കഴിയുന്നില്ല. നമ്മുടെ രാജ്യത്തിന്റെ അഭിമാനത്തെപ്പോലും ചോദ്യം ചെയ്യുന്ന ഈ സ്ഥിതി കണക്കിലെടുത്തുകൊണ്ട്, അത്‌ലറ്റിക്സിലാണ് കേരളം മുൻപിൽ നിൽക്കുന്നത്. അത്‌ലറ്റിക്സിനും നീന്തലിനും പ്രാധാന്യം കൊടുത്തുകൊണ്ട് ഇതിനാവശ്യമായ സാമ്പത്തിക സഹായം കേന്ദ്രത്തിൽ നിന്ന് വാങ്ങിച്ചുകൊണ്ട് കുറെ കുട്ടികളെ ഈ സംസ്ഥാനത്തിലേക്ക് ദത്തെടുത്ത് ഈ അപമാനത്തിൽനിന്ന് ഇന്ത്യയെ രക്ഷിക്കാൻ സംസ്ഥാന ഗവൺമെന്റ് മുൻകൈയെടുക്കുമോ?

ശ്രീ. എ.സി. ഷൺമുഖദാസ് : ഈ കാര്യത്തിൽ പ്രത്യേക പരിഗണന കേന്ദ്ര ഗവൺമെന്റ് നൽകണമെന്ന് നമ്മൾ പലപ്പോഴും ആവശ്യപ്പെട്ടിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഉയർന്ന ഭൂപ്രദേശത്ത് ഒരു സിന്തറ്റിക് ട്രാക്ക് അടക്കമുള്ള ഒരു സംവിധാനത്തിനു വേണ്ടിയുള്ള അനുവാദം കിട്ടിയിട്ടുണ്ട്. അതിന്റെ പ്രവർത്തനങ്ങൾക്കുവേണ്ടി ഇടുക്കി ജില്ലയിൽ സ്ഥലം നിശ്ചയിച്ചിട്ടുണ്ട്. മറ്റു ചില പ്രദേശങ്ങളിൽ കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ കോച്ചുകളെ കിട്ടുന്നുണ്ട്. നമ്മുടെ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച ആറ് അംഗങ്ങൾ പങ്കെടുക്കുന്നതിൽ നാലു പേർ 400 മീറ്റർ ട്രാക്കിലാണ്. മറ്റൊരാൾ നീന്തലിലാണ് പങ്കെടുക്കുന്നത്. അതുകൊണ്ട് ഈ കാര്യങ്ങൾക്ക് പ്രത്യേക പരിഗണന സംസ്ഥാന ഗവൺമെന്റ് കൊടുക്കുന്നതാണ്.

## (ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### *7 (145) 'കില'യുടെ പ്രവർത്തനമേഖല

ശ്രീ. സി.ടി. അഹമ്മദ് അലി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 'കില'യുടെ പ്രവർത്തനമേഖല എന്തെല്ലാമാണെന്നു വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ വികസനത്തിന് എന്തെല്ലാം നടപടികളാണ് ഗവൺമെന്റ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്;

(സി) എന്നത്തേയ്ക്ക് നടപ്പിലാക്കുവാൻ കഴിയും എന്നു വ്യക്തമാക്കുമോ?

തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി (ശ്രീ. പാലൊളി മുഹമ്മദ്കുട്ടി) :

(എ) സംസ്ഥാനത്തെ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കും ടി സ്ഥാപനങ്ങളിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്കും പരിശീലനം നൽകുക.



LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശ സ്വയംഭരണ രംഗത്ത് ഗവേഷണം നടത്തുക. ശില്പശാലകളും സെമിനാറുകളും കോൺഫറൻസുകളും നടത്തുക ഇവയാണ് 'കില'യുടെ പ്രവർത്തനമേഖലയിൽപ്പെടുന്നത്.

(ബി) 'കില'യുടെ വികസനത്തിന്റെ ഭാഗമായി പല കാര്യങ്ങളും നടന്നുവരുന്നു. കിലയിലെ ഭൗതിക സൗകര്യങ്ങളുടെ വികസനത്തിന്റെ ഭാഗമായി 31 മുറികളുള്ള ഒരു പുതിയ ഗസ്റ്റ്ഹൗസിന്റെ നിർമ്മാണവും മറ്റൊരു ആഡിറ്റോറിയത്തിന്റെ നിർമ്മാണവും പൂർത്തീകരിക്കാറായിട്ടുണ്ട്. അക്കാദമിക് സ്റ്റാഫിന്റെ നിയമനനടപടികൾ നടന്നുവരുന്നു. ഗവേഷണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കാനായി രണ്ടു പ്രൊഫസർ തസ്തികകളിൽ നിയമനം നടത്താനും ഭരണകാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഒരു രജിസ്ട്രാറെ നിയമിക്കാനുമുള്ള നടപടികളും നടന്നുവരുന്നു. ഗവൺമെന്റിന്റെ പുതിയ ജനകീയ ആസൂത്രണ പരിപാടിയുമായി ബന്ധപ്പെടുത്തി കിലയുടെ പരിശീലനവും പുനഃക്രമീകരിക്കാൻ ആലോചനയുണ്ട്.

(സി) ആറുമാസത്തിനുള്ളിൽ നടപ്പിലാക്കാൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു.

***8 (146) സാമൂഹ്യ സാമ്പത്തിക സെൻസസ് നടത്താനുള്ള പദ്ധതി**

ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സമഗ്രമായ ഒരു സാമൂഹ്യ സാമ്പത്തിക സെൻസസ് നടത്താനുള്ള എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) കേരളത്തിൽ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങളുടെ ആളോഹരി വരുമാനം തിട്ടപ്പെടുത്താൻ ഇപ്പോൾ എന്തു സംവിധാനമാണുള്ളത്.

(സി) ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങളെ സാമ്പത്തികമായി ഉയർത്തികൊണ്ടുവരാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചു നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ധനകാര്യ വകുപ്പു മന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) സംസ്ഥാനത്ത് ബൃഹത്തായൊരു സാമൂഹ്യ സാമ്പത്തിക സെൻസസ് നടത്തുവാൻ സർക്കാർ അനുമതി നൽകുകയും 1995 ഏപ്രിൽ 17-ാം തീയതി അത് ആരംഭിക്കുകയും ചെയ്തിരുന്നു. എന്നാൽ സ്ഥിതിവിവരകണക്കുകൾ ശേഖരിക്കുന്നതിനായി തയ്യാറാക്കിയ ചോദ്യാവലിയിലെ 8-ാം ഖണ്ഡികയിലെ ചോദ്യങ്ങൾക്കെതിരെ സാമുദായിക സംഘടനകളിൽ നിന്നും പൊതുപ്രവർത്തകരിൽ നിന്നും ഉണ്ടായ ആക്ഷേപങ്ങളെ തുടർന്ന് സെൻസസ് നിർത്തിവച്ചു.

(ബി) സംസ്ഥാനത്തെ മൊത്തം ആളോഹരി പ്രതിശീർഷ വരുമാനമാണ് ഇപ്പോൾ തയ്യാറാക്കുന്നത്. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടെ മാത്രം ആളോഹരി വരുമാനം കണക്കാക്കുന്നില്ല.

(സി) ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ഗ്രാമീണ കുടുംബങ്ങളെ സാമ്പത്തികമായി ഉയർത്തിക്കൊണ്ടുവരാൻ സംയോജിത ഗ്രാമവികസന പരിപാടി, ട്രൈസം, കൈത്തൊഴിലുപകരണദാന പരിപാടി, ഗ്രാമീണ വനിത ശിശുവികസന പരിപാടി, ജവഹർ തൊഴിൽദാന പരിപാടി, ഇന്ദിര ഭവന

LIBRARY ARCHIVES Kerala Legislative Assembly

നിർമ്മാണ പദ്ധതി, ദശലക്ഷം കിണർ പദ്ധതി, തൊഴിൽ ഉറപ്പ് പദ്ധതി, എന്നീ സ്വയം തൊഴിൽ, തൊഴിൽദാന പദ്ധതികൾ സർക്കാർ നടപ്പിലാക്കിവരുന്നുണ്ട്. പഞ്ചായത്ത്രാജ് നഗരപാലിക സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ പ്രാദേശിക വിഭവങ്ങൾ പരമാവധി ഉപയോഗപ്പെടുത്തി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും, അതുവഴി ജനങ്ങളുടെ വരുമാനം ഉയർത്തുകയും ചെയ്യുവാൻ കഴിയും. പട്ടണപ്രദേശങ്ങളിൽ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ജനങ്ങളെ സാമ്പത്തികമായി ഉയർത്തിക്കൊണ്ടു വരുന്നതിന് നെഹ്റു തൊഴിൽദാന പദ്ധതി, പാവപ്പെട്ടവർക്കുള്ള അർബൻ ബാങ്കിംഗ് പദ്ധതി, പ്രധാനമന്ത്രിയുടെ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി എന്നിവയും നടപ്പിലാക്കി വരുന്നുണ്ട്.

***9 (147) കോൾ നിലങ്ങളുടെ വികസനം**

ശ്രീ. ജോസ് ബേബി :
ശ്രീ. സത്യൻ മൊകേരി :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) :
ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോൾ നിലങ്ങളുടെ വികസനത്തിനായുള്ള പദ്ധതികൾ എപ്പോൾ പൂർത്തിയാകും;

(ബി) പുതിയ പദ്ധതികൾക്കു വേണ്ടിയുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ?

കൃഷി വകുപ്പു മന്ത്രി (ശ്രീ. വി.കെ. രാജൻ) :

(എ) 1997 മാർച്ച് 31-ന് മുൻപ് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ബി) പൊന്നാനി കോൾ നിലങ്ങളുടെ വികസനത്തിനായി പ്രത്യേക പദ്ധതി ആവിഷ്ക്കരിക്കണമെന്ന ആവശ്യം സർക്കാരിന്റെ പരിഗണനയിലാണ്.

## (iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളും ഉത്തരങ്ങളും

### ധനകാര്യകമ്മീഷന്റെ ശുപാർശകൾ

**1 (2350) ധനകാര്യകമ്മീഷന്റെ ശുപാർശകൾ**

ശ്രീ. തമ്പാനൂർ രവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശുപാർശകൾ സംബന്ധിച്ച് ഏതെങ്കിലും തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഈ ശുപാർശകൾ നടപ്പിലാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) & (ബി) ധനകാര്യ കമ്മീഷന്റെ ശുപാർശകൾ സർക്കാരിന്റെ പരിഗണയിലാണ്. ശുപാർശകളിൻമേൽ തീരുമാനം കൈക്കൊള്ളുന്നതനുസരിച്ച് അവ നടപ്പിലാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

2 (2351) വാർഷിക പദ്ധതി സംബന്ധിച്ച ചർച്ച

ശ്രീ. കെ.സി. ജോസഫ് :
ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. കെ. സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വാർഷിക പദ്ധതി സംബന്ധിച്ച് കേന്ദ്ര ആസൂത്രണ കമ്മീഷനുമായി ചർച്ച ചെയ്തിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ കാരണമെന്തെന്നു വ്യക്തമാക്കുമോ;

(സി) ഈ വർഷത്തെ പദ്ധതിയിൽ ഏതൊക്കെ വിഭാഗത്തിനാണ് മുൻഗണന നൽകാനുദ്ദേശിക്കുന്നത്;

(ഡി) സംസ്ഥാനത്ത് ആസൂത്രണ ബോർഡിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേന്ദ്ര ആസൂത്രണ കമ്മീഷനുമായി ചർച്ചകൾ നടത്തിയിട്ടില്ല.

(ബി) കേന്ദ്രത്തിൽ പുതിയ ആസൂത്രണ കമ്മീഷൻ നിലവിൽ വന്നിട്ടില്ല.

(സി) ഭൗതികമായ അടിസ്ഥാന സൗകര്യങ്ങളുടെ വികസനവും തൊഴിലവസരങ്ങൾ സൃഷ്ടിക്കേണ്ടതിന്റെ ആവശ്യകതയും മുന്നിൽ കണ്ടുകൊണ്ട് വിദ്യുച്ഛക്തി, വ്യവസായം, കൃഷി, ജലസേചനം എന്നിവയ്ക്കു പുറമേ റോഡുകൾ വിനോദസഞ്ചാരം, വിദേശസഹായമുള്ള പദ്ധതികൾ എന്നിവക്കും മുൻഗണന നൽകിയാണ് ഈ വർഷത്തെ പദ്ധതിക്ക് രൂപം നൽകിയിരിക്കുന്നത്. ഈ പദ്ധതിയും, അതിനുള്ള അടങ്കലും നിശ്ചയിച്ചിട്ടുള്ളത് താൽക്കാലികമായിട്ടാണ്. കേന്ദ്ര ആസൂത്രണ കമ്മീഷനുമായി ചർച്ച ചെയ്ത്, ഇതിന് അന്തിമ രൂപം നൽകേണ്ടിയിരിക്കുന്നു.

(ഡി) സംസ്ഥാന ആസൂത്രണ ബോർഡ് 5.6.96ലെ സർക്കാർ ഉത്തരവ് നം: 9/96/പ്ലാനിംഗ് പ്രകാരം പുന:സംഘടിപ്പിക്കുകയുണ്ടായി. മുഖ്യമന്ത്രി ചെയർമാനായുള്ള പുനസംഘടിപ്പിക്കപ്പെട്ടിട്ടുള്ള ബോർഡിൽ വൈസ് ചെയർമാനെ കൂടാതെ ധനകാര്യം, വ്യവസായം, വിദ്യാഭ്യാസം, ഭക്ഷ്യം എന്നീ വകുപ്പുമന്ത്രിമാരും അഞ്ച് അനൗദ്യോഗിക അംഗങ്ങളുമുണ്ട്. ബോർഡിന്റെ പ്രഥമയോഗം 14.7.96ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ ജനപങ്കാളിത്തത്തോടുകൂടി തദ്ദേശപരമായ പദ്ധതി രൂപീകരണത്തിന് ഒരു ജനകീയ പ്രസ്ഥാനം രൂപം നൽകുന്നതിനും സംസ്ഥാനതലത്തിൽ ഒൻപതാം പദ്ധതി രൂപീകരണത്തിനായി സ്റ്റിയറിംഗ് കമ്മിറ്റികൾ, ടാസ്ക്ഫോഴ്സ് എന്നിവ രൂപീകരിക്കുന്നതിനും

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെതന്നെ തുടർന്നു പോരുന്ന തെരഞ്ഞെടുത്ത കുറെ പരിപാടികളുടെ അവലോകനം നടത്തുന്നതിനും തീരുമാനിക്കുകയുണ്ടായി.

**3 (2352) എട്ടാം പഞ്ചവൽസര പദ്ധതിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ വരുമാനത്തിൽ പ്രതീക്ഷിക്കുന്ന വർദ്ധന**

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. ഉമ്മൻചാണ്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) എട്ടാം പഞ്ചവത്സര പദ്ധതിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ വരുമാനത്തിൽ എത്ര ശതമാനം വർദ്ധനവാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്;

(ബി) ദേശീയ സമ്പദ്ഘടനയെക്കാൾ എത്രകണ്ട് മെച്ചപ്പെട്ടതാണ് സംസ്ഥാനത്തിന്റെ സമ്പദ്ഘടന എന്ന് വ്യക്തമാക്കുമോ;

(സി) മുൻ ഗവൺമെന്റിന്റെ കാലത്ത് പദ്ധതിയേതര ചെലവുകൾ കുറയ്ക്കണമെന്ന നിർദ്ദേശം പ്ലാനിംഗ് ബോർഡ് ഗവൺമെന്റിന്റെ മുമ്പാകെ വച്ചിരുന്നോ;

(ഡി) അതിന്റെ അടിസ്ഥാനത്തിൽ മുൻ ഗവൺമെന്റ് ഏതെങ്കിലും നടപടികൾ സ്വീകരിച്ചിരുന്നോ എന്ന് വ്യക്തമാക്കുമോ;

(ഇ) എട്ടാം പഞ്ചവത്സര പദ്ധതിയുടെ അടങ്കൽതുക എത്രയായിരുന്നു; ഇതിൽ സംസ്ഥാനവിഹിതം, കേന്ദ്ര ഗ്രാന്റ് കേന്ദ്രഗവൺമെന്റിൽ നിന്നുള്ള കടം ഇവ എത്ര വീതം എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) എട്ടാം പഞ്ചവത്സര പദ്ധതിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ വരുമാനത്തിൽ 5.6 ശതമാനം പ്രതിവർഷ വർദ്ധനയാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്.

(ബി) മുൻവർഷങ്ങളിലെ കണക്കുകളിൽ നിന്ന് ദേശീയ വരുമാനവും സംസ്ഥാനവരുമാനവും വർദ്ധനവിന്റെ കാര്യത്തിൽ ഒരു സമ്മിശ്ര പ്രവണതയാണ് കാണിക്കുന്നത്. എന്നാൽ സംസ്ഥാനത്തിന്റെ പ്രതിശീർഷവരുമാനം, ദേശീയ ശരാശരിയേക്കാൾ താഴെ ആയിരുന്നു എന്നാണ് കഴിഞ്ഞകാല കണക്കുകൾ വ്യക്തമാക്കുന്നത്.

(സി) ആസൂത്രണബോർഡ് സംസ്ഥാനത്തെ ചെലവ് ചുരുക്കൽ സംബന്ധിച്ച് പല നിർദ്ദേശങ്ങളും സംസ്ഥാന ഗവൺമെന്റിന് നൽകിയിട്ടുണ്ട്.

(ഡി) ഒട്ടുമിക്കവയിലും മുൻസർക്കാരിന്റെ കാലത്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റിസോഴ്സസ് കമ്മിറ്റിയുടെ ശുപാർശ അനുസരിച്ച് ചെലവു ചുരുക്കൽ നടപടി എടുത്തുവരുന്നു.

(ഇ) എട്ടാം പഞ്ചവത്സരപദ്ധതിയുടെ അടങ്കൽ 5460 കോടി രൂപയുടേതായിരുന്നു. ഇതിൽ കേന്ദ്ര വിഹിതം 2691.81 കോടിരൂപയും സംസ്ഥാനവിഹിതം 2768.14 കോടി രൂപയും ആണ്. കേന്ദ്രവിഹിതത്തിൽ 1519 കോടി രൂപ കടമായും 1172.86 കോടി രൂപ ഗ്രാന്റായിട്ടുമാണ് കണക്കാക്കിയിരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

4 (2353) സംസ്ഥാനത്തെ പൊതുമേഖലാ ബാങ്കുകളുടെ പ്രവർത്തനം

ശ്രീമതി. ആർ. ലതാദേവി :
ശ്രീ. പി. രാജു :
പ്രൊഫസർ മീനാക്ഷിതമ്പാൻ :
ശ്രീ. എം.കെ. കേശവൻ :
ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമേഖലാ ബാങ്കുകളുടെ എത്ര ശാഖകളുണ്ട്;

(ബി) സംസ്ഥാനത്ത് കഴിഞ്ഞ അഞ്ചുവർഷക്കാലത്തെ പൊതുമേഖലാ ബാങ്കുകളിലെ നിക്ഷേപം എത്രയാണ്;

(സി) ഇതിൽ വർഷംതോറുമുള്ള നിക്ഷേപങ്ങളുടെ വിവരവും വായ്പയിനത്തിൽ സംസ്ഥാനത്ത് വിതരണം ചെയ്ത തുകയും എത്രവീതമാണെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് പൊതുമേഖലാ ബാങ്കുകളിലെ ശാഖകളിൽ നിന്നും സ്വയം തൊഴിൽ പദ്ധതി (പി.എം.ആർ.വൈ) പ്രകാരം എത്രപേർക്ക് വായ്പ കൊടുത്തു;

(ഇ) ആകെ കൊടുത്ത തുക എത്ര എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 1772 എണ്ണം (31.3.96ലെ കണക്കനുസരിച്ച്)

(ബി) സംസ്ഥാനത്ത് കഴിഞ്ഞ അഞ്ചുവർഷക്കാലത്തെ, പൊതുമേഖലാ ബാങ്കുകളിലെ നിക്ഷേപം താഴെ കൊടുത്തിരിക്കുന്നു.

| വർഷം | മാർച്ച് അവസാനം വരെ | തുക കോടിയിൽ |
|---|---|---|
| 1992 | – | 7274.95 |
| 1993 | – | 9028.37 |
| 1994 | – | 11065.38 |
| 1995 | – | 12670.82 |
| 1996 | – | 14197.57 |

(സി) വർഷം തിരിച്ചുള്ള നിക്ഷേപങ്ങളുടെ കണക്ക് ലഭ്യമല്ല. എന്നാൽ വാർഷിക കർമ്മപരിപാടി (Annual Action Plan) പ്രകാരം പൊതുമേഖലാ ബാങ്കുകൾ വിതരണം ചെയ്ത വായ്പയുടെ കണക്ക് താഴെ കൊടുത്തിരിക്കുന്നു.

| സാമ്പത്തിക വർഷം | തുക (കോടിയിൽ) |
|---|---|
| 1991-92 | 381.57 |
| 1992-93 | 365.06 |
| (1993-94) 1993-95 | 494.07(494.07) |
| 1994-95 | 854.59 |
| 1995-96 (1995 ഡിസംബർ വരെ) | 612.46 |

(ഡി) & (ഇ) പി.എം.ആർ.വൈ പദ്ധതിപ്രകാരം വായ്പ ലഭ്യമായവരുടെ എണ്ണവും തുകയും താഴെ കൊടുത്തിരിക്കുന്നു.

| വർഷം | വായ്പ ലഭിച്ചവരുടെ എണ്ണം | തുക (കോടിയിൽ) |
|---|---|---|
| 1993-94 | 1579 | 8.22 |
| 1994-95 | 11600 | 56.96 |
| 1995-96 | 13969 | 72.41 |

### 5 (2354) സംസ്ഥാനത്തിന്റെ പൊതുകടം

ശ്രീ. ഉമ്മൻചാണ്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 31.3.95-ലും 31.3.96-ലും സംസ്ഥാനത്തിന്റെ പൊതുകടം എത്ര എന്ന് വ്യക്തമാക്കാമോ;

(ബി) ഈ കടം ഏതെല്ലാം വിധത്തിലുള്ളതാണെന്ന് വ്യക്തമാക്കാമോ;

(സി) ഈ കടം എത്ര വർഷംകൊണ്ടാണ് തിരിച്ചടയ്ക്കേണ്ടത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 31.3.95ലെ പൊതുകടം 8820.86 കോടി രൂപയും 31.3.96ലെ പൊതുകടം താല്ക്കാലികകണക്കനുസരിച്ച് 12689 കോടി രൂപയുമാണ്.

(ബി) ഇതിൽ മാർക്കറ്റ് ലോണുകൾ, കേന്ദ്ര സർക്കാരിൽ നിന്നുള്ള വായ്പകൾ, മറ്റു ധനകാര്യസ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകൾ, കൂടാതെ പൊതു കണക്കിന്മേലുള്ള ബാദ്ധ്യതകൾ എന്നിവ ഉൾപ്പെടുന്നു.

(സി) ഓരോ വായ്പയെ സംബന്ധിച്ചും അതിന്റെ നിബന്ധനകൾ വ്യത്യസ്തമാണ്.

### 6 (2355) ട്രേഡ് യൂണിയൻ നേതാക്കളുമായി ധനമന്ത്രിയുടെ ബഡ്ജറ്റ് ചർച്ച

ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. വി.ജെ. പൗലോസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഡ്ജറ്റ് അവതരിപ്പിക്കുന്നതിനു മുൻപ് ധനകാര്യമന്ത്രി ട്രേഡ് യൂണിയൻ നേതാക്കൻമാരുമായി ചർച്ച നടത്തുന്ന പതിവുണ്ടോ;

(ബി) ഈ വർഷം ഏതെങ്കിലും ട്രേഡ് യൂണിയൻ നേതാക്കളുമായി ധനകാര്യ മന്ത്രി ബഡ്ജറ്റ് സംബന്ധിച്ച ചർച്ച നടത്തിയിരുന്നോ;

(സി) എങ്കിൽ ആരോടെല്ലാം ചർച്ച നടത്തി എന്നു വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല

(ബി) ഇല്ല

(സി) ഉദിക്കുന്നില്ല.

7 (2357) ധനകാര്യ വകുപ്പിൽ നിന്നും അധികാരകൈമാറ്റം

ശ്രീ. മാമൻ മത്തായി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തു നഗരപാലിക ബിൽ നിലവിൽ വന്നശേഷം ധന കാര്യ വകുപ്പിൽ നിന്നും എന്തെല്ലാം അധികാരങ്ങളാണ് ത്രിതല പഞ്ചായത്തു കൾക്കും മുനിസിപ്പാലിറ്റി/കോർപ്പറേഷനും നൽകിയിട്ടുള്ളത്;

(ബി) കൂടുതൽ അധികാരങ്ങൾ ഈ വകുപ്പിൽ നിന്നും കൈമാറുന്ന തിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) പഞ്ചായത്തു നഗരപാലികാസ്ഥാപനങ്ങൾക്കു കൈമാറേണ്ടുന്ന അധികാരങ്ങളൊന്നും ധനകാര്യ വകുപ്പിൽ നിക്ഷിപ്തമല്ലാത്തതിനാൽ ധന കാര്യ വകുപ്പിൽ നിന്നും ഒരധികാരവും ത്രിതല പഞ്ചായത്തുകൾക്കും മുനി സിപ്പാലിറ്റി/കോർപ്പറേഷനും നൽകിയിട്ടില്ല.

(ബി) (എ)യുടെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ഉദിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

8 (2358) ധനകാര്യവകുപ്പിലെ നോഡൽ സെന്റർ

ശ്രീ. തമ്പാനൂർ രവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യവകുപ്പിൽ ഒരു നോഡൽ സെന്റർ നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് എന്നു മുതലാണ് നിലവിൽ വന്നത്;

(സി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെ ടുത്തുമോ;

(ഡി) ഈ സെൽ ഇപ്പോൾ എവിടെയാണ് പ്രവർത്തിക്കുന്നത്:

(ഇ) ധനകാര്യവകുപ്പിന് പുറത്തു പ്രവർത്തിക്കുകയാണെങ്കിൽ വകു പ്പിനുള്ളിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്

(ബി) 4.9.1995 മുതൽ

(സി) കേന്ദ്രഗവൺമെന്റിന്റെ പങ്കാളിത്തമുള്ളതും വിദേശസഹായം ലഭ്യമാക്കിയുമുള്ള സംസ്ഥാനത്തെ വിവിധ വികസന പദ്ധതികളെ ത്വരിതപ്പെ

LIBRARY ARCHIVES Kerala Legislative Assembly

ടുത്തുന്നതിനുള്ള ഒരു ഗവൺമെന്റ് ഏജൻസിയായി വർത്തിക്കുക, പദ്ധതി പുരോഗതിയെ മോണിട്ടർ ചെയ്യുക എന്നിവയാണ് ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(ഡി) ധനകാര്യവകുപ്പിന്റെ ഡേറ്റാ പ്രൊസസിംഗ് സെന്റർ (കംപ്യൂട്ടർ സെൽ) സ്ഥിതിചെയ്യുന്ന കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

(ഇ) ധനകാര്യ വകുപ്പിനുള്ളിൽ തന്നെയാണ് ഈ സെൽ പ്രവർത്തിക്കുന്നത്. കംപ്യൂട്ടർ സെല്ലിന്റെ സേവനം കൂടി പ്രയോജനപ്പെടുത്തുന്നതിന് വേണ്ടിയാണ് അതേ കെട്ടിടത്തിൽ നോഡൽ സെന്റർ പ്രവർത്തിക്കുന്നത്.

**9 (2359) പ്രോവിഡന്റ് ഫണ്ട്**

ശ്രീ. തമ്പാനൂർ രവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രോവിഡന്റ് ഫണ്ട് ഇനത്തിൽ സംസ്ഥാന സർക്കാരിന് പ്രതിവർഷം എത്ര രൂപയുടെ വരുമാനം ഉണ്ടാകുന്നുണ്ട്;

(ബി) എത്ര രൂപ ചെലവാകുന്നു;

(സി) കഴിഞ്ഞ വർഷം പ്രോവിഡന്റ് ഫണ്ട് ഇനത്തിൽ എത്ര രൂപ ലഭിച്ചു;

(ഡി) എത്ര രൂപ ചെലവായി;

(ഇ) തനി വരുമാനം എത്ര രൂപ;

(എഫ്) നടപ്പു വർഷം ഈ ഇനത്തിൽ എത്ര രൂപ വരുമാനമായി പ്രതീക്ഷിക്കുന്നു;

(ജി) ഇത് കഴിഞ്ഞ വർഷത്തേക്കാൾ കുറവാണോ;

(എച്ച്) കുറവാണെങ്കിൽ അതിനുള്ള കാരണങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) അക്കൗണ്ടന്റ് ജനറലിന്റെ ഒടുവിലത്തെ കണക്കനുസരിച്ച് 1994-95 സാമ്പത്തിക വർഷത്തിൽ 773.16 കോടി രൂപയുടെ വരവ് ഉണ്ടായിട്ടുണ്ട്.

(ബി) 1994-95ലെ കണക്കനുസരിച്ച് 428.20 കോടി രൂപ ചെലവായി.

(സി), (ഡി) & (ഇ) 1995-96-ലെ കണക്കുകൾ അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭിച്ചിട്ടില്ലാത്തതിനാൽ വിവരം ലഭ്യമല്ല.

(എഫ്) നടപ്പു വർഷം (1996-97)ൽ 816.56 കോടി രൂപ ഈയിനത്തിൽ വരവ് പ്രതീക്ഷിക്കുന്നു.

(ജി) & (എച്ച്) അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ ലഭിച്ചിട്ടില്ലാത്തതിനാൽ വിവരം ലഭ്യമല്ല.

**10 (2360) സർക്കാർ ജീവനക്കാർക്ക് നൽകേണ്ടതായ ആനുകൂല്യങ്ങൾ**

ശ്രീ. എം. മുരളി :



LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തമ്പാനൂർ രവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്ക് ഇടക്കാലാശ്വാസത്തിന്റെ രണ്ടാമത്തെ ഗഡു എന്നത്തേക്ക് നൽകാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്;

(ബി) ഇത് സംബന്ധിച്ച് സംഘടനകളിൽ നിന്നും ഗവൺമെന്റിന് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) വിശദാംശം വെളിപ്പെടുത്താമോ;

(ഡി) 1996 ജൂലൈ മാസം വരെ എത്ര ഗഡു ക്ഷാമബത്തയാണ് കുടിശ്ശികയുള്ളത്; ഇത് എന്നത്തേക്ക് നൽകുവാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) സർക്കാർ ജീവനക്കാർക്ക് നൽകേണ്ട ആനുകൂല്യങ്ങൾ യഥാസമയം നൽകുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തീരുമാനിച്ചിട്ടില്ല

(ബി) ഉണ്ട്.

(സി) നിരവധി മെമ്മോറാണ്ടങ്ങൾ ഉണ്ട്. തീരുമാനം എടുത്തിട്ടില്ല.

(ഡി) ഒരു ഗഡു ക്ഷാമബത്ത 1.1.96 മുതൽ അർഹമായ ക്ഷാമബത്ത ഒക്ടോബർ മാസത്തിലെ ശമ്പളത്തിൽ നൽകുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

(ഇ) സാമ്പത്തികനില അനുസരിച്ച് ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നുണ്ട്.

11 (2361) സർക്കാർ ഉദ്യോഗസ്ഥന്മാരുടെ ശമ്പള പരിഷ്കരണം

ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി :
ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. ഇസഹാക് കുരിക്കൾ :
ശ്രീ. കെ.പി.എ.മജീദ് :
ശ്രീ. എം.കെ.മുനീർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം പരിഷ്കരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം സംഘടനകളുടെ നിവേദനമാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ

ഉത്തരം

(എ) ഉണ്ട്.

(ബി) ജോയിന്റ് കൗൺസിൽ ഓഫ് സ്റ്റേറ്റ് സർവീസ് ഓർഗനൈസേഷൻ, കേരള എൻ.ജി.ഒ. യൂണിയൻ, സ്റ്റേറ്റ് എംപ്ലോയീസ് യൂണിയൻ, അദ്ധ്യാപക സർവീസ് സംഘടന, ഐക്യവേദി, കേരള എൻ.ജി.ഒ.ഫ്രണ്ട് തുടങ്ങി ഒട്ടനേകം സംഘടനകൾ ആവശ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## 12 (2362) ധനകാര്യവകുപ്പിൽ സൃഷ്ടിച്ച പുതിയ തസ്തികകൾ

ശ്രീ. കെ. സുധാകരൻ :
ശ്രീമതി ശോഭനാ ജോർജ്ജ് :
ശ്രീ. വി.ജെ.പൗലോസ് :
ശ്രീ. കെ.അച്ചുതൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1993-94, 1994-95, 1995-96 എന്നീ സാമ്പത്തിക വർഷങ്ങളിൽ ധനകാര്യവകുപ്പിൽ എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചു;

(ബി) പ്രസ്തുത തസ്തികകൾ സൃഷ്ടിച്ചുകൊണ്ടു പുറപ്പെടുവിച്ചിട്ടുള്ള ഗവൺമെന്റ് ഉത്തരവുകളുടെ പകർപ്പുകൾ മേശപ്പുറത്തു വയ്ക്കുമോ?

ഉത്തരം

(എ) 1993-94-ൽ : 4 എണ്ണം

1994-95-ൽ : 27 എണ്ണം

1995-96-ൽ : 22 എണ്ണം

(ബി) ഇതോടൊപ്പം വയ്ക്കുന്നു.*

## 13 (2363) ധനകാര്യ വകുപ്പിലെ മാനദണ്ഡം ലംഘിച്ചുള്ള സ്ഥലം മാറ്റങ്ങൾ

ശ്രീ. തമ്പാനൂർ രവി :
ശ്രീ. ഉമ്മൻചാണ്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യവകുപ്പിൽ സ്ഥലം മാറ്റത്തിന് മാനദണ്ഡം നിലവിലുണ്ടോ;

(ബി) ഈ മാനദണ്ഡങ്ങൾ ലംഘിച്ചുകൊണ്ടാണ് ഇപ്പോൾ സ്ഥലംമാറ്റം നടക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) മാനദണ്ഡങ്ങൾ ലംഘിച്ചുകൊണ്ട് നടത്തിയ സ്ഥലമാറ്റങ്ങൾ റദ്ദു ചെയ്യുവാൻ നടപടികൾ സ്വീകരിക്കുമോ.

(ഡി) അംഗീകൃത സർവ്വീസ് സംഘടനകളുടെ പ്രസിഡന്റ്, സെക്രട്ടറി; എന്നിവരെ ഹെഡ്ക്വാർട്ടേസിൽ നിയമിക്കണമെന്ന് വ്യവസ്ഥയുണ്ടോ;

(ഇ) കേരള ഫൈനാൻസ് സെക്രട്ടേറിയറ്റ് അസോസിയേഷൻ സെക്രട്ടറിയെ സെക്രട്ടേറിയറ്റിനകത്ത് പ്രവർത്തിക്കുന്ന വിഭാഗങ്ങളിൽ നിയമിക്കണമെന്ന നിവേദനം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(എഫ്)ഉണ്ടെങ്കിൽ ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) നിലവിലുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മാനദണ്ഡം ലംഘിച്ചിട്ടില്ല.

(സി) മുൻ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല.

(ഡി) വ്യവസ്ഥയുണ്ട്.

(ഇ) ഉണ്ട്.

(എഫ്) പരാതി പരിശോധിച്ചു വരുന്നു.

### 14 (2364) ഡെപ്യൂട്ടേഷൻ വ്യവസ്ഥകൾക്ക് മാനദണ്ഡം നിശ്ചയിക്കുവാൻ നടപടി

ശ്രീ. എം. മുരളി :
ശ്രീ. കെ.സി. വേണുഗോപാൽ :
ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. വി.ജെ.പൗലോസ് :
ശ്രീ. ഇ.എം. അഗസ്തി :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. തമ്പാനൂർ രവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യവകുപ്പിലെ ഗസറ്റഡ് ഉദ്യോഗസ്ഥരെ കെ.എസ്.ആർ.ലെ റൂൾ 140ന്റെ കീഴിലുള്ള പ്രൊവിസോ നൽകുന്ന അധികാരങ്ങൾ വിനിയോഗിച്ച് ഡെപ്യൂട്ടേഷനിൽ നിയമിക്കാറുണ്ടോ;

(ബി) 1994-95, 1995-96 സാമ്പത്തികവർഷത്തിൽ സെക്രട്ടേറിയറ്റിന് പുറത്തുള്ള സ്ഥാപനങ്ങളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ പോകുന്നതിന് പരിഗണിക്കുവാൻ ആഗ്രഹിക്കുന്നവരുടെ സമ്മതം രേഖാമൂലം ആവശ്യപ്പെട്ടുകൊണ്ട് എത്ര സർക്കുലറുകൾ ധനകാര്യവകുപ്പു പുറപ്പെടുവിച്ചിട്ടുണ്ട്;

(സി) ഈ സർക്കുലറുകളുടെ കോപ്പി മേശപ്പുറത്തു വയ്ക്കാമോ;

(ഡി) ഒരു ഉദ്യോഗസ്ഥനും പോകാൻ രേഖാമൂലം സമ്മതം നൽകിയിട്ടില്ലാത്ത സ്ഥാപനങ്ങൾ ഉണ്ടായിരുന്നോ; അവ ഏതെല്ലാം എന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത സ്ഥാപനങ്ങളിൽ നിയമനം നടത്തിയോ; എങ്കിൽ എപ്രകാരമെന്ന് വെളിപ്പെടുത്താമോ;

(എഫ്) ഇപ്രകാരം നിയമനം നടത്തുന്നതിന് വേണ്ടി എന്തെങ്കിലും മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ;

(ജി) ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കാമോ;

(എച്ച്) മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടില്ലെങ്കിൽ അവ നിശ്ചയിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

#### ഉത്തരം

(എ) ഉണ്ട്.

(ബി) 1994-95ൽ 8 എണ്ണം

1995-96ൽ 12 എണ്ണം

LIBRARY ARCHIVES Kerala Legislative Assembly

(സി) വയ്ക്കുന്നു.*

(ഡി) ഉണ്ടായിരുന്നു.

1994-95

1. സ്റ്റേറ്റ് റിസോഴ്സ് സെന്റർ
2. സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചിൽഡ്രൻസ് ലിറ്ററേച്ചർ, തിരുവനന്തപുരം
3. കേരള ഹെഡ്‌ലോഡ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്.
4. കേരള കയർ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്, ആലപ്പുഴ.
5. ഹോർട്ടിക്കൾച്ചറൽ പ്രോഡക്ട്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ, തിരുവനന്തപുരം.
6. പിന്നോക്ക വിഭാഗ കമ്മീഷൻ
7. കേരള അബ്കാരി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്, തിരുവനന്തപുരം.

1995-96

1. കേരള കാഷ്യൂ വർക്കേഴ്സ് റിലീഫ് ആന്റ് വെൽഫെയർ ഫണ്ട് ബോർഡ്, കൊല്ലം.
2. ഡി.ആർ.ഡി.എ. കണ്ണൂർ.
3. ഏജൻസി ഫോർ ഡെവലപ്പ്മെന്റ് ഓഫ് അഗ്രിക്കൾച്ചർ, കേരള, തിരുവനന്തപുരം.
4. കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ്, തിരുവനന്തപുരം
5. കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ്, വെൽഫെയർ ഫണ്ട് ബോർഡ്, തിരുവനന്തപുരം.
6. കേരള സ്റ്റേറ്റ് സോഷ്യൽ വെൽഫെയർ, അഡ്വൈസറി ബോർഡ്, കോഴിക്കോട്.
7. സ്റ്റേറ്റ് റിസോഴ്സ് സെന്റർ, തിരുവനന്തപുരം.

(ഇ) 1994-95ലെ വിഭാഗത്തിൽ ക്രമനമ്പർ 4-ൽ നിയമനം നടത്തിയിട്ടില്ല. 1995-96ലെ വിഭാഗത്തിൽ ക്രമനമ്പർ 1,2,6 എന്നിവയിലും നിയമനം നടത്തിയിട്ടില്ല. ക്രമനമ്പർ 5ലെ നിയമനം നടപടിയിലാണ്. ബാക്കി സ്ഥാപനങ്ങളിൽ കേരള സർവീസ് റൂൾസ് 140ന് വിധേയമായി നിയമനം നടത്തിയിട്ടുണ്ട്.

(എഫ്) ഇല്ല.

(ജി) ബാധകമല്ല

(എച്ച്) പരിശോധിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

15 (2365) പാർട്ട്ടൈം സർവ്വീസും പെൻഷന് കണക്കാക്കാൻ നടപടി.

ശ്രീ. കെ. പ്രകാശ് ബാബു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാർട്ട്ടൈംകാരായ എല്ലാ അദ്ധ്യാപകരുടെ സർവീസും പെൻഷനു കണക്കാക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ട്;

(സി) അദ്ധ്യാപകരൊഴികെയുള്ള മറ്റു വിഭാഗം ജീവനക്കാർക്ക് പാർട്ട്ടൈം സർവീസ് പെൻഷനു കണക്കാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിനു കാരണമെന്ത്;

(ഡി) എല്ലാ പാർട്ട്ടൈം അദ്ധ്യാപകരും അവരുടെ പാർട്ട്ടൈം സർവീസു കൂടി പെൻഷനു കണക്കാക്കാൻ നടപടിയെടുക്കുമോ?

ഉത്തരം

(എ), (ബി) & (സി) പാർട്ട്ടൈം സർവീസിൽ നിന്നും റഗുലർ സർവീസിലേക്ക് അബ്സോർബ് ചെയ്യപ്പെടുന്ന അദ്ധ്യാപകരുടെയും മറ്റു ജീവനക്കാരുടെയും 50% പാർട്ട് ടൈം സർവീസ് പെൻഷനു കണക്കാക്കാവുന്നതാണ്. ജി.ഒ.(പി)356/94/ഫിൻ. തീയതി 27.5.94, ജി.ഒ.(എം.എസ്.) 51/95/പൊ.വി. തീയതി 15.3.95, ജി.ഒ.(പി) 506/95/ഫിൻ. തീയതി 22.8.95 എന്നിവയാണ് ഇതു സംബന്ധിച്ച ഉത്തരവുകൾ.

(ഡി) ഇക്കാര്യം പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

16 (2366) ശമ്പള പരിഷ്ക്കരണ കമ്മീഷന്റെ നിയമനം

ശ്രീ. ഡൊമനിക്ക് പ്രസന്റേഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ ശമ്പള പരിഷ്ക്കരണ കമ്മീഷനെ എന്നാണ് നിയമിച്ചത്;

(ബി) അഞ്ചുവർഷം കൂടുമ്പോൾ ശമ്പള കമ്മീഷനെ നിയമിക്കുക എന്ന തത്വം ഏതു കാലം മുതൽക്കാണ് പാലിക്കപ്പെടാതെ പോയതെന്ന് വെളിപ്പെടുത്തുമോ;

(സി) പുതിയ ഒരു ശമ്പള പരിഷ്ക്കരണ കമ്മീഷനെ നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) കേരള സർക്കാർ ശമ്പള പരിഷ്ക്കരണ കമ്മീഷനെ നിയമിച്ചു കൊണ്ട് 21.12.87ലാണ് (സ.ഉ. (എം.എസ്.) 1099/877/(85)/ധന.) അവസാന മായി ഉത്തരവ് പുറപ്പെടുവിച്ചത്.

(ബി) അഞ്ചുകൊല്ലത്തിലൊരിക്കൽ ശമ്പള കമ്മീഷനെ നിയമിക്കുക എന്നത് ഒരു കീഴ്വഴക്കമാണ്. അതനുസരിച്ച് ശമ്പള പരിഷ്ക്കരണ കമ്മീഷനെ 1.7.93-ൽ നിയമിക്കേണ്ടതായിരുന്നു.

(സി) തീരുമാനമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

**17 (2367) സർക്കാർ ജീവനക്കാരുടെ ഫാമിലി ബെനിഫിറ്റ് സ്കീം**

ശ്രീ. തമ്പാനൂർ രവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ ഫാമിലി ബെനിഫിറ്റ് സ്കീമിലെ പ്രതിമാസ വിഹിതം എത്ര രൂപയാണ്;

(ബി) മരണമടയുന്ന ജീവനക്കാർക്ക് കിട്ടുന്ന നഷ്ടപരിഹാരം എത്ര രൂപയാണ്;

(സി) ഈ പദ്ധതിയിൽ നിന്നും പ്രതിവർഷം എന്തു തുക ലഭിക്കുന്നുണ്ട്.

(ഡി) ഈ പദ്ധതി കാലോചിതമായി പരിഷ്ക്കരിച്ച് ആകർഷകമാക്കുന്നത് ഗവൺമെന്റിന്റെ പ്രതിവർഷ വരുമാനം വർദ്ധിപ്പിക്കുവാൻ സഹായകരമാണെന്ന കാര്യം മനസിലായിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ക്ലാസ് 4 വിഭാഗത്തിൽപെട്ട (പ്യൂൺ തസ്തിക) ജീവനക്കാർ 7 രൂപ ക്രമത്തിലും മറ്റുള്ളവർ 10 രൂപ ക്രമത്തിലുമാണ് പ്രതിമാസ വിഹിതം അടക്കേണ്ടത്.

(ബി) 7 രൂപ ക്രമത്തിൽ അടക്കുന്നവരുടെ ആശ്രിതർക്ക് 7500 രൂപയും 10 രൂപ ക്രമത്തിൽ അടക്കുന്നവരുടെ ആശ്രിതർക്ക് 10,000 രൂപയുമാണ് മരണാനന്തര നഷ്ടപരിഹാരമായി നൽകിവരുന്നത്.

(സി) ഈ പദ്ധതിയിൽ നിന്നും കഴിഞ്ഞ 10 വർഷമായി ലഭിച്ചുവരുന്ന തുകയുടെ കണക്കുകൾ ചുവടെ ചേർക്കുന്നു.

| *വർഷം* | *പ്രതിമാസ വിഹിതമായി ലഭിച്ച തുക* | *മടക്കി നൽകിയത്* | *മിച്ചം* |
|---|---|---|---|
| 1986-87 | 4.42 | 1.62 | 2.80 |
| 1987-88 | 4.49 | 1.82 | 2.67 |
| 1988-89 | 4.45 | 2.11 | 2.34 |
| 1989-90 | 4.43 | 2.36 | 2.07 |
| 1990-91 | 3.28 | 2.37 | 0.91 |
| 1991-92 | 4.22 | 3.04 | 1.18 |
| 1992-93 | 4.33 | 3.27 | 1.06 |
| 1993-94 | 4.32 | 3.45 | 0.87 |
| 1994-95 | 4.30 | 3.53 | 0.77 |
| 1995-96 | 5.00 | 3.60 | 1.40 |

(ഡി) ഉണ്ട്

(ഇ) പദ്ധതി കാലോചിതമായി പരിഷ്ക്കരിക്കുന്നതിനായുള്ള ഒരു നിർദ്ദേശം ധനകാര്യവകുപ്പിന്റെ പരിഗണനയിൽ ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

**18 (2368) യൂണിവേഴ്സിറ്റി അപ്പലേറ്റ് ട്രൈബ്യൂണൽ തസ്തികയിൽ 1995-96 വർഷത്തിൽ രണ്ടുദ്യോഗസ്ഥന്മാർക്ക് ശമ്പളം നൽകിയെന്ന പരാതി**

ശ്രീ. പി.കെ.കെ. ബാവ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) യൂണിവേഴ്സിറ്റി അപ്പലേറ്റ് ട്രൈബ്യൂണൽ തസ്തികയിൽ 1995-96 സാമ്പത്തിക വർഷത്തിൽ രണ്ടു ഉദ്യോഗസ്ഥന്മാർക്ക് ഒരേ കാലയളവിൽ ശമ്പളം നൽകിയിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ; ഇതിന് അനുവാദം ധനകാര്യവകുപ്പിൽ നിന്നും നൽകുവാനുണ്ടായ കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(ബി) യൂണിവേഴ്സിറ്റി അപ്പലേറ്റ് ട്രൈബ്യൂണൽ തസ്തികയിൽ ജോലി നോക്കാതെ ശമ്പളം കൈപ്പറ്റിയത് ആരാണെന്നും എന്തു തുക ആ രീതിയിൽ കൈപ്പറ്റിയെന്നും വിശദമാക്കുമോ;

(സി) നിയമവിരുദ്ധമായി ശമ്പളം നൽകാൻ ഉത്തരവ് നൽകിയ ഉദ്യോഗസ്ഥന്മാരുടെ പേരിൽ നടപടി സ്വീകരിക്കുമോ; ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ഉപദേശത്തിന് വിപരീതമായാണ് ധനകാര്യവകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുള്ളതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) 3.8.95-ലെ കേരള ഹൈക്കോടതി രജിസ്ട്രാറുടെ കത്ത് ഡി.ഒ. നം. ആർ.36/95 (എസ്.എസ്) അനുസരിച്ച് യൂണിവേഴ്സിറ്റി അപ്പലേറ്റ് ട്രൈബ്യൂണൽ ആയി ജോലി ചെയ്യുന്ന ജില്ലാ ജഡ്ജി ശ്രീ. ആർ. ഗോപാലകൃഷ്ണപിള്ളയുടെ സേവനം വിഴിഞ്ഞം അന്വേഷണ കമ്മീഷനായി നിയമിക്കപ്പെടുന്നതിന് ലഭ്യമാക്കാമെന്നും ജില്ലാ ജഡ്ജി ശ്രീ.പി.സോമചൂഡൻ നായരെ തിരുവനന്തപുരത്ത് യൂണിവേഴ്സിറ്റി അപ്പലേറ്റ് ട്രൈബ്യൂണൽ ആയി നിയമനം നടത്താമെന്നും ഗവൺമെന്റിനെ അറിയിച്ചു.

ഗവൺമെന്റിൽ നിന്നും ഇത് സംബന്ധിച്ചുള്ള നോട്ടിഫിക്കേഷൻ 16.12.95ൽ പുറപ്പെടുവിക്കുന്നതിനു മുൻപ് തന്നെ കേരള ഹൈക്കോടതി രജിസ്ട്രാറുടെ 5.8.95ലെ നം.ബി1/26772/90 ഉത്തരവ് പ്രകാരം ശ്രീ.പി.സോമചൂഡൻ നായരെ 18.8.95 രാവിലെ വിടുതൽ ചെയ്തുകൊണ്ടും സർക്കാരിൽ നിന്നും നോട്ടിഫിക്കേഷൻ പ്രതീക്ഷിക്കാനും ഉത്തരവായിരുന്നു. ജി.ഒ.(എം.എസ്)207/95/എച്ച്. എഡ്യു. തീയതി 16.12.95 പ്രകാരം ശ്രീ. പി.സോമചൂഡൻ നായർ യൂണിവേഴ്സിറ്റി അപ്പലേറ്റ് ട്രൈബ്യൂണലായി 22.12.95ൽ ജോലി ഏറ്റെടുത്തശേഷം ഇക്കാര്യം കാണിച്ച് 1.1.96-ൽ കത്ത് നം.എ1/96 പ്രകാരം 18.8.95 മുതൽ 22.12.95 വരെയുള്ള കാലയളവ് നിർബന്ധിതമായി കാത്തുനിന്ന് (കംപൾസറി വെയിറ്റിംഗ്) റഗുലറൈസ് ചെയ്ത് തരുവാനായി സർക്കാരിനോട് അപേക്ഷിച്ചു.

അതിൻപ്രകാരം ജി.ഒ.(ആർ.റ്റി) 564/95/എച്ച്.എഡ്യു. തീയതി 19.4.96 എന്ന ഉത്തരവിൽ പ്രസ്തുത കാലയളവ് ഡ്യൂട്ടിആയി ഉത്തരവായി. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീ. പി.സോമചൂഡൻ നായർ ഇക്കാലയളവിൽ ശമ്പളം തുടങ്ങിയ ആനുകൂല്യങ്ങൾക്ക് അർഹനാണ്.

(ബി & സി) 'എ'യ്ക്കുള്ള മറുപടിയുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

**19 (2369) ഫിനാൻസ് ഓഫീസർമാരുടെ നിയമനം**

ശ്രീ. തമ്പാനൂർ രവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ പഞ്ചായത്തുകളുടെ സാമ്പത്തിക ആവശ്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് ഇപ്പോൾ ഫിനാൻസ് ഓഫീസർമാരെ നിയമിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇക്കാര്യം പരിഗണനയിലുണ്ടോ;

(സി) വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല

(ബി & സി) തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്ന് ശുപാർശ ലഭിക്കുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

**20 (2371) ട്രഷറി വകുപ്പിലെ സ്ഥലംമാറ്റം**

ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. എം. മുരളി :
ശ്രീ. കെ.സി. വേണുഗോപാൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ട്രഷറി വകുപ്പിലെ ഓരോ ഗ്രേഡിലുമുള്ള ഉദ്യോഗസ്ഥന്മാരുടെ എത്ര സ്ഥലം മാറ്റങ്ങൾ നടത്തിയിട്ടുണ്ട്;

(ബി) ഇവരിൽ ഒന്നിലധികം പ്രാവശ്യം സ്ഥലം മാറ്റപ്പെട്ടവർ എത്ര എന്ന് വ്യക്തമാക്കാമോ;

(സി) ഒരേ സ്ഥലത്ത് മൂന്നു വർഷത്തിൽ താഴെ മാത്രം സർവീസുള്ള എത്ര പേർക്ക് സ്ഥലം മാറ്റം നൽകിയിട്ടുണ്ട്;

(ഡി) ഈ കാലയളവിൽ ഒന്നിലധികം പ്രാവശ്യം സ്ഥലം മാറ്റാനുള്ള കാരണമെന്തെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി, സി & ഡി) വിവരം ശേഖരിച്ചുവരുന്നു.

**21 (2372) ട്രഷറി ക്യാഷ് ബാലൻസ്**

ശ്രീ. തമ്പാനൂർ രവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ട്രഷറി ക്യാഷ് ബാലൻസ് എത്രയായിരുന്നു.

(ബി) 31.3.91-ലെ ട്രഷറി ക്യാഷ് ബാലൻസ് എത്രയെന്നു വ്യക്തമാക്കാമോ?



LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ട്രഷറി ക്യാഷ് ബാലൻസിനെ സംബന്ധിച്ച്, ഓരോ മാസത്തേയ്ക്കുള്ള ക്യാഷ് ബാലൻസ് എ.ജി.യുടെ സിവിൽ അക്കൗണ്ടുപ്രകാരമാണ് ലഭിക്കുന്നത്. ആയതിനാൽ ഓരോ ദിവസത്തേയും കണക്ക് ലഭ്യമല്ല. ഈ സർക്കാർ അധികാരമേൽക്കുന്നത് 20.5.96 നാണ്.

(ബി) 31.3.1991ലെ ട്രഷറി ക്യാഷ് ബാലൻസ് 14.18 കോടി രൂപയായിരുന്നു.

22 (2373) കുഴൽമന്ദത്ത് സബ്ട്രഷറി തുടങ്ങുന്നതിന് നടപടി

ശ്രീ. എം.നാരായണൻ(കുഴൽമന്ദം) : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുഴൽമന്ദത്ത് സബ്ട്രഷറി തുടങ്ങുന്നതിന് എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇതിനകം എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിർദ്ദേശം ലഭിച്ചിട്ടുണ്ട്.

(ബി) പരിഗണിച്ചു കൊണ്ടിരിക്കുന്നു.

(സി) തീരുമാനമായിട്ടില്ല.

23 (2374) വൺമാൻ ട്രഷറിയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പഞ്ചായത്തുകളിൽ 'വൺമാൻ ട്രഷറി' പ്രവർത്തിക്കുന്നുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ഇവരുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ എന്തെല്ലാം നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്നു വെളിപ്പെടുത്താമോ?

ഉത്തരം

(എ) പതിനാറ്.

(ബി) ചെല്ലാൻ വഴി പണം അടയ്ക്കൽ കർഷകതൊഴിലാളി പെൻഷൻ നൽകൽ തൊഴിലില്ലായ്മ വേതനം നൽകൽ എന്നിവ ഇത്തരം ട്രഷറികളിൽകൂടി നടപ്പിൽ വരുത്താൻ ശ്രമിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

### 24 (2375) ഗവൺമെന്റ് ട്രഷറിയിൽ നിക്ഷേപത്തുക സ്വീകരിക്കാതിരിക്കുന്നതിനെതിരെ നടപടി

ശ്രീ. ജി. സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം നിയോജകമണ്ഡലത്തിൽപ്പെട്ട ഗവൺമെന്റ് ട്രഷറിയിൽ നിക്ഷേപവുമായി എത്തുന്ന പെൻഷൻകാരുടെ തുക സ്വീകരിക്കാതിരിക്കുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല

(ബി) ഉദിക്കുന്നില്ല.

### 25 (2376) കായംകുളം ട്രഷറിയിൽ നിന്നും മണിയോർഡറായി പെൻഷൻ ലഭിക്കുന്നതിനുള്ള കാലതാമസം

ശ്രീ. ജി. സുധാകരൻ : താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം ഗവൺമെന്റ് ട്രഷറിയിൽ നിന്നും മണിയോർഡറായി പെൻഷൻ വാങ്ങുന്നവർക്ക് പെൻഷൻതുക ഓരോ മാസവും 15-ാം തീയതി വരെ നീണ്ടു പോകുന്നതുമൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി എന്തു നടപടികളാണ് കൈക്കൊള്ളുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

മണിയോർഡർ പെൻഷൻ കൃത്യസമയത്ത് അയയ്ക്കുന്നതിന് കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

### 26 (2377) അങ്കമാലി സബ്ട്രഷറി കെട്ടിടത്തിന്റെ നിർമ്മാണം

ശ്രീ. പി.ജെ. ജോയി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ: -

(എ) അങ്കമാലി സബ്ട്രഷറി കെട്ടിടത്തിന്റെ നിർമ്മാണം ഏതു ഘട്ടം വരെയായി എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കെട്ടിടത്തിന്റെ പണി പൂർത്തീകരിക്കുന്നതിനുള്ള കാലതാമസം എന്തെന്ന് വ്യക്തമാക്കാമോ;

(സി) കെട്ടിടത്തിലെ ഇലക്ട്രിഫിക്കേഷൻ ജോലികൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതു ഘട്ടം വരെയായി എന്നു വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ, ബി & സി) അങ്കമാലി സബ്ട്രഷറി കെട്ടിടത്തിന്റെ നിർമ്മാണം പുരോഗതിയിലാണ്. സാനിട്ടറി പണികളും ഇലക്ട്രിഫിക്കേഷനും മാത്രമേ ഇനി ബാക്കിയുള്ള. പണിക്കു മേൽനോട്ടം വഹിക്കുന്ന പി.ഡബ്ല്യു.ഡി. കെട്ടിട വിഭാഗത്തോട് ഉടനടി പണി പൂർത്തീകരിക്കാൻ ആവശ്യപ്പെടുന്നതാണ്.

27 (2378) ലോട്ടറിയിൽ നിന്നുള്ള ലാഭം

ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർക്കാർ ലോട്ടറിയിൽ നിന്നും 1996 ജൂൺ 30 വരെ എന്തു തുക ലാഭമുണ്ടായിട്ടുണ്ട്;

(ബി) നറുക്കെടുപ്പുകളിൽ സമ്മാനാർഹരായവർ ഹാജരാകാത്തതുമൂലം ഇതുവരെ ലോട്ടറി ഡിപ്പാർട്ടുമെന്റിനുണ്ടായ ലാഭമെത്ര?

ഉത്തരം

(എ) കേരള സർക്കാർ ലോട്ടറിയിൽ നിന്നും 1996 ജൂൺ 30 വരെ 102.93 കോടി രൂപ ലാഭമുണ്ടായിട്ടുണ്ട്.

(ബി) 15.5 കോടി രൂപ.

28 (2379) ലോട്ടറി ടിക്കറ്റുകളുടെ അച്ചടി

ശ്രീ. ജി. സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം പ്രസ്സുകളിൽ ഏതെല്ലാം ലോട്ടറി ടിക്കറ്റുകളാണ് അച്ചടിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ഇതിന് സർക്കാർ ഏതെങ്കിലും തരത്തിലുള്ള ചാർജ്ജ് നല്കേണ്ടതായി വരുന്നുണ്ടോ എന്ന് വിശദമാക്കാമോ;

(സി) മുഴുവൻ ലോട്ടറി ടിക്കറ്റുകളും സർക്കാർ പ്രസ്സുകളിൽ പ്രിന്റു ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പെരിയാർ, കൈരളി എന്നീ ലോട്ടറി ടിക്കറ്റുകൾ തൃക്കാക്കര കേരള ബുക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റിയിലും സൗഭാഗ്യ, മാവേലി എന്നീ ലോട്ടറി ടിക്കറ്റുകൾ മണ്ണന്തല ഗവൺമെന്റ് പ്രസ്സിലുമാണ് അച്ചടിക്കുന്നത്.

(ബി) കേരള ബുക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റിയ്ക്ക് ആയിരം സാധാരണ ടിക്കറ്റുകൾക്ക് 85/- രൂപ നിരക്കിലും ബമ്പർ ടിക്കറ്റുകൾ 100/- രൂപ നിരക്കിലും ചാർജ്ജ് നൽകിവരുന്നു.

(സി) മുഴുവൻ ലോട്ടറി ടിക്കറ്റുകളും ഗവൺമെന്റ് പ്രസ്സുകളിൽ ഇപ്പോഴത്തെ സംവിധാനം ഉപയോഗിച്ച് പ്രിന്റു ചെയ്യുന്നതിന് ബുദ്ധിമുട്ടുണ്ട്. തൃക്കാക്കര കേരള ബുക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റി പ്രസ്സിൽ

LIBRARY ARCHIVES Kerala Legislative Assembly

ലോട്ടറി ടിക്കറ്റുകൾ അച്ചടിക്കുന്നതിനു വേണ്ടി പ്രത്യേക സംവിധാനം ഉള്ളത് കൊണ്ട് ആകർഷകമായ ടിക്കറ്റുകൾ വേഗം അച്ചടിച്ചുകിട്ടുകയും ചെയ്യുന്നു.

**29 (2380) ഇൻഷ്വറൻസ് ഇനത്തിലുള്ള വരുമാനം**

ശ്രീ. തമ്പാനൂർ രവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഷ്വറൻസ് ഇനത്തിൽ കഴിഞ്ഞ വർഷം എത്ര രൂപ സംസ്ഥാനത്തിന് വരുമാനമുണ്ടായി;

(ബി) ഈ ഇനത്തിൽ എത്ര രൂപ ചെലവായി;

(സി) നടപ്പുവർഷം ഈ ഇനത്തിൽ എത്ര രൂപ പ്രതീക്ഷിക്കുന്നു;

(ഡി) ഇത് മുൻ വർഷത്തേക്കാൾ കുറവാണോ;

(ഇ) എങ്കിൽ ഇതിനുള്ള കാരണങ്ങൾ വെളിപ്പെടുത്താമോ

ഉത്തരം

(എ) 18,68,24,440/-

(ബി) 4,76,11,246/-

(സി) 25,00,00,000/-

(ഡി) അല്ല

(ഇ) ഉദിക്കുന്നില്ല.

**30 (2381) നാഷണൽ സേവിംഗ്സ് ഇനത്തിൽ പിരിഞ്ഞു കിട്ടുന്ന തുക**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീമതി ശോഭനാ ജോർജ്ജ് :
ശ്രീ. തംപാനൂർ രവി :
ശ്രീ. വി.ജെ. പൗലോസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1987 മുതൽ 1991 മാർച്ച് 31 വരെയും 1991 ഏപ്രിൽ മുതൽ 1996 മാർച്ച് 31 വരെയുമുള്ള ഓരോ വർഷവും നാഷണൽ സേവിംഗ്സ് ഇനത്തിൽ എന്തു തുക പിരിഞ്ഞുകിട്ടിയിട്ടുണ്ട്;

(ബി) പ്രസ്തുത ഇനത്തിൽ പിരിഞ്ഞുകിട്ടുന്ന തുകയിൽ നിന്ന് സംസ്ഥാന ഗവൺമെന്റിന് എന്തുവിഹിതം ലഭിക്കും;

(സി) 1987 മുതൽ 1996 വരെ ഓരോ വർഷവും ഈ ഇനത്തിൽ എന്തു തുക വീതം സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്;

(ഡി) ഈതുക വായ്പയായാണോ സംസ്ഥാനത്തിന് കിട്ടാറുള്ളത്;

(ഇ) ഇതിന്റെയടിസ്ഥാനത്തിൽ കൂടുതൽ തുക നാഷണൽ സേവിംഗ്സ് ഇനത്തിൽ പിരിച്ചാൽ സംസ്ഥാനത്തിന് ഇത് മൂലം കൂടുതൽ കടം വരുമോയെന്ന് വ്യക്തമാക്കാമോ?



LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1987 മുതൽ 1991 മാർച്ച് വരെയും 1991 ഏപ്രിൽ മുതൽ 1996 മാർച്ച് 31 വരെയുമുള്ള ഓരോ വർഷവും നാഷണൽ സേവിംഗ്സ് ഇനത്തിൽ താഴെ പറയുന്ന തുക പിരിഞ്ഞു കിട്ടിയിട്ടുണ്ട്.

| | മിച്ചനിക്ഷേപം |
|---|---|
| 1987-88 | 116.04 കോടി |
| 1988-89 | 164.84 കോടി |
| 1989-90 | 217.54 കോടി |
| 1990-91 | 199.61 കോടി |
| 1991-92 | 182.46 കോടി |
| 1992-93 | 157.43 കോടി |
| 1993-94 | 280.00 കോടി |
| 1994-95 | 603.00 കോടി |
| 1995-96 | 272.90 കോടി |

(ബി) മിച്ച നിക്ഷേപമായി പിരിഞ്ഞു കിട്ടുന്ന തുകയുടെ 75% ആണ് സംസ്ഥാന ഗവൺമെന്റിന് വായ്പാ വിഹിതമായി ലഭിക്കുന്നത്.

(സി) 1987 മുതൽ 1996 വരെ ഓരോ വർഷവും വായ്പയായി സംസ്ഥാനത്തിന് ലഭിച്ച വിഹിതം താഴെപ്പറയും പ്രകാരമാണ്.

| | |
|---|---|
| 1987-88 | 87.03 കോടി |
| 1988-89 | 123.63 കോടി |
| 1989-90 | 163.15 കോടി |
| 1990-91 | 130.16 കോടി |
| 1991-92 | 136.84 കോടി |
| 1992-93 | 118.07 കോടി |
| 1993-94 | 210.00 കോടി |
| 1994-95 | 450.25 കോടി |
| 1995-96 | 202.24 കോടി |

(ഡി) ഈ തുക ദീർഘകാല വായ്പയായാണ് സംസ്ഥാനത്തിന് കിട്ടുന്നത്.

(ഇ) ഇതിന്റെയടിസ്ഥാനത്തിൽ കൂടുതൽ തുക നാഷണൽ സേവിംഗ്സ് പിരിച്ചാൽ ആയത് സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കാവുന്നതാണ്. കൂടുതൽ തുക പിരിച്ചാൽ കൂടുതൽ വായ്പയ്ക്ക് അർഹത ഉണ്ടാകുന്നതാണ്.

31 (2382) **സമ്പാദ്യം വിദ്യാഭ്യാസവികസനത്തിന് പരിപാടിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ**

ശ്രീ. ടി.കെ. ബാലൻ :

ശ്രീ. എം.പി. വർഗ്ഗീസ് :

ശ്രീമതി ജെ. മേഴ്സിക്കുട്ടിയമ്മ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സമ്പാദ്യം വിദ്യാഭ്യാസവികസനത്തിന് എന്ന പരിപാടിയിൽ ദേശീയ സമ്പാദ്യ പദ്ധതിയുടെ കീഴിൽ സംഘടിപ്പിച്ച പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയായിരുന്നു;

(ബി) ഈ പരിപാടി ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) സർക്കാർ സ്കൂളുകളിൽ പുതിയ കെട്ടിടങ്ങൾ പണിയുന്നതിനായി ഈ സ്കീമിൽ നിന്നും മുൻ ഗവൺമെന്റ് എന്തു തുക നൽകി;

(ഡി) ഇപ്രകാരം തുക നൽകുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കാമോ;

(ഇ) മുൻഗവൺമെന്റിന്റെ കാലത്ത് ഇന്ദിരാവികാസ്പത്ര നിക്ഷേപത്തിന്റെ എന്തുവിഹിതമാണ് ക്യാൻസർ രോഗികളുടെ ആവശ്യത്തിനായി വിനിയോഗിച്ചത്?

## ഉത്തരം

(എ) 1993-94-ൽ ഏർപ്പെടുത്തിയ "സമ്പാദ്യം വിദ്യാഭ്യാസവികസനത്തിന്" എന്ന പദ്ധതിയുടെ ഉദ്ദേശ്യം ഈ കാലയളവിൽ ഇന്ദിരാവികാസ് പത്രയിലൂടെ പിരിഞ്ഞു കിട്ടുന്ന തുകയുടെ 25% ഗ്രാന്റായി നൽകി അതുവഴി സ്കൂൾ കെട്ടിടങ്ങളുടെ പുനർനിർമ്മാണത്തിനും വിദ്യാഭ്യാസപരമായ മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ആയിരുന്നു.

(ബി) ഇല്ല ഈ പദ്ധതി 1993-94 കാലയളവിലേയ്ക്കായി മാത്രം വിഭാവന ചെയ്തിരുന്നതാണ്.

(സി) ആകെ പിരിഞ്ഞുകിട്ടിയ തുകയായ 29.10 കോടി രൂപയുടെ 25% ആയ 7 കോടി രൂപ സ്കൂൾ കെട്ടിടങ്ങളുടെ പുനർനിർമ്മാണത്തിനും, സ്കൂളുകളുടെ മറ്റു പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നൽകിയിട്ടുണ്ട്.

(ഡി) അതാതു പഞ്ചായത്തുകളിലെ കളക്ഷനെ അടിസ്ഥാനമാക്കിയും അതത് സ്കൂളുകൾ സമാഹരിച്ച തുകയുടെ അടിസ്ഥാനത്തിലും അവരുടെ ആവശ്യപ്രകാരവുമാണ് തുകകൾ അനുവദിച്ചിട്ടുള്ളത്.

(ഇ) 1.11.1994 മുതൽ 31.1.1995 വരെയുള്ള കാലയളവിൽ ഇന്ദിരാവികാസ് പത്രയിൽ പിരിഞ്ഞുകിട്ടിയ തുകയായ 96.53 കോടി രൂപയുടെ 25% ആണ് ക്യാൻസർ രോഗികളുടെ ആവശ്യത്തിനായി വിനിയോഗിക്കേണ്ടിയിരുന്നത്. എന്നാൽ 17% ആയ 16.42 കോടി രൂപ മാത്രമേ വിനിയോഗിക്കുവാൻ സാധിച്ചുള്ളൂ. ആവശ്യമായ ഫണ്ട് ലഭിക്കാത്തതു മൂലമാണ് ബാക്കി വിനിയോഗിക്കാതിരുന്നത്.

### 32 (2383) ചെറുകിട വ്യവസായ യൂണിറ്റുകൾ വിറ്റത് സംബന്ധിച്ച പരാതി

ശ്രീ. പി. രാജു :
ശ്രീ. സത്യൻ മൊകേരി :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. ജോസ് ബേബി :
ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) കേരള ധനകാര്യ കോർപ്പറേഷന്റെ സാമ്പത്തിക സഹായത്തോടെ ആരംഭിച്ച് അടച്ചുപൂട്ടിയ ചെറുകിട വ്യവസായ യൂണിറ്റുകളിൽ എത്ര എണ്ണം വിൽപ്പന നടത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) അതിനെതിരെ എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഈ പരാതികളിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 31.3.96 വരെ 104 യൂണിറ്റുകൾ

(ബി) ഉണ്ട്

(സി) സൂക്ഷ്മ പരിശോധനയിൽ ഈ പരാതികൾ നിയമാനുസൃതം അനുവദനീയമല്ല എന്നു കണ്ടു.

**33 (2384) കെ.എഫ്.സി.യിൽ നിന്ന് ലോൺ എടുത്തു വ്യവസായം ആരംഭിക്കുന്നവരുടെ പ്രശ്നങ്ങൾ**

ശ്രീ. എ. നീലലോഹിതദാസൻ നാടാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എഫ്.സി.യിൽ നിന്ന് വ്യവസായ വായ്പയെടുത്ത് ചെറുകിട വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നവർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവ പരിഹരിക്കുന്നതിനുള്ള എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്

(ബി) കെ.എഫ്.സി.യുടെ അഭിപ്രായം വാങ്ങി പരിഹാരനടപടി സ്വീകരിക്കുന്നുണ്ട്.

**34 (2385) ഫൈനാൻഷ്യൽ കോർപ്പറേഷൻ നല്കിയ വായ്പയും പിരിഞ്ഞു കിട്ടാനുള്ള തുകയും**

ശ്രീ. ഇ.എം.അഗസ്തി :
ശ്രീ. അടൂർ പ്രകാശ് :
ശ്രീമതി രാധാരാഘവൻ :
ശ്രീ. കെ. ബാബു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫൈനാൻഷ്യൽ കോർപ്പറേഷൻ കഴിഞ്ഞ 5 വർഷങ്ങളിൽ ഓരോ വർഷവും എന്തു തുക വായ്പനൽകി;

(ബി) പ്രസ്തുത വർഷങ്ങളിൽ പിരിച്ചെടുത്ത തുക എത്ര;

(സി) ഈ കാലയളവിൽ വായ്പയെടുത്ത എത്രപേരുടെ ഭൂമിയും യന്ത്രങ്ങളും അറ്റാച്ച് ചെയ്തിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇപ്പോൾ ഫൈനാൻഷ്യൽ കോർപ്പറേഷന് പിരിഞ്ഞുകിട്ടാനുള്ള തുക എത്രയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

| | | |
|---|---|---|
| (എ) | *വർഷം* | *തുക* |
| | 91-92 | 60.58 കോടി രൂപ |
| | 92-93 | 65.10 കോടി രൂപ |
| | 93-94 | 68.42 കോടി രൂപ |
| | 94-95 | 75.39 കോടി രൂപ |
| | 95-96 | 139.76 കോടി രൂപ |
| (ബി) | 91-92 | 55.02 കോടി രൂപ |
| | 92-93 | 74.33 കോടി രൂപ |
| | 93-94 | 83.62 കോടി രൂപ |
| | 94-95 | 97.04 കോടി രൂപ |
| | 95-96 | 140.94 കോടി രൂപ |

(സി) 409 യൂണിറ്റുകൾ

(ഡി) 31.3.96 വരെ 509 കോടി രൂപ.

**35 (2386) കേരള ഫൈനാൻഷ്യൽ കോർപ്പറേഷൻ വിവിധ വ്യവസായ യൂണിറ്റുകൾക്ക് നൽകിയ വായ്പ**

ശ്രീ. എം.കെ.മുനീർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫൈനാൻഷ്യൽ കോർപ്പറേഷൻ വിവിധ വ്യവസായ യൂണിറ്റുകൾക്ക് വായ്പ നൽകിയ ഇനത്തിൽ എന്തു തുക തിരിച്ചു കിട്ടാനുണ്ട്;

(ബി) പിരിഞ്ഞു കിട്ടാനുള്ള തുക തിരിച്ചുപിടിക്കുന്നതിന് സർക്കാർ എന്തെങ്കിലും നിയമനടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അത് ഫലപ്രദമായി നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ടോ;

(ഡി) ഇതു സംബന്ധിച്ച് വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) 31.3.96 വരെ 509 കോടി രൂപ തിരിച്ചു കിട്ടുവാനുണ്ട്.

(ബി) റവന്യൂ റിക്കവറി ആക്ടിന്റെ പരിധിയിൽ കെ.എഫ്.സി.യെ സർക്കാർ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) തുക പിരിച്ചെടുക്കാൻ റവന്യൂ റിക്കവറി ആക്ട് പ്രകാരവും കെ.എഫ്.സി. നടപടി സ്വീകരിക്കാറുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

(ഡി) എസ്.എഫ്.സി. ആക്ട് അനുസരിച്ചും കേരള റവന്യൂ റിക്കവറി ആക്ട് അനുസരിച്ചും നിലവിലുള്ള നിയമ വ്യവസ്ഥകൾക്കു വിധേയമായാണ് നടപടികളെടുക്കുന്നത്.

**36 (2387) കെ.എഫ്.സി.യിൽ നിന്നും ലോൺ എടുത്ത ജി.എസ്. ആർ.ഇൻഡസ്ട്രീസ്**

ശ്രീ. എ. നീലലോഹിതദാസൻ നാടാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര താലൂക്കിൽ മുള്ളുവിള ജി.എസ്.ആർ. ഇൻഡസ്ട്രീസിന് കെ.എഫ്.സി. ധനസഹായം നൽകുന്നതിന് ഉടമ്പടി ഒപ്പിട്ടത് ഏത് ദിവസമാണ്;

(ബി) ധനസഹായം നൽകിയത് എന്നാണ്;

(സി) ധനസഹായമായി ആവശ്യപ്പെട്ടത് എത്ര തുകയാണ്.

(ഡി) അനുവദിച്ചത് എത്ര തുകയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉടമ്പടികൾ ഒപ്പിട്ടത് 2.8.1995, 3.8.1995, 4.8.1995 എന്നീ തീയതികളിലാണ്.

(ബി) 30.9.1995-ൽ ആണ്.

(സി) 23,65,000/- രൂപയാണ്

(ഡി) 10,50,000/- രൂപയാണ്.

**37 (2388) കെ.എഫ്.സി. വായ്പകളിൽ നൽകിയ ഇളവ്**

ശ്രീ. എ. നീലലോഹിതദാസൻ നാടാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1992-93, 1993-94, 1994-95, 1995-96 എന്നീ വർഷങ്ങളിലെ വായ്പ അടച്ചു തീർക്കുന്നതിന് എത്ര യൂണിറ്റുകൾക്ക് കെ.എഫ്.സി. ഇളവ് അനുവദിച്ചു;

(ബി) ഏറ്റവും കൂടുതൽ ഇളവു നൽകിയ സ്ഥാപനങ്ങളുടെ പേരു വിവരം വെളിപ്പെടുത്താമോ; അവയിൽ സിക്ക് യൂണിറ്റുകൾ ഏതെല്ലാം; നൽകിയ ആനുകൂല്യം എത്ര;

(സി) കെ.എഫ്.സി. കക്ഷിയായി എത്ര കേസുകൾ ഇപ്പോൾ കോടതിയിൽ നിലവിലുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മുതൽഅടച്ചുതീർക്കുന്നതിന് ഇളവുകൾ അനുവദിച്ചിട്ടില്ല. അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതിന്റെ ഭാഗമായി 369 യൂണിറ്റുകൾക്ക് പലിശയിനത്തിൽ ഇളവ് അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) 1048 കേസുകൾ

**38 (2391) "ലിവിംഗ്സ്റ്റൺ ഇൻഡസ്ട്രീസ്" ജി.എസ്. ആർ. ഇൻഡസ്ട്രീസിന് കൈമാറുന്നതിലുണ്ടായ കാലതാമസം**

ശ്രീ. എ. നീലലോഹിതദാസൻ നാടാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ ലിവിംഗ്സ്റ്റൺ ഇൻഡസ്ട്രീസ് എന്ന സ്ഥാപനം ജി.എസ്.ആർ. ഇൻഡസ്ട്രീസ് എന്ന ചെറുകിട വ്യവസായ യൂണിറ്റിന് കെ.എഫ്.സി. കൈമാറിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ യൂണിറ്റ് കൈമാറുന്നതിന് വില നിശ്ചയിച്ച ശേഷം എന്ത് കാലതാമസം നേരിട്ടു;

(സി) ഈ കാലയളവിൽ പ്രസ്തുത സ്ഥാപനത്തിന് ഉണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അത് എത്രയെന്നു വെളിപ്പെടുത്തുമോ;

(ഇ) ലിവിംഗ്സ്റ്റൺ ഇൻഡസ്ട്രീസ്, ജി.എസ്.ആർ. ഇൻഡസ്ട്രീസിനു കൈമാറുന്നതിന് മുൻപ് കറന്റ് ചാർജ് ഇനത്തിൽ എന്തു തുക കുടിശ്ശിക ഉണ്ടായിരുന്നു; ഈ തുക ആരാണ് അടച്ചു തീർത്തത്?

ഉത്തരം

(എ) ഉണ്ട്.

(ബി) 2 വർഷം

(സി) ഇല്ല

(ഡി) ബാധകമല്ല

(ഇ) വൈദ്യുതി ബോർഡിൽ നിന്നും കെ.എഫ്.സി.ക്കു ലഭിച്ച വിവരമനുസരിച്ച് 1993 സെപ്റ്റംബർ വരെ 21,295 രൂപ 40 പൈസ കുടിശ്ശികയുണ്ട്. ആരടച്ചു തീർത്തു എന്നുള്ള വിവരം പ്രസ്തുത ബോർഡ് കെ.എഫ്.സി.യെ അറിയിച്ചിട്ടില്ല.

**39 (2392) കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിന്റെ എം.ഡി.യുടെ പേരിലുള്ള അഴിമതി ആരോപണങ്ങൾ**

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിന്റെ എം.ഡി.യുടെ കാലാവധി എന്നാണ് തീരുന്നത്;

---

* അനുബന്ധം I

(ബി) എം.ഡി.യുടെ പേരിൽ എന്തെങ്കിലും അന്വേഷണങ്ങൾ നടക്കുന്നുണ്ടോ;

(സി) കഴിഞ്ഞ 5 വർഷക്കാലത്തെ കെ.എസ്.എഫ്.ഇ.യുടെ പ്രവർത്തനം സംബന്ധിച്ച് എന്തെങ്കിലും അഴിമതി ആരോപണങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സാമ്പത്തിക ക്രമക്കേടുകൾ സംബന്ധിച്ച് എം.ഡി.യുടെ പേരിൽ നടത്തുന്ന വിജിലൻസ് അന്വേഷണം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണ്;

(ഇ) എം.ഡി.യുടെ കാലാവധി നീട്ടിക്കൊടുക്കാൻ സർക്കാരിൽ അപേക്ഷ കിട്ടിയിട്ടുണ്ടോ?

ഉത്തരം

(എ) 30.9.1996ൽ

(ബി) ഉണ്ട്.

(സി) ഇല്ല

(ഡി) കമ്പനിക്ക് സാമ്പത്തിക നഷ്ടം ഉണ്ടാക്കി എന്ന എം.ഡി.ക്കെതിരെ നല്കിയ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ വിജിലൻസ് അന്വേഷണം നടന്നുകൊണ്ടിരിക്കുന്നു.

(ഇ) ഇല്ല.

**40 (2393) കെ.എഫ്.സിയിലും കെ.എസ്.എഫ്.ഇയിലും നിലവിലുള്ള ഒഴിവുകൾ**

ശ്രീ. എം.കെ.മുനീർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫൈനാൻഷ്യൽ കോർപ്പറേഷൻ, ഫൈനാൻഷ്യൽ എന്റർപ്രൈസസ് എന്നീ സ്ഥാപനങ്ങളിൽ നിലവിലുള്ള ഒഴിവുകൾ എത്രയാണെന്നും അവ ഏതെല്ലാം തസ്തികകളാണെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്താൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഈ സ്ഥാപനങ്ങളിലെ ഒഴിവുകളിൽ നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) *കേരള ഫൈനാൻഷ്യൽ കോർപ്പറേഷൻ*

| *തസ്തിക* | *ഒഴിവുകളുടെ എണ്ണം* |
|---|---|
| ജൂനിയർ ടെക്നിക്കൽ ഓഫീസർ | 2 |
| ലീഗൽ അസിസ്റ്റന്റ് | 3 |
| അസിസ്റ്റന്റ് | 18 |
| സ്റ്റെനോഗ്രാഫർ | 2 |

LIBRARY ARCHIVES Kerala Legislative Assembly

| | |
|---|---|
| റിസപ്ഷനിസ്റ്റ്/ടെലിഫോൺ ഓപ്പറേറ്റർ | 1 |
| ടൈപ്പിസ്റ്റ് | 3 |
| *ഫൈനാൻഷ്യൽ എന്റർപ്രൈസസ്* | |
| ജൂനിയർ അസിസ്റ്റന്റ് | 460 |
| ടൈപ്പിസ്റ്റ് | 5 |
| പ്യൂൺ/വാച്ച്മാൻ | 35 |
| ഡ്രൈവർ | 3 |

(ബി) മേൽപറഞ്ഞ തസ്തികകൾ പി.എസ്.സി. വഴി നിയമനം നടത്താൻ നടപടി കെ.എഫ്.സി.യും, കെ.എസ്.എഫ്.ഇ.യും സ്വീകരിച്ചിട്ടുണ്ട്.

(സി) പി.എസ്.സി.യിൽ നിന്ന് റാങ്ക് ലിസ്റ്റ് കിട്ടുന്ന മുറയ്ക്ക് നിയമനം നടത്തുന്നുണ്ട്. ഫിനാൻഷ്യൽ എന്റർപ്രൈസസിലെ ജൂനിയർ അസിസ്റ്റന്റ്/ഡ്രൈവർ തസ്തികകൾക്ക് പി.എസ്.സി. ലിസ്റ്റ് നിലവിലില്ല.

**41 (2394) കേരള ഫൈനാൻഷ്യൽ എന്റർപ്രൈസസിന്റെ പ്രവർത്തനം**

ശ്രീ. കെ. ബാബു :
ശ്രീമതി സാവിത്രി ലക്ഷ്മണൻ :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. അടൂർ പ്രകാശ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ഫൈനാൻഷ്യൽ എന്റർപ്രൈസസ് ഇപ്പോൾ എത്ര സല വീതം ഉള്ള ചിട്ടികളാണ് നടത്തിവരുന്നത്.

(ബി) പ്രസ്തുത സ്ഥാപനത്തിന് എന്തു തുക കടം ഇനത്തിൽ പിരിഞ്ഞു കിട്ടാനുണ്ട്;

ഉത്തരം

(എ) 10,000/- രൂപ മുതൽ 5 ലക്ഷം രൂപ വരെ സലയുള്ള ചിട്ടികൾ കെ.എസ്.എഫ്.ഇ.യുടെ വിവിധ ശാഖകൾ വഴി നടത്തിവരുന്നു.

(ബി) കെ.എസ്.എഫ്.ഇ.യുടെ വിവിധ പദ്ധതികളിലായി 1996 മാർച്ച് മാസാവസാനം വരെയുള്ള കണക്കനുസരിച്ച് 1613.38 ലക്ഷം രൂപ കുടിശ്ശികയായി പിരിഞ്ഞു കിട്ടാനുണ്ട്.

**42 (2395) കേരള ഫൈനാൻഷ്യൽ എന്റർപ്രൈസസിന്റെ സാമ്പത്തിക സ്ഥിതി**

ശ്രീ. എം. നാരായണൻ(കുഴൽമന്ദം) : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഫൈനാൻഷ്യൽ എന്റർപ്രൈസസിന്റെ നിലവിലുള്ള സാമ്പത്തിക സ്ഥിതി വ്യക്തമാക്കാമോ;



LIBRARY ARCHIVES Kerala Legislative Assembly

(ബി) കഴിഞ്ഞ അഞ്ചുവർഷക്കാലത്തിനിടയിൽ എന്തു തുക പിരിഞ്ഞു കിട്ടാനുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) ഇതിനകം എത്ര റവന്യൂറിക്കവറി നടപടി സ്വീകരിച്ചു;

(ഡി) ഇതുമൂലം എന്തുതുക പിരിച്ചെടുത്തു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 31.3.1996ലെ താൽക്കാലിക കണക്കനുസരിച്ച് കമ്പനിയുടെ ലാഭം 584.70 ലക്ഷം രൂപയാണ്.

31.5.1996 വരെ കമ്പനിയുടെ ചിട്ടിയുടെയും വിവിധവായ്പ പദ്ധതികളിൻ കീഴിൽ കൊടുത്തിട്ടുള്ള സംഖ്യയുടെയും കണക്ക് താഴെ പറയുംപ്രകാരമാണ്.

| *പദ്ധതി* | *രൂപ ലക്ഷത്തിൽ* |
|---|---|
| 1) ചിട്ടിസല | 3340.09 |
| 2) ഹയർപർച്ചേസ്(ജനറൽ) | 3927.67 |
| 3) തൊഴിലധിഷ്ഠിത ഹയർപർച്ചേസ് | 76.63 |
| 4) ഹൗസ് മോഡേണൈസേഷൻ | 448.28 |
| 5) പണ്ടം പണയം | 429.55 |
| 6) ട്രേഡ് ലോൺ | 952.55 |
| 7) പാസ്സ് ബുക്ക് ലോൺ | 259.55 |
| 8) ഫിക്സഡ് ഡെപ്പോസിറ്റ് ലോൺ | 1073.80 |
| 9) ഭവനവായ്പാ പദ്ധതി | 568.91 |
| 10) ന്യൂ ചിട്ടി ലോൺ | 6224.87 |

സ്ഥിര നിക്ഷേപ ഇനത്തിൽ 31.5.1996 വരെ 15127.66 ലക്ഷം രൂപയും സുഗമ പദ്ധതിയിൽ 1633.08 ലക്ഷം രൂപയും സമാഹരിച്ചിട്ടുണ്ട്. കമ്പനിയുടെ സാമ്പത്തിക നില ഭദ്രമാണ്.

(ബി) 31.3.1996-ലെ താൽക്കാലിക കണക്കനുസരിച്ച് 1613.38 ലക്ഷം രൂപ കുടിശ്ശികയിനത്തിൽ പിരിഞ്ഞുകിട്ടാനുണ്ട്.

(സി) 31.3.1996 വരെ 4705 കേസ്സുകളിലായി 518.83 ലക്ഷം രൂപ (മുതൽ)ക്ക് റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) 1979-80 മുതൽ 1995-96 വരെ 1025.63 ലക്ഷം രൂപ (പലിശയടക്കം) പിരിച്ചെടുത്തിട്ടുണ്ട്.

### 43 (2396) ധനകാര്യ സെക്രട്ടറിയുടെ ഡൽഹി സന്ദർശനം

ശ്രീ. ഡോ.എം.എ.കുട്ടപ്പൻ : താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ധനകാര്യ സെക്രട്ടറി എത്ര തവണ ഡൽഹി സന്ദർശിച്ചിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly

## ഉത്തരം

മുഖ്യമന്ത്രിയെ അനുഗമിച്ച് ഒരു തവണ ഡൽഹി സന്ദർശിച്ചിട്ടുണ്ട്.

### 44 (2397) പെൻഷൻ വർദ്ധിപ്പിക്കുന്നതിന് നടപടി

ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. സി.മോയിൻകുട്ടി :
ശ്രീ. നാലകത്തുസൂപ്പി :
ശ്രീ.കെ.പി.എ. മജീദ് :
ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി :
ശ്രീ. ചെർക്കളം അബ്ദുള്ള : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 1996 ജൂൺ 30 വരെ സർക്കാർ സർവീസിൽ നിന്നും പിരിഞ്ഞ എത്രപേർക്ക് പെൻഷൻ നൽകി വരുന്നുണ്ടെന്നുള്ള വിവരം ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ 5 സാമ്പത്തിക വർഷങ്ങളിൽ ഓരോ വർഷവും എന്തു തുക ഈ ഇനത്തിൽ പെൻഷൻ നൽകിയിട്ടുണ്ട്;

(സി) പെൻഷൻകാർക്ക് മറ്റെന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിവരുന്നത്;

(ഡി) കൂടുതൽ ആനുകൂല്യങ്ങൾ നൽകുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) സംസ്ഥാനത്ത് പെൻഷൻ വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിവേദനം സർക്കാരിനു ലഭിച്ചിട്ടുണ്ടോ;

(എഫ്) പ്രസ്തുത നിവേദനത്തിലെ മുഖ്യ ആവശ്യങ്ങൾ എന്തെല്ലാമായിരുന്നു; അതിൽ ഏതെങ്കിലും ആവശ്യങ്ങൾ അംഗീകരിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ ഏതെന്നു വ്യക്തമാക്കുമോ?

## ഉത്തരം

(എ) ഇപ്പോൾ ഫാമിലി പെൻഷൻകാർ ഉൾപ്പെടെ 2.69 ലക്ഷം പേർക്ക് പെൻഷൻ നൽകിവരുന്നു. ജില്ല തിരിച്ചുള്ള വിവരം ശേഖരിച്ചു വരുന്നു.

(ബി) കഴിഞ്ഞ 5 സാംപത്തിക വർഷങ്ങളിൽ പെൻഷൻ (കുടുംബ പെൻഷൻ ഉൾപ്പെടെ) താഴെ പറയുന്നപ്രകാരം നൽകിയിട്ടുണ്ട്.

1991 - 92 : 33489 ലക്ഷം രൂപ

1992 - 93 : 36726 ലക്ഷം രൂപ

1993 - 94 : 45902 ലക്ഷം രൂപ

1994 - 95 : 55805 ലക്ഷം രൂപ

1995 - 96 : 70546 ലക്ഷം രൂപ

(സി) പെൻഷൻകാർക്കായി ജി.ഒ.(പി)253/96/ധന. എന്ന 15.3.96ലെ ഉത്തരവുപ്രകാരം മെഡിക്കൽ ബെനിഫിറ്റ് സ്കീം പരിഗണനയിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ 65 വയസ്സിനുമേൽ പ്രായമുള്ളവർക്ക് 25 രൂപ മെഡിക്കൽ അലവൻസും നൽകുന്നുണ്ട്.

(ഡി) കൂടുതൽ ആനുകൂല്യങ്ങൾ നൽകാനുള്ള നിർദ്ദേശം പരിഗണനയിലില്ല.

(ഇ) നിവേദനം ലഭിച്ചിട്ടുണ്ട്.

(എഫ്) മേൽപറഞ്ഞ ആവശ്യം കൂടാതെ ജി.ഒ.പി.365/94/ധന. എന്ന 1.6.94-ലെ ഉത്തരവുപ്രകാരം പുതുക്കിയ പെൻഷൻകുടിശ്ശിക അനുവദിക്കുക, ഓപ്ഷൻ/റീ ഓപ്ഷൻ സൗകര്യം നൽകുക. പെൻഷൻ വെൽഫെയർ ഫണ്ട് രൂപീകരിക്കുക എന്നിവ മുഖ്യ ആവശ്യങ്ങളായിരുന്നു. ജി.ഒ.പി.651/95/ധന. എന്ന 9.10.95ലെ ഉത്തരവുപ്രകാരം പെൻഷൻ റിവിഷൻ 1.7.93 മുതൽ പ്രാബല്യം നൽകിയിട്ടുണ്ട്. ജി.ഒ.(പി)503/95/ധന. എന്ന 21.8.95 ലെ ഉത്തരവു പ്രകാരം ഓപ്ഷൻ സൗകര്യം അനുവദിച്ചിട്ടുണ്ട്. ജി.ഒ.(പി)253/96/ധന എന്ന 15.3.96ലെ ഉത്തരവുപ്രകാരം മെഡിക്കൽ ബെനിഫിറ്റ് സ്കീം പെൻഷൻകാർക്കായി പരിഗണനയിലുണ്ട്.

### 45 (2398) സെയിൽടാക്സ് ഇൻസ്പെക്ടർമാരുടെ സ്വത്തുവിവരം

ശ്രീ. ജോണിനെല്ലൂർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സെയിൽടാക്സ് ഡിപ്പാർട്ടുമെന്റിലെ തിരുവനന്തപുരത്തുള്ള സ്ക്വാഡ് നമ്പർ രണ്ടിൽ എത്ര ഇൻസ്പെക്ടർമാരുണ്ടെന്നു വ്യക്തമാക്കാമോ;

(ബി) ഇവരുടെ പേരു വിവരം വെളിപ്പെടുത്താമോ;

(സി) ഇവിടെ ജോലിയിൽ പ്രവേശിച്ച ശേഷം ഇവർ ആർജ്ജിച്ച സ്വത്തുവിവരം സർക്കാരിനെ അറിയിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇതിന്റെ വിശദീകരണം ആരാഞ്ഞിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അതിന്റെ കോപ്പി മേശപ്പുറത്തു വയ്ക്കുമോ;

(എഫ്) ഈ സ്ക്വാഡിൽ മൂന്നു വർഷത്തിൽ കൂടുതൽ ജോലി ചെയ്യുന്ന എത്ര ഇൻസ്പെക്ടർമാരുണ്ടെന്നു വ്യക്തമാക്കുമോ;

(ജി) നിലവിലുള്ള മാനദണ്ഡങ്ങൾ അനുസരിച്ച് മൂന്നു വർഷത്തിൽ കൂടുതൽ സർവീസുള്ളവരെ ഇനിയും സ്ഥലം മാറ്റാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(എച്ച്) ഇവിടെ മൂന്നു വർഷത്തിൽ കൂടുതൽ സർവീസുള്ളവരെ സ്ഥലം മാറ്റാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) 3 ഇൻസ്പെക്ടർമാർ, പേരു വിവരം താഴെ ചേർക്കുന്നു.

ശ്രീ.ജി. സുഗതൻ

ശ്രീ. ടി.പി. മുഹമ്മദ് ഹനീഫ.

ശ്രീ. ഡി. സുരേഷ് കുമാർ.

(ഡി) വിവരം ശേഖരിച്ചു വരുന്നു.

(ഇ) ചോദ്യമുദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ആരും തന്നെയില്ല

(ജി) ചോദ്യമുദിക്കുന്നില്ല.

(എച്ച്) ചോദ്യമുദിക്കുന്നില്ല.

**46 (2399) വിൽപന നികുതി ഉദ്യോഗസ്ഥന്മാരുടെ നിയമനം**

ശ്രീ. കെ.കുട്ടി അഹമ്മദ്കുട്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്പന നികുതി ഉദ്യോഗസ്ഥന്മാരുടെ നിയമനത്തിനുള്ള പി.എസ്സ്.സി. ലിസ്റ്റ് നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ലിസ്റ്റിൽ നിന്നുംനാളിതുവരെയായി എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ട്;

(സി) അടുത്ത ഒരു വർഷത്തിനുള്ളിൽ ഉണ്ടാകാനിടയുള്ള എത്ര ഒഴിവുകൾ ആണ് പി.എസ്.സി.യെ അറിയിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി & സി) വിവരം ശേഖരിച്ചു വരുന്നു.

**47 (2400) ഗൾഫ് നാടുകളിൽ നിന്ന് മടങ്ങി വരുന്നവർക്ക് ഉദാരവ്യവസ്ഥയിൽ വായ്പ**

ശ്രീ. മാമ്മൻ മത്തായി : താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

ഗൾഫ് നാടുകളിൽ നിന്നും മടങ്ങി വരുന്നവർക്ക് വ്യവസായ സംരംഭങ്ങളിൽ ഏർപ്പെടുന്നതിനായി കെ.എഫ്.സി. തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും ഉദാര വ്യവസ്ഥയിൽ വായ്പ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

ഗൾഫ് നാടുകളിൽ നിന്നും മടങ്ങിവരുന്നവർക്ക് വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് മുൻഗണന നൽകാറുണ്ട്.

**48 (2401) ആദായ നികുതി സമ്പ്രദായം പരിഷ്ക്കരിക്കാൻ നടപടി**

ശ്രീ. തമ്പാനൂർ രവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദായനികുതി സമ്പ്രദായം പരിഷ്ക്കരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?



LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ആദായ നികുതി കേന്ദ്ര സർക്കാരിന്റെ വിഷയമായതിനാൽ സംസ്ഥാന സർക്കാരിന് ഇക്കാര്യത്തിൽ നടപടി എടുക്കാൻ സാദ്ധ്യമല്ല.

**49 (2402) വില്പന നികുതി കുടിശ്ശിക**

ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ.സി. വേണുഗോപാൽ :
ശ്രീ. കെ. സുധാകരൻ :
ശ്രീ. ഇ.എം. അഗസ്തി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 30.6.96 വരെ എത്ര വ്യാപാര സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) 30.6.1996 വരെ വില്പന നികുതി ഇനത്തിൽ എന്തു തുക കുടിശ്ശികയായി പിരിഞ്ഞു കിട്ടാനുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ എന്തു തുകയ്ക്കുള്ള വില്പന നികുതി കുടിശ്ശികയുണ്ടായിരുന്നു;

(ഡി) ഈ ഗവൺമെന്റിന്റെ കാലത്ത് വകുപ്പു മന്ത്രി, റവന്യൂ ബോർഡ്, വകുപ്പ് സെക്രട്ടറി എന്നീ തലങ്ങളിൽ എന്തു തുകയ്ക്കുള്ള വില്പന നികുതിക്ക് സ്റ്റേ നൽകിയിട്ടുണ്ട്?

ഉത്തരം

(എ) 30.6.96 വരെ രജിസ്റ്റർ ചെയ്തിട്ടുള്ള വ്യാപാര സ്ഥാപനങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ നൽകുന്നു.

| *ജില്ല* | *എണ്ണം* |
|---|---|
| തിരുവനന്തപുരം | 7842 |
| കൊല്ലം | 8017 |
| പത്തനംതിട്ട | 3910 |
| ആലപ്പുഴ | 6982 |
| കോട്ടയം | 9081 |
| ഇടുക്കി | 2446 |
| എറണാകുളം | 108666 |
| മട്ടാഞ്ചേരി | 9985 |
| തൃശ്ശൂർ | 14325 |
| പാലക്കാട് | 7031 |
| മലപ്പുറം | 6960 |
| കോഴിക്കോട് | 10538 |
| വയനാട് | 1654 |

LIBRARY ARCHIVES Kerala Legislative Assembly

| | |
|---|---|
| കണ്ണൂർ | 9117 |
| കാസർകോട് | 2977 |
| ആകെ | 209531 |

(ബി) 30.6.96 വരെ വില്പന നികുതിയിനത്തിൽ പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശിക ജില്ല തിരിച്ച് ചുവടെ നൽകുന്നു.

| *ജില്ല* | *കുടിശ്ശിക തുക(കോടി രൂപയിൽ)* |
|---|---|
| തിരുവനന്തപുരം | 39.97 |
| കൊല്ലം | 69.53 |
| പത്തനംതിട്ട | 0.21 |
| ആലപ്പുഴ | 13.76 |
| കോട്ടയം | 26.79 |
| ഇടുക്കി | 8.45 |
| എറണാകുളം | 94.87 |
| മട്ടാഞ്ചേരി | 73.27 |
| തൃശ്ശൂർ | 21.74 |
| പാലക്കാട് | 34.48 |
| മലപ്പുറം | 10.16 |
| കോഴിക്കോട് | 34.74 |
| വയനാട് | 5.86 |
| കണ്ണൂർ | 20.78 |
| കാസർകോട് | 2.35 |

(സി) 472.71 കോടി രൂപ

(ഡി) ഇല്ല

**50 (2403) വില്പന നികുതി നിർണ്ണയം നടത്തുന്നതിന് നേരിടുന്ന കാലതാമസം ഒഴിവാക്കുന്നതിന് നടപടി**

ശ്രീ. എസ്. ശർമ്മ :
ശ്രീ. പി. രാഘവൻ :
ശ്രീ. എ. കണാരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്പന നികുതി നിർണ്ണയം നടത്തുന്നതിന് ഇന്ന് നേരിടുന്ന കാലതാമസം ഒഴിവാക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) കാർഷികാദായനികുതി വില്പന നികുതി അപ്പലേറ്റ് ട്രൈബ്യൂണലിൽ 31.3.1996-ന് അവസാനിക്കുന്ന വർഷത്തിൽ വില്പന നികുതി സംബന്ധിച്ച എത്ര അപ്പീൽ കേസ്സുകൾ ഉണ്ടെന്ന് പറയാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇതേ കാലയളവിൽ കാർഷികാദായ നികുതി സംബന്ധിച്ച എത്ര അപ്പീൽ കേസ്സുകളുണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) ഏത് കാലയളവ് മുതലുള്ളതാണ് പ്രസ്തുത നികുതി കുടിശ്ശിക എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 29.7.93-ലെ ഫിനാൻസ് ആക്ട് പ്രകാരം നികുതി നിർണ്ണയം (അസസ്മെന്റ്) നടത്തുന്നതിന് 4 വർഷത്തെ സമയപരിധി അനുവദിച്ചിട്ടുണ്ട്. അതായത് 1.7.97 നകം 92-93 വരെയുള്ള മുഴുവൻ അസസ്മെന്റുകളും തീർക്കാൻവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) 19310 കേസ്സുകൾ

(ഡി) 5166 കേസ്സുകൾ

(ഇ) 1979-80 മുതലുള്ള കേസുകൾ നിലവിലുണ്ട്.

**51 (2404) കുടിശ്ശിക നികുതി അടയ്ക്കാൻ നടപടി**

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ ഗവൺമെന്റിന്റെ കാലത്ത് കേരള ജനറൽ സെയിൽസ് ടാക്സ് ആക്ടിലെ '5(എ)' വകുപ്പു പ്രകാരം നികുതി അടയ്ക്കുന്നതിൽ നിന്നും ആരെയെങ്കിലും ഒഴിവാക്കാൻ ഗവൺമെന്റ് തീരുമാനിച്ചിരുന്നുവോ; ഉണ്ടെങ്കിൽ ആരെയൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതുമൂലം ഗവൺമെന്റിന് എത്ര കോടി രൂപയുടെ നഷ്ടം ഉണ്ടായി എന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയാണെന്നു വ്യക്തമാക്കുമോ;

(സി) നികുതി കുടിശ്ശിക വരുത്തിയവരുടെ മേൽ നടപടിയെടുത്ത് നികുതി അടപ്പിക്കാൻ ഗവൺമെന്റ് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നാടൻകട്ട, കമ്പിക്കട്ട, ഓട്, തീപ്പെട്ടി, പാക്കിംഗ് കെയ്സുകൾ, തേയിലപ്പെട്ടികൾ പ്ലൈവുഡ്, സ്പ്ലിന്റ്, വെനീർ, വുഡൻ ക്രേറ്റ്സ്, വുഡൻ കേബിൾ ഡ്രംസ് എന്നിവ നിർമ്മിക്കുന്നതിനു ചെറുകിട വ്യവസായ യൂണിറ്റുകൾ വാങ്ങുന്ന പാഴ്തടി, കളിമണ്ണ്, വിറക് എന്നിവയിൻമേൽ കേരള പൊതുവില്പന നികുതി നിയമത്തിലെ '5 എ' വകുപ്പ് പ്രകാരം ഉള്ള വാങ്ങൽ നികുതി 1.1.94 മുതൽ ഒഴിവാക്കിയിട്ടുണ്ട്.

(ബി) കണക്കാക്കിയിട്ടില്ല.

(സി) നികുതി കുടിശ്ശിക വരുത്തിയിട്ടുള്ള കേസുകളിലെല്ലാം തന്നെ നികുതി പിരിച്ചെടുക്കുന്നതിനായി റവന്യൂ റിക്കവറി മുതലായ നടപടികൾ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

## 52 (2405) വില്പന നികുതി ഏകീകരിക്കാൻ നടപടി

ശ്രീ. സി.ടി. അഹമ്മദ് അലി : താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് നിലവിലുള്ള വിൽപ്പന നികുതി ഏകീകരിച്ച് നികുതി നിരക്ക് കുറയ്ക്കുവാൻ ഗവൺമെന്റ് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

വില്പന നികുതി നിയമം കാലോചിതമായി പരിഷ്കരിക്കുന്നതും ലഘൂകരിക്കുന്നതും ഉൾപ്പെടെയുള്ള കാര്യങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ജസ്റ്റിസ് രാധാകൃഷ്ണമേനോൻ ചെയർമാനായി ഒരു കമ്മീഷനെ സർക്കാർ നിയമിക്കുകയുണ്ടായി, പ്രസ്തുത കമ്മീഷൻ നൽകിയ റിപ്പോർട്ട് ഗവൺമെന്റ് പരിശോധിച്ചു വരികയാണ്. റിപ്പോർട്ടിനെപ്പറ്റി പൊതു ചർച്ച നടത്തി ഗവൺമെന്റ് നിയമിക്കുന്ന ഒരു വിദഗ്ദ്ധ സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

## 53 (2406) സ്വർണ്ണത്തിൻമേലുള്ള സെയിൽ ടാക്സിനത്തിൽ പിരിഞ്ഞുകിട്ടിയ തുക

ശ്രീ. കെ. സുധാകരൻ :
ശ്രീ. കെ.സി. ജോസഫ് :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. എം. മുരളി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ചുവർഷങ്ങളിൽ ഓരോ വർഷവും സ്വർണ്ണത്തിൻമേലുള്ള സെയിൽ ടാക്സിനത്തിൽ എന്തു തുക പിരിഞ്ഞുകിട്ടി;

(ബി) ഈ ഇനത്തിൽ ഉള്ള വരവ് വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) സ്വർണ്ണത്തിൻമേലുള്ള സെയിൽടാക്സിനത്തിൽ കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ ഓരോ വർഷവും പിരിഞ്ഞുകിട്ടിയ തുക ചുവടെ നൽകുന്നു.

| *വർഷം* | *തുക(ലക്ഷം രൂപയിൽ)* |
|---|---|
| 1991-92 | 621.52 |
| 1992-93 | 710.27 |
| 1993-94 | 852.34 |
| 1994-95 | 1079.41 |
| 1995-96 | 1210.45 |

(ബി) വരവ് വർദ്ധിപ്പിക്കുന്നതിനായി സാദ്ധ്യമായ എല്ലാ നടപടികളും കൈക്കൊള്ളുന്നുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

54 (2409) 'ഭീമാ ആന്റ് ബ്രദേഴ്സ് ജൂവലറി' ഷോപ്പുമായി ബന്ധപ്പെട്ട് അന്വേഷണങ്ങളും റെയ്ഡുകളും

ശ്രീ. ജി. സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴയിൽ ഭീമാ ആന്റ് ബ്രദേഴ്സ് നടത്തുന്ന ജൂവലറി ഷോപ്പുമായി ബന്ധപ്പെട്ട് നാളിതുവരെ ധനകാര്യ വകുപ്പുമായി എത്ര അന്വേഷണങ്ങളും റെയ്ഡുകളും നടന്നിട്ടുണ്ട്;

(ബി) പ്രസ്തുത നടപടികളുടെ അടിസ്ഥാനത്തിൽ ഈ സ്ഥാപനത്തിനെതിരെ എത്ര കേസുകൾ നിലവിലുണ്ട്;

(സി) ഇതുവരെ സ്വർണ്ണം, പണം, മറ്റു വസ്തുക്കൾ എന്നീ ഇനങ്ങളിൽ എന്തു തുകയാണ് ഗവൺമെന്റിന് ലഭിച്ചിട്ടുള്ളത്;

(ഡി) ധനകാര്യവകുപ്പു നടത്തിയ റെയ്ഡിന്റെ അടിസ്ഥാനത്തിൽ, 'ഭീമാ ആന്റ് ബ്രദേഴ്സിന്റെ' പേരിൽ ശിക്ഷകൾ വിധിച്ചിട്ടുണ്ടെങ്കിൽ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഇ) ശിക്ഷാ നടപടികൾക്കെതിരെ 'ഭീമാ ആന്റ് ബ്രദേഴ്സ്' അപ്പീൽ നൽകിയിട്ടുണ്ടോ?

ഉത്തരം

(എ) മുതൽ (ഇ) വരെ

വിവരം ശേഖരിച്ചു വരുന്നു.

55 (2410) മലഞ്ചരക്കുകൾ കടത്തിക്കൊണ്ടു പോകുന്നത് തടയാൻ നടപടി

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ അതിർത്തി ജില്ലകളിൽ വില്പന നികുതി ഉദ്യോഗസ്ഥന്മാരുടെ ശ്രദ്ധയിൽപ്പെടാതെ ലക്ഷക്കണക്കിന് രൂപയുടെ മലഞ്ചരക്കുകൾ അന്യസംസ്ഥാനങ്ങളിലേക്ക് കടത്തികൊണ്ടു പോകുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് തടയാൻ ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്

(ബി) നടപടി സ്വീകരിച്ചുവരുന്നു.

56 (2411) കാർഷികാദായ നികുതി

ശ്രീ. കെ.സി. വേണുഗോപാൽ :
ശ്രീ. എം. മുരളി :
ശ്രീ. എഴുകോൺ നാരായണൻ :

ശ്രീ. കെ.സി. ജോസഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷികാദായ നികുതി കൊടുക്കുന്നവരുടെ എണ്ണം എത്ര;

(ബി) ഇവരിൽ നികുതി കോമ്പൗണ്ട് ചെയ്തവരുടെ എണ്ണമെത്ര;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം വകുപ്പ് മന്ത്രി, വകുപ്പ് സെക്രട്ടറി, റവന്യൂബോർഡ് എന്നീ തലങ്ങളിൽ എന്തു തുകയ്ക്കുള്ള കാർഷികാദായ നികുതി സ്റ്റേ നൽകിയിട്ടുണ്ട്?

ഉത്തരം

(എ & ബി)വിവരം ശേഖരിച്ചുവരുന്നു.

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിന് ശേഷം കാർഷി കാദായ നികുതി കുടിശ്ശികയ്ക്ക് സ്റ്റേ നൽകിയിട്ടില്ല.

57 (2412) കാർഷികാദായനികുതി-വിൽപ്പനനികുതി വകുപ്പിലെ സ്ഥലം മാറ്റം

ശ്രീമതി രാധാരാഘവൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. ഇ.എം.അഗസ്തി :
ശ്രീ. കെ. സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കാർഷി കാദായ നികുതി - വിൽപന നികുതി വകുപ്പിൽ നിന്ന് എത്ര ഉദ്യോഗസ്ഥ ന്മാരെ സ്ഥലം മാറ്റിയിട്ടുണ്ട്;

(ബി) ഇവരിൽ ഒന്നിലധികം പ്രാവശ്യം സ്ഥലം മാറ്റപ്പെട്ടവരെത്ര;

(സി) ചുരുങ്ങിയ കാലത്തിനുള്ളിൽ ഒന്നിലധികം പ്രാവശ്യം സ്ഥലം മാറ്റാനുള്ള കാരണമെന്തെന്ന് വ്യക്തമാക്കാമോ;

(ഡി) ഒരു സ്ഥലത്തുതന്നെ മൂന്ന് വർഷത്തിൽ താഴെ മാത്രം സർവ്വീ സുള്ള എത്രപേരെ ഈ വകുപ്പിൽ സ്ഥലം മാറ്റിയിട്ടുണ്ട്?

ഉത്തരം

(എ) 849

(ബി) ആരെയും ഒന്നിലധികം തവണ സ്ഥലം മാറ്റിയിട്ടില്ല.

(സി) ബാധകമല്ല

(ഡി) ഭരണപരമായ സൗകര്യങ്ങൾ പരിഗണിച്ച് ചില സ്ഥലം മാറ്റ ങ്ങൾ നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

**58 (2413) റവന്യൂറിക്കവറി സ്റ്റേ മൂലം പിരിഞ്ഞു കിട്ടാനുള്ള തുക**

ശ്രീ. കെ.പി.രാജേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ റവന്യൂ റിക്കവറി സ്റ്റേ മൂലം എന്ത് തുക സർക്കാരിന് പിരിഞ്ഞു കിട്ടാൻ ബാക്കിയുണ്ട്;

(ബി) സർക്കാർ ഖജനാവിലേക്ക് ലഭിക്കേണ്ട കോടിക്കണക്കിന് രൂപ സ്റ്റേ കൊടുത്തതിന്റെ ഫലമായി കിട്ടാതെ പോയതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) & (ബി) വിവരം ശേഖരിച്ചു വരുന്നു.

**59 (2414) വിദേശമദ്യത്തിന്റെ തീരുവ കുറയ്ക്കുന്ന നടപടി**

ശ്രീ. മാമ്മൻ മത്തായി :
ശ്രീ. ജോണി നെല്ലൂർ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വിദേശമദ്യത്തിന്റെ തീരുവ കുറച്ചിട്ടുണ്ടോ;

(ബി) അന്യസംസ്ഥാനങ്ങളിൽ നിന്ന് ചാരായവും വിദേശമദ്യവും കേരളത്തിലേക്ക് കടത്തുന്നതുമൂലം സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിൽ കുറവു വന്നുകൊണ്ടിരിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ റവന്യൂ നഷ്ടം പരിഹരിക്കാൻ വിദേശമദ്യത്തിന്റെ വില അന്യ സംസ്ഥാനങ്ങളിലെ മദ്യവിലയോട് തുല്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) വില വർദ്ധിച്ചതുമൂലം വിദേശമദ്യങ്ങളുടെ വിൽപ്പനയിൽ കുറവുണ്ടായിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഇല്ല

(ബി) ഇല്ല

(സി) ചോദ്യം ഉദിക്കുന്നില്ല

(ഡി) ഇത് കണക്കാക്കിയിട്ടില്ല.

**60 (2415) ചാരായ നിരോധനം നടപ്പിലാക്കുന്നതിന് ജനകീയ കമ്മിറ്റികൾ**

ശ്രീ. കെ. കുട്ടിഅഹമ്മദ്കുട്ടി :
ശ്രീ. ടി.എം.ജേക്കബ് :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോണി നെല്ലൂർ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. പി.കെ കുമാരൻ :
ശ്രീ. എളമരം കരീം :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. റോസമ്മചാക്കോ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാരായ നിരോധനലംഘനത്തോടനുബന്ധിച്ച് കഴിഞ്ഞ അസംബ്ലി പൊതുതെരഞ്ഞെടുപ്പിനു മുമ്പ് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) ചാരായ നിരോധനം ഫലപ്രദമായി നടപ്പിലാക്കുന്നതിന് ജനകീയ കമ്മിറ്റികൾ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ കമ്മിറ്റിയുടെ ഘടനയും, പ്രവർത്തനവും എന്തായിരിക്കും എന്ന് വ്യക്തമാക്കാമോ;

(സി) വ്യാജചാരായ വേട്ടയ്ക്ക് മുൻ സർക്കാർ ജില്ലകൾതോറും കളക്ടർമാരുടെ മേൽനോട്ടത്തിൽ രൂപീകരിച്ച മോണിറ്ററിംഗ് കമ്മിറ്റികൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ;

(ഡി) സംസ്ഥാനത്തെ ഉത്തരമേഖലയിലുള്ള ചെക്ക്പോസ്റ്റുകൾ വഴി വ്യാജ സ്പിരിറ്റ് കടത്തികൊണ്ടു വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഇത് നിയന്ത്രിക്കാനാവശ്യമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ?

ഉത്തരം

(എ) 1214 കേസുകൾ ജില്ല തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| തിരുവനന്തപുരം | : | 226 |
| കൊല്ലം | : | 88 |
| പത്തനംതിട്ട | : | 88 |
| ആലപ്പുഴ | : | 59 |
| കോട്ടയം | : | 54 |
| ഇടുക്കി | : | 34 |
| എറണാകുളം | : | 30 |
| തൃശ്ശൂർ | : | 35 |
| പാലക്കാട് | : | 120 |
| മലപ്പുറം | : | 26 |
| കോഴിക്കോട് | : | 230 |
| വയനാട് | : | 69 |
| കണ്ണൂർ | : | 71 |
| കാസർഗോഡ് | : | 84 |



LIBRARY ARCHIVES Kerala Legislative Assembly

(ബി) 15.7.1996-ലെ ജി.ഒ.എം.എസ്. 109/96/റ്റി.ഡി. എന്ന ഉത്തരവ് പ്രകാരം ത്രിതല ജനകീയ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. അവയുടെ ഘടനയും, പ്രവർത്തനവും അടങ്ങിയ സർക്കാർ ഉത്തരവ് അനുബന്ധമായി കൊടുത്തിട്ടുണ്ട്.*

(സി) ഉണ്ട്.

(ഡി) & (ഇ) വിവരം ശേഖരിച്ചുവരുന്നു.

**61 (2416) സ്വകാര്യമേഖലയിൽ ബിയർ പാർലറുകൾ**

ശ്രീമതി എൻ.കെ. രാധ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസ്റ്റ് റിസോർട്ടുകളോടനുബന്ധിച്ച് സ്വകാര്യമേഖലയിൽ ബിയർപാർലറുകൾ ആരംഭിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് എന്തെങ്കിലും നിയമം നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് പുതുതായി ബിയർ പാർലറുകൾ ആരംഭിക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് സർക്കാർ ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഇല്ല

(ബി) ഇല്ല

(സി) 1996-97 വർഷത്തെ അബ്കാരി നയത്തിൽപുതിയതായി ബിയർ പാർലറുകൾ ഒന്നും നൽകേണ്ടതില്ലയെന്നു തീരുമാനിച്ചിട്ടുണ്ട്.

**62 (2417) ലഹരിവിരുദ്ധ പ്രവർത്തന രൂപരേഖകൾ തയ്യാറാക്കുന്ന കമ്മിറ്റികൾ**

ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരി വിരുദ്ധ പ്രവർത്തന രൂപരേഖകൾ തയ്യാറാക്കുന്നതിന് കഴിഞ്ഞ സർക്കാർ എത്ര കമ്മിറ്റികൾ രൂപവൽക്കരിച്ചിട്ടുണ്ട്;

(ബി) ഉണ്ടെങ്കിൽ അവ ഏതെല്ലാമാണ്;

(സി) എത്ര തവണ ഈ കമ്മിറ്റികൾ യോഗം കൂടിയിട്ടുണ്ട്;

(ഡി) ഈ കമ്മിറ്റികൾ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ഇ) പ്രവർത്തനരഹിതമായ പ്രസ്തുത കമ്മിറ്റികൾ പിരിച്ചുവിടാൻ നടപടി സ്വീകരിക്കുമോ;

---

* അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ലഹരിപദാർത്ഥങ്ങളുടെ ദുരുപയോഗം നിയന്ത്രിക്കുന്നതിനും തടയുന്നതിനുമായി ഫലപ്രദമായ നിർദ്ദേശങ്ങൾ അടങ്ങുന്ന ഒരു മാസ്റ്റർ പ്ലാൻ 'അഡിക് ഇൻഡ്യ' ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ;

(ജി) പ്രസ്തുത മാസ്റ്റർ പ്ലാനിലെ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന് ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ & ബി) 7.10.93-ലെ ജി.ഒ.(ആർ.റ്റി) 2636/93/എച്ച് ആന്റ് എഫ് ഡബ്ല്യൂ (ഡി) എന്ന ഉത്തരവിൻപ്രകാരം 2000 എ.ഡി.വരെയുള്ള കാലത്ത് നടപ്പിലാക്കേണ്ട മയക്കുമരുന്നുവിരുദ്ധ പ്രവർത്തനങ്ങൾക്ക് രൂപം നൽകുന്നതിനായി എക്സൈസ് കമ്മീഷണർ അദ്ധ്യക്ഷനായി ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്.

(സി) 2 തവണ

(ഡി) ഇല്ല

(ഇ) ഇപ്പോൾ ഉദ്ദേശമില്ല.

(എഫ്) ഇതുവരെയും ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടില്ല.

(ജി) ചോദ്യം ഉദിക്കുന്നില്ല.

**63 (2418) പുതുതായി ഡിസ്റ്റിലറികൾക്ക് വിദേശമദ്യം നിർമ്മിക്കാൻ അനുവാദം**

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യൻ നിർമ്മിത വിദേശമദ്യങ്ങൾ നിർമ്മിക്കാൻ സംസ്ഥാനത്തിനകത്ത് പുതുതായി ഏതെങ്കിലും ഡിസ്റ്റിലറികൾക്ക് അനുവാദം കൊടുത്തിട്ടുണ്ടോ;

(ബി) കേരളത്തിനകത്ത് എത്ര ഡിസ്റ്റിലറികൾ ഇപ്പോൾ പ്രവർത്തിക്കുന്നു;

(സി) വില കുറഞ്ഞ മദ്യം ഉല്പാദിപ്പിക്കാൻ അവർക്ക് അനുമതി നൽകിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നല്കിയിട്ടില്ല.

(ബി) 10 (പത്ത്)

(സി) ഇല്ല.

**64 (2419) പുതിയ ബാറുകൾക്ക് ലൈസൻസ്**

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പുതിയ ബാറുകൾക്ക് ലൈസൻസ് നൽകി എന്ന് വെളിപ്പെടുത്തുമോ;

(ബി) ബാറുകളുടെ ലൈസൻസ് ഫീസ് കുറയ്ക്കാൻ ഉദ്ദേശമുണ്ടോ;

(സി) സംസ്ഥാനത്തുടനീളം ബിയർ പാർലറുകൾ ആരംഭിക്കാൻ ഉദ്ദേശമുണ്ടോ;

ഉത്തരം

(എ) ബാറുകൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്. രണ്ടു ലൈസൻസ് താൽക്കാലികമായി കോടതി ഉത്തരവനുസരിച്ചും, ഒന്ന് കെ.റ്റി.ഡി.സി.യുടെ സംയുക്തസംരംഭത്തിലുമാണ്.

(ബി) ഇല്ല.

(സി) ഇല്ല.

**65 (2420) സ്പിരിറ്റ് കള്ളക്കടത്തുമൂലം ഉണ്ടായ നഷ്ടം**

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :
ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. സി.എൻ. ജയദേവൻ :
ശ്രീ. സത്യൻമൊകേരി :
ശ്രീ. കെ.പി.രാജേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പിരിറ്റ് കള്ളക്കടത്തുമൂലം കഴിഞ്ഞ അഞ്ചുവർഷം സംസ്ഥാനത്തിന് എന്ത് തുകയുടെ നഷ്ടം ഉണ്ടായിട്ടുണ്ട് ;

(ബി) പ്രസ്തുത വിവരം,സംബന്ധിച്ച് നിയമസഭാ സബ്ജക്ട് കമ്മിറ്റി നൽകിയ റിപ്പോർട്ടിലെ എന്തെല്ലാം ശുപാർശകൾ ഇതിനകം നടപ്പിലാക്കിയിട്ടുണ്ട് എന്നു വ്യക്തമാക്കുമോ;

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചു വരുന്നു.

**66 (2421) 1996-97 വർഷത്തെ അബ്കാരി ലേലത്തിൽ പിരിഞ്ഞു കിട്ടിയ സംഖ്യ**

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996-97 വർഷത്തെ അബ്കാരി ലേലത്തിൽ പിരിഞ്ഞു കിട്ടിയ സംഖ്യ എത്ര;

(ബി) കള്ള്, വിദേശമദ്യം എന്നിവയുടെ ഇനം തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) ബാറുകളുടെ ലൈസൻസ് ഫീസ് എത്ര രൂപയാണ്;

(ഡി) സംസ്ഥാനത്ത് ബിവറേജസ് കോർപ്പറേഷൻ വഴി പ്രതിമാസം എന്തു തുകയ്ക്കുള്ള മദ്യം വിറ്റഴിക്കുന്നുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1996-97 വർഷത്തെ ഇന്നേവരെയുള്ള അബ്കാരി ലേലത്തുക 122, 35, 31, 203/- രൂപയാണ്.

(ബി) വിദേശമദ്യം : 71,30,77,731/- രൂപ, കള്ള് : 51, 04, 53, 472/- രൂപ.

(സി) ഒരു ബാറിന്റെ ലൈസൻസ് ഫീസ് 10,00,000/- രൂപയാണ് (പത്തു ലക്ഷം രൂപ)

(ഡി) ശരാശരി 31.73 കോടി രൂപയ്ക്കുള്ള മദ്യം പ്രതിമാസം വിറ്റഴിക്കുന്നുണ്ട്.

**67 (2422) മദ്യനിരോധനംമൂലം തൊഴിൽ നഷ്ടപ്പെട്ടവർ**

ശ്രീ. പാലോട് രവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യനിരോധനംനടപ്പാക്കിയതുമൂലം തൊഴിൽ നഷ്ടപ്പെട്ടവരുടെ പുനരധിവാസത്തിനുവേണ്ട നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ഗവൺമെന്റ് നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിലെ പ്രധാന നിർദ്ദേശങ്ങൾ എന്തൊക്കെയാണ്?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

**68 (2423) കള്ളു വ്യവസായ ക്ഷേമനിധി ബോർഡിൽ നിന്നും വായ്പ എടുത്തിട്ടുള്ള സ്ഥാപനങ്ങൾ**

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കള്ളുവ്യവസായ ക്ഷേമനിധിബോർഡിൽ നിന്നും വായ്പ എടുത്തിട്ടുള്ള സ്ഥാപനങ്ങൾ ഏതെല്ലാം;

(ബി) ഗവൺമെന്റിന് ക്ഷേമനിധിയിൽ നിന്നും എന്തു തുക വായ്പ നൽകിയിട്ടുണ്ട്;

(സി) പോലീസ് വെൽഫെയർ സൊസൈറ്റികൾക്ക് ക്ഷേമനിധിയിൽ നിന്നും വായ്പ കൊടുത്തിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്തു തുക വായ്പ കൊടുത്തു; എന്തു തുക തിരിച്ചടച്ചുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1. കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്

2. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ്

3. കേരള സ്റ്റേറ്റ് ഹെൽത്ത് റിസർച്ച് വെൽഫെയർ സൊസൈറ്റി.



LIBRARY ARCHIVES Kerala Legislative Assembly

4. ട്രാവൻകൂർ റയോൺസ് ലിമിറ്റഡ്

5. കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ ലി.

6. കേരള അഗ്രോമെഷിനറി കോർപ്പറേഷൻ ലിമിറ്റഡ്

7. കേരള പോലീസ് സ്പോർട്സ് ആന്റ് യൂത്ത് വെൽഫെയർ സൊസൈറ്റി.

(ബി) 12/86 മുതൽ 6/92 വരെയുള്ള കാലയളവിൽ ആകെ 119.54 കോടി രൂപ വായ്പ നൽകിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) 2 കോടി രൂപ വായ്പ കൊടുത്തു. മുഴുവൻ തുകയും (പലിശ, പിഴപ്പലിശ ഉൾപ്പെടെ) 1990-ൽ അടച്ചു തീർത്തു.

**69 (2424) കള്ളുഷാപ്പുകളിൽ അനധികൃത ചാരായം വിൽക്കുന്നതിനെതിരെ നടപടി**

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കള്ളുഷാപ്പുകളിൽ അനധികൃത ചാരായം വിൽക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കള്ളുഷാപ്പിൽ നിന്നും ചാരായം കഴിച്ച് ആരെങ്കിലും മരണമടഞ്ഞതായി സർക്കാരിനറിവുണ്ടോ;

(സി) കള്ളുഷാപ്പിൽ കൂടി അനധികൃതമായി ചാരായം വിൽക്കാൻ എക്സൈസ് ഉദ്യോഗസ്ഥർ കൂട്ടുനിൽക്കുന്നു എന്ന ആരോപണത്തെക്കുറിച്ച് അന്വേഷിക്കുമോ?

ഉത്തരം

(എ, ബി & സി) വിവരം ശേഖരിച്ചു വരുന്നു.

**70 (2425) ചളാമ്പറമ്പ് അംഗനവാടിയോട് ചേർന്ന് കള്ളുഷാപ്പ് ആരംഭിക്കാനുള്ള ശ്രമം**

ശ്രീ. കെ.സി. ജോസഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ എരുവേശ്ശി പഞ്ചായത്തിൽ ചളാംപറമ്പ് കിഴക്കേകവലയിലെ അംഗനവാടിയോട്ചേർന്ന് കള്ളുഷാപ്പ് ആരംഭിക്കാനുള്ള ശ്രമം തടയണമെന്ന നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ലൈസൻസ് നൽകിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

**71 (2426) കഞ്ചാവുകൃഷി**

ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വനഭൂമിയിൽ എവിടെയൊക്കെ ഇപ്പോൾ കഞ്ചാവുകൃഷിയുണ്ട്;

(ബി) കഞ്ചാവുകൃഷി നശിപ്പിക്കുവാൻ എന്തെല്ലാം പുതിയ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ഏക്കർ സ്ഥലത്തുള്ള കഞ്ചാവുകൃഷി നശിപ്പിച്ചിട്ടുണ്ട്; അവ എവിടെ എല്ലാം?

ഉത്തരം

(എ, ബി & സി) വിവരം ശേഖരിച്ചു വരുന്നു.

**72 (2427) ദുരിതാശ്വാസ ഫണ്ടുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നേരിട്ടു നല്കാൻ നടപടി**

ശ്രീ. ജി. സുധാകരൻ : താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

വരൾച്ച വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ടുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നാശനഷ്ടത്തിന്റെ അടിസ്ഥാനത്തിൽ നേരിട്ട് നല്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

പ്രകൃതിക്ഷോഭ ദുരിതാശ്വാസഫണ്ടുകൾ ജില്ലാകളക്ടർമാർ വഴിയാണ് നല്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ട് നല്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഇപ്പോൾ പരിഗണനയിലില്ല.

**73 (2430) പഞ്ചായത്തുകൾ ഫണ്ട് ചെലവഴിക്കുന്നതിലുള്ള നിയന്ത്രണം പിൻവലിക്കാൻ നടപടി**

ശ്രീ. തമ്പാനൂർ രവി :
ശ്രീ. കെ.സി.ജോസഫ് :
ശ്രീ. ഇ.എം. അഗസ്തി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫണ്ട് ചെലവഴിക്കുന്നതിൽ പഞ്ചായത്തുകൾക്ക് മേലുള്ള നിയന്ത്രണങ്ങൾ നീക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഈ തുകയിൽ എന്തു വർദ്ധനവ് വരുത്താനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ & ബി) പഞ്ചായത്തുകൾ ഫണ്ട് ചെലവഴിക്കുന്നത് സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള 22.1.96-ലെ സ.ഉ(ആ)നം.15/96/തഭവ. വിജ്ഞാപനം പിൻവലിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

## 74 (2431) അധികാരം ത്രിതല പഞ്ചായത്തുകൾക്ക് നല്കുവാൻ നടപടി

ശ്രീ. മാമ്മൻ മത്തായി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയം ഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തു നഗരപാലികബിൽ നിലവിൽ വന്നശേഷം മുഖ്യ മന്ത്രി കൈകാര്യം ചെയ്യുന്ന വകുപ്പുകളിൽ നിന്നും എന്തെല്ലാം അധികാരങ്ങ ളാണ്. ഗ്രാമപ്പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റി, കോർപ്പറേഷനുകൾക്കു മായി നല്കിയിട്ടുള്ളത്.

(ബി) കൂടുതൽ അധികാരങ്ങൾ പ്രസ്തുത വകുപ്പുകളിൽനിന്നും ത്രിതല പഞ്ചായത്തുകൾക്ക് നല്കുവാൻ ഉദ്ദേശമുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) മുഖ്യമന്ത്രി കൈകാര്യം ചെയ്യുന്ന വകുപ്പുകളിൽനിന്നും ഇതു വരെ അധികാരമൊന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയി ട്ടില്ല.

(ബി) കൂടുതൽ അധികാരങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങൾക്ക് നല്കുന്ന കാര്യത്തിൽ ശുപാർശ സമർപ്പിക്കാൻ ഒരു ഉന്നതതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.കമ്മിറ്റിയുടെ റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് അക്കാര്യം പരിശോധിക്കുന്നതാണ്.

## 75 (2434) പഞ്ചായത്തുകൾക്ക് സ്പെഷ്യൽ ഗ്രാന്റ്

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകൾക്ക് സ്പെഷ്യൽ ഗ്രാന്റ് കൊടുക്കുവാനുള്ള വ്യവസ്ഥ അനുസരിച്ച് 1995-96 വർഷത്തിൽ എത്ര രൂപ കൊടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പഞ്ചായത്തിനുള്ള സ്പെഷ്യൽ ഗ്രാന്റ് കൊടുക്കുവാനുള്ള വ്യവസ്ഥകൾ എന്തെല്ലാം?

### ഉത്തരം

(എ) പഞ്ചായത്തുകൾക്ക് സ്പെഷ്യൽ ഗ്രാന്റ് കൊടുക്കുവാനുള്ള വ്യവസ്ഥ അനുസരിച്ച് 1995-96 വർഷത്തിൽ ഒരു പഞ്ചായത്തിനും സ്പെഷ്യൽ ഗ്രാന്റ് നൽകിയിട്ടില്ല.

(ബി) . സ്പെഷ്യൽ ഗ്രാന്റ് കൊടുക്കുവാനുള്ള മാനദണ്ഡങ്ങൾ താഴെ പ്പറയും പ്രകാരമാണ്:-

1. വികസനപരമായി പിന്നോക്കം നില്ക്കുന്ന പഞ്ചായത്തു കൾക്ക്

2. സാമ്പത്തികനില;

3. ഒരു പഞ്ചായത്തിന് ഒരു ആവശ്യത്തിന് നൽകാവുന്ന പര മാവധി തുക ഒരു ലക്ഷം രൂപയായി നിശ്ചയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

4. ഒരു പഞ്ചായത്തിന് ഒരു വർഷത്തിൽ മൂന്നിൽ കൂടുതൽ ആവശ്യങ്ങൾക്കായി ഗ്രാന്റ് അനുവദിക്കാൻ പാടില്ല.

5. കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ സ്പെഷ്യൽ ഗ്രാന്റ് ലഭിച്ചിട്ടില്ലാത്ത പഞ്ചായത്തുകൾക്ക് മുൻഗണന നൽകേണ്ടതാണ്.

താഴെപ്പറയുന്ന ആവശ്യങ്ങൾക്ക് സ്പെഷ്യൽ ഗ്രാന്റ് അനുവദിക്കാവുന്നതാണ്:-

1. പഞ്ചായത്ത് ആഫീസ് കെട്ടിടനിർമ്മാണവും വികസനവും

2. ആശുപത്രി കെട്ടിട നിർമ്മാണം, വാർഡ് നിർമ്മാണം.

3. ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിക്ക്.

4. സ്കൂൾ കെട്ടിടനിർമ്മാണം.

5. കോടതിവിധിപ്രകാരമുള്ള തുക നൽകുന്നതിന്.

6. പാലം, കലുങ്ക് മുതലായവയുടെ നിർമ്മാണം.

7. കടത്ത് നടത്തുന്നതിന്

8. വികസന ആവശ്യത്തിനായി സ്ഥലം പൊന്നും വിലയ്ക്കെടുക്കുന്നതിന്.

9. ഡ്രെയിനേജ് ആവശ്യങ്ങൾക്കായി

10. വെള്ളപ്പൊക്ക ദുരിതാശ്വാസം.

11. ശ്മശാനങ്ങൾക്കായി ഭൂമി പൊന്നുംവിലയ്ക്ക് എടുക്കുന്നതിന്.

12. പുതിയ റോഡുകളുടെ നിർമ്മാണം.

13. പുറമ്പോക്ക് പുനരധിവാസ പദ്ധതിയുടെ നടത്തിപ്പിന്.

**76 (2435) പഞ്ചായത്ത് സ്ഥാപനങ്ങൾക്ക് അധികാരം കൈമാറിയതിനുശേഷം പൂർത്തിയാകാത്ത പദ്ധതികൾ**

ശ്രീ. ടി.കെ.നൗഷാദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയം ഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് സ്ഥാപനങ്ങൾക്ക് അധികാരം കൈമാറിയതിനുശേഷമുള്ള പൂർത്തിയാകാത്ത പദ്ധതികൾ നിശ്ചയിച്ച് ഏതെല്ലാം വകുപ്പുകൾ ഉത്തരവ് ഇറക്കിയിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(ബി) അധികാരം കൈമാറിയതിനുശേഷം പൂർത്തിയാക്കാത്ത പദ്ധതികളെ സംബന്ധിച്ച് ബഡ്ജറ്റ് അലോട്ടുമെന്റിന്റെ ബാക്കി തുക പഞ്ചായത്ത് സ്ഥാപനങ്ങളെ ഏല്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഏൽപിക്കുവാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി): വിവരം ശേഖരിച്ചുവരുന്നു.



LIBRARY ARCHIVES Kerala Legislative Assembly

### 77 (2437) വസ്തു കൈമാറ്റ നികുതി പഞ്ചായത്തുകൾക്ക് വിതരണം ചെയ്യുവാൻ നടപടി

ശ്രീ. സി.ടി.അഹമ്മദ് അലി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വസ്തു കൈമാറ്റ നികുതി വിഹിതം ഏതുവരെയാണ് പഞ്ചായത്തുകൾക്ക് വിതരണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) എന്തു തുക കൊടുക്കുവാൻ ബാക്കിയുണ്ട്;

(സി) പ്രസ്തുത തുക എപ്പോൾ കൊടുത്തു തീർക്കുവാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്;

(ഡി) കൃത്യമായി വിതരണം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

#### ഉത്തരം

(എ) 31.3.94ൽ അവസാനിച്ച വർഷം വരെ പഞ്ചായത്തുകൾക്ക് വസ്തുകൈമാറ്റ നികുതി ഇനത്തിൽ തുക വിതരണം നല്കിയിട്ടുണ്ട്.

(ബി) 1.4.94 മുതൽ 31.12.95 വരെയുള്ള 7 പാദവർഷങ്ങളിൽ നല്കാനുള്ള കുടിശ്ശിക തുക 96.78 കോടി രൂപ ആകുന്നു.

(സി & ഡി) രജിസ്ട്രേഷൻ വകുപ്പിൽ നിന്നാണ് ഫണ്ട് ലഭിക്കേണ്ടത്. ഇതിനായി ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് കുടിശ്ശിക കൊടുക്കുവാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

### 78 (2440) ഗ്രാമസഭകൾ കൂടുന്നില്ല എന്ന പരാതി

ശ്രീ. എം. മുരളി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമപ്പഞ്ചായത്തുകളിൽ നിശ്ചിത കാലയളവിനുള്ളിൽ ഗ്രാമസഭകൾ കൂടുന്നില്ല എന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഓരോ ജില്ലയിലും ഏതെല്ലാം പഞ്ചായത്തുകളിൽ ഗ്രാമസഭകൾ കൂടിയിട്ടില്ല എന്ന് വ്യക്തമാകുമോ;

(സി) അത്തരം ഗ്രാമപഞ്ചായത്തുകളുടെ പേരിൽ സർക്കാർ എന്തെങ്കിലും നടപടിയെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

#### ഉത്തരം

(എ) ഇല്ല.

(ബി & സി) ഉദിക്കുന്നില്ല.

### 79 (2441) ഗ്രാമസഭകളുടെ പ്രവർത്തനം

ശ്രീ. ജി. സുധാകരൻ : താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

ഗ്രാമസഭകളുടെ പ്രവർത്തനം എല്ലാ പൗരൻമാരുമായി ബന്ധപ്പെട്ട് മുന്നോട്ട് കൊണ്ടുപോകാൻ എന്തെല്ലാം നിർദ്ദേശങ്ങളാണ് പഞ്ചായത്തുകൾക്ക് നൽകിയിട്ടുള്ളത്?

ഉത്തരം

ഗ്രാമസഭയുടെ യോഗം വിളിച്ചു കൂട്ടുന്നതിനും നടത്തുന്നതിനുമുള്ള് നടപടി സംബന്ധിച്ച് ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ടി ചട്ടങ്ങളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

## 80 (2442) ലക്ഷംവീടു കോളനികളിലെ വൈദ്യുത-കുടിവെള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു നടപടി

ശ്രീ. പി.ജെ.ഫ്രാൻസിസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിലെ ലക്ഷംവീടു കോളനികളിലെ വൈദ്യുത-കുടിവെള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ പ്രത്യേക നടപടി സ്വീകരിക്കുമോ;

(ബി) പഞ്ചായത്ത് കോളനികളിലെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ വീടുകളുടെ അറ്റകുറ്റപ്പണി നടത്തുന്നതിന് പ്രത്യേക സാമ്പത്തികസഹായം ചെയ്യുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) ഇത് സംബന്ധിച്ച് നിർദ്ദേശങ്ങൾ ഒന്നും നിലവിൽ ഇല്ല.

## 81 (2443) പഞ്ചായത്തുകളുടെ വിഭജനം

ശ്രീ. സി.ടി.അഹമ്മദ് അലി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ ആകെ എത്ര പഞ്ചായത്തുകളാണ് നിലവിലുള്ളതെന്നു ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) വലിയ പഞ്ചായത്തുകൾ വിഭജിച്ചു പുതിയ പഞ്ചായത്തുകൾ രൂപീകരിക്കുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഇപ്പോൾ ആകെ ഗ്രാമപഞ്ചായത്തുകൾ-991-ഉം ബ്ലോക്ക് പഞ്ചായത്തുകൾ - 152-ഉം ജില്ലാ പഞ്ചായത്തുകൾ - 14 ഉം ആണ്. പഞ്ചായത്തുകളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

82 (2442) ടൗൺ പഞ്ചായത്ത് രൂപീകരണം

ശ്രീ. സി.ടി. അഹമ്മദ് അലി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ ടൗൺ പഞ്ചായത്തുകൾ നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ പഞ്ചായത്ത്രാജ് പ്രകാരം പുതിയ ടൗൺ പഞ്ചായത്ത് രൂപീകരിക്കുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുമോ?

ഉത്തരം

(എ) ഇല്ല

(ബി) ടൗൺ പഞ്ചായത്ത് രൂപീകരിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല.

83 (2445) ബ്ലോക്ക് പഞ്ചായത്ത് സമിതികൾ

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്ലോക്ക് പഞ്ചായത്ത് സമിതികൾ കേരളത്തിൽ പ്രായോഗികവും ഉപകാരപ്രദവുമല്ല എന്ന അഭിപ്രായംഗവൺമെന്റിനുണ്ടോ;

(ബി) പ്രസ്തുത സമിതികൾ നിർത്തലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഈ സമിതിക്കുവേണ്ടി എത്ര പണം ചെലവഴിക്കുന്നുണ്ട് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല.

(സി) ബ്ലോക്ക് പഞ്ചായത്ത് സമിതികൾക്ക് വേണ്ടി നാളിതുവരെ അനുവദിച്ച തുകയുടെ വിശദാംശം താഴെ ചേർക്കുന്നു:

1) 30.9.95ലെ ജി.ഒ.എം.എസ്.207/95/തഭവ. ഉത്തരവ് പ്രകാരം 76,00,000 രൂപ.

2) 28.3.96ലെ ജി.ഒ.(എം.എസ്) 72/96/തഭവ. ഉത്തരവ് പ്രകാരം 38,00,000 രൂപ.

3) 14.5.96-ലെ ജി.ഒ.(എം.എസ്)95/96/തഭവ. ഉത്തരവ് പ്രകാരം1,52,00,000 രൂപ.

ആകെ. 2,66,00,000/- രൂപ.

84 (2446) പഞ്ചായത്തുകളിലെ ജനസംഖ്യ

ശ്രീ. ടി.എം.ജേക്കബ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) എറണാകുളം ജില്ലയിലെ തിരുവാങ്കുളം, ചോറ്റാനിക്കര, ആമ്പല്ലൂർ, മുളന്തുരുത്തി, എടയ്ക്കാട്ടു വയൽ, മണീട്, പിറവം, രാമമംഗലം, പാമ്പാക്കുട, തിരുമാറാടി എന്നീ പഞ്ചായത്തുകളിൽ ഓരോന്നിലേയും ജനസംഖ്യ എത്രവീതമെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പഞ്ചായത്തുകളിൽ 31.3.96 വരെയുള്ള വീടുകളുടേയും കടകളുടേയും എണ്ണം എത്രയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ പഞ്ചായത്തുകളിലെ ജനസംഖ്യ താഴെപറയും പ്രകാരമാണ്. (1991 ലെ സെൻസസ് പ്രകാരം).

| | |
|---|---|
| 1. തിരുവങ്കുളം | 18412 |
| 2. ചോറ്റാനിക്കര | 16109 |
| 3. ആമ്പല്ലൂർ | 20970 |
| 4. മുളന്തുരുത്തി | 21417 |
| 5. എടയ്ക്കാട്ടുവയൽ | 16267 |
| 6. മണീട് | 15515 |
| 7. പിറവം | 25203 |
| 8. രാമമംഗലം | 14340 |
| 9. പാമ്പാക്കുട | 16811 |
| 10. തിരുമാറാടി | 16462 |

(ബി) വീടുകളേയും കടകളേയും സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

| പഞ്ചായത്തിന്റെ പേര് | വീടുകൾ | കടകൾ |
|---|---|---|
| 1. തിരുവാങ്കുളം | 4670 | 412 |
| 2. ചോറ്റാനിക്കര | 4228 | 308 |
| 3. ആംപല്ലൂർ | 5145 | 1470 |
| 4. മുളന്തുരുത്തി | 5782 | 1462 |
| 5. എടയ്ക്കാട്ടുവയൽ | 4062 | 355 |
| 6. മണീട് | 3906 | 686 |
| 7. പിറവം | 5761 | 1556 |
| 8. രാമമംഗലം | 4160 | 350 |
| 9. പാംപാക്കുട | 4002 | 1120 |
| 10. തിരുമാറാടി | 3980 | 482 |

**85 (2447) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അഴിമതി**

ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:



LIBRARY ARCHIVES Kerala Legislative Assembly

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അഴിമതി നിർമ്മാർജ്ജനം ചെയ്യാൻ എന്തെല്ലാം പദ്ധതികളാണ് സർക്കാർ ആവിഷ്ക രിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) മുൻ ഗവൺമെന്റിന്റെ കാലത്ത് തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങളിലെ എത്ര ഉദ്യോഗസ്ഥന്മാരുടെ പേരിൽ ആണ് അഴിമതിയുടേയും കൈക്കൂലിയുടേയും പേരിൽ അന്വേഷണം നടത്തി നടപടിയെടുത്തിട്ടുള്ള തെന്നും ഇപ്പോൾ എത്ര പേർ അന്വേഷണം നേരിടുന്നുണ്ട് എന്നും വ്യക്തമാ ക്കുമോ?

ഉത്തരം

(എ) നിലവിലുള്ള സംവിധാനങ്ങളല്ലാതെ പുതിയ പദ്ധതിക ളൊന്നും പരിഗണനയിലില്ല.

(ബി) 2355 പേരുടെ പേരിൽ അഴിമതിയുടേയും കൈക്കൂലിയുടേയും പേരിൽ അന്വേഷണംനടത്തി നടപടിയെടുത്തിട്ടുണ്ട്. ഇതിൽ 543 പേർ അന്വേ ഷണം നേരിടുന്നുണ്ട്.

### 86 (2448) കിളിമാനൂർ നിയോജകമണ്ഡലത്തിലെ പഞ്ചായത്തു കൾക്ക് സ്പെഷ്യൽ ഗ്രാന്റ്

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകൾക്ക് സ്പെഷ്യൽ ഗ്രാന്റ് കൊടുക്കുവാനുള്ള വ്യവസ്ഥ അനുസരിച്ച് കിളിമാനൂർ നിയോജകമണ്ഡലത്തിൽപെട്ട നഗരൂർ, മുദാക്കൽ, പള്ളിക്കൽ, മടവൂർ, കരവാരം, നാവായിക്കുളം, പഴയകുന്നുമ്മേൽ, പുളിമാത്ത്, കിളിമാനൂർ എന്നീ പഞ്ചായത്തുകളിൽ കഴിഞ്ഞ മൂന്നു വർഷത്തി നുള്ള സ്പെഷ്യൽ ഗ്രാന്റ് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര;

(ബി) നടപ്പു സാംപത്തിക വർഷത്തിൽ ഈ പഞ്ചായത്തിന് സ്പെഷ്യൽ ഗ്രാന്റ് നൽകുന്ന കാര്യം പരിഗണിക്കാമോ?

ഉത്തരം

(എ) 1994-95ൽ കിളിമാനൂർ പഞ്ചായത്തിന് 59,010/- രൂപ ഈയിന ത്തിൽ റോഡുപ്രവൃത്തിക്കായി അനുവദിച്ചിട്ടുണ്ട്. ഇതല്ലാതെ 1993-94, 1994-95, 1995-96 സാംപത്തിക വർഷങ്ങളിൽ കിളിമാനൂർ നിയോജകമണ്ഡലത്തിലെ മറ്റൊരു പഞ്ചായത്തിലും സ്പെഷ്യൽ ഗ്രാന്റ് നൽകിയിട്ടില്ല.

(ബി) പഞ്ചായത്തുകൾക്ക് സ്പെഷ്യൽ ഗ്രാന്റ് നൽകുന്നതിന് മതി യായ തുക നടപ്പു സാമ്പത്തികവർഷത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ല.

1996-97 സാമ്പത്തിക വർഷത്തിൽ എസ്റ്റാബ്ലിഷ്മെന്റ് ഗ്രാന്റ്, കെട്ടിട നിർമ്മാണ ഗ്രാന്റ്, ബ്ലോക്ക് ഗ്രാന്റ്, ഇനിഷ്യൽ ഗ്രാന്റ്, സ്പെഷ്യൽ ഗ്രാന്റ് തുട ങ്ങിയ ഗ്രാന്റുകൾ വിതരണം ചെയ്യുന്നതിന് ബഡ്ജറ്റിൽ 3,11,85,000/- രൂപ വക യിരുത്തിയിട്ടുണ്ട്. എന്നാൽ ടി തുക എസ്റ്റാബ്ലിഷ്മെന്റ് ഗ്രാന്റ് വിതരണം ചെയ്യുന്നതിനു പോലും മതിയാകുന്നില്ല. ആയതിനാൽ പഞ്ചായത്തുകൾക്ക് 1996-97 വർഷത്തിൽ സ്പെഷ്യൽ ഗ്രാന്റ് നൽകുന്നതിനു ഈ തുക മതിയാവു കയില്ല.

LIBRARY ARCHIVES Kerala Legislative Assembly

### 87 (2449) ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പേഴ്സണൽ സ്റ്റാഫ്

ശ്രീ. എം.കെ.മുനീർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന് പേഴ്സണൽ സ്റ്റാഫിനെ നിയമിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ജില്ലാ പഞ്ചായത്തിന്റെ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിൽ ജില്ലാ ഭരണകൂടത്തിൽ നിന്നും നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥന്മാർ വീഴ്ച വരുത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ജില്ലാ പഞ്ചായത്തിന്റെ തീരുമാനമനുസരിച്ച് സ്റ്റാഫിനെ നിയമിക്കാൻ സർക്കാർ അനുമതി നൽകുമോ?

ഉത്തരം

(എ) പേഴ്സണൽ സ്റ്റാഫിനെ നിയമിക്കാനുള്ള നിർദ്ദേശം നിലവിൽ ഇല്ല.

(ബി) ഇല്ല

(സി) ഉദിക്കുന്നില്ല.

### 88 (2451) കിളിമാനൂർ മണ്ഡലത്തിൽ പതിനൊന്നിന പരിപാടിയുടെ ഭാഗമായിട്ടുള്ള പണി

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയം ഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ മണ്ഡലത്തിൽ എത്ര പഞ്ചായത്തുകളിൽ പതിനൊന്നിന പരിപാടിയുടെ ഭാഗമായിട്ടുള്ള പണി പൂർത്തീകരിച്ചിട്ടുണ്ട്;

(ബി) സഹായധനത്തിന് അപേക്ഷിച്ചിട്ടും ഏതെല്ലാം പഞ്ചായത്തുകൾക്ക് ആണ് ലഭിക്കാതിരുന്നിട്ടുള്ളത്;

(സി) ഏതെല്ലാം പഞ്ചായത്തുകൾക്കാണ് ധനസഹായം കൊടുത്തിട്ടുള്ളത്?

ഉത്തരം

(എ) അഞ്ച് പഞ്ചായത്തുകളിൽ പതിനൊന്നിന പരിപാടിയുടെ ഭാഗമായിട്ടുള്ള പണി പൂർത്തീകരിച്ചിട്ടുണ്ട്. (നാവായിക്കുളം, കിളിമാനൂർ, മടവൂർ, പള്ളിക്കൽ, മുദാക്കൽ)

(ബി) മുദാക്കൽ പഞ്ചായത്ത് സഹായധനത്തിന് അപേക്ഷിച്ചിരുന്നിട്ടും ലഭിച്ചില്ല.

(സി) നാവായിക്കുളം, മടവൂർ, കിളിമാനൂർ, പള്ളിക്കൽ എന്നീ പഞ്ചായത്തുകൾക്ക് ധനസഹായം ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

### 89 (2452) ഞാറയ്ക്കൽ നിയോജകമണ്ഡലത്തിലെ 'സീഷോർ' പാലത്തിന്റെ നിർമ്മാണം

ഡോക്ടർ എം.എ. കുട്ടപ്പൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഞാറയ്ക്കൽ നിയോജകമണ്ഡലത്തിലെ ഞാറയ്ക്കൽ പഞ്ചായത്തിൽപ്പെട്ട 10-ാം വാർഡിൽ പഞ്ചായത്തു ഫണ്ടുപയോഗിച്ച് നിർമ്മിക്കാൻ നിശ്ചയിച്ചിട്ടുള്ള 'സീഷോർ' പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏതു ഘട്ടം വരെയായി;

(ബി) കാലതാമസത്തിനുള്ള കാരണമെന്ത്;

(സി) ഇതിന്റെ എസ്റ്റിമേറ്റ് എത്ര;

(ഡി) പാലം പണിയാനുള്ള അനുമതി എന്നത്തേക്ക് ലഭിക്കും.

ഉത്തരം

(എ) ടെണ്ടർ ആയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിക്ക് 145% കൂടിയ നിരക്കിലുള്ള ടെണ്ടർ ആണ് ലഭിച്ചത്. ആയതിനാൽ ടെണ്ടർ അംഗീകരിച്ചുകിട്ടുന്നതിനുള്ള കാലതാമസമാണ് പ്രവൃത്തി തുടങ്ങുന്നതിന് കാലതാമസത്തിനുള്ള കാരണം.

(സി) നാലു ലക്ഷത്തി അൻപതിനായിരം രൂപ.

(ഡി) ടെണ്ടർ അംഗീകരിച്ചു കിട്ടുന്ന മുറയ്ക്ക് പണി തുടങ്ങുന്നതാണ്.

### 90 (2454) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സ്ഥലംമാറ്റം

ശ്രീ. പി.ജെ.ജോയി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥന്മാരെ സ്ഥലം മാറ്റുന്നതിന് പ്രത്യേക മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ;

(ബി) ജീവനക്കാരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ തനതു ഭരണസമിതികൾ തീരുമാനിച്ചാൽ പ്രസ്തുത ജീവനക്കാരെ സ്ഥലം മാറ്റത്തിൽ നിന്ന് ഒഴിവാക്കുമോ?

ഉത്തരം

(എ) ഇല്ല. നിലവിലുള്ള പൊതു മാനദണ്ഡം അനുസരിച്ചാണ് സ്ഥലം മാറ്റങ്ങൾ നടത്തുന്നത്.

(ബി) ജീവനക്കാരുടെ സ്ഥലംമാറ്റം സംബന്ധിച്ച് കാര്യങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടില്ല.

### 91 (2455) പഞ്ചായത്തു വകുപ്പിലെ സ്ഥലംമാറ്റങ്ങൾ

ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. മോയിൻകുട്ടി :
ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി :
ശ്രീ. സി.ടി.അഹമ്മദ് അലി :
ശ്രീ. കെ.എ.ചന്ദ്രൻ :
ശ്രീ. ഇ.എം. അഗസ്തി :
ശ്രീ. കെ. സുധാകരൻ :
ശ്രീ. കെ. അച്യുതൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയം ഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം പഞ്ചായത്ത് വകുപ്പിൽ എത്ര സ്ഥലം മാറ്റങ്ങൾ നടത്തി;

(ബി) പ്രസ്തുത സ്ഥലം മാറ്റം പൊതുമാനദണ്ഡമനുസരിച്ച് തന്നെ യാണോ നടത്തിയിട്ടുള്ളത്; അല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാ ക്കാമോ;

(സി) ഇവരിൽ ഒന്നിലധികം പ്രാവശ്യം സ്ഥലം മാറ്റപ്പെട്ടവരെത്ര; ഇവരെ ഒന്നിലധികം പ്രാവശ്യം സ്ഥലം മാറ്റുന്നതിനുള്ള കാരണമെന്തായി രുന്നു;

(ഡി) ഒരേ സ്ഥലത്ത് മൂന്നു വർഷത്തിൽ താഴെ മാത്രം സർവീസുള്ള എത്രപേരെ സ്ഥലം മാറ്റിയിട്ടുണ്ട്;

(ഇ) ഓരോ സ്ഥലംമാറ്റ ഉത്തരവിലും എത്ര ജീവനക്കാരെ വീതം മാറ്റി;

(എഫ്) സ്ഥലം മാറ്റങ്ങൾക്ക് മുൻപ് ഏതെങ്കിലും സർവീസ് സംഘടന കളുമായി ആലോചിക്കുകയുണ്ടായോ; ഉണ്ടെങ്കിൽ ഏതെല്ലാം സംഘടനകളു മായി ആലോചിച്ചു;

(ജി) സ്ഥലം മാറ്റം ലഭിച്ച് 6 മാസം പോലും തികയാത്ത എത്രപേരെ വീണ്ടും സ്ഥലം മാറ്റി;

(എച്ച്) സംഘനാഭാരവാഹികളെ മാറ്റിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശ ദാംശം നൽകാമോ;

(ഐ) സംസ്ഥാനത്ത് ആകെ എത്ര പഞ്ചായത്തു ജീവനക്കാരാണുള്ള തെന്ന് വ്യക്തമാക്കാമോ;

(ജെ) പഞ്ചായത്ത് ഡിപ്പാർട്ട്മെന്റ് ജീവനക്കാർ എത്ര പേരുണ്ട്?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം പഞ്ചായത്തു വകുപ്പിൽ 851 സ്ഥലം മാറ്റങ്ങൾ നടത്തി.

(ബി) 367 പേരെ അപേക്ഷ പ്രകാരവും 484 പേരെ ഭരണപരമായ സൗകര്യങ്ങൾ മുൻ നിർത്തിയുമാണ് സ്ഥലം മാറ്റിയിട്ടുള്ളത്.

(സി) ഇവരിൽ ഒന്നിലധികം പ്രാവശ്യം 11 പേരെ സ്ഥലംമാറ്റിയിട്ടുണ്ട്. 4 പേരെ അപേക്ഷയുടെ അടിസ്ഥാനത്തിലും ആറ് പേരെ ഭരണപരമായ സൗകര്യത്തിലും ഒരാളെ പൊതുതാൽപര്യം മുൻനിർത്തിയുമാണ് മാറ്റി നിയ മിച്ചിട്ടുള്ളത്.



LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഒരേ സ്ഥലത്ത് മൂന്നുവർഷത്തിൽ താഴെമാത്രം സർവ്വീസുള്ള 96 പേരെ സ്ഥലം മാറ്റിയിട്ടുണ്ട്.

(ഇ) വിവരം ശേഖരിച്ച് വരുന്നു.

(എഫ്) സ്ഥലം മാറ്റങ്ങൾക്ക് മുമ്പ് ഏതെങ്കിലും സംഘടനകളുമായി ആലോചിച്ചിട്ടില്ല.

(ജി) സ്ഥലംമാറ്റം ലഭിച്ച് 6 മാസം പോലും തികയാത്തവരെ സ്ഥലം മാറ്റിയിട്ടുണ്ടോ എന്നുള്ള കാര്യം പരിശോധിച്ചുവരുന്നു.

(എച്ച്) സ്ഥലം മാറ്റപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ കൂട്ടത്തിൽ കരകുളം പഞ്ചായത്തിലെ സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറിയേയും സ്ഥലം മാറ്റിയിട്ടുണ്ട്. ടിയാനെ സ്ഥലം മാറ്റപ്പെടുന്ന സമയത്ത് ടിയാൻ ഏതെങ്കിലും സർവീസ് സംഘടനയുടെ ഔദ്യോഗിക ഭാരവാഹിയാണ് എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ടിയാൻ എൻ.ജി.ഒ. ഫ്രണ്ട് എന്ന സർവീസ് സംഘടനയുടെ സംസ്ഥാന പ്രസിഡന്റ് ആണെന്നും അതിനാൽ ടിയാന് സ്ഥലം മാറ്റത്തിൽ നിന്നും പരിരക്ഷ ലഭിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. പരിരക്ഷയ്ക്ക് അർഹതയുള്ള സർവീസ് സംഘടനയാണോ ശ്രീ.ജോസഫ്ടെന്നിസൻ പ്രതിനിധീകരിക്കുന്ന സംഘടനയായ കേരള എൻ.ജി.ഒ. ഫ്രണ്ട് എന്നുള്ള കാര്യം പരിശോധിച്ചു വരുന്നു.

(ഐ) സംസ്ഥാനത്ത് ആകെ 13057 പഞ്ചായത്ത് വകുപ്പു ജീവനക്കാരാണ് ഉള്ളത്.

(ജെ) 16.6.94-ലെ ജി.ഒ.(പി) നമ്പർ 151/94/തഭവ. ഉത്തരവ് പ്രകാരം പഞ്ചായത്ത് കോമൺ സർവീസിലെ ജീവനക്കാരെയും പഞ്ചായത്ത് വകുപ്പിലെ ജീവനക്കാരേയും സംയോജിപ്പിച്ചിട്ടുണ്ട്. ആയതിനാൽ പഞ്ചായത്ത് ഡിപ്പാർട്ട്മെന്റിലുള്ള ജീവനക്കാരുടെ എണ്ണം പ്രത്യേകം കണക്കാക്കിയിട്ടില്ല.

**92 (2456) പഞ്ചായത്ത്/നഗരപാലികാ സ്ഥാപനങ്ങൾ സാമ്പത്തിക അച്ചടക്കം പാലിക്കാൻ നടപടി**

ശ്രീ. ജി. സുധാകരൻ : താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

പഞ്ചായത്ത്, നഗരപാലിക സംവിധാനത്തിൽ അധികാരത്തിൽ വന്നിരിക്കുന്ന സ്ഥാപനങ്ങളോട്, സാമ്പത്തിക അച്ചടക്കം പാലിക്കാൻ എന്തെല്ലാം നിർദ്ദേശങ്ങളാണ് സർക്കാർ നൽകിയിട്ടുള്ളത്?

ഉത്തരം

പ്രത്യേക നിർദ്ദേശങ്ങളൊന്നും നൽകിയിട്ടില്ല.

**93 (2458) നഗരസഭകൾക്ക് കൂടുതൽ അധികാരം**

ശ്രീ. സി.റ്റി.അഹമ്മദ് അലി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരസഭകൾക്ക് എന്തെല്ലാം അധികാരങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവയ്ക്ക് കൂടുതൽ അധികാരങ്ങൾ നൽകുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നഗരസഭകൾക്ക് നൽകിയിട്ടുള്ള അധികാരങ്ങൾ 18.9.95-ലെ ജി.ഒ. (പി) നമ്പർ 189/95/ത.ഭ.വ. ഉത്തരവിന്റെ 4-ാം അനുബന്ധത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി,സി) അധികാരവികേന്ദ്രീകരണം കൂടുതൽ ഫലപ്രദമാക്കുന്നതിനെക്കുറിച്ച് ശുപാർശകൾ സമർപ്പിക്കുവാൻ സർക്കാർ ഒരു വിദഗ്ദ്ധ കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചശേഷം ഇതിന്മേൽ നടപടികൾ സ്വീകരിക്കുന്നതാണ്.

**94 (2460) ഐ.ഡി.എസ്.എം.ടി. പദ്ധതികൾ**

ശ്രീ. സി.ടി.അഹമ്മദ്അലി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര നഗരസഭകളിലാണ് ഐ.ഡി.എസ്. എം. ടി. പദ്ധതികൾ നടപ്പിലാക്കി വരുന്നത്;

(ബി) പുതുതായി ഏതെങ്കിലും നഗരസഭകളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ അവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മുപ്പത്

(ബി) & (സി) കേന്ദ്രസർക്കാരിനയച്ചിട്ടുള്ള നഗരവൽക്കരണ റിപ്പോർട്ടിലെ മുൻഗണനാപ്രകാരം മറ്റുനഗരങ്ങളിൽക്കൂടി ഈ പദ്ധതി നടപ്പിലാക്കുന്നതാണ്. കേന്ദ്രസർക്കാരിൽ നിന്നും ഇക്കൊല്ലം കേരളത്തിലെ എത്ര പട്ടണങ്ങൾക്ക് കേന്ദ്ര സഹായം ലഭ്യമാക്കുമെന്നുള്ള വിവരം ലഭിച്ചിട്ടില്ല. അത് കിട്ടുന്ന മുറയ്ക്ക് മുൻഗണനാപ്രകാരം സഹായത്തിനുള്ള പദ്ധതി സമർപ്പിക്കുന്നതാണ്.

**95 (2464) നഗരസഭകളിലെ വിവിധ തരം നികുതികൾ**

ശ്രീ. സി.ടി.അഹമ്മദ് അലി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരസഭകളിൽ ഏതെല്ലാം തരത്തിലുള്ള നികുതികളാണ് ഈടാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) 1996 ജൂൺ 30 വരെ പ്രസ്തുത ഓരോ ഇനത്തിലും ഓരോ നഗരസഭയിലും എന്തു തുക നികുതിയിനത്തിൽ കുടിശ്ശികയായി പിരിഞ്ഞു കിട്ടാനുണ്ടെന്നുള്ള കണക്ക് വ്യക്തമാക്കാമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത കുടിശ്ശികകൾ പിരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) വസ്തുനികുതി, തൊഴിൽ നികുതി, മൃഗങ്ങൾക്കും യാനപാത്രങ്ങൾക്കുമുള്ള നികുതി, വിനോദ നികുതി, പ്രദർശന നികുതി, പരസ്യങ്ങൾക്കുള്ള നികുതി, വസ്തു കൈമാറ്റ ഡ്യൂട്ടി, തടി നികുതി, ഭൂപരിവർത്തന ഉപനികുതി.

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) സ്വീകരിച്ചിട്ടുണ്ട്.

96 (2465) മാവേലിക്കര മുനിസിപ്പാലിറ്റിയിലെ കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റിയിൽ നടന്ന അഴിമതി

ശ്രീ. എം. മുരളി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മുനിസിപ്പാലിറ്റിയിലെ കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റിയിൽ 1993-94-ൽ നടന്ന 1.26 ലക്ഷം രൂപയുടെ സാമ്പത്തിക ക്രമക്കേട് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം ഗവൺമെന്റ് നടത്തിയോ;

(ബി) എങ്കിൽ അന്വേഷണ റിപ്പോർട്ടിൻമേൽ എന്തു നടപടി സ്വീകരിച്ചു.

(സി) പ്രസ്തുത സൊസൈറ്റിയിലെ ക്രമക്കേടുകൾക്ക് ഉത്തരവാദി എന്ന് ആരോപണ വിധേയനായ അന്നത്തെ സൊസൈറ്റി മെമ്പർ സെക്രട്ടറിയുടെ പേരിൽ എന്തെങ്കിലും ശിക്ഷണ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയിലെ സി.ഡി.എസ്.മെമ്പർ സെക്രട്ടറിക്ക് മാവേലിക്കര സി.ഡി.എസ്.മെമ്പർ സെക്രട്ടറിയുടെ അധികച്ചുമതല നല്കിയതിനെത്തുടർന്ന് ഉയർന്നുവന്നിട്ടുള്ള അഴിമതി ആരോപണങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ആരോപണവിധേയനായ ഇപ്പോഴത്തെ മെമ്പർ സെക്രട്ടറിയെ അടിയന്തിരമായി ചുമതലയിൽ നിന്നും ഒഴിവാക്കാൻ നടപടിയെടുക്കുമോ?

ഉത്തരം

(എ) വിജിലൻസ് അന്വേഷണം നടന്നുവരികയാണ്.

(ബി) റിപ്പോർട്ട് ലഭ്യമായിട്ടില്ല.

(സി) അന്വേഷണ റിപ്പോർട്ട് ലഭിക്കാത്തതിനാൽ ആരുടെ പേരിലും ശിക്ഷണ നടപടി സ്വീകരിച്ചിട്ടില്ല.

(ഡി) ഇല്ല.

(ഇ) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

**97 (2466) കൃപാതീയേറ്ററിലെ ക്രമക്കേടുകൾ**

ശ്രീ. ജോണിനെല്ലൂർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയം ഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലെ കൃപാതിയേറ്ററിൽ റിസർവേഷന്റെ പേരിലും ടിക്കറ്റ് വിലയിലും കൃത്രിമം കാട്ടുന്നതായ പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ തിയേറ്ററിനെതിരെ തിരുവനന്തപുരം കോർപ്പറേഷനിൽ നിന്നും എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട്;

(സി) ഇത് സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്നും എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്;

(ഡി) പ്രസ്തുത തിയേറ്ററിൽ എ.സി.പ്രവർത്തിക്കാറില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പ്രസ്തുത തിയേറ്ററിൽ ടിക്കറ്റുകൾ വച്ച് കൂടുതൽ നിരക്കിൽ ടിക്കറ്റ് വില്പന നടത്തിവരുന്നതായ പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) കൃപാതിയേറ്റർ ഉടമയുടെ പേര് വെളിപ്പെടുത്താമോ;

(ജി) ഈ തിയേറ്ററിലെ ക്രമക്കേടുകളെപ്പറ്റി സമഗ്രമായി ഒരന്വേഷണം നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കൃപാ തിയേറ്ററിൽ ടിക്കറ്റ് റിസർവേഷൻ നിരക്കിൽ കൃത്രിമം കാണിക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കൃപാതിയേറ്റർ ഉടമയ്ക്കെതിരെ തിരുവനന്തപുരം നഗരസഭ 3.6.96ൽ നടപടി സ്വീകരിച്ചെങ്കിലും ടിയാൻ പ്രസ്തുത നടപടിക്കെതിരെ 5.6.96ൽ കേരള ഹൈക്കോടതിയിൽ നിന്ന് താൽക്കാലിക സ്റ്റേ ഉത്തരവ് വാങ്ങിയിരിക്കുകയാണ്.

(സി) പൊതുജനങ്ങളിൽ നിന്ന് രേഖാമൂലം രണ്ട് പരാതികൾ നഗരസഭയിൽ ലഭിച്ചിട്ടുണ്ട്. ഫോൺ സന്ദേശത്തിലൂടെയും നിരവധി പരാതികൾ നഗരസഭയിൽ ലഭിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്

(ഇ) ഇല്ല.

(എഫ്) ശ്രീ. തോമസ് ജോൺ മുത്തൂറ്റ്, മാനേജിംഗ് പാർട്ണർ മുത്തൂറ്റ് മിനി എന്റർപ്രൈസസ് തമ്പാനൂർ, തിരുവനന്തപുരം.

(ജി) അന്വേഷണം നടത്തുവാൻ നഗരസഭ നടപടി സ്വീകരിച്ചിട്ടുണ്ട്.

**98 (2467) മുനിസിപ്പൽ കമ്മീഷണർമാരുടെ സ്ഥലംമാറ്റം**

ശ്രീ. കെ.മുഹമ്മദാലി : താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

മുനിസിപ്പൽ കമ്മീഷണർമാരെ സ്ഥലം മാറ്റി നിയമിക്കുമ്പോൾ നഗരസഭകളുടെ അഭിപ്രായം ആരായാറുണ്ടോ?



LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

മുനിസിപ്പൽ കമ്മീഷണർമാരെ (ഇപ്പോൾ മുനിസിപ്പൽ സെക്രട്ടറിമാർ) സ്ഥലം മാറ്റി നിയമിക്കുന്നതിനു മുൻപായി ബന്ധപ്പെട്ട നഗരസഭയുടെ അഭിപ്രായം ആരായാറുണ്ട്.

**99 (2468) മുനിസിപ്പാലിറ്റി വകുപ്പിലെ സ്ഥലം മാറ്റം**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. കെ.സി. വേണുഗോപാൽ :
ശ്രീ. കെ.എ. ചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം മുനിസിപ്പാലിറ്റി വകുപ്പിൽ എത്രപേരെ സ്ഥലം മാറ്റിയിട്ടുണ്ട്;

(ബി) ഇവരിൽ ഒന്നിലധികം പ്രാവശ്യം സ്ഥലം മാറ്റപ്പെട്ടവരെത്ര; അതിനുള്ള കാരണം എന്താണെന്ന് വെളിപ്പെടുത്തുമോ;

(സി) മൂന്ന് വർഷത്തിന് താഴെ മാത്രം ഒരു സ്ഥലത്ത് സർവീസുള്ള എത്രപേരെ മാറ്റി എന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) 487 (നാനൂറ്റി എൺപത്തി ഏഴ്)

(ബി & സി) വിവരം ശേഖരിച്ചുവരുന്നു.

**100 (2469) മുനിസിപ്പാലിറ്റികളേയും കോർപ്പറേഷനുകളേയും കൂടി ജില്ലാ പഞ്ചായത്തിന്റെ അധികാര പരിധിയ്ക്കകത്ത് ഉൾപ്പെടുത്താൻ നടപടി**

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ നിലവിലുള്ള ബ്ലോക്ക് പഞ്ചായത്ത് സംവിധാനം നിർത്തലാക്കാൻ ഗവൺമെന്റിന് ഉദ്ദേശമുണ്ടോ;

(ബി) മുനിസിപ്പാലിറ്റികളേയും കോർപ്പറേഷനുകളേയും കൂടി ജില്ലാ പഞ്ചായത്തിന്റെ അധികാരപരിധിയിൽ ഉൾപ്പെടുത്താൻ ഗവൺമെന്റിന് ഉദ്ദേശമുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിനുവേണ്ടി എന്തെല്ലാം നടപടികളാണ് എടുക്കാൻ ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല

(ബി) ഇല്ല.

(സി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

### 101 (2473) നഗരസഭകളുടെ മാസ്റ്റർ പ്ലാനുകൾ

ശ്രീ. സി.ടി.അഹമ്മദ് അലി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര നഗരസഭകളുടെ മാസ്റ്റർ പ്ലാനുകളാണ് ഗവൺമെന്റ് അംഗീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) അവ ഏതെല്ലാമാണ്;

(സി) ബാക്കി നഗരസഭകളിൽ മാസ്റ്റർ പ്ലാൻ അംഗീകരിക്കുന്നതിനാവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ?

ഉത്തരം

(എ) 14 നഗരങ്ങൾക്കാണ് ഗവൺമെന്റ് മാസ്റ്റർ പ്ലാൻ അംഗീകരിച്ചിട്ടുള്ളത്.

1. തിരുവനന്തപുരം
2. നെയ്യാറ്റിൻകര
3. കൊല്ലം
4. കോട്ടയം
5. ചങ്ങനാശ്ശേരി
6. ഇടുക്കി
7. കൊച്ചി
8. തൃശ്ശൂർ
9. ഗുരുവായൂർ
10. പാലക്കാട്
11. മലപ്പുറം
12. കോഴിക്കോട്
13. വടകര
14. തലശ്ശേരി

(സി) ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

### 102 (2474) കൊച്ചി നഗരത്തിൽ ബഹുനില കെട്ടിടങ്ങൾക്ക് നല്കിയിട്ടുള്ള അനുമതി പുനഃപരിശോധിക്കാൻ നടപടി

ശ്രീ. കെ.മുഹമ്മദാലി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഹുനില കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് അനുവാദം നല്കുമ്പോൾ ടൗൺ പ്ലാനിംഗ് വിഭാഗം ശാസ്ത്രീയമായ സമീപനം സ്വീകരിക്കുന്നില്ലായെന്നുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൊച്ചി നഗരത്തിൽ ബഹുനിലക്കെട്ടിടങ്ങൾക്ക് നല്കിയിട്ടുള്ള അനുമതികൾ പുനഃപരിശോധനയ്ക്ക് വിധേയമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) തക്കതായ കാരണങ്ങളില്ലാതെ കെട്ടിടനിർമ്മാണങ്ങൾക്ക് നല്കിയിട്ടുള്ള അനുമതികൾ പുന:പരിശോധനയ്ക്ക് വിധേയമാക്കാനാവില്ല.

**103 (2475) തിരുവനന്തപുരം നഗരത്തിലെ സിനിമാതിയേറ്ററുകൾ**

ശ്രീ. ജോണിനെല്ലൂർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയം ഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിൽ എത്ര സിനിമാ തിയേറ്ററുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഈ തിയേറ്ററുകളിലെ ടിക്കറ്റ് നിരക്കുകൾ നിശ്ചയിക്കാനുള്ള അധികാരം ആർക്കാണെന്ന് വ്യക്തമാക്കാമോ; ഏറ്റവും ഒടുവിൽ നിരക്ക് എപ്പോഴാണ് നിശ്ചയിച്ചത്;

(സി) സർക്കാർ തിയേറ്റർ ഒഴികെയുള്ള തിയേറ്ററുകളിലെ ടിക്കറ്റ് നിരക്കുകൾ വ്യത്യസ്തമാണെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) നിജപ്പെടുത്തിയ നിരക്കിനേക്കാൾ കൂടിയ നിരക്കിൽ തിയേറ്റർ ഉടമകൾ ടിക്കറ്റ് വിറ്റ് വരുന്നതിനെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ഇ) ഓരോ തിയേറ്ററുകളിലേയും ടിക്കറ്റ് നിരക്കുകൾ വ്യക്തമാക്കാമോ;

(എഫ്) ഈ തിയേറ്ററുകളിൽ ടിക്കറ്റ് പൂഴ്ത്തിവെയ്ക്കുന്നതും അമിത വില ഈടാക്കുന്നതും തടയുന്നതിന് നടപടി സ്വീകരിക്കുമോ;

(ജി) ഈ മന്ത്രിസഭ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം നഗരത്തിലെ സിനിമാ തിയേറ്ററുകളിലെ അഴിമതികൾക്കെതിരെ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം നഗരത്തിൽ 23 (ഇരുപത്തിമൂന്ന്) സിനിമാ തിയേറ്ററുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) തിയേറ്റർ ഉടമകളുടെ അപേക്ഷകളുടെ അടിസ്ഥാനത്തിൽ നഗരസഭയാണ് ടിക്കറ്റ് നിരക്ക് നിശ്ചയിക്കുന്നത്. ഓരോ തിയേറ്റർ ഉടമകളിൽ നിന്നുമുള്ള അപേക്ഷ ലഭിച്ച മുറയ്ക്ക് വ്യത്യസ്ത തീയതികളിലാണ് തിയേറ്ററുകളിലെ നിരക്ക് നിശ്ചയിച്ചിട്ടുള്ളത്.

(സി) ഉണ്ട്

(ഡി) നഗരസഭയുടെ അനുമതി ഇല്ലാതെ കൃപാതിയേറ്ററിൽ റിസർവേഷൻ ചാർജ് ഈടാക്കിയതിനെതിരെ നഗരസഭ നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) തിരുവനന്തപുരം നഗരത്തിലെ വിവിധ തിയേറ്ററുകളിലെ ടിക്കറ്റ് നിരക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(എഫ്) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ജി) സിനിമ തിയേറ്ററുകളിലെ ക്രമക്കേടുകൾ തടയുന്നതിന് ആവശ്യമായ കർശന നടപടികൾ നഗരസഭ സ്വീകരിച്ചിട്ടുണ്ട്. ഈ മന്ത്രിസഭ അധികാരത്തിൽ വന്നശേഷം കൃപാ തിയേറ്റർ ഉടമ നഗരസഭയുടെ അനുമതി ഇല്ലാതെ റിസർവേഷൻ ചാർജ് ഈടാക്കുന്നതിനെതിരെ നടപടി എടുത്തിട്ടുണ്ട്.

## 104 (2476) കെട്ടിട നിർമ്മാണത്തിന് ലൈസൻസ് നല്കുന്നതിന് ഏകജാലക സംവിധാനം

ശ്രീമതി ആർ. ലതാദേവി :
ശ്രീ. പി. രാജു :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :
ശ്രീ. സി.എൻ.ജയദേവൻ :
ശ്രീ. പി. രവീന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിടനിർമ്മാണത്തിന് ലൈസൻസ് നല്കുന്നതിനായി ഏകജാലക സംവിധാനം ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ സംവിധാനത്തിന്റെ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) കെട്ടിടനിർമ്മാണത്തിന് ലൈസൻസ് ലഭിക്കുന്നതിന് ഇന്ന് അനുഭവപ്പെടുന്ന കാലതാമസവും ക്രമക്കേടും അവസാനിപ്പിക്കാൻ ഈ സമ്പ്രദായം മൂലം സാധിക്കുമോ എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

## 105 (2478) അനധികൃതമായി കെട്ടിടം നിർമ്മിക്കുന്നതു തടയാൻ നടപടി

ശ്രീ. എം.എ. തോമസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരപ്രദേശങ്ങളിൽ അനധികൃത കെട്ടിടങ്ങളും ഫ്ളാറ്റ് നിർമ്മാണവും നടക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് നഗരപ്രദേശങ്ങളിൽ അനധികൃത കെട്ടിടനിർമ്മാണത്തിനായി അനുമതി നൽകിയ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

(സി) അനധികൃതമായി കെട്ടിടം നിർമ്മിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള അനധികൃത നിർമ്മാണങ്ങൾക്കെതിരെ നടപടി സ്വീകരിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) 18.8.1994-ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ : 196/94/ത.ഭ.വ. അനുസരിച്ച് സംസ്ഥാനത്ത് 30.5.94 വരെ നടത്തിയിട്ടുള്ള അനധികൃത നിർമ്മാണങ്ങളിൽ 29.11.95നു മുമ്പായി അപേക്ഷിച്ചിട്ടുള്ള കേസുകളിൽ ക്രമവൽക്കരണം അനുവദിച്ചിട്ടുണ്ട്.

(സി) അനധികൃത കെട്ടിടനിർമ്മാണത്തിനെതിരെ കർശനമായ നടപടി സ്വീകരിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

### 106 (2479) കെട്ടിടനിർമ്മാണ നിയമത്തിൽ ഇളവ്

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെട്ടിട നിർമ്മാണ നിയമത്തിൽ ഇളവനുവദിച്ച് എത്ര ബിൽഡിംഗ് പെർമിറ്റുകൾ കൊടുത്തിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്തു കൊടുത്ത എത്ര ബിൽഡിംഗ് പെർമിറ്റുകൾ ഈ സർക്കാർ റദ്ദ് ചെയ്തിട്ടുണ്ട്;

(സി) കെട്ടിടനിർമ്മാണ നിയമത്തിൽ ഇളവ് ആവശ്യപ്പെട്ടുകൊണ്ട് എത്ര അപേക്ഷകൾ സർക്കാരിന്റെ മുൻപിലുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെട്ടിട നിർമ്മാണ നിയമത്തിൽ ഇളവനുവദിച്ചുകൊണ്ട് 188 ഉത്തരവുകൾ നൽകിയിട്ടുണ്ട്. ബിൽഡിംഗ് പെർമിറ്റ് നൽകുന്നത് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്.

(ബി) റദ്ദ് ചെയ്തിട്ടില്ല.

(സി) 369 അപേക്ഷകൾ

### 107 (2480) നഗരപ്രദേശങ്ങളിൽ കെട്ടിടം പണിയുന്നതിനുള്ള മാനദണ്ഡങ്ങൾ

ശ്രീ. കെ.പി.രാജേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരപ്രദേശങ്ങളിൽ കെട്ടിടം പണിയുന്നതിന് അനുവാദം കൊടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്താണ്;

(ബി) എത്ര അപേക്ഷകളിൽ കഴിഞ്ഞ സർക്കാർ അനുവാദം കൊടുത്തു; എത്ര അപേക്ഷകൾ നിരസിച്ചു;

(സി) തീരുമാനം എടുക്കാതെ അഞ്ഞൂറോളം അപേക്ഷകൾ കഴിഞ്ഞ അഞ്ചുവർഷക്കാലം കെട്ടിക്കിടന്നിരുന്നു എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 1984-ലെ കേരള കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ നിബന്ധനകൾ പ്രകാരമാണ് കെട്ടിടം പണിയുന്നതിന് അനുവാദം കൊടുക്കുന്നത്.

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് കെട്ടിടനിർമ്മാണത്തിന് അനുമതി കൊടുക്കുന്നത്.

(സി & ഡി) തീരുമാനം എടുക്കാതെ കിടന്നിരുന്ന കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ ഇളവ് അനുവദിക്കുന്നത് സംബന്ധിച്ച അപേക്ഷകളിൽ തീരുമാനം എടുത്തുവരുന്നു.

### 108 (2481) കെട്ടിടനിർമ്മാണ അനുമതി നൽകുന്നതിനുള്ള ഇളവുകൾ

ശ്രീ. ആന്റണി രാജു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിടനിർമ്മാണത്തിനു അനുമതി നൽകുന്നതിന് നിലവിലുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) മൂന്ന് സെന്റ് ഭൂമി മാത്രമുള്ളവർക്ക് കെട്ടിടനിർമ്മാണ അനുമതി നൽകുന്നതിന് എന്തെങ്കിലും ഇളവുകൾ പ്രാബല്യത്തിലുണ്ടോ; ഇല്ലെങ്കിൽ അങ്ങനെയുള്ളവർക്ക് ഇളവ് അനുവദിച്ചു ഉത്തരവ് പുറപ്പെടുവിക്കുമോ;

(സി) അംഗീകൃത പ്ലാനിൽ നിന്നും വ്യതിചലിച്ച് കെട്ടിടം നിർമ്മിക്കുന്നവർക്ക് കൈക്കൂലി വാങ്ങി. അനധികൃത ഡോർ നമ്പർ നൽകുന്നുണ്ടെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇപ്രകാരമുള്ള ക്രമക്കേടിനെതിരെ സർക്കാർ എന്തു നടപടി സ്വീകരിച്ചുവെന്നു വ്യക്തമാക്കുമോ;

(ഡി) പ്ലാനിൽ ചെറിയ മാറ്റങ്ങൾ വരുത്തിയിട്ടുള്ളവർക്ക് എന്തെങ്കിലും പിഴ ഈടാക്കി ഡോർ നമ്പർ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1984-ലെ കേരള കെട്ടിടനിർമ്മാണ ചട്ടങ്ങൾ പ്രകാരമാണ് ഇപ്പോൾ കെട്ടിടനിർമ്മാണത്തിന് അനുമതി നൽകുന്നത്.

(ബി) ഇല്ല. ഇക്കാര്യം പരിശോധിച്ചു കൊണ്ടിരിക്കുകയാണ്.

(സി) ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) നിലവിലുള്ള നിയമമനുസരിച്ച് 30.5.94 വരെയോ അതിന് മുമ്പോ നടത്തിയ ഒരനധികൃത നിർമ്മാണങ്ങൾ ക്രമീകരിക്കുന്നതിനായി

LIBRARY ARCHIVES Kerala Legislative Assembly

30.11.95ന് മുൻപ് അപേക്ഷ സമർപ്പിച്ചവരുടെ നിർമ്മാണങ്ങൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്.

**109 (2482) കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ ഇളവ് അനുവദിക്കുന്നതിന് വേണ്ടിയുള്ള അപേക്ഷകൾ**

ശ്രീ. സി.ടി.അഹമ്മദ് അലി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവനുവദിക്കുന്നതിനു വേണ്ടിയുള്ള എത്ര അപേക്ഷകൾ 30.6.96 വരെ ഗവൺമെന്റിലും ജില്ലാ ടൗൺപ്ലാനിംഗ് ആഫീസുകളിലും തീരുമാനം ആകാതെ കിടക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര കാലം വരെ പഴക്കമുള്ള ഫയലുകൾ ഇതിൽ ഉണ്ടെന്നു വ്യക്തമാക്കാമോ;

(സി) കാലതാമസം ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ഡി) അപേക്ഷകളുടെ എണ്ണം കൂടി വരുന്നതുകൊണ്ട് കൂടുതൽ സ്റ്റാഫിനെ നിയമിക്കുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുമോ?

ഉത്തരം

(എ & ബി) 30.6.96 വരെ ഗവൺമെന്റിൽ 369 ഓളം അപേക്ഷകൾ തീർപ്പു കല്പിക്കുവാനുണ്ടായിരുന്നു. തീരുമാനമാകാതെ കിടന്നിരുന്ന ഗവൺമെന്റ് ഫയലുകളിൽ തീരുമാനം എടുത്തുവരുന്നു. ജില്ലാ ടൗൺ പ്ലാനിംഗ് ഓഫീസുകളിലെ വിവരം ശേഖരിച്ചുവരുന്നു. 3 വർഷംവരെ പഴക്കമുള്ള ഫയലുകൾ ഉണ്ടായിരുന്നു.

(സി) കാലതാമസം ഒഴിവാക്കാൻ പരമാവധി ശ്രദ്ധിക്കുന്നുണ്ട്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

**110 (2483) ചട്ടങ്ങൾക്കു വിരുദ്ധമായി കെട്ടിടനിർമ്മാണത്തിന് അനുമതി**

ശ്രീ. എം. ദാസൻ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

മുൻ സർക്കാരിന്റെ കാലത്ത് നഗരപ്രദേശങ്ങളിൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിരുദ്ധമായി കെട്ടിടനിർമ്മാണത്തിന് അനുമതി നൽകിയ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

മുൻ സർക്കാരിന്റെ കാലത്ത് നഗരപ്രദേശങ്ങളിൽ കെട്ടിടം നിർമ്മിക്കുന്നതിന് കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ നിന്ന് ഇളവുകൾ അനുവദിച്ച് അനുമതി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

111 (2484) ടൗൺ പ്ലാനിംഗ് ബോർഡുകളും കമ്മിറ്റികളും

പ്രൊഫസർ സാവിത്രി ലക്ഷ്മണൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. തമ്പാനൂർ രവി :
ശ്രീ. വി.ജെ. പൗലോസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയെല്ലാം ടൗൺ പ്ലാനിംഗ് ബോർഡുകളോ. കമ്മിറ്റികളോ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഇവയ്ക്ക് ആവശ്യമായുള്ള സാമ്പത്തിക സഹായം ലഭിക്കുന്നത് എവിടെ നിന്നെല്ലാമാണ്.

(സി) ഇനി പുതിയ ടൗൺപ്ലാനിംഗ് ബോർഡുകളോ കമ്മിറ്റികളോ രൂപീകരിക്കാൻ പരിപാടിയുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇവ എന്നത്തേയ്ക്ക് രൂപീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇപ്പോൾ ടൗൺപ്ലാനിംഗ് ബോർഡുകളും കമ്മിറ്റികളും ഒന്നും നിലവിലില്ല.

(ബി) ഉദിക്കുന്നില്ല.

(സി & ഡി) കേരള മുനിസിപ്പാലിറ്റി ആക്ട് പ്രകാരം മെട്രോപൊളിറ്റൻ പ്ലാനിംഗ് കമ്മിറ്റിയും ജില്ലാ പ്ലാനിംഗ് കമ്മിറ്റിയും രൂപീകരിക്കാനുള്ള നടപടികൾ എടുത്തുവരുന്നു.

112 (2485) ആലപ്പുഴ ജില്ലാ കൗൺസിലിന്റെ പ്രവർത്തനങ്ങൾ

ശ്രീ. ജി. സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയം ഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1991-94 കാലയളവിൽ ആലപ്പുഴ ജില്ലാ കൗൺസിലിന്റെ പ്രവർത്തനങ്ങളെപ്പറ്റി അന്നത്തെ ഗവൺമെന്റ് എന്തെങ്കിലും പരിശോധനയോ വിലയിരുത്തലോ നടത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത കാലയളവിൽ ആലപ്പുഴ ജില്ലാ കൗൺസിലിന്റെ പ്രവർത്തനങ്ങൾക്ക് സഹായകരമായി എന്തെങ്കിലും നിർദ്ദേശങ്ങൾ സർക്കാരിൽ നിന്നും നല്കിയിട്ടുണ്ടോ;

(സി) പ്രസ്തുത കാലയളവിൽ ആലപ്പുഴ ജില്ലാ കൗൺസിലിന്റെ എത്ര യോഗങ്ങളുടെ മിനിട്സുകളുടെ കോപ്പി സർക്കാരിന്റെ ബന്ധപ്പെട്ട വകുപ്പിന് ലഭിച്ചിട്ടുണ്ട്.

(ഡി) ലഭിച്ച മിനിട്സുകൾ പഠിച്ചശേഷം സർക്കാർ എന്തെങ്കിലും പ്രത്യേക നിർദ്ദേശങ്ങൾ ആലപ്പുഴ ജില്ലാ കൗൺസിലിനു നല്കിയിട്ടുണ്ടോ;

(ഇ) 1991-94 കാലത്ത് ആലപ്പുഴ ജില്ലാ കൗൺസിൽ അംഗങ്ങളുടെയും ഭാരവാഹികളുടെയും ചെയർമാന്റേയും ടി.എ., ഡി.എ., ടെലിഫോൺ ചാർജ് എന്നീ ഇനങ്ങളിൽ ചെലവായ തുക ഇനം തിരിച്ചു വ്യക്തമാക്കുമോ?



LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല

(ബി) ജില്ലാ കൗൺസിലിന്റെ ആവശ്യാനുസരണം കൗൺസിലിന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള സംശയദൂരീകരണം, സ്പഷ്ടീകരണം എന്നിവ പലപ്പോഴായി നല്കിയിട്ടുണ്ട്.

(സി & ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) 1991-94 കാലയളവിൽ ടി.എ., ഡി.എ. ഇനത്തിൽ 3,12,378 രൂപയും ടെലിഫോൺ ചാർജ് ഇനത്തിൽ 59,220 രൂപയും ചെലവായിട്ടുണ്ട്.

113 (2486) ആലപ്പുഴയുടെ വികസനത്തിന് മാസ്റ്റർപ്ലാൻ

ശ്രീ. കെ. ബാബു :
ശ്രീ. കെ.സി. ജോസഫ് :
ശ്രീമതി രാധാരാഘവൻ :
ശ്രീ വി.ജെ.പൗലോസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയം ഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴയുടെ വികസനത്തിന് മാസ്റ്റർ പ്ലാൻ വേണമെന്ന ആവശ്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) ആലപ്പുഴയുടെ വികസനത്തിനു വേണ്ടി ചീഫ് ടൗൺ പ്ലാനർ മാസ്റ്റർ പ്ലാൻ തയ്യാറാക്കി ഡെവലപ്പ്മെന്റ് അതോറിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

114 (2487) സംസ്ഥാനത്തെ വികസന അതോറിറ്റികൾ

ശ്രീ. സി.ടി. അഹമ്മദ് അലി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര വികസന അതോറിറ്റികളാണ് നിലവിലുള്ളത്.

(ബി) അവ ഏതെല്ലാമാണ്;

(സി) അവ ഓരോന്നും നിലവിൽ വന്നിട്ട് എത്ര കാലമായി;

(ഡി) ഓരോന്നിലും എത്ര ജീവനക്കാരുണ്ട്;

(ഇ) ഓരോന്നിനും ഓരോ വർഷവും എന്തു തുക ഭരണ ചെലവ് വരുന്നുണ്ട്;

(എഫ്) പ്രസ്തുത വികസന അതോറിറ്റികൾ എന്തെല്ലാം പദ്ധതികളാണ് ഇതുവരെയായി പൂർത്തിയാക്കിയത്;

(ജി) എന്തെല്ലാം പദ്ധതികളാണ് നടന്നുവരുന്നത്;

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) പുതുതായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) സംസ്ഥാനത്ത് ടൗൺപ്ലാനിംഗ് നിയമപ്രകാരം രൂപീകരിച്ച 12 വികസന അതോറിറ്റികളാണ് നിലവിലുള്ളത്. വികസന അതോറിറ്റികൾ താഴെകൊടുക്കുന്നവയാണ്.

1. തിരുവനന്തപുരം വികസന അതോറിറ്റി.
2. കൊല്ലം വികസന അതോറിറ്റി
3. ആലപ്പുഴ വികസന അതോറിറ്റി
4. കോട്ടയം വികസന അതോറിറ്റി
5. വിശാലകൊച്ചി വികസന അതോറിറ്റി
6. ഗോശ്രീ ദ്വീപ് വികസന അതോറിറ്റി
7. തൃശ്ശൂർ നഗരവികസന അതോറിറ്റി
8. പാലക്കാട് വികസന അതോറിറ്റി
9. ഇടുക്കി വികസന അതോറിറ്റി
10. കോഴിക്കോട് വികസന അതോറിറ്റി
11. കണ്ണൂർ വികസന അതോറിറ്റി
12. കാസർഗോഡ് വികസന അതോറിറ്റി

(സി, ഡി, ഇ, എഫ്, ജി & എച്ച്) - വിവരം ശേഖരിച്ചുവരുന്നു.

**115 (2488) ചെയർമാന്മാരില്ലാത്ത വികസന അതോറിറ്റികൾ**

ശ്രീ. എം. മുരളി :
ശ്രീ. പാലോട് രവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര വികസന അതോറിറ്റികളുണ്ട്.

(ബി) ചെയർമാനില്ലാത്ത എത്ര അതോറിറ്റികളുണ്ട്; അവ ഏതെല്ലാം;

(സി) ഏതെല്ലാം വികസന അതോറിറ്റികളിൽ ഉദ്യോഗസ്ഥന്മാരെ ചെയർമാനായി നിയമിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ടൗൺപ്ലാനിംഗ് നിയമപ്രകാരം രൂപീകരിച്ച 12 വികസന അതോറിറ്റികൾ ഉണ്ട്.

(ബി) രണ്ട് : കാസർഗോഡ് വികസന അതോറിറ്റിയും കോഴിക്കോട് വികസന അതോറിറ്റിയും.

(സി) കൊല്ലം വികസന അതോറിറ്റി, കോട്ടയം വികസന അതോറിറ്റി, ആലപ്പുഴ വികസന അതോറിറ്റി, ഇടുക്കി വികസന അതോറിറ്റി, പാലക്കാട് വികസന അതോറിറ്റി, കണ്ണൂർ വികസന അതോറിറ്റി, തൃശ്ശൂർ നഗരവികസന അതോറിറ്റി എന്നീ വികസന അതോറിറ്റികളിൽ.

LIBRARY ARCHIVES Kerala Legislative Assembly

**116 (2489) ജില്ലാ വികസന ചർച്ചായോഗത്തിന്റെ നടപടി ക്രമത്തിലെ അപാകത**

ശ്രീ. ജി. സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയം ഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 11.7.96ൽ ആലപ്പുഴ കളക്ടറേറ്റിൽ ജില്ലയുടെ വികസനത്തെപ്പറ്റിയുള്ള ചർച്ചായോഗം കളക്ടറുടെ അദ്ധ്യക്ഷതയിൽ കൂടിയ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ യോഗത്തിൽ കളക്ടർ അദ്ധ്യക്ഷത വഹിച്ചത് പഞ്ചായത്തുരാജിലെ നിയമങ്ങൾക്ക് എതിരാണോ എന്നു വ്യക്തമാക്കുമോ;

(സി) കളക്ടർമാരിൽ നിന്നും ഇതുപോലെയുള്ള സമീപനം മേലിൽ ഉണ്ടാകാതിരിക്കുവാൻ അടിയന്തിര നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

(എ) ഇല്ല.

(ബി & സി) ഉദിക്കുന്നില്ല.

**117 (2490) ഇടുക്കി ഡവലപ്പ്മെന്റ് അതോറിറ്റിയുടെ വികസന പ്രവർത്തനങ്ങൾ**

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ഡെവലപ്മെന്റ് അതോറിറ്റിയുടെ പ്രവർത്തനം ഏതു ഘട്ടം വരെയായി;

(ബി) പ്രസ്തുത അതോറിറ്റിയുടെ വികസന പ്രവർത്തനങ്ങൾ വനഭൂമി വിട്ടു കിട്ടാത്തതുമൂലം തടസ്സപ്പെട്ടിട്ടുണ്ടോ;

(സി) ഈ ഭൂമി ലഭ്യമാക്കാനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) ഇടുക്കി വികസന അതോറിറ്റിയുടെ പ്രവർത്തനത്തിന് ആവശ്യമായ വനഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികളെടുത്തുവരുന്നു.

(സി) ഇതുസംബന്ധിച്ച നടപടികൾ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

**118 (2491) ആലപ്പുഴ വികസന അതോറിറ്റിയിലെ ക്രമക്കേടുകൾ**

ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ വികസന അതോറിറ്റി ജനറൽ കൗൺസിലും എക്സിക്യൂട്ടീവ് കമ്മിറ്റിയും പുനഃസംഘടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത അതോറിറ്റിയിലെ ജീവനക്കാരുടെ പേരിൽ അഴിമതി നടത്തിയതിന് നടപടി ഉണ്ടായിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) വീട് വയ്ക്കുന്നതിനുള്ള വായ്പ നൽകുന്നതിൽ വ്യാപകമായ അഴിമതി നടന്നതായുള്ള പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത അതോറിറ്റിയിൽ മേലധികാരികളുടെ അനുമതി ഇല്ലാതെ അനർഹമായ യാത്രാബത്ത മുൻസെക്രട്ടറി കൈപ്പറ്റിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് തിരികെ പിടിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(ഇ) പ്രസ്തുത അതോറിറ്റിയുടെ മുൻ സെക്രട്ടറിക്കെതിരെ ക്രിമിനൽ കേസ്സുകൾ നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെണ്ണം;

(എഫ്) വിജിലൻസ് കേസുകൾ നിലവിലുണ്ടോ; കേസുകളുടെ സ്വഭാവമെന്തെന്ന് വ്യക്തമാക്കുമോ;

(ജി) ആലപ്പുഴ ജില്ലാ വികസന അതോറിറ്റി മുൻ സെക്രട്ടറി ആഫീസിൽ താമസിച്ചിരുന്ന കാലഘട്ടത്തിൽ വീട്ടുവാടകബത്ത കൈപ്പറ്റിയിട്ടുണ്ടോ;

(എച്ച്) അവിടെ താമസിക്കാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ടോ;

(ഐ) ഈ കാലഘട്ടത്തിൽ വീട്ടുവാടക ബത്ത കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അത് തിരികെ പിടിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ജെ) ആലപ്പുഴ വികസന അതോറിറ്റിയുടെ കനാൽ സൗന്ദര്യവൽക്കരണത്തിന്റെ മറവിൽ മുൻ സെക്രട്ടറി സർക്കാർ പണം ബിനാമി കമ്പനിയുടെ പേരിൽ തിരിമറി നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

(കെ) ചെലവ് ചുരുക്കലിന്റെ ഭാഗമായി എസ്.റ്റി.ഡി.സൗകര്യം നിറുത്തലാക്കാനുള്ള നിർദ്ദേശങ്ങൾ ആലപ്പുഴ വികസന അതോറിറ്റി പാലിച്ചിട്ടുണ്ടോ;

ഉത്തരം

(എ) നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ബി) കൈക്കൂലി കേസ്സിൽ ഒരു ജീവനക്കാരനെ സസ്പെന്റു ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) മേലധികാരികളുടെ അനുമതി കൂടാതെ സെക്രട്ടറി യാത്രാബത്ത വാങ്ങിയിട്ടുള്ളതായി കാണുന്നു. ഇക്കാര്യം പരിശോധിച്ചുവരുന്നു.

(ഇ) ഉണ്ട്. ഒന്ന്.

(എഫ്) ആലപ്പുഴ വികസന അതോറിറ്റിയുടെ മുൻ സെക്രട്ടറിക്കെതിരെ വിജിലൻസ് കേസുകൾ ഒന്നും നിലവിലില്ല.

(ജി) ഇല്ല.

(എച്ച്) വികസന അതോറിറ്റിയുടെ ചെയർമാൻ അനുമതി നൽകിയിട്ടുണ്ട്.

(ഐ) ഈ കാലഘട്ടത്തിൽ വീട്ടുവാടക ബത്ത കൈപ്പറ്റിയിട്ടില്ല.

(ജെ) ഇല്ല; ഉദിക്കുന്നില്ല.

2/1203/2002.

LIBRARY ARCHIVES Kerala Legislative Assembly

(കെ) ആഫീസിലെ രണ്ട് ഫോണുകളുടെയും എസ്.റ്റി.ഡി. സൗകര്യം നിർത്തലാക്കിയിട്ടുണ്ട്.

**119 (2492) വിള ഇൻഷ്വറൻസ് പദ്ധതി**

ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. എ. കണാരൻ :
ശ്രീ. കടമ്മനിട്ട രാധാകൃഷ്ണൻ :
ശ്രീ. കെ.സി. വേണുഗോപാൽ :
ശ്രീ. എം. മുരളി :
ശ്രീ. കെ.സി. ജോസഫ് :
ശ്രീ. കെ.സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം വിളകളെയാണ് വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

(ബി) ഓരോ കർഷകനും ഇതിൽച്ചേരുന്നതിന് പ്രതിവർഷം എന്തുതുക പ്രീമിയം അടക്കണം;

(സി) വിള നഷ്ടം ഉണ്ടാകുമ്പോൾ ഇൻഷ്വറൻസിൽ നിന്നും എന്തു തുക നഷ്ടപരിഹാരമായി ലഭിക്കും;

(ഡി) പുതുതായി ഏതെല്ലാം വിളകളെയാണ് ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നത്;

(ഇ) വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളാകാൻ കൃഷിക്കാർ ഏതെല്ലാം കാര്യങ്ങളാണ് ചെയ്യേണ്ടത്;

(എഫ്) ഈ പദ്ധതിപ്രകാരം നാളിതുവരെ എത്ര പേർക്ക് നഷ്ട പരിഹാരം നല്കി;

(ജി) കൂടുതൽ വിളകളെ ഈ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

**ഉത്തരം**

(എ) തെങ്ങ്, കമുക്, റബ്ബർ, കശുമാവ്, വാഴ, മരച്ചീനി, കൈതച്ചക്ക, കുരുമുളക്, ഏലം, ഇഞ്ചി, മഞ്ഞൾ, കാപ്പി, തേയില, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പു, വെറ്റില, പയറുവർഗ്ഗം, കിഴങ്ങുവർഗ്ഗം, കരിമ്പ്, പുകയില, നെല്ല് എന്നിവ.

(ബി) ഇൻഷ്വർ ചെയ്യുന്ന ഓരോ വിളക്കും അതാതിന് സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന തുക പ്രീമിയം അടക്കണം. പ്രീമിയം നിരക്ക് സംബന്ധിച്ച സ്റ്റേറ്റുമെന്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) പൂർണ്ണ വിള നഷ്ടം ഉണ്ടാകുമ്പോൾ കർഷകൻ ഇൻഷ്വർ ചെയ്തിരിക്കുന്ന വിളകളുടെ എണ്ണത്തിന്റെ/വിസ്തൃതിയുടെയടിസ്ഥാനത്തിൽ

---

* അനുബന്ധം IV.

LIBRARY ARCHIVES Kerala Legislative Assembly

25.3.95-ലെ സർക്കാർ ഉത്തരവ് (എം.എസ്.) 125/95/കൃഷിയിൽ പറഞ്ഞിരിക്കുന്ന തോതിൽ നഷ്ടപരിഹാരം ലഭിക്കും.

(ഡി) കേരളത്തിലെ പ്രധാനപ്പെട്ട 25 വിളകൾ ഇപ്പോൾ തന്നെ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ പുതുതായി കൂടുതൽ വിളകൾ ഉൾപ്പെടുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ഇ) സ്വന്തമായോ പാട്ടത്തിനോ കൃഷി ചെയ്യുന്ന കർഷകർക്ക് അതാത് വിളകൾക്ക് നിശ്ചയിച്ചിട്ടുള്ള പ്രീമിയം തുക അടച്ച് ഈ പദ്ധതിയിൽ ചേരാം.

(എഫ്) 62 പേർക്ക്.

(ജി) ഇപ്പോൾ പരിഗണനയിലില്ല.

**120 (2493) യുവാക്കൾക്ക് കാർഷികമേഖലയിൽ തൊഴിൽ അവസരങ്ങൾ**

ശ്രീ. തമ്പാനൂർ രവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ യുവാക്കൾക്ക് കാർഷികമേഖലയിൽ തൊഴിൽ അവസരങ്ങൾ ലഭിക്കുന്നതിനുവേണ്ടി സംസ്ഥാന വ്യാപകമായി കാർഷിക വികസന കേന്ദ്രങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉദ്ദേശിക്കുന്നുണ്ട്.

(ബി) യുവാക്കൾക്ക് കാർഷികമേഖലയിൽ തൊഴിലവസരം ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ പച്ചക്കറിവികസനം, പൂക്കൃഷിവികസനം എന്നിവക്കായി പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ചു നിലവിലുള്ള കൃഷിഭവനുകൾ മുഖേന നടപ്പിലാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചു വരുന്നു. പുതുതായി കാർഷിക വികസന കേന്ദ്രങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നില്ല.

**121 (2494) അടയ്ക്കാ കൃഷിക്കാർ നേരിടുന്ന പ്രശ്നങ്ങൾക്ക് നടപടി**

ശ്രീ. ചെർക്കളം അബ്ദുള്ള : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) അടയ്ക്കാ കൃഷിക്കാർ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരത്തിനായി എന്തെങ്കിലും നിവേദനം ഗവൺമെന്റിനു ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ നിവേദനത്തിലെ ആവശ്യങ്ങൾ എന്തെല്ലാമാണ്?

(സി) പ്രസ്തുത ആവശ്യങ്ങളിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ഡി) അടയ്ക്കാ കൃഷിക്കാർക്ക് സൗജന്യ വൈദ്യുതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്

(ബി) ദക്ഷിണ കന്നട ജില്ലയിലേതുപോലെ വിളകൾക്കായി നൽകി വരുന്ന വായ്പ രണ്ടുലക്ഷമായി വർദ്ധിപ്പിക്കുക, കമുകിൻ തോട്ടങ്ങൾ വീണ്ടും മണ്ണിട്ട് നികത്തുന്നതിന് വേണ്ടി ഇപ്പോൾ നൽകിവരുന്ന വായ്പ തുക വർദ്ധിപ്പിക്കുകയും തുകയുടെ 50% സബ്സിഡിക്കായി അനുവദിക്കുകയും ചെയ്യുക. ഡ്രിപ്പ് ഇറിഗേഷന് സബ്സിഡി അനുവദിച്ചതുപോലെ സ്പ്രിംഗ്ളർ ഇറിഗേഷനും സബ്സിഡി അനുവദിക്കുക, ഗുണമേന്മയുള്ള തുരിശ് ആവശ്യാനുസരണം സബ്സിഡി നിരക്കിൽ ലഭ്യമാക്കുക, മരച്ചീനി, വാഴ എന്നിവ ഇടവിളയായി കൃഷി ചെയ്യുന്നതിന് സബ്സിഡിയോടെയുള്ള വായ്പ അനുവദിക്കുക, കൃഷിയോഗ്യമായ ഭൂമികൾ സംരക്ഷിക്കുന്നതിനുവേണ്ടി വെള്ളപ്പൊക്ക നിവാരണ ബണ്ടുകൾ നിർമ്മിക്കുക, സ്പ്രേയറുകൾ വാങ്ങുന്നതിന് 50% സബ്സിഡിയോടുകൂടി വായ്പ അനുവദിക്കുക, രാസവളം ആവശ്യാനുസരണം ലഭ്യമാക്കുക, കാർഷിക ഉൽപന്നങ്ങൾ വന്യമൃഗങ്ങളിൽ നിന്ന് സംരക്ഷിക്കുന്നതിനു വേണ്ടി കൃഷിക്കാർക്കായി അനുവദിച്ചിട്ടുള്ള ഗൺ ലൈസൻസ് പുതുക്കി ലഭിക്കുന്നതിന് കാലതാമസം ഒഴിവാക്കുന്നതിനായി നിലവിലുള്ള ചട്ടങ്ങളിൽ ഭേദഗതി വരുത്തുക എന്നിവയാണ്.

(സി) ഇവ പരിഗണനയിലാണ്.

(ഡി) തല്ക്കാലം സാദ്ധ്യമല്ല.

**122 (2495) പുഷ്പക്കൃഷി വികസനത്തിന് പദ്ധതികൾ**

ശ്രീ. കെ. സുധാകരൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എം. മുരളി :
ശ്രീ. സി.ടി.അഹമ്മദ് അലി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാണിജ്യാടിസ്ഥാനത്തിൽ പുഷ്പക്കൃഷി വികസിപ്പിക്കാൻ പുതിയ പദ്ധതികൾ നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിനായി എന്തൊക്കെ പരിപാടികളാണ് നടപ്പാക്കുന്നത്;

(സി) ദേശീയവും വിദേശീയവുമായ വിപണി ലക്ഷ്യമാക്കിയുള്ള പുഷ്പക്കൃഷി വികസനത്തിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വ്യാവസായികാടിസ്ഥാനത്തിൽ പുഷ്പക്കൃഷി വികസിപ്പിക്കുന്നതിനുള്ള ഒരു സമഗ്ര പദ്ധതി ആവിഷ്ക്കരിച്ചു വരുന്നു.

(സി) ദേശീയവും വിദേശീയവുമായ വിപണി ലക്ഷ്യമാക്കിയുള്ള പദ്ധതിയാണ് ആവിഷ്ക്കരിക്കാനുദ്ദേശിക്കുന്നത്.

### 123 (2496) കുറ്റിമുല്ല കൃഷിയുടെ വികസനം

ശ്രീ. പി.ജെ.ഫ്രാൻസിസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുറ്റിമുല്ല കൃഷിയുടെ വികസനത്തിനു വേണ്ടി സർക്കാർ എന്തൊക്കെ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്;

(ബി) ആലപ്പുഴ ജില്ലയിൽ ഇതിനുവേണ്ടി എന്തു തുക അനുവദിച്ചിട്ടുണ്ട്;

(സി) പ്രസ്തുത ജില്ലയിൽ ഈ കൃഷിയുടെ വികസനത്തിനു വേണ്ടി സർക്കാർ കൂടുതൽ ശ്രദ്ധ ചെലുത്തുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 100 ശതമാനം കേന്ദ്രസഹായത്തോടെയുള്ള വ്യാവസായിക പുഷ്പകൃഷി വികസന പദ്ധതി നടപ്പിലാക്കുന്നതിന് പുറമേ പ്രത്യേക ഘടകപദ്ധതി ഗിരിവർഗ്ഗഉപപദ്ധതി എന്നിവയിലൂടെയും സംസ്ഥാന ഗവൺമെന്റ് കുറ്റിമുല്ല കൃഷി നടപ്പിലാക്കിവരുന്നു.

(ബി) കേന്ദ്രാവിഷ്കൃത പദ്ധതിപ്രകാരം 1995-96 സാമ്പത്തിക വർഷം 50000/- രൂപയും 1996-97 സാമ്പത്തിക വർഷം 1,50,000/- രൂപയും അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമെ ആലപ്പുഴ ജില്ലയിൽ കഞ്ഞിക്കുഴി പഞ്ചായത്തിന്റെ പരിധിയിൽ 10 ഹെക്ടർ സ്ഥലത്ത് കുറ്റിമുല്ല കൃഷി വ്യാവസായികാടിസ്ഥാനത്തിൽ പ്രോത്സാഹിപ്പിക്കുന്നതിനായി 1,92,000 രൂപയുടെ ഒരു പദ്ധതി ആവിഷ്ക്കരിച്ചു നടപ്പിലാക്കിവരുന്നു.

(സി) ശ്രദ്ധ ചെലുത്തുന്നതാണ്.

### 124 (2497) മാമം കോക്കനട്ട് കോംപ്ലക്സ് തുറന്ന് പ്രവർത്തിപ്പിക്കാൻ നടപടി

ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാമം കോക്കനട്ട് കോംപ്ലക്സ് തുറന്ന് പ്രവർത്തിപ്പിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) 1995-96 വരെ ഈ സ്ഥാപനത്തിന്റെ നഷ്ടം എത്രയാണ് എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) സാമ്പത്തിക പ്രതിസന്ധിയെത്തുടർന്ന് പ്രവർത്തനം നിലച്ചിരിക്കുന്ന മാമം കോക്കനട്ട് പ്രോസസിംഗ് കോംപ്ലക്സ് ഉൾപ്പെടെ, കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷന്റെ പുന:രുദ്ധാരണത്തിനുള്ള ചില നിർദ്ദേശങ്ങൾ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(ബി) 1995-96 വരെയുള്ള സഞ്ചിത നഷ്ടം താല്ക്കാലിക കണക്കുകളനുസരിച്ച് 1311.46 ലക്ഷം രൂപയാണ്.



LIBRARY ARCHIVES Kerala Legislative Assembly

**125 (2496) നാളികേര വികസന ബോർഡിന്റെ പ്രവർത്തനങ്ങൾ**

ശ്രീ. എളമരം കരീം :
ശ്രീ. എം.കെ. മുനീർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേര വികസനബോർഡിന്റെ പ്രവർത്തനം എന്തൊക്കെയാണ്;

(ബി) ഇതിന്റെ പ്രവർത്തനംമൂലം സംസ്ഥാനത്ത് നാളികേര ഉല്പാദനത്തിൽ എത്ര ശതമാനം വർദ്ധനവ് അഞ്ചുവർഷക്കാലത്ത് ഉണ്ടായിട്ടുണ്ട്;

(സി) ഇതിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) നാളികേര വികസനബോർഡിൽ കൂടി എന്തെല്ലാം സഹായപദ്ധതികളാണ് കൃഷിക്കാർക്ക് നല്കിവരുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) കേന്ദ്ര സർക്കാരിൽ നിന്നും എന്തെങ്കിലും സഹായം ഇതിന് ലഭിക്കുന്നുണ്ടോ; എന്നാൽ കഴിഞ്ഞ സാമ്പത്തിക വർഷം എന്തു തുക ലഭിച്ചു; അത് എങ്ങനെ വിനിയോഗിച്ചുവെന്നത് വ്യക്തമാക്കാമോ?

ഉത്തരം

(എ) നാളികേര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും, വിപണനത്തിനും ആവശ്യമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുക എന്നതാണ് നാളികേര വികസന ബോർഡിന്റെ മുഖ്യമായ പ്രവർത്തനങ്ങൾ. ഇതിനായി കൃഷിവകുപ്പ്, കാർഷിക സർവ്വകലാശാല, തോട്ടവിള ഗവേഷണകേന്ദ്രം എന്നിവയുമായി സഹകരിച്ച് രോഗപ്രതിരോധ നടപടികൾ, സാങ്കേതികവിദ്യ വികസിപ്പിച്ച് എടുക്കൽ, ഓരോ പ്രദേശത്തിനും അനുയോജ്യമായ ഉല്പാദനക്ഷമത കൂടുതലുള്ള തെങ്ങിൻതൈകൾ വികസിപ്പിച്ചെടുക്കുക എന്നിവ ബോർഡ് നടപ്പിലാക്കുന്നു. കാലാകാലങ്ങളിൽ തേങ്ങയുടെ വില നിശ്ചയിക്കുന്നതിന് പുതിയ വിപണനമേഖല കണ്ടെത്തുന്നതിലും സർക്കാരിനെ സഹായിക്കുന്നു.

(ബി) സംസ്ഥാനത്ത് കഴിഞ്ഞ അഞ്ചുവർഷക്കാലത്ത് നാളികേര ഉല്പാദനം ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. കേരള സർവ്വകലാശാല, തോട്ടവിള ഗവേഷണകേന്ദ്രം, നാളികേര വികസന ബോർഡ് എന്നിവയിൽ നിന്നുള്ള വിവിധ തരത്തിലുള്ള സഹായം സംയോജിപ്പിച്ചാണ് കേരകൃഷി നടത്തിവരുന്നത്. അതിനാൽ നാളികേര വികസന ബോർഡിന്റെ പ്രവർത്തനംമൂലം എത്ര ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന് കണക്കാക്കുവാൻ കഴിയുകയില്ല.

(സി) നാളികേര വികസനബോർഡ് ഒരു കേന്ദ്രഗവൺമെന്റ് സ്ഥാപനമായതിനാൽ അതിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് തീരുമാനമെടുക്കേണ്ടത് കേന്ദ്രസർക്കാരാണ്. സംസ്ഥാനത്തെ നാളികേര വികസനത്തിന് ബോർഡിന്റെ പ്രവർത്തനത്തിൽ മാറ്റം വരുത്തേണ്ടതുണ്ടെന്ന് സംസ്ഥാന സർക്കാരിന് തോന്നുകയാണെങ്കിൽ അക്കാര്യം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉല്പാദനക്ഷമത കുറഞ്ഞതും രോഗബാധിതവുമായ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തൈകൾ നടുന്നതിനും രാസവള പ്രയോഗത്തിനും ഇടവിളകൃഷിക്കും സഹായം നൽകുന്ന സംയോജിത നാളികേര വികസന പദ്ധതി നടപ്പിലാക്കുന്നു. കൂടാതെ സങ്കരയിനം തെങ്ങിൻ തൈകൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് സഹായധനം നല്കി വരുന്നു.

(ഇ) സംയോജിത നാളികേര വികസന പദ്ധതിക്കായി കേന്ദ്ര സർക്കാരിൽ നിന്നും 635.725 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. രോഗം ബാധിച്ച തെങ്ങ് മുറിച്ചു മാറ്റുന്നതിനുള്ള ധനസഹായത്തിനും, ഗുണമേന്മയുള്ള തെങ്ങിൻ തൈകളുടെ ഉല്പാദനത്തിനും വിതരണത്തിനും, രാസവള കിറ്റ് നല്കുന്നതിനും, ഇടവിളകൃഷിക്ക് ധനസഹായം നല്കുന്നതിനുമായിട്ടാണ് ഈ തുക വിനിയോഗിക്കുന്നത്.

### 126 (2499) അഗ്രോ മെഷിനറി കോർപ്പറേഷൻ നിർമ്മിക്കുന്ന യന്ത്രങ്ങളുടെ വിപണനം

ശ്രീ. എം. മുരളി :
ശ്രീ.കെ.സി. വേണുഗോപാൽ :
ശ്രീ.കെ.എ. ചന്ദ്രൻ :
ശ്രീ. ബി. വിജയകുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ എന്തെല്ലാം യന്ത്രങ്ങളാണ് നിർമ്മിക്കുന്നത്;

(ബി) ഈ യന്ത്രങ്ങൾ എവിടെ വിപണനം ചെയ്യുന്നു;

(സി) പ്രസ്തുത സ്ഥാപനം നിർമ്മിക്കുന്ന യന്ത്രങ്ങളുടെ വിപണനത്തിനായി സ്വീകരിച്ചിട്ടുള്ള സെയിൽസ് പ്രൊമോഷൻ നടപടികൾ എന്തെല്ലാമാണ്;

(ഡി) സംസ്ഥാന കൃഷി വകുപ്പിൽ നിന്നും ലോണോ മറ്റെന്തെങ്കിലും സഹായധനമോ വാങ്ങുന്ന കർഷകർ പ്രസ്തുത കോർപ്പറേഷൻ ഉത്പാദിപ്പിക്കുന്ന സാധനങ്ങൾ മാത്രമേ വാങ്ങാവൂ എന്ന് ഉത്തരവിടാൻ ഉദ്ദേശിക്കുന്നുണ്ടോ?

#### ഉത്തരം

(എ) കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ "കാംകോ പവ്വർ ടില്ലറു"കളാണ് ഇപ്പോൾ നിർമ്മിക്കുന്നത്. കൂടാതെ 'കാംകോ പവ്വർ റീപ്പർ' എന്ന പേരിൽ ഒരു കൊയ്ത്തുയന്ത്രവും കോർപ്പറേഷൻ വികസിപ്പിച്ചെടുത്തിട്ടുണ്ട്.

(ബി) കാംകോ പവ്വർ ടില്ലർ ഇൻഡ്യയിലെ മിക്കവാറും എല്ലാ സംസ്ഥാനങ്ങളിലും വിപണനം ചെയ്യുന്നുണ്ട്. കൊയ്ത്തുയന്ത്രം താമസിയാതെ വിപണിയിലെത്തുന്നതാണ്.

(സി) കാംകോ പവ്വർ ടില്ലറുകളുടെ വിപണനത്തിനായി അതു വിപണനം നടത്തുന്ന എല്ലാ സംസ്ഥാനങ്ങളിലും വിതരണക്കാരെ നിയമിച്ചിട്ടുണ്ട്. വിതരണക്കാരുടെ നിർദ്ദേശമനുസരിച്ച് ഇൻഡ്യയുടെ വിവിധ സ്ഥലങ്ങളിൽ ഡെമോൺസ്ട്രേഷൻ നടത്തുക, എക്സിബിഷനിൽ

LIBRARY ARCHIVES Kerala Legislative Assembly

പങ്കെടുക്കുക, പരസ്യം നൽകുക എന്നിവയാണ് സെയിൽസ് പ്രൊമോഷനായി പ്രധാനമായും സ്വീകരിച്ചിട്ടുള്ള നടപടികൾ.

(ഡി) ഉദ്ദേശിക്കുന്നില്ല.

**127 (2500) കാർഷിക മേഖലയിൽ യന്ത്രവല്ക്കരണം**

ശ്രീ. ഇ.എം.അഗസ്തി :
ശ്രീ. കെ. സുധാകരൻ :
ശ്രീ. കെ. അച്യുതൻ :
ശ്രീ. അടൂർ പ്രകാശ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികമേഖലയിൽ ഏതെല്ലാം വിഭാഗങ്ങളിലാണ് യന്ത്രവല്ക്കരണം നടപ്പിലാക്കുന്നത്;

(ബി) ഇതിന്റെ ഫലമായി എത്രപേർക്ക് തൊഴിൽ ഇല്ലാതാകുമെന്ന് കണക്കാക്കുന്നു;

(സി) തൊഴിൽ നഷ്ടപ്പെടുന്നവരെ പുനരധിവസിപ്പിക്കുവാൻ എന്തെല്ലാം പരിപാടികളാണ് ഉള്ളതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) നിലം ഉഴുന്നതിനും കറ്റ മെതിക്കുന്നതിനും നെല്ലു പാറ്റുന്നതിനും മരുന്നു തളിക്കുന്നതിനുമാണ് ഇപ്പോൾ യന്ത്രവല്ക്കരണം നടപ്പാക്കുന്നത്. കൂടാതെ കൊയ്ത്തിനും കുറഞ്ഞ തോതിൽ യന്ത്രവല്ക്കരണം നടപ്പിലാക്കി തുടങ്ങിയിട്ടുണ്ട്. കാർഷികമേഖലയിലെ വിവിധ ജോലികൾക്കായി തൊഴിലാളികൾക്ക് ദൗർബല്യം അനുഭവപ്പെട്ട സാഹചര്യത്തിലാണ് യന്ത്രവല്ക്കരണം നടപ്പിലാക്കി തുടങ്ങിയത്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

**128 (2501) കാപ്പികൃഷിക്കാരുടെ പ്രശ്നങ്ങൾ**

ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. സി.പി. ബാലൻ വൈദ്യർ :
ശ്രീ. എം.നാരായണൻ (കുഴൽമന്ദം) : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാപ്പിക്കൃഷിക്കാരുടെ പ്രശ്നങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവരുടെ ഉല്പന്നങ്ങൾക്ക് ന്യായമായ വില കിട്ടുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കാൻ ആവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്.

(സി) കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ശ്രമിക്കുന്നതാണ്.

**129 (2502) നെൽപാടങ്ങളുടെ വിസ്തീർണ്ണം**

ശ്രീ. സി.ടി.അഹമ്മദ് അലി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

ഇപ്പോൾ നെൽകൃഷി ചെയ്തുവരുന്നത് എത്ര ഹെക്ടർ സ്ഥലത്താണെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

ഉത്തരം

5.03 ലക്ഷം ഹെക്ടർ. ജില്ല തിരിച്ചുള്ള കണക്ക് താഴെ കൊടുത്തിട്ടുണ്ട്.

| ജില്ല | നെൽകൃഷി ചെയ്തുവരുന്ന സ്ഥലത്തിന്റെ വിസ്തൃതി (ഹെക്ടർ) |
|---|---|
| തിരുവനന്തപുരം | 17338 |
| കൊല്ലം | 25282 |
| പത്തനംതിട്ട | 11045 |
| ആലപ്പുഴ | 54864 |
| കോട്ടയം | 25006 |
| ഇടുക്കി | 4696 |
| എറണാകുളം | 60018 |
| തൃശൂർ | 62144 |
| പാലക്കാട് | 140066 |
| മലപ്പുറം | 42063 |
| കോഴിക്കോട് | 8457 |
| വയനാട് | 22772 |
| കണ്ണൂർ | 17302 |
| കാസർഗോഡ് | 12237 |

**130 (2503) കൃഷിയോഗ്യമല്ലാത്ത ഭൂമി**

ശ്രീ. ജോർജ്ജ് ഈഡൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിയോഗ്യമല്ലാത്ത സ്ഥലങ്ങൾ മറ്റാവശ്യങ്ങൾക്ക് വിനിയോഗിക്കുവാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് ഗവൺമെന്റ് തീരുമാനം എടുത്തിട്ടുണ്ടോ;

(സി) വീടുവെയ്ക്കാൻ ആവശ്യമായ നിലം നികത്താൻ പ്രത്യേക അനുമതി നല്കുമോ?



LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല

(ബി) ചോദ്യം ഉദിക്കുന്നില്ല

(സി) കേരള ഭൂവിനിയോഗ നിയമം സമൂലം പരിഷ്കരിക്കേണ്ടതുണ്ട്. ആ സമയം ഇക്കാര്യവും പരിശോധിക്കുന്നതാണ്.

**131 (2504) കുട്ടനാട്ടിലും തൃശ്ശൂർ കോൾനിലങ്ങളിലും കൃഷി ചെയ്യുന്നവർക്ക് പമ്പിംഗ് സബ്സിഡി**

ശ്രീ. കെ.അച്ച്യുതൻ :
ശ്രീ.കെ. സുധാകരൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. ഇ.എം. അഗസ്തി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ കുട്ടനാട്ടിലും തൃശ്ശൂർ കോൾനിലങ്ങളിലും കൃഷി ചെയ്യുന്നവർക്ക് പമ്പിംഗ് സബ്സിഡി നൽകുന്നുണ്ടോ;

(ബി) എങ്കിൽ ഏക്കറിന് എത്ര രൂപ വീതം;

(സി) ഈ നിരക്ക് എന്ന് തീരുമാനിച്ചതാണ്;

(ഡി) സബ്സിഡി വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ഉണ്ട്

(ബി) കുട്ടനാട് പ്രദേശങ്ങളിൽ കൃഷി ചെയ്യുന്നവർക്ക് തൊട്ട് മുമ്പുള്ള മൂന്നു വർഷക്കാലത്തെ പമ്പിംഗ് സബ്സിഡിയുടെ ശരാശരി തുകയിൽ 10% വർദ്ധന വരുത്തിയാണ് ഓരോ വർഷവും തുക നൽകുന്നത്. തൃശ്ശൂർ കോൾനിലങ്ങളിൽ കൃഷി ചെയ്യുന്നവർക്ക് പുഞ്ചകൃഷിക്ക് ഏക്കറിന് 150/- രൂപയും മുണ്ടകൻ കൃഷിക്ക് ഏക്കറിന് 187.50/- രൂപയുമാണ് തുക നിശ്ചയിച്ചിട്ടുള്ളത്.

(സി) 1987-ൽ

(ഡി) ഇപ്പോൾ അക്കാര്യം പരിഗണനയിലില്ല.

**132 (2506) കണ്ടല്ലൂർ ഗ്രാമപ്പഞ്ചായത്ത് 3-ാം വാർഡിലുള്ള നെൽകൃഷി സംരക്ഷിക്കുന്നതിന് നടപടി**

ശ്രീ. ജി. സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽപ്പെട്ട കണ്ടല്ലൂർ ഗ്രാമപ്പഞ്ചായത്ത് 3-ാം വാർഡിലുള്ള 46 ഏക്കറോളം വരുന്ന നിലത്തിലെ നെൽകൃഷി കായലിൽ നിന്നും ഉപ്പുവെള്ളം കയറി നശിച്ചുകൊണ്ടിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത നിലത്തിലെ നെൽകൃഷിയെ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്

(ബി) പാലത്തുംപാട് - വോട്ട്തറകടവ് തോടിന്റെ കായലുമായി ചേരുന്ന ഭാഗത്ത് ചിപ്പും ഷട്ടറും നിർമ്മിച്ച് ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

133 (2507) കാർഷികമേഖലയിൽ സൗജന്യനിരക്കിൽ വൈദ്യുതി

ശ്രീ. എം.കെ.മുനീർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികവിളകൾക്ക് സൗജന്യനിരക്കിൽ വൈദ്യുതി നൽകാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കാർഷികമേഖലയിലെ ഏതെല്ലാം വിഭാഗങ്ങളെയാണ് ഈ ആനുകൂല്യത്തിന് ഉൾപ്പെടുത്തിയിട്ടുള്ളത്;

(സി) കാർഷികമേഖലയിൽ വൈദ്യുതി നൽകുന്നതിന് പ്രത്യേക പരിഗണന ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) അവ എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) നെൽകൃഷിക്കേ സൗജന്യനിരക്കിൽ വൈദ്യുതി നല്കുന്നുള്ളൂ.

(സി) ഉണ്ട്.

(ഡി) കാർഷിക ആവശ്യത്തിനുള്ള വൈദ്യുതി കണക്ഷനുകൾക്ക് മുൻഗണന നൽകുന്നു. കൂടാതെ മറ്റാവശ്യങ്ങൾക്ക് ഉള്ളതിനേക്കാൾ ചുരുങ്ങിയ നിരക്കിലാണ് വൈദ്യുതി നൽകുന്നത്.

134 (2508) കൃഷിഭവനുകളിൽ നിന്ന് നല്കുന്ന പമ്പുസെറ്റ് വിതരണത്തിലെ ക്രമക്കേടുകൾ

ശ്രീ. ജി. സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൃഷിക്കാർക്ക് കൃഷിഭവനുകളിൽ നിന്ന് വിവിധ പദ്ധതികളിലൂടെ നല്കുന്ന പമ്പുസെറ്റ് വിതരണത്തിൽ ക്രമക്കേടുകൾ നടക്കുന്നതായുള്ള വിവരം ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ;

(ബി) കൃഷി ഭവനുകൾ വഴി കൃഷിക്കാർക്ക് പമ്പുസെറ്റുകൾ വിതരണം ചെയ്യുന്നതിന് സർക്കാർ എന്തെങ്കിലും മാനദണ്ഡം സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) സ്വകാര്യ വ്യാപാരികൾമൂലം പമ്പുസെറ്റുകൾ വിതരണം ചെയ്തുകൊണ്ടിരിക്കുന്നതിലെ അപാകതകൾ എന്തൊക്കെയാണെന്ന് ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്

(ബി) ഉണ്ട്. ഗ്രൂപ്പ്ഫാമിംഗ് സമിതികൾ, സർവീസ് സഹകരണ ബാങ്കുകൾ എന്നിവയ്ക്ക് 50% സബ്സിഡി നിരക്കിൽ പമ്പുസെറ്റുകൾ വിതരണം ചെയ്തുവരുന്നു. ഐ.എസ്.ഐ. മുദ്രയുള്ളതും. വില്പനാനന്തര സേവനം, വില, കംമ്പോളത്തിലെ ലഭ്യത, കാലാവസ്ഥയെ അതിജീവിക്കാനുള്ള കഴിവ്, സാങ്കേതികമായ ഗുണനിലവാരം, കർഷകർക്കിടയിലെ പൊതുവായ അഭിപ്രായം എന്നിവ പരിഗണനയിലെടുത്തുകൊണ്ട് കൃഷി വകുപ്പിന്റെ കീഴിലുള്ള സംസ്ഥാനതല സാങ്കേതികസമിതി (എസ്.എൽ.റ്റി.സി.) തെരഞ്ഞെടുക്കുന്ന പമ്പുസെറ്റുകളാണ് വിതരണം ചെയ്യുന്നത്.

(സി) അംഗീകൃത സ്വകാര്യ വ്യാപാരികളിലൂടെയുള്ള പമ്പുസെറ്റ് വിതരണത്തെ സംബന്ധിച്ച് പരാതികൾ ലഭിക്കുമ്പോൾ അവയെപ്പറ്റി അന്വേഷിക്കുകയും നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

**135 (2509) നാളികേരത്തിന്റെ വില**

ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. എം.കെ. മുനീർ :
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ ജൂൺ മാസത്തിൽ 1000 നാളികേരത്തിന് എന്തു വിലയായിരുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) ഇപ്പോഴത്തെ വില എന്ത് ?

ഉത്തരം

(എ) കഴിഞ്ഞ ജൂൺ മാസത്തിൽ 1000 നാളികേരത്തിന് തൊണ്ടില്ലാതെ 2896 രൂപയായിരുന്നു.

(ബി) ഇപ്പോൾ 1000 നാളികേരത്തിന് തൊണ്ടില്ലാതെ 3593 രൂപയാണ്.

**136 (2510) കാലവർഷക്കെടുതി മൂലം കൃഷിനാശം സംഭവിക്കുന്നവർക്ക് നഷ്ടപരിഹാരം നല്കാൻ സ്ഥിരം സംവിധാനം.**

ശ്രീ. എം.കെ.മുനീർ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷക്കെടുതിമൂലം കൃഷി നാശം സംഭവിക്കുന്നവർക്ക് നഷ്ടപരിഹാരം നൽകാൻ സർക്കാർ എന്തെങ്കിലും സ്ഥിരം സംവിധാനം ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) ഓരോ ജില്ലയിലേയും നാശനഷ്ടങ്ങൾ തിട്ടപ്പെടുത്താൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) നഷ്ടപരിഹാരം നൽകുന്നതിന്റെ മാനദണ്ഡമെന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രകൃതി ക്ഷോഭം മൂലം കൃഷി നാശം സംഭവിച്ച കർഷകർക്ക് സാമ്പത്തിക സഹായം ലഭിക്കുമ്പോൾ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടാത്ത കൃഷിക്കാർക്കു കൂടി സഹായം അനുവദിക്കാൻ കഴിയുമോ;

(ഇ) ഇൻഷ്വറൻസ് പദ്ധതിയിൽ ചേരാൻ കഴിയാതെ വന്നിട്ടുള്ള കൃഷിനാശം സംഭവിച്ച കർഷകരുടെ അപേക്ഷകൾ സ്വീകരിച്ചിട്ടുണ്ടോ;

(എഫ്) ഇവരെ സഹായിക്കാൻ സർക്കാർ എന്തെങ്കിലും പദ്ധതി തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ജി) കാലവർഷക്കെടുതിമൂലം കാർഷികവിള നഷ്ടപ്പെട്ടവർക്ക് ഗ്രാമപ്പഞ്ചായത്തു മെമ്പർമാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ താൽക്കാലിക നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകാൻ സർക്കാർ വിള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ വിളനാശം സംഭവിച്ച കൃഷിക്കാർക്ക് പുനർകൃഷി ചെയ്യാനാവശ്യമുള്ള വിത്ത് സൗജന്യമായി നൽകുന്നു. ഇതിനും പുറമേ കേടുവന്ന നെൽപാടങ്ങളുടെ ബണ്ടുകൾ നന്നാക്കാനും എഞ്ചിന്റെ പമ്പുസെറ്റ്, പമ്പ്ഹൗസ് എന്നിവ നന്നാക്കാനും ധനസഹായം നൽകുന്നു.

(ബി) ഉണ്ട്.

(സി) രണ്ടു ഹെക്ടറോ അതിൽ കുറവോ ഭൂമി ഉള്ള കർഷകർക്കാണ് പ്രകൃതി ക്ഷോഭദുരിതാശ്വാസനിധിയിൽ നിന്നും സഹായം അനുവദിക്കുന്നത്. എന്നാൽ വാർഷിക വരുമാനം 10000/- രൂപയിൽ താഴെയുള്ള രണ്ടിലധികം ഹെക്ടർ സ്ഥലമുള്ള കർഷകരേയും പ്രകൃതിക്ഷോഭ ദുരിതാശ്വാസനിധിയിൽ നിന്നുള്ള സഹായത്തിന് പരിഗണിക്കും. നഷ്ടപരിഹാരം രണ്ടു ഹെക്ടറിനകത്ത് പരിമിതപ്പെടുത്തും.

(ഡി) ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടാത്ത കർഷകർക്കും സഹായധനം അനുവദിക്കുന്നുണ്ട്.

(ഇ) ഉണ്ട്.

(എഫ്) കൃഷി നാശം സംഭവിച്ചവർക്ക് സാമ്പത്തിക സഹായം നൽകുന്നതിനുള്ള പദ്ധതി നിലവിലുണ്ട്.

(ജി) പ്രായോഗിക ബുദ്ധിമുട്ടുള്ളതിനാൽ നിർദ്ദേശം സ്വീകാര്യമല്ല.

**137 (2511) സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷനിലെ ജനറൽ മാനേജരുടെ തസ്തികയിലേക്കു നൽകിയ പരസ്യം**

ശ്രീ. കെ. പ്രകാശ്ബാബു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷനിൽ ജനറൽ മാനേജർ തസ്തികയിലേക്ക് 24.1.1994ൽ പത്രപരസ്യം നല്കി അപേക്ഷ ക്ഷണിച്ചിരുന്നോ;



LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പരസ്യം എം.ഡി.യുടെ പേരുവച്ച് പ്രസിദ്ധപ്പെടുത്താൻ കാരണമെന്ത്;

(സി) ഒരു പൊതുമേഖലാ സ്ഥാപനമെന്ന നിലയിൽ ഉദ്യോഗാർത്ഥികളുടെ അപേക്ഷ ക്ഷണിക്കുമ്പോൾ എം.ഡി.യുടെ പേരു വച്ച് അപേക്ഷ ക്ഷണിക്കുന്നത് ശരിയാണോ എന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പരസ്യത്തിൽ പരാമർശിച്ചിരുന്ന വിദ്യാഭ്യാസ യോഗ്യത, പ്രായപരിധി എന്നിവ വിശദമാക്കുമോ; കൂടുതൽ യോഗ്യത എന്തെങ്കിലും ആവശ്യപ്പെട്ടിരുന്നോ;

(ഇ) ആകെ എത്ര അപേക്ഷകൾ ഉണ്ടായിരുന്നു; അതിൽ എസ്.എഫ്.സി.കെ.യിൽ നിന്നും എത്ര അപേക്ഷകൾ ഉണ്ടായിരുന്നു;

(എഫ്) ആരാണ് തെരഞ്ഞെടുക്കപ്പെട്ടത് എന്നാണ് നിയമിക്കപ്പെട്ടത്;

(ജി) തെരഞ്ഞെടുക്കപ്പെട്ട/നിയമിക്കപ്പെട്ട ആളിന്റെ പ്രായം എത്ര; വിദ്യാഭ്യാസ യോഗ്യതകൾ എന്തെല്ലാം;

(എച്ച്) അവരുടെ പേരുവിവരവും ഓരോരുത്തരുടേയും വിദ്യാഭ്യാസ യോഗ്യതകളും വ്യക്തമാക്കുമോ?

ഉത്തരം

(എ) ക്ഷണിച്ചിരുന്നു.

(ബി & സി) ജനറൽ മാനേജർ തസ്തിക മാനേജിംഗ് ഡയറക്ടർ കഴിഞ്ഞാൽ കോർപ്പറേഷനിലെ ഏറ്റവും ഉയർന്ന തസ്തികകളിൽ ഒന്നാണ്. ഇതിലേയ്ക്കു വരുന്ന അപേക്ഷകളുടെ രഹസ്യസ്വഭാവം നിലനിറുത്തുന്നതിനുവേണ്ടിയാണ് എം.ഡി.യുടെ പേരിൽ അപേക്ഷകൾ ക്ഷണിച്ചത്. എം.ഡി. കഴിഞ്ഞാൽ ഏറ്റവും ഉയർന്ന തസ്തികയിലേയ്ക്കുള്ള നിയമനത്തിന് അപേക്ഷകൾ ക്ഷണിക്കുമ്പോൾ ഈ അപേക്ഷകൾ ജൂനിയർ ഉദ്യോഗസ്ഥന്മാർ കൈകാര്യം ചെയ്യുന്നതിൽ ഔചിത്യക്കുറവ് ഉണ്ട്. കേന്ദ്ര ഗവൺമെന്റ് പൊതുമേഖലാ സ്ഥാപനങ്ങളിലും ഉയർന്ന തസ്തികകളിൽ അപേക്ഷ ക്ഷണിക്കുമ്പോൾ പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ബോർഡ് സെക്രട്ടറിയുടെ സ്വന്തം പേരിലാണ് അപേക്ഷകൾ ക്ഷണിക്കുന്നത്.

(ഡി) യോഗ്യതകൾ

ബി.എസ്.സി. (അഗ്രിക്കൾച്ചർ)

ബി.എസ്.സി. (ഫോറസ്ട്രി)

ബി.എസ്.സി) (ബോട്ടണി)

കൂടാതെ സീനിയർ മാനേജ്മെന്റ് ലെവലിൽ ഒരു വലിയ സ്ഥാപനത്തിൽ ഏഴു കൊല്ലത്തെ പ്രവൃത്തി പരിചയം, പുറമേ എം.ബി.എ. ഉള്ളവർക്ക് മുൻഗണന.

പ്രായപരിധി : 1.1.1994-ൽ 45 വയസ്സ്.

പട്ടികജാതി/പട്ടികവർഗ്ഗത്തിൽ നിന്നുമുള്ളവർക്ക് അഞ്ചു കൊല്ലത്തേയും മറ്റു പിന്നോക്ക വിഭാഗത്തിൽ നിന്നുമുള്ളവർക്ക് മൂന്നു കൊല്ലത്തേയും ഇളവ്. എന്നാൽ അധിക യോഗ്യതയോ പ്രവൃത്തിപരിചയമോ ഉള്ളവർക്ക് വയസ്സിൽ ഇളവും അനുവദിച്ചിരുന്നു. പരസ്യപ്പെടുത്തിയതിൽ കൂടുതൽ യോഗ്യതകൾ ആവശ്യപ്പെട്ടിരുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ആകെ 55 അപേക്ഷകർ ഉണ്ടായിരുന്നു. എസ്.എഫ്.സി.കെ. യിൽ നിന്നും മൂന്ന് അപേക്ഷകർ ഉണ്ടായിരുന്നു.

(എഫ്) ശ്രീ.കെ. ഗോപാലകൃഷ്ണപിള്ളയാണ് തെരഞ്ഞെടുക്കപ്പെട്ടത്. 4.5.1994 ലാണ് നിയമനം നൽകിയത്.

(ജി) നിയമിക്കപ്പെട്ട ആളിന്റെ പ്രായം 49 വയസ്സ്. അദ്ദേഹം ബി.എസ്.സി. (അഗ്രിക്കൾച്ചർ പാസ്സാകുകയും 10 കൊല്ലത്തിൽ കൂടുതൽ കൃഷി വകുപ്പിൽ വിവിധ തസ്തികകളിൽ ജോലി നോക്കുകയും ചെയ്തിട്ടുണ്ട്. ഇതു കൂടാതെ ഫാമിംഗ് കോർപ്പറേഷനിൽ ഫാം മാനേജർ, എസ്റ്റേറ്റ് മാനേജർ, മാനേജർ (ഓപ്പറേഷൻ) എന്നീ തസ്തികകളിൽ 10 1/2 വർഷത്തെ പ്രവൃത്തി പരിചയവും ഉള്ള ആളാണ്.

(എച്ച്) എസ്.എഫ്.സി.കെ.യിൽ നിന്നും ഉണ്ടായിരുന്ന അപേക്ഷകരുടെ പേരുവിവരവും വിദ്യാഭ്യാസ യോഗ്യതകളും താഴെ പറയുന്നു.

1. ശ്രീ.കെ. ഗോപാലപിള്ള
   ബി.എസ്.സി.(അഗ്രിക്കൾച്ചർ)
   (എസ്.എഫ്.സി.കെ.യിലെ മാനേജർ)
   (ഓപ്പറേഷൻസ് ആയിരുന്നു.)
2. ശ്രീ. ജോസ്‌ലെറ്റ് മാത്യു.
   ബി.എസ്.സി. (അഗ്രിക്കൾച്ചർ) എം.ബി.എ.
   (എസ്.എഫ്.സി.കെ. എസ്റ്റേറ്റ് മാനേജർ)
3. ശ്രീ. ശക്തികുമാർ
   ബി.എസ്.സി. (അഗ്രിക്കൾച്ചർ)
   (എസ്.എഫ്.സി.കെ. എസ്റ്റേറ്റ് മാനേജർ)

**138 (2512) സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷന്റെ പ്രവർത്തനം**

ശ്രീ. കെ. പ്രകാശ്ബാബു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഉത്പാദിപ്പിക്കുന്ന ലാറ്റെക്സ് ആർക്കാണ് വിൽക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ അഞ്ചുവർഷമായി പ്രസ്തുത ലാറ്റെക്സ് കൊടുത്തിട്ടുള്ളത് ഏതെല്ലാം വ്യക്തികൾക്കും സ്ഥാപനങ്ങൾക്കുമാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത സ്ഥാപനങ്ങളുടേയും മാനേജിംഗ് ഡയറക്ടേഴ്സിന്റെയും പേരു വിവരം വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഓരോ വർഷവും പത്രത്തിൽ പരസ്യം ചെയ്ത് ഏറ്റവും കൂടുതൽ തുക കോട്ട് ചെയ്യുന്ന കമ്പനിക്കാണ് വിൽക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി & സി) കഴിഞ്ഞ അഞ്ചുവർഷങ്ങളായി കോർപ്പറേഷനിൽ നിന്നും ലാറ്റെക്സ് വാങ്ങിയിട്ടുള്ള പ്രമുഖ സ്ഥാപനങ്ങളുടേയും പ്രസ്തുത സ്ഥാപനങ്ങളുടെ മേധാവികളുടേയും പേരു വിവരങ്ങൾ താഴെ കൊടുക്കുന്നു.

| *സ്ഥാപനത്തിന്റെ പേര്* | *മേധാവിയുടെ പേര്* |
|---|---|
| 1) പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള | ശ്രീ. കെ.കെ. ശീവാസ്തവ |
| 2) പടിഞ്ഞാറേക്കര ഏജൻസീസ് | ശ്രീ.പി.സി. എബ്രഹാം |
| 3) എ.വി.തോമസ് ആന്റ് കമ്പനി | ശ്രീ. ദിലീപ് തോമസ് |
| 4) കൽപ്പറ്റ റബ്ബേഴ്സ് ലിമിറ്റഡ് | ശ്രീ. ദിലീപ് തോമസ് |
| 5) ബിജിലി റബ്ബർ കമ്പനി | ശ്രീ. രാജു പി.മാത്യു |
| 6) ശശി റബ്ബേഴ്സ് | ശ്രീ.വി.ശശിധരൻ |
| 7) കുറ്റുയാനിക്കൽ റബ്ബേഴ്സ് | ശ്രീ.കെ.കെ. തോമസ് |
| 8) കൊച്ചിൻ മലബാർ എസ്റ്റേറ്റ്സ് ആന്റ് ഇൻഡസ്ട്രീസ് ലിമിറ്റഡ് | ശ്രീ.ജിമ്മി ജാൾ എസ്ഗാർ |
| 9) ഗ്രീൻ വ്യൂ റബ്ബർ കമ്പനി ലിമിറ്റഡ് | ശ്രീ.ജെ.എ.റാവൂഫ് |
| 10) ചാക്കച്ചേരിൽ റബ്ബേഴ്സ് ലിമിറ്റഡ് | ശ്രീ.ഡി.വിജയാധരൻ |

### 139 (2513) സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ചിതൽവെട്ടിയിൽ സെൻട്രി ഫ്യൂജിംഗ് ഫാക്ടറി തുറക്കാൻ നടപടി

ശ്രീ. കെ. പ്രകാശ്ബാബു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ചിതൽവെട്ടിയിൽ ഒരു സെൻട്രി ഫ്യൂജിംഗ് ഫാക്ടറി തുറക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ തീരുമാനം എടുത്തത് എന്നാണ് എന്ന് വ്യക്തമാക്കുമോ;

(സി) ഇതിനാവശ്യമായ ഏതെങ്കിലും മെഷിനറി വിദേശരാജ്യങ്ങളിൽ നിന്നും ഇറക്കുമതി ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതു രാജ്യത്തു നിന്ന് എന്ന് വ്യക്തമാക്കാമോ;

(ഡി) മെഷിനറി എസ്റ്റേറ്റിൽ എത്തിയപ്പോൾ മെഷിനറിയുടെ വിലയുൾപ്പെടെ കോർപ്പറേഷന് എത്ര രൂപ ചെലവായി; പ്രസ്തുത മെഷിനുകൾ കോർപ്പറേഷന് ലഭിച്ചിട്ട് എത്ര വർഷമായി എന്ന് വ്യക്തമാക്കാമോ;

(ഇ) ഫാക്ടറി പ്രവർത്തനത്തിനുണ്ടാകുന്ന കാലതാമസം എന്തുകൊണ്ട് എന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഫാക്ടറിയുടെ പ്രവർത്തനം ആരംഭിച്ചാൽ എസ്.എഫ്.സി.കെ.യുടെ ലാറ്റെക്സ് വെളിയിൽ വിൽക്കാതെ ഇവിടെ തന്നെ സംസ്കരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്

(ബി) 1998-ൽ

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്. ജർമ്മനിയിൽ നിന്ന്.

(ഡി) 46.21 ലക്ഷം രൂപ ചെലവായി. പ്രസ്തുത മെഷിനുകൾ കോർപ്പറേഷന് ലഭിച്ചിട്ട് ആറു വർഷമായി.

(ഇ) 1989-ൽ ജൂലൈ മാസത്തിൽ ഫാക്ടറിയുടെ പ്രവർത്തനങ്ങൾ തുടങ്ങുന്നതിന് നടപടികൾ ആരംഭിച്ചിരുന്നു. പരിസരമലിനീകരണ ബോർഡിന്റെ നിബന്ധനകൾ പാലിക്കുന്നതിനുള്ള കാലതാമസം കമ്പനിയുടെ ടെക്നിക്കൽ കൺസൾട്ടന്റായ റബ്ബർ ബോർഡിൽ നിന്നും ഫാക്ടറിയുടെ ഡിസൈൻ അംഗീകരിച്ചു കിട്ടാൻ വന്ന കാലതാമസം. തുടർന്ന് 1992 നവംബറിലെ വെള്ളപ്പൊക്കത്തിൽ ഫാക്ടറി കെട്ടിടത്തിന്റെ ഡ്രായിംഗുകൾ നഷ്ടപ്പെട്ടതുമൂലം വീണ്ടും അവ തയ്യാറാക്കുന്നതിനുണ്ടായ കാലതാമസം. എന്നീ കാരണങ്ങളാൽ ഫാക്ടറിയുടെ നിർമ്മാണ പ്രവർത്തനത്തിന് കാലതാമസമുണ്ടായി. 1993-ൽ പ്രധാന നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായെങ്കിലും വൈദ്യുതി കണക്ഷൻ ലഭിക്കാത്തതുമൂലം മറ്റു പ്രവർത്തനങ്ങൾ വീണ്ടും തടസ്സപ്പെട്ടു. 1993 ഒക്ടോബർ മാസം വൈദ്യുത ബോർഡിന് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് 3,36,080 രൂപ അടച്ചെങ്കിലും കണക്ഷൻ ഇതേവരെ ലഭ്യമായിട്ടില്ല.

ഫാക്ടറിയുടെ പ്രവർത്തനം മൂന്നു ഷിഫ്റ്റുകളും പ്രവർത്തിച്ചാൽ തന്നെയും 20 ടണ്ണോളം ലാറ്റെക്സ് ദിവസേന വെളിയിൽ വിൽക്കേണ്ടിവരും.

**140 (2514) എസ്.എഫ്.സി.കെ.യിലെ നിയമനം പി.എസ്.സി.ക്ക് വിടുവാനുള്ള തീരുമാനം**

ശ്രീ. കെ. പ്രകാശ്ബാബു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എഫ്.സി.കെ.യിലെ നിയമനം പി.എസ്.സി.ക്ക് വിട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം തസ്തികയിലേക്ക് എത്ര വേക്കൻസി ഇതിനകം റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(സി) മറ്റു സ്ഥാപനങ്ങളിൽ നിന്നും ഡെപ്യൂട്ടേഷനിൽ വന്നിട്ടുള്ള എത്ര പേർ എസ്.എഫ്.സി.കെ.യിൽ ജോലി നോക്കുന്നു; അവർ ആരെല്ലാം;

(ഡി) തുടർച്ചയായി 7 വർഷത്തിലധികമായി ഡെപ്യൂട്ടേഷനിൽ എസ്.എഫ്.സി.കെ.യിൽ എത്രപേർ ജോലി നോക്കുന്നു. അവർ ആരെല്ലാം; ഏതെല്ലാം തസ്തികയിൽ എന്നു വ്യക്തമാക്കാമോ?

**ഉത്തരം**

(എ) ഉണ്ട്

(ബി)

| തസ്തികയുടെ പേര് | റിപ്പോർട്ട് ചെയ്ത വേക്കൻസികളുടെ എണ്ണം |
|---|---|
| 1. അസിസ്റ്റന്റ് മാനേജർ | 4 |
| 2. അസിസ്റ്റന്റ് എൻജിനിയർ | 2 |
| 3. കംപൗണ്ടർ | 3 |

2/1203/2002.

LIBRARY ARCHIVES Kerala Legislative Assembly

| | |
|---|---|
| 4. ഡ്രൈവർ ഗ്രേഡ്-2/ട്രാക്ടർ ഡ്രൈവർ | 10 |
| 5. അസിസ്റ്റന്റ് ഗ്രേഡ്-2 | 8 |
| 6. അക്കൗണ്ട്സ് അസിസ്റ്റന്റ് ഗ്രേഡ്-2 | 5 |
| 7. ലാബ് അസിസ്റ്റന്റ് | 2 |
| 8. ടൈപ്പിസ്റ്റ് ഗ്രേഡ്-2 | 5 |
| 9. സ്റ്റെനോ ടൈപ്പിസ്റ്റ് ഗ്രേഡ്-2 | 1 |
| 10. നേഴ്സ് | 3 |
| 11. മിഡ്വൈഫ് | 1 |

(സി) 21 പേർ (ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്)*

(ഡി) തുടർച്ചയായി ഏഴു വർഷത്തിലധികമായി ആരും തന്നെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നില്ല.

**141 (2515) സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷനിൽ മാനേജ്മെന്റ് നടത്തിയതായി ആരോപിക്കപ്പെടുന്ന അഴിമതിയെക്കുറിച്ച് അന്വേഷണം**

ശ്രീ. കെ. പ്രകാശ്ബാബു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷനിൽ മാനേജ്മെന്റ് നടത്തിയതായി ആരോപിക്കപ്പെടുന്ന അഴിമതിയെക്കുറിച്ച് അന്വേഷിക്കാൻ ഗവൺമെന്റ് നിയോഗിച്ച മൃഗസംരക്ഷണ വകുപ്പ് സെക്രട്ടറി ശ്രീ. ജോസ് സിറിയക് അന്വേഷണം പൂർത്തിയാക്കിയോ;

(ബി) പ്രസ്തുത അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ഗവൺമെന്റിന് നല്കിയോ, എങ്കിൽ ടി റിപ്പോർട്ടിന്റെ നിഗമനങ്ങൾ വെളിപ്പെടുത്താമോ;

(സി) പ്രസ്തുത നിഗമനത്തിൽ ഗവൺമെന്റ് നിലപാട് വ്യക്തമാക്കുമോ;

(ഡി) ടി റിപ്പോർട്ട് മേശപ്പുറത്തു വയ്ക്കുമോ?

ഉത്തരം

(എ) പൂർത്തിയാക്കി.

(ബി) നല്കി. അന്വേഷണത്തിൽ മാനേജിംഗ് ഡയറക്ടർക്കെതിരെ ഉന്നയിക്കപ്പെട്ട ആരോപണങ്ങൾ ഒന്നും തന്നെ തെളിയിക്കാൻ കഴിഞ്ഞിട്ടില്ല. എങ്കിലും രണ്ട് ആരോപണങ്ങളിൽ ഒന്നിന് ചില നിർദ്ദേശങ്ങൾ ആവശ്യമുണ്ടെന്നും, മറ്റേതിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ പക്ഷത്ത് വീഴ്ച ഉണ്ടെന്നും സൂചിപ്പിച്ചിട്ടുണ്ട്.

(സി) മൊത്തത്തിൽ അന്വേഷണ റിപ്പോർട്ടിലെ നിഗമനങ്ങൾ ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ട്. വീഴ്ചവരുത്തിയ കാര്യങ്ങളിൽ ഉത്തരവാദ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പ്പെട്ടവർക്ക് നിർദ്ദേശവും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ പേരിൽ നടപടികൾ ത്വരിതപ്പെടുത്തുവാനും സർക്കാർ നിർദ്ദേശം നല്കിയിട്ടുണ്ട്.

(ഡി) റിപ്പോർട്ട് മേശപ്പുറത്ത് വച്ചിട്ടുണ്ട്.

**142 (2516) സംസ്ഥാന ഫാമിംഗ് കോർപ്പറേഷന്റെ വാടക കെട്ടിടങ്ങൾ**

ശ്രീ. കെ. പ്രകാശ്ബാബു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എഫ്.സി.കെ.ക്ക് എത്ര വാടക കെട്ടിടങ്ങളുണ്ട്;

(ബി) ഓരോന്നിന്റെയും പ്രതിവർഷം വാടക എത്ര;

(സി) ഇനം തിരിച്ച് വ്യക്തമാക്കുമോ; ഇവ ഓരോന്നും എവിടെയെല്ലാം സ്ഥിതി ചെയ്യുന്നു?

ഉത്തരം

(എ) ഒൻപതു കെട്ടിടങ്ങൾ വാടകയ്ക്ക് എടുത്തിട്ടുണ്ട്.

(ബി & സി) ഓരോന്നിന്റെയും പ്രതിവർഷ വാടക, സ്ഥിതി ചെയ്യുന്ന സ്ഥലം എന്നിവ താഴെ പറയുന്ന പ്രകാരമാണ്.

| സ്ഥലം | ആവശ്യം | വാടക |
|---|---|---|
| പുനലൂർ | ഹെഡ് ഓഫീസ് | 1,19,760 രൂപ |
| പുനലൂർ | ഹോസ്പിറ്റൽ | 63,000 രൂപ |
| പുനലൂർ | ഗസ്റ്റ് ഹൗസ് | 18,600 രൂപ |
| പന്തളം (ഹെർബൽ ഗാർഡൻ ഓഫീസ്) | | |
| പന്തളം ഗസ്റ്റ് ഹൗസ് | | 15,000 രൂപ |
| പന്തളം ലേബർ ക്വാർട്ടേഴ്സ് (3 എണ്ണം) | | |
| തിരുവനന്തപുരം | എം.ഡി.യുടെ വീട് | 36,000 രൂപ |

**143 (2517) സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷനിലെ മുള്ളുമല എസ്റ്റേറ്റിലെ ജീവനക്കാരുടെ തസ്തിക**

ശ്രീ. കെ. പ്രകാശ്ബാബു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എഫ്.സി.കെ.യുടെ കീഴിലുള്ള മുള്ളുമല എസ്റ്റേറ്റിലെ ജീവനക്കാരുടെ എത്ര തസ്തിക ഉണ്ട്;

(ബി) പ്രസ്തുത തസ്തികകളിൽ എത്ര ജീവനക്കാർ ഉണ്ട്;

(സി) ഇതിൽ ഫീൽഡ് സ്റ്റാഫ് എത്ര, അവരുടെ പേരു വിവരം വെളിപ്പെടുത്താമോ, എന്നു മുതലാണ് എസ്റ്റേറ്റിൽ ഇവരെ നിയമിച്ചത്;

(ഡി) നിയമത്തിന്റെ സ്വഭാവം വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

## ഉത്തരം

(എ) റബ്ബർ പ്ലാന്റേഷനിൽ തൊഴിലാളികളുടെ തസ്തികകൾ നിശ്ച യിക്കുന്നത് റബ്ബർ ബോർഡിന്റെ ഗൈഡ്‌ലൈൻ പ്രകാരമാണ്. ഏക്കറിന് ഒരു തൊഴിലാളിയെന്ന നിലയിലാണ് നിയമം നടത്തേണ്ടത്. ഇതിൽപ്രകാരം മുള്ളുമല എസ്റ്റേറ്റിൽ 250 തസ്തികകളിൽ തൊഴിലാളികളെ നിയമിക്കാം.

(ബി) 231 ജീവനക്കാരുണ്ട്.

(സി) ഫീൽഡ് സ്റ്റാഫ് - 3 പേർ.

1. ശ്രീ.ആർ.പരമേശ്വരൻപിള്ള - 29.6.94.
2. ശ്രീ.എസ്. സുന്ദരേശൻ - 27.6.94
3. ശ്രീ. പി.സദാശിവൻ നായർ 27.5.93.

(ഡി) സ്ഥിരം നിയമനം. ഫീൽഡ് സ്റ്റാഫിനെ ഇന്റേണൽ ട്രാൻസ്ഫർ മുഖേന സ്ഥലം മാറ്റാവുന്നതാണ്.

## 144 (2514) കാർഷിക മേഖലയിൽ തൊഴിൽസാദ്ധ്യതകൾ സൃഷ്ടിക്കുന്നതിനുള്ള പദ്ധതി

ശ്രീ. എം.വി. ജയരാജൻ :
ശ്രീ. വി.കെ. ചന്ദ്രൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. എൻ.കെ. രാധ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിൽ തൊഴിൽസാദ്ധ്യതകൾ സൃഷ്ടിക്കുന്നതിനായി മുൻഗവൺമെന്റ് എന്തെങ്കിലും പദ്ധതിക്ക് രൂപം നല്കിയിരുന്നോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിപ്രകാരം എത്ര പേർക്ക് തൊഴിൽ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കൃഷിമേഖലകളിലെ ജോലികൾ ഏറ്റെടുക്കുന്നതിന് യുവജന ങ്ങളുടെ ഗ്രൂപ്പുകൾ രൂപീകരിക്കുമെന്ന മുൻ ഗവൺമെന്റിന്റെ പ്രഖ്യാപനം നട പ്പിലാക്കിയിട്ടുണ്ടോ?

## ഉത്തരം

(എ) ഒരു ലക്ഷം യുവജനങ്ങൾക്ക് കാർഷികമേഖലയിൽ തൊഴിൽ നൽകുന്നതിനായി ഒരു പ്രത്യേക പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഈ പദ്ധതിപ്രകാരം കാർഷികമേഖലയിൽ എത്ര പേർക്ക് തൊഴിൽ നല്കിയിട്ടുണ്ടെന്ന വിവരം ശേഖരിച്ചുവരുന്നു. തൊഴിൽദാനത്തേ ക്കാൾ 60 വയസ്സിനുശേഷം പെൻഷൻ നല്കുന്നതിനുള്ള ഒരു പദ്ധതിയാണ് ഇത്. തൊഴിൽ നല്കുന്നതിനായി സർക്കാർ ഗ്രാന്റ് ഇനത്തിൽ നൽകിയ പണം ഇതിനകം വിതരണം ചെയ്തുകഴിഞ്ഞു. ഗ്രാന്റ് തുകയുടെ അഭാവ ത്തിൽ ഈ പദ്ധതി തുടരാൻ കഴിയുമോ എന്ന് പരിശോധിച്ചുവരുന്നു.

(സി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

**145 (2520) കേര കർഷകർക്ക് ആവർത്തന കൃഷിക്ക് സബ്സിഡി നൽകുന്നതിന് നിർദ്ദേശം**

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേര കർഷകർക്ക് ആവർത്തന കൃഷിക്ക് സബ്സിഡി നൽകുന്നതിനുള്ള എന്തെങ്കിലും നിർദ്ദേശം ഗവൺമെന്റിന്റെ സജീവ പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ എന്തെന്ന് വ്യക്തമാക്കുമോ;

(സി) ഇതിലേക്കു വേണ്ടി എന്തെങ്കിലും പദ്ധതി തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിലേയ്ക്ക് അയച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ എന്തെന്ന് വ്യക്തമാക്കാമോ?

**ഉത്തരം**

(എ) ഉണ്ട്.

(ബി) ഏഴ് തെക്കൻ ജില്ലകളിൽ രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റി പകരം പുതിയ തൈകൾ വച്ചു പിടിപ്പിക്കുന്നതിനുള്ള ഒരു പദ്ധതിക്ക് രൂപം നൽകി വരുന്നു.

(സി & ഡി) പുതുതായി രൂപം നൽകുന്ന പദ്ധതിക്ക് കേന്ദ്ര സഹായം അഭ്യർത്ഥിക്കുവാൻ ഉദ്ദേശ്യമുണ്ട്.

**146 (2521) കൃഷി നാശം സംഭവിക്കുന്ന കർഷകർക്ക് ആവർത്തന കൃഷി നടത്തുന്നതിന് പദ്ധതി**

ശ്രീ. എസ്. ശർമ്മ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷിനാശം സംഭവിക്കുന്ന കർഷകർക്ക് ആവർത്തന കൃഷി നടത്തുവാൻ എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശ്ദാംശം വ്യക്തമാക്കുമോ;

(സി) ഇതിനായി എന്തെങ്കിലും പദ്ധതി കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ടോ?

(ഡി) എങ്കിൽ എന്തു തുകയുടെ പദ്ധതിയാണ് സമർപ്പിച്ചിട്ടുള്ളത്?

**ഉത്തരം**

(എ) ഉണ്ട്.

(ബി) കൃഷിനാശം സംഭവിച്ച കർഷകർക്ക് ആവർത്തന കൃഷി നടത്തുവാൻ നെല്ല്, പയറ്, പച്ചക്കറി വിത്ത് എന്നിവ സൗജന്യമായി നൽകുന്നതിനും കാലവർഷക്കെടുതിയിൽ തകർന്നു പോയ പാടശേഖരങ്ങളിലെ ബണ്ടുകൾ, പമ്പുസെറ്റ്, എഞ്ചിൻതറ, പമ്പ്ഹൗസ് എന്നിവ നന്നാക്കുന്നതിനും ധനസഹായം നൽകുന്നതിനും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

(സി & ഡി) ഇല്ല. എന്നാൽ ഇതിനായി 150 കോടി രൂപയുടെ ഒരു ''റിവോൾവിംഗ് ഫണ്ട്'' സ്വരൂപിക്കുന്നതിന് കേന്ദ്ര സഹായം ആവശ്യപ്പെട്ടു കൊണ്ടുള്ള പദ്ധതി സമർപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

**147 (2522) വിത്തുകളും തൈകളും കർഷകർക്ക് എത്തിച്ചു കൊടുക്കുന്നതിന് നടപടി**

ശ്രീ. എം.കെ.മുനീർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാത്തരം വിത്തുകളും അത്യുല്പാദന ശേഷിയുള്ള തൈകളും കർഷകർക്ക് എത്തിച്ചുകൊടുക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) ഇവ സൗജന്യ നിരക്കിൽ കർഷകർക്ക് നല്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

(എ) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) 1. കൃഷി വകുപ്പിന്റെ ഫാമുകളിൽ ഉല്പാദിപ്പിക്കുന്ന നടീൽ വസ്തുക്കൾ സൗജന്യ നിരക്കിൽ നേരിട്ടും കൃഷി ഭവനുകളിലൂടെയും വിതരണം ചെയ്യുന്നു.

2. കൃഷിഭവന്റെ സാങ്കേതിക സഹായത്തോടെ അംഗീകൃത സ്വകാര്യ നഴ്സറികൾ മുഖേന ഓരോ പ്രദേശത്തും ആവശ്യമുള്ള നടീൽ വസ്തുക്കൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

**148 (2523) റബ്ബർ കൃഷി വികസനം**

ശ്രീ. സി.ടി അഹമ്മദ് അലി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഹെക്ടർ റബ്ബർ കൃഷി നിലവിലുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) റബ്ബർ കൃഷി വികസനത്തിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) റബ്ബർ വിലയിടിവ് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 1994-95-ലെ കണക്കുകൾ പ്രകാരം 4.433 ലക്ഷം ഹെക്ടറിൽ റബ്ബർ കൃഷി ചെയ്തു വരുന്നു. ജില്ല തിരിച്ചുള്ള കണക്കുകൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| 1. തിരുവനന്തപുരം | 25674 ഹെക്ടർ |
| 2. കൊല്ലം | 34771 ഹെക്ടർ |
| 3. പത്തനം തിട്ട | 46122 ഹെക്ടർ |

LIBRARY ARCHIVES Kerala Legislative Assembly

| | |
|---|---|
| 4. ആലപ്പുഴ | 3543 ഹെക്ടർ |
| 5. കോട്ടയം | 108433 ഹെക്ടർ |
| 6. ഇടുക്കി | 37041 ഹെക്ടർ |
| 7. എറണാകുളം | 54803 ഹെക്ടർ |
| 8. തൃശൂർ | 12493 ഹെക്ടർ |
| 9. പാലക്കാട് | 25428 ഹെക്ടർ |
| 10. മലപ്പുറം | 26043 ഹെക്ടർ |
| 11. കോഴിക്കോട് | 17494 ഹെക്ടർ |
| 12. വയനാട് | 5255 ഹെക്ടർ |
| 13. കണ്ണൂർ | 27173 ഹെക്ടർ |
| 14. കാസർഗോഡ് | 19027 ഹെക്ടർ |
| ആകെ | 443300 ഹെക്ടർ |

(ബി) റബ്ബർ കൃഷിവികസനത്തിൻ താഴെ പറയുന്ന നടപടികൾ റബ്ബർ ബോർഡിന്റെ സഹായത്തോടെ നടപ്പിലാക്കിവരുന്നു.

1. റബ്ബർ പ്ലാന്റേഷൻ ഡെവലപ്മെന്റ് സ്കീമിന്റെ കീഴിൽ റബ്ബർ തൈ പുതുതായി നട്ടു പിടിപ്പിക്കുന്നതിനും റബ്ബർ മരം മുറിച്ചു മാറ്റി വീണ്ടും നല്ല ഇനം തൈകൾ നടുന്നതിനും സാമ്പത്തിക സഹായവും സാങ്കേതിക സഹായവും നല്കുന്നുണ്ട്.

2. അത്യുല്പാദനശേഷിയുള്ള റബ്ബർ തൈ ഉല്പാദനവും വിതരണവും നടത്തുന്നുണ്ട്.

3. റബ്ബർ കൃഷിക്കാർക്ക് കൃഷിയെ സംബന്ധിച്ച് ഉപദേശവും പരിശീലനവും നല്കുന്നുണ്ട്.

4. ചെറുകിട കർഷകർക്കിടയിൽ ഗ്രൂപ്പ് പ്രോസസിംഗിനും കൂട്ടായ വിപണനത്തിനും പ്രോത്സാഹനം നല്കുന്നുണ്ട്.

5. റബ്ബർ കൃഷിയിലും ഉല്പാദനത്തിലും സംസ്ക്കരണത്തിലും ഗവേഷണങ്ങൾ നടന്നുവരുന്നു.

(സി) 1996-ലെ റബ്ബർ മോണിറ്ററിംഗ് ഗ്രൂപ്പിന്റെ മീറ്റിംഗിൽ 40,000 ടൺ റബ്ബർ ഇറക്കുമതി ചെയ്യുവാൻ തീരുമാനിച്ചു. ഈ തീരുമാനത്തെ പുനഃപരിശോധിക്കണമെന്നും തനതു വർഷത്തെ റബ്ബറിന്റെ നീക്കിയിരിപ്പും വർദ്ധിച്ച ഉല്പാദനവും കണക്കിലെടുത്ത് ഇറക്കുമതി പൂർണ്ണമായും നിർത്തലാക്കണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പരിമിതമായ ഇറക്കുമതിയെ ഇപ്പോൾ നടക്കുന്നുള്ളു. ഇത് റബ്ബർ വിലയിടിവ് തടയുന്നതിന് സഹായിച്ചിട്ടുണ്ട്. ഇപ്പോൾ റബ്ബറിന് ന്യായമായ വില ലഭിക്കുന്നുണ്ട്.

**149 (2524) തേങ്ങയുടെ ഉല്പാദനം വർദ്ധിപ്പിക്കാൻ നടപടി**

ശ്രീ. കെ. മുഹമ്മദാലി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) തേങ്ങയുടെ ഉല്പാദന വർദ്ധനയ്ക്കും തെങ്ങിന്റെ രോഗനിവാരണത്തിനും ഫലപ്രദമായ പദ്ധതികൾക്ക് വിദഗ്ധോപദേശം ഗവൺമെന്റ് ആരായുമോ;

(ബി) വിദഗ്ധൻമ്മാരുടെ കമ്മിറ്റിയെ ഇക്കാര്യത്തിൽ നിയോഗിക്കുവാൻ ഗവൺമെന്റ് തയ്യാറാകുമോ?

ഉത്തരം

(എ) തേങ്ങയുടെ ഉല്പാദന വർദ്ധനയ്ക്കും തെങ്ങിന്റെ രോഗനിവാരണത്തിനും പദ്ധതികൾ ഇപ്പോൾ തന്നെ നിലവിലുണ്ട്.

(ബി) ആവശ്യമുണ്ടെന്നു കണ്ടാൽ വിദഗ്ദ്ധരുടെ സേവനം ലഭ്യമാക്കുന്നതാണ്.

### 150 (2525) നെൽക്കൃഷി വികസനത്തിന് ഗ്രൂപ്പ് ഫാമിംഗ്

ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. കെ.സി. വേണുഗോപാൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽക്കൃഷി വികസനം ലക്ഷ്യമാക്കി ഗ്രൂപ്പ് ഫാമിംഗ് പ്രോത്സാഹിപ്പിക്കണമെന്ന നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ ഈ വർഷം കൂടുതലായി എത്ര ഹെക്ടർ സ്ഥലത്താണ് ഗ്രൂപ്പ് ഫാമിംഗ് നടത്താൻ ലക്ഷ്യമിടുന്നത്?

ഉത്തരം

(എ & ബി) ഗ്രൂപ്പ് ഫാമിംഗ് നിലവിലുള്ള 5 ലക്ഷം ഹെക്ടർ സ്ഥലത്തെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും കർഷകരെ ഈ രംഗത്തേയ്ക്ക് ആകർഷിക്കുന്നതിനുമായി വിവിധ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുന്നതിനാണ് സർക്കാർ ഊന്നൽ നൽകിയിട്ടുള്ളത്.

### 151 (2526) കൃഷി വകുപ്പിലെ അഗ്രിക്കൾച്ചറൽ അസിസ്റ്റന്റ് തസ്തിക

ശ്രീ. ഇ.എം.അഗസ്തി :
ശ്രീ.കെ. സുധാകരൻ :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. കെ.സി. ജോസഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിവകുപ്പിൽ അഗ്രിക്കൾച്ചറൽ അസിസ്റ്റന്റ് തസ്തികയിൽ ജോലിയുള്ളവർക്കായി നീക്കി വച്ചിട്ടുള്ള സീറ്റിൽ ബി.എസ്.സി. അഗ്രിക്കൾച്ചറൽ കോഴ്സിന് ചേർന്നിട്ടുള്ള ജീവനക്കാർക്ക് 1989 മുതൽ ഡെപ്യൂട്ടേഷൻ ആനുകൂല്യം നിഷേധിക്കുകയും അതേസമയം ഗ്രാമവികസന വകുപ്പിൽ നിന്നും അതേ കോഴ്സിന് ചേർന്നിട്ടുള്ള ജീവനക്കാർക്ക് ഡെപ്യൂട്ടേഷൻ ആനുകൂല്യം അനുവദിക്കുകയും ചെയ്തിട്ടുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ ഗ്രാമവികസന വകുപ്പിലെ ജീവനക്കാർക്ക് നൽകിയിട്ടുള്ള അതേ ആനുകൂല്യം കൃഷി വകുപ്പിലെ ജീവനക്കാർക്കും നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത ആനുകൂല്യം കൃഷി വകുപ്പിലെ ജീവനക്കാർക്കും ലഭിക്കുവാനുമുള്ള നടപടികൾ സർക്കാർ സ്വീകരിക്കുമോ?

(ഡി) ഇപ്പോൾ കൃഷി വകുപ്പിൽ നിന്നും ബി.എസ്.സി. (അഗ്രി) കോഴ്സിന് ചേർന്നിട്ടുള്ളവർക്കും ഈ ആനുകൂല്യം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഭരണപരമായ കാരണങ്ങളാൽ, 1993-ൽ ഗ്രാമവികസന വകുപ്പിൽ നിന്നും ടി കോഴ്സിനയച്ച രണ്ട് ജീവനക്കാർക്ക് ഒരു പ്രത്യേക കേസെന്ന നിലയിലാണ് ഡെപ്യൂട്ടേഷൻ ആനുകൂല്യം നൽകിയതായി കാണുന്നത്. അഗ്രിക്കൾച്ചറൽ അസിസ്റ്റന്റുമാർക്ക് പ്രത്യേക കേസായി പരിഗണിച്ച് ഇപ്രകാരം ഒരു ആനുകൂല്യം നൽകേണ്ട പ്രത്യേക സാഹചര്യമോ പദ്ധതികളോ നിലവിലില്ല.

(സി & ഡി) -ബി യുടെ വെളിച്ചത്തിൽ പ്രസക്തമല്ല.

**152 (2527) കാർഷിക വികസനപദ്ധതികൾ നടപ്പിലാക്കുന്നതിന് സഹായിക്കുവാൻ ഒരു ലക്ഷം പേർക്ക് പരിശീലനം നൽകുന്ന പരിപാടി**

ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. എം.വി.ഗോവിന്ദൻമാസ്റ്റർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക വികസന പദ്ധതികൾ നടപ്പിലാക്കുന്നതിന് സഹായിക്കുവാനായി 21-നും 30-നും മദ്ധ്യേ പ്രായമുള്ള യുവതീ-യുവാക്കളെ 100 പേരെ വീതം ഓരോ പഞ്ചായത്തിൽ നിന്നും തെരഞ്ഞെടുത്ത് ഒരു ലക്ഷം പേരെ പരിശീലിപ്പിക്കുമെന്ന മുൻ ഗവൺമെന്റിന്റെ പ്രഖ്യാപനം സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതി പ്രകാരം എത്ര പഞ്ചായത്തുകളിൽ എത്ര പേർക്ക് പരിശീലനം നൽകി;

(സി) അവർക്ക് എന്തു സാമ്പത്തിക സഹായം നൽകുന്നുണ്ടെന്ന് വ്യക്തമാക്കുമോ; ഈ പദ്ധതിക്കായി എന്തു തുക ചെലവഴിച്ചു; പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) ഒരു ലക്ഷം യുവജനങ്ങൾക്ക് കാർഷിക മേഖലയിൽ പ്രത്യേക തൊഴിൽദാന പദ്ധതിപ്രകാരം 999 പഞ്ചായത്തുകലിൽ 104213 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്.

(സി) ഈ പദ്ധതിപ്രകാരം കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ മേഖലകളിൽ സ്വയംതൊഴിലിൽ ഏർപ്പെടുന്ന യുവജനങ്ങൾക്ക് തൊഴി



LIBRARY ARCHIVES Kerala Legislative Assembly

ലിനെ അടിസ്ഥാനപ്പെടുത്തി സബ്സിഡി നല്കുന്നുണ്ട്. ഈ ഇനത്തിൽ 1995 -96 സാമ്പത്തിക വർഷത്തിൽ 29615900/- രൂപ ചെലവഴിച്ചു.

153 (2528) പ്ലാന്റേഷൻ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ

ശ്രീ. അടൂർ പ്രകാശ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാന്റേഷൻ കോർപ്പറേഷൻ രൂപീകൃതമായിട്ട് എത്ര വർഷമായി എന്ന് വ്യക്തമാക്കാമോ;

(ബി) ഇതേവരെയുള്ള അതിന്റെ പ്രവർത്തനം കാർഷിക മേഖലയിലും തൊഴിൽമേഖലയിലും എന്തെല്ലാം നേട്ടം ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഇതിന്റെ കീഴിൽ വരുന്ന വിവിധ തൊഴിൽ മേഖലകളിൽ നിലവിലുള്ള ഒഴിവുകൾ നികത്തുവാൻ മാനേജുമെന്റ് തയ്യാറാകുന്നില്ല എന്നുള്ള പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഈ പരാതി പരിഹരിക്കുന്നതിന് എന്തു നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത കോർപ്പറേഷന്റെ കാര്യക്ഷമമായ പ്രവർത്തനത്തിനായി എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മുപ്പത്തിമൂന്നു വർഷമായി.

(ബി) കാർഷികമേഖല : 7930 ഹെക്ടർ സ്ഥലത്ത് റബ്ബർ കൃഷിയും 6315 ഹെക്ടറിൽ കശുമാവുകൃഷിയും 218 ഹെക്ടറിൽ എണ്ണപ്പനക്കൃഷിയും നടത്തുന്നു. റബ്ബർപാൽ സംസ്കരിക്കുന്നതിന് മൂന്നു ഫാക്ടറികൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ 36000 ഘനയടി ഉല്പാദനശേഷിയുള്ള ഒരു റബ്ബർതടി സംസ്ക്കരണ ഫാക്ടറിയും കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നു. നികുതി, പാട്ടം എന്നീ ഇനങ്ങളിൽ ഇതുവരെയായി 2131 ലക്ഷം രൂപ സർക്കാരിലേക്ക് അടച്ചിട്ടുണ്ട്. 1974 മുതൽ മൊത്തം 1960 ലക്ഷം രൂപ ലാഭവും ഉണ്ടാക്കിയിട്ടുണ്ട്.

2. തൊഴിൽമേഖല : 6890 പേർക്ക് നേരിട്ടും വിവിധ കരാർ ജോലികൾ വഴിയും അനുബന്ധ പ്രവർത്തനങ്ങൾ മുഖേനയും അനേകം പേർക്ക് പരോക്ഷമായും തൊഴിൽ നൽകി വരുന്നു.

(സി & ഡി) നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് മാനേജ്മെന്റ് ഉചിതമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ) അത്യുത്പാദനശേഷിയുള്ള നടീൽ വസ്തുക്കൾ ഉപയോഗിച്ചും കംപ്യൂട്ടറൈസേഷൻ തുടങ്ങിയ ആധുനിക സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയും കോർപ്പറേഷന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

154 (2529) **പ്ലാന്റേഷൻ കോർപ്പറേഷന്റെ കീഴിലുള്ള കശുമാവ് തോട്ടങ്ങൾ**

ശ്രീ. സി.ടി.അഹമ്മദ് അലി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാന്റേഷൻ കോർപ്പറേഷന്റെ കീഴിൽ എത്ര ഹെക്ടർ കശുമാവ് തോട്ടം നിലവിൽ ഉണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കോർപ്പറേഷൻ വഴി കശുവണ്ടി വിറ്റ വകയിൽ എന്ത് തുക കഴിഞ്ഞ ഓരോ വർഷവും പിരിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഓരോ വർഷവും പ്ലാന്റേഷൻ കോർപ്പറേഷന്റെ ഭരണ ചില വിനും കശുമാവ് തോട്ടങ്ങളുടെ സംരക്ഷണത്തിനും വേണ്ടി എന്തു തുക ചെലവഴിക്കാറുണ്ടെന്നു വ്യക്തമാക്കുമോ;

(ഡി) കശുമാവ് കൃഷി വികസിപ്പിക്കുന്നതിന് എന്തെല്ലാം നടപടിക ളാണ് ഗവൺമെന്റ് സ്വീകരിച്ചു വരുന്നത്?

ഉത്തരം

| | ജില്ല | വിസ്തീർണ്ണം |
|---|---|---|
| 1) | പത്തനംതിട്ട | 114 ഹെക്ടർ |
| 2) | എറണാകുളം, തൃശ്ശൂർ | 529 ഹെക്ടർ |
| 3) | പാലക്കാട് | 541 ഹെക്ടർ |
| 4) | കോഴിക്കോട് | 336 ഹെക്ടർ |
| 5) | കണ്ണൂർ | 80 ഹെക്ടർ |
| 6) | കാസർഗോഡ് | 4712 ഹെക്ടർ |
| | ആകെ | 6315 ഹെക്ടർ |

(ബി) കഴിഞ്ഞ മൂന്നുവർഷത്തെ കണക്ക് ചുവടെ ചേർക്കുന്നു.

| | |
|---|---|
| 1993 - 94 | 319 ലക്ഷം രൂപ |
| 1994 - 95 | 340 ലക്ഷം രൂപ |
| 1995 - 96 | 350 ലക്ഷം രൂപ (ഉദ്ദേശം) |

(സി) 1992-93 മുതൽ 1994-95 വരെയുള്ള മൂന്നു വർഷത്തെ കണക്ക് ചുവടെ ചേർക്കുന്നു.

| | |
|---|---|
| 1992 - 93 | 2049.34 ലക്ഷം രൂപ |
| 1993 - 94 | 2369.67 ലക്ഷം രൂപ |
| 1994 - 95 | 2586.83 ലക്ഷം രൂപ |

(ഡി) പ്ലാന്റേഷൻ കോർപ്പറേഷന്റെ നിലവിലുള്ള തോട്ടങ്ങളിൽ മുന്തിയയിനം കശുമാവ് വച്ചു പിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചി ട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

### 155 (2530) രോഗം ബാധിച്ച തെങ്ങുകൾ വെട്ടി മാറ്റുന്നതിന് നടപടി

ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീമതി എൻ.കെ.രാധ :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റി പുതിയവ വച്ച് പിടിപ്പിക്കുന്ന പദ്ധതിക്ക് കേന്ദ്രസഹായം ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് രോഗം ബാധിച്ച തെങ്ങുകളെക്കുറിച്ച് സർക്കാർ സർവ്വേ നടത്തിയിട്ടുണ്ടോ;

(സി) എങ്കിൽ സംസ്ഥാനത്ത് എത്ര തെങ്ങുകൾക്കാണ് രോഗം ബാധിച്ചിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സർവ്വേ നടന്നു വരുന്നു.

(സി) ഇപ്പോൾ നടന്നു വരുന്ന സർവ്വേ ഈ മാസാവസാനത്തോടു കൂടി മാത്രമെ പൂർത്തിയാകുകയുള്ളു. 1984-85-ൽ കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രവും കൃഷി വകുപ്പും സംയുക്തമായി നടത്തിയ സർവ്വേയിൽ 115 ലക്ഷം തെങ്ങുകൾക്ക് രോഗം ബാധിച്ചതായി കണ്ടെത്തുകയുണ്ടായി.

### 156 (2531) പ്രകൃതിക്ഷോഭം മൂലം കൃഷിക്കുണ്ടായ നാശനഷ്ടങ്ങൾക്ക് സാമ്പത്തിക സഹായം

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷക്കെടുതിയും വരൾച്ചയും മൂലം കൃഷികൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾക് സാമ്പത്തിക സഹായം നൽകുന്ന പദ്ധതി പ്രകാരം കഴിഞ്ഞ 5 വർഷക്കാലം എന്തു തുക വിതരണം ചെയ്തു;

(ബി) കേടു വന്ന തെങ്ങുകൾ വെട്ടി മാറ്റുന്നതിന് എത്ര കോടി രൂപ സർക്കാർ കഴിഞ്ഞ 5 വർഷക്കാലം ചെലവഴിച്ചു?

ഉത്തരം

(എ) പ്രസ്തുത പദ്ധതിപ്രകാരം കഴിഞ്ഞ 5 വർഷക്കാലം 4879.43938ലക്ഷം രൂപ കർഷകർക്ക് വിതരണം ചെയ്തു.

(ബി) കേടു വന്ന തെങ്ങുകൾ വെട്ടിമാറ്റുന്നതിന് 878.332 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്.

### 157 (2532) അഗ്രിക്കൾച്ചറൽ പ്രൈസസ് ബോർഡ് ഫണ്ട്

ശ്രീ.എ. അലിഹസ്സൻ :
ശ്രീമതി ജെ. മേഴ്സിക്കുട്ടിയമ്മ :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. സുധാകരൻ : താഴെക്കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

അഗ്രിക്കൾച്ചറൽ പ്രൈസസ് ബോർഡ് ഫണ്ടിൽനിന്നും മുൻ ഗവൺമെന്റിന്റെ കാലത്ത് എന്തു തുക ചെലവഴിച്ചിട്ടുണ്ട് എന്ന് പറയാമോ?

ഉത്തരം

14,55,956.00 രൂപ ചെലവഴിച്ചിട്ടുണ്ട്.

**158 (2533) പരിസ്ഥിതിക്കനുയോജ്യമായ കൃഷി ചെയ്യുന്നതിനു പരിശീലനം നൽകാൻ നടപടി**

ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) തെങ്ങുരോഗം മൂലം സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന കേര കർഷകരെ സഹായിക്കുന്നതിന് പരിസ്ഥിതിക്കനുയോജ്യമായ മറ്റു വിളകൾ കൃഷി നടത്തുന്നതിനു വേണ്ട ശാസ്ത്രീയ-സാങ്കേതിക അറിവുകളും പരിശീലനങ്ങളും കൊടുക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) രോഗം ബാധിച്ച തെങ്ങിൻ തോട്ടങ്ങളിൽ ഇടവിളകൃഷി ചെയ്തു രോഗ കാഠിന്യം കുറയ്ക്കുന്നതിനും ഉല്പാദനം മെച്ചപ്പെടുത്തുന്നതിനുമായി ആവശ്യമായ ശാസ്ത്ര-സാങ്കേതിക അറിവുകളും പരിശീലനവും സാമ്പത്തിക സഹായവും കൃഷി വകുപ്പ് മുഖേന കർഷകർക്ക് നൽകുന്നുണ്ട്.

**159 (2534) കൃഷിവകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ എം.ഡി.മാർ**

ശ്രീ. കെ. പ്രകാശ് ബാബു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിവകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ എം.ഡി.മാർക്ക് തുടർച്ചയായി എത്ര വർഷം വരെ ആ പദവിയിൽ തുടരാം;

(ബി) എത്ര വർഷം കഴിയുമ്പോഴാണ് മാറ്റം ഉണ്ടാകുന്നത്; ഇതിന് എന്തെങ്കിലും മാനദണ്ഡം ഉണ്ടാക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ;

(സി) മൂന്നു വർഷം കഴിയുമ്പോൾ പൊതുമേഖലാ സ്ഥാപനങ്ങളുടെ എം.ഡി. മാരെ മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കൃഷിവകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന്റെ കാര്യത്തിൽ ഒഴികെ ഒന്നിലും തന്നെ മാനേജിംഗ് ഡയറക്ടർമാരുടെ നിയമനത്തിന് ഒരു നിശ്ചിത കാല ദൈർഘ്യം നിശ്ചയിച്ചിട്ടില്ല. സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന്റെ കാര്യത്തിൽ മാനേജിംഗ് ഡയറക്ടർക്ക് മൂന്നു വർഷം വരെയോ പിൻഗാമിയെ നിയമിക്കുന്നതുവരെയോ തൽസ്ഥാനത്ത് തുടരാം.



LIBRARY ARCHIVES Kerala Legislative Assembly

(ബി) ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ പ്രവർത്തന ചട്ടങ്ങളനുസരിച്ച് ഗവൺമെന്റിന് ഏതു സമയത്തും എം.ഡി.മാരെ തൽസ്ഥാനത്തു നിന്നും നീക്കം ചെയ്യാവുന്നതും പകരം ആളിനെ നിയമിക്കാവുന്നതുമാണ്. ഇതിനു പ്രത്യേക മാനദണ്ഡം ഉണ്ടാക്കുന്ന കാര്യം ഇപ്പോൾ ഈ വകുപ്പിന്റെ പരിഗണനയിലില്ല.

(സി) പ്രവർത്തനപരിചയവും ഭരണനൈപുണ്യവും കഴിവും ഉള്ള എം.ഡി.മാരുടെ തുടർച്ചയായ സേവനം ചില സ്ഥാപനങ്ങളുടെ നടത്തിപ്പിന് അത്യന്താപേക്ഷിതമാണെന്ന് ഗവൺമെന്റിന് ബോദ്ധ്യമാകുന്ന പക്ഷം അവരെ തൽസ്ഥാനത്ത് തുടർന്നും നിലനിർത്താറുണ്ട്.

**160 (2535) പി.ഐ.പി. കെ.ഐ.പി. തുടങ്ങിയ ഇറിഗേഷൻ പദ്ധതികളുടെ പ്രയോജനം**

ശ്രീ. ജി. സുധാകരൻ : താഴെക്കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

പി.ഐ.പി., കെ.ഐ.പി. തുടങ്ങിയ ഇറിഗേഷൻ പദ്ധതികൾ കൃഷിക്കാർക്ക് കൂടുതൽ പ്രയോജനപ്രദമാക്കാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

പി.ഐ.പി., കെ.ഐ.പി. തുടങ്ങിയ ഇറിഗേഷൻ പദ്ധതികൾ മുഖേന കൃഷിക്കാർക്ക് കൂടുതൽ പ്രയോജനം ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു. കൂടാതെ പി.ഐ.പി.യിൽ കമാന്റ് ഏരിയ ഡെവലപ്മെന്റ് അതോറിറ്റി മുഖേനയും കൃഷിക്കായി ജലം നല്കാനുള്ള പദ്ധതി നടന്നുവരുന്നു.

**161 (2537) മലഞ്ചരക്ക് കൃഷി വിപുലപ്പെടുത്താൻ പദ്ധതി**

ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ മലഞ്ചരക്ക് കൃഷി വിപുലപ്പെടുത്താനും അവയുടെ ഉല്പാദനം വർദ്ധിപ്പിക്കാനും എന്തെല്ലാം പദ്ധതികളാണ് സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) കൃഷിക്കാർക്ക് കൃഷി ചെയ്യുന്നതിനാവശ്യമായ സാമ്പത്തിക സഹായം ലഭിക്കുന്നതിനുവേണ്ടി എന്തെല്ലാം പദ്ധതികളാണ് ഇപ്പോൾ സർക്കാർ കൃഷിഭവൻ വഴിയും കാർഷിക ബാങ്കുകൾ വഴിയും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്;

(സി) പ്രസ്തുത വായ്പകൾ കൂടുതൽ ഉദാരമാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ അതിനുവേണ്ടി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മലഞ്ചരക്കു വിഭാഗത്തിൽപ്പെട്ട സുഗന്ധവിളകളായ കുരുമുളക്, ഇഞ്ചി, മഞ്ഞൾ, ഗ്രാംപൂ, ജാതി, കറുവപ്പട്ട എന്നിവയുടെ കൃഷി വികസനത്തിനും ഉല്പാദന വർദ്ധനവിനുമായി നടപ്പു വർഷം നൂറു ശതമാനം കേന്ദ്ര സഹായത്തോടെ 16 കോടി രൂപ ചെലവു വരുന്ന ഒരു പദ്ധതി നടപ്പിലാക്കി വരുന്നു.

(ബി) 100% കേന്ദ്ര സഹായത്തോടെ നടപ്പിലാക്കി വരുന്ന സംയോജിത സുഗന്ധവിള വികസന പദ്ധതി പ്രകാരം കുരുമുളക്, ഇഞ്ചി, മഞ്ഞൾ, ഗ്രാംപൂ, ജാതി, കറുവപ്പട്ട എന്നിവയുടെ കൃഷി വ്യാപിപ്പിക്കുന്നതിനും നിലവിലുള്ള കൃഷി പുനരുദ്ധരിക്കുന്നതിനും, വിത്തുല്പാദന പ്രദർശനതോട്ടങ്ങൾ സ്ഥാപിക്കുന്നതിനും, സസ്യസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനുമായി കർഷകർക്ക് സബ്സിഡി നൽകുന്നുണ്ട്. ഇവ കൂടാതെ നടീൽ വസ്തുക്കൾ സർക്കാർ ഫാമുകളിൽ ഉല്പാദിപ്പിച്ച് കർഷകർക്ക് സൗജന്യമായി വിതരണം ചെയ്യുന്നുണ്ട്. ഈ പദ്ധതികൾക്കായി സബ്സിഡി കഴിച്ചുള്ള തുക ആവശ്യമുള്ള കൃഷിക്കാർക്ക് കാർഷിക ബാങ്കുകളിൽ നിന്നും വായ്പയായി ലഭ്യമാണ്.

(സി & ഡി) ബാങ്കുകളുടേയും സർക്കാർ വകുപ്പുകളുടേയും പ്രതിനിധികൾ ഉൾപ്പെടുന്ന ബ്ലോക്ക്, ജില്ലാ ആസ്ഥാനം എന്നീ തലങ്ങളിൽ രൂപീകരിച്ചിട്ടുള്ള ബാങ്കേഴ്സ് കമ്മിറ്റികളുടെ ശുപാർശ പ്രകാരമാണ് കൃഷിക്കാവശ്യമായ വായ്പകൾ നൽകുന്നത്. വായ്പകൾ ലഭ്യമാക്കുന്നതിനെപ്പറ്റി കമ്മിറ്റി വിശദമായി ചർച്ച ചെയ്യുകയും അനുയോജ്യമായ തീരുമാനമെടുക്കുകയും ചെയ്യുന്നുണ്ട്.

162 (2538) കൃഷിഭവനുകളുടെ പ്രവർത്തനം

ശ്രീ. എം.വി.ജയരാജൻ :
ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :
ശ്രീ. ടി.കെ.നൗഷാദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി ഭവനുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) കർഷകർക്ക് ലഭിക്കാവുന്ന സഹായങ്ങളെ കുറിച്ച് കൃഷിക്കാരെ ബോധവല്ക്കരിക്കുന്നതിന് നിലവിലുള്ള സംവിധാനമെന്താണെന്ന് പറയാമോ;

(ഡി) കൃഷിഭവനുകളിൽകൂടി പമ്പു സെറ്റുകൾ വിതരണം ചെയ്തതിൽ നടന്ന അഴിമതികളെക്കുറിച്ച് സർക്കാർ അന്വേഷണം നടത്തുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കൃഷി വകുപ്പു നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ വിജയകരമാക്കുന്നതിനുള്ള ഉപദേശവും സഹായവും നല്കുന്നതിനായി കർഷക

LIBRARY ARCHIVES Kerala Legislative Assembly

സംഘടനകളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും കൂടുതൽ പ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ട് കാർഷിക വികസന സമിതികൾ പുന:സംഘടിപ്പിക്കുന്നുണ്ട്. പദ്ധതികൾ യഥാസമയം നടപ്പിലാക്കുന്നുണ്ടോ എന്ന് പരിശോധിക്കാനും കാലാകാലങ്ങളിൽ ആവശ്യമായ നിർദ്ദേശങ്ങൾ നല്കുന്നതിനും കൃഷിവകുപ്പിൽ ഒരു മോണിറ്ററിംഗ് സെൽ പ്രവർത്തിച്ചുവരുന്നുണ്ട്.

(സി) വിവിധ വാർത്താ മാദ്ധ്യമങ്ങൾ വഴിയും കൃഷി വകുപ്പു പ്രസിദ്ധീകരിക്കുന്ന കേരള കർഷകൻ എന്ന പ്രസിദ്ധീകരണം വഴിയും കൃഷി വകുപ്പു നടപ്പിലാക്കുന്ന വിവിധ പദ്ധതികളെക്കുറിച്ച് കർഷകരെ ബോധവല്ക്കരിക്കുന്നുണ്ട്. കൂടാതെ കാർഷിക വികസന സമിതികളിലും കർഷകരുടെ ഇതര യോഗങ്ങളിലും കൃഷിവകുപ്പിലെ ഉദ്യോഗസ്ഥന്മാർ പങ്കെടുത്ത് പദ്ധതികളെപ്പറ്റി വിശദീകരിക്കുന്നു.

(ഡി) പമ്പു സെറ്റുകളുടെ വിതരണത്തെക്കുറിച്ച് പരാതികൾ ലഭിക്കുമ്പോൾ അന്വേഷണം നടത്തുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

163 (2539) ഫാംകോ ട്രസ്റ്റ്

ശ്രീ. കെ. പ്രകാശ് ബാബു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എഫ്.സി.കെ.യുടെ കീഴിൽ ഫാംകോ ട്രസ്റ്റ് എന്ന ഒരു സ്ഥാപനം രൂപീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം പ്രവർത്തനങ്ങൾ ഫാംകോ ട്രസ്റ്റ് ചെയ്യുന്നുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ട്രസ്റ്റ് ഒരു മാസിക പ്രസിദ്ധീകരിക്കുന്നുണ്ടോ; പ്രസ്തുത മാസികയുടെ എത്ര കോപ്പികൾ വിൽക്കപ്പെടുന്നു; എത്ര രൂപ ചെലവഴിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(ഡി) എസ്.എഫ്.സി.കെ.യിൽ നിന്ന് സാമ്പത്തിക സഹായം നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതുവരെ എത്രയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) താഴെപ്പറയുന്ന പ്രവർത്തനങ്ങൾ ഫാംകോ ട്രസ്റ്റ് മുഖേന ചെയ്യുന്നുണ്ട്.

(1) അത്യാവശ്യ സന്ദർഭങ്ങളിൽ ജീവനക്കാർക്ക് വിവാഹം, മരണം, ചികിത്സ, വിദ്യാഭ്യാസം എന്നീ ആവശ്യങ്ങൾക്ക് 10,000 രൂപ വരെ പലിശയില്ലാ വായ്പ നൽകുന്നു.

(2) കോർപ്പറേഷനിലെ ജീവനക്കാരുടെ മക്കൾക്ക് കൂടുതൽ തൊഴിൽ സാദ്ധ്യതകൾ സൃഷ്ടിക്കാൻ പുതുതായി ചെറിയ വ്യവസായ സംരംഭങ്ങൾ നടത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(3) ഓരോ വർഷത്തെയും എസ്.എസ്.എൽ.സി. പരീക്ഷയിൽ ഏറ്റവും കൂടുതൽ മാർക്കു വാങ്ങുന്ന ജീവനക്കാരുടെ കുട്ടികൾക്ക് അവാർഡ് നൽകുന്നു.

(4) കോർപ്പറേഷൻ ജീവനക്കാരൻ സർവ്വീസിൽ നിന്നും പിരിഞ്ഞുപോകുമ്പോൾ 5,000 രൂപ വരെ അധിക ഗ്രാറ്റുവിറ്റി നൽകുന്നു.

(5) സർവ്വീസിൽ ഇരിക്കെ മരിക്കുന്ന ജീവനക്കാരന്റെ ആശ്രിതർക്ക് അത്യാവശ്യ ധനസഹായമായി 10,001 രൂപ ഗ്രാന്റായി നൽകുന്നു.

(സി) ട്രസ്റ്റ് 'ഫാംകോ' എന്ന പേരിൽ ഒരു ഹൗസ് മാഗസിൻ പ്രസിദ്ധീകരിച്ചിരുന്നു. സൗജന്യ വിതരണത്തിനുദ്ദേശിച്ചിട്ടാണ് പ്രസിദ്ധീകരിച്ചിരുന്നത്. 1000 കോപ്പിയാണ് അച്ചടിച്ചു കൊണ്ടിരിക്കുന്നത്. 1996-97 മുതൽ മാസികയുടെ പ്രസിദ്ധീകരണം ഫാമിംഗ് കോർപ്പറേഷൻ നേരിട്ടാണ് നടത്തിവരുന്നത്. ഇതിന്റെ പ്രസിദ്ധീകരണ ചെലവിലേക്കായി ഒരു ലക്കത്തിന് 1000 രൂപ എന്ന കണക്കിൽ കോർപ്പറേഷൻ ട്രസ്റ്റിന് നൽകിയിരുന്നു.

(ഡി) മാസിക ഫാംകോട്രസ്റ്റ് പ്രസിദ്ധീകരിച്ചുകൊണ്ടിരുന്നപ്പോൾ ഒരു ലക്കത്തിന് 1,000 രൂപ എന്ന കണക്കിൽ 9,000 രൂപ കോർപ്പറേഷൻ ട്രസ്റ്റിന് സഹായധനം നൽകിയിരുന്നു. നടപ്പു സാംപത്തിക വർഷം മുതൽ മാഗസിൻ പ്രസിദ്ധീകരണം കോർപ്പറേഷൻ ഏറ്റെടുക്കുകയും ആ വകയിൽ ഇതു വരെ 21,000 രൂപ ചിലവാകുകയും ചെയ്തിട്ടുണ്ട്. ഇതിനുള്ള തുക കോർപ്പറേഷന്റെ 96-97-ലെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

**164 (2541) കൃഷി ഓഫീസർമാരെ വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകളിൽ അദ്ധ്യാപകരായി ഡെപ്യൂട്ടേഷനിൽ നിയമിക്കൽ**

ശ്രീ. എം. മുരളി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാർഷിക വകുപ്പിൽ നിന്നും കൃഷി ഓഫീസർമാരെ സംസ്ഥാനത്തെ വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകളിൽ അദ്ധ്യാപകരായി ഡെപ്യൂട്ടേഷനിൽ നിയമിക്കാൻ സർക്കാർ എന്തെങ്കിലും നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) കാർഷിക വകുപ്പിലെ അർഹതയുള്ള ഉദ്യോഗസ്ഥന്മാരെ ഡെപ്യൂട്ടേഷനിൽ നിയമിക്കാൻ സർക്കാർ നടപടിയെടുക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) കൃഷി വകുപ്പിലെ കൃഷി ഓഫീസർമാരെ അവരുടെ യോഗ്യതയുടെയും താല്പര്യത്തിന്റെയും അടിസ്ഥാനത്തിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസ വകുപ്പിന്റെ ആവശ്യമനുസരിച്ച് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കാവുന്നതാണ്.

2/1203/2002.

LIBRARY ARCHIVES Kerala Legislative Assembly

165 (2542) **നെൽപാടങ്ങൾ നികത്തുന്നതു തടയുവാൻ നിയമം**

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. നാലകത്തു സൂപ്പി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽപാടങ്ങൾ അനിയന്ത്രിതമായി നികത്തുന്നതു തടയുവാൻ എന്തെല്ലാം നിയമങ്ങൾ ഇപ്പോൾ നിലവിലുണ്ട്;

(ബി) പ്രസ്തുത നിയമം കൊണ്ട് ഉദ്ദേശിച്ച ഫലം ലഭിക്കുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ പുതിയ നിയമം കൊണ്ടു വരാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) നിലവിലുള്ള നിയമം ഉപയോഗിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവ് നിലവിലുണ്ട്.

(ബി & സി) പ്രസ്തുത ഉത്തരവ് കാര്യക്ഷമമാക്കുന്നതിനായി ഒരു ഉന്നതതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കമ്മിറ്റി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിശദമായ ചർച്ചകൾക്കു ശേഷം ഉത്തരവിൽ ഭേദഗതികൾ വരുത്തുകയോ ആവശ്യമായ നിയമനിർമ്മാണം നടത്തുകയോ ചെയ്യുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ഡി) കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ പത്തു ജില്ലകളിലെ കണക്ക് അനുസരിച്ച് 2578 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ബാക്കി ജില്ലകളിലെ കണക്കുകൾ ശേഖരിച്ചു വരുന്നു.

166 (2543) **സംസ്ഥാനത്തെ കൃഷിഭവനുകളിൽ കൃഷി ഓഫീസർമാരുടെ ഒഴിവുകൾ**

ശ്രീ. എം. മുരളി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൃഷിഭവനുകളിൽ കൃഷിഓഫീസർമാരുടെ എത്ര ഒഴിവുകൾ ഉണ്ട്;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഇതിനു വേണ്ട നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) മൂന്ന്.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉദിക്കുന്നില്ല.

**167 (2544) സ്പെഷ്യൽ റിക്രൂട്ട്മെന്റിൽ നിയമിച്ച അഗ്രിക്കൾച്ചർ ഓഫീസർമാർക്ക് പ്രൊമോഷൻ**

ശ്രീ. പാലോട് രവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 10 വർഷമായി അഗ്രിക്കൾച്ചറൽ ഡിപ്പാർട്ടുമെന്റിൽ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന നിയമിച്ച എസ്.സി/എസ്.റ്റി. ഉദ്യോഗാർത്ഥികളിൽ നിന്നും എത്ര പേർക്ക് ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകിയെന്ന് വ്യക്തമാക്കുമോ?

(ബി) ഇങ്ങനെ പ്രൊമോഷൻ നൽകിയതുമൂലം ഒഴിവുവന്ന അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന നിയമിച്ച അഗ്രിക്കൾച്ചർ ഓഫീസർമാരിൽ എത്ര പേർക്ക് പ്രൊമോഷൻ നൽകിയെന്ന് വ്യക്തമാക്കുമോ;

(സി) പ്രൊമോഷൻ നൽകിയില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) അഗ്രിക്കൾച്ചറൽ ഡിപ്പാർട്ടുമെന്റിൽ എസ്.സി./എസ്.റ്റി. വിഭാഗത്തിലെ അഗ്രിക്കൾച്ചർ ഓഫീസർമാരിൽ നിന്നും അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേയ്ക്കുള്ള പ്രൊമോഷൻ എത്ര വർഷമായി നിർത്തിവച്ചിരിക്കുകയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സീനിയോറിറ്റി അടിസ്ഥാനത്തിൽ 22 പേർക്ക് ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലേക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട്.

(ബി) ഇങ്ങനെ പ്രൊമോഷൻ മൂലം ഒഴിവു വന്ന അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേയ്ക്ക് സീനിയോറിറ്റി അനുസരിച്ച് സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന പ്രൊമോഷൻ നൽകിയവരിൽ ഒന്നാം ഗ്രേഡ് അഗ്രിക്കൾച്ചർ ഓഫീസർമാരായി നിയമനം ലഭിച്ച 14 കൃഷി ഓഫീസർമാരും ഉൾപ്പെട്ടിട്ടുണ്ട്.

(സി) ഉദിക്കുന്നില്ല.

(ഡി) അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേക്ക് പ്രൊമോഷൻ നല്കുന്നത് അർഹതപ്പെട്ട അഗ്രിക്കൾച്ചർ ഓഫീസർമാരിൽ നിന്നും സീനിയോറിറ്റി അനുസരിച്ചാണ്. ആയതിലേയ്ക്കുള്ള പ്രൊമോഷൻ നിർത്തിവച്ചിട്ടില്ല.

**168 (2545) കൃഷിവകുപ്പിൽ നിന്നും ത്രിതല പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റി/കോർപ്പറേഷനുകൾക്കും നൽകിയിട്ടുള്ള അധികാരങ്ങൾ**

ശ്രീ. മാമ്മൻ മത്തായി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) പഞ്ചായത്ത്-നഗരപാലികാ ആക്ട് നിലവിൽ വന്നശേഷം കൃഷിവകുപ്പിൽ നിന്നും എന്തെല്ലാം അധികാരങ്ങളാണ് ത്രിതല പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റി/കോർപ്പറേഷനുകൾക്കും നൽകിയിട്ടുള്ളത്;

(ബി) കൂടുതൽ അധികാരങ്ങൾ കൈമാറുന്നതിന് സർക്കാറിന് ഉദ്ദേശ്യമുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

ഉത്തരം

(എ) പഞ്ചായത്ത് നഗരപാലികാ ആക്ട് നിലവിൽ വന്നശേഷം കൃഷിവകുപ്പിൽ നിന്നും ഗ്രാമപ്പഞ്ചായത്തുകൾ/ബ്ലോക്ക് പഞ്ചായത്തുകൾ/ജില്ലാ പഞ്ചായത്തുകൾ/മുനിസിപ്പാലിറ്റികൾ/കോർപ്പറേഷനുകൾ എന്നിവയ്ക്ക് നൽകിയ അധികാരങ്ങൾ അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. +

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

169 (2546) ആറളം സെൻട്രൽ സ്റ്റേറ്റ് ഫാം

ശ്രീമതി കെ.കെ.ശൈലജ ടീച്ചർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറളം സെൻട്രൽ സ്റ്റേറ്റ് ഫാം ഒരു കാർഷിക ഗവേഷണ സ്ഥാപനവും കാർഷിക സർവകലാശാലയുമായി വികസിപ്പിക്കാൻ സർക്കാർ സൂചിപ്പിച്ചിട്ടുണ്ടോ;

(ബി) അതിനുവേണ്ടി എന്തെല്ലാം നടപടികളാണ് ഗവൺമെന്റ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല

(ബി) ഉദിക്കുന്നില്ല.

170 (2547) കോന്നിയിലുള്ള സോയിൽ കൺസർവേഷൻ റിസർച്ച് സെന്ററിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

ശ്രീ. അടൂർ പ്രകാശ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നിയിലുള്ള സോയിൽ കൺസർവേഷൻ റിസർച്ച് സെന്ററിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ സർക്കാർ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇവിടേയ്ക്ക് അനുവദിച്ചിട്ടുള്ള സൺഷൈൻ റിക്കോർഡർ ഇവാപ്പറേഷൻ മീറ്റർ, സ്റ്റീവൻസൻ, വാട്ടർ സ്റ്റേജ് ലെവൽ റിക്കോർഡർ, വാട്ടർ

+ അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

ഫ്ളോ റിക്കോർഡർ എന്നിവയുടെ ഇപ്പോഴത്തെ പ്രവർത്തന സ്ഥിതി എന്തെന്നു വിശദമാക്കുമോ;

(സി) ഈ സ്ഥാപനത്തിൽ എത്ര പേർക്ക് പരിശീലനം നല്കുവാൻ ആണ് സാധിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ഡി) കഴിഞ്ഞ വർഷം ഇവിടെ എത്ര പേർക്ക് പരിശീലനം നല്കി?

ഉത്തരം

(എ) കോന്നിയിലെ സോയിൽ കൺസർവേഷൻ റിസർച്ച് സെന്റർ മെച്ചപ്പെടുത്തുന്നതിനായി ഇത് കേരള കാർഷിക സർവകലാശാല ഏറ്റെടുക്കണമെന്ന ഒരു നിർദ്ദേശം സർവകലാശാല ഒരു വിദഗ്ധ സമിതിയെകൊണ്ട് പരിശോധിപ്പിച്ചുവരികയാണ്. ഇക്കാര്യത്തിലുള്ള സർവകലാശാലയുടെ അഭിപ്രായം അറിയിക്കുന്ന മുറയ്ക്ക് തീരുമാനമെടുക്കുന്നതാണ്.

(ബി) ഓപ്പൺവാൽ ഇവാപ്പറി മീറ്റർ, സ്റ്റേജ് ലെവൽ റിക്കോർഡർ എന്നിവ പ്രവർത്തനക്ഷമമല്ല.

(സി) 250 സാങ്കേതിക ഉദ്യോഗസ്ഥന്മാർക്കും 250 കർഷകർക്കും ഒരു വർഷം പരിശീലനം നല്കാൻ സാധിക്കും.

(ഡി) തദ്ദേശവാസികളായ കർഷകർക്കു പുറമേ 123 പേർക്ക് പരിശീലനം നല്കി.

**171 (2548) സംസ്ഥാനത്ത് വെറ്ററിനറി സർവ്വകലാശാല സ്ഥാപിക്കാൻ നടപടി**

ശ്രീ. കെ. ബാബു :
ശ്രീ. എം. മുരളി :
ശ്രീ. തമ്പാനൂർ രവി :
ശ്രീമതി രാധാരാഘവൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വെറ്ററിനറി സർവകലാശാല സ്ഥാപിക്കുന്നതിനെപ്പറ്റി റിപ്പോർട്ട് സമർപ്പിക്കുവാൻ മുൻ മന്ത്രിസഭ കമ്മിറ്റിയെ നിയോഗിച്ചിരുന്നോ;

(ബി) ആരൊക്കെയാണ് കമ്മിറ്റി അംഗങ്ങൾ;

(സി) ഈ കമ്മിറ്റി എത്ര പ്രാവശ്യം സമ്മേളിച്ചു;

(ഡി) ഇതിന്റെ റിപ്പോർട്ട് ഗവൺമെന്റിനു ലഭിച്ചോ;

(ഇ) ഇതു മുൻഗണനാ ലിസ്റ്റിൽപ്പെടുന്ന ഇനമാണോ;

(എഫ്) എന്നേയ്ക്കു ഇത് സ്ഥാപിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു?

ഉത്തരം

(എ) നിയോഗിച്ചിരുന്നു.

(ബി) ശ്രീ.എം.എസ്. ജോസഫ് (മുൻ അഗ്രികൾച്ചർ പ്രൊഡക്ഷൻ കമ്മിഷണർ) ചെയർമാനും ഡോ.ജ്ഞാനപ്രകാശം (വൈസ് ചാൻസലർ, തമിഴ്നാട് വെറ്ററിനറി സർവ്വകലാശാല). ഡോ. എം. കൃഷ്ണൻ നായർ, (മുൻ



LIBRARY ARCHIVES Kerala Legislative Assembly

ഡീൻ, വെറ്ററിനറി സയൻസ് ആന്റ് അനിമൽ ഹസ്ബന്ററി, കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി, തൃശൂർ) എന്നിവർ അംഗങ്ങളും ആയുള്ള കമ്മിറ്റി.

(സി) മൂന്നു പ്രാവശ്യം സമ്മേളിച്ചു.

(ഡി) ഇല്ല.

(ഇ & എഫ്) മുൻഗണന നൽകുക, എന്നു സ്ഥാപിക്കാൻ കഴിയും, തുടങ്ങിയ കാര്യങ്ങളൊക്കെ റിപ്പോർട്ടു കിട്ടിയ ശേഷമേ തീരുമാനിക്കുവാൻ കഴിയുകയുള്ളു.

**172 (2549) കാർഷിക സർവകലാശാലയുടെ പരീക്ഷണ ഗവേഷണ പ്രവർത്തനം**

ശ്രീ. ടി.കെ. നൗഷാദ് :
ശ്രീ. എൻ.ആർ.ബാലൻ :
ശ്രീ. സി.പി. ബാലൻ വൈദ്യർ :
ശ്രീ. പിരപ്പൻകോട് മുരളി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക സർവകലാശാലയുടെ പരീക്ഷണ-ഗവേഷണ കേന്ദ്രങ്ങളുടെ പ്രവർത്തനം സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) കഴിഞ്ഞ അഞ്ചു വർഷങ്ങളിലായി സർവകലാശാല നടത്തിയ പ്രധാന പരീക്ഷണ-ഗവേഷണങ്ങളുടെ ഫലം വെളിപ്പെടുത്തുമോ;

(സി) ഈ കണ്ടുപിടിത്തങ്ങൾ ഏതെല്ലാം വിഭാഗത്തിൽപ്പെടുത്തിയെന്നും ഇതുമൂലം സംസ്ഥാനത്തിനു ലഭിക്കുന്ന പ്രയോജനങ്ങളും വെളിപ്പെടുത്തുമോ;

(ഡി) ഗവേഷണ ഫലങ്ങൾക്ക് പേറ്റന്റ് ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഇ) ഗാട്ടു കരാറിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ 5 വർഷത്തിനിടയിൽ ഏതെങ്കിലും ഗവേഷണ ഫലത്തിന് പേറ്റന്റ് ലഭിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

**ഉത്തരം**

(എ) ഉണ്ട്.

(ബി) കാർഷിക സർവകലാശാലയുടെ ഗവേഷണ നേട്ടങ്ങൾ സർവകലാശാല അതിന്റെ 'റിസർച്ച് ഹൈലൈറ്റ്സ്'' എന്ന പ്രസിദ്ധീകരണത്തിൽ വെളിപ്പെടുത്തുന്നുണ്ട്.

(സി) കൃഷി, മൃഗസംരക്ഷണം, കാർഷിക എഞ്ചിനീയറിംഗ്, ഫിഷറീസ്, ഫോറസ്ട്രി, സഹകരണം, ക്ഷീരവികസനം എന്നീ മേഖലകൾക്ക് പ്രയോജനം ലഭിക്കുന്നുണ്ട്.

(ഡി) ഗവേഷണ ഫലങ്ങൾക്ക് പേറ്റന്റ് ലഭിക്കുന്നതിനായി യഥാസമയം അപേക്ഷ സമർപ്പിക്കുന്നുണ്ട്.

(ഇ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഉദിക്കുന്നില്ല.

**173 (2550) കാർഷിക സർവകലാശാലയുടെ ഉപകേന്ദ്രം കാർഷിക കോളേജായി ഉയർത്താൻ നടപടി**

ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീ. പി.കെ. കുമാരൻ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. ജി.സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ, കൊല്ലം ജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന ഓണാട്ടുകരയുടെ വികസന പ്രാധാന്യം കണക്കിലെടുത്ത് കായംകുളത്ത് നിലവിലുള്ള കാർഷിക സർവകലാശാലയുടെ ഉപകേന്ദ്രം ഒരു കാർഷിക കോളേജാക്കി ഉയർത്താൻ നടപടികൾ സ്വീകരിക്കുമോ;

(ബി) ആലപ്പുഴ, പാലക്കാട് ജില്ലകൾക്ക് കാർഷിക വികസനത്തിലും ഗവേഷണത്തിലും ഊന്നിയുള്ള എത്ര പ്രത്യേക പദ്ധതികൾ കഴിഞ്ഞ 25 വർഷത്തിനുള്ളിൽ കേന്ദ്ര, സംസ്ഥാന ഗവൺമെന്റുകളുടെ വകയായി നടപ്പിലാക്കുന്നുണ്ട് എന്നു വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത ജില്ലകൾ കാർഷിക ആസൂത്രണത്തിൽ കാലത്തിന് അനുയോജ്യമായി പരിഗണിക്കപ്പെട്ടിട്ടില്ല എന്നത് കൃഷി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത ജില്ലകളുടെ സത്വരമായ കാർഷികാഭിവൃദ്ധിയെ ലാക്കാക്കി ഈ ഗവൺമെന്റ് ഈ സാമ്പത്തിക വർഷം എന്തെല്ലാം പ്രത്യേക പദ്ധതികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്?

**ഉത്തരം**

(എ) ഇതിനുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

(ബി) 1981 മുതൽ ദേശീയ കാർഷിക ഗവേഷണ പദ്ധതിയുടെ കീഴിൽ ഈ ജില്ലകളെകൂടി ഉൾപ്പെടുത്തിക്കൊണ്ട് മങ്കൊമ്പ്, കുമരകം, കായംകുളം, പട്ടാമ്പി എന്നിവിടങ്ങൾ കേന്ദ്രീകരിച്ചു ഗവേഷണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇതിനായി 35 കേന്ദ്രാവിഷ്കൃത പദ്ധതികളും 19 സംസ്ഥാന പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.

(സി) ഇത്തരത്തിൽ ആക്ഷേപങ്ങളൊന്നും ലഭിച്ചിട്ടില്ല.

(ഡി) കുട്ടനാട് കരിനിലങ്ങളുടെ വികസനത്തിനായുള്ള പദ്ധതി 1996-97 വർഷവും തുടരും. പാലക്കാട്, ആലപ്പുഴ ജില്ലകളിലെ നെൽകൃഷി വികസനം ലക്ഷ്യമാക്കി സമഗ്ര നെൽകൃഷി വികസനത്തിനുള്ള പദ്ധതിക്ക് രൂപം കൊടുത്തു നടപ്പിലാക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ചെറുകിട യന്ത്രവല്ക്കരണ പദ്ധതി, സമഗ്ര നാളികേര വികസന പദ്ധതി, പച്ചക്കറി കൃഷി വികസന പദ്ധതി, പൂക്കൃഷി വികസന പദ്ധതി, കശുമാവ് കൃഷി വികസന പദ്ധതി എന്നിവയുടെ പ്രാദേശിക പ്രാധാന്യം കണക്കിലെടുത്ത് 1996-97 വർഷം നടപ്പിലാക്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

174 (2551) **കാർഷിക സർവകലാശാലയിലെ വൈസ്ചാൻസലറുടെ നിയമനം**

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കാർഷിക സർവകലാശാലയുടെ വൈസ്ചാൻസലറുടെ കാലാവധി എന്നാണ് തീരുന്നത്;

(ബി) നിലവിലുള്ള സർവകലാശാലകളുടെ നിയമങ്ങളനുസരിച്ചുള്ള പ്രായപരിധി കഴിഞ്ഞ ഉദ്യോഗസ്ഥനാണ് വൈസ്ചാൻസലർ എന്നറിയാമോ;

(സി) അങ്ങനെയാണെങ്കിൽ വൈസ്ചാൻസലർ സ്ഥാനത്ത് ഇദ്ദേഹം തുടരുന്നത് നിയമവിരുദ്ധമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത സർവകലാശാലയിൽ പ്രോ വൈസ്ചാൻസലറെ നിയമിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) കൂടാതെ സർവകലാശാലയുടെ നിയമത്തിലും ചട്ടങ്ങളിലും എന്തെങ്കിലും ഭേദഗതികൾ വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ഇപ്പോഴത്തെ നിയമന കാലാവധി 28.7.97-ന് ആണ് തീരുന്നത്.

(ബി) കേരള കാർഷിക സർവകലാശാലയുടെ വൈസ്ചാൻസലറെ നിയമിക്കുന്നത് കേരള കാർഷിക സർവകലാശാല നിയമമനുസരിച്ചാണ്. പ്രസ്തുത നിയമമനുസരിച്ച് വൈസ്ചാൻസലർക്ക് പ്രായപരിധി ഇല്ല. ആയതിനാൽ ഇപ്പോഴത്തെ വൈസ്ചാൻസലർ പ്രായപരിധി കഴിഞ്ഞ ഉദ്യോഗസ്ഥനാണെന്ന് പറയാനാവില്ല.

(സി) "ബി"യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഡി) പരിഗണനയിലുണ്ട്. തീരുമാനമായിട്ടില്ല.

(ഇ) സർവകലാശാല നിയമം ഭേദഗതി ചെയ്യണമെന്ന ആവശ്യം പരിഗണനയിലുണ്ട്.

175 (2552) **കാർഷിക സർവകലാശാലയിലെ അപൂർവ്വ ഇനങ്ങളിൽപ്പെട്ട മൃഗങ്ങളുടെ മരണം**

ശ്രീമതി റോസമ്മ ചാക്കോ : താഴെക്കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക സർവ്വകലാശാലയിൽ അപൂർവ്വ ഇനങ്ങളിൽപ്പെട്ട മൃഗങ്ങൾ കൊല്ലപ്പെടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

ഏതാനും വെച്ചൂർ പശുക്കൾക്ക് ജീവഹാനിയുണ്ടായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

**176 (2553) കാർഷിക സർവകലാശാലയിലെ അഴിമതി**

ശ്രീ. എം. മുരളി :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. കെ.എ ചന്ദ്രൻ :
ശ്രീ. കെ.സി. വേണുഗോപാൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക സർവകലാശാലയിലെ അഴിമതിയും കെടുകാര്യസ്ഥതയും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാർഷിക സർവകലാശാലയിലെ അഴിമതിയെക്കുറിച്ച് അന്വേഷണം ആവശ്യപ്പെട്ടുകൊണ്ട് ജീവനക്കാർ സമരം നടത്തുകയുണ്ടായോ;

(സി) പ്രസ്തുത സർവകലാശാലയുടെ പ്രവർത്തനങ്ങളെപ്പറ്റി അന്വേഷണം നടത്തുമോ?

ഉത്തരം

(എ) കാർഷിക സർവകലാശാലയുടെ പ്രവർത്തനത്തിൽ അഴിമതിയും കെടുകാര്യസ്ഥതയും ഉണ്ടെന്ന ചില ആരോപണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മേൽ സൂചിപ്പിച്ച ആരോപണങ്ങളെക്കുറിച്ച് അന്വേഷണം ആവശ്യപ്പെട്ടുകൊണ്ട് ഏതാനും ജീവനക്കാർ പ്രചാരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയുണ്ടായി.

(സി) ഇക്കാര്യം പരിശോധിച്ചുവരികയാണ്.

**177 (2554) കാർഷിക സർവകലാശാലയോട് അനുബന്ധമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീമതി സാവിത്രി ലക്ഷ്മണൻ :
ശ്രീ.കെ ബാബു :
ശ്രീമതി രാധാരാഘവൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക സർവകലാശാലയോട് അനുബന്ധമായി എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഇവയിൽ എത്ര ഉദ്യോഗസ്ഥന്മാർ വീതമുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കാർഷിക സർവകലാശാലയ്ക്ക് അനുബന്ധ സ്ഥാപനങ്ങൾ ഇല്ല.

(ബി) ഉദിക്കുന്നില്ല.



LIBRARY ARCHIVES Kerala Legislative Assembly

**178 (2555) കാർഷിക സർവകലാശാലയിലെ അദ്ധ്യാപകർക്ക് യു.ജി.സി/ഐ.സി.എ.ആർ. ശമ്പള വ്യവസ്ഥ നടപ്പിലാക്കാൻ നടപടി**

ശ്രീ. കെ.സി. ജോസഫ് :
ശ്രീ. കെ. ബാബു :
ശ്രീ. കെ.സി. വേണുഗോപാൽ :
ശ്രീ. വിജയകുമാർ :
ശ്രീ. എം. മുരളി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതു തീയതി മുതലാണ് കാർഷിക സർവകലാശാലയിലെ അദ്ധ്യാപകർക്ക് യു.ജി.സി/ഐ.സി.എ.ആർ. ശമ്പള വ്യവസ്ഥയും ആനുകൂല ല്യങ്ങളും നടപ്പിലാക്കിയതെന്ന് വെളിപ്പെടുത്താമോ;

(ബി) ഇതു സംബന്ധിച്ച് അദ്ധ്യാപക സംഘടനകളിൽ നിന്നും എന്തെങ്കിലും പരാതി ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ?

ഉത്തരം

(എ) 1.1.1986 മുതൽ

(ബി) ഉണ്ട്.

**179 (2556) കാർഷിക സർവകലാശാലയിലെയും അനുബന്ധ സ്ഥാപനങ്ങളിലെയും സാമുദായിക പ്രാതിനിധ്യം**

ശ്രീ. തമ്പാനൂർ രവി :
ശ്രീ. വി.ജെ. പൗലോസ് :
ശ്രീമതി ശോഭനാ ജോർജ്ജ് :
ശ്രീ. പാലോട് രവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക സർവകലാശായിലും അനുബന്ധ സ്ഥാപനങ്ങളിലു മായി എത്ര ഉദ്യോഗസ്ഥന്മാരുണ്ട്;

(ബി) ഇവരുടെ ജാതി തിരിച്ചുള്ള പട്ടിക മേശപ്പുറത്തു വയ്ക്കുമോ;

(സി) പ്രസ്തുത ഉദ്യോഗസ്ഥരുടെ നിയമനങ്ങളിൽ സാമുദായിക പ്രാതിനിധ്യ തത്വം സ്വീകരിക്കാറുണ്ടോ?

ഉത്തരം

(എ) 1.2.96-ന് 2644 ഉദ്യോഗസ്ഥരുണ്ട്.

(ബി) ഇവരുടെ ജാതി തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർത്തി ട്ടുണ്ട്.**

(സി) ഉണ്ട്.

** ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

180 (2557) **കേരളാ സ്റ്റേറ്റ് ഹോർട്ടികൾച്ചറൽ ഡെവലപ്മെന്റ് കോർപ്പറേഷനിൽ നടന്ന അഴിമതി**

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :
ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഹോർട്ടികൾച്ചറൽ ഡെവലപ്മെന്റ് കോർപ്പറേഷനിൽ നടന്ന അഴിമതി ആരോപണങ്ങളെക്കുറിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അന്വേഷണം നടത്താൻ തയ്യാറാവുമോ;

(സി) സാമ്പത്തിക ക്രമക്കേടുകളിൽ ഉൾപ്പെട്ടിരിക്കുന്ന ഉദ്യോഗസ്ഥന്മാർ ആരെല്ലാമാണെന്നും എന്തു തുകയ്ക്കുള്ള ക്രമക്കേടുകളാണ് നടന്നിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(ഡി) കോർപ്പറേഷനിലെ ഉദ്യോഗസ്ഥന്മാർക്കെതിരെ മൊത്തം എത്ര തുകയ്ക്കുള്ള അഴിമതി ആരോപണങ്ങളാണ് ആരോപിച്ചിട്ടുള്ളത്; ആരോപണവിധേയരായ ഉദ്യോഗസ്ഥന്മാർ ഇപ്പോഴും ജോലിയിൽ തുടരുന്നുണ്ടോ?

**ഉത്തരം**

(എ & ബി) കൃഷിവകുപ്പിലെ അഡീഷണൽ സെക്രട്ടറിയെ അന്വേഷണ ഉദ്യോഗസ്ഥയായി നിയമിച്ചിട്ടുണ്ട്. അന്വേഷണം ആരംഭിച്ചു കഴിഞ്ഞു.

(സി & ഡി) വിശദമായ അന്വേഷണത്തിനു ശേഷമേ ശരിയായ വിവരം ലഭ്യമാകുകയുള്ളൂ.

181 (2558) **കാർഷിക സർവകലാശാല നേരിടുന്ന പ്രശ്നങ്ങൾ**

ശ്രീ. തമ്പാനൂർ രവി : താഴെക്കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

കാർഷിക സർവകലാശാല നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

കേരള കാർഷിക സർവകലാശാലയുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് സർവകലാശാല വൈസ്ചാൻസലറും വകുപ്പു മേധാവികളും മറ്റ് ഉന്നത ഉദ്യോഗസ്ഥന്മാരുമായും വിദ്യാർത്ഥി പ്രതിനിധികളുമായും ചർച്ചകൾ നടത്തി. തൻമൂലം വിദ്യാർത്ഥി സമരം ഒത്തുതീർപ്പായി. അദ്ധ്യാപകരേയും മറ്റു ജീവനക്കാരേയും സംബന്ധിച്ച ചില പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സർവകലാശാല സ്വീകരിക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

**182 (2560) കേരള കാർഷിക സർവകലാശാലയെപ്പറ്റിയും വൈസ്ചാൻസലറെപ്പറ്റിയും ഉയർന്നുവന്നിട്ടുള്ള ആരോപണങ്ങൾ**

ശ്രീ. ടി.കെ.നൗഷാദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയെക്കുറിച്ചും വൈസ്ചാൻസലറെക്കുറിച്ചും എന്തെല്ലാം ആരോപണങ്ങളാണ് അവിടത്തെ 'സേവ് എഡ്യൂക്കേഷൻ' കമ്മിറ്റിക്കാർ ഉന്നയിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് സർക്കാർ എന്തെങ്കിലും അന്വേഷണവും നടത്തിയിരുന്നുവോ; എങ്കിൽ ഏതു തരത്തിലുള്ള അന്വേഷണം; അന്വേഷണത്തിന്റെ ടേംസ് ഓഫ് റഫറൻസ് എന്തെല്ലാമായിരുന്നു;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ ആർക്കെങ്കിലുമെതിരെ നടപടി എടുത്തിരുന്നോ; എങ്കിൽ ആർക്കൊക്കെ എതിരെയാണ് നടപടിയെടുത്തിട്ടുള്ളത്; വിശദവിവരം നൽകുമോ?

ഉത്തരം

(എ) വൈസ്ചാൻസലർ നടത്തിയതായി പറയപ്പെടുന്ന നിയമനങ്ങൾ, നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിയ കാര്യങ്ങളിൽ അഴിമതി ആരോപിച്ചും, വെച്ചൂർ പശുക്കൾ കൊല്ലപ്പെട്ട കാര്യങ്ങളെപ്പറ്റിയും സേവ് എഡ്യൂക്കേഷൻ കമ്മിറ്റിക്കാർ നിവേദനം നല്കിയിട്ടുണ്ട്. കമ്മിറ്റി നടത്തിയ പ്രക്ഷോഭണങ്ങളുമായി ബന്ധപ്പെടുത്തി ശിക്ഷണ നടപടികളും, സ്ഥലം മാറ്റങ്ങളും നടത്തുന്നതായും ആക്ഷേപമുണ്ട്.

(ബി) വെച്ചൂർ പശുക്കളുടെ മരണത്തെപ്പറ്റി കൃഷി വകുപ്പ് സെക്രട്ടറി അദ്ധ്യക്ഷയും, മൃഗസംരക്ഷണ ഡയറക്ടർ, കാർഷിക സർവകലാശാലയിലെ രണ്ട് ശാസ്ത്രജ്ഞർ അംഗങ്ങളുമടങ്ങിയ കമ്മിറ്റി അന്വേഷിക്കുന്നുണ്ട്. രണ്ടു മാസത്തിനകം റിപ്പോർട്ട് നല്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

സ്ഥലം മാറ്റങ്ങളെ സംബന്ധിച്ച പരാതികൾ അഗ്രിക്കൾച്ചർ പ്രൊഡക്ഷൻ കമ്മീഷണർ പരിശോധിക്കുന്നു.

ശിക്ഷണ നടപടികളെക്കുറിച്ച് കൃഷി മന്ത്രി പരിശോധിക്കാമെന്ന് കാർഷിക സർവകലാശാല അദ്ധ്യാപക സംഘടനകളുടെയും വൈസ്ചാൻസലറുടെയും സംയുക്ത യോഗത്തിൽ തീരുമാനമായിട്ടുണ്ട്.

മറ്റ് ആരോപണങ്ങളെപ്പറ്റി അന്വേഷിക്കുന്നതിന് കമ്മീഷനെ നിയമിക്കുന്ന കാര്യം പരിഗണനയിലാണ്.

(സി) ഉദിക്കുന്നില്ല.

**183 (2561) കാർഷിക സർവകലാശാലയിലെ അസിസ്റ്റന്റ് ഗ്രേഡ്-2 റാങ്ക് ലിസ്റ്റിലെ ക്രമക്കേട്**

ശ്രീ. സി.എൻ. ജയദേവൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) കേരള കാർഷിക സർവകലാശാലയിൽ അസിസ്റ്റന്റ് ഗ്രേഡ്-2 നിയമനത്തിന് നടന്ന എഴുത്തു പരീക്ഷയുടെ റാങ്ക് ലിസ്റ്റ് റദ്ദാക്കുവാൻ സർവ കലാശാല ഭരണസമിതി കൈക്കൊണ്ട തീരുമാനം സർക്കാരിന്റെ ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കുറ്റമറ്റ രീതിയിൽ വീണ്ടും പരീക്ഷ നടത്തി പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരി ക്കുവാൻ സർവകലാശാലയോട് ആവശ്യപ്പെടുമോ;

(സി) റദ്ദാക്കിയ റാങ്ക് ലിസ്റ്റിലെ ക്രമക്കേടുകൾക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥരെ മാതൃകാപരമായി ശിക്ഷിക്കുവാൻ സർവകലാശാലയോട് ആവശ്യപ്പെടുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സർവകലാശാല നടപടികൾ എടുത്തു വരികയാണ്.

(സി) ഇതു സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തുന്നതിന് സർവകലാശാല നടപടികൾ എടുത്തു വരുന്നുണ്ട്.

### 184 (2562) ഫിഷറീസ് കോളേജിൽ നടക്കുന്ന വിദ്യാർത്ഥി സംഘട്ടനങ്ങൾ ഒഴിവാക്കാൻ നടപടി

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള പനങ്ങാട് ഫിഷറീസ് കോളേജിൽ നടക്കുന്ന വിദ്യാർത്ഥി സംഘട്ടനങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിദ്യാർത്ഥി സംഘട്ടനങ്ങൾ നിമിത്തം കോളേജ് ഹോസ്റ്റൽ അടച്ചിട്ടിരിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ & ബി) : കോളേജ് ഹോസ്റ്റലിൽ വിദ്യാർത്ഥികൾ തമ്മിൽ ചെറിയ തോതിൽ കയ്യേറ്റം നടന്നു. അനിഷ്ടസംഭവങ്ങൾ ഒഴിവാക്കാൻ കോളേജ് അട ച്ചിരുന്നു. സമാധാനാന്തരീക്ഷം നിലവിൽ വന്നതിനെ തുടർന്ന് കോളേജ് തുറന്നു പ്രവർത്തിക്കുവാൻ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

### 185 (2563) സി.സി.ഡി.പി. സ്കീമിൽപ്പെടുത്തി പദ്ധതികൾ തുട ങ്ങുന്നതിന് നടപടി

ശ്രീ. പി.ജെ. ജോയി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.സി.ഡി.പി.സ്കീമിൽപ്പെടുത്തി എത്ര പദ്ധതികൾക്ക് ഭരണാ നുമതി നൽകിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ? ഇവയിൽ എത്ര പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്;



LIBRARY ARCHIVES Kerala Legislative Assembly

(ബി) മറ്റു പദ്ധതികൾ തുടങ്ങുന്നതിന് വരുന്ന കാലതാമസം എന്തു കൊണ്ടാണെന്ന് വെളിപ്പെടുത്താമോ?

(സി) ഈ പദ്ധതിയുടെ കീഴിൽ ഇതുവരെ എത്ര കോടി രൂപ ചെലവ ഴിച്ചു എന്ന് വ്യക്തമാക്കാമോ; ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്താമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ സ്കീമിൽ എത്ര പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കാമോ;

(ഇ) പുതിയ സ്കീമുകൾ ഈ പദ്ധതിയിൽപ്പെടുത്തി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്നു മുതൽ എന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) 294 പദ്ധതികൾക്ക് നാളിതുവരെ ഭരണാനുമതി നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

സാമൂഹ്യ ജലസേചന പദ്ധതി

| ജില്ലയുടെ പേര് | ഭരണാനുമതി നൽകിയ എണ്ണം |
|---|---|
| 1. തിരുവനന്തപുരം | 23 |
| 2. കൊല്ലം | 11 |
| 3. പത്തനംതിട്ട | 17 |
| 4. ഇടുക്കി | 6 |
| 5. ആലപ്പുഴ | 6 |
| 6. കോട്ടയം | 14 |
| 7. എറണാകുളം | 36 |
| 8. തൃശ്ശൂർ | 29 |
| 9. പാലക്കാട് | 5 |
| 10. മലപ്പുറം | 8 |
| 11. വയനാട് | 7 |
| 12. കോഴിക്കോട് | 21 |
| 13. കണ്ണൂർ | 87 |
| 14. കാസർകോഡ് | 24 |

(ബി) 31 എണ്ണം പൂർത്തിയായിട്ടുണ്ട്. വൈദ്യുതി കണക്ഷൻ ലഭിക്കാനുള്ള കാലതാമസം, ഗുണഭോക്താക്കളുടെ താത്പര്യക്കുറവ്, എസ്റ്റിമേറ്റിലെ റേറ്റും സാധനങ്ങളുടെ കമ്പോളത്തിലെ ഇന്നത്തെ വിലയും തമ്മിലുള്ള വ്യത്യാസം എന്നിവയാണ് പദ്ധതി പൂർത്തിയാക്കുന്നതിലുണ്ടാകുന്ന കാലതാമസത്തിന്റെ പ്രധാന കാരണം.

(സി) ഈ പദ്ധതിയുടെ കീഴിൽ ഇതുവരെ 7.54 കോടി രൂപ ചെലവ ഴിച്ചു.

ജില്ല തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ജില്ലയുടെ പേര് ഭരണാനുമതി നൽകിയത് എണ്ണം ചെലവാക്കിയ തുക ലക്ഷം

| ജില്ലയുടെ പേര് | ഭരണാനുമതി നൽകിയത് എണ്ണം | ചെലവാക്കിയ തുക ലക്ഷം |
|---|---|---|
| 1. തിരുവനന്തപുരം | 23 | 46.93 |
| 2. കൊല്ലം | 11 | 36.40 |
| 3. പത്തനംതിട്ട | 17 | 25.96 |
| 4. ഇടുക്കി | 6 | 14.25 |
| 5. ആലപ്പുഴ | 6 | 7.70 |
| 6. കോട്ടയം | 14 | 105.72 |
| 7. എറണാകുളം | 36 | 140.95 |
| 8. തൃശ്ശൂർ | 29 | 102.36 |
| 9. പാലക്കാട് | 5 | 18.04 |
| 10. മലപ്പുറം | 8 | 33.09 |
| 11. വയനാട് | 7 | 2.40 |
| 12. കോഴിക്കോട് | 21 | 84.60 |
| 13. കണ്ണൂർ | 87 | 101.60 |
| 14. കാസർകോഡ് | 24 | 34.91 |

(ഡി) 12

(ഇ) ഉണ്ട്. 1996 ഏപ്രിൽ ഒന്നു മുതൽ ഭരണാനുമതി നൽകി തുടങ്ങിയിട്ടുണ്ട്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

# II. അടിയന്തിര പ്രമേയം

## കാർഷികോല്പന്നങ്ങളുടെ വിലയിടിവ്

9.30 AM

മി. സ്പീക്കർ : റബ്ബർ, ഭക്ഷ്യഎണ്ണ, സുഗന്ധദ്രവ്യങ്ങൾ, കൊക്കോ തുടങ്ങിയ ഉൽപ്പന്നങ്ങളുടെ ഇറക്കുമതി തീരുവ വെട്ടിക്കുറച്ചുകൊണ്ടുള്ള കേന്ദ്ര ഗവൺമെന്റിന്റെ തീരുമാനം കേരളത്തിന്റെ കാർഷിക സമ്പദ്‌വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കുകയും സ്വാഭാവിക റബ്ബർ, നാളികേരം, സുഗന്ധദ്രവ്യങ്ങൾ, കൊക്കോ എന്നിവയുടെ വില ഇടിയുകയും ചെയ്തതിന്റെ ഫലമായി ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷത്തെക്കുറിച്ച് സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ. കെ.എം. മാണി, പി.കെ. കുഞ്ഞാലിക്കുട്ടി, ടി.എം.ജേക്കബ്, ആര്യാടൻ മുഹമ്മദ് എന്നിവർ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

കൃഷിവകുപ്പു മന്ത്രി (ശ്രീ.വി.കെ. രാജൻ) : സർ, ഇവിടെ അവതരിപ്പിച്ച അടിയന്തിര പ്രമേയത്തിന്റെ ഉള്ളടക്കത്തിന്റെ വികാരത്തോട് സർക്കാർ യോജിക്കുകയാണ്. കേന്ദ്ര ബഡ്ജറ്റ് വന്ന ഉടൻ തന്നെ ഇതിനു പരിഹാരം കാണാനായി ഇതു സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റുമായി സംസ്ഥാന

LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ ബന്ധപ്പെട്ടു. ഇതിന് പരിഹാരം കാണുന്നതിന് എം.പി.മാരും ഈ സഭയിലെ എല്ലാവരുമടക്കം യോജിച്ച് കേരളത്തിന്റെ താൽപര്യം സംരക്ഷിക്കണമെന്ന പൊതുനയമാണ് ഈ സർക്കാരിനുള്ളത്. അതുകൊണ്ട് സഭ നിർത്തിവച്ച് അടിയന്തിര പ്രമേയമായി ഇതു ചർച്ച ചെയ്യണ്ട. അതല്ലാതെ ഗവൺമെന്റ് അത് പൂർണ്ണമായി ഉൾക്കൊള്ളുന്നു.

ശ്രീ.കെ.എം. മാണി : സർ ഇത്രയും ഗുരുതരമായ ഒരു പ്രശ്നത്തിന് ഒറ്റവാക്കിൽ മറുപടി പറഞ്ഞ ഒരു പ്രീസിഡന്റ് ഇതിന് മുൻപ് ഈ സഭയിലുണ്ടായിട്ടില്ല. അത്രമാത്രം ലഘുവായിട്ടാണ് ഗവൺമെന്റ് ഇതിനെ കാണുന്നത്. ഈ പ്രമേയത്തിന്റെ വികാരങ്ങളുമായി യോജിക്കുന്നുവെന്നുള്ളതല്ല, ഗവൺമെന്റ് ഈ കാര്യത്തിൽ എന്തു ചെയ്തു? കേരളത്തിലെ കൃഷിക്കാരെ രക്ഷിക്കുവാൻ വേണ്ടി എന്ത് നടപടി സ്വീകരിച്ചുവെന്നതാണ് പ്രശ്നം. എഫക്ടീവായിട്ടുള്ള യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലെന്നുമാത്രമല്ല, ഈ പ്രശ്നത്തിന്റെ ഗുരുതരാവസ്ഥ തന്നെ മനസ്സിലാക്കിയിട്ടുണ്ടോയെന്ന് എനിക്ക് സംശയമാണ്. സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതി ചുങ്കം 25 ശതമാനത്തിൽ നിന്ന് 20 ശതമാനമായും ഭക്ഷ്യ എണ്ണയുടേത് 30 ശതമാനത്തിൽ നിന്ന് 20 ശതമാനമായും സുഗന്ധദ്രവ്യങ്ങളുടേത് 50 ശതമാനത്തിൽ നിന്ന് 30 ശതമാനമായും കൊക്കോയുടേത് 50 ശതമാനത്തിൽ നിന്ന് 40 ശതമാനമായും കുറച്ചുകൊണ്ട് കേന്ദ്ര ഗവൺമെന്റ് എടുത്ത തീരുമാനത്തിന്റെ ഫലമായി കേരളത്തിലെ കാർഷിക സംപദ് വ്യവസ്ഥയ്ക്ക് കനത്ത ആഘാതം ഏറ്റിരിക്കുകയാണ്. ഇറക്കുമതി തീരുവ കുറച്ചുകൊണ്ട് ബഡ്ജറ്റ് നിർദ്ദേശം വന്നത് കഴിഞ്ഞ 22-ാം തീയതിയാണ്. അന്ന് സ്വാഭാവിക റബ്ബറിന്റെ വില ഒരു കിലോഗ്രാമിന് 49 രൂപയായിരുന്നു. ഇതിനെപ്പറ്റി ബഡ്ജറ്റിൽ നിർദ്ദേശം വന്നതിന്റെ അടുത്ത ദിവസം 24-ാം തീയതി 48 1/4 രൂപയായി കുറഞ്ഞു. 25-ാം തീയതി 47 1/2 രൂപയായി കുറഞ്ഞു. 26-ാം തീയതി 46 1/2 രൂപയായി കുറഞ്ഞു. 27-ാം തീയതി 45.50 രൂപയായി കുറഞ്ഞു. I am referring to Malayala Manorama, ബഡ്ജറ്റ് വാരത്തിൽ വിലയിടിവിനെപ്പറ്റി പറഞ്ഞിരിക്കുന്ന കോളത്തിൽ പറഞ്ഞിരിക്കുന്നത് റബ്ബർ വിലയിൽ കിലോക്ക് നാലര രൂപവരെ കുറവുണ്ട് എന്നതാണ്. ഒരു കിലോ റബ്ബറിന് നാലര രൂപവരെ ഒരാഴ്ച കൊണ്ട് കുത്തനെ വില താഴ്ന്നു. ഈ രാജ്യത്തിലെ റബ്ബർ കൃഷിക്കാരെ മുഴുവൻ തീരാദു:ഖത്തിൽ താഴ്ത്തിയിരിക്കുന്ന ഗുരുതരമായ ഈ പ്രശ്നത്തിന്റെ വിവിധ വശങ്ങൾ ആഴമായി പരിശോധിച്ചിട്ടില്ലെന്നുള്ളതാണ് ഞങ്ങൾക്കുള്ള പരാതി. ഇവിടെ സ്വാഭാവിക റബ്ബറിന്റെ ഉൽപാദനം 54,000 മെട്രിക് ടൺ ആണ് നമുക്ക് ടോട്ടൽ ലോസ്. ഇന്ന് നാലര രൂപയുടെ കുറവാണ് വന്നതെങ്കിലും വരുന്ന ദിവസങ്ങളിൽ ഇനിയും കുറയും. അഞ്ചുരൂപയ്ക്കപ്പുറത്തേക്ക് വിലയിടിവ് സംഭവിക്കാൻ പോകുകയാണ്. നാലര രൂപയുടെ കണക്കനുസരിച്ച് നമ്മുടെ സംസ്ഥാനത്ത് 243 കോടി രൂപയുടെ നഷ്ടം ഈ വിലയിടിവിന്റെ ഫലമായി ഒരു വർഷം വന്നു ചേരുന്നതാണ്. സ്വാഭാവിക റബ്ബറിന് ഒരു രൂപ വില കുറച്ചാൽ 54,000 കോടി രൂപയുടെ നഷ്ടമാണ് വരുന്നത്. അപ്പോൾ നാലര രൂപവച്ചുകൊണ്ട് ഈ പരിത:സ്ഥിതിയിൽ 243 കോടി രൂപയുടെ നഷ്ടം നമ്മുടെ സംസ്ഥാനത്തിനുണ്ടായിരിക്കുന്നു. മാത്രമല്ല, ഗവൺമെന്റിന് ഇതിന് 10% പർച്ചേസ് ടാക്സ്, സർച്ചാർജ്, സി.എസ്.ടി. ഇവയുണ്ട്. 25 കോടി രൂപയുടെ നികുതി നഷ്ടം ഇതിന്റെ ഫലമായി നമ്മുടെ സംസ്ഥാനത്തിന് വന്നുചേർന്നിരിക്കുകയാണ്. ഈ രൂപയുടെ ലാഭം കൊണ്ടുപോകുന്നത് ഇൻഡ്യയിലെ ടയർ ലോബികളാണ്. ഇതിന്റെ ഇംപാക്ടിനെ സംബന്ധിച്ച് കഴിഞ്ഞ 23-ാം തീയതി 'ഇക്കണോമിക് ടൈംസിൽ' വന്ന ലേഖനത്തിൽ പറഞ്ഞിരിക്കുന്നത്. Tyre Industry gets a good deal എന്നാ

LIBRARY ARCHIVES Kerala Legislative Assembly

ണ്. ഇതിന്റെ ഫലമായി ടയർ ഇൻഡസ്ട്രിക്ക് വലിയ ലാഭം കിട്ടിയിരിക്കുകയാണ്. കൃഷിക്കാരന് 243 കോടി രൂപയുടെ നഷ്ടമുണ്ടാകുമ്പോൾ ടയർ കമ്പനിക്കാർക്ക് 243 കോടി രൂപയുടെ ലാഭമാണുണ്ടാകുന്നത്. ഇപ്പോൾ തന്നെ ഭീമമായ ലാഭം കൊയ്യുന്ന റബ്ബർ ടയർ ഫാക്ടറിക്കാർക്ക് ഇതിന്റെ ഫലമായി ഇനിയും ഭീമമായ ലാഭമുണ്ടാക്കുകയും ഭീമമായ നഷ്ടം ഇവിടത്തെ റബ്ബർ കൃഷിക്ക് വന്നുചേരുകയും ചെയ്യുന്നു. കേന്ദ്ര മന്ത്രി ശ്രീ. ചിദംബരം ടയർ ലോബിയെ സഹായിച്ചിരിക്കുന്നു. കൃഷിക്കാരെ കാണാൻ കേന്ദ്ര ഗവൺമെന്റിനും ശ്രീ. ചിദംബരത്തിനും കഴിഞ്ഞിട്ടില്ലെന്നുള്ളതാണ് ദുഃഖകരമായ സ്ഥിതിവിശേഷം. രണ്ടാമത് എഡിബിൾ ഓയിലിന്റേയും കൊക്കോയുടേയും സുഗന്ധദ്രവ്യങ്ങളുടേയും ഇറക്കുമതി തീരുവ വെട്ടിക്കുറച്ചതിന്റെ ആഘാതം വരുന്നതേയുള്ളു. റബ്ബറിന്റെ കാര്യത്തിൽ ടയർ ലോബി സംഘടിതമായതുകൊണ്ട് ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ പിറ്റേ ദിവസം മുതലേ അവർക്ക് റബ്ബറിന് വില കുറച്ചിരിക്കുന്നു. വാസ്തവത്തിൽ നാളികേരത്തെ സംബന്ധിച്ചും മറ്റു വിഭവങ്ങളെ സംബന്ധിച്ചും അതിന്റെ വിലയിടിവ് വരാനിരിക്കുന്നതേയുള്ളു. വെളിച്ചെണ്ണയുടേയും പാംഓയിലിന്റെയും ഇറക്കുമതി തീരുവ കുറയ്ക്കാത്തതുകൊണ്ട് നാളികേരത്തിന്റെ വിലയെ അത് ബാധിക്കുകയില്ലെന്ന ഒരു തെറ്റിദ്ധാരണ നമ്മുടെയിടയിലുണ്ടായിട്ടുണ്ട്. അത് ശരിയല്ല. വെജിറ്റബിൾ ഓയിലിന്റെ ഇറക്കുമതി 10% കുറച്ചതുകൊണ്ട് അതിന്റെ പ്രചാരം വർദ്ധിക്കാൻ പോകുകയാണ്. വളരെ പ്രചാരമുണ്ടാകുമ്പോൾ സ്വാഭാവികമായും വെളിച്ചെണ്ണയുടെ ഉപയോഗം കുറയും. അതിന്റെ ഫലമായി നാളികേരത്തിന്റെ വില കുറയും. രണ്ടുലക്ഷം ടൺ പാം ഓയിൽ ഇറക്കുമതി ചെയ്യാൻ കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചു. ഈ ഒക്ടോബർ വരെയാണ്. ജൂലൈ 23 -ലെ പത്രത്തിൽ പറഞ്ഞിരിക്കുന്നത് രണ്ടുലക്ഷം ടൺ പാംഓയിൽ ഇറക്കുമതി ചെയ്യാൻ സ്റ്റേറ്റ് ട്രേഡിംഗ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്ന് സിവിൽസപ്ലൈസ് വകുപ്പുമന്ത്രി ശ്രീ. ദേവേന്ദ്രപ്രസാദ് യാദവ് രാജ്യസഭയെ അറിയിച്ചു എന്നാണ്. ഒക്ടോബർ വരെ രണ്ടുലക്ഷം ടൺ പാം ഓയിൽ ഇറക്കുമതി ചെയ്യാൻ തീരുമാനിച്ചു. ഞാൻ ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പു മന്ത്രിയോട് ചോദിക്കട്ടെ, രണ്ടുലക്ഷം ടൺ പാം ഓയിൽ ഇറക്കുമതി ചെയ്യാൻ തീരുമാനിച്ചപ്പോൾ നിങ്ങൾ വികാരവുമായി യോജിച്ചാൽ പോരല്ലോ, അത് നിരോധിക്കുന്നതിനുവേണ്ടി നിങ്ങൾ എന്തു നടപടിയെടുത്തു? അത് ഈ സഭയെ അറിയിക്കേണ്ടതായിട്ടുണ്ട്. ഇവിടത്തെ കൊപ്രയെ സംബന്ധിച്ചിടത്തോളം കൊപ്രയുടെ വില കുറഞ്ഞു. 22-ാം തീയതി 2720 രൂപയായിരുന്നു വിലയെങ്കിൽ അത് 24-ാം തീയതി 2710 ആയി. 27-ാം തീയതി 2700 രൂപയായി. കൊപ്രയുടെ 10 രൂപയുടെ കുറവ് ഇപ്പോൾ തന്നെ പ്രകടമായി. ഇനിയും വിലക്കുറവ് വരാൻ പോകുകയാണ്.

വിലയിടിവിന്റെ കെടുതികൾ അനുഭവിക്കാൻ പോകുന്ന കേരകൃഷിക്കാരെ സംബന്ധിച്ചിടത്തോളം, നമ്മൾ പറയാറുണ്ട്, ഒട്ടകത്തിന്റെ മുതുകൊടിക്കുന്ന അവസാനത്തെ കച്ചിത്തുരുമ്പ് എന്ന്. അതുപോലെ ഈ വിലയിടിവിന്റെ ഫലമായി വാസ്തവത്തിൽ നാളികേര കൃഷിക്കാർ കനത്ത സാമ്പത്തിക വിഷമത അനുഭവിക്കുമ്പോൾ അവരുടെ മുതുക് ഒടിക്കുന്ന അവസാനത്തെ കച്ചിത്തുരുമ്പ് ആണ് ശ്രീ. ചിദംബരത്തിന്റെ എഡിബിൾ ഓയിൽ ഇറക്കുമതി ചെയ്യുന്നതിനുള്ള നിർദ്ദേശമെന്ന് ഞാൻ പറയുന്നു. ജൂലൈ 24-ാം തീയതിയിലെ ഫിനാൻഷ്യൽ എക്സ്പ്രസ്സിൽ ഒരു കാര്യം പറയുന്നുണ്ട്. Delhi Vegetable Oil Traders Association General Secretary Satya Narayana



LIBRARY ARCHIVES Kerala Legislative Assembly

Agarwal-ന്റെ സ്റ്റേറ്റ്മെന്റിലെ ഒരു സെന്റൻസ് ഞാൻ വായിക്കാം. "That the imported oil would be cheaper by atleast 1.50 rupees per Kilogram".

ഇപ്പോൾ ഇംപോർട്ട് ചെയ്യുന്ന വെജിറ്റബിൾ ഓയിൽ ഇനി ഒരു കിലോ ഗ്രാമിന് ഒന്നര രൂപ ലാഭത്തിൽ കിട്ടുമെന്ന് പറയുമ്പോൾ അതിന്റെ അർത്ഥം എന്താണ്? വെജിറ്റബിൾ ഓയിലിന്റെ വില കുറഞ്ഞ പ്രകാരം, വെജിറ്റബിൾ ഓയിൽ വില കുറച്ച് കൂടുതൽ ഇറക്കുമതി വന്ന് അതിന്റെ പ്രചാരം ഇൻഡ്യയിൽ കൂടുതൽ വരുമ്പോൾ വെളിച്ചെണ്ണയുടെ ഉപയോഗം ഞാൻ പറഞ്ഞതു പോലെ കുറയുകയും അതുമൂലം നാളികേരത്തിന്റെ വില വീണ്ടും ഇടിയുകയും ചെയ്യും എന്ന് കാണാൻ ഒരു ബുദ്ധിമുട്ടുമില്ല. ഇനി ഞാൻ വളരെ ഗൗരവമായ ഒരു കാര്യം പറയുകയാണ്. ഇതുവരെ ഉണ്ടായിരുന്ന എസ്.റ്റി.സി.യും നമ്മുടെ പ്രൈവറ്റ് ട്രേഡേഴ്സും തമ്മിൽ ഇംപോർട്ടിന്റെ കാര്യത്തിൽ ഒരു ഡിഫറൻസ് ഉണ്ടായിരുന്നു. എസ്.റ്റി.സി. ഇറക്കുമതി ചെയ്യുകയാണെങ്കിൽ 20 ശതമാനം ഇറക്കുമതി ഡ്യൂട്ടിയേ ഉള്ളു. പ്രൈവറ്റ് ട്രേഡേഴ്സ് ഇറക്കുമതി ചെയ്യുകയാണെങ്കിൽ 30 ശതമാനം ആണ് ഇറക്കുമതി ഡ്യൂട്ടി. ഇപ്പോൾ പ്രൈവറ്റ് ട്രേഡേഴ്സിന്റേത് എസ്.റ്റി.സി.യുടെ ഒപ്പം 20% ആക്കി വെട്ടിക്കുറച്ചിരിക്കുകയാണ്. കാനലൈസ്ഡ് ഏജൻസിക്ക് ഉണ്ടായിരുന്ന ആ ഒരു ഡിഫറൻഷ്യൽ ട്രീറ്റ്മെന്റ് പ്രൈവറ്റ് ട്രേഡേഴ്സിന്റേയും ഇംപോർട്ട് ഡ്യൂട്ടി സമീകരിച്ചതുകൊണ്ട് ഇനി ഇറക്കുമതി വൻതോതിൽ ഇവിടെ ഉണ്ടാകാൻ പോകുകയാണ്. വൻതോതിൽ വെജിറ്റബിൾ ഓയിലിന്റെ ഇറക്കുമതി ഉണ്ടാകുമ്പോൾ അത് തീർച്ചയായും നമ്മളെ ബാധിക്കാൻ പോകുകയാണ്. ജൂലൈ 27-ാം തീയതി കേരള കൗമുദിയിൽ പത്രത്തിൽ വന്ന ഒരു വാർത്ത ഞാൻ വായിക്കാം. അതിൽ പറഞ്ഞിരിക്കുന്നത് ഇറക്കുമതി തീരുവ കുറച്ചതോടെ സ്വകാര്യ കമ്പനികളും ഇനി ഇറക്കുമതി വർദ്ധിപ്പിക്കും, ഇത് വെളിച്ചെണ്ണയ്ക്ക് വിപണിയിൽ ഡിമാന്റ് ഗണ്യമായി കുറയ്ക്കും എന്ന് കൊച്ചിൻ ഓയിൽ മർച്ചന്റ്സ് അസോസിയേഷൻ പറയുന്നു. വെളിച്ചെണ്ണയുടെ വില കുറയുമെന്ന് അവർ തന്നെ സമ്മതിക്കുന്നു. നമ്മുടെ ഗവൺമെന്റിന്റെ അഭിപ്രായം എന്നതാണെന്ന് എനിക്ക് അറിഞ്ഞുകൂടാ. നമ്മുടെ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിച്ചപ്പോൾ പറഞ്ഞു ഇത് വെളിച്ചെണ്ണയേയും പാമോയിലിനേയും ബാധിക്കുകയില്ലായെന്ന്. എന്റെ പാർട്ടിയുടെ ചെയർമാൻ ശ്രീ. സി.എഫ്. തോമസ് വളരെ ശക്തമായി ഈ പ്രശ്നം ഈ നിയമസഭയിൽ ഇതിനു മുമ്പ് കൊണ്ട് വന്നപ്പോൾ മറുപടിയായി ബഹുമാനപ്പെട്ട നായനാർ അവിടെയിരുന്ന് പറഞ്ഞത് ഇത് വെളിച്ചെണ്ണയേയും പാമോയിലിനേയും ബാധിക്കാത്തതുകൊണ്ട് നാളികേരത്തേയും ബാധിക്കുകയില്ലായെന്ന്. കൊച്ചിയിലെ ഓയിൽ പ്രൊഡ്യൂസേഴ്സ് അസോസിയേഷൻ പറയുന്നത് എണ്ണയുടെ വില കുറയ്ക്കുന്നത് നാളികേരത്തിന്റെ വില കുറയുന്നതിന് സഹായകരമാകും എന്നാണ്. ബഹുമാനപ്പെട്ട ഗവൺമെന്റ് ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോ എന്ന് വളരെ വിനയപൂർവ്വം ചോദിക്കുകയാണ്. അതുപോലെ തന്നെ കൊക്കോയുടെ കാര്യവും. കൊക്കോയുടെ അന്താരാഷ്ട്ര വിപണി ആഭ്യന്തരവിലയ്ക്കൊപ്പമാണ്. 400 രൂപയാണ് ക്വിന്റലിന്. ഇപ്പോൾ ഇംപോർട്ട് ഡ്യൂട്ടി 10 രൂപയായി കുറച്ചതുകൊണ്ട് ഇറക്കുമതി ലാഭകരമാകുമോ? ഇപ്പോൾ തന്നെ പാരിറ്റിയിലാണ്. ഇത് രണ്ടും സമമായിട്ട് നില്ക്കുകയാണ്. ഇത് കൊക്കോയുടെ സീസണല്ല. 10 രൂപ ഇംപോർട്ട് ഡ്യൂട്ടി കുറച്ചതിന്റെ ഫലമായി കൊക്കോ പ്രോജക്ടിന്റെ ഇംപോർട്ട് വളരെ കൂടുകയും കൊക്കോയുടെ വില വളരെ കുറയുകയും ചെയ്യും. സ്പൈസസിന്റെ കാര്യം നോക്കാം. സ്പൈസസിന് രണ്ടുതരത്തിലാണ് ഇംപോർട്ട് ഡ്യൂട്ടി , കുറച്ചിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

സ്പൈസസിന്റെ ഇംപോർട്ട് ഡ്യൂട്ടി 50 ശതമാനത്തിൽ നിന്ന് 30 ശതമാനമായി കുറച്ചു. എസൻസ് എടുക്കുന്ന സ്പൈസസ് ഓയിലിന്റേത് 25 ശതമാനത്തിൽ നിന്ന് 20 ശതമാനമായി കുറച്ചു. നമ്മൾ 60,000 മെട്രിക് ടൺ പെപ്പർ ആണ് ഉൽപ്പാദിപ്പിക്കുന്നത്. അതിൽ 20,000 ടണ്ണേ കയറ്റുമതി ചെയ്യുന്നുള്ളു. നമ്മളും മലേഷ്യയും ബ്രസീലും തമ്മിൽ കടുത്ത മത്സരത്തിലാണ്. നമ്മുടെ പ്രൊഡക്ടിവിറ്റി കുറവാണ്. മലേഷ്യയിൽ ഒരു ഹെക്ടറിൽ നിന്ന് 2400 കിലോഗ്രാം കിട്ടുമ്പോൾ, ബ്രസീലിന് ഒരു ഹെക്ടറിൽ നിന്ന് 925 കിലോഗ്രാം ഉൽപ്പാദനം കിട്ടുമ്പോൾ നമുക്ക് 325 ടണ്ണേ പ്രൊഡക്ടിവിറ്റി ഉള്ളു. അങ്ങനെയിരിക്കേ വീണ്ടും ഇംപോർട്ട് ഡ്യൂട്ടി കുറച്ചതിന്റെ ഫലമായി ഇന്ന് നമ്മുടെ പെപ്പറിന് അന്താരാഷ്ട്ര മാർക്കറ്റിൽ ബ്രസീലിനോടൊപ്പം മലേഷ്യയോടൊപ്പം പിടിച്ചു നിൽക്കാൻ കഴിയുന്നില്ല. ഇപ്പോൾ കുരുമുളകിന് 2 ശതമാനം എക്സ്പോർട്ട് സെസ്സ് വച്ചു. അത് പിൻവലിക്കണമെന്ന് കേരളത്തിലെ മുഴുവൻ എം.പി.മാരും പാർലമെന്റിൽ ആവശ്യപ്പെട്ടതാണ്. കുരുമുളകു കൃഷിക്കാരെ വളരെ രൂക്ഷമായി ബാധിക്കത്തക്കവണ്ണം 2 ശതമാനം എക്സ്പോർട്ട് സെസ്സ് വച്ചതിനു പുറമേ വീണ്ടും കുരുമുളകിന്റെ ഇംപോർട്ട് ഡ്യൂട്ടി കുറച്ചിട്ടുള്ളത് ഇവിടെ ഇറക്കുമതി വ്യാപകം ആക്കുന്നതിനും കുരുമുളകിന്റെ വില കുറയ്ക്കുന്നതിനും ഇടയാക്കുമെന്നതിന് യാതൊരു സംശയവുമില്ല. വളരെ തെറ്റായ ഒരു നടപടിയാണ് ഇവിടെ എടുത്തിരിക്കുന്നത്. കുരുമുളകു കൃഷിക്കാർക്ക് ഒരു കിലോഗ്രാമിന് 15 - 20 രൂപ നഷ്ടമാണ്. മൊത്തം ഞാൻ കണക്കാക്കിയപ്പോൾ 120 കോടി രൂപ നഷ്ടം കുരുമുളകു കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ഉണ്ടാകും. ഈ നിലയ്ക്ക് ആലോചിക്കുമ്പോൾ ഈ ഉൽപ്പന്നങ്ങളെ സംബന്ധിച്ച് എനിക്ക് സങ്കടമുണ്ട്. ദേശാഭിമാനി പത്രത്തിൽ വന്ന ന്യൂസ് എന്താണ്? ഹൊ. എത്ര മനോഹരമായ ബഡ്ജറ്റ്, കാർഷിക സമ്പദ് വ്യവസ്ഥയ്ക്ക് ആക്കം നൽകുന്ന ബഡ്ജറ്റ്, കാർഷിക മേഖലയ്ക്ക് മുൻഗണന, പല നടപടികളും സ്വാഗതാർഹം, ഇങ്ങനെയാണ് ദേശാഭിമാനിയിലൊക്കെ അടിച്ചു നിരത്തിയത്. ഇന്ന് വന്നിരിക്കുന്നത് എന്താണ്? ബഹുമാനപ്പെട്ട പി.ജെ. ജോസഫ് അപ്പുറത്തിരിപ്പുണ്ട്. കേന്ദ്ര ബഡ്ജറ്റ് റബ്ബർ കൃഷിക്കാരെ തളർത്തുമെന്ന് കാഞ്ഞിരപ്പള്ളിയിൽ വച്ച് മിനിഞ്ഞാന്ന് പ്രസംഗിച്ചു. ശ്രീ. വി.കെ. രാജനോട് ഞാൻ ചോദിക്കുകയാണ്, ശ്രീ. പി.ജെ. ജോസഫ് പറയുന്നത് തളർത്തുമെന്ന്. ശ്രീ. വി.കെ. രാജനോടും ഗവൺമെന്റിനോടും ഞാൻ ചോദിക്കുന്നത് ചർച്ച ചെയ്യാൻ തയ്യാറാണോ എന്നാണ്. ബഹുമാനപ്പെട്ട പി.ജെ.ജോസഫിനോട് ഞാൻ ചോദിക്കുന്നു. നിങ്ങൾ കാഞ്ഞിരപ്പള്ളിയിൽ നിന്ന് ഒന്നു സംസാരിക്കും നിയമസഭയിൽ വേറൊര് നിലപാട് എടുക്കും. അത് പറ്റുകയില്ല. ശ്രീ. വി.കെ. രാജനോടും ഗവൺമെന്റിനോടും ഞാൻ ചോദിക്കുന്നത് ചർച്ച ചെയ്യാൻ തയ്യാറാണോ എന്നാണ്. ബഹുമാനപ്പെട്ട പി.ജെ ജോസഫിനോട് ഞാൻ ചോദിക്കുന്നു. നിങ്ങൾ കാഞ്ഞിരപ്പള്ളിയിൽ നിന്ന് ഒന്നു സംസാരിക്കും നിയമസഭയിൽ വേറൊര് നിലപാട് എടുക്കും. അത് പറ്റുകയില്ല. ശ്രീ.പി.ജെ. ജോസഫ്, ഇന്ന് ഒരു ചർച്ചയ്ക്ക് തയ്യാറാക്കുമോ? വളരെ ഗുരുതരമായ ഒരു സാമ്പത്തിക പ്രതിസന്ധിയാണ് ഇപ്പോൾ കേരളത്തിൽ ഉണ്ടായിരിക്കുന്നത്. ഒരു കാര്യം കൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. ഞങ്ങൾ പ്രതിപക്ഷം വെറുതേ പറയുന്നതാണോ? രാഷ്ട്രീയമായി പറയുന്നതാണോ? അല്ല.

ശ്രീ. വി.കെ. രാജന്റെ പ്രസ്താവന ഇന്നത്തെ മാതൃഭൂമിയിലുണ്ട്. അപ്പോൾ ഗുരുതരമാണെന്ന് നിങ്ങളുടെ ട്രഷറി ബഞ്ചുപോലും പറയുന്ന ഒരു കാര്യം നിങ്ങൾ ചർച്ച ചെയ്യാൻ തയ്യാറാണോ? ഇതിന്റെ പ്രാധാന്യം എന്തണെന്ന് അറിയാമോ? പാർലമെന്റിൽ ചർച്ചയ്ക്ക് വരികയാണ്. സംസ്ഥാന

LIBRARY ARCHIVES Kerala Legislative Assembly

ബഡ്ജറ്റിന്റെ പൊതു ചർച്ച കഴിഞ്ഞു, വോട്ട് ഓൺ അക്കൗണ്ട് നമ്മൾ ഇന്ന് പാസ്സാക്കുകയാണ്. പാർലമെന്റിൽ ബഡ്ജറ്റിന്റെ പൊതു ചർച്ച വരാനിരിക്കുന്നതേയുള്ളു. പാർലമെന്റിൽ ശ്രീ. ചിദംബരം മറുപടി പറയുന്നതിനു മുമ്പ് പാർലമെന്റിലെ ബഡ്ജറ്റിനുശേഷം കാർഷിക ഉൽപന്നങ്ങളുടെ ഇറക്കുമതി പിൻവലിക്കുവാൻ ഇവിടെ നിന്ന് ഇന്നുതന്നെ ഭക്ഷ്യമന്ത്രിയും ഉത്തരവാദിത്തപ്പെട്ട മന്ത്രിമാരും ഡൽഹിക്ക് പോകണം, മുഖ്യമന്ത്രി എവിടെയാണെന്ന് ഞങ്ങൾക്ക് അറിഞ്ഞുകൂടാ, മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഇന്നുതന്നെ ഡൽഹിക്കു പോയി ഈ നിർദ്ദേശം പിൻവലിപ്പിക്കുവാൻ നിങ്ങൾ ശക്തമായി നടപടി എടുക്കണം. ഞങ്ങളുടെ സഹായം വേണമെങ്കിൽ ഞങ്ങൾ തയാറാണ്, നിർബന്ധമില്ല. അതുകൊണ്ട് നടപടി സ്വീകരിക്കണം. ഈ പ്രശ്നത്തെ സംബന്ധിച്ച് വികാരവുമായി ഞങ്ങൾ യോജിക്കുന്നുവെന്ന് പറഞ്ഞ് ഒഴിഞ്ഞിട്ട് കാര്യമില്ല. വികാരവുമായി നിങ്ങൾ യോജിക്കണമെന്നുണ്ടെങ്കിൽ അഭിപ്രായ വ്യത്യാസം ഇല്ലാത്ത കാര്യത്തെ സംബന്ധിച്ച് ഇന്നുതന്നെ ഇഫക്ടീവ് ആയ നടപടി സ്വീകരിച്ചുകൊണ്ട് നിങ്ങളുടെ മിനിമം പരിപാടി നടപ്പിലാക്കുന്ന കേന്ദ്ര ഗവൺമെന്റിനെ കൊണ്ട് ഈ നടപടി പിൻവലിപ്പിക്കാൻ നിങ്ങൾ തയാറാകുന്നില്ലാ എങ്കിൽ നിങ്ങളുടെ മുതലക്കണ്ണീർ കൊണ്ട് ഒരു പ്രയോജനവുമില്ല. കേരളത്തിലെ കൃഷിക്കാർ അതിന് നിങ്ങൾക്ക് അർഹമായ മറുപടി നൽകുമെന്ന് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. ഈ ഗുരുതരമായ പ്രശ്നത്തെ സംബന്ധിച്ച് സഭാ നടപടികൾ നിർത്തിവച്ചുകൊണ്ട് അടിയന്തിര പ്രമേയമായി ചർച്ച ചെയ്യാൻ ഗവൺമെന്റ് മുന്നോട്ട് വരണമെന്ന് അപേക്ഷിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

കൃഷിവകുപ്പു മന്ത്രി (ശ്രീ. വി.കെ. രാജൻ) : സർ, ഈ നിയമസഭയിൽ അടിയന്തിരപ്രമേയത്തെ സംബന്ധിച്ച ഗവൺമെന്റിന്റെ നിലപാട് ആദ്യമേ വിശദീകരിച്ചു. ശ്രീ.കെ.എം. മാണിയുടെ ശബ്ദത്തിലല്ലെങ്കിലും അത്രയും സമയം ഈ നിയമസഭയിൽ സംസാരിക്കാൻ കഴിയുന്ന ഒരാളാണ് ഞാൻ. കേരളത്തിലെ കർഷകരുടെ വികാരങ്ങൾ പൂർണ്ണമായി ഉൾക്കൊള്ളുന്ന ഒരു ഗവൺമെന്റാണ് കേരളത്തിലുള്ളത്. അങ്ങനെയൊരു നിർദ്ദേശം വന്നപ്പോൾ തന്നെ കേന്ദ്ര ഗവൺമെന്റിലെ ബന്ധപ്പെട്ട മന്ത്രിമാരെ കേരളത്തിലെ കൃഷിക്കാരുടെ ബുദ്ധിമുട്ടുകൾ അറിയിച്ചു. ഇപ്പോൾ മുഖ്യമന്ത്രി എവിടെയെന്ന ചോദ്യം ഉന്നയിച്ചു. മുഖ്യമന്ത്രി ഡൽഹിയിലുണ്ട്. അദ്ദേഹം പ്രധാനമന്ത്രിയേയും ബന്ധപ്പെട്ട മറ്റ് മന്ത്രിമാരെയും കണ്ട് കേരളത്തിന്റെ വികാരം അറിയിച്ചു. നാളെ കേരളത്തിന്റെ വികാരം വീണ്ടും അറിയിക്കുന്നതിനു വേണ്ടി ഡൽഹിയിൽ കേരളത്തിലെ എം.പി.മാരുമായി ചർച്ച ചെയ്ത് മെമ്മോറാണ്ടം വീണ്ടും സമർപ്പിക്കുന്നുണ്ട്. ഈ ഗവൺമെന്റിന് ഇതിനകം ചെയ്യാൻ കഴിയുന്ന കാര്യങ്ങളെല്ലാം ചെയ്തിട്ടുണ്ട്. ഇതിലൊന്നും ഞങ്ങൾ രാഷ്ട്രീയം കാണുന്നില്ല. കേരളത്തിലെ കോടിക്കണക്കിന് വരുന്ന കർഷകരുടെ ഉത്തമ താൽപ്പര്യങ്ങൾ സംരക്ഷിച്ചുവെങ്കിൽ മാത്രമേ കേരളത്തിലെ സംപദ്ഘടന നേരെചൊവ്വേ പോകുമെന്ന് അസ്സലായിട്ട് അറിയാവുന്നവരാണ് ഇപ്പുറത്തിരിക്കുന്നവർ. അങ്ങ് ഒട്ടനവധി കാര്യങ്ങൾ ഇവിടെ പറഞ്ഞു. ഈ കർഷകർക്കുണ്ടായിട്ടുള്ള നഷ്ടത്തിന്റെ കണക്ക് പറഞ്ഞ് ഞാൻ സമയം കളയുന്നില്ല. ശ്രീ. മൻമോഹൻസിംഗിന്റെ ബഡ്ജറ്റിനെ പൂർണ്ണമായി ഉൾക്കൊണ്ടുകൊണ്ട് പ്രവർത്തിച്ച കഴിഞ്ഞ ഗവൺമെന്റിൽ റവന്യൂമന്ത്രിയായിരുന്ന ആളാണ് അങ്ങ്. കഴിഞ്ഞ വർഷം തന്നെ റബ്ബറിന്റെ വില ഒരു കിലോഗ്രാമിന് 60 രൂപയുണ്ടായിരുന്നത് 45 രൂപയായത് ശ്രീ. മാണി മറന്നോ? ഞാനും ഒരു ചെറിയ റബ്ബർ കർഷകനാണ്. അതിന്റെ വില എനിക്ക് അറിയാവുന്നതാണ്. അതുകൊണ്ട് 60

LIBRARY ARCHIVES Kerala Legislative Assembly

രൂപ 45 രൂപയായത് അങ്ങ് മറക്കരുതെന്ന് ഞാൻ പറയുകയാണ്. ഞാൻ അതിനെ ന്യായീകരിക്കുന്നില്ലയെന്നു മാത്രമല്ല റബ്ബറിന്റെ വില ഒട്ടും കുറ യാൻ പാടില്ല, കൂടുതൽ കിട്ടണം. നമുക്കെല്ലാവർക്കും അതിനുവേണ്ടി വാദി ക്കാം. പാർലമെന്റിൽ ഉള്ള അങ്ങയുടെ പാർട്ടിയിലെ മെമ്പറെ കൂടി കൂട്ടി ക്കൊണ്ട് ഈ കാര്യം അവരുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞങ്ങൾ ശ്രമിക്കാം. അങ്ങ് ഇവിടെ ഒരുപാട് കാര്യങ്ങൾ പറഞ്ഞു അത് പഠിക്കാൻ നല്ലതാണ്. പക്ഷെ പാർലമെന്റ് മെമ്പർമാർ അവിടെ പ്രസംഗിക്കേണ്ട കാര്യം ഇവിടെ നടത്തി ശ്രീ. വി.കെ. രാജൻ മറുപടി പറയണമെന്നു പറഞ്ഞാൽ വലിയ കഷ്ട മാണ്. അത് പാർലമെന്റിൽ എം.പി.മാർ ചെയ്യേണ്ട കാര്യമായിരുന്നു. അങ്ങ യുടെ വിജ്ഞാനത്തെക്കുറിച്ച് നല്ല അറിവുള്ളതുകൊണ്ട് കുറച്ചുനേരം അങ്ങ് പറയുമെന്ന് എനിക്ക് നല്ല ബോദ്ധ്യമുണ്ട്. അതുകൊണ്ടാണ് ഞാൻ വിസ്ത രിച്ചു പറയാതിരുന്നത്. ശ്രീ. കരുണാകരൻ മുഖ്യമന്ത്രിയായിരുന്നപ്പോഴും ശ്രീ. എ.കെ. ആന്റണി മുഖ്യമന്ത്രി ആയിരുന്നപ്പോഴും നാളികേരത്തിന്റെ തറവില കൂട്ടിക്കിട്ടാൻവേണ്ടി നമ്മൾ എത്ര ശ്രമിച്ചു, നടന്നില്ല. ഞങ്ങൾ അധികാര ത്തിൽ വന്നിട്ട് രണ്ട് മാസം തികയുന്നതേയുള്ളു. എന്നാൽ അതിനിടയിൽ തന്നെ ചെയ്യാവുന്ന കാര്യങ്ങൾ എല്ലാം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടു ത്താൻ ഞങ്ങൾ ശ്രമിക്കുന്നു. ഇത് രാഷ്ട്രീയ വിവാദത്തിനല്ല, ഓർമ്മപ്പെടു ത്തുന്നുവെന്നേയുള്ളു. ഇപ്പോഴാണെങ്കിൽ വളത്തിന്റെ വില കിലോഗ്രാമിന് രണ്ട് രൂപ കുറച്ചിട്ടുണ്ട്. കർഷകർക്കു വായ്പ കിട്ടുന്നതിനുവേണ്ടി നബാർഡിന് 500 കോടി രൂപയുണ്ടായിരുന്നത് 2000 കോടിയായിട്ട് വർദ്ധിപ്പിച്ചി ട്ടുണ്ട്. കേന്ദ്രഗവൺമെന്റ് മുൻപ് ഇംപോർട്ട് ഡ്യൂട്ടി 60 ശതമാനത്തിൽനിന്നും 25 ശതമാനം ആയിട്ട് കുറച്ചപ്പോൾ ശ്രീ.കെ.എം.മാണി അടക്കമുള്ള അപ്പുറ ത്തിരിക്കുന്ന ആളുകൾ ഒരു വികാരവും പുറപ്പെടുവിച്ചില്ല. ഇതെല്ലാം നമുക്കറി യാവുന്ന വസ്തുതയായതുകൊണ്ട് അന്യോന്യം ഇത് മനസ്സിലാക്കി ഇപ്പോൾ വന്നിട്ടുള്ള ഈ നിർദ്ദേശങ്ങൾ പുന:പരിശോധിച്ച് കേരളത്തിന്റെ ഉത്തമ താൽപര്യങ്ങൾ സംരക്ഷിക്കാനുള്ള പോരാട്ടത്തിൽ നമുക്കൊരുമിച്ചു അണി ചേരാം. അത് സഭാനടപടികൾ നിർത്തി വച്ച് ചർച്ച ചെയ്യാതെതന്നെ അപ്പുറ ത്തിരിക്കുന്ന പ്രതിപക്ഷനേതാക്കൾ ഉൾപ്പെടെയുള്ള ആളുകളുടെ അഭിപ്രായം സ്വീകരിച്ചുകൊണ്ട് നമുക്കെല്ലാവർക്കും ഒരുമിച്ച് വേണമെങ്കിൽ നിവേദനം നട ത്താൻ ഈ സർക്കാരിന് വിരോധമില്ല. അതുകൊണ്ട് സഭ നിർത്തി വച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ശ്രീ. കെ.എം. മാണി : ഇവിടെ മന്ത്രിയുടെ മറുപടിയിൽ ഒരു നിസ്സഹാ യത കണ്ടു. പാർലമെന്റിൽ പറയേണ്ട കാര്യങ്ങൾ ഇവിടെ പറഞ്ഞാൽ നമുക്ക് പ്രയോജനം ഉണ്ടോ? നമുക്ക് വഴിയുണ്ടോ? അതുകൊണ്ട് ഞങ്ങൾ പറഞ്ഞത് ഇത് ചർച്ച ചെയ്ത് സബ്സ്റ്റാന്റീവ് മോഷൻ ഇവിടെ പാസ്സാക്കാം. ഗവൺമെൻരിന്റെ കൈകളെ അത് ബലപ്പെടുത്തും. നമുക്ക് പിൻവലിപ്പിക്കാൻ കഴിയും അതുകൊണ്ട് സബ്സ്റ്റാന്റീവ് മോഷൻ ഇതുസംബന്ധിച്ച് പാസ്സാ ക്കാൻ ഗവൺമെന്റ് മുന്നോട്ടു വരണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

മി. സ്പീക്കർ : കൃഷിവകുപ്പു മന്ത്രിയുടെ വിശദീകരണത്തിന്റെ വെളി ച്ചത്തിൽ സഭാനടപടികൾ നിർത്തിവച്ച് അടിയന്തിരപ്രമേയം ചർച്ച ചെയ്യേണ്ട ആവശ്യമുണ്ടെന്ന് ചെയർ കരുതുന്നില്ല. അതുകൊണ്ട് അടിയന്തിരപ്രമേയത്തി നുള്ള അനുമതി നിഷേധിക്കുന്നു. (അടിയന്തിരപ്രമേയത്തിന് അനുമതി നിഷേധിച്ചു).



LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ.കെ. ആന്റണി : സർ, കാർഷിക കേരളത്തിന്റെ സംപദ്ഘടനയുടെ നട്ടെല്ലൊടിക്കുന്ന കേന്ദ്രഗവൺമെന്റിന്റെ പുതിയ തീരുമാനത്തിനെതിരെ കേരള നിയമസഭ ഒന്നടങ്കം ഒരു പ്രമേയം പാസ്സാക്കണമെന്നുള്ള അഭ്യർത്ഥനപോലും മാനിക്കാൻ ഈ ഗവൺമെന്റ് തയ്യാറാകാത്തതിൽ എനിക്ക് ശക്തിയായ പ്രതിഷേധമുണ്ട്. കഴിഞ്ഞ കാലങ്ങളിലെ നമ്മുടെ ചരിത്രം പരിശോധിച്ചാൽ കേന്ദ്ര ബഡ്ജറ്റിൽ കേരളത്തിലെ കർഷകരുടെ താൽപര്യങ്ങളെ അപകടപ്പെടുത്തുന്ന നിർദ്ദേശങ്ങൾ ഉണ്ടാകുമ്പോഴെല്ലാം കേരള നിയമസഭ അതിൽ പ്രതിഷേധിക്കാറുണ്ട്. പലപ്പോഴും ഗവൺമെന്റിന്റെ ഭാഗത്തുനിന്നു തന്നെ പ്രമേയങ്ങൾ കൊണ്ടുവരാറുണ്ട്. പ്രതിപക്ഷത്തുനിന്നും പ്രമേയങ്ങൾ കൊണ്ടുവരാൻ ശ്രമിക്കുമ്പോൾ രണ്ടുകൂട്ടരും ഒരുമിച്ച് പ്രമേയം പാസ്സാക്കാമെന്ന് പറഞ്ഞ അനുഭവങ്ങളും ഇവിടെ ഉണ്ടായിട്ടുണ്ട്. ഇത്തവണ എന്റെ സഹപ്രവർത്തകൻ ശ്രീ. കെ.എം. മാണി പാർലമെന്റിൽ ബഡ്ജറ്റിനെക്കുറിച്ചുള്ള പൊതുചർച്ച നടക്കുന്ന ഈ സന്ദർഭത്തിൽ ഈ ബഡ്ജറ്റ് നിർദ്ദേശങ്ങൾ കേരളത്തിലുണ്ടാക്കിയിട്ടുള്ള പൊതുവികാരം പ്രകടിപ്പിക്കാൻ വേണ്ടി ഒരു സബ്സ്റ്റാന്റീവ് മോഷൻ അവതരിപ്പിക്കണമെന്ന് പറഞ്ഞപ്പോൾ അത് തള്ളിക്കളഞ്ഞത് തികച്ചും നിർഭാഗ്യകരമായി പോയിയെന്നാണ് എനിക്ക് പറയാനുള്ളത്. ഞാൻ ഒരിക്കൽകൂടി ബഹുമാനപ്പെട്ട മന്ത്രിയോടും ഗവൺമെന്റിനോടും വീണ്ടും പറയുന്നു നിങ്ങൾ ദുരഭിമാനത്തിൽ ഉറച്ചു നിൽക്കാതെ പുനർചിന്തനം ചെയ്യാൻ തയ്യാറാകണം. ഈ സഭ പിരിയുന്നതിനു മുമ്പായി 10 മിനിട്ട് എങ്കിൽ 10 മിനിട്ട്, ഐകകണ്ഠ്യേന ഒരു പ്രമേയം പാസ്സാക്കി കേരളത്തിന്റെ പൊതുവികാരം കേന്ദ്രത്തെ അറിയിക്കാമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കേരളം വ്യവസായവൽക്കരണത്തിൽ മുന്നോട്ടു പോയിട്ടില്ല. അത് ഈ ഗവൺമെന്റിന്റെ കുറ്റമല്ല. ഐക്യകേരളം ഉണ്ടായതിനു ശേഷം പല കാരണങ്ങളാൽ കേരളം വ്യാവസായികമായി മുന്നോട്ടു പോയിട്ടില്ല. നാം പ്രധാനമായും ഗൾഫിലെ മലയാളികൾ അയക്കുന്ന പണത്തേയും നാണ്യവിളകളുടെ വിലയെയും മാത്രം ആശ്രയിച്ചു കഴിയുന്നവരാണ്. നമ്മുടെ സംസ്ഥാനത്ത് നാണ്യവിളകൾക്ക് വിലയിടിവ് ഉണ്ടാകുകയാണെങ്കിൽ ഈ കേരളത്തിന്റെ സംപദ്ഘടനയാകെ തകരാറിലാകും. പ്രത്യേകിച്ച് പവർകട്ടിന്റെ ഫലമായി കേരളത്തിലെ വ്യാവസായിക ഉൽപ്പാദനം പൂർണ്ണമായി തകർന്നിരിക്കുകയാണ്. വ്യാവസായിക കേരളം സ്തംഭിച്ചിരിക്കുമ്പോൾ കാർഷിക കേരളം കൂടി തകരുകയാണെങ്കിൽ അത് ഈ കേരളത്തിന് വലിയ അടിയായിരിക്കും. കേരളത്തിന്റെ കണക്കനുസരിച്ച് 538 കോടി നാളികേരം ഉൽപ്പാദിപ്പിക്കുന്നുണ്ട്. ഒരു നാളികേരത്തിന് ഒരു രൂപ വില കൂടിയാൽ നമുക്ക് ഒരു വർഷം 538 കോടി രൂപ ലാഭം കിട്ടും. ഒരു രൂപ കുറഞ്ഞാൽ 538 കോടി രൂപ കുറയും. കഴിഞ്ഞ രണ്ട് മാസത്തിനകം നാളികേരത്തിന്റെ വിലയിൽ ഒരു രൂപയുടെയിടിവുണ്ടായിരിക്കുന്നു. അതിന്റെ അർത്ഥം കേരളത്തിലെ നാളികേര കർഷകർക്ക് 538 കോടി രൂപയുടെ നഷ്ടമുണ്ടായിരിക്കുന്നു. അതുപോലെ തന്നെ മറ്റ് ഉൽപ്പന്നങ്ങൾ റബ്ബറിന്റെ കാര്യം ഇവിടെ സൂചിപ്പിച്ചു. റബ്ബറിന്റെ തീരുവ കുറച്ചതിലുള്ള പ്രയാസങ്ങൾ. കൊക്കോ, കുരുമുളക്, പുൽതൈലം, ഗ്രാമ്പു, ഏലം തുടങ്ങി കേരളത്തിലെ എല്ലാ വിളകൾക്കും വിലയിടിവ് ഉണ്ടാക്കുകയാണ്. അങ്ങനെ കാർഷിക കേരളത്തെ ഒട്ടാകെ തകർക്കാൻ പോകുന്ന ഒരു നിർദ്ദേശം വന്നപ്പോൾ നാം രാഷ്ട്രീയം മറന്നുകൊണ്ട് ഒറ്റക്കെട്ടായി അതിനെതിരായി പ്രതിഷേധിക്കേണ്ടതല്ലേ? നമ്മൾ ഇതുവരെ ശക്തമായ നിലയിൽ പ്രതിഷേധം അറിയിച്ചിട്ടില്ല. പഴയകാലത്തെ കാര്യങ്ങൾ പറഞ്ഞു. പഴയകാലത്ത് ഐക്യജനാധിപത്യ മുന്നണി ഭരിച്ചിരുന്ന അവ

LIBRARY ARCHIVES Kerala Legislative Assembly

സരത്തിൽ ഇതുപോലെ നിർദ്ദേശങ്ങൾ വന്നപ്പോൾ കേന്ദ്രം ഭരിക്കുന്ന കക്ഷിയുടെ കൊടി അടയാളം നോക്കാതെ കേരളാ ഗവൺമെന്റ് ശക്തമായി പ്രതിഷേധിച്ചിട്ടുണ്ട്.

സർ, കഴിഞ്ഞ വർഷം എഫ്.എ.സി.ടി.യുടെ കാപ്രോലാക്ടത്തിന് ഡ്യൂട്ടികുറയ്ക്കാൻ തീരുമാനിച്ചപ്പോൾ, അതുപോലെ എണ്ണയുടെ ഡ്യൂട്ടി കുറയ്ക്കാൻ തീരുമാനിച്ചപ്പോൾ ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് അതിനെ എതിർത്തു. പല നിർദ്ദേശങ്ങളും keep in abeyance-ൽ എത്തിക്കാൻ സാധിച്ചു. ഇത്തവണ കഴിഞ്ഞ കാലങ്ങളിലുണ്ടായതുപോലെയുള്ള ശക്തമായ പ്രതിഷേധമുണ്ടായിട്ടില്ല. ഒരു കാര്യം പറയുവാൻ ഞാനാഗ്രഹിക്കുകയാണ്. നമുക്കുവേണ്ടി വാദിക്കുവാൻ തീരുമാനമെടുക്കുന്ന കേന്ദ്രങ്ങളിൽ ആരുമില്ല. കേന്ദ്രമന്ത്രിസഭയുടെ ഇടനാഴിയിൽപോലും, വരാന്തയിൽ പോലും നമുക്ക് മന്ത്രിയില്ല. അതിന്റെ ഫലമാണ് ഈ അവഗണന. കേരളത്തിന്റെ അവകാശ സംരക്ഷണത്തിനുവേണ്ടി മറ്റു കാര്യങ്ങളിൽ നാം തമ്മിൽ എന്തു അഭിപ്രായ വ്യത്യാസമുണ്ടെങ്കിലും കേരളത്തിലെ കർഷകരെ ബാധിക്കുന്ന, കാർഷിക കേരളത്തെ ബാധിക്കുന്ന ഈ പ്രശ്നത്തിൽ നാം ഒരുമിച്ചു നിൽക്കണം. നാം ഭിന്നമായി നിൽക്കരുത്. അതുകൊണ്ട് ദുരഭിമാനത്തിൽ നിങ്ങൾ കടിച്ചു തൂങ്ങരുത്. ഈ സഭ പിരിയുന്നതിനു മുമ്പുതന്നെ ഗവൺമെന്റ് മുൻകൈ എടുത്തു ഒരു പ്രമേയം കൊണ്ടു വന്ന് നാം ഏകകണ്ഠമായി ആ പ്രമേയം പാസ്സാക്കി കേരളത്തിന്റെ പൊതുവികാരം കേന്ദ്രത്തെ അറിയിക്കണം. അതിനുള്ള സാമാന്യ മര്യാദപോലും ഈ ഗവൺമെന്റ് കാണിച്ചില്ല. കേരളത്തിലെ കൃഷിക്കാർക്ക് ഓണക്കാലത്ത് അവരവരുടെ കാർഷികോൽപ്പന്നങ്ങൾക്ക് വില കിട്ടുമെന്ന പ്രതീക്ഷ അസ്തമിപ്പിച്ച ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ. പാർട്ടിയും വാക്കൗട്ട് നടത്തുന്നു. (ശ്രീ.എ.കെ. ആന്റണിയും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ടു പുറത്തു പോയി).

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്)

സർ, പോയിന്റ് ഓഫ് ഓർഡർ

മി. സ്പീക്കർ : സാധാരണ അടിയന്തിരപ്രമേയ ചർച്ചാവേളയിൽ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കാറില്ല.

ശ്രീ. പി.കെ.കുഞ്ഞാലിക്കുട്ടി : കാർഷികോൽപ്പന്നങ്ങളുടെ ഇറക്കുമതി ഡ്യൂട്ടിയിൽ മാറ്റംവരുത്താൻ ശ്രമിക്കുമ്പോഴും അതുപോലെത്തന്നെ വൻതോതിൽ ഇറക്കുമതി ചെയ്യാൻ ശ്രമിക്കുമ്പോഴും കേരള നിയമസഭ ആ വിഷയം വളരെ ഗൗരവത്തിൽ എടുത്തിട്ടുണ്ട്. പിൽക്കാലങ്ങളിലേക്ക് ഒന്നു തിരിഞ്ഞു നോക്കിയാൽ നമുക്കത് കാണാൻ കഴിയും. കൃഷി വകുപ്പു മന്ത്രിയുടെ പാർട്ടിയുടെ നേതാവു തന്നെ ഇതേ സീറ്റിലിരുന്നുകൊണ്ട് കഴിഞ്ഞ നിയമസഭയിൽ പറഞ്ഞ കാര്യം ഞാനോർക്കുകയാണ്. 10,000 ടൺ റബ്ബറോ മറ്റോ ഇറക്കുമതി ചെയ്യാൻ തീരുമാനിച്ചപ്പോൾ ശ്രീ. വി.വി. രാഘവൻ ഇവിടെ നിന്ന് കത്തുകയായിരുന്നു. അതുകൊണ്ട് ഗുണമുണ്ടായി.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ.ജോസഫ്) ഇവിടെ അടിയന്തിരപ്രമേയമാണോ ചർച്ചാവിഷയം? അതോ സബ്സ്റ്റാന്റീവ് മോഷനാണോ? ഇവിടെ അടിയന്തിരപ്രമേയമവതരിപ്പിച്ചിട്ട് സബ്സ്റ്റാന്റീവ് മോഷനെപ്പറ്റി പറഞ്ഞ് വാക്കൗട്ട് നടത്തുകയാണ് ചെയ്തത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ.പി.കെ. കുഞ്ഞാലിക്കുട്ടി : സബ്സ്റ്റാന്റീവ് മോഷൻ പല രൂപത്തിലും പാസ്സാക്കാം. ഇത് പാസ്സാക്കാമെന്ന് അവിടെ നിന്നു പറഞ്ഞില്ലല്ലോ. എന്നാൽപ്പിന്നെ അടിയന്തിരപ്രമേയമാക്കാതെ പത്തു മിനിട്ടു സമയം ഇന്നു വൈകുന്നേരത്തിനിടയ്ക്ക് നമുക്ക് കാണാമെന്ന് നിങ്ങൾ പറയണം. അങ്ങനെ പറഞ്ഞില്ലല്ലോ. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചോദിച്ചു അടിയന്തിരപ്രമേയം തന്നെ സബ്സ്റ്റാന്റീവ് മോഷൻ ആകണമെന്നുള്ള അഭിപ്രായമുണ്ടോ എന്ന്. ഇന്ന് വൈകുന്നേരത്തിനിടയ്ക്ക് സബ്സ്റ്റാന്റീവ് മോഷൻ കൊണ്ടുവരുമോ? സാങ്കേതികത്വത്തിന്റെ മുകളിൽ പോകേണ്ട കാര്യമില്ല ഇത്. അന്ന് ഇതിനെക്കുറിച്ച് ശ്രീ.വി.വി. രാഘവൻ പറഞ്ഞു. ഇവിടെ വലിയ ഗൗരവമുള്ള ചർച്ച നടന്നു. അതിന്റെ ഫലമായി ആ വിഷയം ഗൗരവമായി. അന്ന് മുഖ്യമന്ത്രിയും ബാക്കി ആളുകളും കൂടി ഡൽഹിയിൽ പോയി റബ്ബർ ഇറക്കുമതി ബ്ലോക്കു ചെയ്തു. അതുപോലെ രണ്ടു ലക്ഷം ടൺ പാമോയിൽ ഇറക്കുമതി ചെയ്യാൻ തീരുമാനിച്ചു. അത് ഈ സംസ്ഥാനത്ത് ഇറക്കുമതി ചെയ്ത് വിതരണം ചെയ്യില്ലെന്നു ഞങ്ങൾ തീരുമാനിച്ചു. എന്റെ ഓർമ്മയിൽ നിന്നു പറയുകയാണ്. വെളിച്ചെണ്ണ മതിയെന്നു തീരുമാനിച്ചു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുണ്ടായ സുപ്രധാനമായ തീരുമാനങ്ങളാണ് ഇതൊക്കെ. അതുപോലെ കാപ്രോലാക്ടത്തിന്റെ കാര്യം. എഫ്.എ.സി.ടി.യെ ബാധിക്കുമെന്ന് പറഞ്ഞ് എല്ലാവരും കൂടിയല്ലേ പോയത്? അന്ന് ശ്രീ.എ.കെ. ആന്റണി കേന്ദ്രത്തിൽ മന്ത്രിയായിരുന്നു. എന്റെ ഓർമ്മ ശരിയാണെങ്കിൽ എല്ലാവരും കൂടി ഇടപെട്ട് കാപ്രോലാക്ടത്തിന്റെ ഇറക്കുമതി തടഞ്ഞു. ഇപ്പോൾ കൃഷി വകുപ്പുമന്ത്രി പറഞ്ഞു കൃഷിക്കാർക്ക് ഈ ബഡ്ജറ്റിൽ ആനുകൂല്യമുണ്ടെന്ന്. ഉത്തരേന്ത്യൻ കൃഷിക്കാർക്ക് പല ആനുകൂല്യങ്ങളും കൊടുക്കുമ്പോൾ അതിന്റെ എച്ചിൽ അവശിഷ്ടങ്ങളൊക്കെ നമുക്ക് കിട്ടുന്നുണ്ട്.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ബേബിജോൺ) : സർ, തെറ്റിദ്ധാരണ വരരുതല്ലോ. ബഹുമാനപ്പെട്ട വകുപ്പു മന്ത്രി മറുപടി പറഞ്ഞ അവസരത്തിൽ പ്രതിപക്ഷ നേതാവുമായിട്ടും മറ്റു കക്ഷി നേതാക്കൻമാരുമായും ആലോചിക്കാം. വേണ്ടി വന്നാൽ നമുക്ക് യോജിച്ച് ഡൽഹിയിൽ പോയി മെമ്മോറാണ്ടം കൊടുക്കാമെന്നു പറഞ്ഞതിനുശേഷം പിന്നെ എന്തിനാണ് ഇത് പറയുന്നത്?

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി : അങ്ങനെയുള്ള ഒരു നിലപാട് ഗവൺമെന്റിനുണ്ടെങ്കിൽ അത് നല്ലതാണ്. ഞങ്ങൾ അതിനെ വെൽകം ചെയ്യുന്നു. സബ്സ്റ്റാന്റീവ് മോഷൻ ഇല്ലെന്നുള്ള നിങ്ങളുടെ നിലപാടിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് നടത്തുന്നു.

മി. സ്പീക്കർ : സബ്സ്റ്റാന്റീവ് മോഷനാണെങ്കിൽ ഈ രീതിയിലല്ല. രണ്ടു കൂട്ടരും കൂടിയാലോചിച്ച് മോഷൻ കൊണ്ടു വരികയാണ് ചെയ്യുന്നത്. അതിന് അടിയന്തിരപ്രമേയത്തിന്റെ കാര്യമില്ല. അതിന് അടിയന്തിരപ്രമേയം ഇവിടെ ഉന്നയിക്കാതെ തന്നെ വേറെ കൊണ്ടു വരാം.

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി : ഇതുവരെയുള്ള നിലപാടിൽ പ്രതിഷേധിച്ചാണ് ഞങ്ങൾ വാക്കൗട്ട് നടത്തുന്നത്.

മി. സ്പീക്കർ : അതിനെക്കുറിച്ച് പിന്നെ ആലോചിക്കാം.

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി : ഗവൺമെന്റെ ഈ നിലപാടിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് നടത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ടു പുറത്തുപോയി)

ശ്രീ. കെ.എം. മാണി : സർ, ബിസിനസ് മാറ്റി വെച്ച അടിയന്തിരപ്രമേയത്തെപ്പറ്റി ചർച്ച ചെയ്തതിനുശേഷം ഗവൺമെന്റിന് യുക്തമായ നടപടി സ്വീകരിക്കാം. സബ്സ്റ്റാന്റീവ് മോഷൻ കൊണ്ടു വന്ന് കേന്ദ്ര ഗവൺമെൻരി നോടാവശ്യപ്പെടാം. ഈ ചർച്ചയുടെ അവസാനം യുക്തമായ നടപടി ഗവൺമെന്റിന് സ്വീകരിക്കാം.

മി. സ്പീക്കർ : സഭാ നടപടികൾ നിർത്തി വച്ച് ചർച്ച ചെയ്യാൻ വേണ്ടിയാണ് റൂൾ 50 അനുസരിച്ച് അങ്ങ് എനിക്ക് എഴുതി തന്നത്. പിന്നെ വേറെ എന്ത് മോഷൻ അതിന് ചട്ടം വേറെയുണ്ട്.

ശ്രീ. കെ.എം. മാണി : സഭാനടപടികൾ നിർത്തി വച്ച് ചർച്ച ചെയ്യണമെന്നു പറയുന്നത് സഭാനടപടികൾ നിർത്തി വയ്ക്കാൻ വേണ്ടിയാണോ? സഭാനടപടി നിർത്തിവയ്ക്കുന്നത് ഒരു ആക്ഷനിലേക്ക് കടക്കാൻ വേണ്ടിയാണ്. സഭാനടപടികൾ നിർത്തി വയ്ക്കുന്നത് ഒരു സബ്സ്റ്റാന്റീവ് മോഷൻ കൊണ്ടുവന്ന് അത് കേന്ദ്ര ഗവൺമെന്റിനെ അറിയിക്കാനാണ്.

മി. സ്പീക്കർ : അതിന് ഈ ചട്ടമല്ല ഉപയോഗിക്കുന്നത്.

ശ്രീ. കെ.എം. മാണി : അതിൽ പൊരുത്തക്കേടില്ല.

മി. സ്പീക്കർ : അതിൽ പൊരുത്തക്കേടുണ്ട്. അടിയന്തിരപ്രമേയം കൊണ്ടുവന്നിട്ടല്ല അതു പറയേണ്ടത്.

ശ്രീ. കെ.എം. മാണി : ഗവൺമെന്റിന്റെ ഈ നിലപാടിൽ പ്രതിഷേധിച്ചു കൊണ്ട് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ശ്രീ.കെ.എം. മാണിയും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭവിട്ടു പുറത്തു പോയി).

ശ്രീ.ടി.എം. ജേക്കബ് : സർ, ഗവൺമെന്റ് ഈ പ്രശ്നത്തെ രാഷ്ട്രീയമായി കണ്ടു എന്നുള്ളതാണ് ഏറ്റവും ദുഃഖകരമായ ഒരു സംഗതി. ഇവിടെ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകി. അങ്ങനെ നോട്ടീസ് നൽകുമ്പോൾ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നു പറഞ്ഞാൽ നോട്ടീസ് കിട്ടിയാൽ ഉടനെ സഭ നിർത്തിവച്ച് ചർച്ചചെയ്യാറില്ലല്ലോ. അതിന് ഒരു മണിക്കൂർ സമയം പറഞ്ഞിട്ടുണ്ട്. ഈ സമയത്താണ് അത് ചർച്ച ചെയ്യുക. അപ്പോൾ സഭാനടപടിയിൽ ഇന്നത്തെ നടപടികളൊന്നും നടക്കുന്നില്ലെന്ന് ഈ adjustment motion കൊണ്ട് അർത്ഥമില്ല. ഈ വിഷയം സഭയിൽ ചർച്ചചെയ്ത് ഇതിന് ഗൗരവമുണ്ടെങ്കിൽ ഗവൺമെന്റും കൂടി വില്ലിംഗ് ആണെങ്കിൽ ഒരു പ്രമേയം പാസ്സാക്കാൻ ഒരു ബുദ്ധിമുട്ടുമില്ല.

മി. സ്പീക്കർ : അത് പിന്നീട് അറിയിക്കാമല്ലോ.

ശ്രീ. ടി.എം. ജേക്കബ് : അതിന് നോട്ടീസിന്റെ ആവശ്യമില്ല. ഈ സഭയിൽ അങ്ങനെയും വന്നിട്ടുണ്ട്. നോട്ടീസില്ലാതെയും ഇവിടെ ചർച്ച ചെയ്ത് പ്രമേയം പാസ്സാക്കിയിട്ടുണ്ട്. പിന്നെ എന്തിനാണ് ഈ സാങ്കേതികത്വം പറയുന്നത്? അതുകൊണ്ട് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയും ഈ കാര്യങ്ങളെക്കുറിച്ച് നന്നായി അറിയാവുന്ന ശ്രീ. ബേബിജോണും അങ്ങനെയൊരു സാങ്കേതികത്വം പറഞ്ഞത് തികച്ചും നിർഭാഗ്യകരമാണ്. ഇതിനെ നിങ്ങൾ രാഷ്ട്രീയമായിത്തന്നെ കാണുന്നു. ഞങ്ങൾ രാഷ്ട്രീയമായിട്ടല്ല കണ്ടത്.



LIBRARY ARCHIVES Kerala Legislative Assembly

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ബേബിജോൺ) : സർ, വകുപ്പുമന്ത്രി പറഞ്ഞ് പ്രതിപക്ഷനേതാവുമായിട്ടും മറ്റുള്ളവരുമായും ആലോചിക്കാം. വേണമെങ്കിൽ യോജിച്ചു പോകാം എന്നാണ് ഇതാണോ രാഷ്ട്രീയം?

ശ്രീ. ടി.എം. ജേക്കബ് : അങ്ങനെയല്ല പറഞ്ഞത്. ഞാനിവിടെ കേട്ടുകൊണ്ടിരുന്നതാണ്. ആദ്യം ശ്രീ. വി.കെ. രാജൻ എങ്ങനെയാണ് പറഞ്ഞത്? അദ്ദേഹം പറഞ്ഞത് വികാരത്തോടു യോജിക്കുന്നു എന്നാണ്. ഞാൻ ചോദിക്കട്ടെ, റെയിൽവേ ബഡ്ജറ്റ് വന്നു. അപ്പോൾ കേരളത്തിന് എന്താണ് കിട്ടിയത്? നമുക്ക് 20 എം.പി. മാർ ഉണ്ടല്ലോ. ഒന്നും കിട്ടിയില്ല. അവിടെയും വികാരം ഉണ്ടായിരുന്നല്ലോ. വികാരം പ്രകടിപ്പിച്ചാലൊന്നും കിട്ടാൻ പോകുന്നില്ല. ഇവിടെ ഒരു പ്രമേയം പാസ്സാക്കിയാലും ഈ തീരുവ കുറയ്ക്കുമെന്നുള്ള വിശ്വാസം എനിക്കില്ല. നിങ്ങൾ വേറെ സമ്മർദ്ദം ചെലുത്തിയെങ്കിൽ മാത്രമേ പറ്റുകയുള്ളു. ഞാൻ പറയുന്നത് നിങ്ങൾ രാഷ്ട്രീയ സമ്മർദ്ദം ചെലുത്തണം. സി.പി.ഐ.യുടെ മന്ത്രിമാർ അവിടെ ഭരിക്കുന്നല്ലോ. സി.പി.എം. പിൻതാങ്ങുന്നില്ലേ? സി.പി.ഐ.യുടെ കേന്ദ്രമന്ത്രിമാർ അവിടെയുണ്ട്. ആ കേന്ദ്രമന്ത്രിമാരെ കണ്ട് ഈ തീരുവ പിൻവലിപ്പിക്കണമെന്ന് ബഹുമാനപ്പെട്ട രാജന് ആവശ്യപ്പെടാൻ കഴിയുമോ? ഇൻഡ്യയിൽ ഉൽപ്പാദിപ്പിക്കുന്ന റബറിന്റെ 95 ശതമാനവും ഉൽപ്പാദിപ്പിക്കുന്ന കേരളത്തിലെ കൃഷിക്കാരുടെ വികാരം മനസ്സിലാക്കാൻ സാധിക്കുന്നില്ലേ? ബഹുമാനപ്പെട്ട രാജൻ ചോദിച്ചില്ലേ 60 രൂപ കിട്ടിയത് 45 രൂപ ആയില്ലേ എന്ന്. ശ്രീ. രാജന് തോന്നുണ്ടോ 45 രൂപ വലിയ വിലയാണെന്ന്. അതുകൊണ്ട് ആ വികാരം മനസ്സിലാക്കണം. കാർഷികമേഖലയെക്കുറിച്ച് പലപ്പോഴും പറയുന്ന ആളാണ് ശ്രീ. പി.ജെ. ജോസഫ്. അദ്ദേഹം തന്നെ ശ്രീ. രാജനോടു പറയുന്നത് ഞാനിവിടെയിരുന്നു കേട്ടു. 65 രൂപയിൽ നിന്ന് 45 രൂപ ആയില്ലേ എന്ന്. അത് ശരിയല്ല. ഇവിടെ രണ്ടു മൂന്നു ഉൽപ്പന്നങ്ങൾ പ്രത്യേകിച്ച് റബർ, നാളികേരം, കൊക്കോ................. (ബഹളം) ............. ഇവിടെ തർക്കിക്കേണ്ട വിഷയമല്ല ഇത്. കൃഷിക്കാരന്റെ വികാരം ഉൾക്കൊള്ളാൻ ഈ ഗവൺമെന്റ് തയ്യാറാണെങ്കിൽ നിങ്ങൾ ഫലപ്രദമായ നടപടി സ്വീകരിക്കണം. ഇന്ന് ഈ സഭ പിരിയുകയാണ്. ഈ സഭ പിരിയുന്നതിനു മുൻപ് റൂൾസ് ഓഫ് പ്രൊസീഡ്യുവറിലെ ചട്ടങ്ങൾ വച്ചുകൊണ്ട് വെറുതെ വാദിക്കാതെ ഒരു പ്രമേയം പാസ്സാക്കി നിങ്ങൾ അങ്ങോട്ട് അയയ്ക്കാൻ തയ്യാറാകണം. അതിന് നിഷേധാത്മകമായ സമീപനം സ്വീകരികരിക്കുന്ന ഗവൺമെന്റിന്റെ നടപടിയിൽ പ്രതിഷേധിച്ചുകൊണ്ട് ഞങ്ങളും വാക്കൗട്ടിൽ പങ്കെടുക്കുന്നു.

(ശ്രീ. ടി.എം. ജേക്കബും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭവിട്ടു പുറത്തുപോയി).

LIBRARY ARCHIVES Kerala Legislative Assembly

# III. ശ്രദ്ധക്ഷണിക്കൽ

## (1) സംസ്ഥാനത്തെ അൺഎയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥകൾ നിശ്ചയിക്കുന്നതിന് നിയമനിർമ്മാണം നടത്തേണ്ടതിന്റെ ആവശ്യകത

ശ്രീ. ജോണിനെല്ലൂർ : സർ, കേരളത്തിലെ അംഗീകൃത സ്കൂളുകളിൽ ജോലിചെയ്യുന്ന ഏതാണ്ട് പതിനയ്യായിരത്തിനും ഇരുപതിനായിരത്തിനും ഇട യ്ക്കുള്ള അദ്ധ്യാപകരും അതോടൊപ്പം അനദ്ധ്യാപകരും അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ഈ സഭയുടേയും ഗവൺമെന്റിന്റേയും ശ്രദ്ധയിൽ കൊണ്ടുവ രാനാണ് ഞാൻ ഈ ശ്രദ്ധക്ഷണിക്കൽ പ്രമേയം കൊണ്ടുവരുന്നത്. നമ്മുടെ സംസ്ഥാനത്ത് ഇന്ന് ഔദ്യോഗിക കണക്കുകൾ അനുസരിച്ച് തന്നെ 604 അൺ എയിഡഡ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട് എന്നാണ് മനസ്സിലാക്കു ന്നത്. ഔദ്യോഗിക കണക്കുകൾ അതാണെങ്കിൽ പോലും വളരെയേറെ സ്കൂളുകൾ ഈ രംഗത്ത് നമ്മുടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടെന്നു കാണാൻ കഴിയും. 604 സ്കൂളുകൾ ഔദ്യോഗികമായിട്ടുള്ളപ്പോൾ ഒരു സ്കൂളിന് അംഗീകാരം ലഭിച്ചാൽ ആ സ്കൂളിന്റെ അംഗീകാരത്തിന്റെ മറവിൽ ബ്രാഞ്ച് ഓഫീസുകൾ തുടങ്ങുന്നതുപോലെ നിരവധി സ്കൂളുകൾ തുറന്നു പ്രവർത്തിക്കുന്ന ഒരു സ്ഥിതിവിശേഷം ഇന്നു നമ്മുടെ സംസ്ഥാനത്തുണ്ട്. ബിരുദവും ബിരുദാനന്തരബിരുദവും അദ്ധ്യാപനത്തിലുള്ള പരിചയവും പരി ശീലനവും നേടിയവരാണ്. ഈ സ്കൂളുകളിൽ പണിയെടുക്കുന്നത്. അവ രിൽതന്നെ ബഹുഭൂരിപക്ഷവും വനിതകളാണ്. നമ്മുടെ സംസ്ഥാനത്ത് കെ. ഇ.ആർ അനുസരിച്ച് ഗവൺമെന്റിൽ നിന്നും സഹായം പറ്റുന്ന എയിഡഡ് സ്കൂളുകളും ഗവൺമെന്റിൽ നിന്നും സഹായം കിട്ടാത്ത അംഗീകൃത സ്കൂളു കളും പ്രൈവറ്റ് സ്കൂളുകൾ ആണെന്നാണ് നിർവചിക്കുന്നത്. അങ്ങനെ പ്രൈവറ്റ് സ്കൂളുകൾ എന്ന് നിർവചിച്ചിരിക്കുന്ന സ്ഥലത്ത് അൺഎയ്ഡഡ് സ്കൂളുകൾ എന്ന് ഈ അംഗീകൃത സ്കൂളുകളെ പറയുന്നു എന്നുള്ളതൊഴി ച്ചാൽ നമ്മുടെ കെ.ഇ.ആർ-ൽ അംഗീകൃത സ്കൂളുകളെ കുറിച്ച്, അൺ എയി ഡഡ് സ്കൂളുകളെ കുറിച്ച്, ഒരു നിർവ്വചനവുമില്ല. ബഹുമാന്യനായ വിദ്യാ ഭ്യാസ മന്ത്രിക്കറിയാം. ഈ സംസ്ഥാനത്തെ അൺഎയിഡഡ് സ്കൂളുകളെക്കു റിച്ച് ആക്ഷേപം പറയുകയല്ല. വളരെ നല്ല നിലയിൽ പ്രവർത്തിക്കുന്ന ഉന്നത വിജയം കരസ്ഥമാക്കുന്ന ഒട്ടനവധി സ്കൂളുകൾ ഈ സംസ്ഥാനത്തുണ്ട്. ഞാൻ അത് അംഗീകരിക്കുന്നു. അവിടെ പണിയെടുക്കുന്ന അദ്ധ്യാപകരുടെ സ്ഥിതി എന്താണെന്ന് അങ്ങും ഈ സഭയിൽ ഇരിക്കുന്ന മുഴുവൻ ആളുകളും മന്ത്രിമാരും, പ്രത്യേകിച്ച് വിദ്യാഭ്യാസമന്ത്രിയും ആലോചിക്കണം എന്നാണ് എനിക്ക് പറയാനുള്ളത്. സർക്കാർ സ്കൂളുകളിലും അതുപോലെതന്നെ എയ്ഡഡ് സ്കൂളുകളിലെ എൽ.പി., യു.പി. ഹൈസ്കൂൾ വിഭാഗങ്ങളിലെ അദ്ധ്യാപകർക്ക് 2000 മുതൽ 3500 രൂപവരെ ശംപളം കിട്ടുംപോൾ ഈ അംഗീ കൃത സ്കൂളുകളിൽ പഠിപ്പിക്കുന്ന പാവപ്പെട്ട അദ്ധ്യാപകർക്ക് കിട്ടുന്നത് 1000 രൂപ മാത്രമാണ്. 750 രൂപ മുതൽ 1000 രൂപ വരെ മാത്രമാണ് ഹൈസ്കൂളുക ളിൽ പോലും ഇന്ന് അദ്ധ്യാപകർക്ക് ശംപളമായി കൊടുക്കുന്നത്. പല എൽ.പി. സ്കൂളിലും യു.പി. സ്കൂളിലും കൊടുക്കുന്നത് 400 രൂപ മാത്രമാണ്. നമ്മുടെ സംസ്ഥാനത്ത് 400 രൂപ ഒരു അദ്ധ്യാപകന് കൊടുക്കുന്നു എന്നു പറ

LIBRARY ARCHIVES Kerala Legislative Assembly

ഞാൽ ലജ്ജിക്കയല്ലാതെ തരമുണ്ടോ? തൊഴിലില്ലായ്മ രൂക്ഷമായ ഈ സംസ്ഥാനത്ത് 400 രൂപ കിട്ടിയാലും അത് ഒരു ജീവിതമാർഗ്ഗമാണെന്നു കരുതി നമ്മുടെ അദ്ധ്യാപകർ അവിടെപോയി പണിയെടുത്തു എന്നുള്ളതാണ് പരമാർത്ഥം. നമ്മുടെ സംസ്ഥാനത്ത് ഇത്രമാത്രം വിവേചനപരമായ ഒരു രീതി യുണ്ടോ? കെ.ഇ.ആർ അനുസരിച്ച് എയിഡഡ് സ്കൂളുകളിൽ പഠിപ്പിക്കുന്ന അതേ മാനദണ്ഡത്തിൽ, അതേ സിലബസ്സ് അനുസരിച്ച് നമ്മുടെ സംസ്ഥാ നത്തെ അംഗീകൃത സ്കൂളുകളിലും വിദ്യാർത്ഥികളെ പഠിപ്പിക്കുകയാണ്. അങ്ങനെ പഠിപ്പിക്കുന്ന അവസരത്തിൽപോലും അവർക്ക് മറ്റ് എയിഡഡ് സ്കൂളുകളിലോ സർക്കാർ സ്കൂളുകളിലോ കിട്ടുന്ന ശമ്പളത്തിന്റെ പകുതി പോലും കിട്ടുന്നില്ല എന്നുള്ളത്. എത്ര വേദനയുണ്ടാക്കുന്ന കാര്യമാണ്. എണ്ണ ത്തിൽ 15,000ത്തിനും 20,000ത്തിനും ഇടയിൽ വരുന്ന അദ്ധ്യാപകർ ഇതു സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി വേദനയോടുകൂടി, വേദന കടിച്ച മർത്തികൊണ്ട് അവരുടെ അദ്ധ്യാപനം തുടരുകയാണ്. നമ്മുടെ പല അംഗീ കൃത സ്കൂളുകളിലേയും പ്രത്യേകിച്ച് തിരുവനന്തപുരത്തെ സ്കൂളുകളിലെ അദ്ധ്യാപകരുടെ സ്ഥിതി എന്താണ്? കേരളശബ്ദം എന്ന സ്വതന്ത്ര രാഷ്ട്രീയ വാരിക ഈ കഴിഞ്ഞ ജൂൺമാസം 30-ാം തീയതി ഒരു ലേഖനം എഴുതി. തിരു വനന്തപുരം ജില്ലയിലെ അംഗീകൃത സ്കൂളുകളിലെ അദ്ധ്യാപകർ ചൂഷണം ചെയ്യപ്പെടുന്ന സംഗതിയെക്കുറിച്ച് വിശദമായി അതിൽ പ്രതിപാദിച്ചിരിക്കുന്നു. അതിൽ പറയുന്നത് ഈ സംസ്ഥാനത്തെ അംഗീകൃത സ്കൂളുകളിൽ പലതി ലും, തിരുവനന്തപുരം ജില്ലയിലടക്കം പല സ്കൂളുകളിലും 800 രൂപ മാത്രം അദ്ധ്യാപകർക്ക് ശമ്പളം കൊടുക്കുമ്പോൾ ആ ഉദ്യോഗ നിയമനത്തിനു പോലും ഒരു ലക്ഷം രൂപവരെ കോഴ വാങ്ങുന്നുണ്ടെന്ന് കേരളശബ്ദത്തിൽ വായിച്ചപ്പോൾ സത്യത്തിൽ വളരെ വേദന തോന്നുകയുണ്ടായി. നമ്മുടെ വിദ്യാഭ്യാസ നിയമത്തിൽ ശക്തമായ വ്യവസ്ഥകൾ ഉണ്ട്. എനിക്ക് ബഹുമാന പ്പെട്ട വിദ്യാഭ്യാസമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത് ഈ സംസ്ഥാനത്ത് പണിയെടുക്കുന്ന 600-ൽ അധികം അംഗീകൃത സ്കൂളുകളിൽ പണിയെടു ക്കുന്ന അദ്ധ്യാപകർക്ക് അവരുടെ ശമ്പളവും അവരുടെ വേതന വ്യവസ്ഥ കളും ഏകീകരിച്ചുകൊണ്ടുള്ള ഒരു നിയമം കൊണ്ടുവരണം, അതുപോലെ തന്നെ അവർ പണിയെടുക്കുന്ന രീതി എന്താണ്? ഒരു എയിഡഡ് സ്കൂളിൽ 4 മണിക്കൂർ 5 മണിക്കൂർ പഠിപ്പിക്കുമ്പോൾ ഇവിടെ അതിൽ കൂടുതൽ പഠിപ്പി ക്കേണ്ടിയിരിക്കുന്നു. ഒഴിവു ദിവസങ്ങളിൽ പോലും സർക്കാർ സ്കൂളുകളിൽ അവധിയുള്ളപ്പോൾ പോലും, ഈ അംഗീകൃത സ്കൂളുകളിൽ നിലവാരം മെച്ചപ്പെടുത്തണമെന്നത് ഞാൻ അംഗീകരിക്കുന്നു. അവിടെയുള്ള വിദ്യാർത്ഥി കളെ പഠിപ്പിക്കാൻ ശനിയാഴ്ചകളിൽ പോലും അദ്ധ്യാപകരെ വിനിയോഗിക്ക പ്പെടുന്നു. ഇതിനേക്കാൽ ഏറെ കഷ്ടം കേരളശബ്ദത്തിൽ പറഞ്ഞിരിക്കുന്ന ഒരു കാര്യം ഞാൻ വേദനയോടെ പറയട്ടെ, അതിൽ പറയുന്നു ഇവിടെ ആയിരം രൂപ ശമ്പളം കൊടുക്കുമ്പോൾ ആ സ്കൂളുകളിലെ രേഖകൾ പറയു ന്നത് 2,000 ഉം 3,000 രൂപയും ശമ്പളം കൊടുക്കുന്നതായിട്ടാണ്. ആയിരം രൂപ മാത്രം ശമ്പളം കൊടുക്കുമ്പോൾ സ്കൂളിന്റെ രേഖകൾ അനുസരിച്ച് 3000 രൂപ ശമ്പളം കൊടുക്കുന്നു. എന്നു രേഖയുണ്ടാക്കിയാൽ ഇത് നമ്മുടേതുപോ ലൊരു സംസ്ഥാനത്ത് അംഗീകരിക്കാൻ കഴിയുന്ന കാര്യമാണോ. ഞാൻ അന്വേഷിച്ചപ്പോൾ മനസ്സിലായത്. തുക എത്രയെന്നുള്ള ഭാഗം ഫില്ലു ചെയ്യാതെ ബ്ലാങ്ക് ആയിട്ടാണ് അദ്ധ്യാപകരെക്കൊണ്ട് ഒപ്പിടിപ്പിക്കുന്നത്. ഒപ്പി ടുവിച്ച ശേഷം ശമ്പളത്തിന്റെ ഭാഗത്ത് 2000 എന്നും 3000 എന്നും എഴുതി ചേർക്കുന്ന അതിനീചമായ പ്രവൃത്തി ഇന്ന് നമ്മുടെ സംസ്ഥാനത്ത് നട

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നു എന്നുള്ളത് വേദനയോടുകൂടിയല്ലാതെ കാണുവാൻ നിവർത്തിയില്ല. 1962-ൽ ആവിഷ്ക്കരിച്ച ഫീസ് നിലവാരമായിരുന്നു ഇവിടെ ഉണ്ടായിരുന്നത്. 1991 കാലഘട്ടത്തിൽ ശ്രീ. ടി.എം. ജേക്കബ് ഒരു പരിഷ്ക്കാരം കൊണ്ടുവന്ന തൊഴിച്ചാൽ അതിനുശേഷം ഫീസ് പരിഷ്ക്കാരം നമ്മുടെ സംസ്ഥാനത്ത് ഉണ്ടായിട്ടില്ല. എനിക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത് നമ്മുടെ സംസ്ഥാനത്തെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിൽ ഗണ്യമായ പങ്ക് വഹിക്കുന്ന ഈ അംഗീകൃത സ്കൂളുകളിലെ അദ്ധ്യാപകരുടെ പ്രശ്നം വളരെ ഗൗരവമായി എടുക്കണം. ഞാൻ മാനേജുമെന്റിനെ അടച്ചാക്ഷേപിക്കുകയല്ല. ഇൻഡിവിഡുവൽ മാനേജ്മെന്റ് ആണ് ഈ രംഗത്തെ ഏറ്റവും കൂടുതൽ അനീതി കാണിക്കുന്നതെന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. സമുദായ സംഘടനകൾ, സാമുദായിക സ്ഥാപനങ്ങൾ മതന്യൂനപക്ഷങ്ങൾ നടത്തുന്ന സ്ഥാപനങ്ങൾ ഇവയിലൊക്കെ ഒരു പക്ഷേ ശമ്പളത്തിന്റെ കാര്യത്തിൽ ഇങ്ങനെയൊക്കെയാണെങ്കിൽപോലും മറ്റുള്ള കാര്യങ്ങളിൽ അതുപോലെയുള്ള വിവേചനമുണ്ട് എന്ന അഭിപ്രായമില്ല. നമ്മുടെ സംസ്ഥാനത്ത് 1958-ൽ നിലവിലുള്ള ശമ്പളമാണ്, ആനുകൂല്യങ്ങളാണ്, ഇന്ന് നമ്മുടെ അംഗീകൃത സ്കൂളുകളിൽ നിലനിൽക്കുന്നത്. ഇതിൽ ഒരു മാറ്റം ഉണ്ടാകണം. അതിന് ശക്തമായ നിയമനടപടികൾ ഉണ്ടാവണം. ഇവരുടെ സേവന വേതന വ്യവസ്ഥകൾ ഏകീകരിച്ചുകൊണ്ട് അതുപോലെ പെൻഷൻ ആനുകൂല്യങ്ങൾ ഉൾപ്പെടുത്തികൊണ്ട് ലീവും മറ്റ് ആനുകൂല്യങ്ങളും അംഗീകരിച്ചുകൊണ്ട് സമഗ്രമായ ഒരു നിയമനിർമ്മാണം. കൊണ്ടുവന്ന് ഈ രംഗത്തുള്ള അദ്ധ്യാപകരെ രക്ഷിക്കണം എന്ന് ബഹുമാനപ്പെട്ട ഗവൺമെന്റിനോട് ഞാൻ അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ.പി.ജെ. ജോസഫ്) : സർ, സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസവകുപ്പിന്റെ പരിധിയിൽ ആകെ 612 അംഗീകൃതസ്കൂളുകളാണ് ഉള്ളത് ഇവയിലെല്ലാം കൂടി 7518 അദ്ധ്യാപകരും അദ്ധ്യാപകേതര ജീവനക്കാരും നിലവിലുണ്ട്. അൺഎയിഡഡ് സ്കൂളിലെ അദ്ധ്യാപകരുടെ യോഗ്യത നിശ്ചയിക്കുക, സേവന-വേതന വ്യവസ്ഥകൾ തുടങ്ങിയ കാര്യങ്ങളൊന്നും കേരള വിദ്യാഭ്യാസചട്ടത്തിന്റെ പരിധിയിൽ വരുന്ന കാര്യങ്ങളല്ല. അൺ എയിഡഡ് സ്കൂളുകളിലെ പ്രൈമറി വിഭാഗം അദ്ധ്യാപകർക്ക് 2000 രൂപയും ഹൈസ്കൂളുകളിലെ അദ്ധ്യാപകർക്ക് 2500 രൂപയും ഏറ്റവും കുറഞ്ഞ പ്രതിമാസവേതനമായി നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഗവൺമെന്റിന് ഒരു നിവേദനം ലഭിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ പഠിച്ച് റിപ്പോർട്ട് ചെയ്യാൻ വിദ്യാഭ്യാസ ഡയറക്ടർ അദ്ധ്യക്ഷനായിട്ടുള്ള ഒരു കമ്മിറ്റി പ്രവർത്തിക്കുന്നുണ്ട്. ഈ കമ്മിറ്റിയോട് അതിന്റെ റിപ്പോർട്ട് ആഗസ്റ്റ്മാസം 31-നു മുമ്പ് നൽകണമെന്നാവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യങ്ങളിൽ ഗവൺമെന്റിന് അധികാരം ലഭിക്കുന്നതിനായി വിദ്യാഭ്യാസചട്ടം 14(എ) ഭേദഗതി വരുത്തേണ്ടതായിട്ടുണ്ട്. വിദ്യാഭ്യാസ ഡയറക്ടർ അദ്ധ്യക്ഷനായുള്ള കമ്മിറ്റിയുടെ റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ ഇക്കാര്യത്തിൽ എന്തുചെയ്യാൻ കഴിയുമെന്ന കാര്യം ഗവൺമെന്റ് ആലോചിക്കുന്നതാണ്. ഇവർക്കെല്ലാം ഒരു മിനിമം ശമ്പളം ഉറപ്പുവരുത്തണമെന്നു തന്നെയാണ് ഗവൺമെന്റിന്റെ അഭിപ്രായം. എന്തായാലും റിപ്പോർട്ട് കിട്ടിയതിനുശേഷം നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. ജോണി നെല്ലൂർ : അങ്ങ് മറുപടി പറഞ്ഞപ്പോൾ ഇതിനാവശ്യമായ കാര്യങ്ങൾ ശേഖരിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഒരു കമ്മിറ്റിയെ നിയമിച്ചി



LIBRARY ARCHIVES Kerala Legislative Assembly

ട്ടുണ്ടെന്ന് പറഞ്ഞു. ഇതിനായി 1989-ൽ ശങ്കരനാരായണൻ കമ്മിഷനെ അന്നത്തെ ഗവൺമെന്റ് നിയോഗിച്ചു. ആ കമ്മിഷൻ ഇക്കാര്യങ്ങളെപ്പറ്റി സമഗ്രമായി പഠിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത് ഈ വിഭാഗത്തിലെ അദ്ധ്യാപകർക്ക് മിനിമം വേജസ് ഉറപ്പു വരുത്താനാവശ്യമായ വിധത്തിൽ ഒരു നിയമവ്യവസ്ഥയുണ്ടാക്കണമെന്നാണ്. അതുപോലെയുള്ള ഒരു നിയമനിർമ്മാണ നടപടി സ്വീകരിക്കുന്നതിന് ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. പി.ജെ. ജോസഫ് : 1989 കഴിഞ്ഞതിനുശേഷം ഒരു ഗവൺമെന്റ് ഇവിടെ ഏതാണ്ട് മുഴുവൻ സമയവും ഭരിച്ചു. ആഗസ്റ്റ് 31-ാം തീയതി ആ റിപ്പോർട്ട് കിട്ടിയാൽ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

### (2) സംസ്ഥാനത്തെ ഇ.എസ്.ഐ. സംവിധാനത്തിലുള്ള അപര്യാപ്തതകൾമൂലം തൊഴിലാളികൾ അനുഭവിക്കുന്നതായി പറയപ്പെടുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. ബാബുദിവാകരൻ : സർ, കേരളത്തിലെ അഞ്ചുലക്ഷത്തിൽപ്പരം വരുന്ന തൊഴിലാളികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും അവരുടെ രോഗചികിത്സാപരിപാലനത്തിനും വേണ്ടി ആശ്രയിക്കുന്ന ഒരു പദ്ധതിയാണ് കേരള സംസ്ഥാന ഗവൺമെന്റ് പൂർണ്ണചുമതലയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഇ.എസ്.ഐ.പദ്ധതി സംസ്ഥാനത്തിന് അതിന് പ്രത്യേകമായൊരു വകുപ്പും അതിന്റെ കീഴിൽ 15-ഓളം ആശുപത്രികളും 115-ഓളം ഡിസ്പെൻസറികളും അടങ്ങുന്ന വിപുലമായ ഒരു സംവിധാനവും ഉണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതിൽ ഇപ്പോൾ ചില അപാകതകൾ നിലനിൽക്കുന്നു. അത് പ്രധാനമായും അതിന്റെ നടത്തിപ്പിനെ സംബന്ധിച്ചുള്ളതും പണം ലഭ്യമാക്കുന്നതിനെ സംബന്ധിച്ചുള്ളതുമായ കുഴപ്പങ്ങളാകാം. ഇന്ന് ഈ ആശുപത്രിയിൽ സാധാരണ തൊഴിലാളികൾക്കാവശ്യമായ എല്ലാ മരുന്നുകളും ലഭ്യമല്ല. അവരുടെ ചികിത്സയ്ക്കാവശ്യമായി വരുന്ന മരുന്നുകൾ പലപ്പോഴും പുറത്തുനിന്ന് വാങ്ങിക്കൊടുക്കേണ്ട സ്ഥിതിയുണ്ട്. പാവപ്പെട്ട കയർ-കശുവണ്ടി-കൈത്തറി തൊഴിലാളികൾ ഇങ്ങനെ ഭീമമായ തുക ചെലവഴിച്ചു അവർക്കാവശ്യമായ ഒരു മരുന്നുവാങ്ങേണ്ട സ്ഥിതിയാണ്. അത് ഇ.എസ്.ഐ. കോർപ്പറേഷൻ റീഇംബേഴ്സ് ചെയ്തുകൊടുക്കുന്നുണ്ടെങ്കിലും അത് പലപ്പോഴും വർഷങ്ങൾക്കു ശേഷമാണ് തൊഴിലാളികൾക്ക് ലഭിക്കുന്നത്. അതിനൊരു മാറ്റം വരുത്തണം. അതുപോലെതന്നെ മരുന്നിന്റെ വില ക്രമാതീതമായി വർദ്ധിച്ചതുമൂലം വമ്പിച്ച തുക ഇതിനുവേണ്ടി ചെലവഴിക്കേണ്ടിവരുന്നു. പലപ്പോഴും ഇങ്ങനെ ചെലവഴിക്കുന്ന തുക പൂർണ്ണമായും ഇ.എസ്.ഐ. കോർപ്പറേഷൻ റീഇംബേഴ്സ് ചെയ്തുകൊടുക്കാറില്ല. നമ്മുടെ സംസ്ഥാന ഗവൺമെന്റിൽ ഉള്ളതുപോലെ തന്നെ റീഇംബേഴ്സ് ചെയ്യുന്ന മരുന്നുകളുടെ കാര്യത്തിൽ ചില നിയന്ത്രണങ്ങളുണ്ട്. രണ്ടായിരവും മൂവായിരവും രൂപയ്ക്കുള്ള റീഇംബേഴ്സ്മെന്റ് ക്ലെയിം പലപ്പോഴും 300-ഉം 400-ഉം രൂപയായി ചുരുങ്ങുന്ന സ്ഥിതിവിശേഷമുണ്ട്. ഇത് പാവപ്പെട്ട തൊഴിലാളികളെ സംബന്ധിച്ചിടത്തോളം വളരെയേറെ ബുദ്ധിമുട്ടുകളുണ്ടാക്കുന്നു. അതുപോലെതന്നെ ഇന്ന് ഈ ആശുപത്രികളിൽ പലതിന്റെയും സ്ഥിതി വളരെ ശോചനീയമാണ്. കൊല്ലത്ത് നല്ലനിലയിൽ പ്രവർത്തിക്കുന്ന, എല്ലാ സാഹചര്യങ്ങളുമുള്ള ഒരു ആശുപത്രിയാണ് ആശ്രാമം ആശുപത്രി. അവിടെ പലപ്പോഴും സ്പെഷ്യലൈസ്ഡ്

LIBRARY ARCHIVES Kerala Legislative Assembly

ഡോക്ടർമാരെ നിയമിക്കാൻ കഴിയാത്ത സാഹചര്യമുണ്ടായിട്ടുണ്ട്. ഈ ആശുപത്രിയിൽ കഴിയുന്നത്ര സ്പെഷ്യലൈസ്ഡ് ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്താൻ കഴിയണം. ഇപ്പോൾ പലപ്പോഴും ഈ ആശുപത്രിയെ ആശ്രയിച്ച് ചികിത്സ നടത്താൻ കഴിയാത്ത സ്ഥിതിയാണ്. പ്രധാനമായും ഹൃദയ സംബന്ധമായ അസുഖങ്ങൾക്കാവശ്യമായ കാർഡിയോളജി സംവിധാനങ്ങളൊന്നും തന്നെ അവിടെ ഇല്ല. അതിനാവശ്യമായ സംവിധാനമുണ്ടാക്കണം. ക്യാൻസർ ചികിത്സയ്ക്കാവശ്യമായ സംവിധാനമവിടെയില്ല. വിദഗ്ദ്ധ ചികിത്സ ആവശ്യമായി വരുന്ന രോഗികളെ സംബന്ധിച്ചിടത്തോളം വളരെയധികം ബുദ്ധിമുട്ടുകളുണ്ട്. അങ്ങനെ വരുമ്പോൾ അത്തരം രോഗികളെ ജില്ലാ ആശുപത്രിയിലേക്കോ സ്വകാര്യ ആശുപത്രിയിലേക്കോ റഫർ ചെയ്യേണ്ടി വരുന്നു. അപ്പോൾ അവിടെ വമ്പിച്ച തുക തൊഴിലാളികൾക്ക് ചെലവഴിക്കേണ്ടിവരും. ഒരാളിന് ഹാർട്ട് അറ്റാക്കുണ്ടായാൽ ആ രോഗിയെ ഏതെങ്കിലും സ്വകാര്യ ആശുപത്രിയിൽ ചികിത്സിക്കേണ്ടി വരുമ്പോൾ ചെലവാകുന്ന വമ്പിച്ച തുക റീഇംബേഴ്സ് ചെയ്യാൻ വളരെയധികം തടസങ്ങൾ ഇന്ന് നിലവിലുണ്ട്. അത് പലപ്പോഴും തൊഴിലാളികളെയും അവരുടെ കുടുംബത്തെയും വളരെയേറെ പ്രയാസത്തിലാക്കുന്നു. ഇപ്പോൾ റീജിയണൽ ക്യാൻസർ സെന്ററിൽ ഒരു രോഗിയെ അയച്ചാൽ ആ രോഗിക്കു മൂവായിരം രൂപയിൽ കൂടുതൽ ചെലവു വരുന്ന ഏതെങ്കിലുമൊരു ചികിത്സ വേണ്ടിവന്നാൽ അതിന് സ്പെഷ്യൽ ഓർഡർ വേണ്ടിവരുന്ന സ്ഥിതിവിശേഷമാണുള്ളത്. പലപ്പോഴും ശ്രീചിത്രയിലും റീജിയണൽ ക്യാൻസർ സെന്ററിലും ഈ രോഗികൾക്കു ചികിത്സ നൽകാതെ തന്നെ തിരിച്ചയയ്ക്കുന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ശ്രീചിത്രയിലാണെങ്കിൽ അവിടെ അതിനുള്ള പണം ലഭ്യമല്ല, അവർ തിരിച്ചയയ്ക്കുന്നു. വളരെയേറെ ബുദ്ധിമുട്ടുകൾ ആ രംഗത്തുണ്ട്. അതിന് പരിഹാരം കാണുവാൻ കഴിയണം. ചിലപ്പോൾ രണ്ടായിരമോ രണ്ടായിരത്തിയഞ്ഞൂറോ രൂപ വരെ ഡയറക്ടർക്ക് കൊടുക്കാൻ കഴിയുന്ന ലിമിറ്റ് വച്ചിട്ടുണ്ട്. അപ്പോൾ ചെറിയ ഒരു സ്കാൻ ചെയ്യണമെങ്കിൽത്തന്നെ രണ്ടായിരത്തിയഞ്ഞൂറോ മൂവായിരമോ രൂപ കെട്ടിവയ്ക്കണം. ഓരോ രോഗിയും ഇങ്ങനെ ചികിത്സക്കായി ഗവൺമെന്റിനെ സമീപിക്കുകയും അതിനുവേണ്ടിയുള്ള പ്രയാസമനുഭവിക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷത്തിന് മാറ്റമുണ്ടാകണം.

കൊല്ലത്ത് ഇ.എസ്.ഐ.യുടെ കീഴിൽ ഒരു രക്തബാങ്ക് പ്രവർത്തിക്കുന്നുണ്ട്. അതിന്റെ പ്രവർത്തനങ്ങളൊന്നും തന്നെ നടക്കുന്നില്ല. ഒരു മുറിയും അതിനുള്ള മറ്റ് സംവിധാനങ്ങളുമൊക്കെയവിടെയുണ്ട്. പക്ഷേ യാതൊന്നും നടക്കുന്നില്ല. അതുപോലെതന്നെ ഈ ആശുപത്രികളുടെ മെയിന്റനൻസ് ഇപ്പോൾ കേന്ദ്ര പി.ഡബ്ല്യൂ.ഡി.യുടെ കീഴിലാണ് നടക്കുന്നത്. കേന്ദ്ര പി.ഡബ്ല്യൂ.ഡി. ഈ ആശുപത്രികളുടെ മെയിന്റനൻസ് കാര്യത്തിൽ യാതൊരു ശ്രദ്ധയും ചെലുത്തുന്നില്ല. അതിനൊരു മാറ്റമുണ്ടാക്കാനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കും. അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും ആവശ്യമായ പുതിയ യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനും പല പദ്ധതികളും കൊണ്ടുവന്നുവെങ്കിലും അതിനൊക്കെ ആവശ്യമായ സംവിധാനങ്ങളൊരുക്കാൻ കഴിഞ്ഞിട്ടില്ല. അതുപൊലെതന്നെ ഈ ആശുപത്രികളിൽ കുറെക്കൂടി മെച്ചപ്പെട്ട ആധുനിക യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാൻ കഴിയുമോയെന്നുകൂടി പരിശോധിക്കണം. ഈ ആശുപത്രികളോടനുബന്ധിച്ച് ചില ഉപദേശകസമിതികൾ മുമ്പ് പ്രവർത്തിച്ചിരുന്നു. അത് ഇപ്പോൾ പ്രവർത്തനക്ഷമമല്ല. അത് പ്രവർത്തിപ്പിക്കാനും തൊഴിലാളികളുടെ പ്രശ്നങ്ങൾ ചർച്ചചെയ്ത്

LIBRARY ARCHIVES Kerala Legislative Assembly

പരിഹരിക്കുവാനും കഴിയുന്ന രീതിയിലുള്ള സംവിധാനമുണ്ടാക്കണം. നമ്മുടെ തൊഴിലാളികൾക്ക് ക്ഷേമകരമായ പ്രവർത്തനങ്ങൾ നടത്താൻ കഴിയുന്ന വിപുലമായ സംവിധാനങ്ങളുള്ള ഇ.എസ്.ഐ. പദ്ധതി കുറെക്കൂടി കാര്യക്ഷമമായി നടപ്പിലാക്കുന്നതിനാവശ്യമായ അടിയന്തിരനടപടി സ്വീകരിക്കണമെന്ന് ഞാൻ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പു മന്ത്രി (ശ്രീ. ബേബിജോൺ) : സർ, ഇ.എസ്.ഐ. പദ്ധതിയുടെ ആനുകൂല്യം പ്രധാനമായും തൊഴിലാളികൾക്ക് ലഭ്യമാക്കുന്നരീതിയിലുള്ള ഒരു സംവിധാനത്തിനുവേണ്ടി ശ്രമിക്കേണ്ടതാണ്. ഇതിലുള്ള ബുദ്ധിമുട്ടുകൾ എങ്ങനെ പരിഹരിക്കാൻ കഴിയുമെന്ന കാര്യം ആലോചിക്കുന്നതാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഏതാണ്ട് അഞ്ചുലക്ഷത്തോളം ഇൻഷ്വർ ചെയ്ത തൊഴിലാളികൾ ഉണ്ട്. സ്വാഭാവികമായും അതിനെത്തുടർന്ന് 20 ലക്ഷം ഗുണഭോക്താക്കൾ ഈ സ്കീമിൽ ഉൾപ്പെട്ടിട്ടുണ്ട്. ആകെ നമുക്ക് 13 ഇ.എസ്.ഐ. ആശുപത്രികളും 136 ഇ.എസ്.ഐ. ഡിസ്പെൻസറികളും 15 ഹോമിയോ യൂണിറ്റുകളും 10 ആയുർവേദയൂണിറ്റുകളും 14 പാർട്ട്ടൈം അലോപ്പതി യൂണിറ്റുകളും വഴിയാണ് ഇന്ന് ആരോഗ്യപരിപാലനം നടത്തിവരുന്നത്. ഇത് തികച്ചും അപര്യാപ്തമാണെന്നറിയാം. പക്ഷേ ഇതിന് എങ്ങനെ പരിഹാരം കാണാൻ കഴിയുമെന്നുള്ളതിനെപ്പറ്റി ആലോചിക്കേണ്ടിയിരിക്കുന്നു. സാമ്പത്തികസ്ഥിതിയെപ്പറ്റിയാണെങ്കിൽ ഇ.എസ്.ഐ. കോർപ്പറേഷൻ ഇതിനുവേണ്ടി നൽകുന്ന സംഭാവനയും (അവരുടെ വിഹിതം) സംസ്ഥാന ഗവൺമെന്റിന്റെ വിഹിതവും ഉണ്ട്. കഴിഞ്ഞ മൂന്നുവർഷത്തിൽ 1991-94-ലെ മൊത്തം ചെലവ് 17.93 കോടി രൂപയാണ് ഇ.എസ്.ഐ. വിഹിതം 10.09 കോടി രൂപ സംസ്ഥാനഗവൺമെന്റിന്റെ ചെലവ് 7.84 കോടി രൂപയുമാണ്.

അതുപോലെതന്നെ 1994-95-ലെ മൊത്തം ചെലവ് 20.12 കോടി രൂപയും ഇ.എസ്.ഐ.യുടെ വിഹിതം 13.34 കോടി രൂപയും സംസ്ഥാന ഗവൺമെന്റിന്റെ വിഹിതം 6.78 കോടി രൂപയുമാണ്. 1995-96-ൽ മരുന്നിന്റെ വിലവർദ്ധനവും മറ്റ് കാര്യങ്ങളുമൊക്കെ നോക്കുമ്പോൾ മൊത്തം ചെലവ് കൂടി വരികയാണ്. 1995-96-ലെ ഇ.എസ്.ഐ. വിഹിതം 15.28 കോടി രൂപയും സംസ്ഥാന ഗവൺമെന്റ് വിഹിതം 7.68 കോടി രൂപയും ചേർത്ത് മൊത്തം ചെലവ് 22.96 കോടി രൂപയാണ്. അതുപോലെതന്നെ കഴിഞ്ഞ സാമ്പത്തിക വർഷം മരുന്ന് വാങ്ങുന്നതിനു വേണ്ടി മാത്രം മൂന്നുകോടി എൺപതുലക്ഷം രൂപ ചെലവായിട്ടുണ്ട്. ഈ വർഷം ഈ ഇനത്തിൽ നാലുകോടിയോളം രൂപ വേണ്ടിവരുമെന്നാണ് കരുതുന്നത്. ഇതാണ് സ്ഥിതി. ഇതിന്റെ അഡൈ്വസറി കമ്മിറ്റികൾ സംഘടിപ്പിക്കുന്ന കാര്യം ഗവൺമെന്റ് ഉടനടി പരിശോധിക്കുന്നതാണ്. ആധുനിക ചികിത്സാ സൗകര്യങ്ങളും സ്പെഷ്യാലിറ്റിസുമൊക്കെ ഇപ്പോഴും ഇ.എസ്.ഐ. സ്ഥാപനങ്ങളിൽ ഇല്ല. അതെങ്ങനെ കൊണ്ടുവരാൻ കഴിയുമെന്നുള്ളതിനെക്കുറിച്ച് ഇ.എസ്.ഐ. കോർപ്പറേഷൻ ഭാരവാഹികളും കേന്ദ്രഗവൺമെന്റുമായി ആലോചിച്ച് എന്തുനടപടി സ്വീകരിക്കാൻ കഴിയുമെന്നുള്ളതിനെക്കുറിച്ച് പരിശോധിക്കാം. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ശ്രീചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആന്റ് ടെക്നോളജി, റീജിയണൽ ക്യാൻസർ സെന്റർ, മെഡിക്കൽ കോളേജ് എന്നിവിടങ്ങളിലേയ്ക്ക് രോഗികളെ ഇവിടെ നിന്നും ചികിത്സയ്ക്കു വേണ്ടി അയയ്ക്കാറുണ്ട്. അടുത്തകാലത്തായി ശ്രീ. ചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആന്റ് ടെക്നോളജിയിലേയ്ക്ക് കുറെ കുടിശ്ശിക വന്ന

LIBRARY ARCHIVES Kerala Legislative Assembly

പ്പോൾ ചികിത്സയ്ക്കുള്ള മുൻകൂർ തുകയില്ലാതെ രോഗികളെ അവിടെ എടുക്കില്ലെന്നു പറഞ്ഞു. ഈ പ്രശ്നത്തെ ഗൗരവമായി കണ്ടുകൊണ്ട് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടതും ഇ.എസ്.ഐ.യുടെ ശ്രദ്ധയിൽപെട്ടതുമായ രോഗികൾക്ക് അവർ നിശ്ചയിക്കുന്ന തുക മുൻകൂർ നൽകിക്കൊണ്ട് ഈ ഇൻസ്റ്റിറ്റ്യൂട്ടിലേയ്ക്ക് രോഗികളെ ചികിത്സയ്ക്ക് അയയ്ക്കുന്നുണ്ട്. കൊടുക്കാനുള്ള കുടിശ്ശിക വേഗം കൊടുത്തു തീർത്തിട്ട് പഴയ സംവിധാനം തുടരുന്നതിനുവേണ്ടി ഗവൺമെന്റ് ഇപ്പോൾ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഇതൊക്കെയാണെങ്കിലും തൊഴിലാളികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും ഈ സ്കീം കൊണ്ടുദ്ദേശിക്കുന്ന ബഹുമുഖക്ഷേമം പൂർണ്ണമായി ലഭിക്കുന്നില്ല. അതെങ്ങനെ പുനഃസംവിധാനം ചെയ്യാമെന്നുള്ളതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നതാണ്.

ശ്രീ. ബാബുദിവാകരൻ : റീഇംബേഴ്സ്മെന്റ് കിട്ടുന്നതിനുള്ള കാലതാമസമുണ്ട്. ഒരു പത്രപ്രതിനിധിയുടെ കേസ് അങ്ങയുടെ ശ്രദ്ധയിൽ വന്നിട്ടുണ്ട്. ഇതുപോലെ റീഇംബേഴ്സ്മെന്റിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനുവേണ്ടി കോർപ്പറേഷനുമായി ബന്ധപ്പെട്ട് അത് ത്വരിതപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. ബേബിജോൺ : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ പത്രപ്രതിനിധിയുടെ കാര്യത്തെ സംബന്ധിച്ച ഫയൽ ഇന്നലെ എന്റെ കയ്യിൽ കിട്ടിയിട്ടുണ്ട്. അതിനാവശ്യമായ നടപടി സ്വീകരിക്കും. കഴിയുന്നത്ര കുടിശ്ശിക കൊടുത്തു തീർത്തിട്ട് റീ ഇംബേഴ്സ്മെന്റിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## IV. ചരമോപചാരം

### സി.പി. നാരായണൻ, എൻ.കെ. ബാലകൃഷ്ണൻ, പി.എ. ആന്റണി, ടി. കൃഷ്ണൻ, കല്ലട നാരായണൻ, വി.പി.പി. നമ്പൂതിരി, പി.വി. ശങ്കരനാരായണൻ, കെ.വി.കെ. വാര്യർ, കെ. ഭാനു, ശ്രീമതി അന്നാ ചാണ്ടി എന്നിവരുടെ നിര്യാണം

മിസ്റ്റർ സ്പീക്കർ : ഓർഡർ.................. ഓർഡർ ................

കേരള നിയമസഭാംഗങ്ങളായിരുന്ന ശ്രീ. സി.പി. നാരായണൻ, ശ്രീ.എൻ.കെ. ബാലകൃഷ്ണൻ, ശ്രീ.പി.എ. ആന്റണി, ശ്രീ.ടി. കൃഷ്ണൻ, ശ്രീ.കല്ലട നാരായണൻ, ശ്രീ. പി.വി. ശങ്കരനാരായണൻ, തിരുകൊച്ചിനിയമസഭാംഗങ്ങളായിരുന്ന ശ്രീ. വി.പി.പി. നമ്പൂതിരി, ശ്രീ. കെ.വി.കെ. വാര്യർ, ശ്രീ.കെ. ഭാനു, ശ്രീമൂലം പ്രജാസഭയിൽ അംഗമായിരുന്ന ശ്രീമതി അന്നാ ചാണ്ടി എന്നിവർ അടുത്തിടെ നിര്യാതരായി.

ദേശീയ പ്രസ്ഥാനത്തിലൂടെ രാഷ്ട്രീയരംഗത്തേയ്ക്കു വന്ന ശ്രീ. സി. പി. നാരായണൻ കർഷകത്തൊഴിലാളികളെ സംഘടിപ്പിക്കുന്നതിൽ സുപ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. 1947-ൽ അദ്ദേഹം കമ്മ്യൂണിസ്റ്റ് പാർട്ടി അംഗമായി. അവസാനകാലത്ത് പാർട്ടിയുടെ കണ്ണൂർ ജില്ലാ സെക്രട്ടേറിയറ്റ് അംഗം, എൽ. ഡി.എഫ്. ജില്ലാ കമ്മിറ്റി കൺവീനർ എന്നീ നിലകളിൽ പ്രവർത്തിച്ചു വരികയായിരുന്നു. കണ്ണൂർ ജില്ലാ ഭൂവികസന ബാങ്ക് പ്രസിഡന്റ്, എ.കെ.ജി. മെമ്മോ



LIBRARY ARCHIVES Kerala Legislative Assembly

റിയൽ ഹോസ്പിറ്റൽ വൈസ് പ്രസിഡന്റ്, ഖാദി വർക്കേഴ്സ് യൂണിയൻ സ്റ്റേറ്റ് സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. 1987-ലും 1991-ലും പയ്യന്നൂർ നിയോജകമണ്ഡലത്തിൽ നിന്നും നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ശ്രീ. സി.പി. നാരായണൻ ഒരു സാമാജികനെന്ന നിലയിൽ മാതൃകാപരമായ പ്രവർത്തനമാണ് കാഴ്ചവച്ചത്. ഒൻപതാം കേരള നിയമസഭയിൽ ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയിലും അനൗദ്യോഗികാംഗങ്ങളുടെ ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയിലും അദ്ദേഹം അംഗമായിരുന്നു. അദ്ദേഹത്തിന്റെ ലളിതമായ ജീവിതവും വിനയത്തോടെയുള്ള പെരുമാറ്റവും നമ്മുടെ മനസ്സിൽ ഇപ്പോഴും നിറഞ്ഞുനിൽക്കുന്നുണ്ട്. വിവിധ ക്രിമിനൽ കേസ്സുകളിൽപ്പെട്ട് നാലുവട്ടം ജയിലിലടയ്ക്കപ്പെട്ടു. അടിയന്തിരാവസ്ഥകാലത്ത് ഒരു കൊല്ലവും പത്തുമാസവും ജയിൽവാസമനുഭവിച്ചു. മിസപ്രകാരം അറസ്റ്റു വാറന്റ് പുറപ്പെടുവിച്ചിരുന്നെങ്കിലും ഒളിവിൽ പോയ അദ്ദേഹത്തിന്റെ വസ്തുവകകൾ കണ്ടുകെട്ടി, അദ്ദേഹത്തിന്റെ പിതാവിനെ അറസ്റ്റു ചെയ്തു ജയിലിലടയ്ക്കുകയുണ്ടായി. മുനയൻകുന്ന് സമരത്തിൽ പങ്കെടുത്ത അദ്ദേഹം ചീറിപ്പായുന്ന വെടിയുണ്ടകളിൽ നിന്ന് കഷ്ടിച്ച് രക്ഷപ്പെടുകയായിരുന്നു.

അനീതിയെ മുഖം നോക്കാതെ വിമർശിച്ചിരുന്ന ശ്രീ.സി.പി. നാരായണന്റെ ജീവിതരീതിയും പ്രവർത്തനശൈലിയും വരും തലമുറയ്ക്ക് പ്രചോദനം നൽകുമെന്ന കാര്യത്തിൽ രണ്ടുപക്ഷമില്ല.

ബ്രിട്ടീഷ് സർക്കാരിനു കീഴിൽ സഹകരണ വകുപ്പിലുണ്ടായിരുന്ന ഉദ്യോഗം ഉപേക്ഷിച്ചുകൊണ്ട് സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത വ്യക്തിയായിരുന്നു ശ്രീ. എൻ.കെ. ബാലകൃഷ്ണൻ. കാസർകോട് താലൂക്കിൽ സമരപ്രചരണ ജാഥ നടത്തിയതിനെ തുടർന്ന് അദ്ദേഹത്തെ അറസ്റ്റു ചെയ്യുകയും ജയിലിൽ അടയ്ക്കുകയും ചെയ്തു. ഹോസ്ദുർഗ്ഗ് താലൂക്ക് കോൺഗ്രസ് സെക്രട്ടറിയും, കെ.പി.സി.സി. അംഗവുമായിരുന്ന അദ്ദേഹം ഖാദി-ഹിന്ദി പ്രചരണം, ഹരിജനോദ്ധാരണം, മദ്യനിരോധനം എന്നിങ്ങനെ ദേശീയ പ്രസ്ഥാനത്തിന്റെ അനുബന്ധ പ്രവർത്തനങ്ങളിലെല്ലാം പങ്കെടുത്തു. കേരളത്തിലെ കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയുടെ സ്ഥാപകാംഗങ്ങളിലൊരാളായിരുന്നു ശ്രീ. എൻ.കെ. ബാലകൃഷ്ണൻ. പി.എസ്.പി.യുടെ സംസ്ഥാന കമ്മിറ്റി മെമ്പറായും കണ്ണൂർ ജില്ലാ കമ്മിറ്റി സെക്രട്ടറിയായും പ്രവർത്തിച്ചു. പിന്നീട് അദ്ദേഹം സംയുക്ത സോഷ്യലിസ്റ്റു പാർട്ടിയിൽ ചേർന്നു. 1967-ലും, 70-ലും ഹോസ്ദുർഗ്ഗ് മണ്ഡലത്തിൽ നിന്നും നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ശ്രീ. എൻ.കെ. ബാലകൃഷ്ണൻ 1977-ൽ ഉദുമ മണ്ഡലത്തിന്റെ നിയമസഭയിലെ പ്രതിനിധിയായിരുന്നു. അദ്ദേഹം സി.അച്യുതമേനോൻ മന്ത്രിസഭയിലും ശ്രീ. സി.എച്ച്. മുഹമ്മദ്കോയ മന്ത്രിസഭയിലും അംഗമായിരുന്നു. നിയമസഭാസാമാജികനെന്ന നിലയിലും മന്ത്രിയെന്ന നിലയിലും രാഷ്ട്രീയ പ്രതിയോഗികളുടെപോലും പ്രശംസ പിടിച്ചു പറ്റാൻ അദ്ദേഹത്തിന് കഴിഞ്ഞു. അരനൂറ്റാണ്ടുകാലത്തോളം കേരളത്തിന്റെ രാഷ്ട്രീയ, സാമൂഹ്യ സഹകരണ മേഖലകളിൽ കാര്യമായ സംഭാവന നൽകിയ ശ്രീ. ബാലകൃഷ്ണന്റെ നിര്യാണം നമ്മുടെ പൊതുജീവിതത്തിൽ ഒരു നഷ്ടമാണ്.

വിദ്യാർത്ഥി പ്രസ്ഥാനത്തിലൂടെ രാഷ്ട്രീയ ജീവിതം ആരംഭിച്ച ശ്രീ. പി.എ. ആന്റണി കെ.എസ്.യുവിന്റെ സ്ഥാപക സെക്രട്ടറിയായിരുന്നു. നീണ്ട 17 വർഷക്കാലം തൃശ്ശൂർ നഗരസഭാ കൗൺസിലറായിരുന്ന അദ്ദേഹം നാലുവർഷക്കാലം സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാനുമായിരുന്നു. 1972-ൽ നടന്ന ഉപതെരഞ്ഞെടുപ്പിൽ തൃശ്ശൂർ നിയോജകമണ്ഡലത്തിന്റെ പ്രതിനിധി

LIBRARY ARCHIVES Kerala Legislative Assembly

യായി അദ്ദേഹം കേരള നിയമസഭയിലെത്തി. 1984-ലും 1989-ലും തൃശ്ശൂരിൽ നിന്നുതന്നെ അദ്ദേഹം ലോകസഭയിലേയ്ക്കും തെരഞ്ഞെടുക്കപ്പെട്ടു. ദീർഘ കാലം ഡി.സി.സി.(ഐ) പ്രസിഡന്റായിരുന്നു. സെന്റ് തോമസ് കോളേജ് യൂണിയൻ ചെയർമാൻ, സേവാദൾ തൃശ്ശൂർ ജില്ലാ കമ്മിറ്റി ചെയർമാൻ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുള്ള ശ്രീ. ആന്റണി മികച്ച ഒരു ഫുട്ബോളറായി കായികരംഗത്തും വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്. നിയമസഭാ നടപടികളിൽ സജീവമായി പങ്കെടുത്തിട്ടുള്ള അദ്ദേഹം പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയിലും അഷ്വറൻസ് കമ്മിറ്റിയിലും അംഗമായിരുന്നു. ശ്രീ. പി.എ.ആന്റണിയുടെ സേവ നങ്ങൾ ഏറെക്കാലം പ്രകീർത്തിക്കപ്പെടുമെന്ന കാര്യത്തിൽ യാതൊരു സംശ യവുമില്ല.

ഒരു സാധാരണ കർഷക കുടുംബത്തിൽ ജനിച്ച ശ്രീ. ടി.കൃഷ്ണൻ, സി.കേശവൻ, ടി.എം. വർഗ്ഗീസ്, കുമ്പളത്ത് ശങ്കുപിള്ള എന്നിവരോടൊപ്പം സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്തുകൊണ്ടാണ് പൊതുരംഗത്തേയ്ക്ക് കടന്നു വന്നത്. 1957-ലും 60-ലും തൃക്കടവൂർ നിയോജകമണ്ഡലത്തിൽ നിന്ന് അദ്ദേഹം നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു. ശ്രീ. ടി.കൃഷ്ണൻ മൂന്നു വട്ടം നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. 1957-ലും 1960-ലും തൃക്കടവൂരിൽ നിന്നും 1965-ൽ കുന്നത്തൂരിൽ നിന്നുമാണ് നിയമസഭയിലെ ത്തിയത്.

അയ്യൻകാളി ജന്മം നൽകിയ സാധുജന പരിപാലന സംഘത്തിൽ പ്രവർത്തിച്ചിട്ടുള്ള അദ്ദേഹം പിൽക്കാലത്ത് കേരള പുലയർ മഹാസഭയുടെ പ്രസിഡന്റാവുകയും മരണംവരെ ആ പദവിയിൽ തുടരുകയും ചെയ്തു. പട്ടികജാതി-പട്ടികവർഗ്ഗ വികസന സമിതിയുടെ സംസ്ഥാന കമ്മിറ്റിയിൽ ദീർഘകാലം അംഗമായിരുന്നു അദ്ദേഹം. ശ്രീ. ടി. കൃഷ്ണന്റെ നിര്യാണ ത്തോടെ അധഃസ്ഥിതരുടെ അവകാശങ്ങൾക്കുവേണ്ടി ഉഴിഞ്ഞു വച്ച ഒരു ജീവി തത്തിന് തിരശ്ശീല വീണിരിക്കുകയാണ്.

1958 മുതൽ 1977 വരെ പ്രശസ്തമായ നിലയിൽ അദ്ധ്യാപകവൃത്തി യിൽ ഏർപ്പെട്ടതിനുശേഷമാണ് ശ്രീ. കല്ലട നാരായണൻ പൊതുരംഗ ത്തേയ്ക്ക് കടന്നുവന്നത്. 1977-ൽ കുന്നത്തൂർ നിയോജകമണ്ഡലത്തിന്റെ പ്രതിനിധിയായി നിയമസഭയിലെത്തിയ അദ്ദേഹം തുടർച്ചയായി രണ്ടുപ്രാ വശ്യം പ്രസ്തുത മണ്ഡലത്തെ പ്രതിനിധീകരിച്ചു. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയിലും, പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമസമിതിയിലും അംഗമായിരുന്ന ശ്രീ. നാരായണൻ പിന്നോക്ക വിഭാഗങ്ങളുടെ അവകാശങ്ങൾക്കുവേണ്ടി നിയ മസഭയിൽ എന്നും ശബ്ദമുയർത്തിയ നേതാവായിരുന്നു. ഡി.ജി.ടി.എ., ഡി. ജി.ടി.ഒ, എന്നീ അദ്ധ്യാപക സംഘടനകളുടെ കൊല്ലം ജില്ലാ പ്രസിഡന്റായി രുന്ന ശ്രീ. നാരായണൻ കശുവണ്ടി ഫാക്ടറി വർക്കേഴ്സ് യൂണിയൻ പ്രസി ഡന്റ്, കേരള ഹരിജൻ സംയുക്ത സമിതി കൺവീനർ, സിദ്ധനർ സർവ്വീസ് സൊസൈറ്റി സംസ്ഥാന പ്രസിഡന്റ്, കേരള കർഷകത്തൊഴിലാളി ഫെഡറേ ഷൻ പ്രസിഡന്റ്, കർഷകത്തൊഴിലാളി ക്ഷേമ ബോർഡ് ചെയർമാൻ എന്നീ പദവികളും വഹിച്ചിട്ടുണ്ട്. അദ്ധ്യാപകനെന്ന നിലയിലും നിയമസഭാ സാമാജി കനെന്ന നിലയിലും പ്രശസ്തമായ നിലയിൽ സേവനം കാഴ്ചവച്ചിട്ടുള്ള കല്ലട നാരായണന്റെ നിര്യാണംമൂലം സംഘടിത തൊഴിലാളി വർഗ്ഗത്തിന് കരു ത്തനായ ഒരു സാരഥിയെയാണ് നഷ്ടമായിരിക്കുന്നത്.

1942-ൽ ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന്റെ പ്രവർത്തകനായി രംഗത്തുവന്ന ശ്രീ. പി.വി. ശങ്കരനാരായണൻ പടിപടിയായി ഉയർന്ന് പാർട്ടിയു

LIBRARY ARCHIVES Kerala Legislative Assembly

ടെയും ഐ.എൻ.ടി.യു.സി.യുടെയും നേതൃത്വ നിരയിൽ എത്തിയ ആളാണ്. ദീർഘകാലം കോഴിക്കോട് നഗരസഭാ കൗൺസിലറായും, 1968-ൽ കോഴിക്കോട് നഗരസഭാ മേയറായും അദ്ദേഹം സേവനം അനുഷ്ടിച്ചിട്ടുണ്ട്. 1970-ൽ കോഴിക്കോട് ഒന്നാം നിയോജകമണ്ഡലത്തിൽ നിന്ന് അദ്ദേഹം നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു. നിയമസഭാ പ്രവർത്തനങ്ങളെ ഗൗരവപൂർവ്വം വീക്ഷിച്ചിരുന്ന ശ്രീ. ശങ്കരനാരായണൻ എസ്റ്റിമേറ്റ്സ് കമ്മിറ്റിയിലും പ്രിവിലേജസ് കമ്മിറ്റിയിലും അംഗമായിരുന്നു. വിദ്യുച്ഛക്തി ബോർഡ്, ട്രാൻസ്പോർട്ട് കോർപ്പറേഷൻ തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളിലെ തൊഴിലാളി സംഘടനയുടെ നേതാവെന്ന നിലയിലും കാലിക്കട്ട് യൂണിവേഴ്സിറ്റി സെനറ്റംഗം, റബ്ബർ ബോർഡ് വൈസ് ചെയർമാൻ എന്നീ നിലകളിലും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. എ.ഐ.സി.സി. അംഗമായും കെ.പി.സി.സി. അംഗമായും പ്രവർത്തിച്ചിട്ടുണ്ട്. കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് അസ്സോസിയേഷൻ പ്രസിഡന്റ്, ഐ.എൻ.ടി.യു.സി.യുടെ വൈസ്-പ്രസിഡന്റ്, ജില്ലാ പ്രസിഡന്റ് എന്നീ പദവികളും അദ്ദേഹം വഹിച്ചിട്ടുണ്ട്. ശ്രീ. പി.വി. ശങ്കരനാരായണന്റെ നിര്യാണംമൂലം പ്രമുഖനായ ഒരു തൊഴിലാളി നേതാവിനെയാണ് നമുക്ക് നഷ്ടമായിരിക്കുന്നത്.

യാഥാസ്ഥിതികമായ ചുറ്റുപാടിൽ ജനിച്ചുവളർന്നുവെങ്കിലും സാമുദായികമായ ഉച്ചനീചത്വങ്ങൾക്കെതിരെ ശബ്ദമുയർത്താൻ ധൈര്യം കാണിച്ച ചുരുക്കം ചിലരിൽ ഒരാളാണ് വി.പി.പി. നമ്പൂതിരി. പ്രജാസോഷ്യലിസ്റ്റ് പാർട്ടിയിൽ അംഗത്വം സ്വീകരിച്ചുകൊണ്ടാണ് അദ്ദേഹം സജീവ രാഷ്ട്രീയ പ്രവർത്തനത്തിന് തുടക്കം കുറിച്ചത്. 1954-ൽ തിരു-കൊച്ചി നിയമസഭയിലേയ്ക്ക് നടന്ന തെരഞ്ഞെടുപ്പിൽ കടപ്ര നിയോജകമണ്ഡലത്തിൽ നിന്ന് അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടു. 1964-ൽ സംയുക്ത സോഷ്യലിസ്റ്റു പാർട്ടി സ്ഥാനാർത്ഥിയായി മത്സരിക്കുകയുണ്ടായി. തിരക്കേറിയ പൊതുപ്രവർത്തനങ്ങൾക്കിടയിലും ഒരു മാതൃകാദ്ധ്യാപകൻ എന്ന നിലയിൽ പ്രശസ്തമായ സേവനം കാഴ്ചവയ്ക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. 1965-ൽ പെരിങ്ങര പഞ്ചായത്തിലേയ്ക്ക് എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ട ശ്രീ. വി.പി.പി.നമ്പൂതിരി രണ്ടുവർഷം പ്രസ്തുത പഞ്ചായത്തിന്റെ പ്രസിഡന്റ് സ്ഥാനവും വഹിക്കുകയുണ്ടായി. അക്കാലത്താണ് അദ്ദേഹം കമ്മ്യൂണിസ്റ്റ്-മാർക്സിസ്റ്റ് പാർട്ടിയിൽ ചേർന്നത്. ശയ്യാവലംബിയായി കഴിയുമ്പോഴും തന്റെ പ്രസ്ഥാനത്തോടുള്ള പ്രതിബദ്ധത കാത്തു സൂക്ഷിക്കണമെന്ന് അദ്ദേഹത്തിന് നിർബന്ധമുണ്ടായിരുന്നു. മുണ്ടക്കയം തോട്ടം തൊഴിലാളി യൂണിയൻ, കുട്ടനാട് കർഷക തൊഴിലാളി യൂണിയൻ, പുളിക്കീഴ് ട്രാവൻകൂർ ഷുഗർ ഫാക്ടറി തൊഴിലാളി യൂണിയൻ, മദ്യവ്യവസായ തൊഴിലാളി യൂണിയൻ തുടങ്ങി നിരവധി സംഘടനകളുടെ നേതൃസ്ഥാനവും അദ്ദേഹം വഹിച്ചിട്ടുണ്ട്. ബഹുമുഖപ്രതിഭകളുള്ള ഒരു പൊതുപ്രവർത്തകനെയാണ് ശ്രീ. വി.പി.പി. നമ്പൂതിരിയുടെ നിര്യാണത്തോടെ നമുക്ക് നഷ്ടമായിരിക്കുന്നത്.

ഒരു സ്വാതന്ത്ര്യസമരസേനാനിയെന്ന നിലയിലാണ് ശ്രീ. കെ.വി. കൃഷ്ണൻകുട്ടി വാരിയർ പൊതുരംഗത്തേയ്ക്ക് കടന്നുവന്നത്. പിൽക്കാലത്ത് കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ അംഗമായ അദ്ദേഹം 1952-ൽ ഇരിങ്ങാലക്കുടയിൽ നിന്ന് തിരു-കൊച്ചി നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു. നിയമജ്ഞനെന്ന നിലയിലും പൊതുപ്രവർത്തകനെന്ന നിലയിലും അദ്ദേഹം മികച്ച സംഭാവനകൾ നൽകിയിട്ടുണ്ട്. കേരളാ ഭൂപരിഷ്ക്കരണ നിയമത്തിന്റെ വിവിധവശങ്ങളെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ വ്യാഖ്യാനങ്ങൾ ശ്രദ്ധേയങ്ങളാ

LIBRARY ARCHIVES Kerala Legislative Assembly

യിരുന്നു. ദേശാഭിമാനി, ഇൻഡ്യൻ എക്സ്പ്രസ് എന്നീ ദിനപ്പത്രങ്ങളുടെ സഹപത്രാധിപസ്ഥാനവും ശ്രീ. വാരിയർ വഹിച്ചിട്ടുണ്ട്. നിരവധി സമരങ്ങളിൽ പങ്കെടുത്തിട്ടുള്ള ശ്രീ. കെ.വി.കെ. ദീർഘകാലം ജയിൽവാസം അനുഷ്ടിച്ചിട്ടുണ്ട്. ഇരിങ്ങാലക്കുട നഗരസഭാംഗം, ഫ്രീഡം ഫൈറ്റേഴ്സ് അസോസിയേഷൻ ജില്ലാ കമ്മിറ്റിയംഗം ഉണ്ണായിവാര്യർ സ്മാരക കലാനിലയത്തിന്റെ സ്ഥാപകാംഗം എന്നീ നിലകളിലും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. പ്രശസ്തനായ വാഗ്മിയും എഴുത്തുകാരനുമായിരുന്ന ശ്രീ. കെ.വി.കെ. വാരിയരുടെ വിയോഗം പുരോഗമന വിപ്ലവപ്രസ്ഥാനങ്ങൾക്ക് കനത്ത നഷ്ടമാണുണ്ടായിരിക്കുന്നത്.

1952-53 കാലയളവിൽ മുതുകുളം നിയോജകമണ്ഡലത്തിന്റെ പ്രതിനിധിയായിട്ടാണ് ശ്രീ. കെ.ഭാനു തിരു-കൊച്ചി നിയമസഭയിൽ എത്തിയത്. കെ.പി.സി.സി. എക്സിക്യൂട്ടീവ് അംഗം, ഡി.സി.സി. അംഗം, എസ്.എൻ.ഡി.പി. യോഗം അസിസ്റ്റന്റ് സെക്രട്ടറി, എസ്.എൻ.ട്രസ്റ്റ് അംഗം എന്നീ സ്ഥാനങ്ങളും അദ്ദേഹം വഹിച്ചിട്ടുണ്ട്. ദീർഘകാലം മാവേലിക്കര ബാറിൽ അഭിഭാഷകനായിരുന്ന ശ്രീ. ഭാനു, പത്രപ്രവർത്തനരംഗത്തും വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്. 'ദിനമണി' ദിനപ്പത്രത്തിന്റെ മാനേജരും, പത്രാധിപരുമായിരുന്ന അദ്ദേഹം കുറെക്കാലം കേരളകൗമുദിയുടെ പത്രാധിപസമിതിയിലും അംഗമായിരുന്നു. വൈവിധ്യമാർന്ന പ്രവർത്തനരംഗങ്ങളിൽ പ്രശസ്തമായ സേവനം കാഴ്ചവച്ച ശ്രീ. കെ.ഭാനുവിന്റെ നിര്യാണം അത്യന്തം ദു:ഖകരമാണ്.

ചരിത്രം തിരുത്തിക്കുറിച്ച നിരവധി ബഹുമതികളുടെ ഉടമയായിരുന്നു ശ്രീമതി അന്നാചാണ്ടി. സ്ത്രീകൾ പൊതുരംഗത്തേയ്ക്ക് കടന്നുവരാൻ ധൈര്യപ്പെടാതിരുന്ന ഒരു കാലത്ത് സ്ത്രീസമത്വവാദിയെന്ന നിലയിലും അഭിഭാഷകയെന്ന നിലയിലും വ്യക്തിമുദ്ര പതിപ്പിക്കാൻ അവർക്ക് കഴിഞ്ഞു. സ്വന്തം കഴിവുകളുടെ പിൻബലത്തിലാണ് 1931-32 കാലയളവിൽ ശ്രീമൂലം പ്രജാസഭയിലേയ്ക്കും നാലാം തിരുവിതാംകൂർ ലെജിസ്ലേറ്റീവ് കൗൺസിലിലേയ്ക്കും അവർ നാമനിർദ്ദേശം ചെയ്യപ്പെട്ടത്. 1937-ൽ മുൻസിഫായി നിയമനം ലഭിച്ച ശ്രീമതി അന്നാചാണ്ടി ഇൻഡ്യയിലെ മാത്രമല്ല കോമൺവെൽത്ത് രാഷ്ട്രങ്ങളിലെതന്നെ ആദ്യത്തെ വനിതാ ജുഡീഷ്യൽ ഓഫീസറായിരുന്നു. പിന്നീടവർക്ക് ജില്ലാ സെഷൻസ് ജഡ്ജിയായും ഹൈക്കോടതി ജഡ്ജിയായും സ്ഥാനക്കയറ്റം ലഭിച്ചു. അങ്ങനെ അന്നാചാണ്ടി ഇൻഡ്യയിലെ പ്രഥമ വനിതാ ഹൈക്കോടതി ജഡ്ജിയായി. ഉദ്യോഗത്തിൽനിന്ന് വിരമിച്ചശേഷം കേന്ദ്ര ലോ കമ്മീഷൻ അംഗമായും അവർ പ്രവർത്തിച്ചിട്ടുണ്ട്. വനിതകൾക്കുവേണ്ടിയുള്ള ഇൻഡ്യയിലെ ആദ്യത്തെ പ്രസിദ്ധീകരണം എന്ന ഖ്യാതി അവരുടെ പത്രാധിപത്യത്തിലിറങ്ങിയ 'ശ്രീമതി' വാരികയ്ക്കവകാശപ്പെട്ടതാണ്. ആധുനിക ഭാരതീയ സ്ത്രീത്വത്തിന്റെ അഭിമാനമായിരുന്ന ശ്രീമതി അന്നാചാണ്ടിയുടെ ജീവിതം വരും തലമുറയുടെ മുന്നിൽ ഒരു മഹനീയ മാതൃകയായി ഏറെക്കാലം ഉയർന്നുനിൽക്കുമെന്ന് നമുക്ക് പ്രത്യാശിക്കാം.

പരേതരോടുള്ള ആദരസൂചകമായി നമുക്ക് രണ്ടുമിനിറ്റ് മൗനം ആചരിക്കാം (പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പനേരം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു).



LIBRARY ARCHIVES Kerala Legislative Assembly

# V. റൂളിംഗ്

## പ്രതിപക്ഷ കക്ഷികൾക്ക് വാക്കൗട്ടിന് മുമ്പ് പ്രസ്താവന നടത്താൻ അവസരം നൽകണമെന്നതിനെ സംബന്ധിച്ച്

മിസ്റ്റർ സ്പീക്കർ : പ്രതിപക്ഷ കക്ഷി നേതാക്കൾക്ക് വാക്കൗട്ടിനു മുമ്പ് പ്രസ്താവന നടത്താൻ അവസരം നൽകാതിരുന്നതിനെ സംബന്ധിച്ച് കഴിഞ്ഞ ദിവസം ഈ സഭയിൽ പരാമർശം ഉണ്ടായി. ഇക്കാര്യത്തിൽ കീഴ്വഴക്ക ലംഘനമൊന്നും ഉണ്ടായിട്ടില്ല എന്നും സബ്മിഷനെത്തുടർന്നുള്ള വാക്കൗട്ടിനു മുമ്പ് പ്രസ്താവന നടത്താൻ പ്രതിപക്ഷ നേതാവിനെ മാത്രമേ അനുവദിക്കാറുള്ളു എന്നും ചെയർ അപ്പോൾത്തന്നെ വ്യക്തമാക്കിയിരുന്നു. എന്നാൽ സബ്മിഷനെ തുടർന്നുള്ള വാക്കൗട്ടുകളിൽ കക്ഷിനേതാക്കൻമാരെ സംസാരിക്കാൻ അനുവാദം നൽകിയ കീഴ്വഴക്കം കഴിഞ്ഞ സഭയിൽ ഉണ്ടായിരുന്നു എന്ന് പ്രതിപക്ഷ കക്ഷി നേതാക്കൻമാരും, അപ്രകാരം കീഴ്വഴക്കമില്ലെന്ന് ശ്രീ. കൃഷ്ണൻ കണിയാംപറംപിലും, ശ്രീ. പിണറായി വിജയനും ചൂണ്ടിക്കാട്ടിയിരുന്നു. സഭാ നടപടികൾ സുഗമമായി മുന്നോട്ടു കൊണ്ടുപോകുക എന്ന ചെയറിന്റെ ബാധ്യത കണക്കിലെടുത്ത് പ്രതിപക്ഷ കക്ഷി നേതാക്കന്മാർക്കു കൂടി അന്ന് ഒരു പ്രത്യേക കേസായി സംസാരിക്കുവാൻ ചെയർ അനുവദിച്ചു. കഴിഞ്ഞ നിയമസഭയുടെ കാലത്ത്, 1991 മുതൽ 95 വരെയുള്ള വാക്കൗട്ടുകളെ സംബന്ധിച്ച രേഖകൾ ചെയർ വിശദമായി പരിശോധിച്ചു. കഴിഞ്ഞ നിയമസഭയിൽ അടിയന്തിര പ്രമേയങ്ങളുമായി ബന്ധപ്പെട്ട 62 വാക്കൗട്ടുകൾ നടക്കുകയുണ്ടായി. അടിയന്തിര പ്രമേയം ഒഴികെ മറ്റു കാര്യങ്ങളുമായി ബന്ധപ്പെട്ട 13 വാക്കൗട്ടുകളും സബ്മിഷനുമായി ബന്ധപ്പെട്ട ആറു വാക്കൗട്ടുകളും നടന്നിട്ടുണ്ട്. മറ്റു വാക്കൗട്ടുകൾക്കു മുൻപ് പ്രതിപക്ഷ നേതാവിനെയൊഴികെ കക്ഷിനേതാക്കന്മാരെ പ്രസ്താവന നടത്താൻ അനുവദിച്ച കീഴ്വഴക്കം കഴിഞ്ഞ നിയമസഭയിൽ ഉണ്ടായിട്ടില്ല എന്ന് രേഖകളിൽ കാണുന്നു. ഇക്കാര്യത്തിൽ ചെയർ പറഞ്ഞ കാര്യം ഒന്നു കൂടി ആവർത്തിക്കുകയും കഴിഞ്ഞ സഭയിലെ കീഴ്വഴക്കം തുടർന്നുകൊണ്ട് സബ്മിഷനുമായി ബന്ധപ്പെട്ടു നടത്തുന്ന വാക്കൗട്ടിനു മുൻപ് പ്രതിപക്ഷ നേതാവിനു മാത്രമേ പ്രസ്താവന ചെയ്യാൻ അവസരം നൽകുകയുള്ളു എന്നും അറിയിച്ചു കൊള്ളുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, 1977 ജൂലായ് മാസം 4-ാം തീയതി ഈ സഭയിൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ശ്രീ. ഇ.എം.എസ്. നമ്പൂതിരിപ്പാട് സ്റ്റേറ്റ്മെന്റ് വയ്ക്കുകയും, സബ്മിഷനിൽ വാക്കൗട്ട് നടത്തുകയും തുടർന്ന് ശ്രീ. കെ. ചന്ദ്രശേഖരൻ നടത്തിയ സ്റ്റേറ്റ്മെന്റാണിത്.

(ബഹുമാനപ്പെട്ട മെമ്പർ സ്റ്റേറ്റ്മെന്റിന്റെ കോപ്പി സഭയിൽ ഉയർത്തിക്കാണിച്ചു)

മി. സ്പീക്കർ : അങ്ങ് വീണ്ടും വിവാദത്തിലേക്കു പോകരുത്. ചെയർ വളരെ വ്യക്തമായി പറഞ്ഞു.

ശ്രീ. ആര്യാടൻ മുഹമ്മദ് : ഈ സഭയിൽ കീഴ്വഴക്കം ഉണ്ട്.

മി. സ്പീക്കർ : 1991 മുതൽ 95 വരെയുള്ള സഭാനടപടികൾ പരിശോധിച്ചിട്ടാണ് ചെയർ പറയുന്നത്.

.............. (ബഹളം) ................

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആര്യാടൻ ഉന്നയിച്ചത് ഈ സഭയ്ക്ക് പ്രസക്തമല്ല.

ശ്രീ.എ.കെ. ആന്റണി : സർ, ഞാൻ അങ്ങയുടെ റൂളിംഗിനെ ചോദ്യം ചെയ്യുകയല്ല. ഒരു സഭയുടെ കീഴ്‌വഴക്കമെന്നു പറഞ്ഞാൽ ഈ നിയമസഭ പത്താം കേരള നിയമസഭയിൽ ഒൻപതാം കേരള നിയമസഭയുടെ കീഴ്‌വഴക്കം മാത്രമല്ല ഈ സഭയുടെ കീഴ്‌വഴക്കം. ഒന്നാം കേരള നിയമസഭ മുതൽ പത്താം നിയമസഭവരെയുള്ള സഭകളുടെ കീഴ്‌വഴക്കങ്ങളും സഭയുടെ കീഴ്‌വഴക്കമായിട്ടാണ് കണക്കാക്കുന്നത്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ.ടി. ശിവദാസമേനോൻ) : ഇവിടെ ബഹുമാനപ്പെട്ട ചെയർ റൂളിംഗ് നൽകിക്കഴിഞ്ഞു. ആ റൂളിംഗ് നൽകിയ പ്രശ്നം, കഴിഞ്ഞ നിയമസഭയിൽ ഇത്തരത്തിൽ നടന്നിട്ടുണ്ടോ എന്നാണ്. അങ്ങനെ നടന്നിട്ടില്ല എന്ന് അങ്ങു മറുപടി പറഞ്ഞു.

മി. സ്പീക്കർ : ഇനി ഇതിൽ ചർച്ചയില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് വളരെ പ്രസക്തമായ കാര്യമാണ് ശ്രദ്ധയിൽപ്പെടുത്തിയതും അതിന് മറുപടി പറയാം. അദ്ദേഹം പറഞ്ഞത്, കീഴ്‌വഴക്കം എന്ന നിലയിൽ ഒരു സഭയ്ക്ക് തൊട്ടുമുമ്പുള്ള സഭയിലുള്ള കാര്യങ്ങൾ മാത്രമല്ല, എല്ലാ കീഴ്‌വഴക്കങ്ങളും പരിശോധിക്കണം എന്നാണ്. അതു വളരെ പ്രസക്തമാണ്. അതുകൂടി ചേർത്തുകൊണ്ട് ഞാൻ വീണ്ടും ആവർത്തിക്കാൻ ആഗ്രഹിക്കുന്ന, പഴയ കീഴ്‌വഴക്കങ്ങളെല്ലാം വച്ചുകൊണ്ട് ഒൻപതാം കേരള നിയമസഭയിൽ അന്നത്തെ പ്രതിപക്ഷ നേതാക്കൾ അവർക്ക് ഈ ആവശ്യം വേണമെന്ന് ആവർത്തിച്ച് ആവശ്യപ്പെട്ടപ്പോൾ എന്റെ മുൻഗാമികളായ ശ്രീ. പി.പി. തങ്കച്ചനും ശ്രീ. തേറമ്പിൽ രാമകൃഷ്ണനും അനുവദിച്ചിട്ടില്ല. അതാണ് അവസാനത്തെ കീഴ്‌വഴക്കമെന്നു ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് മനസ്സിലാക്കണം.

# VI. സബ്മിഷൻ

## (1) എഫ്.സി.ഐ.യുടെ സബ്ഡിപ്പോകൾ നിർത്തലാക്കുമ്പോൾ ഉണ്ടാകുന്ന സ്ഥിതി വിശേഷം

ശ്രീ. പി.ജെ. ഫ്രാൻസിസ് : സർ, കേരളത്തിൽ എഫ്.സി.ഐ.യുടെ 19 സബ്ഡിപ്പോകൾ നിർത്തലാക്കാനുള്ള തീരുമാനമെടുത്തതായി അറിയുന്നു. കേരളത്തിലെ റേഷൻ കടകൾക്ക് ഭക്ഷ്യധാന്യം വിതരണം നടത്താനുള്ള ചുമതല എഫ്.സി.ഐ. ഏറ്റെടുക്കുന്നത് 1969 മുതലാണ്. അങ്ങനെ 27 വർഷമായി കേരളത്തിലെ എഫ്.സി.ഐ.യുടെ മെയിൻ ഡിപ്പോകളും സബ് ഡിപ്പോകളും റേഷൻ കടകൾക്ക് ഭക്ഷ്യധാന്യം വിതരണം നടത്തിക്കൊണ്ടിരിക്കുകയാണ്. മെയിൻ ഡിപ്പോകളിലും, സബ്ഡിപ്പകളിലും ഭക്ഷ്യധാന്യ സംഭരണവും വിതരണവും നടത്തിക്കൊണ്ടിരിക്കുന്നു. 27 വർഷമായി തൊഴിൽ ചെയ്യുന്ന തൊഴിലാളികളെ ആദ്യകരാറുകാരുടെ പണിക്കാരായിട്ടാണ് അംഗീകരിച്ചിരുന്നത്. എന്നാൽ കേന്ദ്രത്തിൽ കരാർ പണി നിരോധിച്ച നിയമം വന്നുകഴിഞ്ഞപ്പോൾ എഫ്.സി.ഐ. ഈ തൊഴിലാളികളെ എഫ്.സി.ഐ.യുടെ തൊഴിലാളികളായി അംഗീകരിക്കുകയും അവരുടെ പേരുകൾ രജിസ്റ്റർ ചെയ്യുകയും അവർക്ക് ഫോട്ടോ പതിച്ച ഐഡന്റിറ്റി കാർഡ് കൊടുക്കുകയും ചെയ്തു. എന്നാൽ ആ നിയമത്തിന്റെ ആനുകൂല്യം സബ്ഡിപ്പോ തൊഴിലാളികൾക്ക് നിഷേധിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

മെയിൻ ഡിപ്പോയിലെ തൊഴിലാളികൾക്ക് അവർ ചെയ്യുന്ന പണിയുടെ കൂലി കരാർ സൊസൈറ്റികളാണ് കൊടുക്കുന്നതെങ്കിൽത്തന്നെയും മെയിൻ ഡിപ്പോയിലെ സ്ഥിരം തൊഴിലാളികൾക്ക് പ്രതിമാസം 420 രൂപ വേതനമായി എഫ്.സി.ഐ. കൊടുക്കുന്നു. അങ്ങനെയുള്ള ആനുകൂല്യം എഫ്.സി.ഐ. സബ്ഡിപ്പോകൾക്ക് കൊടുക്കാതിരുന്നത് പൊതുവിതരണ ചുമതല നടത്താനുള്ള സാദ്ധ്യത എഫ്.സി.ഐ.ക്ക് ഇല്ല എന്ന സുപ്രീംകോടതി വിധി ഉള്ളതുകൊണ്ടാണ്. പത്തൊൻപതു സബ്ഡിപ്പോകൾ പൂട്ടുമ്പോൾ അവിടത്തെ തൊഴിലാളികൾ വഴിയാധാരമാകും. അതുകൊണ്ട് എഫ്.സി.ഐ.യിൽ നിർബ്ബന്ധം ചെലുത്തി ഇവരെ മെയിൻ ഡിപ്പോയിലെ തൊഴിലാളികളാക്കി മാറ്റാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭക്ഷ്യ, വിനോദസഞ്ചാര-നിയമവകുപ്പു മന്ത്രി (ശ്രീ.ഇ.ചന്ദ്രശേഖരൻ നായർ) : സർ, ഈ ഒരു തർക്കം വളരെക്കാലമായിട്ടുള്ളതാണ്. ഹൈക്കോടതിയുടെയും സുപ്രീം കോടതിയുടെയും തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ഗവൺമെന്റ് 1-7-96 മുതൽ അവരുടെ സബ്ഡിപ്പോകളുടെ പ്രവർത്തനം നിറുത്തി. അങ്ങനെ നിർത്തിയപ്പോൾ ഇപ്പോഴത്തെ പുതിയ ഗവൺമെന്റ് ഇതിൽ ഒരു അറേഞ്ച്മെന്റും ചെയ്യാൻ ഒക്കുകയില്ല എന്നു പറഞ്ഞ് എഴുത്തു മുഖാന്തിരവും ടെലിഫോൺ മുഖാന്തിരവും കേന്ദ്ര മന്ത്രിയുമായി ബന്ധപ്പെടുകയും മുഖ്യമന്ത്രി നേരിട്ട് നിവേദനം നടത്തുകയും ചെയ്തതിന്റെ ഫലമായി 1-1-97 വരെ ഒരു സമയം തന്നിട്ടുണ്ട്. അതിനകം ഈ ഡിപ്പോകളെല്ലാം സംസ്ഥാന ഗവൺമെന്റ് ഏറ്റെടുക്കേണ്ടിയിരിക്കുകയാണ്. ഏതു സംവിധാനം വേണമെന്നുള്ള ഫൈനൽ ഡിസിഷനിൽ സംസ്ഥാന ഗവൺമെന്റ് എത്തിയിട്ടില്ല. ഇതു വല്ല സഹകരണ സ്ഥാപനങ്ങൾക്കും കൊടുക്കാം. അല്ലെങ്കിൽ വേറെ സ്വകാര്യ വ്യക്തികൾക്ക് കൊടുക്കാമെന്നാണു ഗവൺമെന്റ് റൂൾ ഔട്ട് ചെയ്തത് എന്നാൽ സ്വകാര്യ വ്യക്തികൾക്ക് കൊടുക്കുന്നില്ല. വെയർ ഹൗസിംഗ് കോർപ്പറേഷന് കൊടുക്കാം അല്ലെങ്കിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന് കൊടുക്കാം. ഈ മൂന്നിൽ ഏതുവേണം എന്നതിന്റെ ഫൈനൽ ഡിസിഷൻ ആയിട്ടില്ല. എഫ്.സി.ഐ.യും അവരുടെ തൊഴിലാളികളെയും ഗവേൺ ചെയ്യുന്ന കാര്യം, അവർ തമ്മിലുള്ള തർക്കങ്ങൾ ഒക്കെ സിവിൽ സപ്ലൈസ് കോർപ്പറേഷനോ കോ-ഓപ്പറേറ്റീവിനോ വെയർഹൗസിംഗ് കോർപ്പറേഷനോ ഏറ്റെടുക്കാൻ സാധിക്കുന്നില്ല. അത് വേറൊരു ലെയർ ഡിസ്പ്യൂട്ടാണ്. എന്തു ചെയ്യണം എന്നതിനെക്കുറിച്ച് ഗവൺമെന്റ് പരിശോധിച്ചിട്ടില്ല. ഏതായാലും അവരുടെ കാര്യത്തിൽ എന്തെങ്കിലും ആനുകൂല്യം ചെയ്യാൻ ഒക്കുമോ എന്നുള്ളത് പരിശോധിക്കുന്നതാണ്.

### (2) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ കൃത്യസമയത്ത് രജിസ്ട്രേഷൻ പുതുക്കാതിരുന്നവർക്കു ഒരവസരം കൂടി കൊടുക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. കെ.പി. സതീഷ്ചന്ദ്രൻ : സർ, കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേരു രജിസ്റ്റർ ചെയ്ത അഭ്യസ്തവിദ്യരായ ചെറുപ്പക്കാർ നേരിടുന്ന സുപ്രധാനമായ പ്രശ്നം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേരു രജിസ്റ്റർ ചെയ്ത ആയിരക്കണക്കിന് ചെറുപ്പക്കാരുടെ പേരുകൾ യഥാസമയം പുതുക്കിയില്ല എന്ന കാരണത്താൽ ക്യാൻസൽ ചെയ്തിരിക്കുകയാണ്. അഞ്ചും

LIBRARY ARCHIVES Kerala Legislative Assembly

പത്തും വർഷ സീനിയോറിറ്റിയുള്ള രജിസ്ട്രേഷൻ പോലും അങ്ങനെ റദ്ദാക്കപ്പെട്ടിട്ടുണ്ട്. ബിരുദവും ബിരുദാനന്തര ബിരുദവും നേടിയിട്ടും തൊഴിൽ ലഭിക്കാതെ വിഷമിക്കുന്ന ചെറുപ്പക്കാരുടെ പ്രയാസങ്ങൾക്കിടയിൽ രജിസ്ട്രേഷൻ തന്നെ റദ്ദാക്കി വിഷമിപ്പിക്കുന്നത് ക്രൂരതയാണ്. തൊഴിലില്ലായ്മ വേതനത്തിനുള്ള അവരുടെ അർഹത നഷ്ടമാകുന്നു. മാത്രമല്ല താല്ക്കാലിക നിയമനത്തിനുള്ള അവസരങ്ങൾപോലും ഈ വിഭാഗം ചെറുപ്പക്കാർക്ക് നിഷേധിക്കപ്പെടുകയാണ്. അങ്ങനെ റദ്ദാക്കപ്പെട്ടവരുടെ സംഖ്യ ഇരുപതിനായിരത്തോളം വരും എന്നാണ് കണക്കാക്കിയിട്ടുള്ളത്. അതുകൊണ്ട് എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ റദ്ദാക്കിയത് പുനസ്ഥാപിക്കാൻ ഗവൺമെന്റ് അവസരം നൽകണമെന്നും ഏറ്റവും കുറഞ്ഞത് ആറുമാസത്തേക്കെങ്കിലും ഈ തീരുമാനം നീട്ടിക്കൊടുക്കണമെന്നും അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി.ഷണ്മുഖദാസ്) : സർ, നിലവിലുള്ള നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ മൂന്നു വർഷം കഴിയുമ്പോൾ രജിസ്ട്രേഷൻ പുതുക്കണം. അതിനു എന്തെങ്കിലും താമസം വന്നാൽ ആറുമാസത്തിനകം രോഗകാരണമാണെങ്കിൽ മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കണം. പ്രകൃതിക്ഷോഭമോ മറ്റു കാരണങ്ങളോ ആണെങ്കിൽ റവന്യൂ അധികാരികളുടെ സർട്ടിഫിക്കറ്റ് കാണിച്ച രജിസ്ട്രേഷൻ പുതുക്കാൻ അനുവാദം കൊടുക്കാറുണ്ട്. എന്നാൽ ഇതിനു വ്യത്യസ്തമായി രജിസ്ട്രേഷൻ പുതുക്കിയില്ല എന്ന പരാതി കിട്ടുമ്പോൾ ഗവൺമെൻര് രജിസ്ട്രേഷൻ പുതുക്കുന്നതിനു തീയതി എക്സ്റ്റന്റ് ചെയ്തു കൊടുക്കാറുണ്ട്. 1988-ലും 1990-ലും 1992-ലും 1993-ലും ഇങ്ങനെ കൊടുത്തു. പിന്നീട് 1996-ൽ കൊടുത്തു. 1996-ൽ കൊടുത്തത് മേയ്മാസം 31-ാം തീയതിവരെയുണ്ടായിരുന്നു. വീണ്ടും രണ്ടായിരത്തിലേറെ അപേക്ഷകൾ ഡയറക്ടറുടെ കയ്യിൽ കിട്ടി എന്നാൽ റിപ്പോർട്ടും ഇതിന്റെ അടിസ്ഥാനത്തിൽ ഡിസംബർ 31 വരെ രജിസ്ട്രേഷൻ പുതുക്കൽ നീട്ടിക്കൊടുക്കാനുള്ള ഉത്തരവ് ഗവൺമെന്റ് കൊടുക്കുന്നതാണ്.

### (3) ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയുടെ വികസനം

ശ്രീ. കെ.സി. വേണുഗോപാൽ : സർ, കേരളത്തിലെ മെഡിക്കൽ കോളേജുകളിൽ ഏറ്റവും ശോചനീയമായ അവസ്ഥയിൽ കിടക്കുന്ന ആലപ്പുഴ മെഡിക്കൽ കോളേജിലെ പ്രശ്നമാണ് ഞാൻ ഇവിടെ ഉന്നയിക്കുന്നത്. കൊല്ലം മുതൽ എറണാകുളം വരെയുള്ള ദേശീയ പാതയിൽ ഏറ്റവും കൂടുതൽ അപകടങ്ങളുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകും. പക്ഷെ ഏറ്റവും കൂടുതൽ അപകടങ്ങളുണ്ടാകുന്ന ദേശീയ പാതയ്ക്ക് ആശ്രയിക്കാൻ കഴിയുന്ന ഈ മെഡിക്കൽ കോളേജിന് ആവശ്യമായ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങളോ മറ്റു അടിയന്തിര സൗകര്യങ്ങളോ ഇല്ല. ന്യൂറോ സർജറി ഉൾപ്പെടുന്ന വിഭാഗം ആലപ്പുഴ മെഡിക്കൽ കോളേജിൽ കാഷ്വാലിറ്റിയിൽ ഇല്ല എന്നതു പരിതാപകരമായ കാര്യമാണ്. ഏവൂർ റെയിൽവേ ദുരന്തമുണ്ടായപ്പോൾ അന്ന് മനസ്സിലായതാണ്, അവിടെ സി.ടി.സ്കാനറിനു വേണ്ടിയുള്ള സൗകര്യം ഉണ്ടായിട്ടില്ല എന്ന്. ആലപ്പുഴ മെഡിക്കൽ കോളേജിലെ രോഗികൾ വൈക്കത്തു പോയി സ്കാൻ ചെയ്യേണ്ട സ്ഥിതിയാണുള്ളത്. അതുപോലെ വൃത്തിഹീനമായി കിടക്കുന്ന, സൗകര്യങ്ങളില്ലാത്ത, വേണ്ടത്ര സ്റ്റാഫ് ഇല്ലാത്ത, പ്രൊഫസർമാരോ ഡോക്ടർമാരോ ഇല്ലാത്ത, എല്ലാ നിലയിലും പരാധീ



LIBRARY ARCHIVES Kerala Legislative Assembly

നതകൾ അനുഭവപ്പെടുന്ന ഒരു മെഡിക്കൽ കോളേജാണ് ആലപ്പുഴ മെഡിക്കൽ കോളേജ്. അതിനു തക്ക സൗകര്യങ്ങളുണ്ടാക്കാൻ കാലാകാലങ്ങളിൽ ഗവൺമെന്റ് തീരുമാനമെടുക്കാറുണ്ട്. കഴിഞ്ഞ ഗവൺമെന്റും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പക്ഷെ ഇതെല്ലാംകൊണ്ടും ആലപ്പുഴ മെഡിക്കൽ കോളേജിന്റെ ശോചനീയാവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. കോളറ ബാധിച്ച് നാലുപേർ മരിക്കാനിടയായ സാഹചര്യം ആലപ്പുഴ മെഡിക്കൽ കോളേജിൽ ഉണ്ടായിട്ടുണ്ട്. ഇത്തരം മാരകരോഗങ്ങൾ ആലപ്പുഴയെ ആകെ വിഴുങ്ങിയിരിക്കുകയാണ്. അടിയന്തിര സൗകര്യങ്ങൾ ആലപ്പുഴ മെഡിക്കൽ കോളേജിൽ ഉണ്ടാക്കിയെടുക്കാൻ സാധിച്ചിട്ടില്ല. അതുകൊണ്ട് ആലപ്പുഴ മെഡിക്കൽ കോളേജിന്റെ വികസനത്തിനുവേണ്ടി ഏറ്റവും അടിയന്തിരമായി ഹൈ ലെവൽ മീറ്റിംഗ് തന്നെ വിളിച്ചുകൂട്ടി നടപടി സ്വീകരിക്കണമെന്നു അപേക്ഷിക്കുന്നു.

ആരോഗ്യവും സ്പോർട്സും വകുപ്പു മന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) : സർ, ആലപ്പുഴ മെഡിക്കൽ കോളേജ് ഗവൺമെന്റ് ഏറ്റെടുത്തത് 1973-ലാണ്. അതിനു മുമ്പ് തുടങ്ങിയതായ തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ കുറെ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. ആലപ്പുഴ മെഡിക്കൽ കോളേജിൽ 1032 കിടക്കകളും 30 ഡിപ്പാർട്ടുമെന്റുകളും ഉണ്ട്. അവിടെ സി.ടി. സ്കാൻ തുടങ്ങിയ ഉപകരണങ്ങൾ വേണമെന്നുള്ള ആവശ്യം ഉയർന്നു വന്നിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിൽ സി.ടി. സ്കാനർ ഉണ്ടാക്കിയതു ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മിറ്റിയുടെ നിർദ്ദേശാനുസരണം ആലപ്പുഴ ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മിറ്റിയും അത്തരത്തിൽ നിർദ്ദേശങ്ങളുമായി വന്നാൽ അക്കാര്യം കെ.എച്ച്.ആർ.ഡബ്ല്യു.എസ്.നോട് ആവശ്യപ്പെടാൻ കഴിയുന്നതാണ്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചപോലെ നിരവധി പ്രശ്നങ്ങൾക്കു ഇനി പരിഹാരം കാണാനുണ്ട്. വണ്ടാനത്തു മുഴുവൻ കെട്ടിടങ്ങളും ഉണ്ടായി. സാധനങ്ങൾ മാറ്റാൻ കഴിഞ്ഞിട്ടില്ല. എല്ലാം ഒരു സ്ഥാപനത്തിൽ കൊണ്ടുവന്നാൽ മാത്രമേ ഇത്തരം കാര്യങ്ങൾ നിയന്ത്രിക്കാനാവൂ. ഇതു സംബന്ധിച്ച കഴിയുന്നത്ര വേഗത്തിൽ നടപടി സ്വീകരിക്കുകയാണ്. ഇക്കൊല്ലം 250 കോടി രൂപ കെട്ടിടങ്ങൾക്കു വേണ്ടി വകയിരുത്തിയിട്ടുണ്ട്. ഇനിയും കുറെയേറെ കെട്ടിടങ്ങൾ പൂർത്തീകരിക്കണം. അറ്റകുറ്റപ്പണികൾക്കു മാത്രമായി പത്തുലക്ഷം രൂപയും ഒ.പി.ബ്ലോക്കു(എ) മുതൽ (എഫ്) വരെയുള്ള വാർഡ്, ക്യാൻസർ ചികിത്സാവാർഡ്, സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നിവയുടെ നിർമ്മാണപ്രവർത്തനം പുരോഗമിക്കുന്നു. വാട്ടർടാങ്കും കുഴൽക്കിണറും സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച രീതിയിൽ ഇതു സംബന്ധിച്ച ഔദ്യോഗികതലത്തിൽ ചർച്ചകൾ നടത്തിയിട്ടുണ്ട്. മറ്റു ഘട്ടങ്ങൾ വരുമ്പോൾ മറ്റു തരത്തിലുള്ള ചർച്ചകൾ നടത്തുന്നതാണ്.

### (4) സോവിയറ്റ് സാംസ്കാരിക കേന്ദ്രം സംസ്ഥാന ഗവൺമെന്റ് ഏറ്റെടുക്കുന്നത് സംബന്ധിച്ച്

ശ്രീ. പാലോട് രവി : സർ, ഞാൻ ഈ സഭയിൽ പലതവണ ഉന്നയിച്ചിരുന്ന ഒരു കാര്യമാണ് ഇപ്പോൾ ഉന്നയിക്കുന്നത്. നമ്മുടെ സോവിയറ്റ് സാംസ്കാരിക കേന്ദ്രം തലസ്ഥാനനഗരിയിലെ ഏറ്റവും പ്രധാനപ്പെട്ട സാംസ്കാരിക നിലയങ്ങളിലൊന്നായിരുന്നു. നിർഭാഗ്യവശാൽ ഗോർക്കിഭവ

LIBRARY ARCHIVES Kerala Legislative Assembly

നിൽ പ്രവർത്തിച്ചിരുന്ന ആ റഷ്യൻ സാംസ്കാരികനിലയം പൂട്ടിയിട്ടു. അത് തുറന്നു പ്രവർത്തിപ്പിക്കണമെന്നുള്ളത് ഈ തലസ്ഥാന നഗരിയിലെ എല്ലാ സാംസ്കാരിക നായകന്മാരുടേയും. എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടേയും ആവശ്യമാണ്. അതിന് ചില ചർച്ചകളൊക്കെ നടക്കുകയുണ്ടായി. മുൻമന്ത്രി ശ്രീ. ടി.എം. ജേക്കബ് അതിനു വേണ്ടി കുറെ ശ്രമങ്ങൾ നടത്തി. ഇപ്പോഴറിയുന്നു ഏതോ റഷ്യക്കാരനെ പിടിച്ച് ആ സാംസ്കാരികകേന്ദ്രം സ്വകാര്യ സ്വത്താക്കാൻ വേണ്ടി ചിലർ ശ്രമിക്കുന്നുണ്ടെന്ന്. ചില സ്ഥാപനങ്ങളൊക്കെ ഇവിടെ കൈയടക്കാൻ ശ്രമിക്കുന്നതായുമറിയുന്നു. അതുകൊണ്ട് നമ്മുടെ ഗവൺമെന്റ് അടിയന്തിരമായി ഇടപെട്ട്, കേന്ദ്ര വിദേശകാര്യമന്ത്രിയും, റഷ്യൻ എംബസിയുമായി ബന്ധപ്പെട്ട് ഈ സാംസ്കാരികകേന്ദ്രം എത്രയും വേഗം തുറക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

വിദ്യുച്ഛക്തിയും, സഹകരണവും വകുപ്പു മന്ത്രി (ശ്രീ.പിണറായി വിജയൻ) : സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ പ്രകടിപ്പിച്ച ആശങ്ക ഗവൺമെന്റ് ഗൗരവമായിതന്നെ എടുക്കുകയാണ്. തിരുവനന്തപുരത്ത് ഗോർക്കിഭവനിൽ പ്രവർത്തിച്ചിരുന്ന സോവിയറ്റ് സാംസ്കാരിക കേന്ദ്രം സ്വകാര്യവ്യക്തികൾക്കോ, സ്ഥാപനങ്ങൾക്കോ, കൈമാറ്റം ചെയ്യാൻ യാതൊരു നീക്കവും സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല. ഗോർക്കിഭവൻ പാട്ടവ്യവസ്ഥയിൽ ഏറ്റെടുത്ത് അവിടെ ഒരു സാംസ്കാരിക സമുച്ചയം ഏർപ്പെടുത്തുന്നതിന് 1995 -ൽ സർക്കാർ തീരുമാനമെടുത്തിരുന്നു. കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിന്റെ ഉപദേശം ഈ കാര്യത്തിൽ ലഭിക്കുന്നതിനുവേണ്ടി കത്തിടപാടുകൾ നടത്തിയിരുന്നു. അതിന്റെ ഭാഗമായി സംസ്ഥാന ഗവൺമെന്റിന്റെ ന്യൂഡൽഹിയിലെ സ്പെഷ്യൽ റപ്രസന്റേറ്റീവ് മുഖേന നടത്തിയ ചർച്ചയിൽ സംസ്ഥാന ഗവൺമെന്റ് തന്നെ ഇത് സംബന്ധിച്ച് ചർച്ച നടത്തണമെന്ന അഭിപ്രായമുണ്ടായി. ഇതിന്റെ വെളിച്ചത്തിൽ കേന്ദ്ര വിദേശകാര്യ മന്ത്രാലയം, റഷ്യൻ എംബസി, ഐ.സി.സി.ആർ. എന്നിവയുടെ പ്രതിനിധികളുമായി ചർച്ച നടത്താൻ തീരുമാനിച്ചു. ഈ കഴിഞ്ഞ 1996 ജൂലൈ 12-ാം തീയതി ഈ ചർച്ച സാംസ്കാരികവകുപ്പിന്റെ സെക്രട്ടറി തലത്തിൽ നടന്നു. സോവിയറ്റ് യൂണിയനിലെ മാറിയ ഭരണസംവിധാനമൊക്കെ പരിഗണിച്ച് അന്തിമതീരുമാനമെടുക്കുന്നതിന് കുറച്ചു സമയംകൂടി കിട്ടേണ്ടത് അഭികാമ്യമായിരിക്കുന്നു എന്നാണ് ആ ചർച്ചയിൽ പങ്കെടുത്തിട്ടുള്ളവർ അറിയിച്ചിട്ടുള്ളത്. ഇതാണ് ഇതുമായി ബന്ധപ്പെട്ട വസ്തുതകൾ. ഗോർക്കിഭവൻ സ്വകാര്യവ്യക്തികൾക്കോ, സ്ഥാപനങ്ങൾക്കോ കൈമാറ്റം ചെയ്യപ്പെടാതിരിക്കുന്നതിന് ഗവൺമെന്റ് ആവുന്ന എല്ലാ ശ്രമങ്ങളും നടത്തുന്നതാണ്.

## (5) സെക്രട്ടറിയറ്റിലെ ഫയലുകൾ നശിപ്പിച്ച സംഭവം

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, സെക്രട്ടേറിയറ്റിൽ നിന്ന് പ്രധാനപ്പെട്ട പല ഫയലുകളും മറ്റും കടത്തിക്കൊണ്ടുപോയി ചുട്ടുകരിച്ചതിനെ സംബന്ധിച്ചാണ് ഞാൻ ഈ സഭയുടെ ശ്രദ്ധയിൽപെടുത്തുന്നത്. ഈ കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ നടക്കുന്ന ദിവസം, അന്നത്തെ ചീഫ് സെക്രട്ടറി ശ്രീ.രാമചന്ദ്രൻ നായരുടെ ഓഫീസിൽ നിന്നും ഒരു ലോറി നിറയെ ഫയലുകൾ കയറ്റി. പൂജപ്പുര സെൻട്രൽ ജയിലിലെ ഒരു ഒഴിഞ്ഞ മൂലയിൽ കൊണ്ടുപോയി രഹസ്യമായി ചുട്ടുകരിച്ചു. തിരുവനന്തപുരം നഗരസഭയുടെ കെ.എൽ.01സി 4810 നമ്പർ ലോറിയിലാണ് ഫയലുകൾ സെക്രട്ടേറിയറ്റിൽ നിന്നും കടത്തിക്കൊണ്ട് പോയത്. സെക്രട്ടേറിയറ്റിലെ ചപ്പു

LIBRARY ARCHIVES Kerala Legislative Assembly

ചവറുകൾ നീക്കം ചെയ്യാൻ ഒരു വാഹനം വേണമെന്ന് നഗരസഭാ സെക്രട്ടറിയോട്, ചീഫ് സെക്രട്ടറി ചൊവ്വാഴ്ച ആവശ്യപ്പെട്ടിരുന്നു. ചീഫ് സെക്രട്ടറിയുടെ ഓഫീസിൽനിന്നും ഫയലുകൾ കുത്തിതിരുകിയ ലോറി സെൻട്രൽ ജയിൽ വളപ്പിൽ കടന്നയുടൻ തന്നെ അതുവഴിയുള്ള മറ്റെല്ലാ വാഹനങ്ങളെയും അധികൃതർ തടഞ്ഞുവച്ചു. ജയിൽ വളപ്പിനുള്ളിൽ ഒരു കുഴിയിലാണ് ഫയലുകൾ കൂട്ടിയിട്ട് തീകൊളുത്തിയത്. ഫയലുകൾ കയറ്റിവന്ന ലോറിയെ കെ.എൽ.01 5378 നമ്പർ അംബാസഡർ കാറിൽ ഒരു സംഘം ഉദ്യോഗസ്ഥന്മാർ അനുഗമിച്ചിരുന്നു. വിവരമറിഞ്ഞെത്തിയ പത്രപ്രവർത്തകരെ അവിടെ പ്രവേശിപ്പിച്ചില്ല. തെരഞ്ഞെടുപ്പുഫലം തങ്ങൾക്ക് അനുകൂലമല്ലെന്ന് കണ്ടതോടെയാണ്, ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഫയൽ കത്തിക്കൽ പരിപാടി നടത്തിയത്. വളരെ പ്രധാനപ്പെട്ട പല ഫയലുകളും അതിലുണ്ടായിരുന്നു. ഈ ഫയലുകളിൽ സാധാരണ ജനങ്ങളുടെ നീറുന്ന പ്രശ്നങ്ങളുണ്ട്. സർക്കാരിന്റെ സമ്പത് സ്ഥിതിയെ സ്പർശിക്കുന്ന കാര്യങ്ങളുണ്ട്. അഴിമതിക്കാരെ കൽത്തുറങ്കിലടയ്ക്കാൻ പോരുന്ന തെളിവുകളുടെ ശേഖരം തന്നെയുണ്ട്. പൂന്തുറ സാഭവവുമായി ബന്ധപ്പെട്ട ഫയലുകൾ കാണാനില്ലെന്ന് ഈയടുത്ത ദിവസം ഉന്നയിക്കപ്പെട്ടു. ചീഫ് സെക്രട്ടറി തന്നെ വർഷങ്ങളായി കൈവശം വച്ചിരിക്കുന്ന, അദ്ദേഹം വനംവകുപ്പിന്റെ കമ്മീഷണർ ആന്റ് സെക്രട്ടറിയായിരുന്ന കാലത്തതടക്കം 199 ഫയലുകളെ സംബന്ധിച്ച്, അന്നത്തെ പ്രതിപക്ഷനേതാവ്, അന്നത്തെ മുഖ്യമന്ത്രി ശ്രീ. എ.കെ. ആന്റണിക്കയച്ച 19.8.1995-ലെ കത്തിലേക്കും ഞാൻ സഭയുടെ ശ്രദ്ധ ക്ഷണിക്കുന്നു. കണ്ണൂർ ജില്ലയിലെ എക്സൈസ് ഗാർഡുകളുടെ നിയമനത്തെ സംബന്ധിച്ച് നടന്ന ക്രമക്കേടുകളടക്കം, ധാരാളം ക്രമക്കേടുകൾ സംബന്ധിച്ച ഫയലുകളാണ് നഷ്ടപ്പെട്ടത്. വളരെ ഗൗരവപൂർവം ആ വിഷയം കൈകാര്യം ചെയ്യണമെന്നാണ് എനിക്ക് പറയാനുള്ളത്.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി.ശിവദാസമേനോൻ) : സർ, സെക്രട്ടേറിയറ്റിൽ നിന്നും ഫയലുകൾ കടത്തിക്കൊണ്ടുപോയി ജയിൽവളപ്പിൽ വച്ച് ചുട്ടുകരിച്ചുവെന്ന്, മേയ് 9,10,11 എന്നീ തീയതികളിലെ ദേശാഭിമാനി പത്രത്തിൽ വന്ന വാർത്ത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നു. ചീഫ് സെക്രട്ടറിയുടെ ഓഫീസിൽ നിന്ന് കടത്തിക്കൊണ്ടുപോയ ഫയലുകൾ ആണ് ഇങ്ങനെ ചുട്ടുകരിച്ചത് എന്നും ആരോപിച്ചിരുന്നു. ഇക്കാര്യം ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകൾ പരിശോധിക്കുകയുണ്ടായി. സത്യാവസ്ഥ മനസ്സിലാക്കാൻ ഒരു വിജിലൻസ് അന്വേഷണം നടത്താൻ ഗവൺമെന്റ് തീരുമാനിക്കുകയും. അതിന്റെ അടിസ്ഥാനത്തിൽ 2.7.1996-ൽ വിജിലൻസ് ഡയറക്ടർക്ക് നിർദേശം നൽകുകയും ചെയ്തിട്ടുണ്ട്. അന്വേഷണം ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. സെക്രട്ടേറിയറ്റിൽ നിറ ു‍ം കാണാതായ ഫയലുകളുടെ എണ്ണം ഇതുവരെ തിട്ടപ്പെടുത്തിയിട്ടില്ല. വിശദവിവരങ്ങൾ ശേഖരിച്ചുവരുന്നു.

## (6) തൃപ്പൂണിത്തുറ റയിൽവേ സ്റ്റേഷനിൽ ദീർഘദൂര തീവണ്ടികൾക്ക് സ്റ്റോപ്പ് അനുവദിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ.കെ.ബാബു : സർ, തൃപ്പൂണിത്തുറയിൽ ദീർഘദൂര ട്രെയിനുകൾക്ക് സ്റ്റോപ്പ് അനുവദിക്കുന്നതിനുവേണ്ടി, എല്ലാ കക്ഷികളും, ഒത്തുചേർന്നുകൊണ്ട് പ്രക്ഷോഭണം നടന്നുവരികയാണ്. ഈ പ്രക്ഷോഭണത്തിനിടയ്ക്ക് ജനപ്രതിനിധികളെ ഉൾപ്പെടുത്തി റയിൽവേ അധികൃതർ ഒരു ചർച്ച

നടത്തി. ആ ചർച്ചയിൽ രണ്ട് എക്സ്പ്രസ് ട്രെയിനുകൾക്ക് അവിടെ സ്റ്റോപ്പ് അനുവദിക്കാം. പിന്നെ രണ്ടു വണ്ടികൾക്ക് സ്റ്റോപ്പ് അനുവദിക്കുന്ന കാര്യം അനുഭാവപൂർവ്വം പരിശോധിക്കാം എന്നൊക്കെ ഉറപ്പു നൽകുകയുണ്ടായി. റയിൽവേ അധികൃതർ, പാർലമെന്റ് മെമ്പർമാരുടേയും, എന്റെയും, മുനിസിപ്പൽ ചെയർമാന്റെയും സാന്നിദ്ധ്യത്തിൽ, ജനപ്രതിനിധികളെ കൂടി ഉൾപ്പെടുത്തി ചർച്ച നടത്തി നൽകിയ ഉറപ്പ് ഇതുവരെ പാലിച്ചിട്ടില്ല. റയിൽവേ അധികൃതർ സ്റ്റോപ്പ് അനുവദിക്കാമെന്ന് ഉറപ്പു നൽകിയെങ്കിലും നാലഞ്ചു മാസങ്ങളായി ആ ഉറപ്പ് പാലിക്കാതിരിക്കുന്നതാണ്. ഞാൻ ഉന്നയിക്കുന്ന പ്രശ്നം. അതുകൊണ്ട് ഈ കാര്യത്തിൽ ഗവൺമെന്റ് ഇടപെടണം. അവിടെ വലിയ പ്രക്ഷോഭണം നടന്നുകൊണ്ടിരിക്കുകയാണ്. ഒന്നാം തീയതി വീണ്ടും ട്രെയിൻതടയൽ ഉൾപ്പെടെയുള്ള സമരപരിപാടികൾ കക്ഷിവ്യത്യാസമില്ലാതെ പ്രഖ്യാപിച്ചിരിക്കുകയാണ്. അതുകൊണ്ട് ഗവൺമെന്റ് ഈ കാര്യത്തിൽ ഇടപെട്ട് റയിൽവേ അധികൃതർ നൽകിയ ഉറപ്പ് പാലിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വനവും, ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ.പി.ആർ.കുറുപ്പ്) : സർ, തൃപ്പൂണിത്തുറയിൽ ദീർഘദൂര ട്രെയിനുകൾ നിറുത്തുമെന്ന് സർക്കാരിന് ഒരു ഉറപ്പും കിട്ടിയിട്ടില്ല. കേന്ദ്ര ഗവൺമെന്റ് അത്തരം ഉറപ്പ് കൊടുത്തതായി സമ്മതിക്കുന്നുമില്ല. എന്നാലും ബഹുമാനപ്പെട്ട മെമ്പർ ആവർത്തിച്ചാവർത്തിച്ച് ഉറപ്പ് പറയുന്നതുകൊണ്ട് അത് മുഖവിലയ്ക്ക് സ്വീകരിക്കാൻ ഞാൻ തയ്യാറാണ്. അതു സംബന്ധിച്ച് അന്വേഷണം നടത്തി വേണ്ട നടപടികളെടുക്കാം. ഒരു സ്റ്റേഷനിൽ ദീർഘദൂരവണ്ടികൾ നിറുത്തുന്നത് അവിടെ ഇഷ്യൂ ചെയ്യുന്ന ടിക്കറ്റുകളുടെ എണ്ണം കണക്കിലെടുത്താണ്. ആ പരിസ്ഥിതി എങ്ങനെയാണെന്ന് പരിശോധിക്കാം. അത് പരിശോധിച്ചുകൊണ്ട് അവിടെ ഈ കാര്യത്തിൽ നടപടിയെടുക്കാൻ ശ്രമിക്കുന്നതാണ്.

### (7) പോലീസ് കസ്റ്റഡിയിൽ വച്ച് പ്രതി തൂങ്ങിമരിച്ച സംഭവം

ശ്രീ.കെ.സുധാകരൻ : സർ, ഒരു അടിയന്തിരപ്രമേയത്തിന്റെ പ്രാധാന്യമുള്ള പ്രശ്നമാണ് ഈ നിയമസഭയിൽ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. 27-ാം തീയതി പുലർച്ചെ കണ്ണൂർ സിറ്റി പോലീസ് സ്റ്റേഷനിൽ 24 വയസ് പ്രായമുള്ള അബ്ദുൾ ഖാദർ എന്നു പറയുന്ന സ്വദേശി തൂങ്ങി മരിക്കപ്പെട്ട നിലയിൽ കാണുകയുണ്ടായി. അബ്ദുൾഖാദർ ഭാര്യയുടെ സ്വർണാഭരണങ്ങളുമായി കടന്നുവെന്ന പരാതിയുടെ അടിസ്ഥാനത്തിൽ ഭാര്യയുടെ ബന്ധുക്കൾ കയ്യോടെ പിടികൂടി. 21-ാം തീയതി പോലീസ് സ്റ്റേഷനിൽ കൊണ്ടുവന്നു. 21-ാം തീയതി രാത്രി ഏതാണ്ട് 12 മണിക്കുശേഷമാണ് പ്രതിയെ പോലീസ് സ്റ്റേഷനിൽ ലോക്കപ്പിൽ കൊണ്ടുവരുന്നത്. 21-ാം തീയതി കഴിഞ്ഞ് 27-ാം തീയതി പുലർച്ചെയാണ് അബ്ദുൾ ഖാദർ ലോക്കപ്പ് മുറിയോട് അനുബന്ധമായി കിടക്കുന്ന കക്കൂസ് മുറിക്കകത്ത് തൂങ്ങിമരിച്ച നിലയിൽ കണ്ടത്. അഞ്ചുദിവസം ഒരു പ്രതിയെ ലോക്കപ്പിൽ സൂക്ഷിച്ചത് ഏതു നിയമത്തിന്റെ പശ്ചാത്തലത്തിലാണ് എന്ന് ഞങ്ങൾക്കറിയില്ല. ഞാൻ ആ ബോഡി കാണാൻ പോയിരുന്നു. ഉടുതുണിയിലാണ് തൂങ്ങിയതെങ്കിൽപോലും ഉടുതുണിയോടൊപ്പം ഒരു പ്ലാസ്റ്റിക് കയറിൽ കുരുക്കിട്ടുകാണുന്നു. ബോഡിക്കകത്ത് മറ്റ് പരിക്കുകൾ ഇല്ലെങ്കിലും അസ്വാഭാവികമാണ് ആ മരണമെന്ന് ആ ബോഡി കാണുന്നവർക്ക് മനസിലാകും. അഞ്ചുദിവസം ലോക്കപ്പിൽ വച്ചതിന് യാതൊരു ന്യായീകരണവും പോലീസുകാർക്ക് പറയാനില്ല. ലോക്കപ്പിൽ കിട



LIBRARY ARCHIVES Kerala Legislative Assembly

ക്കുന്ന പ്രതിക്ക് ഉടുക്കാൻ തുണി കൊടുക്കുന്നത് ഏതു നിയമത്തിന്റെ പശ്ചാത്തലത്തിലാണെന്ന് അറിയുകയില്ല. എസ്.പി.യോടു ചോദിച്ചപ്പോൾ എസ്.പി. പറഞ്ഞത് മനുഷ്യാവകാശ കമ്മീഷന്റെ നിർദ്ദേശമുണ്ടെന്നാണ്. അതിനാൽ പ്രായോഗിക പരിശീലനമെന്ന നിലയ്ക്ക് ഒരു മുന്നറിയിപ്പായി വസ്ത്രം കൊടുത്തുവെന്നാണ് .എസ്.പി.യുടെ മറുപടി. ഏതു നിലയിലായാലും, ഈ മരണം അസ്വാഭാവികമാണ്. പോലീസിന്റെ ഈ നടപടിയെക്കുറിച്ച് അന്വേഷിക്കണം. ഇതൊരു കൊലപാതകമാണോ എന്ന് എനിക്ക് സംശയമുണ്ട്. അതുകൊണ്ട് ഗൗരവമായി അന്വേഷിക്കാൻ ഗവൺമെന്റ് തയ്യാറാകണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ചെർക്കളം അബ്ദുള്ള : സർ, എന്റെ നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട ഒരു പ്രശ്നമാണ്. എന്റെ നിയോജക മണ്ഡലത്തിലെ ആളാണ് മരിച്ചത്. അതുകൊണ്ട് എനിക്ക് അതിനെപ്പറ്റി ഒരു വാക്ക് പറയാൻ അവസരം തരണം.

മി. സ്പീക്കർ : അങ്ങ് എനിക്ക് എഴുതി തരാതെ വെറുതെ ഉന്നയിക്കാൻ പറ്റുമോ? മുൻകൂട്ടി എഴുതി തന്ന് പെർമിഷൻ ചോദിക്കണ്ടേ? അത് ശരിയല്ല. ഇങ്ങനെ പല സബ്മിഷൻസ് ഉണ്ട്. അങ്ങ് പറഞ്ഞതായിട്ട് പരിഗണിച്ചു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ.ടി.ശിവദാസമേനോൻ) : സർ, ശ്രീ. തമ്പാനൂർ രവിയുടെ സബ്മിഷനാണല്ലോ ബഹുമാനപ്പെട്ട കെ.സുധാകരൻ ഇപ്പോൾ ഉന്നയിച്ചത്. ഇനി ശ്രീ. തമ്പാനൂർ രവിയുടെ വേറെ സബ്മിഷൻ ഉണ്ടോ?

മി. സ്പീക്കർ : ഇല്ല.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി.ശിവദാസമേനോൻ) : സർ, കണ്ണൂർ സിറ്റി പോലീസ് സ്റ്റേഷൻ ക്രൈം 89/96-ാം നമ്പർ മോഷണക്കേസ്സിലെ പ്രതി മേച്ചേരി അബ്ദുൾ ഖാദർ, 24 വയസ്സ് എന്ന ആളെ 22-7-1996-ന് ബന്ധുക്കൾ സ്റ്റേഷനിൽ ഏൽപ്പിച്ചു. 27-7-1996-ന് രാവിലെ 5.45 മണിയോടെ അബ്ദുൾ ഖാദർ പോലീസ് സ്റ്റേഷൻ കെട്ടിടത്തിലെ കുളിമുറിയിൽ തൂങ്ങിമരിച്ച നിലയിൽ കാണപ്പെട്ടു. ഈ സംഗതിക്ക് കണ്ണൂർ സിറ്റി പോലീസ് സ്റ്റേഷനിൽ ക്രൈം 90/96-ാം നമ്പരായി അൺനാച്ചറൽ ഡെത്ത് ആയി ഒരു കേസ്സ് 27-7-1996-ന് രാവിലെ 7 മണിക്ക് രജിസ്റ്റർ ചെയ്ത് കണ്ണൂർ ടൗൺ പോലീസ് സർക്കിൾ ഇൻസ്പെക്ടർ അന്വേഷിച്ചുവരുന്നു. തലശ്ശേരി ആർ.ഡി.ഒ.യുടെ സാന്നിദ്ധ്യത്തിൽ പേരുവിചാരണ നടത്തി. അതിനുശേഷം പോസ്റ്റ്മോർട്ടം പരിശോധന കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ വച്ച് 28-7-1996-ന് നടത്തുകയുണ്ടായി. പോലീസിന്റെ പ്രാഥമിക അന്വേഷണത്തിൽ വന്നിട്ടുള്ള റിപ്പോർട്ടാണ് ഞാൻ പറയുന്നത്. അബ്ദുൾ ഖാദർ തന്റെ ഭാര്യവീട്ടിൽനിന്ന് നാൽപ്പത്തേഴായിരം രൂപ വിലവരുന്ന പതിനാലേമുക്കാൽ പവൻ തൂക്കമുള്ള സ്വർണ്ണാഭരണങ്ങൾ മോഷണം നടത്തിയതായി ആരോപിച്ച് അയാളുടെ ഭാര്യാസഹോദരൻ ഫറൂക്കും മറ്റും ചേർന്ന് 22-7-1996-ന് രാത്രി 9 മണിയോടെ അബ്ദുൾ ഖാദറെ കണ്ണൂർ സിറ്റി പോലീസ് സ്റ്റേഷനിൽ ഹാജരാക്കി. പോലീസ് അയാളെ സ്റ്റേഷനിൽ വച്ചിരിക്കുകയായിരുന്നു. തുടർന്ന് പോലീസ് നടത്തിയ അന്വേഷണത്തിൽ കുറ്റകൃത്യം വെളിവായതിനാൽ 25-7-1996-ൽ കണ്ണൂർ സിറ്റി പോലീസ് സ്റ്റേഷനിൽ ക്രൈം 89/96-ാം നമ്പരായി ഒരു കേസ്സ് രജിസ്റ്റർ ചെയ്ത് 26-7-1996-ന് അറസ്റ്റ് റിക്കോർഡ് ചെയ്ത് സ്റ്റേഷൻ ലോക്കപ്പിൽ സൂക്ഷിച്ചു. 27-7-1996-ന് രാവിലെ

LIBRARY ARCHIVES Kerala Legislative Assembly

പ്രാഥമികാവശ്യങ്ങൾക്കായി കക്കൂസോടുകൂടിയ കുളിമുറിയിൽ അബ്ദുൾ ഖാദർ കയറി അകത്തുനിന്ന് കതകടച്ചു കുറ്റി ഇട്ടു. കുറെ സമയം കഴിഞ്ഞിട്ടും അബ്ദുൾ ഖാദർ കുളിമുറിയിൽ നിന്നും പുറത്തിറങ്ങാത്തതിനെത്തുടർന്ന് രാവിലെ ഹെഡ് കോൺസ്റ്റബിളും ഒരു പോലീസ് കോൺസ്റ്റബിളും കൂടി കുളിമുറിയുടെ വാതിൽ മുട്ടി വിളിച്ചു. മറുപടിയില്ലാത്തതിനെത്തുടർന്ന് കുളിമുറിയുടെ പുറകുവശത്തെ വെന്റിലേറ്ററിൽ കൂടി നോക്കിയപ്പോൾ അബ്ദുൾ ഖാദർ ഉടുത്തിരുന്ന മുണ്ടും തുണിയും ഉണക്കാനായി കുളിമുറിയിൽ കെട്ടിയിരുന്ന പ്ലാസ്റ്റിക് ചരടും ഉപയോഗിച്ചു കുളിമുറിയിലെ ഷവർപൈപ്പിൽ കെട്ടിത്തൂങ്ങി മരിച്ച നിലയിൽ കാണപ്പെട്ടു. തുടർന്ന് പള്ളിയിലെ ഖത്തീഫ് ഉൾപ്പെടെയുള്ള പൗരമുഖ്യന്മാരുടെ സാന്നിദ്ധ്യത്തിൽ കുളിമുറിയുടെ വാതിൽ തല്ലിപ്പൊളിച്ച് ശവശരീരം വെളിയിലെടുത്തു. പേരുവിചാരണയും പോസ്റ്റ്മോർട്ടം പരിശോധനയും വീഡിയോയിൽ റിക്കോർഡ് ചെയ്തിട്ടുണ്ട്. ഇതുവരെയുള്ള അന്വേഷണത്തിൽ അബ്ദുൾഖാദർ ആത്മഹത്യ ചെയ്തതാണെന്നാണ് പോലീസ് മനസ്സിലാക്കുന്നത്. പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ മരണകാരണം death due to hanging എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. 22-7-1996 മുതൽ 26-7-1996 വരെ അബ്ദുൾ ഖാദറെ അനധികൃതമായി പോലീസ് സ്റ്റേഷനിൽ നിർത്തിയതിന് കണ്ണൂർ സിറ്റി പോലീസ് സ്റ്റേഷനിലെ സബ് ഇൻസ്പെക്ടറേയും പ്രതിയെ സൂക്ഷിക്കുന്നതിൽ കൃത്യവിലോപം വരുത്തിയതിന് ഒരു ഹെഡ് കോൺസ്റ്റബിൾ, രണ്ട് പോലീസ് കോൺസ്റ്റബിൾമാർ എന്നിവരേയും അന്വേഷണവിധേയമായി ഉത്തരമേഖലാ ഡി.ഐ.ജി. സസ്പെന്റ് ചെയ്ത് നിർത്തിയിരിക്കുകയാണ്. ഈ കേസ്സിന്റെ അന്വേഷണം ക്രൈം ഡിറ്റാച്ച്മെന്റ് ഡി.വൈ.എസ്.പി. പി.എം.പത്മനാഭൻ അന്വേഷണം നടത്തിവരുന്നു. അനധികൃതമായി പോലീസ് സ്റ്റേഷനിൽ ആളുകളെ നിർത്തുക എന്നുള്ളത് ഈ ഗവൺമെന്റിന്റെ നയമല്ല. അത് അനുവദിക്കുകയുമില്ല. ഇത്തരം കുറ്റകൃത്യങ്ങൾ കണ്ടുപിടിച്ചാൽ ശക്തമായ നടപടികൾ ഈ ഗവൺമെന്റ് സ്വീകരിക്കും. ആരേയും ഒഴിവാക്കുന്ന പ്രശ്നമേ ഇല്ല.

## (8) സംസ്കൃത യൂണിവേഴ്സിറ്റിയോട് സംസ്ഥാന ഗവൺമെന്റ് അനുവർത്തിച്ചുവരുന്ന സമീപനം

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : സർ, സംസ്കൃത സർവ്വകലാശാലയുടെ നിലനിൽപ്പിനെപ്പറ്റി ഈയടുത്ത കാലത്ത് വ്യാപകമായ ഉത്ക്കണ്ഠ വളർന്നിരിക്കുകയാണ്. അവിടെ വിവിധ കോഴ്സുകളിൽ ചേർന്ന് പഠിക്കുന്ന ആയിരക്കണക്കിന് വിദ്യാർത്ഥികളുടേയും അവിടെ ജോലി ചെയ്യുന്ന നൂറുകണക്കിന് അദ്ധ്യാപകരുടേയും അനദ്ധ്യാപകരുടേയും ഭാവിയെപ്പറ്റിയുള്ള ഉത്ക്കണ്ഠ ശക്തിപ്പെടുത്തുന്ന സമീപനവും പ്രസ്താവനകളുമാണ് ബഹുമാനപ്പെട്ട മന്ത്രിമാരിൽ നിന്ന് പുറത്തിറങ്ങുന്നത്. സംസ്കൃത സർവ്വകലാശാല പിറന്നുവീണതുതന്നെ വിമർശനങ്ങളുടേയും എതിർപ്പുകളുടേയും കൂരമ്പുമെത്തയിലാണ്. എങ്കിലും ഹ്രസ്വമായ കാലഘട്ടത്തിനുള്ളിൽ സംസ്കൃത സർവ്വകലാശാലയിലുണ്ടായ വമ്പിച്ച പുരോഗതി കണ്ടില്ലെന്ന് നടിക്കുന്നത് ക്രൂരമാണ്. സംസ്കൃത സർവ്വകലാശാലയുടെ നടത്തിപ്പിൽ കുറ്റങ്ങളും കുറവുകളും അപാകതകളുമുണ്ടെങ്കിൽ അവ പരിഹരിച്ച് അതിനെ സാംസ്കാരിക കേരളത്തിന്റെ അഭിമാനമായി വളർത്തുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly

പകരം നിസാരമായ സങ്കുചിതമായ വൈരാഗ്യത്തിന്റെ പേരിൽ സംസ്കൃത സർവ്വകലാശാലയെ നിഷ്ക്കരുണം അമ്പ് എയ്തു വീഴ്ത്താൻ കച്ചകെട്ടി നിൽക്കുന്നവരോട് എനിക്ക് ഒന്നേ പറയാനുള്ളു; മാ നിഷാദ. സംസ്കൃത സർവ്വകലാശാലയോടുള്ള സർക്കാരിന്റെ നയം വ്യക്തമാക്കണം. തലവേദ നയ്ക്ക് തല തന്നെ വെട്ടിക്കളയുന്ന വികലമായ ഈ സമീപനം അവസാനി പ്പിച്ച് സംസ്കൃത സർവ്വകലാശാലയെ രക്ഷിക്കാൻ സത്വരമായ നടപടികൾ കൈക്കൊള്ളണമെന്ന് ഞാൻ ശക്തിയായി ആവശ്യപ്പെടുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ.പി.ജെ. ജോസഫ്) : സർ, ബഹുമാനപ്പെട്ട തേറമ്പിൽ രാമകൃഷ്ണൻ സംസ്കൃത സർവ്വകലാശാല യുടെ പ്രാധാന്യത്തെപ്പറ്റി പറഞ്ഞ വികാരങ്ങളോട് ഞാൻ പൂർണ്ണമായി യോജി ക്കുന്നു. പക്ഷേ ആ സർവ്വകലാശാല രൂപം കൊണ്ടത് എന്ത് ഉദ്ദേശത്തിനാ ണെന്ന് ഞാൻ പറയാം. അതിന്റെ പ്രിയാംബിളിൽ പറഞ്ഞിരിക്കുന്നത് ഞാൻ വായിക്കാം.

"WHEREAS it is considered necessary to establish and incorporate a University in the name of the illustrious Indian Philosopher and Saint Jagadguru Sree Adi Sankaracharya in his place of birth for the promotion and development of the study of Sanskrit, Indology, Indian Philosophy and Indian languages". ഇതിനാണ് ഈ സർവ്വകലാശാല ഫോം ചെയ്തത്. Sanskrit, Indology, Indian Philosophy and Indian languages.

ഈ സർവ്വകലാശാലയുടെ കീഴിൽ ഇപ്പോൾ എന്തൊക്കെയാണ് പഠനം? ഇംഗ്ലീഷ്ഭാഷ, ബി.എസ്. കോഴ്സുകൾ ഇങ്ങനെ മറ്റ് സർവ്വകലാശാല കൾ എന്തൊക്കെ ചെയ്യുന്നുവോ അതു മുഴുവൻ സർവ്വകലാശാലകൾ എന്തൊക്കെ ചെയ്യുന്നുവോ അതു മുഴുവൻ പല സെന്റേഴ്സിലായി തുടങ്ങുക യാണ്. ഇപ്പോൾ ഇവിടെ ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ ഗവൺമെന്റിനോടല്ല, ഹൈക്കോടതിയോടാണ് ഈ വിമർശനം നടത്തിയതെന്ന് ഞാൻ മനസ്സിലാ ക്കുന്നു. സംസ്കൃത സർവ്വകലാശാലയിൽ നടന്നിരിക്കുന്ന നിയമനങ്ങളെപ്പറ്റി യുള്ള ഹൈക്കോടതിയുടെ സിംഗിൾ ബഞ്ചിന്റെ ഒബ്സർവേഷനിലേക്ക് ഞാൻ കടക്കുന്നില്ല. ഇപ്പോൾ ഹൈക്കോടതിയുടെ ഡിവിഷൻബഞ്ച് പറഞ്ഞ ഭാഗം ഞാൻ വായിക്കാം.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : ഹൈക്കോടതിയോടല്ല, സർക്കാരിന്റെ നയത്തോടാണ് എനിക്കുള്ള വിമർശനം.

ശ്രീ. പി.ജെ. ജോസഫ് : സർക്കാരിന്റെ നയം സംസ്കൃത സർവ്വകലാ ശാല ഞാൻ ആദ്യം പറഞ്ഞ നിലയിൽ ഏറ്റവും ഭംഗിയായി ശങ്കരാചാര്യരുടെ പേര് അന്വർത്ഥമാകത്തക്കനിലയിൽ ഏറ്റവും നല്ല ഒരു സർവ്വകലാശാലയായി വളർത്തി എടുക്കണമെന്നു തന്നെയാണ്. എന്നാൽ അവിടെ നടന്നുകൊണ്ടിരി ക്കുന്ന ക്രമക്കേടുകൾ ഹൈക്കോടതിയുടെ തീരുമാനം വഴിയെങ്കിലും നമ്മൾ കണ്ടതാണ്. ഞാൻ അത് വായിക്കാം.

"To sum up, any appointment to the University could have been made only on the advice of an appropriate Selection Committe. That Selection Committee should have been constituted in the manner prescribed by the Statute. In the absence of the Statute, no Selection Committee could have been constituted. Without a Selection Committee, neither the Syndicate nor the Vice-Chancellor could have selected candidates to any post under the

LIBRARY ARCHIVES Kerala Legislative Assembly

University. So, all the appointments made by the Vice-Chancellor are without jurisdiction. The entire selection made by him purporting to be in exercise of the powers conferred on him by Section 24 (5) (b) is only to be set aside".

ഇക്കാര്യത്തിൽ ഈ ഗവൺമെന്റിന് എന്തു ചെയ്യുവാൻ കഴിയും? അവിടെ 63 ലക്ചറേഴ്സിന്റെയും 5 റീഡേഴ്സിന്റെയും നിയമനം റദ്ദാക്കിയിരിക്കുന്നു. നിയമാനുസൃതമല്ലാതെ നടത്തിയിട്ടുള്ള നിയമനങ്ങൾ മുഴുവൻ റദ്ദാക്കുവാൻ ഹൈക്കോടതി ഉത്തരവിട്ടിരിക്കുകയാണ്. അതുകൊണ്ട് റദ്ദാക്കാതിരിക്കുവാൻ ഗവൺമെന്റിന് കഴിയുമോ? സ്റ്റാറ്റ്യൂട്ട്സ് ഇല്ലാതെ അവിടെ എങ്ങനെ സെലക്ഷൻ കമ്മിറ്റി ഉണ്ടായി? ഇക്കാര്യത്തെപ്പറ്റി മാത്രമല്ല മറ്റനേകം ആക്ഷേപങ്ങൾ വന്നിട്ടുണ്ട്. അതേക്കുറിച്ച് അന്വേഷിക്കുവാൻ ഒരു വിജിലൻസ് കമ്മിറ്റിയെ നിയമിച്ച അന്നുമുതൽ പ്രതിഷേധം തുടങ്ങിയതാണ്. ഈ ആക്ഷേപങ്ങളെപ്പറ്റി അന്വേഷിക്കണ്ടേ? നിയമം ലംഘിച്ച് അവിടെ നടന്ന അഴിമതികളെപ്പറ്റി അന്വേഷിക്കണ്ടേ? അതൊന്നും സംസ്കൃത യൂണിവേഴ്സിറ്റിയുടെ പുരോഗതിക്ക് തടസ്സമാകില്ല. അഴിമതികൾ അവസാനിപ്പിച്ചുകൊണ്ട് നേരായ പാതയിലൂടെ സംസ്കൃത യൂണിവേഴ്സിറ്റിയെ വളർത്തി എടുക്കും എന്ന കാര്യത്തിൽ സംശയം വേണ്ട. എന്തിനാണ് അത് രൂപീകരിച്ചതെന്ന് സംസ്കൃത യൂണിവേഴ്സിറ്റിയുടെ ബില്ലിൽ പറയുന്നുണ്ട്. അവിടെ ഇംഗ്ലീഷ്ഭാഷ പഠിപ്പിക്കാനോ, ബി.എഡ്.സെന്ററുകൾ തുടങ്ങുവാനോ, ഇഷ്ടംപോലെ നിയമനം നടത്തുവാനോ വേണ്ടിയിട്ടല്ല. ആ ഉദ്ദേശ്യലക്ഷ്യങ്ങളിൽ പറഞ്ഞിട്ടുള്ളതനുസരിച്ച് സംസ്കൃത യൂണിവേഴ്സിറ്റിയെ ഏറ്റവും നല്ലൊരു യൂണിവേഴ്സിറ്റിയാക്കി വളർത്തി എടുക്കുവാൻ ഈ ഗവൺമെന്റ് എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

## (9) മലയാളം ബുക്ക് ഡെവലപ്പ്മെന്റ് കൗൺസിൽ പുനഃരാരംഭിക്കുന്നത് സംബന്ധിച്ച്

ശ്രീ. പി.രവീന്ദ്രൻ : സർ, മലയാളം ബുക്ക് ഡെവലപ്മെന്റ് കൗൺസിൽ എന്ന പേരിൽ വിദ്യാഭ്യാസമന്ത്രി അദ്ധ്യക്ഷനായിട്ടുള്ള ഒരു കമ്മിറ്റി ഇവിടെ രൂപീകരിച്ചിട്ടുണ്ട്. മലയാള ഗ്രന്ഥരചന ഉൾപ്പെടെ ബാലസാഹിത്യകൃതികളെ പ്രോത്സാഹിപ്പിക്കുവാനും, പുതിയ എഴുത്തുകാരെ പ്രോത്സാഹിപ്പിക്കുവാനും വേണ്ടിയിട്ടുള്ള നിരവധി നല്ല കാര്യങ്ങൾ ആ കൗൺസിൽ ചെയ്തിട്ടുണ്ട്. ആ കൗൺസിലിന്റെ പ്രവർത്തനങ്ങൾ പരിശോധിച്ചുനോക്കിയാൽ മലയാള ഗ്രന്ഥരചന വലിയ സംഭാവനകൾ ചെയ്തിട്ടുണ്ടെന്ന് കാണുവാൻ സാധിക്കും. ഇപ്പോൾ ആ കൗൺസിൽ നിലവിലില്ല. അത് വീണ്ടും രൂപീകരിച്ച് പ്രവർത്തനക്ഷമമാക്കണമെന്നാണ് എന്റെ ഈ സബ്മിഷനിലൂടെ ഞാൻ ഉദ്ദേശിക്കുന്നത്.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ.പി.ജെ. ജോസഫ്) : സർ, ഇക്കാര്യത്തിൽ ഗവൺമെന്റ് അടിയന്തിര നടപടികൾ കൈക്കൊള്ളുന്നതാണ് ഇതിന്റെ വിശദാംശങ്ങളെപ്പറ്റി പഠിച്ച് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.



LIBRARY ARCHIVES Kerala Legislative Assembly

## (10) കോഴിക്കോട് യൂണിവേഴ്സിറ്റിയിൽ സെഷനൽ ബി.എഡ്.കോഴ്സ് ഹ്രസ്വകാല അവധിയെടുത്ത് പൂർത്തിയാക്കിയ അദ്ധ്യാപകരുടെ അവധി

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : സർ, കോഴിക്കോട് സർവ്വകലാശാല 1982–83 വർഷത്തിൽ ആരംഭിച്ച സെഷണൽ ബി.എഡ്. കോഴ്സ് പാസ്സായ ആയിരക്കണക്കിന് അദ്ധ്യാപകർ ഇപ്പോൾ അങ്കലാപ്പിലാണ്. ബിരുദധാരികളായ പ്രൈമറി അദ്ധ്യാപകർക്ക് ബി.എഡ്. ബിരുദം കരസ്ഥമാക്കാൻ സൗകര്യം ഉണ്ടാക്കുക എന്ന ഉദ്ദേശത്തോടുകൂടിയാണ് ഈ ബി.എഡ്. കോഴ്സ് ആരംഭിച്ചത്. എന്നാൽ കോഴ്സ് പാസ്സായ അദ്ധ്യാപകർ എടുത്ത ഹ്രസ്വകാല അവധി വിദ്യാഭ്യാസ വകുപ്പു അംഗീകരിക്കുകയില്ലെന്ന് വ്യക്തമാക്കിയിരിക്കുകയാണ്. പഠനത്തിനുവേണ്ടി 50, 30, 15 ദിവസം വീതം ഹ്രസ്വകാല അവധികൾ അദ്ധ്യാപകർ എടുത്തിരുന്നു. ഒരു അദ്ധ്യയന വർഷത്തിനിടയിൽ വിവിധ ഹ്രസ്വകാല അവധികൾ അനുവദിക്കരുതെന്ന അപ്രസക്തമായ നിയമം മുറുകെ പിടിച്ചാണ് ഇക്കാര്യത്തിൽ അദ്ധ്യാപകരുടെ അവധികൾ അനുവദിക്കാതിരുന്നത്. പഠനകാലത്ത് 11 മാസവും ലോസ് ഓഫ് പേ അവധിയായി കണക്കാക്കണമെന്ന് ആഡിറ്റർമാർ നിർദ്ദേശിച്ചതനുസരിച്ചും ഇപ്പോഴത്തെ ഗവൺമെന്റിന്റെ നിലപാട് അനുസരിച്ച് പതിനായിരക്കണക്കിന് രൂപയുടെ നഷ്ടം അദ്ധ്യാപകർക്ക് ഉണ്ടാകും. ആയിരങ്ങൾ ചെലവഴിച്ചാണ് ബി.എഡ്. പഠനം പൂർത്തിയാക്കിയത്. ക്ലാസ്സ് ഇല്ലാതിരുന്ന അവസരത്തിൽ ഈ അദ്ധ്യാപകർ സ്കൂളുകളിൽ ജോലി ചെയ്തിരുന്നു. ജോലി ചെയ്ത ദിവസങ്ങളും വെക്കേഷനും അവധിയായി കൂട്ടാനാണ് നിർദ്ദേശം. മറ്റു സംസ്ഥാനങ്ങളിൽ അധിക യോഗ്യത നേടുന്ന അദ്ധ്യാപകർക്ക് ഇൻക്രിമെന്റും മറ്റാനുകൂല്യവും നൽകുമ്പോൾ ഇവിടെ അധികയോഗ്യത നേടിയ അധ്യാപകർക്ക് മാനസിക പീഢനവും, സാമ്പത്തിക നഷ്ടവും ഉണ്ടാക്കുന്നത് ശരിയല്ല. അധിക യോഗ്യത നേടിയതിന്റെ പേരിൽ ഇവരെ ശിക്ഷിക്കരുത്. ഇക്കാര്യത്തിൽ അടിയന്തിരമായ നടപടി ഉണ്ടാകണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ.ജോസഫ്) : സർ, ബി.എഡ്. കോഴ്സിന് ഹ്രസ്വകാല അവധി എടുത്തുപോയ അദ്ധ്യാപകരുടെ അവധിയെ സംബന്ധിച്ച് പുതിയ വ്യാഖ്യാനങ്ങൾ നല്കി അവരെ കഷ്ടപ്പെടുത്തുന്നു എന്നുള്ള ആക്ഷേപം ഗൗരവമായി ഗവൺമെന്റ് എടുക്കുന്നതാണ്. ഇക്കാര്യത്തിൽ അടിയന്തിര റിപ്പോർട്ട് വരുത്തുന്നതിനായി ഗവൺമെന്റ് വേണ്ട നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്. അക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## (11) മണലൂർ നിയോജകമണ്ഡലത്തിലെ കുടിവെള്ള പ്രശ്നം

ശ്രീമതി റോസമ്മ ചാക്കോ : സർ, കഞ്ഞിക്കുഴി പഞ്ചായത്ത് പ്രസിഡന്റ് നിരാഹാരം അനുഷ്ഠിക്കുന്ന സംഭവമാണ് വെള്ളിയാഴ്ച ഞാൻ എന്റെ സബ്മിഷനിലൂടെ പറയുവാൻ ആഗ്രഹിച്ചത്. അത് അനുവദിക്കാതെ മണലൂരിലെ ജലപ്രശ്നത്തെപ്പറ്റി പറയുവാനാണ് എനിക്ക് അവസരം ലഭിച്ചത്. ഞാൻ ആ ഭാഗത്തേക്ക് കടക്കുന്നു. വേനൽക്കാലത്ത് കുടിവെള്ള ക്ഷാമം ഉണ്ടാകുന്നത് സ്വാഭാവികമാണ്. എന്നാൽ പെരുമഴയത്തുപോലും കനോലി കനാലിന്റെ പരിസരത്തുള്ള അന്തിക്കാട്, മണലൂർ, വെൺകിടങ്ങ്, പാവറട്ടി, മുല്ലശ്ശേരി, തൈക്കാട് മുതലായ പഞ്ചായത്തുകളിലെ ആളുകൾ ശുദ്ധജലത്തി

LIBRARY ARCHIVES Kerala Legislative Assembly

നുവേണ്ടി വീർപ്പു മുട്ടുന്ന ഒരു അവസ്ഥയാണുള്ളത്. മറ്റ് നിയോജകമണ്ഡല ങ്ങളിൽപോയി ദിവസേന ശുദ്ധജലം കൊണ്ടുവന്ന് കുടിക്കേണ്ട ദുരവസ്ഥ യാണ് ആ പ്രദേശങ്ങളിലുള്ളത്. പാവറട്ടി ശുദ്ധജല പദ്ധതിയുമായി ബന്ധ പ്പെട്ടു എന്തൊക്കെയോ നടന്നുവെങ്കിൽ പോലും അതൊഴിച്ച് ഗുരുവായൂർ നിയോജകമണ്ഡലത്തിലെ പല പഞ്ചായത്തുകളെയും ഉൾപ്പെടുത്തിയാണ് ആ പദ്ധതിക്ക് രൂപം കൊടുത്തത്. പീച്ചിയിലെ വെള്ളം ഇപ്പോഴും കുടിവെള്ള ത്തിന് വേണ്ടി മാത്രം ഉപയോഗിക്കുന്നു എന്നാണ് അറിയുന്നത്. അക്കാര്യം ബഹുമാനപ്പെട്ട മന്ത്രിക്കും അറിയാം. അവിടെ നിന്നുമുള്ള ശുദ്ധജലവും മറ്റു നിയോജകമണ്ഡലത്തിൽ നിന്നും കിട്ടുന്ന ശുദ്ധജലവും അവിടെ നിന്നും ലിഫ്റ്റ് ചെയ്ത് മണലൂരിലെ ബുദ്ധിമുട്ടുന്ന ജനങ്ങളുടെ നിതാന്ത ദു:ഖത്തിന് ശാശ്വത പരിഹാരം തേടുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ബേബിജോൺ) : സർ, സാമാന്യം മോശമല്ലാത്ത രീതിയിലുള്ള ശുദ്ധജലവിതരണമാണ് അവിടെ നട ക്കുന്നതെങ്കിലും ബുദ്ധിമുട്ടുകളുണ്ട്. അതിന് ചില പദ്ധതികളുണ്ട്. ബഹുമാന പ്പെട്ട മെമ്പർ പറഞ്ഞതുപോലെ തൃശ്ശൂർ ആഗ്മന്റേഷൻ പദ്ധതിയിൽ നിന്നു തന്നെ വെള്ളം പമ്പുചെയ്യുന്നുണ്ട്. ചില പുതിയ സ്കീമുകൾ തുടങ്ങി, നടപ്പാ ക്കികൊണ്ടിരിക്കുകയാണ്. അവ 1997 മാർച്ച് മാസത്തിൽതന്നെ കമ്മിഷൻ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. അത്യാവശ്യം വേണ്ട മറ്റു പദ്ധ തികളും പരിശോധിക്കാം.

## (12) എം.വി.ഐ.പി. 1997-ൽ തന്നെ പൂർത്തിയാക്കണമെന്ന ആവശ്യം

ശ്രീ.ടി.എം. ജേക്കബ് : സർ, 1974-ൽ അനുവാദം കിട്ടിയതാണ് മൂവാറ്റു പുഴ വാലി ഇറിഗേഷൻ പ്രോജക്ട്. ഞാൻ അതിന്റെ മുഴുവൻ വിശദാംശങ്ങളി ലേക്ക് കടക്കുന്നില്ല. ഇടുക്കി, എറണാകുളം, കോട്ടയം എന്നീ ജില്ലകളിലായിട്ട് 17737 ഹെക്ടർ സ്ഥലത്ത് ജലസേചന സൗകര്യവും, മറ്റും പല പ്രദേശങ്ങളിൽ കുടിവെള്ളം നല്കുന്നതിനുള്ള സ്കീം ഈ പ്രോജക്ടുമായി ബന്ധപ്പെട്ട് ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇതിന്റെ ലഫ്റ്റ് ബാങ്ക് കനാൽ 37.45 കിലോമീറ്ററും, റൈറ്റ് ബാങ്ക് കനാൽ 22.71 കിലോ മീറ്ററും, മൊത്തമുള്ള ബ്രാഞ്ച് കനാലുകൾ 69.20 കിലോമീറ്ററും, ഡിസ്ട്രിബ്യൂട്ടിങ്ങ് ലൈൻ 143 കിലോമീറ്ററും വരും. ഈ പ്രോജക്ടിന് 1975-ൽ 15 ലക്ഷം രൂപ അനുവദിച്ചിരുന്ന സ്ഥാനത്ത് 1995-96-ൽ 30 കോടി രൂപയോളം അനുവദിക്കുകയുണ്ടായി. ഈ പ്രോജക്ടിന്റെ 1980-ലെ എസ്റ്റിമേറ്റ് കോസ്റ്റ് 48.08 കോടി രൂപയായിരുന്നു. 1990-ൽ അത് 89.25 കോടി രൂപയായി വർദ്ധിച്ചു. സെൻട്രൽ വാട്ടർ കമ്മിഷൻ അംഗീകരിച്ചത് 104.86 കോടി രൂപയാണ്. 1996-ൽ റിവൈസിഡ് തുക 388 കോടി രൂപവരും. ഞാൻ പ്രസക്തമായ ഒരു കാര്യം ഉന്നയിക്കാൻ ആഗ്രഹിക്കുകയാണ്. ഈ പ്രോജക്ട് 1997-ൽ കമ്മിഷൻ ചെയ്യത്തക്ക നിലയിൽ ഒരു ഷെഡ്യൂൾഡ് തയ്യാറാക്കിയിട്ടു ണ്ട്. ഈ പ്രോജക്ടിൽ നിന്നും 6 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാൻ സാധിക്കും. ഇതിന്റെ ഇപ്പോഴത്തെ സ്ഥിതി, മിനിസ്റ്ററുടെ മറുപടിയിൽ നിന്നും അറിയുവാൻ ആഗ്രഹിക്കുകയാണ്. ഈ പ്രോജക്ടിന് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കറണ്ട് ഇയറിൽ 50 കോടി രൂപ വകയിരുത്തിയിട്ടു ണ്ടായിരുന്നു. അതിൽ 16 കോടി രൂപ ഈ ജൂലൈ മാസംവരെയുള്ള സമ യത്ത് ചെലവായിക്കഴിഞ്ഞു. ഇപ്പോൾ പണി തീർത്ത ഇനത്തിൽ 11 കോടി രൂപ കൊടുക്കുവാനുണ്ട്. ഞാൻ മനസ്സിലാക്കിയിടത്തോളം 27 കോടി രൂപ

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോൾതന്നെ ചെലവാകും. അത് തെറ്റാണോ ശരിയാണോ എന്നുള്ള മന്ത്രിയുടെ മറുപടിയിലൂടെ കേൾക്കുവാൻ ആഗ്രഹിക്കുന്നു. 50 കോടി രൂപയിൽ നിന്നും മറ്റ് ചില പ്രോജക്ടുകൾക്കായി 20 കോടി രൂപ മാറ്റിയിട്ടുണ്ടെന്നാണ് പറയുന്നത്. അങ്ങനെ ചെയ്യുകയാണെങ്കിൽ അത് ശരിയല്ല എന്നാണ് പറയുവാനുള്ളത്. കാരണം ഈ പ്രോജക്ട് ഇനിയും നീട്ടികൊണ്ടുപോവുകയാണെങ്കിൽ കോസ്റ്റ് എസ്ക്കലേഷൻ വീണ്ടും വരും. എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്, ഞാൻ മന്ത്രിയായിരുന്നപ്പോൾ എല്ലാ പ്രോജക്ടുകളും ജനപ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ റിവ്യൂ ചെയ്തിട്ടുണ്ട്. മൂവാറ്റുപുഴ വാലി പ്രോജക്ടിന്റെ ഏരിയയിലുള്ള 5 എം.എൽ.എ.മാരും, എം.പി.മാരും മറ്റു ജനപ്രതിനിധികളും ഉൾപ്പെടെയുള്ളവരുടെ യോഗം വിളിച്ചുകൂട്ടി ഈ പ്രോജക്ടിനെക്കുറിച്ച് ചർച്ച നടത്തുകയും ഒരു ഷെഡ്യൂൾ പ്രകാരം അത് പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും വേണം. കറണ്ട് ഇയറിൽ ഈ പ്രോജക്ട് 50 കോടി രൂപകൊണ്ട് തീരുകയില്ല. ഈ പ്രോജക്ടിനുവേണ്ടി ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക വിത്ത്ഡ്രോ ചെയ്യുവാനുള്ള യാതൊരു നടപടിയും സ്വീകരിക്കരുതെന്നാണ് അഭ്യർത്ഥിക്കുന്നത്.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ബേബിജോൺ) : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യങ്ങൾ പലതും ശരിയാണ്. ഇത് തുടങ്ങിയ സമയം, അന്ന് നിശ്ചയിച്ച തുക, പിന്നീട് പുതുക്കി നിശ്ചയിച്ചത് ഇതെല്ലാം ശരിയാണ്. ഇപ്പോൾ എനിക്ക് കിട്ടിയിരിക്കുന്ന കണക്ക് അനുസരിച്ച് ഇതുവരെയായി 161 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. നടന്നുകൊണ്ടിരിക്കുന്നതും ഇനി തുടങ്ങേണ്ടതുമായ പദ്ധതികൾക്ക് 227 കോടി രൂപ വേണ്ടിവരുമെന്നാണ് എനിക്ക് കിട്ടിയിരിക്കുന്ന റിപ്പോർട്ട്. അത് ശരിയാണ്. മൂവാറ്റുപുഴ പദ്ധതിക്കുവേണ്ടി ബഡ്ജറ്റിൽ നേരത്തെ നീക്കിവച്ച 50 കോടിരൂപയിൽ അത് റീകാസ്റ്റ് ചെയ്തപ്പോൾ 20 കോടി രൂപ അതിൽ നിന്ന് മാറ്റിയിട്ടുണ്ട്. അതിന്റെ പ്രധാന കാരണം ഈ വർഷം ഇത് മുഴുവനായി ചെലവാക്കാൻ കഴിയുമോ എന്ന സംശയമാണ്. മറ്റൊന്നുമല്ല, കുറേ ജോലികൾ ടെന്റർ ചെയ്ത് വന്നത് പരിശോധിച്ചപ്പോൾ ചില തകരാറുകൾ കണ്ടതുകൊണ്ട് അത് റിജക്ട് ചെയ്യുകയും വീണ്ടും 1996-ൽ റിവൈസ്ഡ് എസ്റ്റിമേറ്റ് അനുസരിച്ച് പ്രിപ്പയർ ചെയ്യുകയും ചെയ്തു. അതുപോലെതന്നെ പ്രീ-ക്വാളിഫിക്കേഷന് നിശ്ചയിച്ചിരുന്ന ചില മാനദണ്ഡങ്ങളിൽ ചില ഭേദഗതികൾ വരുത്തണമെന്നുള്ള പൊതുവായ നിർദ്ദേശത്തിന്റെ കൂടി ഭാഗമായിട്ട് ഇതിന് രണ്ടാമത് പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതുണ്ട്. അതിന് കാലതാമസം വരും. പക്ഷേ, പരമാവധി കാലതാമസം ഒഴിവാക്കിക്കൊണ്ട് ഈ പദ്ധതി വളരെവേഗം നടപ്പിലാക്കാനാണ് ശ്രമിക്കുന്നത്.

സർ, അതുപോലെതന്നെ റിവ്യൂ മീറ്റിംഗിനെ സംബന്ധിച്ച് അദ്ദേഹം പറഞ്ഞു. റിവ്യൂ മീറ്റിംഗ് നടത്തണമെന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം. പക്ഷേ, അതിനു മുമ്പ് ഉദ്യോഗസ്ഥലെവലിൽ ഒരു റിവ്യൂ നടത്തേണ്ടതുണ്ട്. എങ്കിൽ മാത്രമേ എനിക്ക് അതിനെക്കുറിച്ച് പൂർണ്ണമായ വിവരം ലഭിക്കുകയുള്ളു. അതുകൊണ്ട് അതു കഴിഞ്ഞിട്ടേ റിവ്യൂ മീറ്റിംഗ് നടത്തുകയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

## (13) ചന്തിരൂർതോട് സൈഡ് കെട്ടുകയും വൃത്തിയാക്കുകയും ചെയ്യുന്നതിലുള്ള കാലതാമസം സംബന്ധിച്ച്

ശ്രീമതി കെ.ആർ.ഗൗരിയമ്മ : സർ, അരൂർ നിയോജകമണ്ഡലത്തിലെ തോടിന്റെ സൈഡ് കെട്ടി വൃത്തിയാക്കുന്നതിനുള്ള കാലതാമസത്തെപ്പറ്റിയാണ് ഉന്നയിക്കുന്നത്. ചന്തിരൂർ തോടിൽ അരൂരും എഴുപുന്ന പഞ്ചായത്തിലുമുള്ള 500-ഓളം പീലിംഗ് ഷെഡ്ഡുകളിൽ നിന്ന് ചെമ്മീൻ കഴുകുന്ന മലിനജലവും ഐസ് ഫാക്ടറി, ഫ്രീസിംഗ് പ്ലാന്റ് ഇവകളിൽ നിന്നുള്ള മലിനജലവും ഈ തോടിലാണ് വന്ന് വീഴുന്നത്. അതിനുപുറമേ ചെമ്മീൻ, സമുദ്രോല്പന്നങ്ങളായ മറ്റ് മത്സ്യങ്ങൾ, ഇവയിൽ നിന്നൊക്കെയുള്ള വേസ്റ്റുകൾ ഈ തോടിലാണ് കൊണ്ടുവന്ന് നിക്ഷേപിക്കുന്നത്. അതുകൊണ്ട് ഈ തോട് ശുദ്ധിയാക്കണമെന്ന് വളരെക്കാലമായിട്ട് ആവശ്യപ്പെടുകയാണ്. നാഷണൽ ഹൈവേയിൽക്കൂടി പോകുന്ന ആളുകൾക്ക് ബസിലിരുന്നാൽ അരകിലോമീറ്റർ അപ്പുറത്ത് വരുമ്പോൾ തന്നെ തോടിൽ നിന്നുള്ള ദുർഗന്ധം കൊണ്ട് യാത്രചെയ്യൽ നിവൃത്തിയില്ലാത്ത സ്ഥിതി വന്നിരിക്കുകയാണ്. ആ തോട് ശുദ്ധീകരിക്കുന്നതിനും അതിന്റെ സൈഡ് കെട്ടി ശരിയാക്കുന്നതിനും ടെന്റർ കഴിഞ്ഞ ജനുവരിയിൽ പിടിച്ചതാണ്. അയാൾ ആബ്സ്കോൺൻഡ് ചെയ്തു. ഇതുവരെ എഗ്രിമെന്റ് വച്ചില്ല. അടുത്തയാൾ വന്നു, അയാളും എഗ്രിമെന്റ് വയ്ക്കുന്നില്ല. മറ്റാരെയെങ്കിലും കൊണ്ട് ബഹുമാനപ്പെട്ട മന്ത്രി നേരിട്ട് ഇടപെട്ട് അതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ദുർഗന്ധം കൊണ്ട് അവിടെ ആളുകൾക്ക് താമസിക്കാൻ സാധിക്കുന്നില്ല. കുട്ടികൾക്ക് വയറിളക്കവും വലിവ് തുടങ്ങിയ രോഗങ്ങളും വന്ന് വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്. അതുകൊണ്ട് ഈ തോട് പെട്ടെന്ന് വെട്ടിത്തീർക്കുന്നതിന് അവിടത്തെ പഞ്ചായത്തുമായിട്ട് ആലോചിച്ച് എത്രയും വേഗം ഒരു സംവിധാനമുണ്ടാക്കി തോട്ടിലുള്ള മാലിന്യങ്ങൾ മാറ്റി തോട് വൃത്തിയാക്കുന്നതിനു വേണ്ടിയുള്ള നടപടികളുണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ബേബിജോൺ) : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ചന്തിരൂർ തോട് ആഴംകൂട്ടി വൃത്തിയാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ വാസ്തവത്തിൽ ആരംഭിച്ചതായിരുന്നു. 1995 ജൂലായ് മാസത്തിൽ ഒരു ലക്ഷത്തി തൊണ്ണൂറ്റി ഒരായിരം വീതമുള്ള രണ്ട് പദ്ധതികൾ ആവിഷ്ക്കരിച്ച് ടെന്റർ വിളിച്ചു. 27 ശതമാനം കൂടുതലായിട്ടും 59 ശതമാനം കൂടുതലായിട്ടും, നമ്മുടെ ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തന സംവിധാനത്തിൽ വന്ന കാലതാമസമാണിത്. 27 ശതമാനക്കാരനോട് പിന്നേയും കുറയ്ക്കാമോയെന്ന് ചോദിച്ചു. അദ്ദേഹം മറുപടി ഒന്നും പറഞ്ഞില്ല. ഓർഡർ പോയപ്പോൾ കാലാവധി തീർന്നു. കരാറുകാരൻ ഓർഡർ എടുക്കാൻ തയ്യാറായിരുന്നില്ല. ഇപ്പോൾ പുതിയതായി അടിയന്തിര നടപടികൾ സ്വീകരിച്ച് വീണ്ടും ടെന്റർ വിളിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

## (14) കോട്ടയ്ക്കൽ വനിതാ പോളിടെക്നിക്കിൽ ഈ വർഷം ഒന്നാം വർഷ പ്രവേശനം വേണ്ടെന്നു വച്ചതു മൂലമുള്ള ബുദ്ധിമുട്ടുകൾ സംബന്ധിച്ച്

ശ്രീ. പി.കെ. അബ്ദുറബ്ബ് : സർ, മലപ്പുറം ജില്ലയിലെ ജനങ്ങൾ വിദ്യാഭ്യാസപരമായി വളരെയേറെ പിന്നോക്കം നില്ക്കുന്നവരാണ്. പ്രത്യേകിച്ച് സ്ത്രീ വിദ്യാഭ്യാസത്തിൽ വളരെ പിന്നോക്കം നിൽക്കുന്ന ജില്ലയിലെ ഏക



LIBRARY ARCHIVES Kerala Legislative Assembly

വനിതാ പോളിടെക്നിക്കായ കോട്ടയ്ക്കൽ വനിതാ പോളിടെക്നിക് മൂന്ന് വർഷം മുമ്പ് താൽക്കാലികമായി ഒരു സ്കൂൾ കെട്ടിടത്തിലാണ് ആരംഭിച്ചത്. അവിടെ ഈ വർഷം ഭൗതികസൗകര്യങ്ങളില്ലെന്നുള്ളതിന്റെ പേരിൽ ആൾ ഇന്ത്യാ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷന്റെ നിർദ്ദേശപ്രകാരം സർക്കാർ ഒന്നാം വർഷ വിദ്യാർത്ഥിനികൾക്ക് അഡ്മിഷൻ നിഷേധിച്ചിരിക്കുകയാണ്. പെൺകുട്ടികൾക്ക് വളരെയധികം പ്രയോജനപ്രദമായ ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻസ്, കംപ്യൂട്ടർ ആപ്ലിക്കേഷൻ, ബിസിനസ് മാനേജ്മെന്റ് തുടങ്ങിയ കോഴ്സുകളാണ് അവിടെ പഠിപ്പിക്കുന്നത്. ആ സ്ഥാപനം അടച്ചു പൂട്ടുമോയെന്നുള്ള ആശങ്കയിലാണ് അവിടത്തെ വിദ്യാർത്ഥികളും രക്ഷിതാക്കളും. അത് പരിഹരിക്കുന്നതിനായി നാട്ടുകാരും രക്ഷിതാക്കളും സൗകര്യപ്രദമായ മറ്റൊരു സ്വകാര്യ വാടകക്കെട്ടിടത്തിനുവേണ്ടി പരിശ്രമങ്ങൾ നടത്തിയിട്ടുണ്ട്. അത് അവിടെ ലഭ്യമാണ് ആ സ്ഥാപനം അങ്ങോട്ട് മാറ്റി സ്വന്തമായ കെട്ടിടം നിലവിൽവരുന്നതുവരെ അവിടെ പ്രവർത്തിപ്പിക്കുന്നതിനും ഈ വർഷം തന്നെ ഒന്നാംവർഷ വിദ്യാർത്ഥിനികൾക്ക് അഡ്മിഷൻ കൊടുക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യണം.

സർ, ഈ സ്ഥാപനത്തിനുവേണ്ടി സ്ഥലം അക്വയർ ചെയ്യുന്നതിനുവേണ്ടി 55 ലക്ഷം രൂപ മലപ്പുറം ജില്ലാ കളക്ടർക്ക് നൽകിയിരുന്നെങ്കിലും അക്വിസിഷനെതിരായി ഹൈക്കോടതിയിൽ കേസുള്ളതുകൊണ്ട് മറ്റൊരു സ്ഥലം നെഗോഷിയേറ്റ് ചെയ്തു വാങ്ങുവാൻ തീരുമാനിച്ചുകൊണ്ട് തെന്നല വില്ലേജിൽ മുസ്ലിം ഓർഫനേജ് കമ്മിറ്റി വക 19.2 ഏക്കർ സ്ഥലം വാങ്ങാൻ വേണ്ടി പ്രാഥമിക നടപടികളായിട്ടുണ്ട്. ഇതിനുവേണ്ടി 30 ലക്ഷം രൂപ കൂടി മലപ്പുറം ജില്ലാ കളക്ടർക്ക് ലഭ്യമാക്കിക്കൊണ്ട് ആ സ്ഥലം വാങ്ങി അവിടെ സ്ഥിരമായ സംവിധാനമുണ്ടാക്കുന്നതുവരെ ഞാൻ നേരത്തെ പറഞ്ഞ വാടകക്കെട്ടിടത്തിലേക്ക് സ്ഥാപനം മാറ്റി വിദ്യാർത്ഥികൾക്ക് പഠനം തുടരാനും ഈ വർഷത്തെ അഡ്മിഷൻ നടത്താനുമുള്ള സാഹചര്യമുണ്ടാക്കണം. അതുപോലെതന്നെ അവിടെ ധാരാളം അദ്ധ്യാപകരുടെ ഒഴിവുകളുണ്ട്. ഇപ്പോൾ ഗസ്റ്റ് ലക്ചറർമാരാണ് ക്ലാസുകൾ നടത്തുന്നത്. അവിടെ സ്ഥിരമായ അദ്ധ്യാപകരെ നിയമിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, ആൾ ഇൻഡ്യാ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷൻ അവിടെ പോയി പരിശോധിച്ചതിനുശേഷം അവിടെ കെട്ടിടത്തിന്റെ പ്രശ്നം മാത്രമല്ല ആവശ്യമായ ഇൻഫ്രാസ്ട്രക്ച്ചർ ഫെസിലിറ്റീസ് ഒന്നുമില്ലാത്തതുകൊണ്ട് അവിടെ കോഴ്സുകൾ ഒന്നും നടത്താൻ പാടില്ലെന്ന് കർശനമായ നിർദ്ദേശം നൽകി. അതനുസരിച്ച് ടെക്നിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ ഗവൺമെന്റിന് എഴുതി. എ.ഐ.സി.റ്റി.ഇ.യുടെ പ്രിൻസിപ്പൽ തന്നെ ഡയറക്ടറായിട്ട് പോളിടെക്നിക്ക് പ്രിൻസിപ്പലിന് എഴുതി. ആ പ്രിൻസിപ്പൽ ടെക്നിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർക്ക് എഴുതി. ടെക്നിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ ഗവൺമെന്റിനെ അറിയിച്ചു. ഈ നിർദ്ദേശപ്രകാരം കെട്ടിടം മാത്രം പോരാ. ഇൻഫ്രാസ്ട്രക്ച്ചർ ഫെസിലിറ്റീസ് സാറ്റിസ്ഫൈ ചെയ്ത് വീണ്ടും അവരുടെ അപ്രൂവൽ കൂടാതെ ക്ലാസുകൾ തുടങ്ങാൻ പാടില്ലെന്ന് പറഞ്ഞിരിക്കുകയാണ്. അതുകൊണ്ട് ഗവൺമെന്റ് അതിന് പരമാവധി ശ്രമിക്കുന്നതാണ്. പക്ഷേ, ഇത്രയും വൈകിയ വേളയിൽ ഈ വർഷം അത് തുടങ്ങാൻ കഴിയു

LIBRARY ARCHIVES Kerala Legislative Assembly

മെന്ന് എനിക്ക് വിശ്വാസമില്ല. തീർച്ചയായും അടുത്തവർഷം അത് തുടങ്ങുന്നതിന് വേണ്ടി അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണ്.

### (15) അന്ധ-ബധിര സ്കൂളിന്റെ ശോചനീയാവസ്ഥ

ശ്രീ. എൻ.ആർ. ബാലൻ : സർ, കുന്നംകുളം നിയോജകമണ്ഡലത്തിന്റെ ഹൃദയഭാഗത്ത് നിലനിൽക്കുന്ന അന്ധ-ബധിര വിദ്യാലയത്തിന്റെ ശോചനീയാവസ്ഥ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുകയാണ്. അന്ധ-ബധിര വിദ്യാലയങ്ങളെ രണ്ടായി തിരിച്ചതിനുശേഷം ബ്ലൈൻഡ് സ്റ്റുഡന്റ്സിന് പഠിക്കുന്നതിനുള്ള ക്ലാസ്റൂമുകൾ ഇല്ലാത്ത അവസ്ഥയാണ് നിലനിൽക്കുന്നത്. പുതിയ കെട്ടിടത്തിന്റെ പണി ആരംഭിച്ചെങ്കിലും ഇടയ്ക്ക് വച്ച് നിർത്തിയിരിക്കുകയാണ്. ബോർഡിംഗിൽ താമസിക്കുന്ന കുട്ടികൾക്ക് 300 രൂപയാണ് പ്രതിമാസ അലവൻസായി പ്രഖ്യാപിച്ചിട്ടുള്ളത്. അത് ഇരട്ടിയാക്കി പ്രഖ്യാപിക്കാൻ കഴിഞ്ഞില്ലെങ്കിൽ കുട്ടികൾക്ക് ഭക്ഷണം കൊടുക്കാൻ കഴിയാത്ത ഒരു സ്ഥിതിയുണ്ടാകും. വളരെ വർഷങ്ങളായിട്ടും ശുദ്ധജല വിതരണം നടത്തുന്നതിനുള്ള സംവിധാനങ്ങളൊന്നുമില്ല. ടാങ്കിന്റെ പണി പൂർത്തീകരിച്ചുവെങ്കിലും ഇതുവരെ കണക്ഷൻ കൊടുത്തിട്ടില്ലാ ഭക്ഷണശാലയും, സ്റ്റോർറൂമുമൊക്കെ ചോർന്നൊലിക്കുന്ന സ്ഥിതിയാണിന്നുള്ളത്. ഏതു നിമിഷവും കെട്ടിടം ഇടിഞ്ഞുവീഴുമെന്നുള്ള ഭീകരാവസ്ഥ നിലനിൽക്കുകയാണ്. അദ്ധ്യാപകരുടെ ഒഴിവുകൾ ഇതുവരേയും നികത്തിയിട്ടില്ല. ബ്ലൈൻഡ് സ്കൂളിൽ പ്രധാന അദ്ധ്യാപകൻ ഇല്ല. ഈ ദുരവസ്ഥയ്ക്ക് പരിഹാരം ഉണ്ടാക്കുന്നതിനു വേണ്ടി ബന്ധപ്പെട്ട വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ.ജോസഫ്) : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ഈ കാര്യങ്ങൾ വളരെ പ്രസക്തിയുള്ളതാണ്. ആഗസ്റ്റ് മാസം രണ്ടാം തീയതി ഈ പ്രശ്നം ചർച്ച ചെയ്യാൻ വേണ്ടി വിദ്യാഭ്യാസഡയറക്ടർ ഒരു യോഗം വിളിച്ചിട്ടുണ്ട്. ഇവർക്കു കൊടുക്കുന്ന സ്റ്റൈപ്പന്റ് അപര്യാപ്തമാണെന്നുള്ളത് വളരെ വ്യക്തമാണ്. കെട്ടിടം പണിയും പൂർത്തിയാക്കേണ്ടതായിട്ടുണ്ട്. ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

### (16) മാലുമേൽക്കടവ് പാലത്തിന്റെ പണി

ശ്രീ. ടി. നാണുമാസ്റ്റർ : സർ, കുന്നത്തൂർ - കരുനാഗപ്പള്ളി മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന പള്ളിയ്ക്കൽ ആറിന് കുറുകെ മാലുമ്മേൽക്കടവിൽ പാലം നിർമ്മിക്കുന്നതിന് വേണ്ടി, കഴിഞ്ഞ 10 വർഷമായിട്ടുള്ള പ്രവർത്തനത്തിന്റെ ഫലമായി 1991-ൽ തറക്കല്ലിട്ടതാണ്. 5 വർഷക്കാലമായി മൂന്നു സബ്മിഷനുകൾ പിന്നീട് വന്ന ഗവൺമെന്റിന്റെ മുന്നിൽ സമർപ്പിച്ചിട്ടുള്ള ഒരാളാണ് ഞാൻ. അവസാനമായി സബ്മിഷൻ കൊടുത്തപ്പോൾ ഞാൻ പറഞ്ഞത് 'മാനിഷാദ' എന്നാണ്. ഈ രണ്ടു മണ്ഡലങ്ങളിലേയും ലക്ഷക്കണക്കിനാളുകളെ ബുദ്ധിമുട്ടിപ്പിക്കുന്ന ഈ നയം മാറ്റി, അന്ന് തറക്കല്ലിട്ടിട്ടുള്ള പാലത്തിന്റെ നിർമ്മാണപണി ഉടൻ ആരംഭിക്കുന്നതിനുള്ള നടപടി ഉണ്ടാക്കണമെന്ന് വിനീതമായി ഗവൺമെന്റിനോട് ആവശ്യപ്പെടുകയാണ്.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, ഈ പാലത്തിന്റെ നിർമ്മാണത്തിന് 28-7-90-ൽ 65 ലക്ഷം രൂപയുടെ ഭര

LIBRARY ARCHIVES Kerala Legislative Assembly

ണാനുമതിയും, പ്രത്യേകാനുമതിയും നൽകിയിരുന്നു. പാലത്തിന്റെ ജനറൽ ഡിസൈൻ പൂർത്തിയാകാത്തതിനാലാണ് പണി ആരംഭിക്കാൻ കഴിയാത്തത്. 1992-ൽ പുതുക്കിയ ഷെഡ്യൂൾപ്രകാരമുള്ള എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ അനുമതിക്കായി സർക്കാരിന് സമർപ്പിച്ചു. സാമ്പത്തിക ബുദ്ധിമുട്ടിന്റെ കാരണത്താൽ പിന്നീടൊരു നടപടികളും ഉണ്ടായിട്ടില്ല. തറക്കല്ലിട്ട എല്ലാ പാലങ്ങളുടേയും, റോഡുകളുടേയും പണി ചെയ്യാൻ പറ്റുമോ എന്ന് അറിയില്ല. വളരെ പഴക്കമുള്ള ഈ പാലത്തിന്റെ കാര്യം ഗവൺമെന്റ് പ്രത്യേകം പരിഗണിക്കുന്നതാണ്.

## (17) പഴശി പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : സർ, കണ്ണൂർ ജില്ലയിലെ ആദ്യത്തെ ജലസേചന പദ്ധതിയാണ് പഴശ്ശി. കണ്ണൂർ ജില്ലയിൽ മൂന്ന് താലൂക്കുകളാണുള്ളത്. മൂന്നു താലൂക്കുകളുമായി ബന്ധപ്പെട്ടതാണ് പഴശ്ശി പദ്ധതി. 1959-ലാണ് ഇതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയത്. 1964-ൽ പ്ലാനിംഗ് കമ്മീഷൻ ഇത് അംഗീകരിച്ചു. 16,200 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നതിനുവേണ്ടിയുള്ള വെള്ളം നൽകാമെന്നായിരുന്നു ആദ്യത്തെ തീരുമാനം. അത് പിന്നീട് 8125 ഹെക്ടറാക്കി ചുരുക്കി. നാലുകോടി നാൽപ്പത്തിരണ്ടു ലക്ഷമായിരുന്നു ആദ്യത്തെ എസ്റ്റിമേറ്റ്. ഇപ്പോൾ 88 കോടി രൂപ ഉപയോഗിച്ചുകഴിഞ്ഞിട്ടുണ്ടെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. ഇനി 30 കോടി രൂപയെങ്കിലുമുണ്ടെങ്കിൽ മാത്രമേ പണി പൂർത്തിയാകൂ. 1979-ൽ അന്നത്തെ പ്രധാനമന്ത്രി ശ്രീ. മൊറാർജി ദേശായി ഭാഗികമായി ഈ പരിപാടി ഉദ്ഘാടനം ചെയ്തിരുന്നു. 1995 അവസാനിക്കുമ്പോഴും പണി പൂർത്തിയാകുമെന്നായിരുന്നു മുമ്പുള്ള ഗവൺമെന്റ് ഉറപ്പു നൽകിയിരുന്നത്. ഇപ്പോഴും അതിന്റെ പണി പൂർത്തിയായിട്ടില്ല. പഴശ്ശിനക്കടവ് പാലത്തിന്റെ പണി പൂർത്തിയാക്കി അതിന്റെ സമീപത്തുള്ള റോഡുകൾ ഉദ്ഘാടനം ചെയ്യുന്നതിനുവേണ്ടി കഴിഞ്ഞ തെരഞ്ഞെടുപ്പിനു തൊട്ടു മുൻപ് തീയതി നിശ്ചയിച്ചിരുന്നു. അതു പിന്നീട് നിർത്തിവയ്ക്കുകയാണ് ചെയ്തിട്ടുള്ളത്. ഇപ്പോഴും അതിന്റെ പണി പൂർത്തിയായിട്ടില്ല. കോടല്ലൂർ ടണലിന്റെ പണിയും, മൊറാറ ഡിസ്ട്രിബ്യൂട്ടറിയുടെ പണിയും പൂർത്തിയായിട്ടില്ല. അടിയന്തിരമായി ഈ പണികൾ പൂർത്തിയാക്കാനും, അതിനാവശ്യമായ രീതിയിൽ ഫണ്ട് ആസൂത്രണം ചെയ്യാനുമുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ബേബിജോൺ) : സർ, നമ്മുടെ മറ്റു ജലസേചന പദ്ധതികൾക്കുള്ള അവസ്ഥ തന്നെയാണ് പഴശ്ശി പദ്ധതിക്കുമുള്ളത്. 'നബാർഡി'ന്റെ സഹായത്തോടുകൂടി 1997-ൽ പണി പൂർത്തിയാകുമെന്നാണ് ഗവൺമെന്റിന്റെ പ്രതീക്ഷ. അതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

## (18) ഇടുക്കി ജില്ലയിലെ കഞ്ഞിക്കുഴിയിലുള്ള അനധികൃത മദ്യഷാപ്പ് നിർത്തലാക്കൽ

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട കഞ്ഞിക്കുഴി എന്ന സ്ഥലത്ത് അനധികൃതമായി പ്രവർത്തിക്കുന്ന കള്ളുഷാപ്പിന്റെ പ്രവർത്തനം അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

അവിടത്തെ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. ശോശാമ്മ വെള്ളിയാഴ്ച മൂന്നു മണിക്ക് ആരംഭിച്ച നിരാഹാരം മൂലം ഉളവായിരിക്കുന്ന ഗുരുതരമായ പ്രശ്നത്തിലേയ്ക്ക് ഞാൻ ഈ സഭയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. കഞ്ഞിക്കുഴി പഞ്ചായത്തിൽ ചുരുളി. ചേലച്ചുവട്, കീരിത്തോട്, ചനക്കൂട്ടി, വെണ്മണി എന്നീ കേന്ദ്രങ്ങളിൽ അഞ്ച് ഷാപ്പുകൾക്കാണ് ലൈസൻസ് കൊടുത്തിട്ടുള്ളത്. വെൺമണിയുടേയും കീരിത്തോടിന്റേയും ഏരിയയിൽപ്പെടുമെന്നുള്ള വ്യാജേന കഞ്ഞിക്കുഴി, പഴയരിക്കണ്ടം എന്നീ രണ്ടു കേന്ദ്രങ്ങളിൽ ഷാപ്പുകൾ പ്രവർത്തിപ്പിക്കാനുള്ള നീക്കം എക്സൈസ് ഉദ്യോഗസ്ഥന്മാരുടെ അനുമതിയോടും, പിൻതുണയോടുംകൂടി ഷാപ്പ് ഉടമകൾ നടത്തിക്കൊണ്ടിരിക്കുകയാണ്. കഞ്ഞിക്കുഴി, ഇടുക്കി പദ്ധതിക്കു വേണ്ടി വൈരമണിയിൽ നിന്ന് കുടിഒഴിപ്പിക്കപ്പെട്ട കൃഷിക്കാരെ കുടിയിരുത്തിയ കോളനിയാണ് പഴയരിക്കണ്ടം ഗിരിവർഗ്ഗ കോളനിയാണ്. ഇവിടെ പ്രവർത്തിക്കുന്ന രണ്ടു ഷാപ്പുകളും തികച്ചും അനധികൃതമാണ്. ഈ കാര്യത്തിൽ വീഴ്ച വരുത്തിയിട്ടുള്ള എക്സൈസ് ഉദ്യോഗസ്ഥന്മാരുടെമേൽ നടപടി സ്വീകരിക്കണമെന്നും. ഈ ഷാപ്പുകളുടെ പ്രവർത്തനം നിർത്തിവയ്പ്പിക്കണമെന്നും ഞാൻ ആവശ്യപ്പെടുകയാണ്.

പ്രൊഫസർ സാവിത്രി ലക്ഷ്മണൻ : സർ, എന്നെക്കൂടി പ്രശ്നം ഉന്നയിക്കാൻ അനുവദിക്കണം.

മി. സ്പീക്കർ : ഒരു എം.എൽ.എ.യെ ഒരു സബ്മിഷൻ ഉന്നയിക്കാനേ അനുവദിക്കൂ. ഇതു സംബന്ധിച്ച് ബന്ധപ്പെട്ട നിയോജകമണ്ഡലത്തിലെ എം.എൽ.എ.യെക്കൂടി അസോഷിയേറ്റ് ചെയ്യിക്കും. ഇപ്പോൾ 4 പേർ കൂടി ഈ സബ്മിഷൻ എഴുതി തന്നിട്ടുണ്ട്. എല്ലാവരേയും സംസാരിക്കാൻ അനുവദിക്കാൻ ബുദ്ധിമുട്ടുണ്ട്.

ധനകാര്യ വകുപ്പു മന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, ഈ കാര്യം ശ്രീ. ഇ.എം. അഗസ്തിയും എന്നോട് സൂചിപ്പിച്ചതാണ്. നേരിട്ട് എഴുതി തന്നതുമാണ്. ഇതിൽ പറയുന്ന പ്രശ്നമൊന്നും ഇല്ല. പൈനാവ് ആണ് ഡിസ്ട്രിക്റ്റ് ഹെഡ്ക്വാർട്ടേഴ്സ്. അവിടെ ഷാപ്പില്ല. അതിനടുത്ത ചെറുതോണിയിൽ നിയമാനുസൃതം ലൈസൻസ് ഉള്ള കള്ളുഷാപ്പുകൾ പ്രവർത്തിക്കുന്നുണ്ട്. കഞ്ഞിക്കുഴിക്ക് സമീപം കീരിത്തോട് എന്ന സ്ഥലത്തും ലൈസൻസോടുകൂടിയാണ് കള്ളുഷാപ്പ് പ്രവർത്തിക്കുന്നത്. കഞ്ഞിക്കുഴി പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ശോശാമ്മ 26-7-96 മുതൽ കീരിത്തോടുള്ള ലൈസൻസുള്ള ഷാപ്പിനുമുന്നിൽ നിരാഹാരം ആരംഭിച്ചിരിക്കുകയാണ്. ഗുരുതരമായ നിയമസമാധാന പ്രശ്നങ്ങളൊന്നും അവിടെയില്ല. പക്ഷേ ഒരു കാര്യം ഞാൻ പറയാം. എനിക്ക് കിട്ടിയ ഇൻഫർമേഷൻ ആണ്. അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ സത്യാഗ്രഹിയെ ചെന്നുകണ്ട് സംസാരിച്ചു. ഷാപ്പ് ഇപ്പോൾ പ്രവർത്തിക്കുന്ന സ്ഥലത്തു നിന്ന് മാറ്റാമെന്ന് കോൺട്രാക്ടർ സമ്മതിച്ചതായി അറിയുന്നു. ലൈസൻസ് ഉള്ള ഷാപ്പാണ്. അയാൾക്ക് മാറ്റേണ്ട ആവശ്യമില്ല. എങ്കിലും അയാൾ സമ്മതിച്ചിട്ടുണ്ട്.

### (19) ആദിവാസികളുടെ ഭൂമി വാങ്ങിയ കൃഷിക്കാർ നേരിടുന്ന കുടിയിറക്ക് ഭീഷണി

ശ്രീ. പി. രാജു എബ്രഹാം : സർ, കേരളത്തിലെ ആയിരക്കണക്കിന് കൃഷിക്കാർ ഇന്ന് കുടിയിറക്ക് ഭീഷണിയെ നേരിടുകയാണ്. ആദിവാസിക



LIBRARY ARCHIVES Kerala Legislative Assembly

ളുടെ പക്കൽനിന്നും ഭൂമി വാങ്ങിയ കൃഷിക്കാരെയാണ് കേന്ദ്ര-സംസ്ഥാന നിയമത്തിന്റേയും, കോടതി വിധിയുടേയും അടിസ്ഥാനത്തിൽ ഇറക്കി വിടാൻ ആർ.ഡി.ഒ.മാർ അടിയന്തിര നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. റാന്നി മണ്ഡലത്തിലുൾപ്പെടുന്നവരും കുടിയിറക്കു ഭീഷണിയെ നേരിടുകയാണ്. ഈ മേഖലയാകെ സംഘർഷാവസ്ഥയിലാണ്. ഈ പ്രശ്നം പരിഹരിക്കുമെന്ന് ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിലും പറഞ്ഞിട്ടുണ്ട്. ആദിവാസികൾക്കും, കൃഷിക്കാർക്കും തൃപ്തികരമായൊരു ബിൽ കൊണ്ടുവരാൻ കഴിഞ്ഞ സഭ നേരത്തെ നീക്കങ്ങൾ നടത്തി എന്ന് അറിയാൻ കഴിഞ്ഞു.

ഈ പ്രശ്നം പരിഹരിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

റവന്യൂവകുപ്പു മന്ത്രി (ശ്രീ.കെ.ഇ. ഇസ്മയിൽ) : സർ, 1975-ലെ പട്ടികജാതി-പട്ടികവർഗ്ഗ നിയമപ്രകാരം ആദിവാസികളുടെ അന്യാധീനപ്പെട്ട ഭൂമി വീണ്ടെടുത്തു നൽകണമെന്നാണ് നിലവിലുള്ള വ്യവസ്ഥ. ഇതു സംബന്ധിച്ചുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. പത്തനംതിട്ട ജില്ലയിലും, മറ്റെല്ലാ ജില്ലകളിലും അന്യാധീനപ്പെട്ടുപോയ ഭൂമി, നിലവിലുള്ള എല്ലാ പ്രദേശങ്ങളിലും അത് വീണ്ടെടുത്തു നൽകുന്നതിനു വേണ്ടി ആർ.ഡി.ഒ.മാർ നോട്ടീസ് നൽകിക്കൊണ്ടിരിക്കുകയാണ്. പത്തനംതിട്ട ജില്ലയിൽ ചിറ്റാർ, സീതത്തോട്, പെരിനാട്, വടശ്ശേരിക്കര തുടങ്ങിയ സ്ഥലങ്ങളിലൊക്കെ ഇത്തരം അന്യാധീനപ്പെട്ട ഭൂമി കൈവശം വച്ചിരിക്കുന്ന കൃഷിക്കാരുണ്ട്. തിരുവല്ല ഡിവിഷണൽ ആഫീസർ ഇവർക്ക് നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. ആരേയും ഒഴിപ്പിക്കുകയോ, ഏതെങ്കിലും കൃഷിക്കാർ ഇതിന്റെ പേരിൽ ഒഴിഞ്ഞുപോകുകയോ ചെയ്തിട്ടില്ല. ഈ നിയമം നടപ്പിലാക്കുന്നതിന് ഹൈക്കോടതി നേരിട്ട് എല്ലാ ആർ.ഡി.ഒ.മാരേയും, ജില്ലാ കളക്ടർമാരേയും വിളിച്ച് നിർദ്ദേശം കൊടുത്തിരിക്കുകയാണ്. അടിയന്തിരമായി ഈ നിയമം നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുകയാണ്. അതിന്റെ അടിസ്ഥാനത്തിൽ അന്യാധീനപ്പെട്ട ഭൂമി വീണ്ടെടുത്ത് അവർക്ക് തന്നെ നൽകാനുള്ള നടപടി എടുക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ആർ.ഡി.ഒ.മാർ നടത്തിക്കൊണ്ടിരിക്കുകയാണ്. കുടിയേറ്റക്കാരുടെ ബുദ്ധിമുട്ടുകൾ ഗവൺമെന്റിന് ബോധ്യമുള്ളതാണ്. ആദിവാസികൾക്കു ഭൂമി നൽകേണ്ട ആവശ്യം കണക്കിലെടുത്ത് ഉടനെ തന്നെ ഗവൺമെന്റ് നിയമനടപടികൾ കൊണ്ടുവരാൻ ആലോചിക്കുന്നതാണ്. ആദിവാസികൾക്ക് നഷ്ടപ്പെട്ടുപോയ ഭൂമി തിരിച്ചു നൽകാൻ ആവശ്യമായ രീതിയിലുള്ള സംരക്ഷണം ഉറപ്പു നൽകുന്നതിനുള്ള ഒരു നിയമം അടിയന്തിരമായി നടപ്പിലാക്കണമെന്ന് ആഗ്രഹിക്കുകയാണ്.

## (20) കോട്ടയം ജില്ലയിലെ കാലവർഷക്കെടുതി

ശ്രീ. മോൻസ് ജോസഫ് : സർ, കോട്ടയം ജില്ലയിൽ കഴിഞ്ഞ എട്ടുദിവസമായി ഉണ്ടായികൊണ്ടിരിക്കുന്ന ശക്തമായ കാലവർഷത്തെത്തുടർന്ന് സംഭവിച്ചിരിക്കുന്ന വെള്ളപ്പൊക്കക്കെടുതിമൂലം ജില്ലയുടെ വിവിധ പ്രദേശങ്ങളിലെ ജനങ്ങളനുഭവിക്കുന്ന ദുരിതങ്ങൾ കണക്കിലെടുത്ത് അർഹരായവർക്ക് സൗജന്യറേഷനും ചികിത്സാസൗകര്യങ്ങളും അനുവദിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയോടും ഗവൺമെന്റിനോടും അഭ്യർത്ഥിക്കുകയാണ്. മഴയിലും കാറ്റിലുംപെട്ട് നൂറോളം വീടുകൾ അവിടെ തകർന്നുപോയിട്ടുണ്ട്. കഴിഞ്ഞദിവസം ഒഴുക്കിൽപ്പെട്ട് ഒരു യുവാവ് മരണമടഞ്ഞു. കായലോര

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളിലും താഴ്ന്ന പ്രദേശങ്ങളിലും വെള്ളം നിറഞ്ഞതുമൂലം നിരവധി ഹരിജൻ കോളനികളുൾപ്പെടെ വെള്ളപ്പൊക്കക്കെടുതിയിലായി. കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കല്ലറ പഞ്ചായത്തിൽപ്പെട്ട 340 ഏക്കർ വിസ്തൃതിയിലുള്ള മുണ്ടാർ അംബേദ്കർ ഗ്രാമം പൂർണ്ണമായും വെള്ളത്താൽ ചുറ്റപ്പെട്ടിരിക്കുകയാണ്. ആ പ്രദേശത്തുനിന്നും ജനങ്ങളെ മാറ്റിപ്പാർപ്പിക്കാൻ കഴിയാത്ത ഒരു സാഹചര്യമുണ്ട്. സൗജന്യറേഷൻ അനുവദിച്ചുകൊണ്ട് അവരെ സഹായിക്കണമെന്നു കൂടി ഞാൻ ഗവൺമെന്റിനോടും മന്ത്രിയോടും അഭ്യർത്ഥിക്കുകയാണ്.

റവന്യൂ വകുപ്പു മന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : സർ, കോട്ടയം ജില്ലയിൽ കഴിഞ്ഞ കുറേ ദിവസമായി കനത്ത മഴയും കാറ്റുമുണ്ടായതിനെത്തുടർന്ന് ഏതാണ്ട് 86 ഗ്രാമങ്ങളിൽ നാശനഷ്ടങ്ങളുണ്ടായിട്ടുണ്ട്. നാലുപേർ അവിടെ മരണപ്പെട്ടു. ആറുപേർക്ക് പരിക്ക് ഏറ്റിട്ടുണ്ട്. 136 വീടുകൾ പൂർണ്ണമായും 1641 വീടുകൾ ഭാഗികമായും നശിച്ചിട്ടുണ്ട്. മൊത്തത്തിൽ 6500-ലേറെ ആളുകൾക്ക് വെള്ളപ്പൊക്ക കെടുതികളുടെ ഭാഗമായി പ്രയാസങ്ങളുണ്ടായിട്ടുണ്ട്. അതിനാവശ്യമായ ദുരിതാശ്വാസപ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടക്കുന്നുണ്ട്. ഏതാണ്ട് ഇരുന്നൂറോളം കുടുംബങ്ങളെ, ആയിരത്തോളം പേരെ വിവിധ ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് മാറ്റിപ്പാർപ്പിച്ചിട്ടുണ്ട്. അവർക്ക് സൗജന്യഭക്ഷണവും അതുപോലെതന്നെ ചികിത്സാസൗകര്യങ്ങളും നൽകുന്നുമുണ്ട്. ആ പ്രദേശമൊട്ടാകെ സൗജന്യറേഷൻ നൽകണമെന്ന ആവശ്യവും ഉന്നയിക്കപ്പെട്ടിട്ടുണ്ട്. അവിടെ മാത്രമല്ല നമ്മുടെ സംസ്ഥാനത്തിന്റെ മറ്റുപല പ്രദേശങ്ങളിലും അത്തരം ആവശ്യം ഉന്നയിക്കപ്പെട്ടിട്ടുണ്ട്. ചില പ്രത്യേക പ്രദേശങ്ങളും സാഹചര്യങ്ങളും കണക്കിലെടുത്ത് അത്തരം സ്ഥലങ്ങളിലൊക്കെതന്നെ സൗജന്യറേഷൻ നമ്മളിപ്പോൾത്തന്നെ അനുവദിച്ച് നടപ്പിലാക്കുന്നുണ്ട്. ഇവിടേയും സ്ഥിതി വളരെ മോശമാകുകയാണെങ്കിൽ സൗജന്യറേഷൻ കൊടുക്കേണ്ട സാഹചര്യം ഉണ്ടാവുമെങ്കിൽ തീർച്ചയായും സൗജന്യറേഷൻ കൊടുക്കുന്ന കാര്യം ഗവൺമെന്റ് ആലോചിക്കും, അത് നിർവ്വഹിക്കുന്നതാണ്.

### (21) കടൽത്തീരത്തുനിന്ന് 500 മീറ്റർ അകലെ മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ പാടുള്ളു എന്ന സുപ്രീം കോടതി വിധിയുടെ പ്രത്യാഘാതം സംബന്ധിച്ച്

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, കടൽത്തീരത്തുനിന്നും 500 മീറ്റർ അകലെ മാത്രമേ നിർമ്മാണപ്രവർത്തനങ്ങൾ പാടുള്ളുവെന്ന് നിർദ്ദേശിച്ചുകൊണ്ട് 1994 ഡിസംബർ മാസം 12-ാം തീയതി സുപ്രീംകോടതി ഒരു ഉത്തരവ് ഇറക്കിയിട്ടുണ്ട്. ആ ഉത്തരവിൽ നാലു സംസ്ഥാനങ്ങൾക്ക് അത് ബാധകമാണ്. വെസ്റ്റ്ബംഗാൾ, തമിഴ്നാട്, ഗുജറാത്ത്, കേരളം എന്നീ സംസ്ഥാനങ്ങൾക്കാണ് ഇത് ബാധകമാക്കിയിട്ടുള്ളത്. ഇതിനെക്കുറിച്ച് ആക്ഷേപമുണ്ടെങ്കിൽ ആറ് ആഴ്ചകൾക്കകം ബോധിപ്പിക്കണമെന്ന് ആ ഉത്തരവിൽ സുപ്രീം കോടതി പറഞ്ഞിട്ടുണ്ടായിരുന്നു. ആ ഉത്തരവ് 26-8-95-ൽ പഞ്ചായത്ത് ഡയറക്ടർ എൻഡോഴ്സ് ചെയ്ത് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും അയച്ചിരിക്കുകയാണ്. കടലോരപ്രദേശങ്ങളിൽ പ്രകൃതിക്ഷോഭം കൊണ്ടോ കടലേറ്റംകൊണ്ടോ വീട് നഷ്ടപ്പെട്ടവർക്ക് അത് പുനർനിർമ്മിക്കുന്നതിനുപോലും ഈ ഉത്തരവിന്റെ ഫലമായി സാധിക്കുന്നില്ല. ഒരു പഞ്ചായത്തിൽ ഒരു വീടുപോലും നിർമ്മിക്കാൻ കഴിയാത്ത സ്ഥിതിവിശേഷം

LIBRARY ARCHIVES Kerala Legislative Assembly

വന്നിരിക്കുകയാണ്. അഞ്ചുതെങ്ങ് പഞ്ചായത്തിലാണെങ്കിൽ 500 മീറ്ററിൽ കൂടുതൽ വീതിയില്ല. മുതലപ്പൊഴി മുതൽ ഏതാണ്ട് നെടുകണ്ട വരെ കിടക്കുന്ന പ്രദേശമാണ് ആ പഞ്ചായത്ത്. അവിടെയുണ്ടായിരുന്നവർക്ക് വീടുകൾ നഷ്ടപ്പെട്ട് ഒഴിഞ്ഞുപോകേണ്ട ഒരവസ്ഥയാണുണ്ടായിരിക്കുന്നത്. പാവപ്പെട്ടവർക്ക് ഒരു കിടപ്പാടംപോലും വച്ചുകെട്ടാൻ സമ്മതിക്കാത്ത ഒരുത്തരവ് സുപ്രീംകോടതി ഇറക്കിയിട്ട് ഇന്നുവരെ അതിനെതിരായി അത് റദ്ദു ചെയ്യിക്കുന്നതിനുവേണ്ടി യാതൊരുനടപടിയും എടുത്തിട്ടില്ലായെന്നുള്ളത് വളരെ ഗൗരവമായി കാണേണ്ടതാണ്. ഇത് അഞ്ചുതെങ്ങ് പഞ്ചായത്തിനെ മാത്രം ബാധിക്കുന്ന പ്രശ്നമല്ല. കേരളത്തിന്റെ കടൽത്തീരത്തെ ആകെ ബാധിക്കാവുന്ന പ്രശ്നമാണ്. പാവപ്പെട്ടവർക്ക് ഒരിടത്തും വീട് നിർമ്മിക്കാൻ കഴിയാത്ത ഒരവസ്ഥയാണ്. ബ്രിട്ടീഷുകാരുടെ കാലത്ത് നിർമ്മിച്ച കോട്ടയുടെ പുന:രുദ്ധാരണ പ്രവർത്തനങ്ങൾപോലും നടത്താൻ സാധിക്കില്ല. ഇന്ന് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ അധികൃതരും ജനങ്ങളും തമ്മിൽ വലിയ സംഘർഷത്തിലാണ്. അവിടെ വീട് നിർമ്മിക്കാൻ ലൈസൻസ് നൽകിയില്ലെങ്കിൽ അനധികൃതമായി വീടുകൾ നിർമ്മിച്ചാൽ പഞ്ചായത്തിൽ നിന്നും ആ വീടുകൾക്ക് നമ്പർ കിട്ടുകയില്ല, നമ്പർ കിട്ടിയില്ലെങ്കിൽ റേഷൻകാർഡ് കിട്ടുകയില്ല. അവർക്ക് റേഷൻകാർഡില്ലാതെ ഇലക്ട്രിക് കണക്ഷൻ കിട്ടുകയില്ല. ഇത്തരം നിരവധി പ്രശ്നങ്ങൾ ഒക്കെയുള്ളതുകൊണ്ട് അടിയന്തിരമായും ഗവൺമെന്റ് തീരപ്രദേശത്തെ ആകെ ബാധിക്കുന്ന ഈ പ്രശ്നത്തിൻമേൽ, പാവപ്പെട്ടവർക്ക് കിടപ്പാടം ഉണ്ടാക്കാനുള്ള ആഗ്രഹത്തെപ്പോലും തടയുന്ന ഈ പ്രശ്നത്തിന്മേൽ അടിയന്തിരമായ ശ്രദ്ധപതിപ്പിക്കുകയും സുപ്രീംകോടതിയുടെ ഉത്തരവിനെതിരെ സംസ്ഥാനഗവൺമെന്റ് അപ്പീലിന് പോവുകയോ പഞ്ചായത്തുഡയറക്ടർ പുറപ്പെടുവിച്ചിരിക്കുന്ന ഉത്തരവ് പിൻവലിക്കുകയോ ചെയ്യണമെന്നാണ് എനിക്ക് സബ്മിഷനിലൂടെ ഉന്നയിക്കാനുള്ളത്.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ, വളരെ ഗുരുതരമായ ഒരു പ്രശ്നമാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ചിട്ടുള്ളത്. കേരളത്തെ പൊതുവിൽ ബാധിക്കുന്ന അത്യന്തം ഗൗരവമുള്ള ഒരു പ്രശ്നമാണ് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ കേന്ദ്രസർക്കാരിന്റെ പരിസ്ഥിതി-വനം മന്ത്രാലയം 1991-ൽ പുറപ്പെടുവിച്ച വിജ്ഞാപനമനുസരിച്ചാണ് ഇത്തരമൊരു സ്ഥിതി വന്നിട്ടുള്ളത്. അതനുസരിച്ച് ഭാരതത്തിലെ കടലിനോടു ചേർന്നു കിടക്കുന്ന 500 മീറ്റർ ഭാഗം സംരക്ഷിത മേഖലയായിട്ട് പ്രഖ്യാപിച്ചിരിക്കുകയാണ്. ഈ വിജ്ഞാപനത്തിലെ എല്ലാകാര്യങ്ങളും 1991 ഫെബ്രുവരി 19-ാം തീയതി നിലവിൽവരികയും ചെയ്തിരിക്കുന്നു. അതനുസരിച്ചാണ് ഈ നിരോധനം നടപ്പിലാക്കുന്നത്. ആ നിരോധനത്തെ നാലായി തരംതിരിച്ചിട്ടുണ്ട്. എന്നാൽ സമയക്കുറവുകൊണ്ട് ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. ചിലയിടങ്ങളിൽ പൂർണ്ണമായും നിരോധിക്കുകയാണ്, മറ്റു ചിലയിടങ്ങളിൽ നിയന്ത്രിക്കുകയാണ്. ഇതിലെ എല്ലാ നിരോധനങ്ങളും നിയന്ത്രണങ്ങളും നടപ്പിലാക്കുന്നതിനായി ഓരോ സംസ്ഥാനവും അതാത് പ്രദേശത്തെ തീരദേശ പദ്ധതികൾ ഉണ്ടാക്കണമെന്നാണ് വ്യവസ്ഥ. എന്നിട്ട് അത് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി കൊടുക്കേണ്ടതായിട്ടുണ്ട്. അവരുടെ അംഗീകാരത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കേണ്ടത്. നമ്മുടെ സംസ്ഥാനത്ത് ഈ നിയമം നടപ്പിലാക്കേണ്ട

LIBRARY ARCHIVES Kerala Legislative Assembly

ചുമതല സംസ്ഥാന ശാസ്ത്ര സാങ്കേതിക വകുപ്പിനാണ്. പ്രസ്തുത വകുപ്പിൽ ഇതു സംബന്ധിച്ച പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ് എന്നാണ് എനിക്ക് കിട്ടിയ രേഖകളിൽ കാണുന്നത്. ഇതു സംബന്ധിച്ച ഉത്തരവ് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ സുപ്രീംകോടതി 1994 ഡിസംബർ 12-ന് പുറപ്പെടുവിച്ചിരിക്കുന്നു. ഇത് ഗൗരവമായിത്തന്നെ സംസ്ഥാന ഗവൺമെന്റ് കാണുകയാണ്. അതുകൊണ്ട് 94 ഡിസംബർ 12-ന് പുറപ്പെടുവിച്ച ആ വിധിയെ സംബന്ധിച്ച് ഇക്കഴിഞ്ഞ ജൂലായ് 16-ാം തീയതി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ സെക്രട്ടറിമാരുടെ ഒരു യോഗം ചേർന്ന് ചില കാര്യങ്ങൾ തീരുമാനിച്ചിട്ടുണ്ട്. അതനുസരിച്ച് ഒരു കമ്മിറ്റിയെ നിശ്ചയിച്ച് ചില കാര്യങ്ങൾ പരിശോധിക്കാൻ വേണ്ടി വിട്ടിരിക്കുകയാണ്. അതിൽ നമ്മുടെ സംസ്ഥാനത്തെ ജനസാന്ദ്രത, തീരദേശത്ത് തിങ്ങിപ്പാർക്കൽ അതൊക്കെ കണക്കിലെടുത്തുകൊണ്ട് എങ്ങനെ സമീപിക്കണം, സുപ്രീം കോടതിയിലുള്ള കേസ് എങ്ങനെ കൈകാര്യം ചെയ്യണം അതുപോലെതന്നെ നമ്മൾ അനുവാദം കൊടുത്തിട്ടുള്ള ഹോട്ടലുകൾ, മറ്റ് ഡെവലപ്മെന്റ് പദ്ധതികൾ എങ്ങനെ നടപ്പിലാക്കണം. ടൂറിസം പ്രോജക്ടുകളെ ഇത് എങ്ങനെ ബാധിക്കും, ഇങ്ങനെയുള്ള കാര്യങ്ങളൊക്കെ പരിശോധിക്കുന്നതിനുവേണ്ടി നിശ്ചയിച്ചിരിക്കുകയാണ്. ഗവൺമെന്റ് ഇത് ഗൗരവമായിട്ടുതന്നെ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

## (22) പുനലൂർ പേപ്പർമിൽ തുറന്നു പ്രവർത്തിപ്പിക്കുന്നതു സംബന്ധിച്ച്

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ : സർ, കഴിഞ്ഞ എട്ടുവർഷക്കാലമായി പൂട്ടിക്കിടക്കുന്ന പുനലൂരിലെ പേപ്പർ മിൽ തുറന്നുപ്രവർത്തിപ്പിക്കണം. അതിനാവശ്യമായ അടിയന്തിരനടപടികൾ ഗവൺമെന്റ് സ്വീകരിക്കണമെന്നാണ് എനിക്ക് ഗവൺമെന്റിന്റെ ശ്രദ്ധയിൽകൊണ്ടുവരാനുള്ളത്. ആ ഫാക്ടറിയിൽ 800 തൊഴിലാളികളും അവരോടനുബന്ധിച്ച് നാലായിലത്തോളം മറ്റ് അനുബന്ധതൊഴിലാളികളുമുണ്ട്. ആ ഫാക്ടറിയെ ആശ്രയിച്ചാണ് അവരും അവരുടെ കുടുംബങ്ങളും കഴിഞ്ഞിരുന്നത്. എന്നാൽ ഇന്ന് പല തൊഴിലാളികളും പട്ടിണിമൂലം ആത്മഹത്യ ചെയ്യേണ്ട സ്ഥിതിയിലേക്ക് വരെ കാര്യങ്ങൾ ചെന്നെത്തി നിൽക്കുകയാണ്. ഇപ്പോൾ ഞാൻ മനസ്സിലാക്കുന്നത് കൺസൾട്ടിംഗ് ഏജൻസിയായ മദ്രാസിലെ ഇസ്പാദ് ഇൻഡോ എന്ന സ്ഥാപനം ഒരു ടെക്നോഫീസിബിലിറ്റി റിപ്പോർട്ട് ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. അത് ഗവൺമെന്റിന് സ്വീകാര്യമാണ് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷന്റെ സബ്സിഡിയറിയായ ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് കോട്ടയം ഏറ്റെടുക്കാൻ സന്നദ്ധത പ്രകടിപ്പിച്ചിട്ടുള്ളതായി ഞാൻ മനസ്സിലാക്കുന്നുണ്ട്. തീർച്ചയായും ആയിരക്കണക്കിന് തൊഴിലാളികളെ ബാധിക്കുന്ന, പുനലൂരിന്റെ തന്നെ സാമ്പത്തിക ജീവിതത്തെ സാരമായി ബാധിച്ചിട്ടുള്ള, വർഷങ്ങളായി പൂട്ടിക്കിടക്കുന്ന ഈ പേപ്പർമിൽ വീണ്ടും തുറന്ന് പ്രവർത്തിപ്പിക്കുവാൻ ഈ ഗവൺമെന്റ് അടിയന്തിരനടപടി സ്വീകരിക്കണമെന്ന് ഞാനാവശ്യപ്പെടുകയാണ്.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച പ്രശ്നവുമായി ബന്ധപ്പെട്ടതല്ലെങ്കിലും ഒരു ഗൗരവമായ പ്രശ്നം എനിക്ക് പ്രസ്താവിക്കാനുണ്ട്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിക്കുവേണ്ടി മറുപടി പറയാൻ കിട്ടിയ ഈ ഫയലിൽ കാണുന്നത് പുനലൂർ പേപ്പർമിൽ തുറന്നു പ്രവർത്തിപ്പിക്കുന്നതു



LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ച കാര്യത്തിന് മറുപടി പറയുന്നതിന് ഏറ്റവും ഒഴിച്ചുകൂടാത്ത ഒന്നാണ് അതുമായി ബന്ധപ്പെട്ട മെയിൻ ഫയൽ എന്നാണ്. ഇതിനെ സംബന്ധിച്ച മെയിൻ ഫയൽ 4184/ജി.2/91/ഐ.ഡി. എന്ന ഫയൽ 1995 മെയ് മുതൽ ചീഫ് സെക്രട്ടറിയുടെ ഓഫീസിൽ പെൻഡിംഗിലാണെന്നാണ് പറയുന്നത്. രാവിലെ ബഹുമാനപ്പെട്ട അംഗം പറഞ്ഞ ആ ആശങ്കയിൽ ഇത് പെട്ടോ എന്നറിയില്ല. ഇതാണ് ഈ ഫയലിന്റെ ഇപ്പോഴത്തെ അവസ്ഥ. ആ മെയിൻഫയൽ ചീഫ് സെക്രട്ടറിയുടെ ഓഫീസിൽ നിന്നും ഇതേവരെ മടങ്ങിവന്നിട്ടില്ല ഇതിന്റെ ഒരു പാർട്ട്ഫയൽ ഇക്കഴിഞ്ഞ ജൂലായ് 20-ന് വ്യവസായവകുപ്പു മന്ത്രിക്ക് കിട്ടിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് ചില കാര്യങ്ങൾ എനിക്ക് പറയാനുള്ളത്. പുനലൂർ പേപ്പർമിൽ തുറന്നു പ്രവർത്തിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ഇസ്പാറ്റ് ഇന്റർനാഷണൽ ഗ്രൂപ്പിലെ ഒരംഗമായ ഇസ്പാറ്റ് ഇൻഡോ എന്ന ഒരു സ്ഥാപനം പുനലൂർ പേപ്പർ മിൽ ഏറ്റെടുത്തു നടത്തുന്നതിനായി ഒരു പ്രൊപ്പോസൽ സർക്കാരിന് സമർപ്പിച്ചിരുന്നു. ഭീമമായ കടബാദ്ധ്യതയുള്ള പ്രസ്തുത മിൽ ഏറ്റെടുക്കുന്നതിനായി വളരെയേറെ സൗജന്യങ്ങളും ഇളവുകളും അവർ സർക്കാരിനോട് ആവശ്യപ്പെട്ടിരിക്കുകയാണ്. കടബാദ്ധ്യത സംബന്ധിച്ച് ധനകാര്യസ്ഥാപനങ്ങളുമായി ഒരു ഒത്തുതീർപ്പിൽ എത്തുവാൻ ഇസ്പാറ്റ് ഇൻഡോ കമ്പനി സർക്കാരിനോടാവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡുമായി ബന്ധപ്പെട്ടുകൊണ്ട് അവരെക്കൊണ്ട് മിൽ ഏറ്റെടുത്ത് നടത്തിക്കുന്നതിനുള്ള നിർദ്ദേശവും സർക്കാരിന്റെ പരിഗണനയിലുണ്ട്.

<u>മി. സ്പീക്കർ</u> : ഇവിടെ നേരത്തെ ശ്രീ. എം. മുരളി ഒരടിയന്തിരപ്രമേയത്തിന് എഴുതിത്തന്നത് സബ്മിഷനാക്കി മാറ്റിയിട്ടുണ്ട്. ആ സംഭവം നടന്നത് കായംകുളം കോൺസ്റ്റിറ്റ്യൂവൻസിയിലാണ്. അക്കാര്യം കായംകുളം എം.എൽ.എ.യും ഉന്നയിച്ചിട്ടുണ്ട്. അതേക്കുറിച്ച് ശ്രീ.എം.മുരളിക്ക് ആദ്യം പറയാം. അതുകഴിഞ്ഞ് സ്ഥലം എം.എൽ.എ. ആയ ശ്രീ. സുധാകരനും പറയാം.

### (23) മോർച്ചറിയിൽ സൂക്ഷിച്ചിരുന്ന മൃതദേഹങ്ങളോടുള്ള ക്രൂരത

<u>ശ്രീ.എം.മുരളി</u> : സർ, എന്റെ നിയോജകമണ്ഡലത്തിൽപെട്ട 2 സഹോദരിമാരുടെ മൃതദേഹങ്ങളുടെ നേരെ കായംകുളം ഗവൺമെന്റ് ആശുപത്രിയിലെ മോർച്ചറിയിൽവച്ചുണ്ടായ പൈശാചികവും ക്രൂരവുമായ അക്രമം ഞാൻ ആരോഗ്യമന്ത്രിയുടേയും ഗവൺമെന്റിന്റെയും ശ്രദ്ധയിൽപെടുത്തുകയാണ്. ജൂലായ് 19-ാം തീയതി വെള്ളിയാഴ്ച വൈകിട്ട് ചെട്ടികുളങ്ങര പഞ്ചായത്തിലെ നടക്കാവിൽ ശ്രീ. അയ്യപ്പൻ ചെട്ടിയാരുടെ മകൾ മന്ദബുദ്ധിയായ രമാദേവി അമ്മാളും മരുമകൾ തുളസി അമ്മാളും വീടിനു സമീപമുള്ള വയൽവരമ്പിലൂടെ നടന്നുവരുമ്പോൾ കാൽവഴുതി കുളത്തിൽ വീണു മുങ്ങിമരിച്ചു. നാട്ടുകാരും ഫയർഫോഴ്സും നടത്തിയ ശ്രമഫലമായിട്ടാണ് രാത്രി 8.30 മണിയോടെ മൃതദേഹങ്ങൾ കണ്ടെത്തിയത്. കായംകുളം പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട പ്രദേശമാണിത്. കായംകുളം ഗവൺമെന്റ് ആശുപത്രിയിൽ രാത്രി 9 മണിയോടെ മൃതദേഹങ്ങൾ നാട്ടുകാരും ഫയർഫോഴ്സും എത്തിച്ചു. ഡോക്ടർമാർ പരിശോധിച്ച് മരിച്ചു എന്നുറപ്പുവരുത്തി. അതിനുശേഷം പുതുതായിട്ട് പണി കഴിപ്പിച്ച ഗവൺമെന്റ് ആശുപത്രിയുടെ മോർച്ചറിയിലെ കല്ലുബഞ്ചിൽ ഈ 2 മൃതദേഹങ്ങളും പുതപ്പിച്ചു കിടത്തി. രാത്രിയിൽ അവിടെ കാവൽ നിന്ന ബന്ധുജനങ്ങളെ ആശുപത്രി അധികൃതർ നിർബ

LIBRARY ARCHIVES Kerala Legislative Assembly

ന്ധിച്ചു പറഞ്ഞുവിട്ടു. രാവിലെ മോർച്ചറി തുറന്ന് പോസ്റ്റുമോർട്ടം നടത്തുന്നതിനായി ആശുപത്രി അധികൃതരും പോലീസും മറ്റു ബന്ധുജനങ്ങളും എത്തി. താക്കോലെടുത്ത് മോർച്ചറി തുറന്ന് അകത്തു കയറിയപ്പോൾ തുളസി അമ്മാളുടെ മൃതദേഹം നൂൽവസ്ത്രമില്ലാതെ സമ്പൂർണ്ണ നഗ്നമായി നിലത്തു കിടക്കുന്നു. രമാദേവിയുടെ മൃതദേഹം വസ്ത്രാക്ഷേപം ചെയ്യപ്പെട്ട് കാലു മാത്രം ജനലിലൂടെ പുറത്തേയ്ക്കു തള്ളി തലകീഴായി കിടക്കുന്നു. 2 സഹോദരിമാരുടെ മൃതദേഹങ്ങൾക്കു നേരെ ഏതോ കശ്മലൻമാർ നടത്തിയ പൈശാചികവും ബീഭത്സവുമായ ഈ ക്രൂരത അന്വേഷിക്കാനും, കുറ്റവാളികളെ കണ്ടെത്താനും അവരെ മാതൃകാപരമായി ശിക്ഷിക്കാനും, ഇത്തരത്തിലുള്ള നടപടികൾ ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ വിനീതനായിട്ട് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. ജി. സുധാകരൻ : സർ, ബഹുമാനപ്പെട്ട എം. മുരളി ഇവിടെ അവതരിപ്പിച്ച വിഷയം ഞാൻ കൂടുതലായിട്ട് വിശദീകരിക്കുന്നില്ല. ജൂലായ് 19-ാം തീയതി കായംകുളം ഗവൺമെന്റ് ആശുപത്രിയുടെ മോർച്ചറിയിലുണ്ടായിരുന്ന ബന്ധുജനങ്ങളായ 2 സഹോദരിമാരുടെ ശവശരീരം പോസ്റ്റുമോർട്ടം ടേബിളിൽ നിന്നും സ്ഥാനഭ്രംശം സംഭവിച്ചതെങ്ങനെയാണെന്നുള്ളത് സത്വരമായി അന്വേഷിച്ച് കുറ്റക്കാരുടെ മേൽ നടപടിയെടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇതേപ്പറ്റി 22-ാം തീയതിതന്നെ ഈ നിയമസഭാ ഹാളിൽവച്ച് ഞാൻ രേഖാമൂലം ബഹുമാനപ്പെട്ട ആരോഗ്യവകുപ്പു മന്ത്രിയെ അറിയിച്ചിട്ടുള്ളതാണ്. ഒരു കാര്യം കൂടി ശ്രദ്ധയിൽപെടുത്താനുണ്ട്. മൃതശരീരങ്ങളുടെ സ്ഥാനഭ്രംശം നടന്നതിൽ പ്രതിഷേധിച്ചുകൊണ്ട് മാവേലിക്കരയിൽ നിന്നും കുറെയാളുകൾ കഴിഞ്ഞ 27-ാം തീയതി ആശുപത്രിയുടെ മുൻപിൽ ധർണ്ണ നടത്തിയിരുന്നു. ആ ധർണയുടെ മറവിൽ സാമൂഹ്യവിരുദ്ധരായ ഒരുപറ്റം ആളുകൾ ആശുപത്രിയിൽ കടന്നുകയറി ഗവൺമെന്റ് ആശുപത്രി തല്ലിപ്പൊളിക്കുകയും അവിടത്തെ ജീവനക്കാരെ കയ്യേറ്റം ചെയ്യാൻ ശ്രമിക്കുകയും ചെയ്തു. അന്നുച്ചയ്ക്ക് ഞാൻ അവിടെ എത്തിയപ്പോൾ ആശുപത്രിയിൽ രോഗികളും ജീവനക്കാരും സമ്പൂർണ്ണ ബന്ത് ആചരിക്കുവാൻ ശ്രമിക്കുകയാണ്. ഞാനിടപെട്ട് അത് ഒഴിവാക്കി. അകത്തുകയറിയ അക്രമികളാരായാലും അവർ ഏതു പാർട്ടിയിൽപ്പെട്ടവരായാലും മൃതദേഹങ്ങൾ ഡിസ്പ്ലെയ്സ് ചെയ്തതുപോലെ തന്നെയുള്ള തെറ്റാണ് അനേകം ആളുകൾക്ക് ചികിത്സ ലഭിക്കുന്ന ആശുപത്രി തല്ലിത്തകർത്തത്. അതിനെപ്പറ്റിയും അന്വേഷിക്കാനും കുറ്റവാളികളെ കണ്ടുപിടിക്കാനും ഒട്ടും അമാന്തം പാടില്ല എന്നാണ് എനിക്ക് പറയാനുള്ളത്.

ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) : സർ, ചെട്ടികുളങ്ങര പഞ്ചായത്തിലെ നടക്കാട് മുറിയിൽ ഓടക്കൽ പുത്തൻ വീട്ടിൽ അയ്യപ്പൻ ചെട്ടിയാരുടെ മകൾ രമാദേവി അമ്മാൾ 30 വയസ്സ്, മരുമകൾ തുളസി അമ്മാൾ ഇവരിൽ ഒരാൾക്ക് അല്പം മന്ദബുദ്ധിയുണ്ട്. നടന്നുപോകുമ്പോൾ കാൽവഴുതിയിട്ടുണ്ടാകണം കുളത്തിൽ വീണു. അവരെ രക്ഷിക്കാൻ ശ്രമിച്ച മറ്റേയാളും വീണിട്ടുണ്ടാകണം. അവർ കുളത്തിൽ മുങ്ങി മരിച്ച രീതിയിലാണ് വിവരം അറിയുന്നത്. അതിനെത്തുടർന്ന് നാട്ടുകാരും അവിടെയെത്തിയ ഫയർഫോഴ്സും കൂടി മൃതദേഹങ്ങൾ എടുത്ത് കായംകുളം ഗവൺമെന്റ് ഹോസ്പിറ്റലിൽ രാത്രി 9 മണിയായപ്പോൾ എത്തിച്ചു. കായംകുളം ആശുപത്രിയുടെ മോർച്ചറി സാമാന്യം എല്ലാ രീതിയിലും അടപ്പുള്ള ഒന്നാണ്, നല്ല മതിലാണ്. മൃതദേഹങ്ങൾ മോർച്ചറിയിലെ ടേബിളിൽവച്ച് പുതപ്പിച്ചിട്ട് പോയി. പക്ഷേ പിറ്റേന്നുരാവിലെ ഡ്യൂട്ടിയിൽ പോകുന്ന

LIBRARY ARCHIVES Kerala Legislative Assembly

നഴ്സിംഗ് സൂപ്രണ്ട് കാണുന്നത് മോർച്ചറിയുടെ ജനാല കുത്തിപ്പൊളിച്ച രീതിയിലാണ്. ജനാലയുടെ അടുത്ത് ഒരു വലിയ കോലും കിടക്കുന്നു. ഇതുകണ്ട യുടനെ തന്നെ ആ വിവരം നഴ്സിംഗ് സൂപ്രണ്ട് മെഡിക്കൽ ഓഫീസറെ അറിയിച്ചു. തുടർന്ന് പോലീസിനെ അറിയിച്ചു. അവരൊക്കെ വന്ന് വാതിൽ തുറക്കുമ്പോൾ ഒരു മൃതദേഹം കമിഴ്ന്ന രീതിയിൽ കിടക്കുന്നു. മറ്റേ മൃതദേഹത്തിന്റെ കാല് ജനൽവാതിൽവരെ എത്തിയിരിക്കുന്നു. ഇതുസംബന്ധിച്ച് ആക്ഷേപങ്ങളുണ്ടായി. ശ്രീ. ജി.സുധാകരനും അതുപോലെ ശ്രീ.എം. മുരളിയും ആവശ്യപ്പെട്ടതനുസരിച്ച് ഇക്കാര്യം ഡി.എം.ഒ.യെ അറിയിച്ചു. അദ്ദേഹം അവിടെപോയി നേരിട്ട് അന്വേഷിച്ച് ഒരു റിപ്പോർട്ടുണ്ടാക്കാൻ അനുമതി നൽകി. പക്ഷേ ഇതിനെ സംബന്ധിച്ച് ആ റിപ്പോർട്ടിൽ പറയുന്നത് ആഭരണങ്ങൾ മോഷ്ടിക്കാനുള്ള ശ്രമമാണ് അല്ലാതെ മറ്റൊന്നുമില്ലെന്നുള്ള രീതിയിലാണ്. ഏതായാലും ഇതുസംബന്ധിച്ച് അഡീഷണൽ ഡയറക്ടറും ശ്രീ. മുരളിയും അതുപോലെ അവിടുത്തെ സംയുക്ത സമരസമിതി അംഗങ്ങളും എന്നെ വന്നുകണ്ടു. ശ്രീ. ജി. സുധാകരനും ഇതിനെ സംബന്ധിച്ച് നേരത്തേ എഴുതിത്തന്ന രേഖയുണ്ട്. ഇതെല്ലാം കിട്ടിയതുകൊണ്ട അഡീഷണൽ ഡയറക്ടറോട് (വിജിലൻസ്) അന്വേഷിക്കാൻ ആവശ്യപ്പെട്ടു. അതുകൊണ്ട് പ്രശ്നം തീരില്ല. ആ റിപ്പോർട്ട് കിട്ടിയതിനുശേഷം പോലീസിന്റെയും നടപടികൾ വേണ്ടിവരും. ശ്രീ. ജി. സുധാകരൻ ഇവിടെ അവസാനം ഉന്നയിച്ച കാര്യം പോലീസ് അന്വേഷിക്കുന്നതാണ്. ഇതുസംബന്ധിച്ച് നടപടികളുണ്ടാകും. ഇത്തരത്തിൽ നീചമായ പ്രവർത്തികൾ ആരുനടത്തിയാലും ഒരു കാരണവശാലും അവരെ രക്ഷിക്കുന്ന പ്രശ്നമില്ല. അത് ആരു നടത്തിയാലും ശക്തമായ നടപടി ഉണ്ടാകുന്നതാണ്.

## (24) നാദാപുരം - തൂണേരി പെരിങ്ങത്തൂർ റോഡ്

ശ്രീ. സത്യൻ മൊകേരി : സർ, എന്റെ നിയോജകമണ്ഡലത്തിൽ കോഴിക്കോട് റോഡ് ഡിവിഷന്റെ പരിധിയിൽ വരുന്ന ഒരു പ്രധാനപ്പെട്ട റോഡാണ് നാദാപുരം-തൂണേരി പെരിങ്ങത്തൂർ റോഡ്. ഈ റോഡിലൂടെ ഏകദേശം 100-ലധികം വാഹനങ്ങളാണ് ദിവസവും കടന്നുപോകുന്നത്. ബസുകൾ മാത്രമായിട്ട് 45-ൽ അധികമുണ്ട്. നാദാപുരം-തൂണേരി പെരിങ്ങത്തൂർ റോഡ് വീതികൂട്ടുന്നതിന്റെ ഭാഗമായി കഴിഞ്ഞ ഒരു മാസക്കാലത്തോളമായി ഇവിടെ റോഡ് ഗതാഗതം പൂർണ്ണമായി സ്തംഭിച്ചിരിക്കുകയാണ്. അതുകൊണ്ട് എത്രയും പെട്ടെന്ന് തന്നെ ആ ഭാഗത്തെ ഗതാഗതസ്തംഭനം പരിഹരിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങളുണ്ടാക്കുന്നതിനും റോഡിന്റെ പണി എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതിനും ആവശ്യമായ അടിയന്തിര ശ്രദ്ധയുണ്ടാകണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ.പി.ജെ. ജോസഫ്) : സർ, നാദാപുരം തൂണേരി പെരിങ്ങത്തൂർ റോഡിന്റെ പണികൾ നടന്നുകൊണ്ടിരിക്കുന്നതുകൊണ്ടാണ് വാഹനഗതാഗതത്തിനുള്ള തടസ്സമുണ്ടായിരിക്കുന്നത്. അത് ഏറ്റവും വേഗം പൂർത്തിയാക്കുന്നതിന്, അതല്ലെങ്കിൽ അതിനു മുൻപുതന്നെ വാഹനഗതാഗതം സുഗമമാക്കുന്നതിനു വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

## (25) റാംബഹദൂർ കമ്പനിയിലും എം.എം.ജെ. പ്ലാന്റേഷനിലും പണിയെടുക്കുന്ന തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ

ശ്രീ.പി. രാജു : സർ, ഇടുക്കി ജില്ലയിലെ തോട്ടം തൊഴിലാളികളുടെ ബുദ്ധിമുട്ടുകൾ സംബന്ധിച്ചാണ് ഞാൻ ബഹുമാനപ്പെട്ട തൊഴിൽ വകുപ്പു മന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. ഇടുക്കി ജില്ലയിലെ പീരുമേട് താലൂക്കിലെ റാംബഹദൂർ കമ്പനിയിലും. എം.എം.ജെ. പ്ലാന്റേഷനിലും പണിയെടുക്കുന്ന 20,000-ത്തോളം തോട്ടം തൊഴിലാളികൾക്ക് അവരിൽ നിന്നും പിരിച്ചെടുത്ത പി.എഫ്.സംഖ്യയും എപ്ലോയീസ് വിഹിതവും അടയ്ക്കാത്തതിന്റെ ഫലമായി പി.എഫ്.-ൽ നിന്നും വായ്പ കിട്ടാതെ വളരെയേറെ ബുദ്ധിമുട്ടുകൾ അനുഭവിക്കുകയാണ്. മക്കളുടെ വിവാഹാവശ്യത്തിനും വീടുപണിയുന്നതിനും വേണ്ടി തോട്ടം തൊഴിലാളികൾ പി.എഫ്.-ൽ നിന്നും വായ്പയ്ക്ക് അപേക്ഷിക്കുമ്പോൾ തൊഴിലാളികളുടെ വിഹിതവും മുതലാളിയുടെ വിഹിതവും അടയ്ക്കാത്തതിന്റെ ഫലമായി വായ്പ ലഭിക്കുന്നില്ല. എന്നു മാത്രമല്ല, പി.എഫ്. വിഹിതം അടയ്ക്കാത്തതിന്റെ പേരിൽ റാംബഹദൂർ കമ്പനിയുടെ മാനേജുമെന്റിനെതിരെ പി.എഫ്.കമ്മീഷണറുടെ നിർദ്ദേശപ്രകാരം പോലീസ് കേസെടുത്തിട്ടുണ്ട്. അതുപോലെതന്നെയാണ് എം.എം.ജെ. പ്ലാന്റേഷനിലും നടക്കുന്നത്. റീജിയണൽ പി.എഫ്.കമ്മിറ്റിയിൽ സർക്കാരിന്റെ പ്രതിനിധിയായി ലേബർ സെക്രട്ടറി അംഗമാണ്. റാം ബഹദൂർ കമ്പനിയിലെ 300-ഓളം തൊഴിലാളികൾ ഇന്നു സൂപ്പറാനുവേഷനിലായിരിക്കുകയാണ്. അവർക്ക് പി.എഫ്. ആനുകൂല്യം ലഭിക്കുന്നില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട തൊഴിൽ വകുപ്പു മന്ത്രി ഇക്കാര്യത്തിൽ അടിയന്തിരമായി ഇടപെട്ട് കമ്പനികളുടെ മാനേജുമെന്റുകളേയും അവരുടെ ട്രേഡ് യൂണിയൻ പ്രതിനിധികളേയും ലേബർ കമ്മീഷണറേയും വിളിച്ചുവരുത്തി ചർച്ച നടത്തുകയും തൊഴിലാളികളുടെ വിഹിതം ഗവൺമെന്റിലേക്ക് കൃത്യമായി അടപ്പിക്കുകയും പി.എഫ്.-ൽ നിന്നും തൊഴിലാളികൾക്ക് ലഭിക്കേണ്ട ആനുകൂല്യം കൃത്യമായി ലഭ്യമാക്കുകയും ചെയ്യണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ബേബിജോൺ) : സർ, റാംബഹദൂർ കമ്പനിയും എം.എം.ജെ. പ്ലാന്റേഷനും തൊഴിലാളികളിൽ നിന്നും, ഈടാക്കിയ പി.എഫ്.തുക അടച്ചിട്ടില്ല. അവരുടെ വിഹിതം അടച്ചില്ല എന്നുള്ളതുപോകട്ടെ തൊഴിലാളികളിൽ നിന്നും ഈടാക്കിയതുപോലും അടച്ചിട്ടില്ല. എനിക്ക് കിട്ടിയ റിപ്പോർട്ട് അനുസരിച്ച് 1993 മുതലുള്ള പി.എഫ്. കുടിശ്ശികയാണ്. ഡിപ്പാർട്ടുമെന്റിന്റെ പരിശ്രമഫലമായി 1993-ലേയും 1994-ലേയും കുടിശ്ശിക അടച്ചു. 1995-ഉം 1996-ലെ ബാക്കിയുള്ളതും അടയ്ക്കാനുണ്ട്. റവന്യൂ റെക്കവറി നടപടികൾ സ്വീകരിച്ച് ഇത് അടപ്പിക്കാനുള്ള ശ്രമമാണ് നടത്തുന്നത്. ലേബർ ഡിപ്പാർട്ടുമെന്റും പ്രോവിഡന്റ് ഫണ്ട് കമ്മീഷണർ ഓഫീസുമായി നിരന്തരം ബന്ധപ്പെട്ടുകൊണ്ട് ഈ പ്രശ്നത്തിന്റെ ഗൗരവം മനസ്സിലാക്കി റവന്യൂ റെക്കവറി നടപടികൾ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ച് അവരെ പി.എഫ്.തുക അടപ്പിക്കാൻ പ്രേരിപ്പിക്കും.

സർ, അതുപോലെതന്നെ പ്ലാന്റേഷൻ ഇൻസ്പെക്ടർ ഒരു സ്പോട്ട് ഇൻസ്പെക്ഷനൊക്കെ നടത്തി. അതിൽ കണ്ട ക്രമക്കേടുകളനുസരിച്ച് പീരുമേട് ജുഡീഷ്യൽ മജിസ്ട്രേറ്റ് മുൻപാകെ കേസ് ഫയൽ ചെയ്തിട്ടുണ്ട്. ഇതിന്റെ പ്രാധാന്യം മനസ്സിലാക്കിക്കൊണ്ട് ഗവൺമെന്റ് ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കും. ഞാൻ നേരത്തെ പറഞ്ഞതുപോലെ തൊഴിലാളികളിൽ നിന്ന് പിരിച്ചതുപോലും അടയ്ക്കുന്നില്ല. അതുകൊണ്ട് തൊഴിലാളി



LIBRARY ARCHIVES Kerala Legislative Assembly

കൾക്ക് കിട്ടേണ്ട ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല. ഈ സ്ഥിതി തുടരാൻ അനുവദിക്കാൻ പറ്റുകയില്ല. അതുകൊണ്ട് ലേബർ ഡിപ്പാർട്ടുമെന്റിലെയും പ്രോവിഡന്റ് ഫണ്ട് കമ്മീഷണർ ഓഫീസിലെയും പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താൻ ശ്രമിക്കുകയും കർശനമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുമെന്ന് ഞാൻ പറയുന്നു.

## (26) ഷോപ്പിംഗ് കോംപ്ലക്സിലെ മുറികളിൽ പത്തുശതമാനം മുറികൾ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് നൽകണമെന്ന വ്യവസ്ഥ

ഡോ. എം.എം. കുട്ടപ്പൻ : സർ, പട്ടികജാതി-പട്ടികവർഗ്ഗക്കാരെ ബാധിക്കുന്ന ഒരു വിഷയമാണ് സബ്മിഷൻ രൂപേന ഞാൻ ഉന്നയിക്കുന്നത്. നമ്മുടെ സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വികസന അതോറിറ്റികളും നിർമ്മിക്കുന്ന ഷോപ്പിംഗ് കോംപ്ലക്സുകളിലെ മുറികളിൽ പത്തുശതമാനം മുറികൾ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് നൽകണമെന്നാണ് വ്യവസ്ഥ. ഈ വ്യവസ്ഥ 1985 മുതൽ തദ്ദേശ സ്വയംഭരണ വകുപ്പ് ബന്ധപ്പെട്ട എല്ലാവരെയും സർക്കുലർ മുഖേന അറിയിച്ചിട്ടുണ്ടെങ്കിൽപോലും ഇത് പാലിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ വികസന അതോറിറ്റികളോ തയ്യാറാകുന്നില്ലെന്നുള്ളതാണ് എന്റെ പരാതി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളായ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ ഇവയിൽ ചിലയിടത്തൊക്കെ നാമമാത്രമായി മുറികൾ നൽകിയിട്ടുണ്ടെന്ന് ഞാൻ സമ്മതിക്കുന്നു. എന്നാൽ വികസന അതോറിറ്റികളായ വിശാല കൊച്ചി വികസന അതോറിറ്റി, തിരുവനന്തപുരം വികസന അതോറിറ്റി, കോഴിക്കോട് വികസന അതോറിറ്റി, തൃശ്ശൂർ വികസന അതോറിറ്റി തുടങ്ങിയ വികസന അതോറിറ്റികളിൽ ഒറ്റ മുറിപോലും ഇന്നേവരെ പട്ടികജാതിക്കാർക്കോ പട്ടികവർഗ്ഗക്കാർക്കോ കൊടുക്കാൻ തയ്യാറാകുന്നില്ല. ഗവൺമെന്റിന്റെ സർക്കുലർ മാത്രമല്ല മുനിസിപ്പാലിറ്റീസ് റൂൾസ് 5(എ) പ്രകാരം റൂൾസുണ്ടാക്കി അയച്ചുകൊടുത്തിട്ടും ഈ പറയുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ വികസന അതോറിറ്റികളോ ഈ വ്യവസ്ഥ പാലിക്കാൻ തയ്യാറാകുന്നില്ല. നമ്മുടെ സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് വ്യാപാരം ആരംഭിക്കാൻ സ്വകാര്യ വ്യക്തികൾ മുറികൾ കൊടുക്കുന്നില്ലെന്നുള്ള വസ്തുത പരിഗണിച്ച്. ഇത് കിട്ടാനുള്ള ഏക സാദ്ധ്യത ഈ ഷോപ്പിംഗ് കോംപ്ലക്സുകൾ മാത്രമാണെന്നുള്ളതുകൊണ്ട് ഈ വ്യവസ്ഥ നിർബന്ധമായും പാലിക്കാൻ തദ്ദേശ സ്വയംഭരണ വകുപ്പ് തയ്യാറാകണം. മുൻകാലത്തുള്ള പഞ്ചായത്ത് ആക്ടിലോ മുനിസിപ്പാലിറ്റീസ് ആക്ടിലോ ഇപ്പോഴുള്ള പഞ്ചായത്ത്രാജ് ആക്ടിലോ നഗരപാലിക ആക്ടിലോ ഒന്നുംതന്നെ ഈ വ്യവസ്ഥയില്ലാത്തതിന്റെ പേരിലാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വികസന അതോറിറ്റികളും ഇത് നൽകാൻ മടിക്കുന്നതെന്നാണ് ഞാൻ മനസിലാക്കുന്നത്. അതുകൊണ്ട് ഇതിനാവശ്യമായ നിയമനിർമ്മാണം നടത്താൻ ബഹുമാനപ്പെട്ട ഗവൺമെന്റ് തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ, ഇവിടെ ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച പ്രശ്നം നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്ന ഒരു കാര്യമാണ്. എന്റെ കൈയിലുള്ള രേഖയിൽ കാണുന്നത്, 1990 ഏപ്രിൽ 17-ന് അന്നത്തെ തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ബന്ധപ്പെട്ട എല്ലാ വകുപ്പുകളിലെ

LIBRARY ARCHIVES Kerala Legislative Assembly

ഉന്നത ഉദ്യോഗസ്ഥന്മാരുടെയും പഞ്ചായത്ത് അസോസിയേഷൻ പ്രതിനിധികളുടെയും ഒരു യോഗം ചേർന്നിരുന്നു. അതനുസരിച്ച് പത്തുശതമാനം മുറികൾ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിനുവേണ്ടി നീക്കിവയ്ക്കണമെന്ന് ഒന്നുകൂടി കർശനമായി നിർദ്ദേശിച്ചിരുന്നു. പക്ഷെ, ഇപ്പോഴും ഇത്തരത്തിൽ പത്തു ശതമാനം മുറികൾ നീക്കിവയ്ക്കാത്ത ചില സ്ഥാപനങ്ങളുണ്ട് എന്നുള്ള കാര്യം ശരിയാണ്. 8.5.1990-നാണ് ഈ സർക്കുലർ പഞ്ചായത്തുകൾക്ക് കൊടുക്കുന്നത്. പിന്നീട് 1.8.1990-ന് വികസന അതോറിറ്റികൾക്കും നഗരസഭകൾക്കും ഇതേ സർക്കുലർ തന്നെ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്ന് കൊടുത്തിരുന്നു. ഇപ്പോഴും ഈ പ്രശ്നം നിലനിൽക്കുന്നുവെന്നു മാത്രമല്ല, ഹൈക്കോടതി മുൻപാകെ ഒരു കേസും നിലനിൽക്കുന്നുണ്ട്. ചില പരാതികൾ ഗവൺമെന്റിനും ലഭിച്ചിട്ടുണ്ട്. ഈ സർക്കുലറിലെ വ്യവസ്ഥകൾ പാലിക്കുന്നതിന് ആവശ്യമായ കർശന നിർദ്ദേശങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും വികസന അതോറിറ്റികൾക്കും നൽകുന്നതാണ്.

## (27) വണ്ടൂർ ടെലിഫോൺ എക്സ്ചേഞ്ചിന്റെ വികസന പ്രവർത്തനം

ശ്രീ. എൻ. കണ്ണൻ : സർ, വണ്ടൂർ കേന്ദ്രീകരിച്ച് വണ്ടൂർ നിയോജകമണ്ഡലത്തിൽ പ്രവർത്തിക്കുന്ന ടെലിഫോൺ എക്സ്ചേഞ്ചിന്റെ വികസന പ്രവർത്തനവുമായി ബന്ധപ്പെട്ട ഒരു കാര്യമാണ് എനിക്ക് സഭയെ ധരിപ്പിക്കാനുള്ളത്. വണ്ടൂരിൽ പ്രവർത്തിക്കുന്ന ടെലിഫോൺ എക്സ്ചേഞ്ചിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ടുകൊണ്ട് ഒട്ടേറെ പരാതികളാണ് ടെലിഫോൺ ഡിപ്പാർട്ടുമെന്റിന് നൽകിയത്. അതനുസരിച്ച് ആയിരത്തോളം വരുന്ന കണക്ഷനുകൾ അംഗീകരിച്ചുകൊണ്ട് തന്നെ ആ ടെലിഫോൺ എക്സ്ചേഞ്ച് വികസിപ്പിക്കാമെന്ന് അന്നത്തെ ജനറൽ മാനേജർ വാക്ക് കൊടുത്തിരുന്നു. എന്നാൽ ആ വാക്കുകൊടുത്തതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ ശ്രദ്ധ അതിലേയ്ക്ക് വന്നില്ലെന്നു മാത്രമല്ല ആ ടെലിഫോൺ എക്സ്ചേഞ്ച് പിൻവലിക്കുമെന്നുള്ള സമീപനമാണ് ഇന്ന് അവിടെ ഉള്ളത്. അതുകൊണ്ട് ആ ടെലിഫോൺ എക്സ്ചേഞ്ച് പിൻവലിക്കാതെ അതിന്റെ വികസന പ്രവർത്തനം ത്വരിതപ്പെടുത്തണമെന്നും 1996-ൽ ആയിരത്തോളം കണക്ഷനുകൾ കൊടുക്കുന്നതിനുവേണ്ടി ടെലികോം മാനേജർ അംഗീകരിച്ച ആ ഉത്തരവ് നടപ്പാക്കണമെന്നും അതിന് ബന്ധപ്പെട്ട കേന്ദ്രങ്ങളിൽ നിർദ്ദേശം കൊടുത്തുകൊണ്ട് അടിയന്തിരമായി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : അങ്ങയുടെ സബ്മിഷൻ ഈ വിഷയമല്ല. വണ്ടൂർ നിയോജകമണ്ഡലത്തിലെ വെണ്ണക്കോട് നിവാസികളായ കൈവശക്കാരുടെ പ്രശ്നത്തെ സംബന്ധിച്ചാണ്. അതിനെക്കുറിച്ച് അങ്ങ് പറയുന്നുണ്ടോ? അങ്ങേയ്ക്ക് ഒരു സബ്മിഷൻ അനുവദിച്ചിരുന്നു. വേണമെങ്കിൽ ഒരു മിനിറ്റുകൊണ്ട് ഈ വിഷയം അവതരിപ്പിക്കാവുന്നതാണ്.

## (28) വെണ്ണക്കോട് നിവാസികളുടെ പട്ടയഭൂമി

ശ്രീ. എൻ. കണ്ണൻ : സർ, വണ്ടൂർ നിയോജകമണ്ഡലത്തിൽപ്പെട്ട വെണ്ണക്കോട് നിവാസികൾ കഴിഞ്ഞ പത്തുനാല്പത് കൊല്ലമായിട്ട് അവിടത്തെ താമസക്കാരാണ്. അവർക്ക് ഗവൺമെന്റ് പട്ടയവും അനുവദിച്ചിട്ടുണ്ട്. എന്നാൽ ആ പട്ടയം കിട്ടിയ ഭൂമിയിൽ കൃഷി ചെയ്യാനും മറ്റും ഫോറസ്റ്റു

ഡിപ്പാർട്ടുമെന്റും റവന്യൂ ഡിപ്പാർട്ടുമെന്റും അനുവദിക്കുന്നില്ലെന്നുള്ളതാണ് പ്രശ്നം. ഇടയ്ക്കിടയ്ക്ക് ഫോറസ്റ്റു ഡിപ്പാർട്ടുമെന്റിന്റെയും റവന്യൂ ഡിപ്പാർട്ടു മെന്റിന്റെയും തർക്കം വന്നുകൊണ്ടിരിക്കുന്നു. ഈ പ്രശ്നം പരിഹരിക്കുന്നതി നുവേണ്ടിയുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

കൃഷിവകുപ്പുമന്ത്രി (ശ്രീ. വി.കെ. രാജൻ) : സർ, ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച ഈ സബ്മിഷന് ഞാനല്ല മറുപടി പറയേണ്ടത്. കാരണം, എന്റെ വകുപ്പിൽ ഇതിനെപ്പറ്റി അന്വേഷിച്ചപ്പോൾ ആവശ്യമായ വിവരങ്ങൾ ഇല്ല. എന്നാലും ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച സ്ഥിതിക്ക് ഈ പ്രശ്നത്തെ സംബന്ധിച്ച് ബന്ധപ്പെട്ട മന്ത്രിയുമായി സംസാരിക്കുന്നതിന് കൃഷിവകുപ്പു മന്ത്രി എന്നുള്ള നിലയിൽ ഞാൻ മുൻകൈ എടുക്കും, ആവശ്യമായ നടപടി സ്വീകരിക്കും.

## (29) ചെമ്മരുതി പഞ്ചായത്തിലെ കർഷകത്തൊഴിലാളി കുടുംബങ്ങളെ കുടിയിറക്കിയതു സംബന്ധിച്ച്

ശ്രീ. എ.അലിഹസ്സൻ : സർ, 1991 നവംബർ 4-ാം തീയതി വർക്കല നിയോജകമണ്ഡലത്തിൽപ്പെട്ട ചെമ്മരുതി പഞ്ചായത്തിൽ പോക്കാട് കോള നിയിൽപ്പെട്ട അഞ്ചു പാവപ്പെട്ട കർഷകത്തൊഴിലാളി കുടുംബങ്ങളെ കുടിയിറ ക്കി. അതാണ് എന്റെ സബ്മിഷന് ആധാരം. സ്വന്തം ഭൂമിയിൽ വീടുവച്ചും ദേഹണ്ഡിച്ചും പത്തുമുതൽ അൻപതുവരെ വർഷക്കാലം താമസിച്ചുവന്ന ചിറ്റവള്ളി ഗോവിന്ദൻ കുഞ്ഞൻ, ആനന്ദവല്ലി, കുമ്പിൾഡാങ്ക, കുമാരൻ ചെട്ടി യാർ എന്നിവരെയാണ് നൂറുകണക്കിന് പോലീസുകാരും റവന്യൂ അധികാരി കളും ചേർന്ന് കുടിയിറക്കിയത്. കുടിയിറക്കിയതിനെത്തുടർന്ന് സ്ഥലം സന്ദർശിച്ച ബഹുമാനപ്പെട്ട ഇ.കെ.നായനാർ, ശ്രീ.വി.എസ്. അച്യുതാനന്ദൻ, ശ്രീമതി സുശീലാഗോപാലൻ, ശ്രീ. എ. കണാരൻ എന്നിവർ ഈ ഭൂമി നഷ്ട പ്പെട്ടവർക്ക് ഭൂമിയും വീടും നഷ്ടപരിഹാരവും കൊടുക്കണമെന്ന് പ്രത്യേക മായി ഗവൺമെന്റിനോട് ആവശ്യപ്പെട്ടിരുന്നു. 1992 മാർച്ച് 9-ന് കുടിയിറക്ക പ്പെട്ട കുടുംബങ്ങളുൾപ്പെടുന്ന കൃഷിക്കാർ സെക്രട്ടേറിയറ്റ് മാർച്ച് നടത്തി. 1992 മാർച്ച് 24-ാം തീയതി വർക്കല എം.എൽ.എ. ബഹുമാനപ്പെട്ട വർക്കല രാധാകൃഷ്ണൻ ഈ പ്രശ്നം ഉന്നയിച്ചുകൊണ്ട് ഒരു സബ്മിഷൻ നിയമസഭ യിൽ അവതരിപ്പിച്ചു. ഇതിൽ കക്ഷി ചേർന്നുകൊണ്ട് ബഹുമാനപ്പെട്ട നായ നാരും ശ്രീ. എ. കണാരനും സംസാരിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാന ത്തിൽ അന്നത്തെ റവന്യൂ വകുപ്പു മന്ത്രി കുടിയിറക്കപ്പെട്ടവരെ പുനരധിവസി പ്പിക്കാമെന്നും അവർക്ക് ഭൂമിയും വീടും നഷ്ടപരിഹാരവും നൽകാമെന്നും നിയമസഭയിൽ പ്രഖ്യാപിച്ചു. 1992 മാർച്ച് മാസം 24-ാം തീയതിയാണ് അന്നത്തെ റവന്യൂവകുപ്പു മന്ത്രി ഈ പ്രഖ്യാപനം നടത്തിയത്. എന്നിട്ട് നാലു വർഷമായിട്ടും യാതൊരു നടപടിയുമുണ്ടായില്ല ഇപ്പോഴത്തെ ഈ ഗവൺമെ ന്റെങ്കിലും ഈ പാവപ്പെട്ടവർക്ക് ഭൂമിയും വീടും നഷ്ടപരിഹാരവും കൊടുക്ക ണമെന്ന് ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

റവന്യൂവകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ടൈം വളരെ ശരിയാണ്. ചെമ്മരുതി ജില്ലയിൽപ്പെട്ട ആറു കുടുംബങ്ങളെ 4-11-1991-ലാണ് കുടിയിറക്കിയത്. വളരെവർഷങ്ങളായി അവിടെ താമസിച്ചവരാണ് അവർ. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള ഏറടക്കാവ് ഭഗവതി ക്ഷേത്രത്തിന്റെ വകയായ കാവ് പുറം

LIBRARY ARCHIVES Kerala Legislative Assembly

പോക്കാണ് എന്നതുകൊണ്ട് ക്ഷേത്ര സംരക്ഷണ സമിതി ഹൈക്കോടതിയെ സമീപിച്ചതിന്റെ അടിസ്ഥാനത്തിൽ കോടതി വിധി നടപ്പാക്കുന്നതിനുവേണ്ടി യാണ് ഇങ്ങനെ ചെയ്തത് എന്നാണ് രേഖയിൽ പറയുന്നത്. അതിനുവേണ്ടി യാണ് അവരെ ഒഴിപ്പിക്കേണ്ടി വന്നത്. കോടതിയുടെ തീരുമാനപ്രകാരമാണ്. ഇവരിൽ മൂന്നു പേർ പട്ടികജാതിക്കാരാണ്. ഇവരിൽ ഒരു കുടുംബം ഇപ്പോൾ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസിന്റെ കോമ്പൗണ്ടിൽ കുടിൽ കെട്ടി താമസി ക്കുന്നുവെന്നാണ് റിപ്പോർട്ട്. മറ്റു പലരും ഈ പഞ്ചായത്തിനകത്തു തന്നെ പുറമ്പോക്കു ഭൂമികളിൽ കുടിൽ കെട്ടി താമസിച്ചു വരികയാണ്. ഇവരെ എങ്ങ നെയാണ് പുനരധിവസിപ്പിക്കേണ്ടത് എന്ന കാര്യം ഗവൺമെന്റ് ഗൗരവമായി ആലോചിക്കുന്നുണ്ട്. ഈ പ്രശ്നം നിയമസഭയിൽ വന്നപ്പോൾ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് റവന്യൂ വകുപ്പുമന്ത്രി ഹൗസിംഗ് സ്കീമിൽ ഉൾപ്പെ ടുത്തി ഇവരെ പുനരധിവസിപ്പിക്കുന്നതിനുവേണ്ട നടപടിയെടുക്കുമെന്നു ഇവിടെ പറഞ്ഞിരുന്നു. പക്ഷേ ഇതു സംബന്ധിച്ച് റവന്യൂ ഡിപ്പാർട്ടുമെന്റിന്റെ മുൻപിൽ യാതൊരു രേഖകളും ഇപ്പോഴില്ല. അതുകൂടി പരിഗണിച്ചുകൊണ്ടു എങ്ങനെയാണ് ഇവരെ മാറ്റിപാർപ്പിക്കാൻ കഴിയുക എന്ന കാര്യം ഗവൺമെന്റ് ഗൗരവമായി പരിശോധിക്കുന്നതാണ്. അതിനാവശ്യമായ നടപടി സ്വീകരിക്കു ന്നതാണ്.

മി. സ്പീക്കർ : ശ്രീ. സി.കെ. നാണു. അങ്ങയുടെ സബ്മിഷൻ കൊടു ത്തതാണ്. ഇത്രയുമധികം സബ്മിഷൻ ചെയറിന്റെ പ്രത്യേക താല്പര്യപ്ര കാരം ഇന്ന് ഒന്നു രണ്ടു മണിക്കൂർ നേരം ഗവൺമെന്റ് ബിസിനസ്സ് എന്ന നില യിൽ കിട്ടിയതുകൊണ്ടു മാത്രം ചെയ്തതാണ്. മറ്റു നിർവ്വാഹമില്ല.

## VII. Papers to be Laid on the Table

Minister for Irrigation and Labour (Shri. Baby John): Sir, I Lay on the Table:

G.O.(Rt) No.889/95/LBR dated 19th April, 1995 (S.R.O. No.517/95) together with the statement showing the reasons for the delay in submitting the same.

On behalf of the Minister for Food, Tourism and Law Minister for Agriculture (Shri. V.K. Rajan):- Sir, I lay on the Table: G.O.(P) No.233/96/AD dated 5th July, 1996 (S.R.O. No.542/96).

Minister for Education and Works (Shri. P.J. Joseph) : Sir, I lay on the Table:

Annual Report of Cochin University of Science and Technology for the year 1991-92 together with the statement showing the reasons for the delay in submitting the same.

On behalf of the Minister for Local Administration Minister for Electricity and Co-operation (Shri. Pinarayi Vijayan) :- Sir, I lay on the Table:

1. G.O.(P) No.15/96/LAD dated 22nd January, 1996 (S.R.O. No.80/96) together with the statement showing the reasons for the delay in submitting the same.



LIBRARY ARCHIVES Kerala Legislative Assembly

2. G.O. (P) No.16/96/LAD dated 23rd January, 1996 (S.R.O. No.93/96) together with the statement showing the reasons for the delay in submitting the same.

3. G.O.(P) No.1/96/LAD dated 3rd January, 1996 (S.R.O. No.15/96) and the Errata to the S.R.O. [G.O.(P) No. 65/96/LAD dated 26th Martch 1996 and G.O.(P) No. 108/96/LAD dated 12th June, 1996] together with the statement showing the reasons for the delay in submitting the same.

4. G.O.(P)No.66/96/LAD dated 26th Martch, 1996 (S.R.O.No.307/97).

5. G.O.(P)No.187/95/LAD dated 21st September, 1995 (S.R.O. No.1118/95) and G.O. (P) No.188/95/LAD dated 21st September, 1995 (S.R.O. No.1119/95) together with the statement showing the reasons for the delay in submitting the same.

Minister for Agriculture (Shri. V.K.Rajan) : Sir, I may on the Table : Annual Report and Accounts of the Kerala Agro Machinery Corporation Ltd. for the year 1994-95 together with the statement showing the reasons for the delay in submitting the same.

Minister for Finance (Shri. T. Sivadasa Menon) : Sir, I lay on the Table : Audit Report on the Accounts of Kerala Financial Corporation for the year 1994-95 together with the statement showing the reasons for the delay in submitting the same.

Minister for Electricity and co-operation (Shri. Pinarayi Vijayan) : Sir, I lay on the Table :

G.O.(P)No. 20/96/Co-operation dated 22nd February, 1996 (S.R.O. No.220/96) together with the statement showing the reasons for the delay in submitting the same.

Secretary (in-charge) Legislature Secretariat (Shri. S. Krishnamoorthy): Sir, I lay on the Table.

1. Sixth Report of the Committee on the Welfare of Backward Class Communities of the Ninth Kerala Legislative Assembly.

2. Report of the Committee of the Ninth Kerala Legislative Assembly to examine the conditions of the Mental Health Centre, Thiruvananthapuram.

മി. സ്പീക്കർ : അങ്ങ് എന്തെങ്കിലും ഉന്നയിക്കുന്നുണ്ടോ?

ശ്രീ.പി.പി. തങ്കച്ചൻ : സർ, അങ്ങ് ഒരു റൂളിംഗ് നടത്തി വളരെ മൂർച്ചയേറിയ ഭാഷയിൽ സഭാംഗങ്ങളുടെ മുൻപിൽ എന്നെ സ്നബ് ചെയ്തിട്ടുണ്ട്.

മി. സ്പീക്കർ : അങ്ങ് ആവർത്തിച്ചാവർത്തിച്ച് ഉന്നയിച്ചു കഴിഞ്ഞാൽ ഞാനെന്താണ് ചെയ്യേണ്ടത്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി.പി. തങ്കച്ചൻ : സർ, ഞാൻ ആവർത്തിച്ചാവർത്തിച്ചു പറഞ്ഞു എന്നു പറയുന്നത് ശരിയാണ്. അങ്ങു പറഞ്ഞതു തെറ്റാണെന്നു സ്ഥാപിക്കാനാണു ഞാൻ നിൽക്കുന്നത്. എനിക്ക് അതിനുള്ള അവസരം തരണം. അല്ലെങ്കിൽ ഞാൻ നിയമസഭാംഗങ്ങളുടെ മുൻപിൽ മോശക്കാരനാവില്ലേ? എന്റെ കൈയിൽ റിക്കോർഡ് ഉണ്ട്. പ്രതിപക്ഷ ചീഫ് വിപ്പ് എന്നുള്ള നിലയിൽ ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. ശ്രദ്ധക്ഷണിക്കലിന് തുല്യ നിലയാണ് അങ്ങ് സബ്മിഷൻ അവതരിപ്പിക്കുന്ന കാര്യത്തിൽ ഞങ്ങൾക്കു തന്നിട്ടുള്ളത്. ഇന്നും അങ്ങനെയായിരുന്നു. എന്നാൽ ഇന്ന് ലിസ്റ്റിൽ കണ്ട നമ്പറിനു ശേഷം ഏഴോ എട്ടോ സബ്മിഷൻ വന്നതിൽ ഒരെണ്ണമൊഴിച്ച് ബാക്കിയുള്ളതെല്ലാം ഒരു പ്രത്യേക ഭാഗത്തേയ്ക്കു മാറ്റി വയ്ക്കുകയാണ് ചെയ്തത്.

മി. സ്പീക്കർ : ശരിക്കും അനുവദിക്കുകയാണെങ്കിൽ ഈ സഭയിലെ സ്ട്രെങ്ത് നോക്കിയാണ് അനുവദിക്കേണ്ടത്. അതാണ് തത്വം. പക്ഷേ അങ്ങനെയല്ല ചെയ്യുന്നത്. ചെയർ അങ്ങനെയല്ല ചെയ്തത്, തുല്യമായിട്ടാണ് ചെയ്തത്. അങ്ങേയ്ക്കു പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

# VIII. നിയമസഭാംഗമായി തെരഞ്ഞെടുക്കപ്പെടുന്നതിനു മുമ്പ് മുഖ്യമന്ത്രി ശ്രീ ഇ.കെ. നായനാരെ സബ്ജക്ട് കമ്മിറ്റി ചെയർമാനാക്കി ബുള്ളറ്റിൻ ഇറക്കിയതു സംബന്ധിച്ച്

ശ്രീ. പി.പി. തങ്കച്ചൻ : സർ, കഴിഞ്ഞ ദിവസം അങ്ങയുടെ റൂളിംഗിൽ ഉപതെരഞ്ഞെടുപ്പ് കഴിഞ്ഞതിനുശേഷം മാത്രമാണ് "ശ്രീ.എ.കെ. ആന്റണിയെ ചെയർമാനാക്കി ഔദ്യോഗികമായി ബുള്ളറ്റിൻ ഇറക്കിയിട്ടുള്ളൂ, എന്നു പറഞ്ഞു. എന്നാൽ ശ്രീ. ഇ.കെ. നായനാരെ ഉപതെരഞ്ഞെടുപ്പിനു മുൻപ് ചെയർമാനായി ബുള്ളറ്റിൻ ഇറക്കിയിരിക്കുന്നു. അങ്ങ് പരിശോധിക്കണം. തെറ്റുണ്ടെങ്കിൽ തിരുത്തണമെന്നാണ് ഞാൻ പറഞ്ഞത്" - 1995 ജൂലൈ 28-ാം തീയതി 606-ാം നമ്പർ ബുള്ളറ്റിനെ ആസ്പദമാക്കിയാണ് ഈ സഭയിൽ ഞാൻ ആ വിഷയം ഉന്നയിച്ചത്. ആ ബുള്ളറ്റിനാണ് എന്റെ കൈവശമിരുന്നത്.

Under Rule 233 of the Rules of Procedure and Conduct of Business in the Kerala Legislative Assembly, the following Subject Committees are constituted with effect from August 1, 1995 for the remaining period of the Ninth Kerala Legislative Assembly etc.

അതിൽ കമ്മിറ്റി അംഗങ്ങളുടെ പേര്, കമ്മിറ്റി അംഗങ്ങളുടെ ചെയർമാനായിട്ട് ചീഫ് മിനിസ്റ്റർ. ആ ബുള്ളറ്റിൻ ജൂലൈ 28-ാം തീയതിയാണ് പുറപ്പെടുവിച്ചിട്ടുള്ളത്. ശ്രീ. എ.കെ.ആന്റണി നിയമസഭാംഗമായി സത്യപ്രതിജ്ഞ ചെയ്തത് ജൂൺ 1-ാം തീയതിയാണ്, അപ്പോൾ അതിന്റെ അർത്ഥം ഞാൻ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള ഈ ബുള്ളറ്റിൻ ഇറക്കിയത് അദ്ദേഹം നിയമസഭാംഗമായി ചാർജ്ജ് എടുത്തതിനുശേഷമാണ്. പക്ഷേ നിർഭാഗ്യവശാൽ അങ്ങ് റൂളിംഗിന് അടിസ്ഥാനമാക്കിയിട്ടുള്ള ബുള്ളറ്റിൻ മേയ് 15-ാം തീയതിയിലെ ബുള്ളറ്റിനാണ്. എന്റെ വിനീതമായ അഭിപ്രായം ആ ബുള്ളറ്റിൻ ഈ കാര്യത്തിനുപയോഗിക്കേണ്ട ഒരു ബുള്ളറ്റിനല്ല. ആ ബുള്ളറ്റിൻ നമ്മുടെ റൂൾസ് അനുസരിച്ച് ഓരോ സബ്ജക്ടു കമ്മിറ്റിയിലും മൂന്നോ നാലോ മന്ത്രിമാരുണ്ടാകും, പല വിഷയങ്ങളുണ്ടാകും. അപ്പോൾ സ്പീക്കർക്ക് ഒരു ചുമതലയുണ്ട്. ആ മന്ത്രിമാരിൽ ഏതു മന്ത്രിയായിരിക്കണം ഓരോ കമ്മിറ്റിയുടേയും ചെയർമാനെന്ന്, അതുമാത്രം അറിയിക്കേണ്ട ബുള്ളറ്റിൻ നമ്മുടെ റൂൾസ് അനുസരിച്ച് ഇഷ്യൂ ചെയ്യണമെന്നുണ്ട്. അതു ശ്രീ.എ.കെ. ആന്റണിയേയോ വേറെയാളുകളെ ഉദ്ദേശിച്ചോ അല്ല.

മി.സ്പീക്കർ : അങ്ങനെയൊരു ബുള്ളറ്റിൻ ഇറക്കിയല്ലോ? അദ്ദേഹം ചെയർമാനായിട്ട് കമ്മിറ്റി കൂടിയല്ലോ? പിന്നെ എന്താണ് തർക്കം? ഒരു ബുള്ളറ്റിൻ ലെജിസ്ലേറ്റീവ് സെക്രട്ടേറിയറ്റ് ഇറക്കി..... അങ്ങ് വീണ്ടുമൊരു ഡിബേറ്റിലേയ്ക്കു പോയാൽ എനിക്കു വീണ്ടും അങ്ങയെ സംബന്ധിച്ചു പറയേണ്ടി വരും.

ശ്രീ. പി.പി. തങ്കച്ചൻ : സർ, എനിക്കതു കേൾക്കാൻ യാതൊരു മടിയുമില്ല.

മി. സ്പീക്കർ : അഡീഷണലായിട്ട് എന്തെങ്കിലും പറയാനുണ്ടോ? ഉണ്ടെങ്കിൽ പറയാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി.പി. തങ്കച്ചൻ : സർ, അങ്ങു പറഞ്ഞ ബുള്ളറ്റിൻ മേയ് 15-ാം തീയതിയിലെ ബുള്ളറ്റിനാണ്.

മി. സ്പീക്കർ : അങ്ങ് ഈ നിയമസഭയിൽ പറഞ്ഞത് ശ്രീ.എ.കെ. ആന്റണിയെ ചെയർമാനാക്കിക്കൊണ്ടുള്ള ബുള്ളറ്റിൻ ഇറക്കിയിട്ടില്ല എന്നാണ്. അങ്ങ് ആവർത്തിച്ചാവർത്തിച്ച് ആവശ്യപ്പെട്ടു. ഞാൻ ആ ബുള്ളറ്റിൻ ഇവിടെ കാണിച്ചു. ശ്രീ. ഇ.കെ. നായനാരെ ചെയർമാനാക്കിയിട്ടുള്ള ബുള്ളറ്റിൻ ഇറക്കി. എന്നാൽ ശ്രീ. ആന്റണി നിയമസഭാംഗമാകുന്നതിനു മുൻപ് അദ്ദേഹത്തെ ചെയർമാനാക്കിക്കൊണ്ടുള്ള ബുള്ളറ്റിൻ ഇറക്കിയിട്ടില്ല. ചെയറിനു തെറ്റുപറ്റി എന്നാണ് പറഞ്ഞത്. ഞാൻ പറഞ്ഞു 550-ാം ബുള്ളറ്റിനാണ് ഇറക്കിയതെന്ന്.

ശ്രീ.പി.പി. തങ്കച്ചൻ : സർ, ആ ബുള്ളറ്റിനല്ല ശരിയായ ബുള്ളറ്റിൻ.

മി. സ്പീക്കർ : അതു വേറെ പരിശോധിക്കാം.

ശ്രീ.പി.പി. തങ്കച്ചൻ : സർ, എന്റെ റിക്വസ്റ്റ് അങ്ങ് ഓരോ വാചകത്തിനും മറുപടി പറയാതെ....

ശരിയായ ബുള്ളറ്റിൻ 606-ാം നമ്പർ ബുള്ളറ്റിൻ എന്നാണ് എന്റെ വിനീതമായ അഭിപ്രായം. ഇതു രണ്ടും എന്റെ കാലത്തുള്ളതല്ല എന്നു ഞാൻ പ്രത്യേകം ഓർമ്മിപ്പിക്കുകയാണ്. ചെയർ അതു പരിശോധിക്കണം.

മി. സ്പീക്കർ : അങ്ങയുടെ കാലത്തുള്ളതാണെന്നു ഞാൻ പറഞ്ഞിട്ടില്ലല്ലോ? അങ്ങയുടെ കാലത്തു ശ്രീ. ആന്റണി മുഖ്യമന്ത്രിയായിരുന്നിട്ടില്ലല്ലോ?

ശ്രീ.പി.പി. തങ്കച്ചൻ : സർ, ഈ നിയമസഭയിലെ ഒരംഗത്തെ സംബന്ധിച്ച്, ഒരംഗം ഇവിടെയൊരു കാര്യം പറയുമ്പോൾ ചിലപ്പോൾ ഡേറ്റിലൊക്കെ പിശകു പറ്റിയെന്നു വരാം. അതിനൊക്കെ റൂളിംഗ് നൽകുമ്പോൾ ഉപയോഗിക്കുന്ന ഭാഷ, അതിന്റെ മൂർച്ച വ്യക്തിപരമായ ദു:സൂചന നിവൃത്തിയുണ്ടെങ്കിൽ ഒഴിവാക്കുന്നതു നല്ലതാണ്.

മി. സ്പീക്കർ : അങ്ങയുടെ ഉപദേശത്തിനു നൂറുവട്ടം നന്ദി. പക്ഷേ ചെയർ എന്നു പറയുന്നത് നിയമസഭയിലെ അവസാനത്തെ വാക്കാണ്. ചെയർ ആവർത്തിച്ചാവർത്തിച്ചു പറഞ്ഞിട്ടും ചെയറിൽ അവിശ്വാസം ജനിപ്പിച്ചുകൊണ്ട് അങ്ങ് അതു ആവർത്തിച്ചതുകൊണ്ടാണ് അല്പം മൂർച്ചയുടെ രൂപത്തിലുള്ള റൂളിംഗ് വേണ്ടി വന്നത്. ക്ഷമിക്കണം.

ധനകാര്യവകുപ്പു മന്ത്രി (ശ്രീ. ടി.ശിവദാസമേനോൻ) : സർ, ഇവിടെ ബഹുമാനപ്പെട്ട ചെയർ ബഹുമാന്യനായ ശ്രീ.എ.കെ. ആന്റണിയെ തെരഞ്ഞെടുക്കപ്പെടുന്നതിനു മുൻപ് ചെയർമാനായി നോമിനേറ്റു ചെയ്ത ഒരു ബുള്ളറ്റിൻ ഇറക്കിയത് അങ്ങു ഇവിടെ കാണിക്കുകയുണ്ടായി. അതിനു ശേഷം പുതിയൊരു ബുള്ളറ്റിൻ തെരഞ്ഞെടുപ്പിനു ശേഷം വന്നു. ഈ രണ്ടു ബുള്ളറ്റിൻ വന്നതിൽ അങ്ങു പറഞ്ഞതു ശരിയാണ്.

# IX. നിയമനിർമ്മാണകാര്യം

## 1996-ലെ ധനകാര്യബിൽ

മി.സ്പീക്കർ : 1996-ലെ കേരള ധനകാര്യബിൽ ധനകാര്യ മന്ത്രി ശ്രീ.ടി.ശിവദാസമേനോൻ അവതരിപ്പിക്കേണ്ടതാണ്. ധനകാര്യവകുപ്പുമന്ത്രി



LIBRARY ARCHIVES Kerala Legislative Assembly

(ശ്രീ. ടി. ശിവദാസമേനോൻ) : സാർ, 1996-ലെ കേരള ധനകാര്യബിൽ ഞാൻ അവതരിപ്പിക്കുന്നു. ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) : സർ, ഞാൻ അതിനെ പിന്താങ്ങുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. ബി. വിജയകുമാർ : സർ, പോയിന്റ് ഓഫ് ഓർഡർ ....

മി. സ്പീക്കർ : പോയിന്റ് ഓഫ് ഓർഡറിനു സമയം തരാം. പ്രധാനപ്പെട്ട ഒരു കാര്യം പറഞ്ഞോട്ടെ. പ്രധാനപ്പെട്ട ഒരു കാര്യം ചെയറിനു അറിയാനുണ്ട്. ഇന്നത്തെ നമ്മുടെ ടൈംടേബിൾ അനുസരിച്ചുള്ള ബിസിനസ്സ് 12.30 മണി മുതൽ 1.30 വരെ അപ്രോപ്രിയേഷൻ ബില്ലാണ്. എന്നാൽ ഇന്നു രണ്ടു മണിക്കൂറോളം സമയം ഗവൺമെന്റ് ബിസ്സിനസ്സ് എന്ന നിലയിലാണ് കലണ്ടറിൽ രേഖപ്പെടുത്തിയിട്ടുള്ളത്. അതു പരിശോധിച്ച് ഗവൺമെന്റ് ബിസ്സിനസ്സ് ഇല്ലെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ആ സൗകര്യം അംഗങ്ങൾക്ക് നൽകണമെന്നു ചെയർ കാണുകയും അതിന്റെ അടിസ്ഥാനത്തിൽ നമ്മുടെ ശില്പശാലയിലുമൊക്കെ വന്ന വിലപ്പെട്ട ഒരു നിർദ്ദേശമാണല്ലോ റൂൾ 49 അനുസരിച്ച് ചോദ്യങ്ങളിൽ നിന്നുമുളവാകുന്ന ചർച്ച. അങ്ങനെയാണ് രണ്ടംഗങ്ങളുടെ ചോദ്യങ്ങൾ ചെയർ ഇവിടെ പരിഗണനയ്ക്കു എടുത്തിട്ടുള്ളത്. അതാണ് ഇതിൽ ചേർത്തിട്ടുള്ളത്. പക്ഷെ 12.30 മുതൽ 1.30 വരെയാണ് ഇതിൽ സമയം വച്ചിരിക്കുന്നത്. അത് ഏതു സമയത്ത് എടുക്കണം.

ശ്രീ. ടി.എം. ജേക്കബ് : 12.30 മുതൽ 1.30 വരെ എന്നുള്ള സമയം വേവ് ചെയ്താൽ മതി.

ശ്രീ. ടി.ശിവദാസമേനോൻ : സർ, ഞാൻ ഇവിടെ നിർദ്ദേശിക്കുന്നത് അപ്രോപ്രിയേഷൻ ബിൽ കൃത്യമായി 12.30-നു അവതരിപ്പിക്കാം. അതിനു ശേഷം അങ്ങ് അലൗ ചെയ്ത ചർച്ചകൾ നടത്താം. അതിനു ശ്രീ.ടി.എം. ജേക്കബ് സമ്മതിച്ചതാണ്. 12.30 തൊട്ട് 1.30 വരെ അപ്രോപ്രിയേഷൻ ബില്ലിന്റേയും അനന്തര ഘട്ടങ്ങളുടേയും സമയമാണ് 1.30 മണി കഴിഞ്ഞിട്ട് ഇവിടെ കൊടുത്തിട്ടുള്ള രണ്ടു ചർച്ചകളും നടത്താവുന്നതാണ്.

ശ്രീ. എ.കെ. ആന്റണി : സർ, ഇവിടെ ധനകാര്യ മന്ത്രി പറഞ്ഞതിനോട് ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. ഇപ്പോൾ അപ്രോപ്രിയേഷൻ ബില്ല് എടുക്കാം. പക്ഷെ നമ്മുടെ ഇവിടത്തെ കീഴ്വഴക്കം 12.30 മണി മുതൽ 1.30 വരെ അല്ല. ഇതു നിയമസഭയുടെ അവസാന ദിവസമാണ്. അതുകൊണ്ട് അപ്രോപ്രിയേഷൻ ബിൽ ഒന്നരയ്ക്കുതന്നെ നിറുത്തണമെന്ന് അങ്ങ് നിർബന്ധം പിടിക്കരുത്.

ശ്രീ. പി.പി. തങ്കച്ചൻ : അതൊരു കീഴ്വഴക്കമാകരുത്.

ആരോഗ്യവും സ്പോർട്സും വകുപ്പു മന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) : കീഴ്വഴക്കങ്ങൾ മാറ്റേണ്ടിവരുന്നത് സമയം വേവ് ചെയ്യേണ്ടിവരുന്നതു കൊണ്ടാണ്. എന്തിന് ആ വേവ് ചെയ്യലിനു പോകുന്നു.?

മി. സ്പീക്കർ : അപ്പോൾ അപ്രോപ്രിയേഷൻ ബിൽ എടുക്കാം. അതു കഴിഞ്ഞ് റൂൾ 49 അനുസരിച്ചുള്ള ചർച്ചയാകാം.

ശ്രീ. ബി. വിജയകുമാർ : സർ, പ്രതിപക്ഷ ചീഫ് വിപ്പ് ഇവിടെ പോയിൻറൗട്ട് ചെയ്ത കാര്യമാണ്. അതാണ് എന്റെ പോയിന്റ് ഓഫ് ഓർഡർ. ഞാൻ ഒരു സബ്മിഷൻ തന്നിരുന്നു.... എന്റെ നിയോജകമണ്ഡലത്തിലെ കാര്യം മറ്റൊരു മെമ്പർ സഭയിൽ ഉന്നയിക്കാൻ പാടില്ല....

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ഇതിൽ പോയിന്റ് ഓഫ് ഓർഡറില്ല. സബ്മിഷനെക്കുറിച്ച് എല്ലാവർക്കും പറയാനുണ്ടാകും. അതിനു സമയം അനുവദിക്കാൻ പറ്റില്ല.

## X. 1996-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട് നമ്പർ 2) ബിൽ

ധനകാര്യ വകുപ്പു മന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, 1996-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട് - നമ്പർ 2) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ.എ.സി. ഷൺമുഖദാസ് : ഞാൻ അതിനെ പിൻതാങ്ങുന്നു.

മി. സ്പീക്കർ : ധനകാര്യമന്ത്രി ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിക്കേണ്ടതാണ്.

ശ്രീ. ടി. ശിവദാസമേനോൻ : 1996-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട് നമ്പർ 2) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ.സി. ഷൺമുഖദാസ് : സർ, ഞാൻ പിന്താങ്ങുന്നു.

മി. സ്പീക്കർ : ഒരു മണിക്കൂർ നേരമാണ് ഇന്നത്തെ ചർച്ച. നമ്മൾ ആവശ്യംപോലെ വോട്ട് ഓൺ അക്കൗണ്ടിലും ബഡ്ജറ്റിലുമൊക്കെ ചർച്ചകൾ നടത്തിയിട്ടുണ്ട്. എല്ലാ കക്ഷി നേതാക്കളും ഇതിൽ വന്നിട്ടുണ്ട്. അതുകൊണ്ട് സമയം കർശനമായി പാലിക്കണം. അനന്തമായി നീട്ടിക്കൊണ്ടു പോകാൻ പാടില്ല.

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ : സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുകയാണ്. ഈ ധനവിനിയോഗബില്ലിനെ സംബന്ധിച്ച് ചർച്ച ചെയ്യുന്ന സന്ദർഭത്തിൽ ഗവൺമെന്റിനു ലഭിക്കുന്ന ധനം. അതു വിനിയോഗിക്കുന്ന സന്ദർഭത്തിൽ അനാവശ്യമായ ചെലവുകൾ ഒഴിവാക്കി നമ്മുടെ രാജ്യത്തിന്റെ റിസോഴ്സ്സിന്റെ ലഭ്യതയ്ക്കനുസരിച്ച് അത്യാവശ്യം ചെലവാക്കേണ്ടിടത്ത് ചെലവാക്കുന്നതിനെ സംബന്ധിച്ച് സജീവമായ ചില ചർച്ചകളുണ്ടായില്ലെങ്കിൽ ലഭിക്കുന്ന ധനം ഫലപ്രദമായി വിനിയോഗിക്കാൻ കഴിയില്ല. ഇവിടെ ബഡ്ജറ്റു ചർച്ചയിലും ഗവൺമെന്റിന്റെ നയപ്രഖ്യാപന ചർച്ചയിലുമെല്ലാം ഒരു കാര്യം നമുക്ക് പ്രത്യേകമായി ബോദ്ധ്യപ്പെട്ടത്. എന്നുമുള്ളതു പോലെ തന്നെ ഞങ്ങളുടെ ഗവൺമെന്റ് ഭരിച്ചപ്പോൾ ചെയ്തത് നിങ്ങളോട് പറഞ്ഞു. നിങ്ങളുടെ ഗവൺമെന്റ് ഭരിച്ചപ്പോൾ ചെയ്ത കാര്യങ്ങൾ ഞങ്ങളോടും പറഞ്ഞു രണ്ടു ഗവൺമെന്റുകളും മാറി മാറി ഭരിച്ചപ്പോഴും ചില കാര്യങ്ങൾ ചെയ്യാൻ കഴിയാതെ പോയിട്ടുണ്ടെന്നുള്ളത് നമുക്ക് പരസ്പരം യോജിക്കാൻ കഴിയുന്ന കാര്യമാണ്. ആ യോജിക്കാൻ കഴിയുന്ന കാര്യങ്ങൾ സോർട്ട് ഔട്ട് ചെയ്തിട്ട് ആ കാര്യങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ വേണ്ടിയുള്ള രാഷ്ട്രീയ സമന്വയത്തിനുള്ള ഒരു ജോലി നിയമസഭയ്ക്കകത്തും നിയമസഭയ്ക്കു പുറത്തും സജീവമായി നടത്തണമെന്നാണ് എനിക്ക് ആദ്യമായി നിർദ്ദേശിക്കാനുള്ളത്. ഇവിടെ വ്യാവസായികരംഗത്ത് വളരെയധികം ചർച്ചകൾ നടന്നു. ഞങ്ങൾ പൊതുമേഖലയെ ക്ഷീണിപ്പിക്കുകയാണ്. നിങ്ങൾ പൊതുമേഖലയുടെ ഗുണത്തിനുവേണ്ടിയാണ് നിൽക്കുന്നത് എന്നൊക്കെ പറഞ്ഞു. ഞാൻ ഒരു കോൺട്രവേഴ്സിയിലേക്കു കടക്കാൻ ഈ സന്ദർഭത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ആഗ്രഹിക്കുന്നില്ല. ഒരു കാര്യം നമുക്ക് എല്ലാവർക്കും അറിയാവുന്നതാണ്. 95-ലെ എക്കണോമിക് റിവ്യൂവിൽ പറഞ്ഞതുപ്രകാരം.

The development strategy adopted by the State Government on the industrial front following the industrial policy statement of 1991 helped to set a strong foundation for the systematic growth of the industrial sector in Kerala.

എന്നു പറഞ്ഞിട്ട് മൂവായിരം കോടി രൂപയുടെ മുതൽമുടക്ക് ഈ രംഗത്തു കൊണ്ടുവരാൻ പറ്റുന്ന ഒരു വ്യവസായനയം ഞങ്ങളുടെ ഗവൺമെന്റു കൊണ്ടുവന്നു. നിങ്ങൾ അംഗീകരിക്കുന്നില്ല. തർക്കമില്ല കാരണം നിങ്ങൾ വേറെയും പറയുന്നു. പക്ഷെ തർക്കമില്ലാത്ത ഒരു കാര്യമുണ്ട്. തർക്കമില്ലാത്ത ഒരു കാര്യം കേരളം തുടങ്ങിയ കാലം മുതൽ ഇന്നുവരെയുള്ള കണക്കുകൾ പരിശോധിക്കുകയാണെങ്കിൽ പൊതുമേഖലാ വ്യവസായങ്ങൾ നികുതിദായകന്റെ ചെലവിൽ കൂടുതൽ കൂടുതൽ നഷ്ടം വരുത്തുന്ന പ്രക്രിയ തുടർന്നുകൊണ്ടേയിരിക്കുകയാണ്. അതിന്റെ സ്ഥിതിവിവരകണക്കുകൾ സമയ ചുരുക്കം കൊണ്ട് ഞാൻ പറയുന്നില്ല. നിങ്ങൾ പൊതുമേഖലയെ ഏറ്റവും കൂടുതൽ സ്നേഹിച്ചവരാണെന്നു പറഞ്ഞു. നിങ്ങളുടെ കാലഘട്ടത്തിൽ 86-87-ൽ 15 കമ്പനികൾ ലാഭത്തിലായിരുന്നു. 87-88-ൽ പതിനൊന്നായി. 90-ൽ 17.91-ൽ 18. നിങ്ങൾ പിരിഞ്ഞു പോകുന്ന സമയത്ത് 18 കമ്പനികൾ ലാഭത്തിലായിരുന്നു. ഞങ്ങൾ പിരിഞ്ഞു പോകുന്ന സമയത്ത് 22 എണ്ണം ലാഭത്തിലായിരുന്നു. പോകട്ടെ, എന്റെ പോയിന്റ് അതല്ല. 1987 തൊട്ട് 95 വരെയുള്ള കണക്കുകൾ പരിശോധിച്ചാൽ പൊതുമേഖലാ സ്ഥാപനങ്ങൾ ഓരോ കൊല്ലവും കോടിക്കണക്കിനു രൂപ നഷ്ടമുണ്ടാക്കുന്നു. 87-ൽ 132 കോടി രൂപയായിരുന്നു നഷ്ടമെങ്കിൽ നിങ്ങൾ ഇറങ്ങിപ്പോകുന്ന സമയത്ത് 91-ൽ അതു 415 കോടിയാക്കി. അതു നിങ്ങളുടെ നയവൈകല്യമാണെന്നു ഞങ്ങൾ പറയുന്നില്ല. 95-ലെ എക്കണോമിക് റിവ്യൂവിൽ പറയുന്ന കണക്കു പ്രകാരം 678 കോടി രൂപയാണ് പൊതുമേഖലാ സ്ഥാപനങ്ങളിലെ നഷ്ടം. ഞാൻ പറയുന്നത്. ഒരു സ്റ്റോക്ക് ടേക്കിംഗിന് സമയമായി. എന്താണ് ആ സമയം? ഈ സ്ഥാപനങ്ങൾ നികുതിദായകന്റെ ചെലവിൽ എത്രകാലം ഇങ്ങനെ പിടിച്ചു നിൽക്കണമെന്ന് തീരുമാനിക്കണം. ഓരോ ഗവൺമെന്റും മാറിമാറി വരുമ്പോഴും നഷ്ടം അങ്ങോട്ടും ഇങ്ങോട്ടും കെട്ടിയേൽപിച്ചു പോകാനാണ് ശ്രമിക്കുന്നത്. പ്രശ്നം ബാക്കി നിൽക്കുകയാണ്. സർ, എന്റെ വീട് ഒരു പുഴയുടെ വക്കത്താണ്. അവിടെയൊരു പ്രയോഗമുണ്ട്. എന്താണെന്നു വച്ചാൽ ശല്യമുണ്ടാക്കുന്ന പൂച്ചകളെ ചാക്കിൽകെട്ടി തോണിയിൽ അക്കരെ കടത്തും. അക്കരെയുള്ളവർക്കും ഈ വിദ്യയറിയാം. അവരും ഇത്തരം പൂച്ചകളെ ഇക്കരെ കടത്തിക്കൊണ്ടിരിക്കും. കൊല്ലത്തിന്റെ അവസാനം കണക്കെടുത്തു നോക്കുകയാണെങ്കിൽ ഇക്കരയുണ്ടായിരുന്ന 500 പൂച്ചകളും ഇക്കരെയുണ്ടാകും. അതുപോലെയാണ് പൊതുമേഖലാസ്ഥാപനങ്ങളുടെ നഷ്ടത്തിന്റെ കാര്യം. നിങ്ങൾ ഭരിക്കുമ്പോൾ ഞങ്ങളെ കെട്ടിയേല്പിക്കും. ഞങ്ങൾ ഭരിക്കുമ്പോൾ നിങ്ങളെ കെട്ടിയേല്പിക്കും.

പക്ഷേ ഒരു കാര്യം, പൊളിറ്റിക്കൽ ഡിറ്റർമിനേഷൻ ഉണ്ടാക്കേണ്ട സമയം വൈകി. പൊതുമേഖലാ വ്യവസായങ്ങളിൽ നന്നാകുന്നതിനെ നന്നാക്കുക, നന്നാക്കാൻ കഴിയാത്തതിനെ ജോയിന്റ് സെക്ടറിലേയ്ക്ക് കൊണ്ടു പോകുക, അതല്ലെങ്കിൽ ലിക്വിഡേറ്റ് ചെയ്തുകൊണ്ടെങ്കിലും നികുതിദായകന്റെ ചുമലിൽ നിന്ന് കോടികളുടെ ഭാരം ഇറക്കിവയ്ക്കണമെന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

എനിക്ക് പറയാനുള്ളത്. അത് എളുപ്പമുള്ള ഒരു കാര്യമല്ല. ശ്രീ. കുഞ്ഞാലിക്കുട്ടി ശ്രമിച്ചു, കുഞ്ഞാലിക്കുട്ടി ശ്രമിക്കുമ്പോൾ ആക്ഷേപം ഉണ്ടാകും, വ്യവസായം വിറ്റഴിക്കാൻ ശ്രമിക്കുന്നു, കുഴപ്പമുണ്ടാക്കാൻ ശ്രമിക്കുന്നു, നിങ്ങൾ ഇപ്പോൾ എന്താണ് ശ്രമിക്കാൻ പോകുന്നത്? നിങ്ങളും ഒരു പൊതുമേഖലാ വ്യവസായം രക്ഷപ്പെടുത്തുവാൻ താല്പര്യമെടുത്ത് കോടിക്കണക്കിന് ഉറുപ്പിക ശ്രീമതി സുശീലാ ഗോപാലനെക്കൊണ്ട് ചെലവഴിപ്പിക്കും. കുറച്ചു കഴിഞ്ഞാൽ എന്തു സംഭവിക്കും? അതും തിന്ന് മുടിക്കും. അങ്ങനെ വ്യവസായം നടത്തണമോ എന്ന കാര്യം ചർച്ച ചെയ്യേണ്ടതാണ്. ഇൻഡസ്ട്രി, ഇൻഡസ്ട്രി ആയിട്ട് നടത്തണം. ഇൻഡസ്ട്രി ചാരിറ്റി ആയിട്ട് നടത്താൻ പാടില്ല. ശ്രീ.പി.കെ. കുഞ്ഞാലിക്കുട്ടിക്ക് ഒരു ആശയം തോന്നിയാൽ അദ്ദേഹം 6 കോടി, അതു കഴിഞ്ഞ ശ്രീമതി സുശീലാ ഗോപാലൻ ഒരു 10 കോടി, അങ്ങനെ ഈ വ്യവസായങ്ങളെ നിലനിർത്താൻ കഴിയുകയില്ല. അതുകൊണ്ട് എനിക്ക് പറയാനുള്ളത് ഇക്കാര്യത്തിൽ രാഷ്ട്രീയ അഭിപ്രായ സമന്വയം ഉണ്ടാക്കി നികുതിദായകരുടെ ചുമലിൽ നിന്ന് ഇതിനെ രക്ഷപ്പെടുത്തണം. രണ്ടാമതായി വിദ്യാഭ്യാസ രംഗത്തെക്കുറിച്ച് പല കാര്യങ്ങളും പറയാനുണ്ട്, ഞാനത് ചുരുക്കി പറയാം. ഇവിടെ ബഹുമാന്യനായ ശ്രീ. പി.ജെ. ജോസഫ് ഒരു കാര്യം വളരെ താൽപര്യപൂർവം പറഞ്ഞിട്ടുണ്ട്. എന്താണ് ആ കാര്യം? പ്രീഡിഗ്രി യൂണിവേഴ്സിറ്റിയിൽ നിന്നും ഡീലിങ്ക് ചെയ്യണം. നല്ല കാര്യം, ഞാൻ നന്മ നേരുകയാണ്. ഇക്കാര്യത്തിലും രാഷ്ട്രീയ അഭിപ്രായ സമന്വയം ഉണ്ടാക്കിയില്ലെങ്കിൽ ഒരിഞ്ച് അദ്ദേഹത്തിന് മുന്നോട്ടു പോകാൻ കഴിയുകയില്ല. ഞാൻ അദ്ദേഹത്തെ ആക്ഷേപിക്കുകയല്ല. ഞാൻ അഞ്ചു കൊല്ലം വിദ്യാഭ്യാസ മന്ത്രിയായിരുന്നിട്ട് എനിക്ക് കഴിഞ്ഞില്ലല്ലോ. എനിക്ക് പ്രീഡിഗ്രി ഡീലിങ്ക് ചെയ്യാൻ പറ്റിയില്ല. ശ്രീ. ചന്ദ്രശേഖരന് പറ്റിയില്ല, ശ്രീ. ജേക്കബ്ബിന് പറ്റിയില്ല. കാരണമെന്ത്? രാഷ്ട്രീയമായി അഭിപ്രായ സമന്വയം സഭയ്ക്ക് പുറത്തും ഉണ്ടാക്കിയാൽ അല്ലാതെ ശ്രീ. പി.ജെ. ജോസഫ് വിചാരിച്ചാൽ പ്രീഡിഗ്രി ഡീലിങ്ക് ചെയ്യാൻ ഒക്കുകയില്ല. ഞാൻ അദ്ധ്യാപക സംഘടനകളെ വിളിച്ചുകൂട്ടി ഇക്കാര്യം ചർച്ച ചെയ്തു. അവർ അത് നല്ല ആശയമാണെന്ന് സമ്മതിക്കുകയും ചെയ്തു. പ്രീഡിഗ്രി ഡീലിങ്ക് ചെയ്യുന്നില്ലെങ്കിൽ ഉന്നത വിദ്യാഭ്യാസം നന്നാവുകയില്ല. എന്നാൽപിന്നെ ഡീലിങ്ക് ചെയ്തു കളയാം എന്നു പറഞ്ഞാൽ അപ്പോൾ അതിന്റെ പ്രശ്നം അറിയാം. സംഗതിയൊക്കെ ശരിതന്നെ, പക്ഷേ പ്രീഡിഗ്രിക്ക് പഠിപ്പിക്കാൻ ഞങ്ങളെ നോക്കണ്ട, ആളെ വേറെ നോക്കണം എന്നാണ് അദ്ധ്യാപകർ പറഞ്ഞത്. പ്രീഡിഗ്രി ബോർഡിനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. നിങ്ങൾക്ക് മുന്നോട്ട് പോകാൻ കഴിയുകയില്ല. കാരണം, ഞങ്ങളുടേയും നിങ്ങളുടേയും നമുക്ക് കീഴിലുള്ള അദ്ധ്യാപക സംഘടനകളുടേയും അനദ്ധ്യാപക സംഘടനകളുടേയും ചെറിയ താല്പര്യത്തേക്കാൾ വളരെ വലുതാണ് ഈ രാജ്യത്തെ ലക്ഷോപലക്ഷം വിദ്യാർത്ഥികളുടെ താല്പര്യം അതുകൊണ്ട് ഞങ്ങളുടെ കൂടെ നിൽക്കുന്ന ഈ അദ്ധ്യാപക സംഘടനകളുടേയും അനദ്ധ്യാപക സംഘടനകളുടേയും താല്പര്യത്തെ ബൈപാസ് ചെയ്തുകൊണ്ടെങ്കിലും ഈ തീരുമാനം കൈക്കൊള്ളണം എന്നുള്ളത് രാഷ്ട്രീയമായി ഉണ്ടാക്കിയാലല്ലാതെ ഈ കാര്യം നടക്കാൻ പോകുന്നില്ലായെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. രാഷ്ട്രീയ അഭിപ്രായം ഉണ്ടാക്കേണ്ട കാര്യങ്ങളിൽ ഞങ്ങൾ സഹകരിക്കണം, നിങ്ങളും സഹകരിക്കണം. അല്ലാത്ത കാലത്തോളം ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുവാൻ ഒരു ഗവൺമെന്റ് വിചാരിച്ചാലും കഴിയുകയില്ല. ആ ചർച്ചകൾ അസംബ്ലിക്കകത്തും പുറത്തും നടത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. മറ്റൊരു കാര്യം ഞാനിവിടെ സൂചി



LIBRARY ARCHIVES Kerala Legislative Assembly

പ്പിക്കുന്നത് ഗവൺമെന്റ് ഫണ്ടിന്റെ വിനിയോഗത്തെക്കുറിച്ചാണ്. ഇവിടെ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഒരു കാര്യം പറഞ്ഞിട്ടുണ്ട്. ചെലവുകൾ പരമാവധി കുറച്ചുകൊണ്ട് സേവിങ്സ് ഉണ്ടാക്കണം, നല്ലൊരു ആശയമാണ്, നിങ്ങൾ വളരെ ശ്രദ്ധിക്കേണ്ട ഒരു കാര്യവുമാണ്. പക്ഷേ എല്ലാ കാര്യങ്ങളേയും നിങ്ങൾ രാഷ്ട്രീയവൽക്കരിക്കുന്നു എന്നാണ് എന്റെ പരാതി. ഇവിടെ ഇങ്ങനെ തുടങ്ങിയാൽ എങ്ങനെയാണ്? ഇവിടെ സ്ഥലം മാറ്റങ്ങളെക്കുറിച്ച് പറഞ്ഞു. അതിനെക്കുറിച്ച് നിങ്ങൾ പരിശോധിക്കുന്നതിനു പകരം ഈ സഭയിൽ എന്താണ് കേട്ടത്? ഞങ്ങൾ സ്ഥലം മാറ്റം നടത്തിയിട്ടുണ്ട്, ഇനിയും നടത്തും, നിങ്ങളുടെ കൂടെ നിന്ന ഉദ്യോഗസ്ഥന്മാരെ വച്ച് ഞങ്ങൾ ഭരിക്കും എന്ന് നിങ്ങൾ വിചാരിക്കണ്ട എന്നാണ് ഭരണകക്ഷിക്കു വേണ്ടി ചീഫ് വിപ്പ് ഈ സഭയിൽ പറഞ്ഞത്. ഇത് നല്ല കീഴ്വഴക്കമല്ല. നമുക്ക് എല്ലാ മേഖലകളും ഇങ്ങനെ രാഷ്ട്രീയവൽക്കരിച്ചുകൊണ്ടു പോകാൻ കഴിയുകയില്ല. ഞാൻ ഒരു കാര്യം ഇവിടെ കാണിക്കുകയാണ്. ഇത് പബ്ലിക് റിലേഷൻസ് ഡിപ്പാർട്ടുമെന്റിന്റെ ഒരു പുസ്തകം ആണ്. (പുസ്തകം എടുത്ത് കാണിക്കുന്നു). പബ്ലിക് റിലേഷൻസ് ഡിപ്പാർട്ടുമെന്റ് ഗവൺമെന്റിന്റെ നയങ്ങളെ ജനങ്ങളെ അറിയിക്കാനുള്ള ഒരു സംവിധാനമാണ്. ഇതിൽ കേരളത്തിലെ പത്രങ്ങൾ പ്രതികരിക്കുന്നു എന്ന് പറഞ്ഞിട്ട് 30,000 കോപ്പികൾ പ്രസിദ്ധീകരിച്ചു. നല്ല കാര്യം, പക്ഷേ നിങ്ങൾ ചെയ്ത വികൃതി എന്താണ്? വളരെ ഗൗരവമായി ഞങ്ങൾ ചർച്ച ചെയ്തു. കേരളത്തിലെ പത്രങ്ങൾ എഴുതിയ മുഖപ്രസംഗത്തിൽ നിങ്ങൾക്ക് സൗകര്യമുള്ള ഭാഗങ്ങൾ അടർത്തിയെടുത്ത് 30,000 കോപ്പികൾ അടിച്ച് പ്രസിദ്ധീകരിച്ചു. മാതൃഭൂമി എഴുതിയ നീണ്ട മുഖപ്രസംഗത്തിൽ നിങ്ങൾക്ക് ഇഷ്ടമുള്ള ഭാഗങ്ങൾ എടുത്ത് രണ്ടു പേജുകൾ ചേർത്തു. മനോരമ എഴുതിയ ഫുൾ മുഖപ്രസംഗത്തിൽനിന്ന് വെറും 12 വരികൾ മാത്രം എടുത്തു. ദേശാഭിമാനി എഴുതിയ മുഖപ്രസംഗത്തിൽ നിന്ന് നിങ്ങൾ 3½ പേജ് റിപ്രൊഡ്യൂസ് ചെയ്തു. മാർക്സിസ്റ്റുകാരും ദേശാഭിമാനിക്കാരും രാഷ്ട്രീയ പ്രചരണം നടത്തുന്നതിൽ തെറ്റില്ല. പക്ഷേ ഗവൺമെന്റ് മെഷീനറിയെ നിങ്ങൾ എന്തിനിങ്ങനെ ദുരുപയോഗപ്പെടുത്തുന്നു എന്ന് ഞാൻ ചോദിക്കുകയാണ്. നിങ്ങൾ ഇവിടെ വളരെ ചിന്തിക്കേണ്ട ഒരു കാര്യം. ഐ.എസ്.ആർ.ഒ. ചാരവൃത്തിക്കേസ് വന്നതോടെ ആ കേസ്സിൽ പ്രതിസ്ഥാനത്ത് നിർത്താൻ ആവശ്യമായ തെളിവു കണ്ടെത്തിയ രമൺശ്രീവാസ്തവ എന്ന പോലീസ് ഉദ്യോഗസ്ഥനെ രക്ഷിക്കാൻ വേണ്ടി ശ്രീ. കരുണാകരൻ ഒരുങ്ങി പുറപ്പെട്ടു. ശ്രീ. കെ. കരുണാകരൻ മാത്രമല്ല, പ്രധാനമന്ത്രി ശ്രീ. പി.വി. നരസിംഹറാവു തന്നെ ഈ കേസ് തേച്ചു മാച്ചു കളയാൻ അതീവ താല്പര്യം എടുത്തു എന്ന വസ്തുത പുറത്തു വന്നിരിക്കുന്നു. ഞാൻ ചോദിക്കുന്നത്, ഇത് നിങ്ങൾ രാഷ്ട്രീയ പ്ലാറ്റ്ഫോമിൽ പറഞ്ഞോ, ദേശാഭിമാനിയിൽ എഴുതിക്കോ? പക്ഷേ സർക്കാരിന്റെ ചെലവിൽ നിങ്ങളുടെ രാഷ്ട്രീയ പ്രചരണത്തിനു വേണ്ടി പബ്ലിക് റിലേഷൻസ് ഡിപ്പാർട്ടുമെന്റിനെ ഉപയോഗപ്പെടുത്തുന്നത് വളരെ മോശമായ ഒരു കീഴ്വഴക്കമാണ് എന്ന് ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. നമ്മുടെ രാജ്യത്ത് എല്ലാപേർക്കും രാഷ്ട്രീയം ഉണ്ട്, രാഷ്ട്രീയം ഇല്ലാത്ത ഒരു മേഖലയും ഇല്ല. പക്ഷേ നിങ്ങൾ എല്ലാറ്റിനേയും രാഷ്ട്രീയമായി കാണുകയാണ്. ഇവിടെ സ്ത്രീപീഡനത്തെക്കുറിച്ച് പറഞ്ഞപ്പോൾ അതിനിവിടെ എടുത്ത അപ്രോച്ച് എന്താണ്? ഞങ്ങളുടെ കാലത്ത് നടന്ന സ്ത്രീ പീഡനത്തിന്റെ കഥ. സ്ത്രീപീഡനത്തെക്കുറിച്ച് പ്രതിപക്ഷത്തു നിന്ന് ഒരു ആക്ഷേപം ഉന്നയിക്കുമ്പോൾ അതിനെ നേരിടേണ്ടത് അങ്ങനെയാണോ? തൃശ്ശൂർ പൂരത്തിന് രണ്ട് വിഭാഗക്കാർ അമിട്ട് പൊട്ടിക്കാറുണ്ട്. ഒരു വിഭാഗം ഒരു അമിട്ട് പൊട്ടിച്ചാൽ

LIBRARY ARCHIVES Kerala Legislative Assembly

അപ്പുറത്തെ വിഭാഗം മറ്റൊരു അമിട്ട് പൊട്ടിക്കും. അങ്ങനെയാണോ ചെയ്യേണ്ടത്? സ്ത്രീപീഡനത്തെക്കുറിച്ച് ഞങ്ങൾ ഇവിടെ പറഞ്ഞാൽ നിങ്ങൾ കണ്ടുപിടിക്കാൻ ശ്രമിക്കുന്നത്, 10 പേരുടെ ബലാൽസംഗമാണ് ഞങ്ങൾ പറഞ്ഞതെങ്കിൽ ഞങ്ങളുടെ കാലത്ത് 12 പേരുടെ ബലാൽസംഗം ഉണ്ടായിട്ടുണ്ടോ എന്ന് കണ്ടുപിടിക്കാനും ആ പട്ടികയിൽ ആരൊക്കെ ഉണ്ടെന്ന് കണ്ടുപിടിക്കാനും ആണ്. അത് നല്ലൊരു കീഴ്‌വഴക്കമല്ല. അതുപോലുള്ള കാര്യങ്ങളിൽ എല്ലാത്തിനേയും രാഷ്ട്രീയമായി കാണുന്ന ഈ സമീപനം ശരിയല്ലായെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. മറ്റൊരു കാര്യം കൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം. ഇന്ന് ഈ സഭ അവസാനിക്കുകയാണ്. ഈ സഭയിൽ മലബാർ യൂണിവേഴ്സിറ്റിയെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ എഴുതിക്കൊടുത്ത മറുപടിയിൽ പറഞ്ഞു. ഈ സഭയിൽ ബിൽ അവതരിപ്പിക്കും, ഞാൻ എന്റെ സബ്മിഷനിൽ പറഞ്ഞു, ബിൽ അവതരിപ്പിച്ചാൽ പോരാ പാസ്സാക്കിയെടുക്കണമെന്ന്. പാസ്സാക്കിയെടുക്കുമെന്ന് അദ്ദേഹം പറഞ്ഞതിനു പുറമേ അത് പാസ്സാക്കിയെടുക്കുമെന്ന് മുഖ്യമന്ത്രിയും പറഞ്ഞു. അദ്ദേഹം ഒരു വഞ്ചന ചെയ്തു എന്നല്ല ഞാൻ പറയുന്നത്. ഈ സഭ ഇന്ന് പിരിയുകയാണ്. ഗവൺമെന്റിനു വേണ്ടി മുഖ്യമന്ത്രിയും വിദ്യാഭ്യാസ മന്ത്രിയും പറഞ്ഞിട്ടുള്ള വാക്കുകൾ ഇത്ര ദിവസത്തിനുള്ളിൽ ഇത്ര ക്രൂരമായി ലംഘിക്കാൻ നിങ്ങൾക്കെങ്ങനെ മനസ്സുവന്നു എന്നാണ് എനിക്ക് ചോദിക്കാനുള്ളത്. ഇത് ശരിയല്ല, ഈ സഭ ഇന്ന് പിരിയുകയാണ്. ഈ സന്ദർഭത്തിൽ ഈ സഭയിൽ എഴുതിക്കൊടുത്ത മറുപടിക്ക് കാര്യങ്ങൾ ഈ രീതിയിലാണ്, ഇന്ന പ്രയാസമാണ് എന്നെങ്കിലും പറയാമായിരുന്നു. മലബാർ യൂണിവേഴ്സിറ്റിയെ കുറിച്ച് ഈ സഭ ഇന്ന് പിരിയുമ്പോഴും ആശങ്കയുടെ കാർമേഘം ഉരുണ്ടുകൂടുകയാണ്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രി ഈ കാര്യത്തിൽ എന്ത് ചെയ്യാൻ പോകുന്നുവെന്ന് ഈ സഭ പിരിയുന്നതിനു മുമ്പ് എങ്കിലും പറയണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്. സംസ്കൃത യൂണിവേഴ്സിറ്റിയെക്കുറിച്ച് ഒറ്റകാര്യം കൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ ഇവിടെ സംസ്കൃത യൂണിവേഴ്സിറ്റിയെക്കുറിച്ച് സംസാരിച്ചപ്പോൾ ബഹുമാനപ്പെട്ട മന്ത്രി അവിടെ നടന്ന ക്രമക്കേടുകളെക്കുറിച്ചും അതിനെതിരെ ശക്തമായ നടപടി എടുക്കുമെന്നതിനെക്കുറിച്ചും ഇവിടെ പറഞ്ഞു. ഞാൻ അതിനെ സ്വാഗതം ചെയ്യുകയാണ്. സംസ്കൃത യൂണിവേഴ്സിറ്റിയിൽ നടന്ന ക്രമക്കേടുകളെക്കുറിച്ച് വിജിലൻസ് അന്വേഷണമല്ല, അതിനേക്കാൾ ഗൗരവമായ അന്വേഷണത്തിന് ബഹുമാനപ്പെട്ട മന്ത്രി മുന്നോട്ടു വരണം, ഞങ്ങളതിനെ സ്വാഗതം ചെയ്യുകയാണ്. പക്ഷേ അതിന്റെ പേരിൽ നിങ്ങൾ ആ യൂണിവേഴ്സിറ്റിയെ കൊല്ലരുത്. യൂണിവേഴ്സിറ്റി എന്നും നിലനിൽക്കേണ്ടതാണ്. ഇതിലേയ്ക്കായി അഞ്ചുകോടി ഉറുപ്പിക ഉണ്ടായിരുന്നു. അതിപ്പോൾ ഒരു കോടി ആക്കുന്നത് ക്രമക്കേടുകൾ പരിഹരിക്കാനാണോ? സംസ്കൃത യൂണിവേഴ്സിറ്റിയിൽ എന്തിനാണ് ഇംഗ്ലീഷ് പഠിപ്പിക്കുന്നത്? സംസ്കൃതം അല്ലാത്തത് എന്തിനാണ് പഠിപ്പിക്കുന്നത് എന്ന് ചോദിച്ചുവെങ്കിൽ, സംസ്കൃത യൂണിവേഴ്സിറ്റിയിൽ സംസ്കൃതം മാത്രമേ പഠിപ്പിക്കാൻ പറ്റൂ എന്നാണ് നിങ്ങളുടെ അപ്രോച്ച് എങ്കിൽ ആ യൂണിവേഴ്സിറ്റി നിലനിൽക്കുകയില്ല. ആ യൂണിവേഴ്സിറ്റിക്ക് പിടിച്ചുനിൽക്കാൻ ആവില്ല. എനിക്ക് ആ യൂണിവേഴ്സിറ്റിയോട് പ്രത്യേക താല്പര്യമൊന്നുമില്ല. ഇവിടെ ചോദിച്ചു, എന്തിനാണ് യൂണിവേഴ്സിറ്റി, യൂണിവേഴ്സിറ്റിയുടെ എയിംസ് ആന്റ് ഒബ്ജക്ടീവ്സിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

Making provision for imparting education in other subjects including foreign languages and literature, arts, humanities and social sciences—along with Sanskrit for the purpose of offering fully rounded and composite courses of study which are useful and attractive to the young generations.

അതുകൊണ്ട് ഞാൻ പറയുന്നത് സംസ്കൃതം മാത്രം പഠിച്ചാൽ കുട്ടികൾക്ക് ജീവിക്കാൻ ആവുകയില്ല, അതിന്റെ കൂടെ കമ്പോസിറ്റ് കോഴ്സ് കൊടുത്തിട്ട് ജീവിക്കാൻ ആവശ്യമായ തൊഴിൽ കിട്ടുന്ന കോഴ്സ് കൂടി കൊടുത്തെങ്കിൽ മാത്രമേ നമുക്ക് പിടിച്ചു നിൽക്കാൻ ഒക്കുകയുള്ളു. ആ കൺസപ്റ്റിൽ നിന്ന് ആ യൂണിവേഴ്സിറ്റിയെ മാറ്റി സംസ്കൃതം മാത്രം പഠിപ്പിക്കുന്ന ഒരു യൂണിവേഴ്സിറ്റിയായി മാറ്റുകയാണെങ്കിൽ. സംസ്കൃതം എങ്ങനെയാണോ ഉപയോഗശൂന്യമായിട്ട് മാറിയിട്ടുള്ളത്, അത് എങ്ങനെയാണോ ഒരു മാതൃഭാഷയായിട്ട് മാറിയിട്ടുള്ളത്. അതുപോലെ ഈ യൂണിവേഴ്സിറ്റിയും ഉപയോഗശൂന്യമായി തീരുമെന്നാണ് എനിക്ക് പറയാനുള്ളത്. അതുകൊണ്ട് അത്തരം കാര്യങ്ങളിൽ ഒരു ക്ലാരിറ്റി വരുത്തേണ്ടത് ആവശ്യമാണ്. ഞാൻ വീണ്ടും ആദ്യം പറഞ്ഞതിലേക്ക് തിരിച്ചുപോവുകയാണ്. അഭിപ്രായ സമന്വയത്തിനുവേണ്ടിയുള്ള കൂട്ടായ പരിശ്രമങ്ങൾ ചെയ്യാൻ നാം ബാദ്ധ്യസ്ഥരാണ്. സഭയ്ക്ക് അകത്തും പുറത്തും നമ്മൾ രണ്ടുകൂട്ടരും ഭരിച്ചപ്പോൾ നടക്കാത്ത കാര്യങ്ങൾ നടത്തി എടുക്കുന്നതിനുവേണ്ടിയുള്ള രാഷ്ട്രീയ അഭിപ്രായ രൂപീകരണത്തിന് വേണ്ടി ഗവൺമെന്റ് മുന്നോട്ടുവരണമെന്നും അക്കാര്യത്തിൽ ഞങ്ങളുടെ ഭാഗത്ത് ചെയ്യാൻ കഴിയുന്ന സഹായങ്ങൾ നൽകാൻ ഞങ്ങൾ ഒരുക്കമാണെന്നും പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

*(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)*

<u>ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ</u> : സർ, ഈ സഭയ്ക്കുവേണ്ടി ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി അവതരിപ്പിച്ച ധനാഭ്യർത്ഥനയെ ഞാൻ പിന്താങ്ങുന്നു. 1991-ൽ രാജീവ്ഗാന്ധിയുടെ മരണവുമായി, അതിന്റെ മറപിടിച്ച് അധികാരത്തിൽ വന്ന കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ സാമ്പത്തിക രാഷ്ട്രീയ മേഖലകളിൽ വളരെയേറെ വികലമായ നയങ്ങളാണ് സ്വീകരിച്ചിരുന്നതെന്നറിയാം. 1980-ലും 1987-ലും കേരളത്തിൽ അധികാരത്തിലിരുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റുകൾ നടപ്പിലാക്കിയിരുന്ന ജനക്ഷേമകരമായ പരിപാടികൾ ഓരോന്നോരോന്നായി ഐക്യജനാധിപത്യമുന്നണി ഗവൺമെന്റു തുരങ്കം വയ്ക്കുകയും കാറ്റിൽ പറത്തുകയും ചെയ്തു. കാർഷിക, വ്യാവസായിക, വാണിജ്യ മണ്ഡലങ്ങളിൽ കഴിഞ്ഞ ഗവൺമെന്റ് എടുത്തിരുന്ന നയങ്ങൾ നമ്മൾ ഓരോന്നായി പരിശോധിച്ചാൽ അത് നമുക്ക് കാര്യമായി മനസ്സിലാകും. ഈ പ്രതിസന്ധിക്ക് കാരണം തെറ്റായ, വികലമായ നയങ്ങളായിരുന്നുവെന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും. കാർഷിക രംഗമെടുത്ത് പരിശോധിക്കുമ്പോൾ വളരെ വ്യക്തമായി നമുക്ക് മനസ്സിലാക്കാൻ കഴിയും. കേരളത്തിൽ ജനങ്ങളുടെ മുഖ്യമായ ആഹാരം അരിയാണെന്നുള്ള നിലയിൽ ആ രംഗത്ത് വൻപിച്ച മാറ്റമുണ്ടാക്കുന്നതിനുവേണ്ടി ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് കൃഷിഭവനും അതിൽക്കൂടിതന്നെ ഗ്രൂപ്പ് ഫാമിംഗും നടപ്പിലാക്കിയിരുന്നു. അതിന്റെ ഫലമായി ഭക്ഷ്യകാര്യത്തിൽ വൻപിച്ച മാറ്റമുണ്ടാക്കാൻ നമുക്ക് കഴിഞ്ഞു. പൊതു ഖജനാവിൽനിന്നും പണം പറ്റുന്ന ഉദ്യോഗസ്ഥരെ തന്നെ നേരിട്ടു നെല്ല് വിതക്കാനും, അത് മുളച്ചുവരുന്നോയെന്ന് പരിശോധിക്കാനും സമയാസമയങ്ങളിൽ ജലസേചനം നടത്താനും,

കീടനാശിനി ഉപയോഗിക്കാനും വളം ചേർക്കാനും കഴിഞ്ഞതിന്റെ ഫലമായി ഉൽപ്പാദനരംഗത്ത് നമുക്ക് വൻപിച്ച രീതിയിലുള്ള മാറ്റമാണ് ഉണ്ടാക്കാൻ കഴിഞ്ഞിട്ടുള്ളതെന്ന് മനസ്സിലാക്കാൻ കഴിയും. 1990-91-ൽ 10.84 ലക്ഷം ടൺ നെല്ല് നമുക്ക് ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞുവെങ്കിൽ 1996 ആയപ്പോൾ 9.78 ടൺ ഭക്ഷ്യധാന്യം മാത്രമാണ് നമുക്ക് ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞിട്ടുള്ളതെന്ന് മനസ്സിലാക്കാൻ കഴിയും. നെല്ലുൽപ്പാദന രംഗത്ത് കൂടുതൽ സഹായമെത്തിക്കാനും നെൽകൃഷിയിൽ കൃഷിക്കാരന് ഉറച്ചുനിൽക്കാനും വളവും കീടനാശിനിയും വിത്തും സുലഭമായി ലഭിക്കാനുള്ള ഏർപ്പാടുകളുണ്ടാക്കണം. അതുപോലെ തന്നെ നെൽകൃഷിക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്താനും വൈദ്യുതി കണക്ഷൻ ലഭ്യമാക്കാനും സംവിധാനമുണ്ടാക്കണം. കാർഷികരംഗത്ത് വളരെയേറെ നാണ്യവിളകൾ ഉൽപ്പാദിപ്പിക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. ഈ ബഡ്ജറ്റിൽ ജൈവവളങ്ങൾക്ക് സബ്സിഡി അനുവദിച്ചിട്ടുണ്ട്. അതുപോലെ അമോണിയത്തിനും മറ്റു നൈട്രേറ്റ് വളങ്ങൾക്കും സബ്സിഡി ലഭ്യമാക്കുന്നതിനുള്ള സംവിധാനമുണ്ടാകണം. ഉത്തരേൻഡ്യയിൽ ധാന്യവിളകൾ കൂടുതലുള്ളതുകൊണ്ട് അവിടെ അമോണിയം വളങ്ങൾക്ക് അവർ സബ്സിഡി അനുവദിക്കാറുണ്ട്. എന്നാൽ കേരളത്തിനു 12 ശതമാനം വിദേശ ഡോളർ നേടിത്തരുന്ന നാണ്യ വിളകൾക്കും ആവശ്യമായ ജൈവ വളങ്ങൾക്കും ഫോസ്ഫേറ്റ് വളങ്ങൾക്കും സബ്സിഡി അനുവദിക്കുന്നതിനുള്ള സംവിധാനങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ടാകണം. എനിക്ക് മുൻപ് സംസാരിച്ച മുൻ വിദ്യാഭ്യാസ വകുപ്പുമന്ത്രി പറഞ്ഞതുപോലെ ഈ നാട്ടിൽ കഴിഞ്ഞ കാലങ്ങളിൽ ഒരു വ്യാവസായിക വിപ്ലവം സൃഷ്ടിച്ചിരുന്നു. പക്ഷേ അതിന്റെ ഫലമായി കാസർകോഡു മുതൽ പാറശ്ശാലവരെയുള്ള ഓരോ വ്യവസായശാലയും ഓരോന്നോരോന്നായി അടച്ചുപൂട്ടുന്ന ഒരു സ്ഥിതിയാണുണ്ടായിരുന്നത്. തിരുവനന്തപുരം ജില്ലയിൽ കരമനയാറിന് തെക്ക് ഒരു പൊതുമേഖലാസ്ഥാപനമുണ്ട്. ആ പൊതുമേഖലാസ്ഥാപനം 1957-ൽ ആരംഭിച്ചതാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പ്രഖ്യാപിച്ച പുതിയ വ്യവസായനയത്തിന്റെ ഫലമായി അവിടെച്ചെന്ന് പരിശോധിച്ചപ്പോൾ 7 ഏക്കർ സ്ഥലം കാണാനില്ല. നമ്മുടെ നാട്ടിലൊക്കെ ഒരു പഴഞ്ചൊല്ലുണ്ട്. ' വിത്ത് എടുത്ത് കുത്തുന്നുവെന്ന്'. ആ ഏഴ് ഏക്കർ സ്ഥലം മുഴുവൻ വിറ്റ് കാശാക്കിയ ഒരു സംവിധാനമാണ് കഴിഞ്ഞ ഗവൺമെന്റ് സ്വീകരിച്ചിരുന്നതെന്ന് മനസ്സിലാക്കാൻ കഴിയും. പൊതുമേഖലയെ സ്വകാര്യമേഖലയിലേക്ക് കൊണ്ടുപോകുന്ന കേന്ദ്ര ഗവൺമെന്റിന്റെ നയമാണ് കഴിഞ്ഞ ഗവൺമെന്റുകൾ സ്വീകരിച്ചിരുന്നതെന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും. പൊതുമേഖലയേയും സ്വകാര്യമേഖലയേയും ഒരുപോലെ പ്രോത്സാഹിപ്പിക്കുന്ന ഒരു നയമാണ് മുൻപ് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ എടുത്തിരുന്നത്. പൊതുമേഖലയെ എല്ലാം സ്വകാര്യമേഖലക്ക് തീറെഴുതി കൊടുക്കുന്ന ഒരു നയമാണ് കേന്ദ്ര ഗവൺമെന്റും കഴിഞ്ഞ സംസ്ഥാന ഗവൺമെന്റുകളും എടുത്തിരുന്നത്. പൊതുമേഖലാസ്ഥാപനങ്ങളേയും സ്വകാര്യമേഖലാസ്ഥാപനങ്ങളേയും ഒരുപോലെ പ്രോത്സാഹിപ്പിച്ചുകൊണ്ട് സോഷ്യലിസത്തിലേക്കുള്ള മാർഗ്ഗമാണെന്നു പറഞ്ഞവർ അതെല്ലാം കാറ്റിൽ പറത്തിയിട്ട് പൊതുമേഖലാസ്ഥാപനങ്ങളെയെല്ലാം സ്വകാര്യവൽക്കരിക്കുന്നതിനുള്ള നയപരിപാടികളുമായിട്ടാണ് കഴിഞ്ഞകാലങ്ങളിലെല്ലാം പോയിട്ടുള്ളത്. നമ്മുടെ പരമ്പരാഗത വ്യവസായങ്ങളെയെല്ലാം കാറ്റിൽ പറത്തിയിരിക്കുന്ന ഒരു സ്ഥിതിയാണ് ഇന്ന് കാണാൻ കഴിയുന്നതെന്നറിയാം. കയർ, കശുവണ്ടി കൈത്തറി തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങൾ ഇന്ന ശോചനീയമായ സ്ഥിതിയിലാണ് കഴിഞ്ഞ കാലങ്ങളിൽ എല്ലാ



LIBRARY ARCHIVES Kerala Legislative Assembly

വ്യവസായശാലകളും അടച്ചുപൂട്ടിയിട്ട് അതിനെയൊക്കെ സിക്ക് യൂണിറ്റ് എന്ന് ഓമനപ്പേര് ഇട്ട് വിളിച്ചിരുന്ന ഒരു വ്യാവസായിക നയമാണ് സ്വീകരിച്ചിരുന്നതെന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും. കമ്പോളവൽക്കരിക്കുന്നതിന്റെ ഫലമായി സർവ്വതും സ്വകാര്യമൂലധനത്തിനുവേണ്ടി വഴിമാറിക്കൊടുക്കുന്ന ഒരു സ്ഥിതിയാണ് കഴിഞ്ഞകാലങ്ങളിലുണ്ടായിരുന്നത്. അതുപോലെതന്നെ ഏറ്റവും ശക്തമായ ഒരു പൊതുവിതരണ സമ്പ്രദായമാണ് കഴിഞ്ഞ ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്തുണ്ടായിരുന്നത്. ആ പൊതുവിതരണ സമ്പ്രദായമനുസരിച്ച് മാവേലിസ്റ്റോർ വഴിയും കൺസ്യൂമർ സ്റ്റോർവഴിയും റേഷൻ ഷാപ്പുകൾ വഴിയും ന്യായമായ വിലയ്ക്ക് സാധനങ്ങൾ ലഭിച്ചിരുന്നു. പക്ഷേ കഴിഞ്ഞ കാലഘട്ടങ്ങളിൽ എല്ലാ മാവേലിസ്റ്റോറുകളും അടച്ചുപൂട്ടുന്ന ഒരു സംവിധാനമാണുണ്ടായിരുന്നത്. ഇവിടെ വിലക്കയറ്റത്തിന്റെ പേരുപറഞ്ഞ് വളരെ രൂക്ഷമായി ചർച്ചയും കാര്യങ്ങളും വരുമ്പോൾ നമ്മൾ ഒന്ന് മനസ്സിലാക്കണം. കഴിഞ്ഞ ഗവൺമെന്റ് റേഷൻ ഷാപ്പുകളെയെല്ലാം പൊതുവിതരണകേന്ദ്രങ്ങൾ എന്ന് പേര് മാറ്റി. അനുവദിച്ചതിൽ അഴിമതി നടത്തിയിട്ടുണ്ടോയെന്നു പരിശോധിക്കണം. പുതിയ വിതരണ കേന്ദ്രങ്ങൾ അനുവദിച്ചുകൊണ്ട് വൻപിച്ച രീതിയിൽ അഴിമതി നടന്നതായി മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ളതാണ് വസ്തുത. ഇൻഡ്യയിലെ 45 ശതമാനം ആളുകൾ ദാരിദ്ര്യരേഖയ്ക്ക് താഴെയാണ്. ഐ.ആർ.ഡി.പി., ജെ.ആർ.വൈ. ഇന്ദിരാ ആവാസ് യോജന, മില്ല്യൻ വെൽ സ്കീം ഇതൊക്കെ കൊണ്ടുവന്നിട്ടും ദാരിദ്ര്യരേഖയ്ക്ക് മുകളിൽ ആരേയും കൊണ്ടുവരാൻ കഴിഞ്ഞിട്ടില്ലെന്നാണ് കണക്കുകളിൽ നിന്നും പരിശോധിച്ചാൽ കാണുന്നത്. 1987-ൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് 39.3 ശതമാനം ആളുകളായിരുന്നു തൊഴിലില്ലാത്തവരായി നമ്മുടെ നാട്ടിലുണ്ടായിരുന്നത്. അത് 1992 ആയപ്പോൾ 40.9 ശതമാനമായി വർദ്ധിച്ചു. അങ്ങനെ വളരെയേറെ വർദ്ധനവാണ് ഓരോ കാലഘട്ടങ്ങളിലുമുണ്ടായിട്ടുള്ളത്. ഇപ്പോൾ തന്നെ നമുക്ക് ഓരോന്നായി പരിശോധിക്കാം. സമസ്ത മേഖലകളിലുമുള്ള ജനങ്ങളുടെ വികാരങ്ങളുൾക്കൊണ്ടുകൊണ്ട് അവരുടെ കണ്ണുനീർ ഒപ്പുന്നതിനുവേണ്ടിയുള്ള ഒരു ബഡ്ജറ്റും ധനവിനിയോഗബില്ലുമാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. അതുകൊണ്ടുതന്നെ ഒരു സോഷ്യലിസ്റ്റ് ചിന്താഗതിയോടുകൂടി, അതിന്റെ കാൽവയ്പ്പായി അതിന് മുന്നോടിയായിട്ടുള്ള ഒരു ബഡ്ജറ്റെന്നുള്ള നിലയിൽ ഞാൻ ഈ ധനവിനിയോഗ ബില്ലിനെ സർവ്വാത്മനാ പിന്താങ്ങിക്കൊണ്ട് എന്റെ വാക്കുകൾ നിറുത്തുന്നു.

<u>ശ്രീ. മാമ്മൻ മത്തായി</u> : സർ, ബഹുമാനപ്പെട്ട ധനകാര്യവകുപ്പു മന്ത്രി ഈ സഭയിൽ അവതരിപ്പിച്ച ധനവിനിയോഗബില്ലിനെ ഞാൻ എതിർക്കുകയാണ്. മുൻ ഗവൺമെന്റ് ഈ രാജ്യത്തിൽ നടപ്പിലാക്കിയതും നടപ്പിലാക്കാൻ ഉദ്ദേശിച്ചതുമായ മുഴുവൻ പദ്ധതികളേയും കഴുത്തു ഞെരിച്ചുകൊല്ലുന്ന ഒരു സമീപനമാണ് ഈ ഗവൺമെന്റിനുള്ളത്.

കുരങ്ങന്റെ കയ്യിൽ പൂമാല കിട്ടിയ പ്രതീതിയാണ് കേരളത്തിലെ ജനങ്ങൾക്ക് അനുഭവപ്പെടുന്നത്. കാരണം ഒരു മേഖലയിലും, കാർഷികമേഖലയിലാകട്ടെ, വ്യാവസായിക മേഖലയിലാകട്ടെ, അതുപോലെ മറ്റ് തൊഴിൽ മേഖലകളിലാകട്ടെ, ആ മേഖലകളിലൊന്നും കാര്യമായി ഒന്നും ചെയ്യാൻ ഈ ഗവൺമെന്റിന് കഴിയുകയില്ലെന്ന് ജനങ്ങൾക്ക് ബോദ്ധ്യമായി തുടങ്ങിയിരിക്കുന്നു. കാർഷികമേഖലയെപ്പറ്റി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കാർഷിക മേഖലയിൽ ഈ ഗവൺമെന്റ് ഊന്നൽ കൊടുത്തു നടപ്പിലാക്കുന്ന പരിപാടി

LIBRARY ARCHIVES Kerala Legislative Assembly

കളിലൊന്ന് കൃഷിഭവനുകളിൽ കമ്പ്യൂട്ടർ സ്ഥാപിക്കുമെന്നതാണ്. ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രി ഇവിടെ പറഞ്ഞത് എല്ലാ വില്ലേജാഫീസുകളിലും കമ്പ്യൂട്ടർ സ്ഥാപിക്കുമെന്നാണ്. ധനകാര്യമന്ത്രി ഇവിടെ പറഞ്ഞത് ജില്ലാ വിൽപ്പന നികുതി ആഫീസുകളിൽ കമ്പ്യൂട്ടർ സ്ഥാപിക്കുമെന്നാണ്. ഏതായാലും ഇത്തരത്തിൽ ഒരു മാറ്റം കണ്ടതിൽ വലിയ സന്തോഷം. കമ്പ്യൂട്ടർവൽക്കരണത്തിന് എതിരായി നിരന്തരം സമരം ചെയ്യുന്ന അനുയായിവൃന്ദമുള്ള, അതിന് നേതൃത്വം കൊടുക്കുന്ന നേതാക്കളുള്ള ഒരു രാഷ്ട്രീയ പ്രസ്ഥാനത്തിന് വിശേഷിച്ച് മാർക്സിസ്റ്റ് പാർട്ടിയുടെ മന്ത്രിമാർക്ക് ഇങ്ങനെ ഒരു രൂപഭേദമുണ്ടായതിൽ അങ്ങേയറ്റം സന്തോഷിക്കുകയാണ്. പക്ഷെ അത് എത്രമാത്രം നടപ്പിലാക്കുമെന്നുള്ള കാര്യത്തിൽ സംശയമുണ്ട്. കാർഷികമേഖലയിൽ കമ്പ്യൂട്ടർ വച്ചിട്ട് എന്താണ് സർ കാര്യം. വളത്തിന്റെ വിലകുറച്ചുവെന്ന് ഇവിടെ പറയുകയുണ്ടായി. ഫാക്ടംഫോസിന് ഇപ്പോഴും ഒരു ചാക്കിന് വില 412 രൂപയാണ്. ഈ രാജ്യത്ത് കൃഷിഭവനുകളിൽ കമ്പ്യൂട്ടർ വച്ചതുകൊണ്ടോ, ജൈവവളത്തിന് വിൽപ്പനനികുതി കുറച്ചതുകൊണ്ടോ കാർഷിക മേഖല വളരുകയില്ല. നെൽക്കൃഷി മേഖല വളരണമെങ്കിൽ ഇത് ആദായകരമായ തൊഴിലായി കർഷകന് കൊണ്ടുപോകാൻ തക്കവണ്ണമുള്ള ആനുകൂല്യങ്ങൾ കൊടുക്കാൻ ധനകാര്യവകുപ്പു മന്ത്രി തയ്യാറാകണം. ഇപ്പോൾ അങ്ങനെയുള്ള ആനുകൂല്യങ്ങളൊന്നും ഇല്ല. വർദ്ധിച്ചുവരുന്ന കാർഷിക ചെലവ് കുറയ്ക്കാൻ ആവശ്യമായ സഹായങ്ങൾ കൊടുക്കാതെ കാർഷികമേഖലയെ പുനരുദ്ധരിക്കുമെന്നു പറഞ്ഞിട്ട് എന്ത് കാര്യം. കഴിഞ്ഞ ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് എത്രയോ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികളെടുത്തു. പക്ഷെ ആ പദ്ധതികളെല്ലാം ഈ പുതിയ ബഡ്ജറ്റിൽ കൂടി നശിപ്പിച്ചിരിക്കുകയാണ്. ശ്രീ. എ.കെ. ആന്റണിയുടെ നേതൃത്വത്തിലുള്ള ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് കൊണ്ടുവന്നുവെന്ന ഒരൊറ്റ കാരണത്താലല്ലേ നിങ്ങൾ ഇത് ചെയ്തത്. അതിന്റെ ഫലമായി കേരളത്തിലെ തൊഴിലില്ലാത്ത ആളുകൾക്ക് തൊഴിൽ ലഭിക്കാനുള്ള അവസരം ഈ ഗവൺമെന്റ് ഇല്ലാതാക്കിയിരിക്കുന്നു. എനിക്ക് പറയാനുള്ളത് ഏത് ഗവൺമെന്റ് കൊണ്ടുവന്നുവെന്ന് നോക്കാതെ ഈ സംസ്ഥാനത്തിന് പ്രയോജനമുള്ള കാര്യങ്ങളാണ് നടക്കുന്നതെന്ന് ബോദ്ധ്യമുണ്ടെങ്കിൽ അത് നടപ്പിലാക്കാൻ ഗവൺമെന്റ് തയ്യാറാകണം. ഇവിടെ അഴിമതിയുടെ പുകപടലം സൃഷ്ടിച്ചുകൊണ്ട് ഓരോന്നോരോന്നായി നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. അഴിമതിയുണ്ടെങ്കിൽ അതിനെക്കുറിച്ച് അന്വേഷിപ്പിക്കുന്നതിനാവശ്യമായ നിയമം നമ്മുടെ രാജ്യത്തുണ്ട്. ഈ രാജ്യത്ത് ഒരു പാലം പണിയിൽ അഴിമതി നടന്നാൽ ആ പാലം പണി വേണ്ടെന്നു വയ്ക്കുമോ? കല്ലട ഇറിഗേഷൻ പ്രോജക്ടിൽ കോടികണക്കിന് രൂപയുടെ അഴിമതിയുണ്ടായില്ലേ? അതിന്റെ പണി നിർത്തി വച്ചോ? അഴിമതിയുടെ പുകപടലം സൃഷ്ടിച്ചുകൊണ്ട് നല്ല നല്ല സംരംഭങ്ങൾ ഇല്ലാതാക്കാനുള്ള നടപടി ഈ ഗവൺമെന്റ് അവസാനിപ്പിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ജനങ്ങൾക്ക് ദ്രോഹം ചെയ്യുന്ന ഈ ഗവൺമെന്റ് കൊണ്ടുവന്നിരിക്കുന്ന് ധനവിനിയോഗ ബില്ലിനെ ഞാൻ എതിർക്കുന്നു.

ശ്രീ. സത്യൻ മൊകേരി : ഞാൻ ഈ ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുകയാണ്. ഈ ബഡ്ജറ്റ് അവതരിപ്പിച്ച ശേഷം ഈ സഭയിൽ നടന്നിട്ടുള്ള ചർച്ച ഞാൻ സാകൂതം ശ്രദ്ധിക്കുകയായിരുന്നു. അവരുടെ പ്രസംഗം കേട്ടപ്പോൾ എനിക്കു ദുഃഖം തോന്നുന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് മുതൽ അപ്പുറത്തിരിക്കുന്ന പല ഉത്തരവാദപ്പെട്ട അംഗങ്ങളും ഈ ഗവൺമെന്റിനോട് നിഷേധാത്മകമായ സമീപനം സ്വീകരിച്ചുകൊണ്ടാണ്

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തിക്കാൻ പോകുന്നതെന്നാണ് അവരുടെ പ്രസംഗങ്ങളിൽ നിന്നും എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞത്. അത് അവസാനിപ്പിക്കണമെന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോടും മറ്റ് അംഗങ്ങളോടും എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഈ നിഷേധാത്മകമായ സമീപനം ഉപേക്ഷിച്ചു കൊണ്ട് ക്രിയാത്മകമായ ഒരു പ്രതിപക്ഷമായി നമ്മുടെ സംസ്ഥാനത്തിന്റെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനുവേണ്ടി പ്രവർത്തിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. വരുന്ന കാലങ്ങളിൽ എങ്ങനെയാണ് പ്രവർത്തിക്കാൻ പോകുന്നതെന്ന് സൂചന നൽകുന്ന വിധത്തിലായിരുന്നു പ്രതിപക്ഷനേതാവിന്റെ പ്രസംഗം. കേരളത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് തടസ്സം നിന്നിട്ടുള്ളത് കമ്മ്യൂണിസ്റ്റുകാർ അല്ലെങ്കിൽ തൊഴിലാളി വർഗ്ഗത്തിന്റെ പ്രവർത്തനമാണെന്ന് അദ്ദേഹം ഒരു മടിയും കൂടാതെ പറയുകയുണ്ടായി. കേരളത്തിലെ കാർഷിക മേഖലയിലും വ്യാവസായിക മേഖലയിലും സ്തംഭനാവസ്ഥയുണ്ടാകാനുള്ള പ്രധാന കാരണം കമ്മ്യൂണിസ്റ്റുകാർ ആണെന്ന് വളരെ വ്യക്തമായി അദ്ദേഹം പറയുകയുണ്ടായി. അതാണോ സത്യം, കേരളത്തിന്റെ സാമൂഹിക, സാമ്പത്തികരംഗത്ത് പുരോഗതി ഉണ്ടാക്കുന്നതിൽ കമ്മ്യൂണിസ്റ്റുകാർ വഹിച്ചിട്ടുള്ള പങ്ക് നിഷേധിച്ചുകൊണ്ട് കേരളത്തിന് മുന്നോട്ടു പോകാൻ കഴിയുമോ? പ്രതിപക്ഷനേതാവിന് നിഷേധിച്ചു കൊണ്ട് മുന്നോട്ടു പോകാൻ കഴിയാത്ത വിധത്തിലുള്ളതാണ്. പക്ഷെ ആ കമ്മ്യൂണിസ്റ്റ് വിരോധം മുദ്രാവാക്യമാക്കി കൊണ്ട് നേതൃത്വം നൽകിയതിന്റെ അടിസ്ഥാനത്തിലാണ് ബഹുമാന്യനായ പ്രതിപക്ഷനേതാവ് കേരള രാഷ്ട്രീയത്തിൽ ഉയർന്നുവന്നത്. ഞാൻ ഓർക്കുകയാണ് സഖാവ് ശ്രീ. ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ ജനാധിപത്യപരമായ രീതിയിൽ ജയിച്ച് അധികാരത്തിൽ വന്ന ഗവൺമെന്റിനെ ഒരു വിമോചന സമരത്തിലൂടെ അട്ടിമറിക്കുന്നതിന് നേതൃത്വം നൽകിയത് ശ്രീ. എ.കെ.ആന്റണിയാണ്. അതുൾപ്പെടെയുള്ള കാര്യങ്ങൾ സഭയിൽ ചർച്ചയ്ക്കു വന്നതാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോട് വളരെ വിനയപുരസ്സരം എനിക്ക് അഭ്യർത്ഥിക്കാനുള്ളത് നിങ്ങളുടെ അന്ധമായ കമ്മ്യൂണിസ്റ്റ് വിരോധം ഉപേക്ഷിക്കാൻ നിങ്ങൾ തയ്യാറാകണം. ആ അന്ധമായ കമ്മ്യൂണിസ്റ്റ് വിരോധം ഇൻഡ്യയ്ക്കും കേരളത്തിനും യോജിച്ചതല്ല. ഒരു പുതിയ രാഷ്ട്രീയ സാഹചര്യം നമ്മുടെ രാജ്യത്ത് സംജാതമായിരിക്കുകയാണ്. ഈ രാഷ്ട്രീയ സാഹചര്യത്തിൽ കോൺഗ്രസിന് ഒറ്റകക്ഷിയെന്നുള്ള നിലയിൽ ഇൻഡ്യ ഭരിക്കാൻ കഴിയാത്ത അവസ്ഥ വന്നിരിക്കുകയാണ്. ഒരു ഫിനിക്സ് പക്ഷിയെ പോലെ കോൺഗ്രസ് ഇൻഡ്യൻ ദേശീയധാരയിൽ വീണ്ടും ഉയർന്നുവരുമെന്നുള്ള ആഗ്രഹം നടക്കാൻ പോകുന്നില്ല. ഇൻഡ്യാ രാജ്യത്ത് ഒരു പുതിയ കാലഘട്ടം ആരംഭിച്ചിരിക്കുകയാണ്. ഏകകക്ഷിഭരണം അവസാനിച്ചിരിക്കുന്നു. കേരളത്തിൽ ഐക്യമുന്നണി ഗവൺമെന്റ് ഉള്ളതുപോലെ ഇൻഡ്യയിലും ഒരു ഐക്യമുന്നണി ഗവൺമെന്റ് ഉർന്നുവന്നു കഴിഞ്ഞിട്ടുണ്ട്. ഈ ഐക്യമുന്നണി ഗവൺമെന്റിനോട് ക്രിയാത്മകമായ ഒരു സമീപനം കോൺഗ്രസ് സ്വീകരിക്കുമോ? അങ്ങനെ ഒരു ക്രിയാത്മകമായ സമീപനം സ്വീകരിക്കുന്നതിനെക്കുറിച്ച് പ്രതിപക്ഷനേതാവും അദ്ദേഹത്തിന്റെ പാർട്ടിയും ചിന്തിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കേരളത്തിന്റെ വികസനത്തിന് യോജിച്ച രീതിയിൽ ക്രിയാത്മകമായ സമീപനം സ്വീകരിച്ചുകൊണ്ട് അന്ധമായ കമ്മ്യൂണിസ്റ്റ് വിരോധം അവസാനിപ്പിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇസ്ഹാക് കുരിക്കൾ : കോൺഗ്രസിന് ഒറ്റയ്ക്ക് ഭരിക്കാൻ കഴിയാത്ത അവസ്ഥയാണ് വന്നിരിക്കുന്നത് അതുകൊണ്ട് ഐക്യ മുന്നണിയുമായിട്ട് യോജിച്ച് പ്രവർത്തിക്കണമെന്നാണ് അങ്ങ് പറഞ്ഞത്. അങ്ങയുടെ പാർട്ടിയ്ക്ക് കേരളത്തിൽ ഏതെങ്കിലും പഞ്ചായത്തിൽ ഒറ്റയ്ക്ക് ഭരിക്കാൻ കഴിയുമോ?

ശ്രീ. സത്യൻ മൊകേരി : സർ, കുരിക്കൾ മനസ്സിലാക്കുന്നത് നല്ലതാണ്. സി.പി.ഐ. ദേശീയ രാഷ്ട്രീയത്തിലും കേരള രാഷ്ട്രീയത്തിലും വഹിച്ച പങ്ക് മറന്നുകൊണ്ട് സംസാരിക്കേണ്ട. കേരളത്തിലെ രാഷ്ട്രീയ ജീവിതത്തിൽ ഒരു മുഖ്യമായ ഘടകമാണ് സി.പി.ഐ. എന്നു നിങ്ങൾക്ക് തന്നെ അംഗീകരിക്കേണ്ടി വന്നിട്ടുണ്ട്. ഞാൻ അതിനെക്കുറിച്ച് കൂടുതൽ സംസാരിക്കണമെന്നാഗ്രഹിക്കുന്നില്ല. എന്റെ ബഹുമാന്യ സുഹൃത്ത് ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ സംസാരിക്കുന്ന കൂട്ടത്തിൽ പറയുകയുണ്ടായി അഭിപ്രായസമന്വയത്തിന് ഞങ്ങൾ മുൻകൈ എടുക്കണമെന്ന്. ഞങ്ങൾ അഭിപ്രായ സമന്വയത്തിനാണ് മുൻകൈ എടുക്കുന്നത്. കേരളത്തിന്റെ പൊതുവായ വികസനത്തിന് അഭിപ്രായ സമന്വയമാവശ്യമാണ്. അങ്ങ് അതിന് തയ്യാറാകുമോ? അങ്ങയുടെ പാർട്ടി ഒരു നിലപാട് സ്വീകരിച്ചു. ഞങ്ങൾ അതിനെ സ്വാഗതം ചെയ്യുന്നു. അഭിപ്രായ സമന്വയത്തിനാണ് പ്രതിപക്ഷം മുൻകൈ എടുക്കുന്നതെങ്കിൽ തിരുവനന്തപുരം കോർപ്പറേഷൻ തെരഞ്ഞെടുപ്പിൽ ബി.ജെ.പി. യുമായി പ്രതിപക്ഷ നേതാവ് ഐക്യമുണ്ടാക്കിയില്ലേ? പ്രതിപക്ഷനേതാവെന്നു പറയുന്നത് കോൺഗ്രസാണ്. അന്ധമായ കമ്മ്യൂണിസ്റ്റ് വിരോധമായിരുന്നില്ലേ അതിന് പ്രേരിപ്പിച്ചിട്ടുള്ളത്?

ശ്രീ. ആര്യാടൻ മുഹമ്മദ് : ശ്രീ. പി.വി. നരസിംഹറാവുവിനെതിരായ അവിശ്വാസ പ്രമേയത്തിൽ ബി.ജെ.പി.യുടെ കൂടെയല്ലേ നിങ്ങളുടെ പാർട്ടിയും ഇടതുപക്ഷവും വോട്ടു ചെയ്തത്?

ശ്രീ. സത്യൻമൊകേരി : ശ്രീ. പി.വി. നരസിംഹറാവുവിന്റെ സാമ്പത്തിക നയത്തിനെതിരായി ഞങ്ങൾ ശക്തമായ നിലപാട് സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. ഇ.എം.അഗസ്തി : 1989-ൽ രാജീവ് ഗാന്ധി പാർലമെന്റിൽ അവതരിപ്പിച്ച പഞ്ചായത്തുരാജ് ബില്ലിനെതിരായി സി.പി.ഐ. യും ബി.ജെ.പി.യും ഒന്നിച്ചു വോട്ടു ചെയ്ത് ആ ബില്ലിനെ പരാജയപ്പെടുത്തിയ കാര്യം ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

ശ്രീ. സത്യൻ മൊകേരി : ഞങ്ങളുടെ പാർട്ടിക്ക് ചില നിലപാടുകളുണ്ട്. ആ നിലപാടുകൾ സ്വീകരിച്ചുകൊണ്ട് ഞങ്ങൾ മുന്നോട്ടു പോകും. വേറെ പാർട്ടികൾക്ക് അതിനോട് യോജിപ്പുണ്ടെങ്കിൽ സാന്ദർഭികമായി ചില വിഷയങ്ങളുണ്ടാകാം. ഈ വിഷയത്തിൽ ഞാൻ പ്രതിപക്ഷനേതാവിനോടു പറയുന്നത് കേരളത്തിൽ തിരുവനന്തപുരം നഗരസഭ ഭരിക്കുന്നത് എൽ.ഡി.എഫ്. ആണ്. ആ എൽ.ഡി.എഫ്.-ന് എതിരെ അവിശ്വാസ പ്രമേയം അവതരിപ്പിച്ച് പുറത്താക്കാൻ അങ്ങയുടെ പാർട്ടി ബി.ജെ.പി. യുമായി ഐക്യമുണ്ടാക്കി. ശ്രീ. ഇ.ടി.മുഹമ്മദ്ബഷീർ സ്വീകരിച്ചിട്ടുള്ള നിലപാടിനെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു.

ശ്രീ. ഇ.ടി. മുഹമ്മദ്ബഷീർ : അങ്ങ് തെറ്റിദ്ധരിച്ചിരിക്കുന്നു. ഞാൻ പറഞ്ഞിട്ടുള്ള അഭിപ്രായ സമന്വയം രാഷ്ട്രീയ പ്രശ്നത്തിന് പുറത്തല്ല. ഡെവലപ്പ്മെന്റൽ വർക്കിന്റെ പുറത്താണ്. അതിൽ രാഷ്ട്രീയ സമന്വയം സാദ്ധ്യമാവി



LIBRARY ARCHIVES Kerala Legislative Assembly

ല്ല. വ്യത്യസ്തമായ ഐഡിയോളജിക്കൽ ഡിഫറൻസ് നിലനിൽക്കുന്ന സമയത്ത് അതു സാദ്ധ്യമാകാത്ത ഏരിയകളുണ്ടാകും അതാണ് ഞാൻ പറഞ്ഞത്.

ശ്രീ. സത്യൻമൊകേരി : അതാണല്ലോ ഞങ്ങൾ ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത് അഭിപ്രായ സമന്വയം ചില കാര്യങ്ങളിലാവശ്യമാണ്. അതുകൊണ്ടുതന്നെയാണ്. 8-ാം പഞ്ചവത്സര പദ്ധതിയുമായി ബന്ധപ്പെട്ട് വികസന രംഗം ഉയർത്തിക്കൊണ്ടു വരുന്നതിനുവേണ്ടി, എല്ലാ കക്ഷികളുമായി കൂടിച്ചേർന്നുള്ള ഒരു വൻപിച്ച ബഹുജനപ്രസ്ഥാനത്തിന് ഞങ്ങൾ രൂപം കൊടുത്തത്. അതുകൊണ്ട് നിഷേധാത്മകമായ സമീപനം തിരുത്തി കേരളത്തിന്റെ വികസനത്തിനുവേണ്ടി യോജിച്ചു പ്രവർത്തിക്കണം. അന്ധമായ കമ്യൂണിസ്റ്റു വിരോധം മറന്ന് പുതിയ രാഷ്ട്രീയ സാഹചര്യത്തിനനുസൃതമായി പ്രവർത്തിക്കാനുള്ള വിവേകം കാണിക്കണമെന്നാണ് എനിക്ക് മുസ്ലിം ലീഗു സുഹൃത്തുക്കളോടും പ്രതിപക്ഷനേതാവിനോടും അഭ്യർത്ഥിക്കാനുള്ളത്. മറ്റൊന്ന് എനിക്ക് പറയുവാനുള്ളത് ധനം വിനിയോഗിക്കുന്നതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള കാര്യങ്ങളാണ്. പണം വിനിയോഗിക്കുന്നത് ധൂർത്തടിക്കാനാകരുത്. കഴിഞ്ഞ കാലത്തെ നമ്മുടെ അനുഭവം അതാണ്. ധൂർത്തടിക്കുന്നതവസാനിപ്പിച്ചുകൊണ്ട് ശരിയായ ഫൈനാൻസ് മാനേജുമെന്റ് നമുക്കാവശ്യമാണ്. ഒരു പൈസ പോലും അനാവശ്യമായി ചെലവഴിക്കാൻ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി അനുവദിക്കരുത്. വളരെ ശക്തമായ, സ്ട്രിക്ടായ ഫൈനാൻസ് മാനേജുമെന്റ് ഏർപ്പെടുത്താൻ നാം തയ്യാറാകണം. പിരിഞ്ഞുകിട്ടാത്ത നികുതി കുടിശ്ശികകളെക്കുറിച്ചൊന്നും പറയുന്നില്ല. 430 കോടി രൂപയോ, 425 കോടി രൂപയോ നമുക്ക് നികുതി ഇനത്തിൽ പിരിഞ്ഞു കിട്ടാനുണ്ട്. ഈ കുടിശ്ശിക പിരിച്ചെടുക്കുന്നതിനുവേണ്ടി ജാഗ്രതയുള്ള മെഷിനറികളുണ്ടാക്കിക്കൊണ്ട് നമ്മുടെ സമ്പത്ത് ശരിയായ വിധത്തിൽ, സംസ്ഥാനത്തിന്റെ ഡെവലപ്പ്മെന്റിനെ കേന്ദ്രീകരിച്ചുകൊണ്ട് വിനിയോഗിക്കുന്നതിന് നേതൃത്വം നൽകണമെന്നു മാത്രം അഭ്യർത്ഥിച്ചുകൊണ്ട് ഞാനവസാനിപ്പിക്കുന്നു.

ശ്രീ. ടി.എം. ജേക്കബ് : സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുകയാണ്. നമ്മുടെ നിയമസഭയുടെ ഈ സെഷൻ ഡേറ്റിന്റെ കാര്യം പരിശോധിച്ചാൽ ഏറ്റവും ദീർഘമായി കൂടിയ ഒന്നായിട്ട് വേണമെങ്കിൽ കണക്കാക്കാൻ സാധിക്കും. അംഗങ്ങളുടെ സത്യപ്രതിജ്ഞ കഴിഞ്ഞ്, പത്തുനാൽപത്തിമൂന്നു ദിവസം കഴിഞ്ഞ് ഗവർണറെക്കൊണ്ട് പ്രസംഗം നടത്തി പിന്നീട് കാര്യങ്ങൾ തുടർന്നു വരികയാണ്. ഭരണഘടനാവ്യവസ്ഥ അനുസരിച്ചുതന്നെ നിറവേറ്റപ്പെടേണ്ട കാര്യങ്ങൾ പോലും പൂർത്തിയാക്കാൻ കഴിയാതെ നിയമസഭ അവസാനിക്കുന്ന ഒരു സാഹചര്യത്തിൽ നില്ക്കുന്നു. ഒരു പക്ഷേ ധനകാര്യമന്ത്രി മറുപടി പറയുമ്പോൾ ചോദിക്കുമായിരിക്കും വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കിയില്ലേ, അപ്രോപ്രിയേഷൻ ബിൽ പാസ്സാക്കിയില്ലേ, അപ്പോൾ നിയമപരമായിട്ടുള്ള കാര്യങ്ങൾ അല്ലെങ്കിൽ ഭരണഘടനാപരമായ വ്യവസ്ഥകൾ ആയിട്ടില്ലേ എന്ന്? ആയിട്ടില്ലെന്നു ഞാൻ പറയുന്നു. കാരണം ഈ നിയമസഭയിൽ വരേണ്ടിയിരുന്ന ഓർഡിനൻസുകൾ റീപ്ലേസ് ചെയ്യാനുള്ള നടപടി നിങ്ങൾ സ്വീകരിച്ചില്ല. അതിന്റെയൊരുദാഹരണമാണ് മലബാർ യൂണിവേഴ്സിറ്റി ബിൽ. ഞാൻ അതിനെക്കുറിച്ച് ഒരുപാട് പറയുന്നില്ല. അത് ഓർഡിനൻസ് ആക്കേണ്ട ആവശ്യമുണ്ടായിരുന്നില്ല. നിയമസഭ കൂടിയപ്പോൾ നിയമസഭയിൽ ചർച്ച ചെയ്ത് പാസ്സാക്കാമായിരുന്നു. പക്ഷേ ചെയ്തിട്ടില്ല. അതുപോലെ തന്നെ ഞാൻ അങ്ങയുടെ അടുക്കൽ പല പ്രാവശ്യം പറഞ്ഞതാണ്. ഞാൻ അങ്ങയെ കുറ്റം പറയാനൊട്ടും ആഗ്രഹിക്കുന്നില്ല. നൂറു കണ

LIBRARY ARCHIVES Kerala Legislative Assembly

ക്കിന് അൺസ്റ്റാൻഡ് ചോദ്യങ്ങളുടെ മറുപടി ഇതുവരെ കേരള നിയമസഭ യുടെ ലൈബ്രറിയിൽ വന്നിട്ടില്ല. അത് ഗുരുതരമായ ഒരു കൃത്യവിലോപമല്ലേ? എനിക്കറിയാം, ഞങ്ങളൊക്കെ മന്ത്രിമാരായിരുന്ന അവസരത്തിൽ ഇവിടെ വളരെ രൂക്ഷമായ വിമർശനം നടത്തിയ ആളുകളാണ് ഇപ്പോൾ ഭരണത്തിലിരി ക്കുന്നത്. ആ ആളുകൾ ഭരിക്കുമ്പോൾ ഞാനാവർത്തിച്ചു പറയുന്നു നൂറു കണക്കിന് ചോദ്യങ്ങളുടെ മറുപടി ഇതുവരെ ലൈബ്രറിയിൽ എത്തിയിട്ടില്ല. എവിടെ നിന്നു ഞങ്ങൾക്ക് ഇൻഫർമേഷൻ കിട്ടും? എന്തുകൊണ്ട് മന്ത്രിമാർ കൊടുക്കുന്നില്ല? സ്പീക്കറെ ഞാനൊട്ടും കുറ്റം പറയാനാഗ്രഹിക്കുന്നില്ല. സ്പീക്കർക്ക് ലിമിറ്റേഷൻസുണ്ട്. ഇത് ചെയ്യേണ്ടത് മന്ത്രിമാരാണ്. ഞാൻ ചെയ്തിട്ടുള്ള ആളാണ്. അതുകൊണ്ടാണ് ഞാൻ പറയുന്നത് ഇത് മന്ത്രിമാ രുടെ ജോലിയാണ്. അതു കിട്ടാനുള്ള ഏർപ്പാടുകൾ പോലും ചെയ്യാതെ കാര്യങ്ങൾ പോകുന്നു. പിന്നെ ജനകീയ പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്യാൻ ഇവിടെ അവസരം തന്നോ? വിലക്കയറ്റത്തെക്കുറിച്ച് ചർച്ച ചെയ്യണമെന്ന് ഞങ്ങളാവശ്യപ്പെട്ടു. ചർച്ചയ്ക്ക് സമയം തന്നില്ല. അത് അങ്ങനെ അവസാനി ച്ചു. അതൊക്കെ പ്രസംഗത്തിൽ കൂടി പരാമർശിച്ചു പോയി കാണും. ഒരു പർട്ടിക്കുലർ ഇഷ്യൂ ആയെടുത്ത് സഭയിൽ ചർച്ച ചെയ്യാൻ സാധിക്കുമായിരു ന്നു. ഇന്നു രാവിലെതന്നെ കൊണ്ടുവന്ന, കേരളത്തിന്റെ കാർഷിക മേഖലയെ ഏറ്റവും ഗുരുതരമായി ബാധിക്കുന്ന ഒരു പ്രശ്നത്തിൽ ഒരു ചെറിയ ചർച്ച നടത്തി ഒരു പ്രമേയം പാസ്സാക്കാനുള്ള പ്രതിപക്ഷത്തിന്റെ ആവശ്യം പോലും നിഷ്ക്കരുണം തള്ളിക്കളയുന്ന ഒരു മന:സ്ഥിതിയല്ലേ ഇവിടെ ഗവൺമെന്റിന്റെ ഭാഗത്തു നിന്നും സ്വീകരിച്ചത്? അപ്പോൾ പ്രതിപക്ഷത്തോടു സഹകരിക്കണ മെന്നു പറയുന്ന ആളുകൾക്ക് എന്ത് സഹകരണം ഞങ്ങളോട് ആവശ്യപ്പെ ടാൻ സാധിക്കും? ഞങ്ങൾ നിഷേധാത്മകമായ സമീപനമൊന്നും സ്വീകരിക്കു ന്നില്ല. അപ്പോൾ നിങ്ങളെ സംബന്ധിച്ച് പറയുമ്പോൾ നിങ്ങൾ, നിങ്ങളുടേ തായ ഒരു ശൈലിയിലുള്ള പ്രവർത്തനവുമായി മുന്നോട്ടു പോകാനാഗ്രഹിക്കു ന്നു. പട്ടിയുടെ വളഞ്ഞ വാല് പന്തീരാണ്ടുകാലം കുഴലിലിട്ടാലും നിവരുകയി ല്ലെന്നു പറഞ്ഞിട്ടുണ്ട്. ഞാൻ നിങ്ങളെ ഉപദേശിക്കാനാളല്ല. 1987 മുതൽ 1991 വരെ എൽ.ഡി.എഫ്. ഇവിടെ ഭരിച്ചു. അന്ന് ഞാൻ പ്രതിപക്ഷത്തിരുന്ന ആളാ ണ്. 1982 മുതൽ 1987 വരെ യു.ഡി.എഫ്. അധികാരത്തിൽ ഇരുന്നതിനുശേഷം പ്രതിപക്ഷത്തേക്കു പോയി. അന്ന് ഞങ്ങളോടൊപ്പം പ്രതിപക്ഷത്തിരുന്ന ആളാണ് ശ്രീ. പി.ജെ. ജോസഫ്. അദ്ദേഹവും എന്റെ അഭിപ്രായത്തോടു യോജിക്കുമെന്നുള്ള അഭിപ്രായം എനിക്കുണ്ട്. 1987 മുതൽ 91 വരെയുള്ള കാലയളവിൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തു തുടങ്ങിവച്ച വികസനപ്ര വർത്തനങ്ങൾ പലതും നിർത്തിവച്ചു. ഞാൻ അതിനെക്കുറിച്ച് സമയമില്ലാത്ത തുകൊണ്ട് കൂടുതലായി പറയുന്നില്ല. മറ്റൊരു സന്ദർഭത്തിൽ ആരൊക്കെ, എന്തൊക്കെ ചെയ്തു എന്നു കൃത്യമായി പറയാൻ തയ്യാറാണ്. അതുപോലെ തന്നെ അന്നുണ്ടായ മറ്റൊരനുഭവമെന്നു പറയുന്നത് പ്രതിപക്ഷത്തുള്ള എം. എൽ.എ. മാരുടെ നിയോജകമണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ തട സ്സപ്പെടുത്തി. അങ്ങനെ തടസ്സപ്പെടുത്തിയതിൽ ഞങ്ങൾക്ക് ബുദ്ധിമുട്ടു വന്നില്ല. ഞങ്ങൾ 1991-ൽ അധികാരത്തിൽ വന്നു. അതേ സമീപനം തന്നെ ഇവിടെ ചില മന്ത്രിമാർ സ്വീകരിക്കുന്നു. ഏതു മന്ത്രിമാരാണ്, എന്തൊക്കെ യാണ് സ്വീകരിക്കുന്നതെന്ന് അടുത്തുള്ള സെഷനിൽ ഞാൻ പറഞ്ഞുകൊള്ളാം. അതിന്റെ സൂചനകൾ ഇവിടെ കാണുന്നുണ്ട്. 1987 മുതൽ 1991 വരെയുള്ള കാലഘട്ടത്തിലേയും ഈ കാലഘട്ടത്തിലേയും ഗവൺമെന്റു കൾ തമ്മിൽ ഒരു പ്രത്യേകത കാണുന്നത് എന്താണ്? ഞങ്ങൾ അന്വേഷിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങൾ എന്തിനാണ് പറഞ്ഞു പേടിപ്പിക്കുന്നത്? ആരെയാണ് പേടിപ്പിക്കുന്നത്? നിങ്ങളുടെ ദൃഷ്ടിയിൽ നിങ്ങൾക്ക് ശരിയല്ലെന്നു തോന്നുന്നുവെങ്കിൽ അതിനെക്കുറിച്ച് നിങ്ങൾ അന്വേഷിപ്പിക്കണം. പക്ഷേ അതിനകത്ത് ഒരൊറ്റ കാര്യം. മാത്രമേയുള്ളു. അന്വേഷിക്കാൻ സ്വന്തം പാർശ്വവർത്തികളായവരെ വയ്ക്കരുത്. നമുക്ക് കാര്യങ്ങൾ ജനങ്ങളെ അറിയിക്കുക എന്നുള്ളതല്ലേ? അതിന് നിഷ്പക്ഷവും നീതിബോധത്തോടും കൂടി അന്വേഷണം നടത്താൻ സാധിക്കുന്ന ആളുകളെയാണ് വയ്ക്കപ്പെടുന്നതെന്ന് എല്ലാവർക്കും ബോദ്ധ്യമാകത്തക്ക നിലയിൽ ചെയ്യുക. അങ്ങനെയൊരു നടപടി സ്വീകരിക്കാൻ നിങ്ങൾ തയ്യാറാകണം.

ശ്രീ. സത്യൻമൊകേരി : നിങ്ങളുടെ ഗവൺമെന്റ് ഭരിക്കുന്ന കാലത്ത് പല കാര്യങ്ങളിലും അഴിമതിക്കാരായ ഉദ്യോഗസ്ഥൻമാരെക്കൊണ്ടുതന്നെ അന്വേഷണം നടത്തിച്ചിട്ടുള്ള അനുഭവങ്ങളില്ലേ?

ശ്രീ. ടി.എം. ജേക്കബ് : എനിക്ക് കൃത്യമായി ഓർമ്മയില്ല. ശ്രീ. സത്യൻ മൊകേരിക്ക് അങ്ങനെ അഭിപ്രായമുണ്ടെങ്കിൽ നിങ്ങൾ നല്ലവരെ വച്ച് ചെയ്യുക. ഞങ്ങളെ കുറ്റം പറഞ്ഞല്ലേ നിങ്ങൾ ഇപ്പോൾ അധികാരത്തിലിരിക്കുന്നത്? നിങ്ങൾ ചെയ്യണം. തെറ്റുണ്ടെങ്കിൽ തിരുത്തിക്കോ.

ശ്രീ. സത്യൻമൊകേരി : പി.എ.സി. എടുത്ത തീരുമാനമനുസരിച്ച് കല്ലട ഇറിഗേഷൻ പ്രോജക്ടിനെ സംബന്ധിച്ച അഴിമതി അന്വേഷിക്കുന്നതിന് അങ്ങ് നിയോഗിച്ചിട്ടുള്ള മൂന്നു എൻജിനീയർമാരും നേരത്തെ തന്നെ അഴിമതിക്കും അഴിമതിയാരോപണങ്ങൾക്കും വിധേയരായിട്ടുള്ളവരല്ലേ?

ശ്രീ. ടി.എം.ജേക്കബ് : കല്ലട ഇറിഗേഷൻ പ്രോജക്ടിനെക്കുറിച്ച് രണ്ടു വാക്കു പറയുന്നുണ്ട്. അപ്പോൾ ഞാൻ മറുപടി പറഞ്ഞുകൊള്ളാം. ഇവിടെ ഇന്നു രാവിലെ ജലസേചന വകുപ്പുമന്ത്രിയോടു ചോദിച്ചു. എം.എൽ.എ.മാരെ വിളിച്ച് റിവ്യൂ മീറ്റിംഗ് നടത്താമോയെന്ന്. ഇതിന് കാലതാമസത്തിന്റെ ആവശ്യമൊന്നുമില്ല. മന്ത്രിമാർ ജനപ്രതിനിധികളെ വിളിച്ചുവരുത്തി റിവ്യൂ മീറ്റിംഗ് നടത്തുന്നത് വളരെ നല്ലതാണ്. ഞാൻ പറയട്ടെ, ഞാൻ കൈകാര്യം ചെയ്തിരുന്ന വകുപ്പിൽ, ആ വകുപ്പിന്റെ എല്ലാ ഡീറ്റെയിൽസും ഒരു നിയോജകമണ്ഡലത്തെ സംബന്ധിക്കുന്നത് എഴുതി. എം.എൽ.എ. മാർക്ക് പ്രിന്റ് ചെയ്തുകൊടുത്തിട്ടുണ്ട്. അത് അങ്ങേക്കും കിട്ടിയിട്ടുണ്ട്. അങ്ങനെ ചെയ്ത ഒരാളാണ് ഞാൻ. റിവ്യൂ മീറ്റിംഗ് നടത്തുന്നതുകൊണ്ട് നമ്മുടെ രാജ്യത്തൊന്നും നഷ്ടപ്പെടാനില്ല. പ്രയോജനമേ കിട്ടാൻ പോകുന്നുള്ളു. പിന്നെ കല്ലട പ്രോജക്ടിനെക്കുറിച്ച് എന്തോ പുകപടലം പോലെ കൊണ്ടുവരാൻ ശ്രമിക്കുന്നുണ്ട്. കല്ലട ഇറിഗേഷൻ പ്രോജക്ട് 1961-ൽ ആരംഭിച്ച പ്രോജക്ടാണ്. ഇപ്പോൾ 1996 ആയി. ഈ വർഷത്തിൽ ഇതിന്റെ ഒന്നാം ഘട്ടം കമ്മിഷൻ ചെയ്യാൻ കഴിഞ്ഞിട്ടില്ല. 13 കോടി രൂപയിൽ ആരംഭിച്ച ആ പ്രോജക്ടിന് ഏകദേശം 500 കോടി രൂപയോളം ചെലവാക്കി. അതിന്റെ ഒന്നാം ഘട്ടം പൂർത്തിയാക്കണമെങ്കിൽ 1992-ലെ നിരക്കനുസരിച്ച് 120 കോടി രൂപ കൂടി വേണം. അത് അവിടെ നിൽക്കുന്നു.

ഈ ആർബിട്രേഷൻ നിർത്തലാക്കിയതാരാണ്? ഞാൻ അഭിമാനത്തോടു കൂടി പറയട്ടെ, ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റിന് എവിടെ നിന്നും പറയാൻ സാധിക്കും, കല്ലടയിൽ നടന്നിരുന്ന ആർബിട്രേഷൻ അഡീഷണൽ വർക്ക് എന്ന കൊള്ള അവസാനിപ്പിച്ചത് ഞങ്ങളുടെ കാലത്താണ്. ഇതിന് ഈ സഭയിൽ മന്ത്രി എന്നുള്ള നിലയിൽ ഞാൻ മറുപടി പറഞ്ഞിട്ടു

LIBRARY ARCHIVES Kerala Legislative Assembly

ണ്ട്. 1984 മുതൽ 1987 വരെയാണ് ലോകബാങ്കിന്റെ സഹായം ആ പ്രോജക്ടിനു കിട്ടിയത്. ആ കാലഘട്ടത്തിൽ ഞാൻ മന്ത്രിയല്ല. ലോക ബാങ്കിന്റെ സഹായം കിട്ടിയ സന്ദർഭം ഉപയോഗിച്ചുകൊണ്ട് എൽ.സി.ബി. കണ്ടിഷൻ എന്നു പറഞ്ഞ്, കണ്ടിഷൻ വച്ച് സൂപ്രണ്ടിംഗ് എഞ്ചിനീയറൻമാരും, ചീഫ് എഞ്ചിനീയറന്മാരും അടക്കമുള്ള ഉദ്യോഗസ്ഥന്മാർ കല്ലട പ്രോജക്ടിൽ നടത്തിയ പകൽക്കൊള്ള അവസാനിപ്പിച്ചത് ഞങ്ങളാണ്. സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് പത്തുലക്ഷം രൂപയുള്ള ഒരു വർക്കിന് വേണമെങ്കിൽ രണ്ടു കോടി രൂപ അഡീഷണൽ വർക്കു കൊടുക്കാനുള്ള പ്രൊവിഷൻ ഉണ്ടായിരുന്നു. അതിന് നിരോധനം ഏർപ്പെടുത്തിയത് ഞങ്ങളാണ്. ഞാൻ കയറി മൂന്നോ നാലോ മാസം കഴിഞ്ഞപ്പോൾ ആദ്യത്തെ സർക്കുലർ ഇഷ്യൂ ചെയ്തു. അതു കഴിഞ്ഞ് വീണ്ടും സർക്കുലർ ഇഷ്യൂ ചെയ്തു. ഇതുകൊണ്ട് പ്രയോജനം കിട്ടുന്നില്ലായെന്നു കണ്ടപ്പോൾ മന്ത്രിസഭയിൽ കൊണ്ടുവന്ന് തീരുമാനമെടുത്തു. ആർബിട്രേഷൻ അവാർഡ് വന്നിരിക്കുന്നതുപോലും സ്റ്റേ ചെയ്യുകയാണ്. അതുപോലെ തന്നെ കൊടുക്കാത്ത പണം മുഴുവൻ സ്റ്റേ ചെയ്യുക, ആർബിട്രേഷൻ നടപടികളുമായി പോകണ്ട എന്ന് ഉദ്യോഗസ്ഥന്മാരോട് പറയുക. ഈ കേസ്സുകൾ മുഴുവൻ ഹൈക്കോടതിയിൽ അപ്പീൽ പോകുക. ഹൈക്കോടതിയിൽ പോയ മൂന്നു കേസ് ജയിച്ചു. ഒരു കേസ്സിനായി ഒരു ആർബിട്രേറ്റർക്ക് 11 കോടി രൂപയാണ് ആർബിട്രേഷൻ അവാർഡ് കൊടുത്തത്. അങ്ങനെ നിയന്ത്രണം ഏർപ്പെടുത്തിയവരാണ് ഞങ്ങൾ. ആർബിറ്റേഴ്സായിട്ടു വന്ന ആളുകളിൽ റിട്ടയർ ചെയ്തു പോയ എസ്.ഇ.മാരും എസ്.ഇ. ക്കു മുകളിലുള്ളവരുമുണ്ട്. സർവ്വീസിൽ ഉള്ള എസ്.ഇ.മാരും സി.ഇ. മാരുമുണ്ട്. ഞങ്ങൾ അവരെ വിളിച്ചു പറഞ്ഞു. ഇനി മേലാൽ ആർബിട്രേറ്റർമാരായി ചുമതല ഏൽക്കരുതെന്ന്. ഇവിടെ ഈ നിയമസഭയിൽ കിട്ടിയ ഒരു സ്റ്റാർഡ് ക്വിസ്റ്റ്യന്റെ മറുപടി, ഞാൻ അതു വായിക്കുന്നില്ല. 116-ാം നമ്പർ സ്റ്റാർഡ് ക്വിസ്റ്റ്യന്റെ മറുപടി വളരെ ട്വിസ്റ്റ് ചെയ്ത് ഈ സഭയിൽ വന്നു. ഈ ചോദ്യം ഉന്നയിച്ച 25-ാം തീയതി ഞാൻ സഭയിൽ ഇല്ലായിരുന്നു. ഉണ്ടായിരുന്നെങ്കിൽ ഞാൻ ചോദ്യം ഉന്നയിക്കുമായിരുന്നു. അങ്ങ് സൗകര്യം പോലെ അതൊന്ന് എടുത്തു വായിക്കണം. അതിനകത്ത് 'ബി' പിരിവിൽ തന്നിരിക്കുന്ന ഉത്തരം മൂന്ന് സ്ഥലത്ത് ഡിഫറന്റായിട്ടാണ് പറഞ്ഞിരിക്കുന്നത്. അവിടെ കണ്ട ഒരു പ്രവണത എന്നു പറയുന്നത്, ഞങ്ങൾ എന്തോ സപ്രസ് ചെയ്യാൻ തീരുമാനിച്ചു എന്നാണ്. കല്ലട പ്രോജക്ടിനെക്കുറിച്ച് തുടക്കം മുതൽ ഒടുക്കം വരെയുള്ള സംഭവങ്ങളെ സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തണമെന്ന് ഞാൻ ഈ സഭയിൽ ആവശ്യപ്പെടുകയാണ്. അത് ഈ രാജ്യത്തിന്റെ നന്മയ്ക്ക് ഉതകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. 35 വർഷമായ പ്രോജക്ടിൽ കേവലം അഞ്ചു വർഷം മാത്രമേ ഞാൻ മന്ത്രി സ്ഥാനം വഹിച്ചിട്ടുള്ളു. ആ കാലഘട്ടത്തിൽ ഈ കൊള്ള അവസാനിപ്പിക്കാൻ ശക്തമായ കുറെ നടപടികൾ സ്വീകരിച്ചു എന്നുള്ള ചാരിതാർത്ഥ്യത്തോടുകൂടിയാണ് ഞാൻ ഇവിടെ നിൽക്കുന്നത്. അതുകൊണ്ട് 1961 മുതൽ അന്വേഷിക്കട്ടെ. ഇതിനകത്ത് ജസ്റ്റിസ് സുകുമാരൻ അന്വേഷിച്ചു. 1985-ൽ നിയമിച്ച കമ്മീഷൻ അഞ്ചു വർഷമെടുത്തു. ഒന്നുകിൽ ജുഡീഷ്യൽ, അല്ലെങ്കിൽ നിയമസഭാ കമ്മിറ്റി ഉൾപ്പെടെ ഏതു കമ്മിറ്റിയും എങ്ങനെ വേണമെങ്കിലും അന്വേഷിക്കട്ടെ. ഞാൻ ഈ സഭയിൽ പറഞ്ഞിട്ടുണ്ട്. പകൽക്കൊള്ള നടന്ന ഒരു പ്രോജക്ട് ആണ് കല്ലട പ്രോജക്ട് എന്ന്. ഞാൻ വീണ്ടും അത് ആവർത്തിക്കുന്നു. അതുകൊണ്ട് ഒരു പുകപടലത്തിന്റെ ആവശ്യം ഇക്കാര്യത്തിലില്ല. ഇതിനെക്കുറിച്ച് അന്വേഷിച്ച് ഇതിന്റെ സത്യാവസ്ഥ എന്താണെന്ന് ജനങ്ങളെ അറിയിക്കാൻ ഞങ്ങൾ തയ്യാറാണ്.



LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് ഈ ഗവൺമെന്റിന്റെ സമീപനം ശരിയല്ല. നല്ല കാര്യങ്ങൾ ശരിയായി ചെയ്യാൻ പ്രതിപക്ഷത്തെക്കൂടി കോൺഫിഡൻസിൽ എടുത്തുകൊണ്ടു പോകാനുള്ള അവസരം പോലും ഒരുക്കാതെ നിഷേധാത്മകമായ സമീപനം സ്വീകരിക്കുന്ന ഈ ഗവൺമെന്റ് അവതരിപ്പിച്ചിരിക്കുന്ന ധനവിനിയോഗ ബില്ലിനെ ഞാൻ ശക്തമായി എതിർക്കുകയാണ്.

ശ്രീ. പി.സി. ജോർജ് : സർ, ഞാൻ ഈ ധനവിനിയോഗബില്ലിനെ അനുകൂലിക്കുകയാണ്. ശ്രീ. ജേക്കബ് ഈ ബില്ലിനെ എതിർക്കുന്നതു കൊണ്ട് ഞങ്ങൾക്ക് വിരോധം ഇല്ല. കാരണം കഴിഞ്ഞ അഞ്ചു വർഷക്കാലം ധനദുർവിനിയോഗ ബിൽ മാത്രം പാസ്സാക്കി പണം ദുർവിനിയോഗം ചെയ്തു പഠിച്ച ഐക്യജനാധിപത്യ മുന്നണിയുടെ ആളുകൾ ഈ ബില്ലിനെ എതിർക്കുന്നതാണ് അതിന്റെ ശരി. പിന്നെ എനിക്ക് ഒരു കാര്യം പറയാനുള്ളത്. ശ്രീ.ജേക്കബ് ഇവിടെ പറഞ്ഞു. ഇടതുപക്ഷ ജനാധിപത്യമുന്നണി ഒരു പ്രത്യേക ശൈലി എടുത്തു മുന്നോട്ടു പോകുകയാണെന്ന്. അതാണ് ശ്രീ. ജേക്കബിന്റെ ആരോപണം. അതു ശരിയാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി ജനങ്ങൾക്കു നൽകിയ വാഗ്ദാനങ്ങൾ പാലിക്കുക എന്ന ഒരു പ്രത്യേക ശൈലിയോടു കൂടി തന്നെയാണു ഭരിച്ചു കൊണ്ടു മുന്നോട്ടു പോകുന്നത്. സ്വാഭാവികമായും നിങ്ങൾക്ക് എതിർപ്പുണ്ടാകും. ആ ശൈലി മാറ്റാൻ ഞങ്ങൾ ഉദ്ദേശിക്കുന്നില്ല. നിങ്ങൾ ഒരുപകാരം മാത്രം ചെയ്താൽ മതി. കഴിഞ്ഞ അഞ്ചു വർഷക്കാലത്തെ ശൈലി, അത് ഞങ്ങളോട് ആവർത്തിക്കാൻ ദൈവത്തെയോർത്ത് പറയരുത്. അത് ഞങ്ങൾക്കു പറ്റില്ല. അതു നിങ്ങൾക്കേ പറ്റൂ. നിങ്ങൾ ആ ശൈലിയുമായി പോയതുകൊണ്ടാണ് വീണ്ടും അവിടെ വന്നിരിക്കേണ്ട ഗതികേട് ഉണ്ടായത്. അല്ലെങ്കിൽ നിങ്ങൾ ഇവിടെ ഇരിക്കേണ്ടവരാണ്. ഇന്ന് രാവിലെ ബഹുമാനപ്പെട്ട പാലാ മെമ്പർ കൊണ്ടുവന്ന അടിയന്തിര പ്രമേയം എന്തായിരുന്നു, അദ്ദേഹം പറയുന്നതുകേട്ടാൽ തോന്നും ഞങ്ങളെല്ലാം കൂടി, എന്റെ പാർട്ടിയും കൂടെയാണ് കേന്ദ്ര ഗവൺമെന്റിനെ പിടിച്ചിരുത്തിയിരിക്കുന്നതെന്ന്. ശ്രീ. ജോസഫിന്റെ പേര് ബഹുമാനപ്പെട്ട പാലാ മെമ്പർ പല പ്രാവശ്യം പറയുന്നതു കേട്ടു. ഞാൻ ചോദിക്കട്ടെ, ബഹുമാനപ്പെട്ട ചേർത്തല മെമ്പറും, ബഹുമാനപ്പെട്ട പാലാ മെമ്പറും കൂടിയല്ലേ ഈ കേന്ദ്ര ഗവൺമെന്റിനെ പിടിച്ചു നിർത്തിയിരിക്കുന്നത്. അവരുടെ നയം തെറ്റാണെങ്കിൽ നിങ്ങൾ വലിച്ചു താഴെയിടാനുള്ള തന്റേടം കാണിക്കണം.

ശ്രീ. സത്യൻ മൊകേരി : ബഹുമാനപ്പെട്ട ടി.എം.ജേക്കബ് ഇവിടെ നിന്ന് സംസാരിക്കുന്ന ഘട്ടത്തിൽ പറയുന്നതു കേട്ടു ഏത് അന്വേഷണത്തിനും ഞാൻ തയ്യാറാണെന്ന്. ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് മെമ്പറായിട്ടുള്ള പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയിൽ കല്ലട ഇറിഗേഷൻ പ്രോജക്ടിനെക്കുറിച്ച് ജുഡീഷ്യൽ എൻക്വയറി നടത്തണമെന്ന് പറഞ്ഞ് റിപ്പോർട്ടു കൊടുത്തിട്ട്, ജുഡീഷ്യൽ എൻക്വയറി നടത്താതെ മോഹൻകുമാറിനെക്കൊണ്ട് അന്വേഷിപ്പിച്ച് അതിന് ഉത്തരവു നൽകിയിട്ടുള്ള ശ്രീ. ടി.എം. ജേക്കബ് ഇതു പറയുന്നതു ശരിയാണോ?

ശ്രീ. പി.സി. ജോർജ് : ഈ പ്രോജക്ടിനെക്കുറിച്ച് ശക്തമായി അന്വേഷിക്കണം എന്നുതന്നെയാണ് എനിക്കു പറയാനുള്ളത്. പക്ഷെ ഒരു കാര്യം, അതു പറയാതിരിക്കാൻ പറ്റില്ല. ഇതിനകത്ത് കട്ടിട്ടുണ്ടോ, ആരൊക്കെ കട്ടു, അതിൽ വലിയ കള്ളൻ ആരാണ് എന്നുള്ളതു കണ്ടുപിടിക്കണം. അതാണു പ്രശ്നം കുറേ കള്ളന്മാരുണ്ട്. അതിൽ വലിയ കള്ളനെയൊന്നു കണ്ടു പിടിക്കണമല്ലോ. അതിനുവേണ്ടിയുള്ള ശക്തമായ അന്വേഷണം നടത്തണം

LIBRARY ARCHIVES Kerala Legislative Assembly

എന്നാണ് അതിനെപ്പറ്റി എനിക്കു പറയാനുള്ളത്. ഞാൻ പറഞ്ഞുവന്നതിലേക്കു പോകട്ടെ. ഇവിടെ അടിയന്തിര പ്രമേയത്തിൽ വന്ന വലിയ സംഭവം, 25 ശതമാനം ഇംപോർട്ട് ഡ്യൂട്ടി ഉണ്ടായിരുന്നു. അത് 20 ശതമാനമാക്കി റബ്ബർ കൃഷിക്കാരെ ഉപദ്രവിച്ചിരിക്കുന്നു. ഞാനും അതിനെ ശക്തമായി എതിർക്കുകയാണ്. പക്ഷെ ഒന്നാലോചിക്കണം. 60 ശതമാനം ഇംപോർട്ടു ഡ്യൂട്ടി ഉണ്ടായിരുന്നതു 25 ശതമാനമാക്കി ചുരുക്കിയത് കോൺഗ്രസ് അല്ലേ? ആ നടപടിയെ എതിർക്കാതെ കഴിഞ്ഞ അഞ്ചു വർഷക്കാലം ഗവൺമെന്റ് ഭരണത്തിൽ ആ കോൺഗ്രസിനോടൊപ്പം സിന്ദാബാദ് വിളിച്ചുകൊണ്ടിരുന്ന ബഹുമാനപ്പെട്ട പാലാ മെമ്പർ ഇപ്പോൾ ഇതു പറയുമ്പോൾ എനിക്കു ദുഃഖം തോന്നുകയാണ്. അതൊരു ഇരട്ടത്താപ്പു നയമാണ്. ആ നടപടി തെറ്റായിപ്പോയി. 25 ശതമാനം 20 ആക്കിയപ്പോൾ ഉണ്ടായ വികാരവും, ബഹുമാനപ്പെട്ട പാലാ മെമ്പർ 60 ശതമാനം 25 ശതമാനം ആക്കിയപ്പോൾ മിണ്ടാതിരുന്നതിന്റെ മര്യാദയും കൂടി സഭയെ പറഞ്ഞു മനസ്സിലാക്കണം. പ്രതിപക്ഷം പറയുന്നതു മാത്രം എഴുതാൻ നിർബന്ധം ഉള്ള പത്രങ്ങളുമുണ്ട്. ആ പത്രങ്ങൾ എഴുതുമ്പോൾ ജനങ്ങൾ വിചാരിക്കുന്നത്, ഇദ്ദേഹം മാത്രമാണ് കൃഷിക്കാരനു വേണ്ടി വാദിക്കുന്ന ഏക മാന്യനെന്നാണ്.

ശ്രീ. പി.പി. തങ്കച്ചൻ : റബ്ബറിന് ഏറ്റവും കൂടുതൽ വില കിട്ടിയിരുന്നത് ഈ കഴിഞ്ഞ അഞ്ചു വർഷക്കാലത്താണെന്നുള്ള വസ്തുത അങ്ങ് അംഗീകരിക്കുന്നുണ്ടോ, അതോ നിഷേധിക്കുന്നുണ്ടോ?

ശ്രീ. പി.സി. ജോർജ് : സത്യമെന്താണ്? മലേഷ്യയിലും, സിലോണിലും റബ്ബർ വെട്ടില്ലെന്നായി. ആസ്സാമിൽ റബ്ബർ വെട്ടുന്നില്ല. ലോകത്ത് റബ്ബർ കിട്ടാനില്ലാത്ത സാഹചര്യം വന്നപ്പോൾ കേരളത്തിലെ റബ്ബർ കൃഷിക്കാർ രക്ഷപ്പെട്ടു. റബ്ബറിനു വിലയുണ്ടായി. അതു നിങ്ങൾ ഉണ്ടാക്കിയതല്ല. കോൺഗ്രസ്സുകാരുടെ ഔദാര്യമല്ല. വ്യവസായിക്കുവേണ്ടി നിന്നിട്ടുള്ള, ഇൻഡ്യയിലെ വൻകിട വ്യവസായികൾക്ക് ഓശാന പാടുന്ന കോൺഗ്രസ് പാർട്ടിയുടെ വക്താക്കളാണു നിങ്ങൾ. എന്നിട്ടും ഔദാര്യം ചെയ്ത രീതിയിലാണു നിങ്ങൾ പറയുന്നത്. ഈ ധനവിനിയോഗ ബിൽ എന്തിനു വേണ്ടിയാണു അവതരിപ്പിച്ചിരിക്കുന്നത്. ഇവിടെ ഞാൻ പറഞ്ഞതുപോലെ വലിയ കള്ളനെ കണ്ടെത്താൻ അന്വേഷണം നടത്തണം. ഞാൻ ചുരുക്കുകയാണ്. സംസ്കൃത യൂണിവേഴ്സിറ്റിയെപ്പറ്റി ഇവിടെ ഒരംഗം വലിയ വികാരംകൊള്ളുന്നതു കേട്ടു. ഞാൻ അതിന്റെ ചരിത്രത്തിലേക്കു കടക്കുന്നില്ല. കേരളത്തിലെ ജനങ്ങളുടെ വികാരം മാനിച്ചുകൊണ്ട്, ആ സംസ്കൃത യൂണിവേഴ്സിറ്റി വളരെ സത്യസന്ധമായി നല്ല നിലയിൽ മുന്നോട്ടു പോകണം. യാതൊരു കാരണവശാലും അത് കളയരുതെന്നു തന്നെയാണ് എന്റെ അഭിപ്രായം. പക്ഷെ അതിനകത്ത് പകൽക്കൊള്ളയെക്കാളും വലിയ കൊള്ള നടന്നിരിക്കുകയാണ്. ആ കൊള്ള വളരെ വിശദമായി ജനങ്ങളെ ബോദ്ധ്യപ്പെടുത്താൻ, അന്വേഷണം നടത്താൻ ഈ ഗവൺമെന്റ് തയ്യാറാകണം. അതുപോലെ എന്തിനാണ് സംസ്ഥാനത്തിന്റെ പണം വിനിയോഗിക്കുന്നത്? നിങ്ങൾ കൊടുക്കാതിരുന്ന വാർദ്ധക്യകാലപെൻഷനും, കർഷകത്തൊഴിലാളി പെൻഷനും, വിധവാ പെൻഷനും കൊടുക്കണ്ടേ? റേഷനരിക്ക് ഒരു രൂപ വില കുറയ്ക്കണ്ടേ? അതിനൊക്കെ വേണ്ടിയിട്ടാണ് ഈ ധനവിനിയോഗ ബില്ല് അവതരിപ്പിച്ചിരിക്കുന്നത്. വേറൊരു കാര്യത്തിനുമല്ല. അപ്പോൾ ഇതിനെ എതിർക്കുന്ന നിങ്ങൾ മര്യാദയാണോ കാണിക്കുന്നത്. മര്യാദകേട് കാണിക്കരുതെന്നാണ് എനിക്ക് പറയാ

LIBRARY ARCHIVES Kerala Legislative Assembly

നുള്ളത്. അങ്ങനെ ജനങ്ങൾക്കു വേണ്ടി കൊണ്ടുവന്നിരിക്കുന്ന ഈ ധനവിനിയോഗ ബില്ലിനെ ഞാൻ ശക്തമായി പിന്താങ്ങുകയാണ്.

### വ്യക്തിപരമായ വിശദീകരണം

ശ്രീ. ടി.എം.ജേക്കബ് : ഇവിടെ ശ്രീ. സത്യൻ മൊകേരി എന്റെ പേരുമായി ബന്ധപ്പെടുത്തി ഇൻസിന്യുവേഷനാണ് പറഞ്ഞത്. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി സബ്മിറ്റ് ചെയ്ത റിപ്പോർട്ടിനകത്ത് ആർബിട്രേഷനെ സംബന്ധിച്ച് ഒരു പർട്ടിക്കുലർ കേസാണ് ജുഡീഷ്യൽ എൻക്വയറിക്കു വിധേയമാക്കാൻ പറഞ്ഞത്. അന്ന് ഗവൺമെന്റ് ചെയ്തത്, കംപ്ലീറ്റ് ആയിട്ട് ആർബിട്രേഷൻ നിർത്തി. ഇനി ആർബിട്രേഷൻ തുടരേണ്ട എന്നു തീരുമാനിച്ചു. അതിന് ആവശ്യമായിട്ടുള്ള സെൻട്രൽ ആക്ട് അമെന്റു ചെയ്യാനുള്ള തീരുമാനം എടുത്ത് ഗവൺമെന്റിന് അയയ്ക്കുകയും ചെയ്തു. ആ ഒരു ഘട്ടം വന്നതുകൊണ്ടാണ് ഒരു പർട്ടിക്കുലർ കേസിനു വേണ്ടി മാത്രമായിട്ട് ജുഡീഷ്യൽ എൻക്വയറി വേണ്ടെന്നു വച്ചത്. അല്ലാതെ മറ്റൊന്നും കൊണ്ടല്ല.

### 1996-ലെ ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട് - നമ്പർ 2) ബിൽ ചർച്ച - (തുടർച്ച)

ശ്രീ. എ.വി. താമരാക്ഷൻ : സർ, ഞാൻ ഈ ധനവിനിയോഗബില്ലിനെ പിന്താങ്ങുന്നു. നമ്മുടെ ഖജനാവിൽ നിന്നെടുക്കുന്ന ഓരോ രൂപയും ശരിയായ നിലയിൽ വിനിയോഗിക്കുന്നുണ്ടോയെന്ന് പരിശോധിക്കാനുള്ള സംവിധാനമുണ്ടാക്കണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട ധനകാര്യവകുപ്പു മന്ത്രിയോട് വിനയപുരസരം അഭ്യർത്ഥിക്കാനുള്ളത്. എനിക്ക് മുമ്പു സംസാരിച്ച ശ്രീ.എം.ജേക്കബ്ബ് ചൂണ്ടിക്കാണിച്ച കാര്യം വളരെ ഗൗരവപൂർവ്വം ചിന്തിക്കേണ്ടതാണ്. 13 കോടി രൂപയുടെ എസ്റ്റിമേറ്റോടുകൂടി 1961-ൽ ആരംഭിച്ച കല്ലട പ്രോജക്ട് 1996 വരെ 480 കോടി രൂപ ചെലവഴിച്ചതിനുശേഷവും ഒന്നാംഘട്ടം പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. ഇക്കാര്യം വളരെ ഗൗരവപൂർവ്വം ആലോചിക്കേണ്ടതാണ്. വളരെ സത്യസന്ധമായ ഒരന്വേഷണം നടത്തി ഇതിന്റെ സത്യാവസ്ഥ പുറത്തുകൊണ്ടുവരാനുള്ള ബാദ്ധ്യത ഈ ഗവൺമെന്റിന് ഉണ്ട്. അതു പുറത്തുകൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിക്കണം. നമ്മുടെ സംസ്ഥാനത്തെ ഗവൺമെന്റ് ജീവനക്കാരുടെയും അദ്ധ്യാപകരുടെയും മറ്റു ജനവിഭാഗങ്ങളുടെയും എല്ലാ താല്പര്യങ്ങളും സംരക്ഷിക്കുന്നതിന് ഈ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. ഗവൺമെന്റിന് എന്തെല്ലാം സാമ്പത്തികപ്രയാസങ്ങളുണ്ടെങ്കിലും ഗവൺമെൻറ് ജീവനക്കാരുടെയും അദ്ധ്യാപകരുടെയും എല്ലാ അവകാശങ്ങളും സംരക്ഷിച്ചുകൊടുക്കണം. അതോടൊപ്പം തന്നെ ഗവൺമെന്റ് ജീവനക്കാരും അദ്ധ്യാപകരും ജോലി ചെയ്യുന്നുണ്ടോയെന്ന് പരിശോധിക്കാനും ജോലിയെടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനും ഇടതുപക്ഷജനാധിപത്യമുന്നണിക്ക് ഉത്തരവാദിത്വമുണ്ടെന്ന കാര്യം ഗൗരവപൂർവ്വം ഞാൻ ഓർമ്മപ്പെടുത്തുകയാണ്. നമ്മുടെ സംസ്ഥാനത്തെ ജനസംഖ്യയിൽ നാലു ശതമാനത്തിൽത്താഴെ മാത്രമാണ് ഗവൺമെന്റ് ജീവനക്കാരും അദ്ധ്യാപകരുമായിട്ടുള്ളത്. നാലു ശതമാനത്തിൽ താഴെമാത്രം വരുന്ന ഇവർക്ക് ശമ്പളം, പെൻഷൻ, ഇവ കൊടുക്കാൻ തികയാതെ ആയിരക്കണക്കിന് രൂപയുടെ റവന്യൂ കമ്മിയുള്ള സംസ്ഥാനമാണ് കേരളം. 96 ശതമാനം വരുന്ന ഈ സംസ്ഥാനത്തിലെ ഇതര ജനവിഭാഗങ്ങൾക്കുവേണ്ടി കേരള സംസ്ഥാന

LIBRARY ARCHIVES Kerala Legislative Assembly

ത്തിന്റെ റവന്യൂവരുമാനത്തിൽ നിന്ന് ഒരു പൈസപോലും കൊടുക്കാൻ കഴിയുന്നില്ല. അങ്ങനെ കേരളത്തിന്റെ ഖജനാവിൽ നിന്നും പണം മുടക്കുമ്പോൾ ആ ജീവനക്കാർ പണിയെടുക്കുന്നുണ്ടോയെന്ന് പരിശോധിക്കാനുള്ള ഉത്തരവാദിത്വം നമുക്കില്ലേ? നമ്മുടെ വകുപ്പു മേധാവികൾക്കും ഗവൺമെന്റ് സെക്രട്ടറിമാർക്കും 11 മണിക്കു ഓഫീസിൽ വന്നാൽ മതിയെന്നായിട്ടുണ്ട്. ഒരു മണിക്ക് അവർക്കു വീട്ടിൽപ്പോകാം. പിന്നെ തിരികെ മൂന്നരയ്ക്കു വന്നാൽ മതി. ഞാൻ ചോദിക്കട്ടെ, പതിനൊന്നരയ്ക്കും മൂന്നരയ്ക്കുമിടയിൽ ഏതെങ്കിലും ഒരു വകുപ്പു തലവനോ ഒരു ഗവൺമെന്റ് സെക്രട്ടറിയോ ഈ സെക്രട്ടേറിയറ്റിൽ കാണുമോ? അവർക്കു അഞ്ചുമണിക്കു വീട്ടിൽപ്പോകാം. എല്ലാദിവസവും ഓഫീസിൽ വരണമെന്നില്ല. ചോദിച്ചാൽ പറയും, ടൂറാണെന്ന്. ഉയർന്ന ഉദ്യോഗസ്ഥന്മാരുടെ സ്ഥിതി അതാണെങ്കിൽ താഴെതലത്തിലുള്ള ഉദ്യോഗസ്ഥന്മാരുടെ സ്ഥിതി ഇതിനുമപ്പുറമാണ്. പത്തുമണിക്കു ഒരു ജീവനക്കാരൻ ഓഫീസിൽ വരുന്നുണ്ടോ എന്ന് പരിശോധിക്കാനുള്ള സംവിധാനമുണ്ടോ? മൂന്നു മണിക്കും മൂന്നരയ്ക്കുമിടയിൽ എല്ലാവരും വീട്ടിലേക്കു പോകുകയാണ്. കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ നിന്ന് വരുന്ന ഒരാൾ മൂന്നു മണിക്ക് പാസ് എടുത്ത് ഫയൽ അന്വേഷണത്തിനായി സെക്രട്ടേറിയറ്റിലേക്കു കടന്നു ചെല്ലുമ്പോൾ എങ്ങും ഒറ്റ ആളുമില്ല. പാവപ്പെട്ട ഇവർ തിരുവനന്തപുരത്തു വന്ന് 100-ഉം 200-ഉം രൂപ കൊടുത്ത് റൂമെടുത്ത് പിറ്റേദിവസം ചെല്ലുമ്പോഴും ഓഫീസിൽ ഒരു ജീവനക്കാരൻ കാണില്ല. അതുകൊണ്ട് ജീവനക്കാരുടെ എല്ലാ അവകാശങ്ങളും എന്തു പ്രയാസമുണ്ടെങ്കിലും കൊടുത്തുകൊണ്ട് അവർ പണിയെടുക്കുന്നുണ്ടോയെന്ന് പരിശോധിക്കാനുള്ള ഒരു സംവിധാനം കൂടിയുണ്ടാക്കണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോടഭ്യർത്ഥിക്കുവാനുള്ളത്. ഗ്രാമ-ത്രിതല പഞ്ചായത്ത് നടപ്പിലാക്കുന്ന അവസരത്തിൽ ഒരു ഭരണപരിഷ്ക്കാര കമ്മിഷനെ നിയമിക്കുന്ന കാര്യം കഴിഞ്ഞദിവസം മുഖ്യമന്ത്രി സഭയിൽ പറയുകയുണ്ടായി. ഒരു സമയബന്ധിതപദ്ധതിയുടെ അടിസ്ഥാനത്തിൽ കേരളത്തിൽ എന്തെങ്കിലും മാറ്റമുണ്ടാകണമെങ്കിൽ, വികസനമുണ്ടാകണമെങ്കിൽ ബ്യൂറോക്രസിയെ നിയന്ത്രിക്കുവാൻ കഴിയുന്ന തരത്തിൽ ഒരു ഭരണപരിഷ്ക്കാരമുണ്ടാക്കുന്ന കാര്യത്തിൽ ഈ ഗവൺമെന്റ് മറ്റെന്തിനേക്കാളും ഊന്നൽ കൊടുക്കണം.

മറ്റൊരു കാര്യം പറയനുള്ളത്, ബഡ്ജറ്റ് പ്രസംഗത്തിലും സാമ്പത്തിക സർവ്വേയിലും ആലപ്പുഴ ജില്ല കേരളത്തിലെ ഏറ്റവും പിന്നോക്കം നിൽക്കുന്ന ഒരു ജില്ലയായിട്ടാണ് കണ്ടത്. 1957-ൽ ആലപ്പുഴ ജില്ലയ്ക്ക് ഒന്നാംസ്ഥാനമായിരുന്നു. പഴയ തിരു-കൊച്ചിയിൽ ആലപ്പുഴ ജില്ലയ്ക്ക് ഒന്നാം സ്ഥാനമായിരുന്നു. അതിപ്പോൾ ക്ഷയിച്ചു ക്ഷയിച്ചു എല്ലാ കാര്യത്തിലും ആലപ്പുഴ ജില്ല ഏറ്റവും പുറകോട്ടായിരിക്കുന്നു. ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രിയും പ്രതിപക്ഷനേതാവുമടക്കം ഉൾക്കൊള്ളുന്ന ആലപ്പുഴ 1996-ലെ സാമ്പത്തിക സർവ്വേയിൽ പിന്നോക്കം പോയിരിക്കുന്നു. എല്ലാ ജില്ലകളുടെയും സന്തുലിതമായ വികസനമാണ് ലക്ഷ്യമെങ്കിൽ ഞാൻ ധനകാര്യവകുപ്പുമന്ത്രിയോടും ഗവൺമെന്റിനോടും അപേക്ഷിക്കുന്നു ആലപ്പുഴ ജില്ലയുടെ പിന്നോക്കാവസ്ഥ മാറ്റുന്നതിനുവേണ്ടി പ്രത്യേകപദ്ധതി നടപ്പിലാക്കിക്കൊണ്ട് മറ്റ് ജില്ലകളോടൊപ്പം ആലപ്പുഴ ജില്ലയെയും കൈപിടിച്ചുയർത്തുവാൻ ഈ ഗവൺമെന്റ് താല്പര്യം കാണിക്കണം. ഞാൻ ഈ ധനവിനിയോഗബില്ലിനെ ആത്മാർത്ഥമായി പിന്താങ്ങുന്നു.



LIBRARY ARCHIVES Kerala Legislative Assembly

ശ്രീ.പി.പി. സുലൈമാൻ റാവുത്തർ : സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ പിന്താങ്ങുന്നു. പ്രതിപക്ഷ നിരയിലെ രണ്ടു പ്രധാനപാർട്ടികളായ കോൺഗ്രസ് (ഐ)യും മുസ്ലീംലീഗും തമ്മിൽ രൂക്ഷമായ അഭിപ്രായവ്യത്യാസം നിലനിൽക്കുകയാണ്. മുസ്ലീംലീഗിലെ പ്രധാനപ്പെട്ട നേതാക്കളായ ശ്രീ. കുഞ്ഞാലിക്കുട്ടിയും ശ്രീ. മുഹമ്മദ് ബഷീറും നിരന്തരമായി സമന്വയത്തിന്റെ പാതയിലൂടെ പോകണമെന്ന് അഭ്യർത്ഥിച്ചിട്ടും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ നേതൃത്വത്തിലുള്ള കോൺഗ്രസ് (ഐ) അവരെ സംഘർഷത്തിന്റെ പാതയിലേയ്ക്ക് വലിച്ചുകൊണ്ടു പോകുന്ന ഒരു സ്ഥിതിയാണ് കാണാൻ കഴിയുന്നത്. കേരളത്തിലെ പ്രതിപക്ഷത്തിന് വാക്കൗട്ട്രോഗം പിടിപെട്ടിരിക്കുകയാണ്. എല്ലാം ദിവസവും ഒരു വാക്കൗട്ട് എന്ന മിനിമം പരിപാടിയുമായിട്ടാണ് അവർ ഈ സഭയിലേക്കു കടന്നു വരുന്നത്. കേന്ദ്രത്തിലെ ഗവൺമെന്റ് തങ്ങളുടെ നയവുമായി ബന്ധപ്പെട്ട് പോകുന്നു. തങ്ങളുടെ പൈതൃകമാണ് എന്ന് വാദിക്കുന് കോൺഗ്രസ് (ഐ) ചില പ്രശ്നങ്ങൾ മാത്രം അടർത്തിയെടുത്തുകൊണ്ട് കേന്ദ്രഗവൺമെന്റിനെ വിമർശിക്കുന്ന ഒരു സമീപനമാണ് സ്വീകരിക്കുന്നത്. കേരളത്തിന്റെ താല്പര്യങ്ങൾ പൂർണ്ണമായി സംരക്ഷിക്കുന്നില്ലെന്ന് പറഞ്ഞാൽ സമ്മതിക്കാം. 1989-ലും 1977-ലും അധികാരത്തിൽ വന്ന ഗവൺമെന്റുകൾ മാത്രമാണ് കേരളത്തിന്റെ താല്പര്യം അങ്ങേയറ്റം പരിരക്ഷിച്ചിട്ടുള്ളത്. ആപാതയിലൂടെയാണ് ഈ ഗവൺമെന്റും മുന്നോട്ടു പോകുന്നത്. കേന്ദ്രത്തിലെ കാര്യം നമുക്കറിയാം. റെയിൽവേ വികസനത്തിന്റെ കാര്യത്തിൽ 127 കോടി രൂപ ഈ ബഡ്ജറ്റിൽ കേന്ദ്ര ഗവൺമെന്റ് വകയിരുത്തിയിട്ടുണ്ട്. എന്നെങ്കിലും കോൺഗ്രസ്(ഐ)യുടെ ഗവൺമെന്റ് ഇത്രയും തുക കേരളത്തിനുവേണ്ടി നൽകിയിട്ടുണ്ടോ. നിങ്ങൾ ആലോചിക്കണം. കേരളത്തിലെ ബഡ്ജറ്റിലാണെങ്കിൽ സമസ്തമേഖലയെയും പുരോഗതിയിലേക്കു നയിക്കാൻ കഴിയുന്ന പരിപാടികളാണ് ഉദ്ദേശിച്ചിട്ടുള്ളത്. ജലസേചനപദ്ധതികൾക്കു കൂടുതൽ ഊന്നൽ അനുവദിച്ചുകൊണ്ട് കാർഷികമേഖലയ്ക്ക് ഊന്നൽ നൽകുന്ന സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. അതുപോലെതന്നെ വ്യവസായ രംഗത്തും ഇലക്ട്രിസിറ്റി ഉല്പാദനരംഗത്തും പ്രത്യേകമായ പരിഗണന കൊടുത്തിരിക്കുന്നു. ഇക്കാര്യങ്ങൾ കാണാതെ മുന്നോട്ടു പോകുന്നത് ശരിയല്ല. വിദ്യാഭ്യാസരംഗത്തും തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനും മുൻഗണന കൊടുക്കുന്നു. പക്ഷേ നിർഭാഗ്യമെന്നു പറയട്ടെ, ഡിവിഷൻ ഫോളിന്റെ അടിസ്ഥാനത്തിലും അൺഇക്കണോമിക് അടിസ്ഥാനത്തിലുമായി ഇടുക്കി ജില്ല പോലെയുള്ള മലയോരപ്രദേശങ്ങളെ വളരെയേറെ ദോഷകരമായി ബാധിക്കുന്ന ഒരു സമീപനമാണ് ഇന്നു കാണുന്നത്. അത് തിരുത്തണം. തീരദേശത്തെ പാവപ്പെട്ടവരോട് അങ്ങേയറ്റം പ്രതിബദ്ധത പുലർത്തുന്ന ഒരു സമീപനമാണ് ഈ ബഡ്ജറ്റിൽ സ്വീകരിച്ചിട്ടുള്ളത് എന്ന് കാണാൻ കഴിയും. ആ സമീപനം എന്തുകൊണ്ടോ കേരളത്തിലെ മലയോരപ്രദേശങ്ങളോട് കാണിക്കാൻ നിങ്ങൾ തയ്യാറായില്ല എന്നുള്ളത് ദുഃഖകരമാണ്. തീരദേശത്തെ തകർന്ന റോഡുകൾ പുനരുദ്ധരിക്കുന്നതിന് 4055 കോടി രൂപ ലോകബാങ്കിൽ നിന്നും സ്വീകരിക്കുമെന്ന് ഇവിടെ പറഞ്ഞിരുന്നു. കേരളത്തിലെ മലയോരപ്രദേശങ്ങളെക്കുറിച്ച് ചിന്തിക്കുവാൻ തയ്യാറാകാത്തത് വളരെ ഖേദകരമാണ്. അതുപോലെതന്നെ ഇവിടെ പല പ്രാവശ്യം അംഗങ്ങൾ ആവർത്തിച്ചുന്നയിച്ച ഒരു കാര്യമുണ്ട്. കേരളത്തിലെ ലക്ഷംവീടുകളുടെ പുനരുദ്ധാരണമാണത് നിരവധി തവണ ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും കേരളത്തിലെ ലക്ഷം വീടുകൾ പരിഷ്കരിക്കുന്ന കാര്യത്തിൽ യാതൊരു നിർദ്ദേശവുമില്ലാതെ പോയത് അങ്ങേയറ്റം ഖേദകരമാണ്. കേരളത്തിലെ ലക്ഷം വീടു

LIBRARY ARCHIVES Kerala Legislative Assembly

കൾ പുനരുദ്ധരിക്കുന്നതിനുവേണ്ടി ഒരു ലക്ഷം വീടിന് പതിനയ്യായിരം രൂപ വച്ച് നീക്കിവയ്ക്കുവാനും അതിനാവശ്യമായ ഫണ്ട് കണ്ടെത്താനും ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി തയ്യാറാകണം. സമൂഹത്തിലെ ദുർബ്ബല ജനവിഭാഗങ്ങളുടെ താല്പര്യം പരിരക്ഷിക്കുവാൻ ശ്രമിക്കുന്നതിനുവേണ്ടി ഈ ധനം വിനിയോഗിക്കുമെന്ന് പൂർണ്ണമായി ബോദ്ധ്യമുള്ളതുകൊണ്ട് ഞാൻ ഈ ബില്ലിനെ പിന്താങ്ങുന്നു.

ശ്രീ. എൻ. കണ്ണൻ : സർ, ഈ ധനവിനിയോഗ ബില്ലിനെ ഞാൻ ശക്തിയായി പിന്താങ്ങുന്നു. കഴിഞ്ഞ സർക്കാരിൽ നിന്നും വ്യത്യസ്തമായി എല്ലാ ജനവിഭാഗങ്ങൾക്കും ആശ്വാസം നൽകുന്ന ഒരു ബഡ്ജറ്റും അതിനുപയോഗിക്കത്തക്കവിധത്തിലുള്ള ഒരു ധനവിനിയോഗ ബില്ലുമാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. അതുകൊണ്ടുതന്നെ അതിനെ പിന്തുണയ്ക്കാതിരിക്കാൻ കഴിയില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സമസ്തമേഖലകളിലും അഴിമതിയും ദുർവിനിയോഗവും നടത്തിക്കൊണ്ട് കേരള സംസ്ഥാനത്തെ വളരെയധികം പിന്നോട്ടു കൊണ്ടുപോകുന്ന നടപടികളാണ് ഉണ്ടായിട്ടുള്ളത്. അതിൽ നിന്നും വ്യത്യസ്തമായി സമസ്തമേഖലകളിലെ ജനവിഭാഗങ്ങൾക്കും ജീവിക്കുന്നതിനുവേണ്ടിയുള്ള അംഗീകാരം കൊടുക്കുന്നതിനുവേണ്ടി അവതരിപ്പിച്ചിട്ടുള്ളതാണ് ഈ ബിൽ. കഴിഞ്ഞകാല ഗവൺമെന്റ് നമ്മുടെ സംസ്ഥാനത്തെ വ്യാവസായിക, കാർഷിക, വിദ്യാഭ്യാസമേഖലകളെ അവഗണിച്ചിരുന്നു. വ്യാവസായിക മേഖലയിൽ വളരെയധികം വ്യവസായസ്ഥാപനങ്ങൾ അടച്ചുപൂട്ടുകയും കാർഷികമേഖലയെ വളരെയധികം പുറകോട്ട് കൊണ്ടുപോവുകയും ചെയ്തു. സാമ്പത്തികമായി വരുമാനമുള്ള വ്യവസായങ്ങൾപോലും പൂട്ടുകയെന്നുള്ള മാനദണ്ഡമാണ് വ്യാവസായിക രംഗത്തുണ്ടായിരുന്നത്. എന്റെ തൊട്ടടുത്ത നിലമ്പൂർ നിയോജകമണ്ഡലത്തിൽ ഒരു പൊതുമേഖലാസ്ഥാപനം പൂട്ടിയെന്നു മാത്രമല്ല, അത് തുറക്കുന്നതിനുവേണ്ടിയുള്ള യാതൊരു ശ്രമങ്ങളും നടത്തിയിട്ടില്ല. അതിന്റെ ഫലമായിട്ട് നൂറുകണക്കിന് തൊഴിലാളികൾ തൊഴിൽരഹിതരായി പട്ടിണിയിലാവുകയുണ്ടായി. അതിനെ സംബന്ധിച്ച് പരിശോധിച്ചിട്ടില്ല. വിദ്യാഭ്യാസമേഖലയെ സംബന്ധിച്ചിടത്തോളം 1987-ൽ ഇ.എം.എസ്. ഗവൺമെന്റ് നടപ്പിലാക്കിയതാണ് പാവപ്പെട്ട കുട്ടികൾക്ക് സൗജന്യ വിദ്യാഭ്യാസവും മുഴുവൻ കുട്ടികൾക്കും വിദ്യാഭ്യാസം കിട്ടുന്ന സമ്പ്രദായവും. ആ സമ്പ്രദായത്തെ എതിർത്ത ആളുകളാണ് പ്രതിപക്ഷത്തിരിക്കുന്നവർ. കേരളത്തിൽ വിദ്യാഭ്യാസ പരിഷ്കാര നിയമം കർഷകത്തൊഴിലാളികൾക്കും ഹരിജനങ്ങൾക്കും ഗിരിജനങ്ങൾക്കും എന്നുവേണ്ട കേരളത്തിലെ സമസ്ത ജനങ്ങൾക്കും ഗുണം കിട്ടുന്നതായിരുന്നു. അതിനെതിരായിട്ട് വിദ്യാഭ്യാസ വിരുദ്ധസമരം നടത്തിയവരാണ് പ്രതിപക്ഷ നേതാവടക്കമുള്ള ആളുകൾ. അതിന്റെ തുടർച്ചയെന്നുള്ള നിലയിൽ 1991-ൽ അധികാരത്തിൽ വന്ന ഗവൺമെന്റ് സാധാരണക്കാർക്കു കൂടി കിട്ടേണ്ട വിദ്യാഭ്യാസ സൗകര്യങ്ങൾ പണക്കാർക്ക് മാത്രം കിട്ടുന്ന നിലവാരത്തിലേയ്ക്ക് മാറ്റി. ഇത്തരത്തിലുള്ള ദ്രോഹപരമായ നടപടികളാണ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഉണ്ടായിട്ടുള്ളത്. അതുകൊണ്ട് നമ്മുടെ വിദ്യാഭ്യാസരംഗത്ത് ഒരു അഴിച്ചുപണി നടത്തേണ്ടിയിരിക്കുന്നു. വളരെ ദുർബലമായിക്കൊണ്ടിരിക്കുന്ന കാർഷികമേഖലയിൽ നമ്മുടെ അദ്ധ്വാനഭാരം ഉപയോഗപ്പെടുത്താൻ തക്കവിധത്തിലുള്ള നടപടികളുണ്ടാകണം. അതുപോലെതന്നെ വിദ്യാഭ്യാസ മേഖലയിൽ കാര്യമായ മാറ്റങ്ങൾ വരുത്തുന്നതിനുവേണ്ടി സംസ്ഥാനഗവൺമെന്റ് എടുത്തിട്ടുള്ള നിലപാടിനെക്കുറിച്ച് ബഡ്ജറ്റിലും നയപ്രഖ്യാപനപ്രസംഗത്തിലും പറഞ്ഞിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത്

LIBRARY ARCHIVES Kerala Legislative Assembly

ധൂർത്തും സ്വജനപക്ഷപാതവുമാണ് ഈ രംഗത്തുണ്ടായിരുന്നത്. എന്നാൽ ഈ ഗവൺമെന്റ് സാധാരണ ജനങ്ങൾക്ക് ഗുണം കിട്ടുന്ന രീതിയിൽ ധനവിനിയോഗം നടത്തത്തക്കവിധത്തിലുള്ള പദ്ധതികളാണ് ബഡ്ജറ്റ് പ്രസംഗത്തിലും നയപ്രഖ്യാപന പ്രസംഗത്തിലും പറഞ്ഞിട്ടുള്ളത്. നമ്മുടെ സംസ്ഥാനത്തെ ലക്ഷം വീടു കോളനികളിലും ഹരിജൻ-ഗിരിജൻ കോളനികളിലുമൊക്കെ താമസിക്കുന്ന സാധാരണ ജനങ്ങൾക്ക് കുടിവെള്ളം കിട്ടാത്ത, വീടു വയ്ക്കാൻ സൗകര്യമില്ലാത്ത ബുദ്ധിമുട്ടുകൾ കഴിഞ്ഞകാല ഗവൺമെൻറിന്റെ കാലത്തുണ്ടായിട്ടുണ്ട്. അതുകൊണ്ട് ഇത്തരം കോളനികളിൽ കുടിവെള്ളമെത്തിക്കുന്നതിനും അവർക്ക് വീടു വയ്ക്കാനുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നതിനും വേണ്ടിയുള്ള സമയബന്ധിത പരിപാടികൾ ഈ ഗവൺമെന്റ് സ്വീകരിക്കുമെന്നുള്ള വിശ്വാസം എനിക്കുണ്ട്. അതുപോലെതന്നെ ദുർബല ജനവിഭാഗങ്ങളും സാധാരണക്കാരായ ജനങ്ങളും താമസിക്കുന്ന സ്ഥലങ്ങളിൽ അവരുടെ പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യങ്ങളുണ്ടാക്കിക്കൊടുക്കാനുള്ള നടപടികൾ കൂടി കൈക്കൊള്ളണം. കേരളത്തിലെ 21 ലക്ഷത്തോളം വരുന്ന കർഷകത്തൊഴിലാളികളിൽ പന്ത്രണ്ട് ലക്ഷത്തോളം തൊഴിലാളികൾ കർഷകത്തൊഴിലാളിക്ഷേമനിധിയിൽ ചേർന്നിട്ടുണ്ട്. 1987-ൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് നടപ്പിലാക്കിയ കർഷകത്തൊഴിലാളി ക്ഷേമനിധിയിലെ ആനുകൂല്യങ്ങളെയെല്ലാം തകർക്കുന്ന സമീപനമാണ് കഴിഞ്ഞ ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് എടുത്തിരുന്നത്. ആ ക്ഷേമനിധിയിൽ പറഞ്ഞിട്ടുള്ള ക്ഷേമപ്രവർത്തനങ്ങൾക്ക് മുൻതൂക്കം കൊടുത്തുകൊണ്ട് അതിൽ പറഞ്ഞിട്ടുള്ള ആനുകൂല്യങ്ങൾ നടപ്പിലാക്കാൻ വേണ്ടിയുള്ള നടപടികൾ ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം, അതിനുവേണ്ടി ധനം വിനിയോഗിക്കണം.

ആരോഗ്യരംഗത്തെക്കുറിച്ച് പറയുമ്പോൾ, 1991-ലെ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പണമുള്ളവർക്ക് മാത്രം ചികിത്സാസൗകര്യം ഏർപ്പെടുത്തുന്ന നടപടികളാണ് ഉണ്ടായിരുന്നത്. അതിന്റെ ഫലമായിട്ട് ധർമ്മാശുപത്രികളിലും പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലുമൊക്കെ സാധാരണക്കാരായ ആളുകൾ ചെന്നാൽ ചികിത്സാ സൗകര്യം കിട്ടാത്ത അവസ്ഥയുണ്ടായിരുന്നു അതിന് വിരുദ്ധമായി സാധാരണക്കാരന് ചികിത്സാസൗകര്യങ്ങൾ കിട്ടത്തക്ക വിധത്തിലുള്ള ചികിത്സാ സമ്പ്രദായം ഏർപ്പെടുത്തുന്നതിന്റെ ഒന്നാം പടിയായിട്ട് ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് ഏർപ്പെടുത്തിയിരുന്ന ഒ.പി. ടിക്കറ്റ് ചാർജ് പിൻവലിക്കുന്നതിനുള്ള നടപടികളാണ് ഇടതുപക്ഷമുന്നണി ഗവൺമെന്റ് ചെയ്തത്. കഴിഞ്ഞ കാലങ്ങളിൽ സാധാരണക്കാരായ ജനങ്ങൾ കേരളത്തിലുണ്ടായിരുന്ന ചികിത്സാ സംവിധാനങ്ങൾ നിലനിറുത്തിക്കൊണ്ടുള്ള ഗുണകരമായ നടപടികൾ ഇനിയും ഈ രംഗത്തുണ്ടാകണം. അതുപോലെതന്നെ കേരളത്തിലെ ദുർബല ജനവിഭാഗങ്ങൾക്ക് വീടുണ്ടാക്കുന്നതിനുവേണ്ടി ഹൗസിംഗ് ബോർഡിൽ കൊടുത്തിട്ടുള്ള അപേക്ഷകളിൻമേൽ യാതൊരു നടപടിയുമുണ്ടായിട്ടില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ പിടിപ്പുകേടുമൂലം സാമ്പത്തികമായി ഹൗസിംഗ് ബോർഡിനെ സഹായിക്കാത്തതുകൊണ്ട് വീടു വയ്ക്കുന്നതിനുള്ള ആനുകൂല്യങ്ങൾ അവർക്ക് ലഭിച്ചില്ല. ഈ ഗവൺമെന്റ് ആ രംഗത്ത് വളരെ ധീരമായ നടപടികൾ സ്വീകരിച്ചുകൊണ്ടു ദുർബല ജനവിഭാഗങ്ങൾക്ക് രണ്ടുലക്ഷത്തോളം വീടുകളുണ്ടാക്കി കൊടുക്കാനുള്ള സംവിധാനമാണ് ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിരിക്കുന്നത്. ഇത്തരം നടപടികൾ ഈ ഗവൺമെന്റ് സ്വീകരിക്കുമെന്നുള്ള ഉറച്ച വിശ്വാസമാണ് എനിക്കുള്ളത്. അതിനുവേണ്ടിയുള്ള നടപടിക്രമങ്ങളും സാമ്പത്തികമായ വിനി

LIBRARY ARCHIVES Kerala Legislative Assembly

യോഗവും ഈ ബഡ്ജറ്റിലുണ്ടാകുമെന്ന് ഞാൻ വിചാരിക്കുകയാണ്. ഈ വിധത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് നമ്മുടെ സംസ്ഥാനത്തെ ദരിദ്ര ജനവിഭാഗങ്ങൾക്കും ഹരിജനങ്ങൾക്കും ഗിരിജനങ്ങൾക്കും ഫലപ്രദമായ വിധത്തിൽ ധനവിനിയോഗം ചെയ്യുന്നതിനുവേണ്ടി കൊണ്ടുവന്നിട്ടുള്ള ധനവിനിയോഗ ബില്ലിനെ അനുകൂലിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നപ

*(അദ്ധ്യക്ഷവേദിയിൽ മി സ്പീക്കർ)*

ശ്രീ.ജി. കാർത്തികേയൻ : സർ, ബഹുമാനപ്പെട്ട ധനകാര്യ മന്ത്രി അവതരിപ്പിച്ച ധനവിനിയോഗ ബില്ലിനെ ഞാൻ എതിർക്കുന്നു. ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗം മുതൽ അതിനുശേഷം ധനകാര്യമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റും അതുമായി ബന്ധപ്പെട്ട് നടന്ന ചർച്ചകളും ചർച്ചകൾക്കു മറുപടി പറഞ്ഞുകൊണ്ട് ധനകാര്യമന്ത്രിയും മുഖ്യമന്ത്രിയും നടത്തിയ പ്രസംഗങ്ങളും എല്ലാം ഈ സഭയിലെ എല്ലാ അംഗങ്ങളും കേട്ടതാണ്. ഒരു ഗവൺമെന്റിന്റെ ഇച്ഛാശക്തിയെ പ്രകടിപ്പിക്കുന്നതിനു പകരം പ്രതിപക്ഷത്തെ രാഷ്ട്രീയ പ്രസ്ഥാനങ്ങളെ പ്രത്യേകിച്ച് ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിനെ പ്രാദേശിക തലത്തിലും ദേശീയതലത്തിലും അപമാനിക്കുന്നതിനും ആക്ഷേപിക്കുന്നതിനും മാത്രം ബഹുമാനപ്പെട്ട ഭരണകക്ഷി അംഗങ്ങളും മന്ത്രിമാരും സമയം കണ്ടെത്തിയത് സഭ ശ്രദ്ധിച്ചതാണ്. കേരളത്തിലെ പ്രതിപക്ഷത്തിരിക്കുന്ന ഐക്യജനാധിപത്യമുന്നണിയും കോൺഗ്രസ്സും മറ്റു ഘടകകക്ഷി അംഗങ്ങളും തമ്മിൽ അഭിപ്രായവ്യത്യാസമുള്ളതും യോജിപ്പില്ലാതെ ഐക്യജനാധിപത്യമുന്നണി മുന്നോട്ടു പോകുന്നതും ഉദാഹരണങ്ങളൊന്നുമില്ലെങ്കിലും ചൂണ്ടിക്കാണിച്ചുകൊണ്ട് ചില പ്രസംഗങ്ങൾ നടന്നു. അതിനെക്കുറിച്ച് ദീർഘമായി മറുപടി പറയാൻ ഞാൻ ഈ അവസരം ഉപയോഗിക്കുന്നില്ല. ഇവിടെ ബഡ്ജറ്റ് അവതരിപ്പിച്ചശേഷം ധാരാളം ചർച്ചകൾ നടന്നു. ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗത്തിനുശേഷം ഇവിടെ വന്ന നിർദ്ദേശങ്ങൾക്കും ആക്ഷേപങ്ങൾക്കും അദ്ദേഹത്തിന്റെ മറുപടി എന്തായിരുന്നു. അദ്ദേഹത്തിന് വാചാലമായ കഴിവുകളും പുരാണങ്ങളിൽ അവഗാഢമായ പാണ്ഡിത്യവും പദങ്ങളെ നന്നായി സന്ദർഭത്തിനൊത്ത് പ്രയോഗിക്കുവാനുള്ള കഴിവും ഉണ്ട്. അതിലൂടെയുള്ള മറുപടിക്കപ്പുറം പ്രതിപക്ഷത്തു നിന്നും ആരെങ്കിലും ഉയർത്തിക്കൊണ്ടുവന്ന സമ്പദ്ഘടനയുമായി ബന്ധപ്പെട്ട് എന്തെങ്കിലും മറുപടി അദ്ദേഹം പറഞ്ഞോ? ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബഡ്ജറ്റ് ചർച്ചയ്ക്ക് മറുപടി പറയാൻ ഇവിടെ ഇല്ലായിരുന്നു. ഗവർണ്ണറുടെ നയപ്രഖ്യാപനത്തിന് അദ്ദേഹം മറുപടി പറഞ്ഞു. ആ പ്രസംഗത്തിൽ ആദ്യം മുതൽ അവസാനംവരെ എവിടെയോ കരുതിവച്ച പ്രസംഗംപോലെ അദ്ദേഹം ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിനെയും ഞങ്ങളെയും ആക്ഷേപിക്കുന്ന പ്രസംഗം നടത്തി. ആ ഒരു നിലവാരത്തിലേക്ക് ബഹുമാനപ്പെട്ട ധനകാര്യ മന്ത്രി പോയില്ലെങ്കിൽപോലും യഥാർത്ഥ പ്രശ്നങ്ങളിലേക്ക് പോയില്ല. അദ്ദേഹം എടുത്തു പറയുന്ന ഒരു കാര്യം കാലയളവാണ്; ഞങ്ങൾ ഇപ്പോൾ അധികാരത്തിൽ കയറിയതേയുള്ളു എന്നുള്ളതാണ്. അദ്ദേഹത്തിന്റെ ഭാഷയിൽ 1991-ൽ ചരിത്രത്തിന്റെ ഒരു കൈത്തെറ്റുപോലെ അധികാരത്തിൽ വന്ന ഐക്യജനാധിപത്യ മുന്നണിയിൽ നിന്നും കേരള ജനതയെ രക്ഷിക്കുന്നതിനു വേണ്ടി അധികാരത്തിൽവന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി എന്നാണ്. നിങ്ങളുടെ പക്കലുള്ള ചെപ്പടിവിദ്യകൾ എന്താണ്? കണക്കുകളിലെ കസർത്തുകൾക്കപ്പുറം കൈത്തെറ്റുപോലെ അധികാരതത്തിൽ വന്ന ഐക്യജ



LIBRARY ARCHIVES Kerala Legislative Assembly

നാധിപത്യ മുന്നണിയിലെ തെറ്റുകളെ മാറ്റുന്നതിനും വികസനമേഖലയെ മുന്നോട്ടു കൊണ്ടു പോകുന്നതിനും സാധാരണഗതിയിൽ കവിഞ്ഞ ഒരു ബഡ്ജറ്റിനപ്പുറം ഇടതുപക്ഷ ജനാധിപത്യ മുന്നണി എന്നു പറയുന്ന, ജനങ്ങളെ ഉദ്ധരിക്കാൻ പര്യാപ്തമായ,എന്നവകാശപ്പെടുന്ന മുന്നണിയുടെ പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ എന്താണ്? അല്ലെങ്കിൽ, ആ നിർദ്ദേശങ്ങൾക്ക് എന്തെങ്കിലും മറുപടി പറഞ്ഞോ? ഒരു ഗവൺമെന്റിന്റെ മാറ്റുരയ്ക്കുന്നതിന് കാലയളവ് പ്രധാനപ്പെട്ട ഘടകമാണെങ്കിലും തുടക്കം അറിയാം. കൈത്തെറ്റിനെ മാറ്റി ഒരു ചരിത്ര നിയോഗംപോലെ അധികാരത്തിൽവന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് തുടക്കത്തിലേ പാളിച്ചകൾ പറ്റിയിരിക്കുന്നു. ആ തുടക്കത്തിലെ പാളിച്ചകൾക്ക് ധാരാളം ഉദാഹരണങ്ങളുണ്ട് ഞാൻ അതിലേക്കൊന്നും ഇപ്പോൾ കടക്കുന്നില്ല.

ലോക്കപ്പ് മരണത്തെക്കുറിച്ച് ശ്രീ.ജി.സുധാകരൻ ഇവിടെ സബ്മിഷൻ അവതരിപ്പിച്ചു. ലോക്കപ്പ് മരണങ്ങളും ക്രമസമാധാനരംഗവും ഇടതുമുന്നണിക്ക് ഒരു പ്രശ്നമല്ലെന്ന് ഞങ്ങൾക്കറിയാം. ശ്രീ.പി.ആർ.കുറുപ്പിനെതിരെ മത്സരിച്ച സ്ഥാനാർത്ഥിയെ കൊലചെയ്തപ്പോൾ അതിന് അതിന്റേതായ കാരണം. കേരളമെമ്പാടും സംഘട്ടനങ്ങൾ നടക്കുമ്പോൾ അതിന്റേതായ കാരണങ്ങൾ ബഹുമാനപ്പെട്ട സ്പീക്കർ യുവജന വിദ്യാർത്ഥിസംഘടനയിൽ നിന്നുയർന്നുവന്ന ആളാണ്. കേരളത്തിലെ കോളേജുകളിൽ തെരഞ്ഞെടുപ്പ് നടക്കാൻ പോകുന്നു. കൊലപാതകം നടന്നാൽ മാത്രമേ നിങ്ങൾ ശ്രദ്ധിക്കുകയുള്ളൂ. കേരളത്തിന്റെ കോളേജ് അങ്കണങ്ങളിൽ പല കോളേജുകളിലും സംഘട്ടനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. അധികാരത്തിന്റെ ധിക്കാരംകൊണ്ട് പുറമേയുള്ള നിങ്ങളുടെ പാർട്ടിപ്രവർത്തകന്മാർ കോളേജിനകത്തേക്ക് കടന്നു ചെല്ലുന്നു. പല പോലീസ് സ്റ്റേഷന്റെയും മുമ്പിൽ ധർണ്ണകളും യോഗങ്ങളും നടക്കുന്നു. ഏതെങ്കിലും കോളേജങ്കണത്തിൽ കൊലപാതകം നടന്നെങ്കിൽ മാത്രമേ ശ്രദ്ധിക്കുകയുള്ളോ? അധികാരത്തിന്റെ മേധാവിത്വം കയ്യിൽ ലഭിച്ചതിന്റെ അഹങ്കാരത്തിൽ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രാദേശിക നേതാക്കന്മാർ കോളേജുകളിലേക്ക് ഇരമ്പിക്കയറുന്ന അപകടകരമായ പ്രവണത കേരളത്തിൽ ആരംഭിച്ചിരിക്കുന്നു. അതു നിങ്ങളുടെ കാലത്താണ്. ധനകാര്യമന്ത്രി ഒരു കാര്യം ശ്രദ്ധിക്കണം. അങ്ങ് കൊണ്ടുവന്ന വികസനപ്രവർത്തനങ്ങൾ, അങ്ങ് കൊണ്ടുവരുന്ന പദ്ധതികൾ കേരളത്തിലെ ജനങ്ങൾക്ക് ബോദ്ധ്യപ്പെടണം. അവരുടെ വ്യക്തിജീവിതത്തിലേക്ക് അതിന്റെ ഒരു സാന്നിദ്ധ്യാബോധമുണ്ടാകണം. ഞങ്ങൾ പ്രധാനമായി പറഞ്ഞത് വിലക്കയറ്റമാണ്. എന്തുപറഞ്ഞാലും നിങ്ങൾ വളരെ നിസ്സാരമായി മറുപടി പറയും. രാവിലെ ശ്രീ.കെ.എം.മാണി കൊണ്ടുവന്ന വിഷയത്തിന് നിങ്ങൾ വളരെ നിസ്സാരമായി മറുപടി പറഞ്ഞു. ഞങ്ങളാരും വെല്ലുവിളിക്കാൻ വന്നില്ല. നിങ്ങൾ പറയുന്ന വിലയ്ക്ക് ചാലക്കമ്പോളത്തിൽനിന്നും പാളയം കമ്പോളത്തിൽനിന്നും പേരൂർക്കട കമ്പോളത്തിൽനിന്നും ഏതെങ്കിലും സാധനം വാങ്ങാൻ കഴിയുമോ? ഞാൻ ഒരു വെല്ലുവിളിയുമായി വന്നില്ല. കാരണം കിട്ടില്ല എന്നത് കേരളത്തിലെ ജനങ്ങൾക്കറിയാം. വിലക്കയറ്റത്തിനു പ്രധാന പങ്ക് വഹിക്കുന്നത് വ്യാപാരസമൂഹമാണ്. ബഹുമാനപ്പെട്ട അങ്ങ് ശ്രദ്ധിച്ചിട്ടുണ്ടോ? മലപ്പുറം ജില്ലയിൽ ഇന്നു വ്യാപാരികൾ ഹർത്താലിലാണ്. ചാലക്കമ്പോളത്തിൽ ഒരു കച്ചവടക്കാരനെ തൊഴിലാളികളും തൊഴിലാളി നേതാക്കന്മാരും തല്ലിയതിന്റെ പേരിൽ അയാൾ ജനറൽ ഹോസ്പിറ്റലിലാണ്. അത് ഒരു ഒറ്റപ്പെട്ട കാര്യമല്ല. കേരളത്തിലെ വ്യാപാരസമൂഹത്തെ ട്രേഡ് യൂണിയന്റെ ബലത്തിൽ പിടിച്ചു നിർത്താൻ ഈ ഭരണസമൂഹം തുടങ്ങിയിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശവശരീരത്തിന് അട്ടിമറിക്കൂലി ചോദിച്ച സി.ഐ.ടി.യുവിന്റെ ഒരു അധികാര കാലം ഉണ്ടായിരുന്നു. അതുപോലെയുള്ള ഒരു കാലം രണ്ടു മാസത്തിനുള്ളിൽ കേരളത്തിൽ ആരംഭിച്ചിരിക്കുന്നു. സമരം നടത്തിയതിന്റെ പേരിൽ തൊഴിലാളികൾ പറഞ്ഞത് ചെയ്യാത്തതിന്റെ പേരിൽ, ആശുപത്രിയിൽ കിടക്കുന്ന കച്ചവടക്കാരൻ ഐക്യജനാധിപത്യ മുന്നണിക്കാരനല്ല. ഞങ്ങൾ അയാളെ തിരക്കിപോയില്ല. ഇപ്പോൾ ചാലയിൽ തൊഴിലാളികൾ സമരത്തിലാണ്. വ്യാപാര സമൂഹത്തിൽ അസ്വസ്ഥതകൾ വന്നാൽ അതു കേരളത്തിന്റെ ജനജീവിതത്തെ എങ്ങനെ ബാധിക്കുമെന്ന് ഞാൻ ധനകാര്യമന്ത്രിയോട് പറയേണ്ട കാര്യമില്ല. കച്ചവടക്കാർ കച്ചവടം ചെയ്യുന്നത് ലാഭത്തിനുവേണ്ടിയാണ്. കൂട്ടിയിടപ്പെടുന്ന വസ്തുക്കൾക്ക് കൂടുതൽ ലാഭം കൊയ്യുന്നതിനുവേണ്ടി അവർ ശ്രദ്ധിക്കും. ആ സമയത്തൊക്കെ ഈ കണക്കുകളുമായി മുന്നോട്ടു പോകുവാൻ കഴിയുകയില്ല. അങ്ങ് അത് ശ്രദ്ധിക്കണം. ഞാൻ പറഞ്ഞത്, അധികാരത്തിൽ വന്ന ചുരുക്കം ദിവസങ്ങൾക്കുള്ളിൽ ഇവിടെ ശ്രീ. സത്യൻമൊകേരി അടക്കമുള്ളവർ പ്രസംഗിച്ചത് പ്രതിപക്ഷം സഹകരിക്കണം എന്നാണ്. പ്രതിപക്ഷം ഏതു കാര്യത്തിലാണ് സഹകരിക്കേണ്ടത്? ബഹുമാനപ്പെട്ട പിണറായി വിജയൻ സഹകരണമേഖലയിൽ ജനാധിപത്യം പൂർണ്ണമായി നശിപ്പിച്ചു എന്നു ഞാൻ പറയുന്നില്ല. എങ്കിലും ലഭ്യമായ സമയത്തിനുള്ളിൽ അദ്ദേഹത്തിന്റെ മികവ് കാണിക്കുന്നു. ഞങ്ങൾ അതിൽ സഹകരിക്കണോ? പച്ചക്കറിക്കും നിത്യോപയോഗസാധനങ്ങൾക്കും സൗമ്യനായ മന്ത്രിയുണ്ടെങ്കിലും വാണംപോലെ വില കുതിച്ചുകയറുന്നു. ഞങ്ങൾ സഹകരിക്കണോ? അക്രമരാഷ്ട്രീയം നടക്കുന്നു. ഞങ്ങൾ സഹകരിക്കണോ? കോളേജുകളിൽ സംഘട്ടനം നടക്കുന്നു. ഞങ്ങൾ സഹകരിക്കണോ? ഞങ്ങൾ എന്തിനോടാണ് സഹകരിക്കേണ്ടത്? നിങ്ങളുടെ സൃഷ്ടിപരമായ പ്രവർത്തനങ്ങളോട് സഹകരിക്കാൻ ഞങ്ങൾ തയ്യാറാണ്. പക്ഷെ നിങ്ങളുടെ സമീപനം എന്താണ്? ഇവിടെ ധാരാളം ആളുകൾ പ്രസംഗിച്ചു. കേരള രാഷ്ട്രീയത്തിൽ ബഹുമാനപ്പെട്ട പി.ആർ.കുറുപ്പും ശ്രീ. ബേബിജോണും ശ്രീ. ടി. ശിവദാസമേനോനും അടക്കമുള്ള പഴക്കമുള്ള നേതാക്കന്മാർ ഉണ്ട്. മുന്നണി രാഷ്ട്രീയം കേരളത്തിൽ ആരംഭിച്ചത് 1967-ലാണ്. 1967-ൽ നമ്മളെല്ലാം ഒറ്റയ്ക്ക് മത്സരിച്ചു. ആർക്കും ഭൂരിപക്ഷം കിട്ടിയില്ല. ഇവിടെ പലരും പഴയ പ്രസംഗങ്ങൾ ക്വോട്ടു ചെയ്തു. ഈ നിയമസഭയ്ക്കകത്തും പുറത്തും ഓരോ മുന്നണിയുടെ നേതാക്കൻമാരും എം.എൽ.എ.മാരും ഓരോ കാലഘട്ടങ്ങളിൽ പ്രസംഗിച്ചതിനെ ഉദ്ധരിച്ചു. അങ്ങനെ ക്വോട്ടു ചെയ്താൽ ആർക്കെങ്കിലും ഈ നിയമസഭയ്ക്കകത്തിരിക്കാൻ പറ്റുമോ? മാർക്സിസ്ററു പാർട്ടി നേതാക്കൻമാർ, മന്ത്രിമാർ സഖാവ് ടി.വി. തോമസ്സിനെതിരായും എം.എൻ.ഗോവിന്ദൻ നായർക്കെതിരായും സി.എച്ച്.മുഹമ്മദ് കോയയ്ക്കെതിരായും ടി.കെ. ദിവാകരനെതിരായും അഴിമതി ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ടു നടത്തിയ പ്രസംഗങ്ങൾ ഞങ്ങൾ ഉദ്ധരിക്കണോ? അങ്ങനെ ഉദ്ധരിച്ചാൽ ഇവിടെയിരിക്കുന്ന ശ്രീ. ലോനപ്പൻ നമ്പാടന് പയാൻ കഴിയുമോ? നാം കാണാത്ത മുന്നണികളും നാം കാണാത്ത ബന്ധങ്ങളും കൊണ്ട് മാറിമാറി ഇവിടെ എല്ലാ മന്ത്രിസഭകളിലും എല്ലാ മുന്നണിയിലും എല്ലാവരും ഇരുന്നിട്ടുണ്ട്. എന്നോ ഒരു സമയത്ത് ശ്രീ. എ.കെ. ആന്റണി പ്രസംഗിച്ചത്, എന്നോ ഒരു സമയത്ത് ശ്രീ. ഉമ്മൻചാണ്ടി പ്രസംഗിച്ചത്, എന്നോ ഒരു സമയത്ത് മറ്റാരെങ്കിലും പ്രസംഗിക്കുന്ന പ്രസംഗങ്ങൾ ഉദ്ധരിച്ചുകൊണ്ടു നിങ്ങളുടെ ഐക്യം എന്താണ് എന്നു ചോദിക്കുന്നുണ്ടല്ലോ? ഇവിടെ ആരോ പണ്ട് ശ്രീ. ഉമ്മൻചാണ്ടി പ്രസംഗിച്ചതിനെക്കുറിച്ച് പറയുന്നതു കേട്ടു. ശരിയാണ്, 1980-ൽ അങ്ങനെ ഒരു മുന്നണിയുണ്ടായി

LIBRARY ARCHIVES Kerala Legislative Assembly

രുന്നു. 1977-ലെയും 1971-ലെയും മുന്നണി എന്തായിരുന്നു. ശ്രീ. സി.അച്യുത മേനോനെ ഡൽഹിയിൽ നിന്നു കൊണ്ടുവന്ന് നമ്മൾ ഇവിടെ ഭരണം നടത്തയിട്ടില്ലേ? അന്നത്തെ പ്രസംഗങ്ങളെ ഞാൻ ഉദ്ധരിക്കണോ? അതുകൊണ്ട് ഓരോ സന്ദർഭത്തിലും പല കാരണങ്ങൾ കൊണ്ട് കേരളത്തിൽ മുന്നണിയിൽ മാറ്റമുണ്ടായിട്ടുണ്ട്. പുതിയ രാഷ്ട്രീയ സഖ്യങ്ങൾ ഉണ്ടായിട്ടുണ്ട്. ബന്ധങ്ങൾ ഉണ്ടായിട്ടുണ്ട്. ഞങ്ങളാരും കമ്മ്യൂണിസ്റ്റു വിരോധികളല്ല. പക്ഷെ കമ്മ്യൂണിസ്റ്റുകാരുടെ തെറ്റുകൾ ഞങ്ങൾ ചോദ്യം ചെയ്യും. ഞങ്ങൾ എന്തിന് കമ്മ്യൂണിസ്റ്റു വിരോധികളാവുന്നു? ഞങ്ങൾ കമ്മ്യൂണിസ്റ്റുകാരുമായിട്ട് അധികാരത്തിലിരുന്നിട്ടുള്ളവരാണ്. ഞങ്ങൾ ശ്രീ. അച്യുതമേനോനെ മുഖ്യമന്ത്രിയായി അംഗീകരിച്ചിട്ടുള്ളവരാണ്. അതുകൊണ്ട് ഞങ്ങളാരും കമ്മ്യൂണിസ്റ്റു വിരോധികളല്ല. പക്ഷെ ചരിത്രത്തിന്റെ സത്യങ്ങളോട് തിരിഞ്ഞു നില്ക്കുന്ന ഏർപ്പാടുണ്ടല്ലോ? യോജിക്കേണ്ട സന്ദർഭങ്ങളിൽ യോജിക്കാൻ പല സന്ദർഭങ്ങളിലും ഞങ്ങൾ തയ്യാറായിട്ടുണ്ട്. ഇപ്പോൾ ശ്രീ.ഇ.കെ. നായനാർ ഇവിടെ ഇല്ല. അദ്ദേഹംകൂടി കേൾക്കേണ്ട ഒരു കാര്യമാണ്. അദ്ദേഹം ഇവിടെ ചോദിച്ചു ശ്രീ. എ. കെ. ആന്റണി ഇപ്പോൾ ആരോടൊപ്പമാണ് എന്ന്. ഞങ്ങളുടെ പാർട്ടിയിൽ അഭിപ്രായവ്യത്യാസമുണ്ടെന്നു ഞങ്ങൾ സമ്മതിക്കുന്നു. അതു ഒരു പുതിയ കാര്യമൊന്നുമല്ല. ശ്രീ. ഇ.കെ. നായനാർ മുഖ്യമന്ത്രിയാകുന്നതിനെതിരെ കൈപൊക്കിയ ആളുകൾ നായനാർ മന്ത്രിസഭയിലില്ലേ? ഞങ്ങൾ അതു ചോദിച്ചോ? ശ്രീ. ഇ.കെ. നായനാർ മുഖ്യമന്ത്രിയാകണോ മറ്റാരെങ്കിലും മുഖ്യമന്ത്രിയാകണോ എന്നത് പാർട്ടിയിലെ ജനാധിപത്യമാണ്. ഞങ്ങൾ അതിനെ ബഹുമാനിക്കുന്നു. അപ്പോൾ ശ്രീ. നായനാർക്കെതിരെ പാർട്ടിക്കകത്ത് കൈപൊക്കിയ ആളുകൾ അദ്ദേഹത്തോടൊപ്പം മന്ത്രിസഭയലില്ലേ? അതുകൊണ്ട് കമ്മ്യൂണിസ്റ്റു പാർട്ടി പിരിച്ചുവിടണമെന്നു ഞങ്ങൾ പറയുന്നുണ്ടോ? നിങ്ങളുടെ ആഭ്യന്തരമായ കുഴപ്പങ്ങളിലേക്കൊന്നും ഞാൻ കടക്കുന്നില്ല. ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗം വരുമ്പോഴും ബഡ്ജറ്റ് പ്രസംഗം വരുമ്പോഴും നിങ്ങൾ ഒറ്റ വിഷയം മാത്രമേയുള്ളു; കോൺഗ്രസിന്റെ ആഭ്യന്തര കാര്യം മാത്രം. ഇവിടെ മറ്റു കുഴപ്പമൊന്നുമില്ല. ചരിത്രത്തിന്റെ കൈത്തെറ്റ് എന്നു പറയുന്നത്, 1991-ൽ അധികാരത്തിൽ വന്ന ഐക്യജനാധിപത്യമുന്നണിയല്ല. യുഗപരിണാമമല്ല, യുഗസന്ധ്യയല്ല. ചരിത്രത്തിന്റെ കൈത്തെറ്റ് എന്നു പറയുന്ന ഐക്യമുന്നണിക്ക് ഇൻഡ്യയിൽ കോൺഗ്രസ് പിന്തുണ കൊടുക്കുമെന്നു വിശ്വസിക്കുന്ന രാഷ്ട്രീയ പ്രവർത്തകനാണ് ഞാൻ.

ബഹുമാനപ്പെട്ട നേതാവ് ശ്രീ. ആന്റണിയുടെ അഭിപ്രായം എനിക്കറിയുകയില്ല. കാരണം ഞങ്ങൾ അനുഭവിക്കുന്ന അപമാനം എന്താണ്? പാർലമെന്റിൽ ഇൻഡ്യൻ നാഷണൽ കോൺഗ്രസിന്റെ 148 എം.പി.മാരുണ്ട്. ജനതാദളിന് 40 പേർ. ഓരോ പാർട്ടികളുടേയും എണ്ണത്തെ ഞാൻ പറയുന്നില്ല. ഇൻഡ്യൻ നാഷണൽ കോൺഗ്രസ് ഇൻഡ്യയിൽ ചെയ്തിരിക്കുന്ന തെറ്റെന്താണ്? ഭരണഘടനാപരമായ പ്രതിസന്ധി ഒഴിവായത്. ഞങ്ങൾ പിന്തുണ കൊടുക്കുന്നതുകൊണ്ടല്ലേ? ഇൻഡ്യയുടെ ജനാധിപത്യ സംവിധാനവും, ഭരണഘടനയും അനുസരിച്ച് ഏറ്റവും കൂടുതൽ എം.പി.മാരുള്ള പാർട്ടികളെ വിളിക്കണമെങ്കിൽ ബി.ജെ.പി.കഴിഞ്ഞ് വിളിക്കേണ്ടത് ആരെയാണ്. ശ്രീ. ദേവഗൗഡയെ ആണോ? ബി.ജെ.പി. കഴിഞ്ഞാൽ വിളിക്കേണ്ടത് കോൺഗ്രസിനെയാണ്. അതിന് ഞങ്ങൾ കാത്തുനിന്നില്ല. ജനങ്ങൾ ഞങ്ങളെ നിരാകരിച്ചത് ഞങ്ങൾക്കറിയാം. ചരിത്രവും, ജനങ്ങളും ഞങ്ങൾക്കു നൽകിയ താക്കീതിനെ ഗൗരവബോധത്തോടുകൂടി എടുത്തുകൊണ്ട് രണ്ടാമൂഴത്തിലേയ്ക്കും, മൂന്നാമൂഴത്തിലേയ്ക്കും ഞങ്ങൾ കാത്തുനിന്നില്ല. അതുകൊണ്ട് നാൽപ്പതു പേരുള്ള

LIBRARY ARCHIVES Kerala Legislative Assembly

ആൾ ഇൻഡ്യയുടെ പ്രധാനമന്ത്രി ആയപ്പോൾ ഞങ്ങൾ പിന്തുണ കൊടുത്തതിനുശേഷം നിങ്ങളുടെ ചോദ്യങ്ങളും ആക്രമണങ്ങളും എന്താണ്? ചരിത്രസത്യങ്ങളോട് എന്നും നീതി പുലർത്തുന്നവരാണ് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം. ചരിത്ര യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കുന്നുവെന്ന് കമ്മ്യൂണിസ്റ്റുകാർ എപ്പോഴും പറയാറുണ്ട്. നിങ്ങളുടെ ശ്രദ്ധയെ ഞാൻ സോവിയറ്റ് യൂണിയനിലേയ്ക്ക് കൊണ്ടുപോകുന്നു. നിങ്ങളെ ബോറടിപ്പിക്കുന്നതിനുവേണ്ടിയല്ല. ഇന്ന് ഇൻഡ്യയുടെ സ്ഥിതിയെന്താണ്? എന്തിനാണ് നിങ്ങൾ അഹങ്കരിക്കുന്നത്? ഇവിടെ മുൻനിരയിലിരിക്കുന്ന രാഷ്ട്രീയനേതാക്കന്മാരും, മന്ത്രിമാരും, പിൻനിരയിലിരിക്കുന്ന ആളുകളും ഓർക്കണം. നിങ്ങളുടെയാരുടെയെങ്കിലും പാർട്ടികളുടെ എന്തു സംഭാവനയാണ് ഞങ്ങൾക്കുള്ളത്? കോൺഗ്രസ് അധികാരത്തിൽ നിന്ന് പോകുന്നതിന് ഉണ്ടാകുമായിരിക്കാം യുഗപരിണാമം വന്നിരിക്കുന്നു. ഇന്ത്യയിൽ ഒരു മാറ്റം വന്നിരിക്കുന്നുവെന്ന് നിങ്ങൾ പറയുന്നു. കോൺഗ്രസിന്റെ ഏകകക്ഷി ഭരണം അവസാനിച്ചിരിക്കുന്നു. ഞാൻ വിനയപുരസരം ചോദിക്കട്ടെ. എന്താണ് നിങ്ങളുടെ സംഭാവന ഇപ്പോൾ അധികാരത്തിലിരിക്കുന്ന നിങ്ങൾ ഐക്യജനാധിപത്യമുന്നണിയുമായി തെരഞ്ഞെടുപ്പിൽ മത്സരിച്ചവരാണോ? ഇപ്പോൾ അധികാരത്തിലിരിക്കുന്ന കോൺഗ്രസിനേയും, ബി.ജെ.പി.യേയും അധികാരത്തിൽ നിന്ന് മാറ്റി ഞങ്ങളെ അധികാരത്തിൽ കൊണ്ടുവരണമെന്ന് ജനങ്ങളോട് ആവശ്യപ്പെട്ടുകൊണ്ട്, തെരഞ്ഞെടുപ്പിൽ മത്സരിച്ച് അധികാരത്തിൽ വന്നവരാണോ? അധികാരം ലഭിക്കുന്നതിനുവേണ്ടി ചരിത്രത്തിന്റെ ഏത് കൈത്തട്ടുകളോടും സമരസപ്പെട്ടുകൊണ്ട് നിൽക്കുന്ന നിങ്ങളുടെ രാഷ്ട്രീയ തീരുമാനത്തിന് ഇന്നലെകളുടെ ചരിത്രത്തിൽ സമാനതകളില്ല എന്ന് ഞാൻ പറയുന്നു. നിങ്ങൾ കോൺഗ്രസിനെ കുറ്റം പറയുന്നു. പാർട്ടിയെ കുറ്റപ്പെടുത്തുന്നതിനുവേണ്ടിയല്ല പറയുന്നത്. നിങ്ങളുടെ നേതാവ് ആരാണ്? ഇൻഡ്യൻ പാർലമെന്റിൽ സഖാവ് എ.കെ.ഗോപാലൻ ഇരുന്ന സീറ്റിൽ റാം മനോഹർ ലോഹ്യ ഇരുന്ന സീറ്റിൽ ജവഹർലാൽ നെഹ്റുവും, ഇന്ദിരാഗാന്ധിയും, രാജീവ്ഗാന്ധിയും ഇരുന്ന സീറ്റിൽ അന്ധമായ കോൺഗ്രസ് വിരോധത്തിന്റെ പേരിൽ നിങ്ങൾ ഫൂലൻദേവിയെ കൊണ്ടിരുത്തി. നിങ്ങൾ ആരോടാണ് ചോദിക്കുന്നത്? തോക്കുനിറയുണ്ട വീണ്, സമരം നടത്തി, തെരുവീഥികളിൽ പിടഞ്ഞുവീണു മരിച്ച് നേടിയതാണ് ഇൻഡ്യൻ നാഷണൽ കോൺഗ്രസ് പ്രസ്ഥാനം. 40 പേരെ വെടിയുണ്ടയുതിർത്ത ഫൂലൻദേവിയെ ജയിപ്പിച്ചപ്പോൾ, ആ ഫൂലൻദേവിക്കെതിരെ മത്സരിക്കാൻ സ്ഥാനാർത്ഥിയെയുണ്ടാക്കിയത് ഞങ്ങളാണ്. ഇവിടെ ധനകാര്യവകുപ്പുമന്ത്രി പ്രസംഗിച്ചു. കാവിപ്പടയെ കൊണ്ടു വരാതിരിക്കുന്നതിനുവേണ്ടി ഞങ്ങൾ ശ്രമിച്ചുവെന്ന്. Iam Proud of it.

കാവിപ്പട ഇൻഡ്യൻ പാർലമെന്റിലേയ്ക്ക് വരാതിരിക്കാൻ ശ്രമിച്ചത് ഞങ്ങളാണ്. ഞങ്ങളെന്നും പറയും നിങ്ങളുടെ അന്ധമായ കോൺഗ്രസ് വിരോധം. ഇൻഡ്യൻ പാർലമെന്റിൽ കേവലം രണ്ടുസീറ്റിലേയ്ക്ക് ഒതുക്കിയ ബി.ജെ.പി.യെ. കോൺഗ്രസിനെ പരാജയപ്പെടുത്തുന്നതിനുവേണ്ടി അന്ധമായ രാഷ്ട്രീയ മാന്യതയും, സാമൂഹ്യമാന്യതയും നൽകി. അവരെ അധികാരത്തിലേയ്ക്ക് മടക്കിക്കൊണ്ടുവരാൻ പ്രധാന പങ്കുവഹിച്ചവരാണ് നിങ്ങൾ. നിങ്ങൾ കോൺഗ്രസിനെ പരാജയപ്പെടുത്തുകയാണ്. ഇൻഡ്യയിലെമ്പാടും ബി.ജെ.പി.ക്കെതിരെ മത്സരിച്ചവർ ആരാണ്? ബി.ജെ.പി.യെ അധികാരത്തിൽ കൊണ്ടുവരാതിരിക്കാൻ നിങ്ങൾക്ക് എന്തുചെയ്യാൻ കഴിയും? അന്ധമായ വിരോധം ?തിയോ? ഇൻഡ്യൻ നാഷണൽ കോൺഗ്രസ് തീർന്നു, കോൺഗ്രസ് അവസാ?ിച്ചിരിക്കുന്നു എന്നൊക്കെ നിങ്ങൾ പറയുന്നു. അത് സമ്മതിക്കുന്നു.



LIBRARY ARCHIVES Kerala Legislative Assembly

ഇൻഡ്യൻ നാഷണൽ കോൺഗ്രസ് അവസാനിച്ചാൽ ബി.ജെ.പി.യെ ഇല്ലാതാക്കാൻ നിങ്ങൾക്കു കഴിയുമോ? ബി.ജെ.പി. പോലുള്ള രാഷ്ട്രീയ പ്രസ്ഥാനങ്ങളെയും പ്രാദേശിക പ്രസ്ഥാനങ്ങളേയും, വർഗ്ഗീയ പ്രസ്ഥാനങ്ങളേയും ജാതി പ്രസ്ഥാനങ്ങളേയും ഇൻഡ്യയിൽ നിന്ന് ഇല്ലാതാക്കുവാനും നിങ്ങൾക്കു കഴിയുമോ? അതിന് ഇൻഡ്യൻ നാഷണൽ കോൺഗ്രസില്ലാതെ സാധിക്കുമെന്ന് നിങ്ങൾ കരുതുന്നുണ്ടോ? ഞങ്ങൾ കമ്മ്യൂണിസ്റ്റ് വിരോധികളല്ല. ഇന്നും ലോകത്ത് ഒരു താക്കീതുപോലെ നിൽക്കുന്നത് സോവിയറ്റ് യൂണിയനാണ്. ഇപ്പോൾ അറ്റ്ലാന്റാ ഒളിംപിക്സ് നടക്കുന്നു. ഞാനും നിങ്ങളും ടി.വി.യിലൂടെ അതിന്റെ മാർച്ച്പരേഡ് കണ്ടവരാണ്. ലോകത്തെ മുഴുവൻ സോഷ്യലിസ്റ്റുകൾക്കും പുരോഗമനവാദികൾക്കും എന്നും അഭിമാനം നൽകുന്ന സോവിയറ്റ് യൂണിയന്റെ പതാകയ്ക്കു പുറകിൽ ഒരു വലിയ സംഘം വരുന്നു എന്നതിൽ യാതൊരു സംശയവുമില്ല. ഇത്തവണ കൊച്ചുകൊച്ചു കൊടികൾക്കു കീഴെ, കൊച്ചുകൊച്ചു സംഘങ്ങളായിട്ട് വന്ന, എണീറ്റുനിൽക്കാൻ കഴിയാത്ത, ആരോഗ്യമില്ലാത്ത, ദാരിദ്ര്യമനുഭവിക്കുന്ന – കമ്മ്യൂണിസ്റ്റുകൾക്ക് എന്തു പറ്റി? ഞാൻ താരതമ്യം ചെയ്യുന്നു. അന്ധമായ കോൺഗ്രസ് വിരോധത്തിന്റെ പേരിൽ ഫൂലൻദേവിമാരേയും, തസ്ലീമമാരേയും നിങ്ങൾ കൊണ്ടുവന്നു. ആന്ധ്രായിൽ നിന്നും. കർണാടകത്തിൽ നിന്നും, തമിഴ്നാട്ടിൽ നിന്നും കോൺഗ്രസിനെ പരാജയപ്പെടുത്തുന്നതിന് നിങ്ങൾ ആളുകളെ കൊണ്ടുവന്നു. അടിമഭാരതത്തിലും, സ്വതന്ത്രഭാരതത്തിലും ഈ രാജ്യത്തിന്റെ ഐക്യവും, സർവവിധ സൗഹാർദ്ദവും നിലനിർത്തുന്നതിനുവേണ്ടി, ചോരചിന്തിയ, ഇൻഡ്യൻ നാഷണൽ കോൺഗ്രസിനെ പരാജയപ്പെടുത്തുവാൻ നിങ്ങൾ ശ്രമിക്കുമ്പോൾ നിങ്ങൾ ഓർക്കുക, നിങ്ങൾ തകർക്കുന്നത് ഈ രാജ്യത്തെയാണ്. ഈ രാജ്യത്തെ കെട്ടിപ്പടുക്കുവാൻ നിങ്ങൾക്കു കഴിയുമോ? പ്രാദേശികവാദം ഇല്ലാതാക്കുവാൻ നിങ്ങൾക്കു കഴിയുമോ? ജാതി രാഷ്ട്രീയം ഇല്ലാതാക്കുവാൻ നിങ്ങൾക്കു കഴിയുമോ? എന്തുകൊണ്ട് അമേരിക്ക ലോകപോലീസായി? അമേരിക്ക ലോക പോലീസായത് ബാലൻസിംഗ് പവറായിട്ട് സോവിയറ്റ് യൂണിയൻ ഇല്ലാത്തതുകൊണ്ടാണ്. രണ്ട് ജർമ്മനികളും യോജിച്ചപ്പോൾ യുണൈറ്റഡ് ജർമ്മനി ഒരു ഭീഷണിയായി വരുന്നു. ജപ്പാൻ ഉയർന്നുവരുന്നു. അമേരിക്ക ഉയർന്നുവരുന്നു. ഈ ലോകത്ത് സാമ്രാജ്യത്വവാദികളുടെ ശക്തമായ കടന്നാക്രമണം വരുമ്പോൾ ഒരു കുടപോലെവന്ന സോവിയറ്റ് യൂണിയൻ ഇന്ന് ഇല്ലാത്തതിൽ ഇൻഡ്യയിലെ കോൺഗ്രസുകാരായ ഞങ്ങൾക്കും ബുദ്ധിമുട്ടുണ്ട്. പഴയകാലത്ത് അമേരിക്കപോലുള്ള രാജ്യങ്ങൾ സാമ്രാജ്യത്വവാദത്തിന്റെ പേരിൽ രാജ്യങ്ങളെ അതിക്രമിക്കാൻ ശ്രമിക്കുമ്പോൾ രാഷ്ട്രീയ മേധാവിത്വത്തിന് ശ്രമിക്കുമ്പോൾ, ഇന്ന് ചെറിയ രാജ്യങ്ങൾ സാമ്പത്തിക മേധാവിത്വത്തിനുവേണ്ടി ശ്രമിക്കുമ്പോൾ എതിർത്തുനിൽക്കുവാൻ ശക്തിയില്ല. അവിടെ നിങ്ങൾ സോവിയറ്റ് യൂണിയനു പകരം കാണണം. അതുകൊണ്ട് അവിടെ കമ്മ്യൂണിസം തീർന്നോ? മതത്തിന്റെ പേരിലും ജാതിയുടെ പേരിലും. മതമെന്നു പറഞ്ഞാൽ എന്താണെന്നറിയാമോ? ഞാൻ കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിൽ പോയിട്ടുണ്ട്. തീപ്പെട്ടിക്കൂടുപോലെയുള്ള കൊച്ചു കെട്ടിടങ്ങൾ കാണിച്ചുതന്നിട്ട് ഇൻഡ്യയിൽ നിന്നുവന്ന ഋഷിമാരുടെ, ദൈവങ്ങളുടെ നാട്ടിൽ നിന്നുവന്ന കോൺഗ്രസുകാരായ ഞങ്ങളോട് കമ്മ്യൂണിസ്റ്റ് നേതാക്കന്മാർ പറഞ്ഞിരുന്നു ഇത് ഞങ്ങളുടെ പള്ളിയാണെന്ന്. എന്നു പറഞ്ഞാൽ ഞങ്ങളുടെ നാട്ടിൽ പള്ളികൾക്ക് സ്ഥാനമില്ലായെന്നുള്ളതിന്റെ താക്കീതാണത്. സോവിയറ്റ് യൂണിയനിലും, യുഗോസ്ലോവ്യയിലും, ചെക്കോസ്ലോവാക്യയിലും എല്ലാം പള്ളികളുണ്ട്. പെൺകുട്ടികളെ ബലാൽസംഗം ചെയ്യുന്നത് ജാതിനോക്കി മാറി

LIBRARY ARCHIVES Kerala Legislative Assembly

യിരിക്കുന്നു. അത്രയധികം പ്രാദേശികവാദവും വർഗ്ഗീയവാദവും, കമ്മ്യൂണിസ ത്തിന്റെ വേരുകളുള്ള നാട്ടിലേക്ക് കടന്നുചെന്നത്, കമ്മ്യൂണിസം അവിടെ തകർന്നതുകൊണ്ടാണെന്ന് ഞാൻ വിശ്വസിക്കുന്നു. അവിടെ പ്രാദേശികവാദ വും, വർഗ്ഗീയവാദവും വന്നു. സോവിയറ്റ് യൂണിയനും, കമ്മ്യൂണിസ്റ്റ് ,രാഷ്ട്ര ങ്ങളും തകർന്ന് തരിപ്പണമായി കിടക്കുന്നു. ഇന്നവിടെ മാഫിയ അവരെ ഭരി ക്കുന്നു. വിലക്കയറ്റം അവരെ ഭരിക്കുന്നു. അമ്മമാരും, പെങ്ങന്മാരും ഒരു തുള്ളി പാലിനും, റൊട്ടിക്കഷ്ണത്തിനും വേണ്ടി ക്യൂ നിൽക്കുന്നു. ദാരിദ്ര്യം കൊണ്ട് നടന്നുപോകുന്ന വഴിത്താരകളിൽ താഴെ പതിഞ്ഞുവീഴുന്ന മഞ്ഞിൻകട്ടയെടുത്ത് അമ്മമാർ കുഞ്ഞുങ്ങളുടെ വായിൽ തിരുകിക്കൊടുക്കു ന്നു. ആ അവസ്ഥയിലേക്ക് ഇന്നെത്തിയിരിക്കുന്നു. കോൺഗ്രസ് തകർന്നു കഴിഞ്ഞാൽ ആ ഗ്യാപ്പ് ഫില്ലു ചെയ്യാൻ നിങ്ങൾക്കു കഴിയുമോ? സി.പി.എം.ന് കഴിയുമോ, സി.പി.ഐ.യ്ക്ക് കഴിയുമോ? ജനതാദളിനു കഴിയുമോ? ആർ.എ സ്.പി.ക്ക് കഴിയുമോ? കേരളാ കോൺഗ്രസ് ജോസഫ് ഗ്രൂപ്പിന് കഴിയുമോ? ചരിത്രയാഥാർത്ഥ്യങ്ങളോട് നിങ്ങൾ നീതി പുലർത്തണം. തൽക്കാലം ഞങ്ങൾ പരാജയപ്പെട്ടു. ഞങ്ങൾ ഫീനിക്സ് പക്ഷിയെപ്പോലെ ഉയരുമെന്ന് പറഞ്ഞല്ലോ. ഫീനിക്സ് പക്ഷിയെപ്പോലെ ഉയരേണ്ടത് ശ്രീ.എ.കെ. ആന്റണി യുടേയും ശ്രീ. കരുണാകരന്റേയും, ശ്രീ. പി.പി. തങ്കച്ചന്റേയും, ശ്രീ. നരസിംഹ റാവുവിന്റേയും ആവശ്യമല്ല. ഫീനിക്സ് പക്ഷിയെപ്പോലെ കോൺഗ്രസ് ഉയ രേണ്ടത് ഈ രാജ്യത്തിന്റെ ആവശ്യമാണ്. ഞങ്ങൾക്ക് അധികാരം കിട്ടുമെ ന്നൊന്നും ഞങ്ങൾ പറയുന്നില്ല. അധികാരം വേണമെന്ന് നിർബന്ധമുണ്ടായി രുന്നുവെങ്കിൽ രണ്ടാം സ്ഥാനത്ത് വിളിക്കേണ്ടിയിരുന്നത് ഞങ്ങളെയാണ്. നിങ്ങൾക്ക് എല്ലാത്തിനും സമനില വിടുന്നു. ഇൻഡ്യയിലെ പ്രധാനമന്ത്രി മാർക്കെതിരെ കേസുകൾ വന്നിട്ടുണ്ട്. ഇൻഡ്യയിലെ മുൻപ്രധാനമന്ത്രിക്കെ തിരെ കേസ് വന്നിരിക്കുന്നു. ഒരാഴ്ച മുൻപ് ഇൻഡ്യൻ പാർലമെന്റിൽ രാജ്യ സഭയിലും, ലോകസഭയിലും ഒരു സംഭവം നടന്നു. ശ്രീ. ദേവഗൗഡക്കെതിരെ അലഹബാദ് ഹൈക്കോടതിയിൽ നിന്ന് ഒരു പരാമർശം വന്നപ്പോൾ രണ്ടു സഭകളും ഇളകിമറിഞ്ഞു. ആരാണ് ശ്രീ.ദേവഗൗഡ? നെഹ്റുവിനെതിരെ പരാ മർശം വന്നിട്ടുണ്ട്. ശ്രീമതി ഇന്ദിരാ ഗാന്ധിക്കെതിരെയും, ശ്രീ. രാജീവ്ഗാന്ധി ക്കെതിരെയും വന്നിട്ടുണ്ട്. മുൻപ്രധാനമന്ത്രിയായിരുന്ന ശ്രീ. നരസിംഹറാവു വിനെതിരെ കേസ് വന്നിരിക്കുകയാണ്. അതകൊണ്ട് ശ്രീ. ദേവഗൗഡക്കെ തിരെ കേസ് വന്നപ്പോൾ നിങ്ങൾക്കു സഹിക്കാൻ പറ്റുന്നില്ല. അപ്പോൾ നിങ്ങൾക്ക് ഏറെ പ്രധാനമെന്നു പറയുന്നത് ഭരണമാണ്. അതിനോടൊപ്പം കോൺഗ്രസ് വിരോധം. ഇന്ദിരാഗാന്ധിയെ വധിച്ചവരോട് ഒരു സൗഹൃദം. രാജീവ്ഗാന്ധിയെ വധിച്ചവരോട് ഒരു സൗഹൃദം. ഇൻഡ്യൻ നാഷണൽ കോൺഗ്രസിനെതിരെ ആര് നിലപാടെടുത്താലും അവരോട് സൗഹൃദം കാണിക്കുന്ന അന്ധമായ കോൺഗ്രസ് വിരോധമാണ് ഇത് ഇൻഡ്യയെ ഇവിടെ കൊണ്ടെത്തിച്ചിരിക്കുന്നത്. തൽക്കാലം നിങ്ങൾക്ക് ഭരണമുണ്ട്. ഇൻഡ്യാ മഹാരാജ്യത്തിലെ 100 കോടി ജനങ്ങളോടുള്ള ചരിത്രപരമായ ബാധ്യത, കമ്മ്യൂണിസത്തിന്റെ അടിസ്ഥാനവേരുകളിൽ അൽപ്പമെങ്കിലും നിങ്ങളുടെ മനസ്സിന്റെ അഗാധതലങ്ങളിൽ ഉണ്ടോയെന്ന് നിങ്ങളാലോചിക്കണ മെന്ന് ഞാൻ പറയുന്നു. ഞങ്ങൾ ധനവിനിയോഗബില്ലിനെ എതിർക്കാൻ കാര ണം, ധനവിനിയോഗബിൽ പാസ്സാക്കിക്കഴിഞ്ഞ് അധികാരത്തിന്റെ ഉന്നതമായ സ്ഥാനങ്ങളിലിരുന്നുകൊണ്ട് നിങ്ങൾ നടത്തുന്നത് ശ്രീ. മുഹമ്മദ് ബഷീർ പറ ഞ്ഞതുപോലെ അന്ധമായ കോൺഗ്രസ് വിരോധമാണ്. ഈ അന്ധമായ കോൺഗ്രസ് വിരോധവും, അന്ധമായ ഐക്യജനാധിപത്യമുന്നണി വിരോ

LIBRARY ARCHIVES Kerala Legislative Assembly

ധവും കൊണ്ട് ജനങ്ങളുടെ പിൻതുണയാർജ്ജിക്കാമെന്ന് നിങ്ങൾ തെറ്റിദ്ധരിക്കണ്ട. കേവലം 68,000 വോട്ടിന്റെ ദുർബലമായ ഭൂരിപക്ഷത്തിലിക്കുന്ന നിങ്ങളോട് വിനയത്തിന്റെ ഭാഷയിൽ പറയുന്നു. ഒരു ഫീനിക്സ് പക്ഷിയെപ്പോലെ ചരിത്രത്തിന്റെ എല്ലാ ദിശാസന്ധികളിലും, എല്ലാ സന്ദിഗ്ദ്ധ ഘട്ടങ്ങളിലും ജനങ്ങൾക്കു വേണ്ടിയുള്ള, ജനങ്ങളുടെ രാഷ്ട്രീയ പ്രസ്ഥാനം ഇൻഡ്യയിൽ വീണ്ടും മടങ്ങിവരേണ്ടത് ഇൻഡ്യയിലെ ജനങ്ങളുടെ ആവശ്യമാണ്. അതിനുള്ള പോരാട്ടങ്ങളിൽ പങ്കാളികളാകുവാൻ ചരിത്രം നിങ്ങളോട് പറയും. നിങ്ങൾ പങ്കാളികളാകേണ്ടി വരും. അതല്ലാതെ നിങ്ങൾ കൂട്ടുപിടിച്ചിരിക്കുന്ന ഈ ആൾക്കൂട്ടം, ഈ ഭരണം ഒരു ആൾക്കൂട്ടമാണ് സത്യപ്രതിജ്ഞ ചെയ്തു കഴിഞ്ഞപ്പോൾ ക്യാബിനറ്റ് മന്ത്രിസ്ഥാനം ഇല്ലാത്തതുകൊണ്ട് നടന്നുപോകുന്ന, പത്രസമ്മേളനം നടത്തിയ കേന്ദ്ര മന്ത്രി. എനിക്ക് ക്യാബിനറ്റിൽ സ്ഥാനം വേണ്ടായെന്നു പറയുന്ന അവസ്ഥ, ഇങ്ങനെയൊരു ആൾക്കൂട്ടം ഇൻഡ്യൻ നാഷണൽ കോൺഗ്രസിന്റെ കേന്ദ്ര ഭരണങ്ങളെ കുറ്റപ്പെടുത്തിക്കൊണ്ട് പറഞ്ഞ ആളുകൾ ആർക്കാണ് പിന്തുണ കൊടുക്കുന്നത്? നിലവാരം വിട്ടു ഒരു മന്ത്രിസഭയ്ക്ക് വേണ്ടി ഇൻഡ്യൻ നാഷണൽ കോൺഗ്രസിനേയും ഐക്യജനാധിപത്യ മുന്നണിയേയും അടച്ചാക്ഷേപിക്കുന്ന ഈ അന്ധമായ രാഷ്ട്രീയ വിരോധം ഇവിടത്തെ ഭരണകക്ഷി അവസാനിപ്പിക്കണമെന്ന് അവശ്യപ്പെടുന്നു. ഞാൻ ഇതിനെ എതിർക്കുന്നു.

*(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)*

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, ഈ ധനവിനിയോഗ ബില്ലിന്റെ ചർച്ചയിൽ ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് കുറച്ച് കാര്യങ്ങൾ സംസാരിച്ചു. അത് ഇല്ലായിരുന്നുവെങ്കിൽ ഞാൻ ഒരു മിനിട്ടുകൊണ്ട് മറുപടി പ്രസംഗം നിർത്തുമായിരുന്നു. പക്ഷേ ഒരു മിനിട്ടുകൊണ്ട് മറുപടി പ്രസംഗം നിർത്തേണ്ട ഒരു സാഹചര്യത്തിലല്ല ഇപ്പോൾ. എനിക്ക് അഞ്ചോ പത്തോമിനിട്ട് എടുക്കേണ്ടി വരുന്നത് ചിലത് പറയാൻ ഞാൻ നിർബ്ബന്ധിതനായതുകൊണ്ടാണ്. അപ്രോപ്രിയേഷൻ ബില്ലിന്റെ ചർച്ചയിൽ രാഷ്ട്രീയം വരുമെന്ന് ഞാൻ വിചാരിച്ചില്ല. ബഹുമാനപ്പെട്ട കാർത്തികേയനെക്കൊണ്ട് കോൺഗ്രസ് നിയമസഭാ പാർട്ടി ഇതൊക്കെ പറയിപ്പിച്ചത് ചെയ്ത പാപം കഴുകിക്കളയാനാണ്. കോൺഗ്രസ്സിനെ തിരുത്തി തിരുത്തി ശ്രീ. കാർത്തികേയൻ എവിടെ എത്തിയെന്ന് നോക്കണം. ഇതാണ് ഓരോരുത്തരുടെ യോഗമെന്നു പറയുന്നത്. തിരുത്തി തിരുത്തി എവിടെ എത്തി? ഞാൻ കാറൽ മാർക്സിനെയൊന്നുമല്ല ക്വോട്ട് ചെയ്യുന്നത്. ശ്രീ. കാർത്തികേയനെ ക്വോട്ട് ചെയ്യുകയാണ്. അദ്ദേഹത്തിന്റെ ഒരു സുപ്രസിദ്ധ പ്രയോഗമുണ്ട്. ഐക്യജനാധിപത്യമുന്നണിയല്ല ഭരിക്കുന്നതെന്ന് പറയാൻ പറ്റുമോ? ''ഐക്യജനാധിപത്യമുന്നണിയാണ് ഭരണത്തിലെങ്കിലും ക്ലിഫ്ഹൗസിലെ ഒരു കോക്കസ്സാണ് ഇവിടെ ഭരിക്കുന്നത്''. ആ കോക്കസിലെ ആളുകളെയൊക്കെ നിങ്ങൾ മറന്നോ? അദ്ദേഹം മുരളീധരൻ, പത്മകുമാർ, മധുസൂദനൻ, പിച്ചബഷീർ എന്നീ നാല് ആളുകളുടെ ക്ലിക്കാണ് കേരളം ഭരിക്കുന്നതെന്ന് പറഞ്ഞിട്ട് ആ ഭരണത്തെ ഇപ്പോൾ ഊറ്റം കൊള്ളുമ്പോൾ അന്നത്തെ മന്ത്രിമാർ ഇവിടെ ഉണ്ട്. അന്നത്തെ ബഹുമാനപ്പെട്ട സ്പീക്കർ ഇവിടെ ഉണ്ട്. എന്നിട്ട് ഇപ്പോൾ അവിടെ എത്തിയപ്പോൾ പഴയ കാര്യങ്ങൾ മറക്കുകയെന്നു പറഞ്ഞാൽ വളരെ കഷ്ടമാണ്. ചരിത്രം പഠിക്കാനുള്ളതാണ്, മറക്കാനുള്ളതല്ല. ഏതായാലും നന്നായി. ശ്രീ. കാർത്തികേയനെക്കൊണ്ട് തന്നെ ഇത് പറയിപ്പിച്ചു. ഇതൊന്നുമല്ല കാര്യങ്ങൾ. പാലക്കാട് കോട്ടമൈതാനത്തുനിന്ന് അദ്ദേഹം പ്രസംഗിച്ചത്

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ കേട്ടതാണ്. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. എന്നിട്ട് ഇപ്പോൾ ശ്രീ. കാർത്തികേയൻ ഓടി ഓടി എവിടെ എത്തി? കാർത്തികേയനെ കാർത്തികേയനാക്കുന്നതിൽ ഒരു ചെറിയ പങ്കെങ്കിലും ബഹുമാനപ്പെട്ട കരുണാകരൻ ഇല്ലേ? അദ്ദേഹത്തോട് ചെയ്ത കാര്യം ഞാൻ എടുത്ത് പറയുകയെന്നു വച്ചാൽ കാർത്തികേയന് ഒരക്ഷരം ഇവിടെ മിണ്ടാൻ പറ്റുകയില്ല. ഞാൻ അതൊന്നും പറയുകയില്ല. കാരം അദ്ദേഹത്തിനും താങ്കൾക്കും കൂടി ഗദ്ഗദത്തോടുകൂടിയേ സംസാരിക്കാൻ സാധിക്കുകയുള്ളു. ആ രീതിയിലുള്ള ക്രൂരതയാണ് അദ്ദേഹത്തോട് കാണിച്ചിട്ടുള്ളത്. ഇത് ശരിയല്ലേ? അല്ലെന്ന് പറയാൻ പറ്റുമോ? എന്നിട്ട് ഇപ്പോൾ അവിടെനിന്നിട്ട് അതിനെയൊക്കെ അതികഠിനമായി ഡിഫന്റ് ചെയ്യുന്നത് കണ്ടപ്പോൾ എനിക്ക് ചിരിയാണ് വന്നത്. ശ്രീ. കാർത്തികേയൻ ആ പാപം മുഴുവൻ ഇങ്ങനെ കുറച്ച് പറഞ്ഞ് തീരണം. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവേ. ശ്രീ. എ.കെ.ആന്റണിയും ശ്രീ.പി.പി. തങ്കച്ചനും അദ്ദേഹത്തിന്റെ അപ്പുറത്തും ഇപ്പുറത്തുമായിട്ട് ഇരിക്കുന്നുണ്ടല്ലോ. ശ്രീ. എ.കെ. ആന്റണി ഒരു പൊസിഷൻ എടുത്ത ആളാണ്. അതുപോലെ ശ്രീ.പി.പി. തങ്കച്ചൻ മറ്റൊരു പൊസിഷൻ എടുത്ത ആളാണ്. പൊസിഷൻ എടുക്കാത്ത ഒരാൾ രണ്ടാളേയും തിരുത്തിതിരുത്തി അവരുടെ നടുക്ക് ഇരിക്കുകയാണ്. ഇതൊക്കെ കണ്ടേ ഞങ്ങളൊക്കെ ചാകൂ. ഇതൊക്കെ യോഗമാണ്. എന്നിട്ടാണ് കോൺഗ്രസിന്റെ ഐക്യത്തെസംബന്ധിച്ചും മാർക്സിസത്തെസംബന്ധിച്ചും സംസാരിക്കുന്നത്. ആ പറച്ചിലിൽതന്നെ പറ്റിയ അപകടം കേൾക്കണ്ടേ. കേരളത്തിൽ ഐക്യമുന്നണി സംവിധാനം വന്നത് ആദ്യമായിട്ട് 1967-ലാണെന്നാണ് അദ്ദേഹം ഇവിടെ പറഞ്ഞത്. അദ്ദേഹത്തിന് അറിയില്ല. 1980-ൽ കോൺഗ്രസ്സ്, മുസ്ലിംലീഗ്, പി.എസ്.പി. എന്നീ പാർട്ടികൾ ഉൾപ്പെട്ട മുക്കൂട്ട് മുന്നണി എന്നു പറഞ്ഞ ഒരു ഐക്യമുന്നണി ഉണ്ടായിരുന്നു.

എന്നിട്ട് മുസ്ലീംലീഗിനെ പുറത്തുനിർത്തി. പി.എസ്.പി.യേയും പറ്റിച്ചു. പട്ടംതാണുപിള്ള സാറിനെ കാലുവാരി. മുസ്ലീങ്ങളുടെ വോട്ടിൽ അയിത്തമില്ല. മുസ്ലീംലീഗിന്റെ മന്ത്രിസ്ഥാനം അയിത്തമാണെന്ന് പറഞ്ഞു. ഈ ചരിത്രമൊന്നും മറക്കരുത്. മുസ്ലീംലീഗിനെ പടിക്കുവച്ച് പറ്റിച്ചു, പി.എസ്.പി.യെ അകത്തുവച്ച് പറ്റിച്ചു. അതിനുശേഷം പറ്റിക്കാൻ ആളില്ലാത്തപ്പോൾ തമ്മിൽ തമ്മിൽ പറ്റിച്ചു. അങ്ങനെയല്ലേ സർ, ശ്രീ.കെ.എം.മാണിയുടെ കോൺഗ്രസ്സ് ഉണ്ടായത്. ഈ ചരിത്രം ആർക്കാണ് അറിഞ്ഞുകൂടാത്തത്. അപ്പോൾ പറ്റിക്കലിന്റെ ചരിത്രമാണ്. എന്നിട്ട് ഇതൊന്നും സംഭവിക്കാത്തമട്ടിൽ പറയുകയാണ് ആദ്യമായി ഒരു ഐക്യമുന്നണി കേരളത്തിൽ ഉണ്ടായത് 1967-ലാണെന്ന്. 1960-ൽ ഐക്യമുന്നണി ഉണ്ടായിരുന്നു. അതുപോലെതന്നെ 1957-ലെ ഗവൺമെന്റും ഒരു ഐക്യമുന്നണിയായിരുന്നു എന്നുള്ളത് ശ്രീ. കാർത്തികേയൻ മറക്കരുത്. അന്ന് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെകൂടെ ശ്രീ. ഹരിപ്പാട് രാമകൃഷ്ണപിള്ള ഉണ്ടായിരുന്നു. പ്രൊഫ. ജോസഫ് മുണ്ടശ്ശേരി ഉണ്ടായിരുന്നു. ശ്രീ. വി.ആർ. കൃഷ്ണയ്യർ ഉണ്ടായിരുന്നു. നിങ്ങൾ ശ്രീ. വി.ആർ.കൃഷ്ണയ്യരെ വിളിച്ചത് എന്താണെന്നറിയാമോ? ആ മുദ്രാവാക്യം എനിക്ക് ഓർമ്മയുണ്ട്. ഞാൻ ഇവിടെ പറയുന്നില്ല. എനിക്ക് ഉച്ചരിക്കാൻ തന്നെ അപമാനമാണ്. പക്ഷേ നിങ്ങൾ അധിക്ഷേപിച്ച് മുദ്രാവാക്യം വിളിച്ച ശ്രീ.വി.ആർ.കൃഷ്ണയ്യരെ സുപ്രീംകോടതി ജഡ്ജിയായി വാഴിക്കാൻ നിങ്ങൾതന്നെ തയ്യാറായി. മുണ്ടശ്ശേരി മാസ്റ്ററെ സംബന്ധിച്ച് പറയാൻ പറ്റാത്ത വാക്കുകളിൽ മുദ്രാവാക്യം വിളിച്ച നിങ്ങളുടെ കൈകൊണ്ടുതന്നെ അദ്ദേഹത്തെ കൊച്ചി ശാസ്ത്ര-സാങ്കേതിക സർവ്വകലാശാലയുടെ ആദ്യത്തെ വൈസ്ചാൻസലറാക്കാൻ തീരുമാനമെടുക്കേണ്ടി വന്നു.



LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി.പി. തങ്കച്ചൻ : അപ്പോൾ ശ്രീ.എൻ.എൻ. ഗോവിന്ദൻ നായരെയും ശ്രീ.ടി.വി തോമസ്സിനേയും ശ്രീ. ബേബിജോണിനേയുമൊക്കെ നിങ്ങൾ അന്ന് എങ്ങനെയാണ് കണ്ടത്; ഇപ്പോൾ എങ്ങനെയാണ് കാണുന്നത്?

ശ്രീ. ടി. ശിവദാസമേനോൻ : അവിടേയ്ക്ക് ഞാൻ വരാം. അപ്പോൾ ഐക്യമുന്നണി സംവിധാനം 1967-ലാണ് ആദ്യമായി വന്നതെന്ന് പറഞ്ഞത് തെറ്റ്. മുന്നണി രാഷ്ട്രീയം 1952 തൊട്ട് ഉണ്ട്. ആദ്യത്തെ പ്രായപൂർത്തി വോട്ടവകാശം വന്നതുമുതൽ ഇടതുപക്ഷ പാർട്ടികൾ മുന്നണി രാഷ്ട്രീയമായിട്ടാണത് വന്നിട്ടുള്ളത്. കേരളഗാന്ധി എന്നുവിളിക്കുന്ന ശ്രീ. കെ. കേളപ്പനെ ലോകസഭയിൽ എത്തിച്ചത് ഞങ്ങളാണ്. കോൺഗ്രസ്സിനെ തോൽപ്പിച്ചാണ് കേരളഗാന്ധി ലോകസഭയിൽ എത്തിയത്. ഞങ്ങളുടെ മുന്നണിയിൽ നിന്നാണ് അദ്ദേഹം ജയിച്ചുപോയത്. കുടിൽപെട്ടിക്ക് ഞാൻ പണി എടുത്തതാണ്. ആദ്യത്തെ പ്രായപൂർത്തി വോട്ടവകാശം വന്ന 1952 മുതൽക്ക് ഞങ്ങൾ ഐക്യമുന്നണിയാണ്. മൂന്ന് മുടന്തന്മാർ കൂടിയാൽ ഒരു നല്ല ആളാകുമോ എന്നു പറഞ്ഞ് മുന്നണിയെ അന്ന് കളിയാക്കിയവരാണ് നിങ്ങൾ. ഐക്യമുന്നണി സംവിധാനം ആദ്യത്തെ തെരഞ്ഞെടുപ്പ് (1952) തൊട്ടു ഞങ്ങൾക്കുള്ളതാണ്. 1952-ലും 1957-ലും 1960-ലും ഞങ്ങൾ മുന്നണി ആയി. പിന്നീട് ഞങ്ങൾ ഒറ്റയ്ക്കായി. മുന്നണി ഉണ്ടാക്കാൻ പറ്റിയില്ല. തന്നെ ആയിപ്പോയി. എന്ത് ചെയ്യാനാണ്? പക്ഷേ ഞങ്ങൾ പറഞ്ഞു. മുന്നണിയില്ല, മുക്കൂട്ടില്ല ഒറ്റയ്ക്കാണേ കോൺഗ്രസേ എന്ന്. അല്ലാതെ ഞങ്ങൾ എന്താ ചെയ്യാനാണ്? ഞങ്ങൾ ഒറ്റയ്ക്കായി. 1965-ലും മുന്നണി ഉണ്ടായിരുന്നു, 1967-ലും മുന്നണി ഉണ്ടായിരുന്നു. പിന്നെ അവിടെനിന്ന് അങ്ങോട്ട് മുന്നണിയാണ്. മുന്നണിയിൽ കക്ഷിബന്ധങ്ങൾ അങ്ങോട്ടുമിങ്ങോട്ടും മാറി എന്നുള്ള വ്യത്യാസമേയുള്ളു. അതിനെയൊന്നും നമ്മൾ ഇപ്പോൾ കുറ്റം പറഞ്ഞിട്ട് കാര്യമില്ല.

ബഹുമാനപ്പെട്ട എ.കെ.ആന്റണി മാർക്സിസ്റ്റ് കമ്യൂണിസ്റ്റ് പാർട്ടിയുടെ കൂടെ ഉണ്ടായിരുന്നില്ലേ? ഞങ്ങൾ ശ്രീ.എ.കെ.ആന്റണിയുടെകൂടെ ഉണ്ടായിരുന്നില്ലേ? ഉണ്ടായിരുന്നു. ശ്രീ. ആര്യാടൻ മുഹമ്മദിനുവേണ്ടി ഞാൻ നിലമ്പൂരിൽ മരിച്ചു പണി എടുത്തിട്ടില്ലേ. ആറായിരം വോട്ടിന്റെ സ്ഥാനത്ത് പതിനെണ്ണായിരത്തിന് ജയിപ്പിച്ചിട്ട് കൈകൊട്ടിയിട്ടല്ലേ നമ്മൾ വന്നത്. അതൊന്നും മറക്കരുത്. പഴയ കാര്യങ്ങൾ മറക്കരുത്. ഇങ്ങനെ മുന്നണിക്കുവേണ്ടി ഞാൻ നിലമ്പൂരിൽ എത്ര കഷ്ടപ്പെട്ടിട്ടുണ്ടെന്ന് അറിയാമോ? ബഹുമാന്യനായ എ.കെ. ആന്റണിയെ ഞങ്ങളുടെ മുന്നണി നേതാവേ എന്ന് പറഞ്ഞ് മുദ്രാവാക്യം വിളിച്ചിട്ടില്ലേ. അതുപോലെതന്നെ ശ്രീ. വി.എം. സുധീരനാണ് ഞാൻ പാർലമെന്റ് സ്ഥാനാർത്ഥിയാകുമ്പോൾ തെരഞ്ഞെടുപ്പ് യോഗം ഉദ്ഘാടനം ചെയ്തത്. ആ യോഗത്തിൽവച്ച് അദ്ദേഹം പറഞ്ഞത് ' ഇന്ദിരയെ വിളിക്കൂ, ഇൻഡ്യയെ രക്ഷിക്കൂ'എന്നാണ്. അതൊക്കെ കഴിഞ്ഞുപോയ ചരിത്രമാണ്. അതിലേയ്ക്ക് ഞാൻ കടക്കുന്നില്ല. ഒരു കാര്യം ഞാൻ പറയട്ടെ.

In politics and diplomacy there are no permanent foes or permanent friends, but permanent interests.

രാഷ്ട്രീയത്തിലും രാജ്യതന്ത്രജ്ഞതയിലും സ്ഥിരമായ ശത്രുവോ സ്ഥിരമായ ബന്ധുവോ ഇല്ല. സ്ഥിരമായ താൽപ്പര്യമാണുള്ളത്; ക്ലാസ്സ് ഇന്ററസ്റ്റ്. ആ ക്ലാസ്സ് ഇന്ററസ്റ്റ് എന്നു പറയുന്നത് ഞങ്ങൾ ഏത് വർഗ്ഗത്തിന്റെ പാർട്ടിയാണോ ആ വർഗ്ഗത്തിന്റെ താൽപ്പര്യം സംരക്ഷിക്കുക എന്നുള്ളത് ഞങ്ങളുടെ സ്ഥിരമായ താൽപ്പര്യമാണ്. അതിനുവേണ്ടി ഞങ്ങൾക്ക് സ്ഥിരമായ ബന്ധുവോ ശത്രുവോ ഇല്ല. നിങ്ങൾക്കും അങ്ങനെ തന്നെയാണ്. അതുകൊ

LIBRARY ARCHIVES Kerala Legislative Assembly

ണ്ടാണ് ഈ മാറ്റം വരുന്നത്. അതിന് ബേബിജോൺ, പി.ജെ.ജോസഫ് എന്തു പറഞ്ഞു കളിയാക്കിയതുകൊണ്ട് കാര്യമില്ല. അങ്ങോട്ടും ഇങ്ങോട്ടും മാറും. നിങ്ങൾ ഇനി അവിടെതന്നെ ഇരിക്കാൻ പോകുന്നുണ്ടോ? നിങ്ങൾ ഇനി അവിടെതന്നെ ഇരിക്കുവാൻ പോകുന്നുവെന്നാണോ നിങ്ങളുടെ വിചാരം? ഇരിക്കാൻ പോകുന്നില്ല. നിങ്ങൾ നോക്കിക്കോ കുറച്ചുകൂടെ കഴിയട്ടെ ഞങ്ങളും അങ്ങോട്ടൊക്കെവരും.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : 1987-ൽ ബി.ജെ.പി.യുമായി ബന്ധമുണ്ടാക്കിയത് ഏത് ക്ലാസ് ഇന്ററസ്റ്റ് പ്രൊട്ടക്റ്റ് ചെയ്യുവാൻ വേണ്ടിയാണ്?

മി.സ്പീക്കർ : അത് കഴിഞ്ഞ ദിവസം അങ്ങ് പറഞ്ഞതാണ് അത് ഇനിയും ആവർത്തിക്കണ്ട.

ശ്രീ. ടി. ശിവദാസമേനോൻ : 1987-ലെ കാര്യം ഞാൻ പറഞ്ഞതാണ് അത് ഇനിയും ആവർത്തിക്കുന്നില്ല. ഞങ്ങൾക്ക് എവിടെയാണ് അന്ധമായ കോൺഗ്രസ്സ് വിരോധം? ശ്രീ. ആര്യാടൻ മുഹമ്മദ് കോൺഗ്രസ്സ് അല്ലേ? അദ്ദേഹം ഞങ്ങളോടൊപ്പം ഉണ്ടായിരുന്നല്ലോ അന്ധമായ കോൺഗ്രസ്സ് വിരോധം ഞങ്ങൾ കാണിച്ചിട്ടുണ്ടോ? കാണിച്ചിട്ടില്ല. ബഹുമാന്യനായ എ.കെ. ആന്റണി ഞങ്ങളുടെ കൂടെവന്നപ്പോൾ അന്ധമായ കോൺഗ്രസ്സ് വിരോധം ഞങ്ങൾ കാണിച്ചിട്ടുണ്ടോ? കാണിച്ചിട്ടില്ല. "ചിലകാലമൊത്തിടും വേർപിരിയും". പാന്ഥർ പെരുവഴിയമ്പലം തന്നിലെ താന്തരായ്ക്കൂടി വിയോഗം വരുമ്പോലെ" കുറച്ചൊന്ന് താമസിക്കും, പോകും, പരിയും, പിന്നീട് എവിടെയൊക്കെയോ വച്ചു കാണും അത്രയേയുള്ളു. ശ്രീ. ജി. കാർത്തികേയൻ പറയുന്നത് കേട്ടു principled position. ഇരിമ്പുലക്കപോലെ അടിച്ചുകസറി. അതാണോ രാഷ്ട്രീയം National Front Government-ന് ഏതായാലും കോൺഗ്രസ് പിന്തുണ കൊടുത്തു. ഞങ്ങൾ രണ്ടാമൂഴം നോക്കിയേനെ. അതിപ്പോൾ ചെറിയ കുട്ടികളോട് പറയേണ്ട കാര്യമല്ലേ. ദേവഗൗഡ ഗവൺമെന്റിനെ, എൻ.എഫ്. ഗവൺമെന്റിനെ, ഐക്യമുന്നണി ഗവൺമെന്റിനെ കോൺഗ്രസ്സ് (ഐ) പിന്തുണച്ചില്ലായെങ്കിൽ കോൺഗ്രസ്സ് (ഐ) മൂന്നുകഷണമാണ്. പറഞ്ഞുമനസ്സിലായോ? 62 എം.പി.മാർ റെഡിയായി നിൽക്കുകയാണ്. നിങ്ങൾ പിന്തുണ നൽകിയെന്നുപറയുന്നു. ധൈര്യമുണ്ടെങ്കിൽ നിങ്ങളുടെ പിന്തുണ പിൻവലിക്കൂ ഞങ്ങളൊന്നുകാണട്ടെ. ഇപ്പോൾ ശ്രീ.എ.കെ. ആന്റണി കോൺഗ്രസ്സിന്റെ വർക്കിംഗ്കമ്മിറ്റി മെമ്പറാണ്. ഞങ്ങൾ ഇത്രാംതീയതി പിന്തുണ പിൻവലിക്കുമെന്ന് ധൈര്യമുണ്ടെങ്കിൽ പറയൂ. വെല്ലുവിളിക്കുകയാണ് ഞാൻ. പിന്തുണ പിൻവലിക്കാൻ ധൈര്യമുണ്ടോ? ധൈര്യമുണ്ടെങ്കിൽ പിൻവലിക്കൂ. നിങ്ങൾക്ക് സാധിക്കുകയുല്ല. ഞാൻ പറയുന്നു പിന്തുണ പിൻവലിക്കാൻ ധൈര്യമുണ്ടെങ്കിൽ പിൻവലിക്കൂ. ദേവഗൗഡ ഗവൺമെന്റിന്റെ ജനവിരുദ്ധനയങ്ങളെക്കുറിച്ച് നിങ്ങൾ പ്രസംഗിച്ചു. കാർഷികവിരുദ്ധ നയങ്ങളെപ്പറ്റി പ്രസംഗിച്ചു. ധൈര്യമുണ്ടെങ്കിൽ ദേവഗൗഡ ഗവൺമെന്റിനു നല്കിയിട്ടുള്ള പിന്തുണ പിൻവലിക്കാൻ മി.ആന്റണി നിങ്ങൾ സ്വാധീനം ചെലുത്തൂ. ധൈര്യമുണ്ടോ? നട്ടെല്ലുണ്ടോ? അങ്ങനെയെങ്കിൽ കോൺഗ്രസ്സ് കഷണമാകും എനിക്കറിയാം.

ശ്രീ. എ.കെ. ആന്റണി : ഞങ്ങളുടെ ധൈര്യത്തെക്കുറിച്ചു ചോദിച്ചല്ലോ ഇൻഡ്യയിലെ ജനങ്ങളെല്ലാം എതിർക്കുന്ന കോൺഗ്രസ്സിന്റെ പിന്തുണയുള്ള ഗവൺമെന്റ് ഞങ്ങൾക്ക് വേണ്ട. അതിനേക്കാൾഭേദം തെരഞ്ഞെടുപ്പാണെന്നു പറയുവാൻ നിങ്ങൾക്ക് ധൈര്യമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. ശിവദാസമേനോൻ : കോൺഗ്രസ്സിന്റെ പിന്തുണയോടെ ദേവഗൗഡയുടെ ഐക്യമുന്നണി ഗവൺമെന്റ് നില്ക്കുന്നത് വേണ്ടായെന്നു പറയാൻ ഇന്നത്തെ അവസ്ഥയിൽ ഞങ്ങൾക്ക് ധൈര്യമില്ല. നിങ്ങൾക്ക് ധൈര്യമുണ്ടോ പിന്തുണ പിൻവലിക്കാൻ? പിന്തുണ പിൻവലിക്കാന ഞങ്ങൾ തയ്യാറല്ല. ബഹുമാനപ്പെട്ട ആന്റണി പറയണം കേന്ദ്രഗവൺമെന്റിന് എതിരായിട്ട് പിന്തുണ പിൻവലിക്കാൻ നിങ്ങൾക്ക് ധൈര്യമുണ്ടോ? ഞങ്ങൾക്ക് അന്ധമായ കോൺഗ്രസ് വിരോധമില്ല. അന്ധമായ കോൺഗ്രസ് വിരോധം ഉണ്ടെങ്കിൽ സി.പി.ഐ.യുടെയും സി.പി.എം.ന്റെയും അഖിലേന്ത്യാ സമ്മേളനങ്ങൾക്ക് പാർട്ടികോൺഗ്രസ് എന്നു പേരിടുമോ? നിങ്ങളുടെ നയത്തോടാണ് എതിർ. നിങ്ങൾ തെറ്റായ നയം കൊണ്ടുവരുന്നതിനോടാണ് ഞങ്ങൾക്ക് എതിർ. ഈ വാക്കിനോടല്ല എതിർ. അതുപോലെതന്നെ റഷ്യയുടെ ഒളിംപിക്സ് സ്ഥിതി എന്താണെന്നറിയാമോ? കഷ്ടം തോന്നി. റഷ്യയിലുള്ള കമ്മ്യൂണിസം നശിച്ചു തകർന്നു, പട്ടിണി അങ്ങനെയൊക്കെ പറഞ്ഞു. ഞാൻ ചോദിക്കട്ടേ റഷ്യയുടെ ശിഥിലീകരണത്തിൽ കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളുടെ സോഷ്യലിസ്റ്റ് സിസ്റ്റം തകരാറിലായതിൽ ഖേദിക്കുന്നവരാണ് ഞങ്ങൾ. നിങ്ങളും ഖേദിക്കുന്നവരാണ്. പക്ഷെ, മാർക്സിസം, ലെനിനിസം അതു ഇനി പ്രസക്തമല്ല എന്നായിരുന്നു നിങ്ങളുടെ വാദം. ഞങ്ങളുടെ വാദം മാർക്സിസം, ലെനിനിസം എന്നും പ്രസക്തമാണെന്നാണ്. It is a creative social science സൃഷ്ടിപരമായ സാമൂഹ്യശാസ്ത്രമാണ്. അതിന് മരണമില്ല. മുതലാളിത്തം സാമൂഹ്യപുരോഗതിയുടെ അന്ത്യഘട്ടമാണെന്ന് നിങ്ങൾ പറഞ്ഞു. അന്ത്യഘട്ടമല്ല. വളരെ ശക്തമായ തിരിച്ചടി ഉണ്ടായിട്ടും ആ സോഷ്യലിസ്റ്റ് സിസ്റ്റം തിരിച്ചുവരവിന്റെ പാതയിലേക്ക് ജൈത്രയാത്ര നടത്തും, ആ യാത്ര ക്ഷിപ്രസാദ്ധ്യമല്ല. പക്ഷേ, പഴയ കമ്മ്യൂണിസം വരുമെന്നല്ല മാറ്റങ്ങളോടുകൂടിവരും. 'മാറണം, മാറ്റണം, മാറ്റിമറിക്കണം. ഇത് ഞങ്ങളുടെ മുദ്രാവാക്യമാണ്. നിങ്ങൾക്കെന്താണ് മാറ്റം കാണുമ്പോൾ ബേജാറ്. മാറ്റമുണ്ടാകുമെന്ന സത്യമൊഴിച്ച് മറ്റെല്ലാം മാറിക്കൊണ്ടിരിക്കുമെന്നാണ് മാർക്സിസത്തിന്റെ ജീവൻ. അത് നിങ്ങൽ മനസ്സിലാക്കണം. ഒളിംപിക്സിലെ കാര്യം പറയാം. 1947 മുതൽ ഇൻഡ്യയിലെ 90 കോടി ജനങ്ങളെ പ്രതിനിധീകരിച്ച് അവിടെ പോയിട്ട് ഒന്നും കിട്ടാതെ വരുന്നു. ഇൻഡ്യാ ഗവൺമെന്റ് പറഞ്ഞു കാശ് ചിലവാക്കണ്ടെന്ന്. അവരൊക്കെ തിരിച്ചുപോയി നമ്മുടെ ഹോക്കിയും മറ്റുമൊക്കെ എവിടെപ്പോയി? ഇൻഡ്യ വിജയം കൊയ്ത കാലം, ആ സുവർണ്ണകാലം പോയി ഇപ്പോൾ സെമിഫൈനലിൽ എത്താതെ ഇൻഡ്യ തിരിച്ചുപോരുകയാണ്. അതുപോലെ മറ്റൊന്നിലും തന്നെ പോകാൻ പറ്റിയില്ല. ഉഷ കുതിക്കുകയാണ്. എങ്ങോട്ട് കുതിക്കുന്നു? എങ്ങോട്ടാണ് കുതിക്കുന്നതെന്ന് ഞങ്ങൾക്ക് മനസ്സിലാകുന്നില്ല. ഒരു മെഡലിന്റെ കഷണം നിങ്ങൾക്ക് കിട്ടുകയില്ലയെന്നു മാത്രമല്ല ഇപ്പോൾ മെഡൽ നിലവാരം നോക്കിയാൽ ചൈന, റഷ്യ, യു.എസ്. എ. ഈ രീതിയിൽ രാജ്യങ്ങൾ നിങ്ങൾക്ക് കാണാം. ഇൻഡ്യയ്ക്ക് ഒരു ഓടുപോലും കിട്ടാൻ സാധിക്കാതെവരും. ശ്രീ. ജി. കാർത്തികേയൻ ഇവിടെ പറയുന്നതുകേട്ടാൽ തോന്നും ഒരു 100 മെഡലുകൾ വാങ്ങിയിട്ടാണ് പറയുന്നതെന്ന്. മർമ്മത്തു കൊണ്ടാൽ നിങ്ങൾ ബേജാറാകുമെന്ന് എനിക്കറിയാം. ബഹുമാനപ്പെട്ട ഇ.ടി. മുഹമ്മദ് ബഷീർ പറഞ്ഞത് ഒന്നുരണ്ട് പ്രസക്തമായ കാര്യങ്ങളാണ്. അദ്ദേഹം മലബാർ യൂണിവേഴ്സിറ്റിയെ സംബന്ധിച്ച് ആശങ്കയുള്ളതായി പറഞ്ഞു. ആ ആശങ്ക വേണ്ട. ഈ അസംബ്ലി പിരിയുന്നതോടുകൂടി മലബാർ യൂണിവേഴ്സിറ്റി സ്ഥാപിച്ചുകൊണ്ട് ഞങ്ങൾ ഓർഡിനൻസ് ഇറക്കും. യാതൊരു സംശയവും വേണ്ട.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.എം. മാണി : ഈ നിയമസഭ സമ്മേളിച്ചുകൊണ്ടിരിക്കുമ്പോൾ ഇതു കഴിഞ്ഞാലുടനെ ഞങ്ങൾ ഓർഡിനൻസ് ഇറക്കും എന്നൊരു മന്ത്രി പറയുന്നത് ശരിയാണോ? അത് ഭരണഘടനാപരമായി തെറ്റാണ്. ഈ നിയമസഭ കൂടിക്കൊണ്ടിരിക്കുമ്പോൾ ഒരു മന്ത്രി പറയുകയാണ് നിയമസഭ കഴിഞ്ഞാൽ ഞങ്ങൾ ഓർഡിനൻസ് ഇറക്കുമെന്ന്. അത് ശരിയല്ല. അതു ഓർഡറിലാണോ? ബഹുമാനപ്പെട്ട സ്പീക്കർ റൂൾ ചെയ്യണം.

Shri. T. sivadasa Menon : Sir.... (ബഹളം)

Shri. K.M. Mani : I don't want the Minister's reply I want a ruling from the Hon. Speaker.

ഈ മനസ്സിലിരിപ്പ് വളരെ തെറ്റാണ്. നിയമസഭ കൂടുമ്പോൾ നിയമസഭയിൽ ബില്ല് കൊണ്ടുവരുന്നതിനുപകരം ഇപ്പോഴേ തീരുമാനിച്ചുവച്ചിരിക്കുകയാണ് നിയമസഭ കഴിയുമ്പോൾ ഓർഡിനൻസ് ഇറക്കാൻ.....

ഭക്ഷ്യ, വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സർ, ബഹുമാനപ്പെട്ട കെ.എം.മാണി വളരെ ഉച്ചത്തിൽ സംസാരിച്ചു എങ്കിലും ഒരു മന്ത്രിക്ക് നമ്മുടെ നടപടി ചട്ടങ്ങൾ അനുസരിച്ച് ആവശ്യമായ ഒരു കാര്യത്തിന് ഓർഡിനൻസ് ഇറക്കുമെന്ന് പറയുന്നത് ഏത് റൂളിന് വിപരീതമാണ്?

ശ്രീ. ടി. ശിവദാസമേനോൻ : സർ, ശ്രീ.കെ.എം. മാണി പറഞ്ഞതിന് ഞാൻ ഒന്ന് മറുപടി പറയട്ടെ.

Constitution - any ordinance has got the status of an Act.

എന്നേ പറഞ്ഞിട്ടുള്ളു. അല്ലാതെ മന്ത്രി അപ്രോപ്രിയേഷൻ ബില്ലിന് മറുപടി പറയുമ്പോൾ ഓർഡിനൻസ് ഇറക്കുമെന്ന് പറയാൻ പാടില്ലെന്ന് പറയുന്നത് ഒന്ന് വായിച്ചുതരണം.

മി. സ്പീക്കർ : ഇതൊക്കെ ഡിബേറ്റിലേക്ക് പോകേണ്ട.

ശ്രീ. ടി.എം. ജേക്കബ് : സർ, ഇവിടത്തെ ഇഷ്യലാ മിനിസ്റ്റർ പറഞ്ഞതും ഫിനാൻസ് മിനിസ്റ്റർ പറഞ്ഞതുമല്ല. ഈ സഭ ഇപ്പോൾ സമ്മേളിച്ചുകൊണ്ടിരിക്കുന്നു. നേരത്തേ ഇറക്കിയ ഒരു ഓർഡിനൻസ് നിലനില്ക്കുന്നു. അത് ലാപ്സായി നില്ക്കുന്ന സാഹചര്യതതിൽ ബിൽ ഇവിടെ വരേണ്ടതാണ്. അതിനെക്കുറിച്ച് പ്രതിപക്ഷത്തുനിന്ന് പറഞ്ഞപ്പോൾ ഞങ്ങൾ വീണ്ടും ഓർഡിനൻസ് കൊണ്ടുവരുന്നു എന്ന് ഒരു സഭാവേദിയിൽ പറയുന്നത് പ്രൊപ്രൈറ്റിക്ക് ചേർന്നതല്ല.

ശ്രീ. ടി. ശിവദാസമേനോൻ : സർ, ബഹുമാനപ്പെട്ട ടി.എം. ജേക്കബ്ബിന്റെ വാദം പിന്നേയും നമുക്ക് സഹിക്കാം. ഭരണഘടനാവിരുദ്ധമൊന്നുമല്ല, പ്രൊപ്രൈറ്റിയെക്കുറിച്ചാണ് പറഞ്ഞത്. പക്ഷേ, ഒരു കാര്യം മനസ്സിലാക്കണം. ഈ യൂണിവേഴ്സിറ്റിയുടെ ജന്മം ഒരു ഓർഡിനൻസിൽക്കൂടിയാണെന്നാണ് കേട്ടത്. ............................ (ബഹളം) ..............................

ശ്രീ. കെ.സി. ജോസഫ് : സർ, ഇന്ന് ഇവിടെ റൂൾ 49 അനുസരിച്ചുള്ള ചർച്ച കഴിയുമ്പോൾ സഭാനേതാവ് പറയാൻ പോകുന്നത് ഗവൺമെന്റിന് ഇനി ബിസിനസ് ഒന്നും ഇല്ലെന്നാണ്. അപ്പോൾ അങ്ങ് പറയും സഭ അനിശ്ചിതകാലത്തേയ്ക്ക് നിറുത്തിവയ്ക്കുന്നു എന്ന്. അങ്ങനെ ബിസിനസ് ഒന്നും ഇല്ലെന്ന് പറയാൻ പോകുന്ന ഒരു ഗവൺമെന്റിൻെറ വക്താവ് ഇപ്പോൾ പറയുന്നു. ഞങ്ങൾ ഈ സഭ കഴിഞ്ഞാൽ ഓർഡിനൻസ് പുറപ്പെടുവിക്കുമെന്ന്. ഈ



LIBRARY ARCHIVES Kerala Legislative Assembly

സഭാ സമ്മേളനം നീട്ടാൻ ആവശ്യപ്പെട്ടുകൊണ്ട് ബിൽ അവതരിപ്പിക്കുകയായിരുന്നു അദ്ദേഹം ചെയ്യേണ്ടിയിരുന്നത്. അതിനുപകരം ചെയ്തത് ഈ സഭയോടുള്ള അവഹേളനമാണ്.

മി. സ്പീക്കർ : അത് പറഞ്ഞു കഴിഞ്ഞു. അതിനെക്കുറിച്ച് ചെയർ പരിശോധിച്ച് പറയാം.

ശ്രീ. ടി. ശിവദാസമേനോൻ : സർ, പ്രശ്നം അതല്ല. ഇംപ്രൊപ്രൈറ്റി ആണെന്നാണ് ഇവിടെ പറഞ്ഞത്. എന്നാൽ അത് ഭരണഘടനയ്ക്ക് വിരുദ്ധമൊന്നുമല്ല.

.................. (ബഹളം) ..................

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഭരണഘടനാവിരുദ്ധമാണ്.

ശ്രീ. ടി. ശിവദാസമേനോൻ : സർ, ഇത് ഭരണഘടനാ വിരുദ്ധമൊന്നുമല്ല. ഏത് വകുപ്പിലാണ് അങ്ങനെ എഴുതിയിരിക്കുന്നത്?

മി. സ്പീക്കർ : അത് ഇവിടെ പറഞ്ഞുകഴിഞ്ഞല്ലോ. ഒരു ഡിബേറ്റിലേക്ക് പോകാൻ പറ്റില്ല. മിനിസ്റ്റർ അങ്ങ് കൺക്ലൂഡ് ചെയ്യണം.

ശ്രീ. ടി. ശിവദാസമേനോൻ : സർ, കൺക്ലൂഡ് ചെയ്യുന്നതിന് മുമ്പ് എനിക്ക് ചില കാര്യങ്ങൾ പറയാനുണ്ട്. മലബാർ യൂണിവേഴ്സിറ്റി ഒരു ഓർഡിനൻസ് കൊണ്ടുണ്ടാക്കിയവരാണ് അപ്പുറത്തിരിക്കുന്നത്. ഒരു യൂണിവേഴ്സിറ്റി ഓർഡിനൻസ് വഴി കൊണ്ടുവന്നു. യൂണിഫൈഡ് യൂണിവേഴ്സിറ്റി അവിടെ കിടക്കുകയാണ്. ബിൽ സെലക്ട് കമ്മിറ്റി സ്റ്റേജ് കഴിഞ്ഞിട്ട് മലബാർ യൂണിവേഴ്സിറ്റി ഓർഡിനൻസായിട്ട് കൊണ്ടുവന്നു. അവർ റീപ്ലേസ് ചെയ്തില്ല. അവർ റീപ്ലേസ് ചെയ്യാത്തതുകൊണ്ട് അത് ലാപ്സായി. ഇനി സെപ്റ്റംബർ 30-ന് മുമ്പ് നമുക്ക് ബഡ്ജറ്റ് പാസ്സാക്കണ്ടേ? ആ നിലയ്ക്ക് ഇനി അങ്ങോട്ട് സബ്ജക്ട് കമ്മിറ്റികളുടെ യോഗമാണ്. സ്പീക്കർ അതിന് ഷെഡ്യൂൾ ഇട്ടുകഴിഞ്ഞു. അപ്പോൾ നമ്മൾ സമ്മേളനം നീട്ടി വച്ചാൽ സമഗ്രമായി ചർച്ച ചെയ്ത് ഒരു ബിൽ ഉണ്ടാക്കാൻ സമയമില്ല. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് ഈ സഭ പ്രൊറോഗ് ചെയ്തു കഴിഞ്ഞാൽ ഓർഡിനൻസ് ഉണ്ടാക്കാൻ സാധിക്കുമല്ലോ എന്ന്. ഞാൻ അങ്ങനെ സൂചിപ്പിച്ചിട്ടേയുള്ളു. മറ്റൊന്നും ഞാൻ പറഞ്ഞിട്ടില്ല അത്രയേയുള്ളു.

ശ്രീ. പി.പി. തങ്കച്ചൻ : സർ ഈ നിയമസഭയിൽ രേഖാമൂലമുള്ള ഒരു ചോദ്യത്തിന് ഉത്തരമായിട്ട് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി പറഞ്ഞത് ഈ നിയമസഭയിൽ തന്നെ മലബാർ യൂണിവേഴ്സിറ്റിയുടെ ബിൽ അവതരിപ്പിക്കുമെന്നാണ്. ഇപ്പോൾ ഒരു മന്ത്രി പറയുകയാണ് ഞങ്ങൾ ഓർഡിനൻസ് അവതരിപ്പിക്കാൻ പോവുകയാണെന്ന്. എന്താ സർ, ഇത്?

ശ്രീ. ടി. ശിവദാസമേനോൻ : സർ, ഓർഡിനൻസ് എന്ന് പറഞ്ഞാൽ all the status of an Act. ഇപ്പോൾ മലബാർ യൂണിവേഴ്സിറ്റി ഓർഡിനൻസായിട്ട് കൊണ്ടുവന്നു. അടുത്ത സെഷനിൽ or within the time അത് ബില്ലായിട്ട് റീപ്ലേസ് ചെയ്യാൻ സാധിക്കാതെ പോയി. സാധിക്കാതെ പോയപ്പോൾ മലബാർ യൂണിവേഴ്സിറ്റിയെപ്പറ്റിയുള്ള ആശങ്ക തീർക്കാൻ ആ വ്യഗ്രതയിൽ അസംബ്ലി പ്രൊറോഗ് ചെയ്തുകഴിഞ്ഞാൽ ഇതിനുള്ള സാധ്യതയുണ്ടെന്നേ ഞാൻ പറഞ്ഞതിന് അർത്ഥമുള്ളു. ഈ സഭയെ അവഹേളിക്കാനോ സഭയെ റബ്ബർ സ്റ്റാമ്പാക്കാനോ യാതൊരു തരത്തിലുള്ള ഉദ്ദേശവും എനിക്ക് ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെ വല്ല ഉദ്ദേശവുമുണ്ടെന്ന് വല്ലവരുടേയും മനസ്സിലുണ്ടെങ്കിൽ ഞാൻ പറഞ്ഞതിനെ പിൻവലിക്കുന്നു.

ശ്രീ. കെ.എം.മാണി : സർ, ആർട്ടിക്കിൾ 213-ൽ പറയുന്നത്.

If any time, except when the Legislative Assembly of a state is in session, or where there is a Legislative Council in a state except when both Houses of the Legislature are in session the Governor is satisfied that circumstances exist which render it necessary for him to take immediate action, he may promulgate,............

മൂന്ന് കണ്ടിഷൻസുണ്ട്. രണ്ടാമത്തേത് circumstances exist which render it necessary for him to take immediate action........................

ഒന്ന്, സെഷനിൽ അല്ലാതിരിക്കണം; രണ്ട്, രണ്ട് അടിയന്തിര സാഹചര്യം ഉണ്ടായിരിക്കണം; മൂന്ന്, അത് ഗവർണ്ണർക്ക് ബോദ്ധ്യമായിരിക്കണം. അങ്ങനെയിരിക്കേ ഈ നിയമസഭ കൂടുന്ന സന്ദർഭത്തിൽ - ഇപ്പോൾ കൂടിക്കൊണ്ടിരിക്കുകയാണ്. വേണമെങ്കിൽ നിയമമാക്കാം. ബിൽ സർക്കുലേറ്റ് ചെയ്തുകഴിഞ്ഞു. ഓർഡിനൻസ് റീപ്ലേസിംഗ് ബിൽ സർക്കുലേറ്റ് ചെയ്തിരിക്കേ നിയമസഭ പിരിയുന്നതിന് മുമ്പ്, ഇപ്പോൾ ഷെഡ്യൂൾ ചെയ്തുകൊണ്ട് അത് നിയമമാക്കാൻ സൗകര്യമുണ്ടായിരിക്കേ, നിയമസഭ പിരിയുന്നതിന് മുമ്പ് ഗവൺമെന്റിന്റെ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ചുകൊണ്ട് ഞങ്ങൾ ഓർഡിനൻസ് പുറപ്പെടുവിക്കുമെന്ന് ഒരു മന്ത്രി, പ്രത്യേകിച്ച് ധനകാര്യ വകുപ്പുമന്ത്രി ഈ നിയമസഭയിൽ പറഞ്ഞത് ഓർഡറിലാണോ?

മി. സ്പീക്കർ : അദ്ദേഹം അത് തിരുത്തി പറഞ്ഞു.

ശ്രീ. കെ.എം. മാണി : സർ, ഇത് ഭരണഘടനാവിരുദ്ധമാണ്; ഭരണഘടനാ ലംഘനമാണ്; നിയമസഭയോടുള്ള അവഹേളനമാണ്.

ശ്രീ. ടി. ശിവദാസമേനോൻ : സർ, ആർട്ടിക്കിൾ 213-ൽ പറയുന്നത് അനുസരിച്ച് ഒരു ലംഘനവുമില്ല. ഞാൻ പറഞ്ഞുതരാം. ഇതിൽ വേണ്ടത് എന്താണെന്നുവച്ചാൽ അസംബ്ലി മീറ്റ് ചെയ്യാതിരിക്കുകയാണ്. ഇങ്ങനെ ഒരു ഓർഡിനൻസ് വേണമെന്നുള്ള ആവശ്യം ഉണ്ടായിരിക്കയാണ്. ആ സമയത്ത് The Governor shall promulgate ordinance എന്നാണ്. അത് അസംബ്ലി ഇല്ലാത്ത ഒരു സാഹചര്യത്തിൽ കൊണ്ടുവരാൻ കഴിയുമോയെന്ന് ഞങ്ങൾ നോക്കും എന്നേ ഞാൻ പറഞ്ഞതിന് അർത്ഥമുള്ളു. മറ്റ് തരത്തിൽ പറഞ്ഞത് ഞാൻ പിൻവലിക്കുന്നു. I withdraw it.

മി. സ്പീക്കർ : വിത്ഡ്രോ ചെയ്യുന്നുവെന്ന് പറഞ്ഞാൽ പിന്നെ എന്താണ്? അദ്ദേഹം പറഞ്ഞത് പിൻവലിച്ചു.

ശ്രീ. ടി. ശിവദാസമേനോൻ : സർ, മനുഷ്യന് തെറ്റ് പറ്റില്ലേ? അത് വിത്ഡ്രാ ചെയ്തുകൂടെ?

പിന്നെ എന്താണ് അതിലുള്ളത്? അതുകൊണ്ട് മലബാർ സർവ്വകലാശാലയെ സംബന്ധിച്ച് യാതൊരു ആശങ്കയും ആർക്കും വേണ്ടെന്ന് ഞാൻ തറപ്പിച്ചു പറയുന്നു. Malabar University will be there അതിന് യാതൊരു സംശയവും വേണ്ട.

സർ, അതുപോലെതന്നെ സംസ്കൃത യൂണിവേഴ്സിറ്റി ...............

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ : സർ, ഓർഡിനൻസ് കൊണ്ടുവരാമെന്ന് അദ്ദേഹം പറഞ്ഞത് പിൻവലിച്ചു എന്ന് പറഞ്ഞപ്പോൾ കൺഫ്യൂഷൻ കൂടുക

LIBRARY ARCHIVES Kerala Legislative Assembly

യാണ്. അപ്പോൾ വീണ്ടും നിങ്ങൾ എന്താണ് ചെയ്യാൻ പോകുന്നത്? നിങ്ങൾ അസംബ്ലിയിൽ പറഞ്ഞിട്ടുള്ളതും എഴുതിത്തന്നിട്ടുള്ളതും നിങ്ങൾ ബിൽ അവതരിപ്പിച്ച് പാസ്സാക്കുമെന്നാണ്. ഇപ്പോൾ ശ്രീ. ശിവദാസമേനോൻ പറയുന്നത് ഓർഡിനൻസ് കൊണ്ടുവരുമെന്ന് പറഞ്ഞത് അദ്ദേഹം പിൻവലിക്കുന്നു എന്നാണ്. നിങ്ങൾ എന്താണ് ചെയ്യാൻ പോകുന്നതെന്ന് പറയാൻ നിങ്ങൾ ബാദ്ധ്യസ്ഥരാണ്.

ശ്രീ. ടി. ശിവദാസമേനോൻ : സർ, ഞാൻ പറയാം. മലബാർ സർവ്വകലാശാല കഴിയുന്നതുംവേഗം ഒരു യാഥാർത്ഥ്യമാക്കാൻ നിയമപരമായി ചെയ്യാൻ സധിക്കുന്നതെല്ലാം ഈ ഗവൺമെന്റ് ചെയ്യും.

സർ, സംസ്കൃത സർവ്വകലാശാലയെ സംബന്ധിച്ച് ഒരു കാര്യം ഞാൻ പറയാം. സംസ്കൃത സർവ്വകലാശാലയെസംബന്ധിച്ച് യാതൊരു ബേജാറും വേണ്ട. സംസ്കൃത സർവ്വകലാശാലയ്ക്ക് ഞങ്ങൾ ആരും എതിരല്ല. പക്ഷേ, സംസ്കൃത സർവ്വകലാശാലയിൽ നടക്കുന്ന ചില കാര്യങ്ങളെ സംബന്ധിച്ച് ശ്രീ. പി.ജെ. ജോസഫ് ഇവിടെ സൂചിപ്പിച്ചു. ആ സംസ്കൃത സർവ്വകലാശാലയിൽ നിന്ന് സംസ്കൃതം ഒഴിവാക്കിത്തരണമെന്ന് നാളെ അവിടത്തെ കുട്ടികൾ ഡിമാന്റ് വയ്ക്കരുതെന്നുള്ള ഒരു ബേജാറുകൊണ്ടാണ് പറയുന്നത്. സംസ്കൃത യൂണിവേഴ്സിറ്റിയിൽ നിന്ന് സംസ്കൃതം വിത്ത്ഡ്രാ ചെയ്തുതരണമെന്നുള്ള ആക്ഷേപം ആ കുട്ടികൾ വയ്ക്കാതിരിക്കത്തക്കവണ്ണം ആ സർവ്വകലാശാലയെ രൂപപ്പെടുത്തികൊണ്ടുവരണമെന്നേ ഞാൻ പറഞ്ഞതിന് അർത്ഥമുള്ളു. അങ്ങനെ കുറേ ആളുകൾ സംസ്കൃത സ്കൂളുകൾ നടത്തുന്നുണ്ട്. ഞാൻ പ്രസംഗം ദീർഘിപ്പിക്കുന്നില്ല. അതുകൊണ്ട്....

ശ്രീ. എ.കെ. ആന്റണി : സർ, സംസ്കൃത യൂണിവേഴ്സിറ്റിയിൽ ഏതെങ്കിലും കാരണത്തിന്റെ പേരിൽ എന്തെങ്കിലും തകരാറുണ്ടായിട്ടുണ്ടെങ്കിൽ അതിനെക്കുറിച്ച് നിങ്ങൾ വിജിലൻസ് എൻക്വയറിയോ ജുഡീഷ്യൽ എൻക്വയറിയോ സുപ്രീം കോടതി ജഡ്ജിയെക്കൊണ്ടോ എൻക്വയറി നടത്തുന്നതിൽ ഞങ്ങൾക്ക് വിരോധമില്ല. അതേയവസരത്തിൽ ആദിശങ്കരന്റെ പേരിൽ ഇവിടെ സ്ഥാപിച്ച യൂണിവേഴ്സിറ്റിയെ നിങ്ങൾ ഞെക്കിക്കൊല്ലാൻ ശ്രമിക്കുന്നു. കാരണം, 5 കോടി രൂപ ബഡ്ജറ്റിൽ ഞങ്ങൾ വകയിരുത്തിയത് നിങ്ങൾ ഒരു കോടി രൂപയായി വെട്ടിച്ചുരുക്കിയത് എന്തിനാണെന്നാണ് എനിക്ക് അറിയേണ്ടത്.

ശ്രീ. ടി. ശിവദാസമേനോൻ : സർവ്വകലാശാലയുടെ പ്രവർത്തനം മുറയ്ക്ക് നടത്തും. നീക്കിവച്ച സംഖ്യ തികയാതെ വന്നാൽ വീണ്ടും ഈ സഭയെ സമീപിക്കാവുന്നതാണ്. അതിന് യാതൊരു സംശയവും ഇല്ല. ഇതിനൊക്കെ നിയമമുണ്ട്. അതിനും ഭരണഘടന എതിരാണോ എന്ന് എനിക്കറിയില്ല. ആവശ്യമുള്ള പണം ചെലവഴിക്കാൻ വേണ്ടി ഈ സഭയെ സമീപിക്കാൻ ഗവൺമെന്റിന് അധികാരമുണ്ട്. തലതിരിഞ്ഞ.................... ഇത്രയും എന്നെക്കൊണ്ട് പറയിക്കേണ്ടിയിരുന്നില്ല. ബഹുമാനപ്പെട്ട കാർത്തികേയന്റെ ക്രൂരമായ പ്രയോഗങ്ങളാണ് ഇതിലേയ്ക്ക് എത്തിച്ചത്. കോൺഗ്രസ് (ഐ)യെ സംബന്ധിച്ച് ചില കാര്യങ്ങൾ വ്യക്തമായി തെളിയിക്കണമെന്ന് ഉണ്ടായിരുന്നു. ആ അവസ്ഥയും ഇപ്പോൾ കഴിഞ്ഞു. എനിക്ക് ഒരു തെറ്റു പറ്റി; അത് ഞാൻ തിരുത്തി. അതെല്ലാം കഴിഞ്ഞിരിക്കുകയാണ്. ഈ അപ്രോപ്രിയേഷൻ ബിൽ പാസ്സാക്കിതരണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

1996-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട് നമ്പർ-2) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു. ബിൽ പരിഗണനയ്ക്കെടുത്തു.

രണ്ടും മൂന്നും വകുപ്പുകൾ

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു. രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

പട്ടിക

പട്ടിക ബില്ലിന്റെ ഭാഗമാക്കുമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കുമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യ വകുപ്പു മന്ത്രി (ശ്രീ. ടി.ശിവദാസമേനോൻ) : 1996-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട് നമ്പർ - 2) ബിൽ പാസ്സാക്കിത്തരണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ആരോഗ്യവും സ്പോർട്ട്സും വകുപ്പു മന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) സർ, ഞാൻ പിൻതാങ്ങുന്നു.

മി. സ്പീക്കർ : 1996-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട് നമ്പർ-2) ബിൽ പാസ്സാക്കണമെന്ന പ്രമേയം സംബന്ധിച്ച്........

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു. (താഴെപ്പറയുംപ്രകാരം സഭാംഗങ്ങൾ വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ - 69

1. ശ്രീ. എ. അലിഹസ്സൻ
2. ശ്രീ. ആനത്തലവട്ടം ആനന്ദൻ.
3. ശ്രീ. ആന്റണി രാജു
4. ശ്രീ. ബാബു ദിവാകരൻ
5. ശ്രീ. ബേബിജോൺ
6. ശ്രീ. എൻ. ആർ. ബാലൻ
7. ശ്രീ. ടി.കെ. ബാലൻ
8. ശ്രീ. സി.പി. ബാലൻ വൈദ്യർ
9. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
10. ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ
11. ശ്രീ. വെ.കെ. ചന്ദ്രൻ
12. ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ



LIBRARY ARCHIVES Kerala Legislative Assembly

13. ശ്രീ. പി.സി ജോർജ്
14. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
15. ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ
16. ശ്രീ. ടി.കെ. ഹംസ
17. ശ്രീ. കെ.ഇ. ഇസ്മയിൽ
18. ശ്രീ. സി.എൻ. ജയദേവൻ
19. ശ്രീ. എം.വി. ജയരാജൻ
20. ശ്രീ. ജോസ് ബേബി
21. ശ്രീ. പി. ജെ. ജോസഫ്
22. ശ്രീ. വി.സി. കബീർ
23. ശ്രീ. എ. കണാരൻ
24. ശ്രീ. എൻ. കണ്ണൻ
25. ശ്രീ. എളമരം കരീം
26. ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ
27. ശ്രീ. പി.കെ. കുമാരൻ
28. ശ്രീ. കുഞ്ഞഹമ്മദ്
29. ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ്
30. ശ്രീ. സി.എ. കുര്യൻ
31. ശ്രീമതി ആർ. ലതാദേവി
32. ശ്രീ. ലോനപ്പൻ നമ്പാടൻ
33. പ്രൊഫ. മീനാക്ഷി തമ്പാൻ
34. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
35. ശ്രീ. മോൻസ് ജോസഫ്
36. ശ്രീ. പിരപ്പൻകോട് മുരളി
37. ശ്രീ. ടി. നാണുമാസ്റ്റർ
38. ശ്രീ. സി.കെ. നാണു
39. ശ്രീ. എം. നാരായണൻ (കുഴൽമന്ദം)
40. ശ്രീ. എ. നീലലോഹിതദാസൻ നാടാർ
41. ശ്രീ. ടി.കെ. നൗഷാദ്
42. ശ്രീ. കെ. പ്രകാശ് ബാബു
43. ശ്രീമതി എൻ.കെ. രാധ
44. ശ്രീ. കെ. രാധാകൃഷ്ണൻ
45. ശ്രീ. പി. രാഘവൻ
46. ശ്രീ. വി.കെ. രാജൻ
47. ശ്രീ. സി.കെ. രാജേന്ദ്രൻ

LIBRARY ARCHIVES Kerala Legislative Assembly

48. ശ്രീ. കെ.പി. രാജേന്ദ്രൻ
49. ശ്രീ. പി. രാജു
50. ശ്രീ. രാജു എബ്രഹാം
51. ശ്രീ. വി.പി. രാമകൃഷ്ണപിള്ള
52. ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ
53. ശ്രീ. പി.ആർ. കുറുപ്പ്
54. ശ്രീ. പി. രവീന്ദ്രൻ
55. ശ്രീ. എസ്. ശർമ്മ
56. ശ്രീ. കെ.പി. സതീശ് ചന്ദ്രൻ
57. ശ്രീ. സത്യൻ മൊകേരി
58. ശ്രീ. എ.സി. ഷൺമുഖദാസ്
59. ശ്രീമതി കെ.കെ. ശൈലജ ടീച്ചർ
60. ശ്രീ. ടി. ശിവദാസമേനോൻ
61. ശ്രീ. ജി. സുധാകരൻ
62. ശ്രീ. പി.പി. സുലൈമാൻ റാവുത്തർ
63. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
64. പ്രൊഫ: എ.വി. താമരാക്ഷൻ
65. ശ്രീ. എം.എ. തോമസ്
66. ശ്രീ. എം.പി. വർഗ്ഗീസ്
67. ശ്രീ. വർഗ്ഗീസ് വൈദ്യർ
68. ശ്രീ. പിണറായി വിജയൻ
69. ശ്രീ. പി. വിശ്വൻ

പ്രതികൂലിക്കുന്നവർ - 48

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി
3. ശ്രീ. പി.കെ. അബ്ദുറബ്ബ്
4. ശ്രീ. കെ. അച്ചുതൻ
5. ശ്രീ. സി.ടി. അഹമ്മദ് അലി
6. ശ്രീ. എ.കെ. ആന്റണി
7. ശ്രീ. ഇ.എം. അഗസ്തി
8. ശ്രീ. കെ. ബാബു
9. ശ്രീ. പി.കെ.കെ. ബാവ
10. ശ്രീ. കെ.എ. ചന്ദ്രൻ
11. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
12. ശ്രീ. ശ്രീ. പി.ജെ. ഫ്രാൻസിസ്

LIBRARY ARCHIVES Kerala Legislative Assembly

13. ശ്രീ. ജോർജ് ഈഡൻ
14. ശ്രീ. ഇസ്ഹാക് കുരുക്കൾ
15. ശ്രീ. ടി.എം. ജേക്കബ്
16. ശ്രീ. കെ.സി. ജോസഫ്
17. ശ്രീ. പി.ജെ. ജോയി
18. ശ്രീ. ജി. കാർത്തികേയൻ
19. ശ്രീ. കെ.കെ. നായർ
20. ശ്രീ. പി.കെ. കുഞ്ഞാലികുട്ടി
21. ഡോ. എം.എ. കുട്ടപ്പൻ
22. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
23. ശ്രീ. മാമ്മൻ മത്തായി
24. ശ്രീ. കെ.എം. മാണി
25. ശ്രീ. കെ. മുഹമ്മദാലി
26. ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ
27. ശ്രീ. എ.കെ. മണി
28. ശ്രീ. സി. മോയിൻകുട്ടി
29. ശ്രീ. ആര്യാടൻ മുഹമ്മദ്
30. ശ്രീ. എം.കെ. മുനീർ
31. ശ്രീ. എം. മുരളി
32. ശ്രീ. കെ. നാരായണക്കുറുപ്പ്
33. ശ്രീ. എഴുകോൺ നാരായണൻ
34. ശ്രീ. വി.ജെ. പൗലോസ്
35. ശ്രീ. അടൂർ പ്രകാശ്
36. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
37. ശ്രീമതി രാധാരാഘവൻ
38. ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ
39. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
40. ശ്രീ. പാലോട് രവി
41. ശ്രീമതി റോസമ്മ ചാക്കോ
42. പ്രൊഫ: സാവിത്രി ലക്ഷ്മണൻ
43. ശ്രീമതി ശോഭനാ ജോർജ്
44. ശ്രീ. കെ. സുധാകരൻ
45. ശ്രീ. പി.പി. തങ്കച്ചൻ
46. ശ്രീ. സി.എഫ്. തോമസ്
47. കെ.സി. വേണുഗോപാൽ

LIBRARY ARCHIVES Kerala Legislative Assembly

48. ശ്രീ. ബി. വിജയകുമാർ

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

മി. സ്പീക്കർ : അനുകൂലിക്കുന്നവർ - 69

പ്രതികൂലിക്കുന്നവർ - 48

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ സഭ പാസ്സാക്കി

അരമണിക്കൂർ ചർച്ച (49-ാം ചട്ടം) :

മി. സ്പീക്കർ : റൂൾ 49 അനുസരിച്ച് അരമണിക്കൂർ ചർച്ച 1987-88-നു ശേഷം ഈ സഭയിൽ വീണ്ടും വരികയാണ്. സർക്കാർ കാര്യങ്ങൾക്ക് ആയി നീക്കി വച്ചിരുന്ന സമയം വേണമെങ്കിൽ ഗവൺമെന്റിന് ഔദ്യോഗിക കാര്യങ്ങൾക്കായി മാറ്റിവയ്ക്കാമായിരുന്നു. എന്നാൽ നാം നടത്തിയ ശിൽപ്പശാലയിൽ അംഗങ്ങൾ ഉന്നയിച്ച ഒരു പ്രധാന കാര്യമെന്ന നിലയിൽ ഇക്കാര്യം ചെയർ ബന്ധപ്പെട്ട മന്ത്രിമാരുടെ ശ്രദ്ധയിൽപ്പെടുത്തുകയും രണ്ടു പ്രശ്നങ്ങളും അനുവദിക്കാൻ ബഹുമാനപ്പെട്ട വൈദ്യുതിമന്ത്രിയും, റവന്യൂമന്ത്രിയും ഉടൻ തന്നെ സമ്മതിക്കുകയും ചെയ്തു. അങ്ങനെ ഈ റൂൾ ഇപ്പോൾ പുനരുജ്ജീവിച്ചിരിക്കുകയാണ്. ഇതിനു സഹായിച്ച ഗവൺമെന്റ് സമീപനത്തെ ചെയർ അഭിനന്ദിക്കുന്നു. ഇക്കാര്യത്തിലുള്ള നടപടിക്രമം സൂചിപ്പിക്കാം. ബന്ധപ്പെട്ട അംഗത്തിന് ഇതിനെ സംബന്ധിച്ച് ഒരു ലഘുവിവരണം നടത്താം. തുടർന്ന് ബന്ധപ്പെട്ട മന്ത്രി ഇതിനെസംബന്ധിച്ച് മറുപടി നൽകും. അതിനു ശേഷം മുൻകൂട്ടി ചെയറിനോട് ചോദ്യങ്ങൾ ചോദിക്കാൻ അനുമതി ആവശ്യപ്പെട്ടിട്ടുള്ള അംഗങ്ങൾക്ക് ചുരുക്കം ചോദ്യങ്ങൾ സമയപരിമിതിക്കുള്ളിൽ നിന്നുകൊണ്ട് ചോദിക്കാം. ബന്ധപ്പെട്ട ചോദ്യം ചോദിക്കുന്ന അംഗത്തിന് 5 മിനിറ്റും, ബന്ധപ്പെട്ട മന്ത്രിക്ക് 10 മിനിറ്റും അനുവദിക്കും. പിന്നീട് ചോദ്യങ്ങൾ ചോദിക്കുകയും, ഉത്തരം പറയുകയും ചെയ്യും. എന്നാലേ ചർച്ച എഫക്ടീവ് ആകൂ. 18-7-96-ലെ നക്ഷത്രചിഹ്നമിട്ട 50-ാം നമ്പർ ചോദ്യത്തിന് ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രി നൽകിയ മറുപടിയിൽ നിന്നും ഉൽഭവിച്ച പൊതു പ്രാധാന്യമുള്ള പ്രശ്നത്തെ സംബന്ധിച്ച് അര മണിക്കൂർ ചർച്ച ഉന്നയിച്ചിരിക്കുന്നത് ശ്രീ. എ. കണാരൻ എം.എൽ.എ. ആണ്. അദ്ദേഹത്തിന് അനുവാദം നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് സഭയിൽ ഔപചാരികമായ വോട്ടെടുപ്പോ, പ്രമേയമോ ഉന്നയിക്കരുത്. ബഹുമാനപ്പെട്ട മെമ്പർ ലഘുവിവരണം നൽകുന്നതും, ബഹുമാനപ്പെട്ട റവന്യൂവകുപ്പു മന്ത്രി ചുരുക്കത്തിൽ മറുപടി നൽകുന്നതുമാണ്.

ശ്രീ. പാലോട് രവി : സർ, സഭയിൽ വരുന്ന പൊതുപ്രശ്നമാണ് അരമണിക്കൂർ ചർച്ചയ്ക്ക് വരുന്നത്. ഞങ്ങൾക്ക് തലേദിവസം തരുന്ന അജണ്ടയിൽ അരമണിക്കൂർ ചർച്ചയുടെ സബ്ജക്റ്റ് കൂടിതന്നാൽ അംഗങ്ങൾക്കെല്ലാം രേഖാമൂലം അങ്ങയോട് നേരിട്ട് ചോദ്യം ചോദിക്കാവുന്നതാണ്.

മി. സ്പീക്കർ : അതിനെപ്പറ്റി സെക്രട്ടേറിയറ്റിനോട് പറയാം.



LIBRARY ARCHIVES Kerala Legislative Assembly

## (1) 1996 ജൂലായ് 18-ാം തീയതിയിലെ 50-ാം നമ്പർ നക്ഷത്രചിഹ്നമിട്ട ചോദ്യത്തിന്റെ മറുപടിയിൽ നിന്ന് ഉളവായ പൊതു പ്രാധാന്യമുള്ള കാര്യം

ശ്രീ. എ. കണാരൻ : സർ, റൂൾ 49 പ്രകാരം ഞാൻ കഴിഞ്ഞ പ്രാവശ്യം ഉന്നയിച്ചപ്പോൾ 10 മിനിറ്റാണ് അനുവദിച്ചത്. പത്ത് മിനിറ്റ് അംഗത്തിന്, പത്ത് മിനിറ്റ് മന്ത്രിക്ക്, പത്തു മിനിറ്റ് ചോദ്യങ്ങൾക്ക് എന്നിങ്ങനെയാണ് കഴിഞ്ഞ പ്രാവശ്യം അനുവദിച്ചത്. അക്കാര്യം പ്രൊസീഡിംഗ്സിലുണ്ട്. കാലവർഷക്കെടുതിയെപ്പറ്റിയാണ് ഞാൻ സംസാരിക്കാൻ പോകുന്നത്. കാലവർഷക്കെടുതി മൂലം ദുരിതം അനുഭവിക്കുന്നവർക്കുള്ള സഹായം യഥാസമയം നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കണമെന്നതാണ് പ്രധാനപ്പെട്ട പ്രശ്നം. 8-7-1996 -ൽ റവന്യൂവകുപ്പു മന്ത്രി നിയമസഭയിൽ മറുപടി നൽകിയ ശേഷവും കാലവർഷം ശക്തിപ്പെട്ടിട്ടുണ്ട്. ഇപ്പോഴും മലബാർ മേഖലയിലെല്ലാം വളരെ ശക്തമായ മഴ പെയ്തുകൊണ്ടിരിക്കുകയാണ്. ഇതിന്റെയെല്ലാം ഫലമായി കോടിക്കണക്കിന് രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ധാരാളം മരണങ്ങളും സംഭവിച്ചു കഴിഞ്ഞിട്ടുണ്ട്. 1995-ൽ തന്നെ കാലവർഷക്കെടുതിയിൽ മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് സഹായംനൽകാത്ത നിരവധി സംഭവങ്ങൾ ഇപ്പോഴുമുണ്ട്. കൃഷി, വീട്, സ്വത്ത് തുടങ്ങിയവ നഷ്ടപ്പെട്ടവർക്കൊന്നും സഹായം നൽകിയിട്ടില്ല. വെള്ളപ്പൊക്കദുരിതാശ്വാസത്തിന് കൊടുക്കാനുള്ള തുക കഴിഞ്ഞകാലത്തെ റവന്യൂവകുപ്പു മന്ത്രി അദ്ദേഹത്തിന്റെ മണ്ഡലമായ പാലമോടി പിടിപ്പിക്കാൻ വേണ്ടിയാണ് ചെലവാക്കിയത്. വില്ലേജ് ആഫീസുകൾക്ക് കെട്ടിടം പണിയുന്നതിനും മറ്റും വേണ്ടി കോടിക്കണക്കിന് രൂപയാണ് ചെലവാക്കിയത്.

അതുപോലെതന്നെ റവന്യൂ വകുപ്പിൽ ജീപ്പ് വാങ്ങുന്നതിനാണ് ആ തുക ചെലവഴിച്ചത്. കേരളാ കോൺഗ്രസ് കമ്മിറ്റികൾ രൂപീകരിക്കാനും യു.ഡി.എഫ്. ശിങ്കിടികൾക്ക് സഹായം നൽകാനും വേണ്ടി ലക്ഷക്കണക്കിനു രൂപ അന്ന് ചെലവാക്കിയിട്ടുണ്ട്. കോട്ടയം, ഇടുക്കി തുടങ്ങിയ പ്രദേശങ്ങളിലെ പ്രമാണിമാരുടെ വീടുകളിലേക്ക് വാഹനങ്ങൾ ഓടിച്ചുപോകുന്നതിനു വേണ്ടി ടാറിട്ട റോഡുകൾ നിർമ്മിക്കുവാൻ വേണ്ടി ഈ സംഖ്യ എടുത്ത് ചെലവാക്കിയിട്ടുണ്ട്. പ്രകൃതിക്ഷോഭത്തെ തുടർന്നുള്ള വെള്ളപ്പൊക്കത്തിന്റെ കാരണമായി തകർന്ന വീടുകൾ പുനർനിർമ്മാണം നടത്തുന്നതിനുവേണ്ടി കേന്ദ്രഗവൺമെന്റ് നൽകിയ തുക നിയമവിരുദ്ധമായിട്ടാണ് ചെലവാക്കിയിട്ടുള്ളതെന്ന് ബഹുമാനപ്പെട്ട മന്ത്രി കഴിഞ്ഞ പ്രവശ്യം പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഇതേപ്പറ്റി പരിശോധിക്കണം. പ്രകൃതിക്ഷോഭത്തെത്തുടർന്ന് വീട് നഷ്ടപ്പെട്ടവരും തെങ്ങ്, കവുങ്ങ്, കുരുമുളക്, വാഴ, റബർമരങ്ങൾ, പച്ചക്കറി കൃഷികൾ, നെൽക്കൃഷി, ഇവയെല്ലാം നഷ്ടമായിട്ടുള്ള ആയിരക്കണക്കിന് കൃഷിക്കാരും നമ്മുടെ സംസ്ഥാനത്തുമുണ്ട്. മലവെള്ളത്തിന്റെ കുത്തിയൊഴുക്കലിന്റെ ഫലമായി വീടുകൾ തകർന്നിട്ടുണ്ട്. മരങ്ങൾ മുതലായവ വീണതിന്റെ ഫലമായി അവയുടെ ഇടയിൽപ്പെട്ട് നൂറുകണക്കിന് ആളുകൾ മരണപ്പെട്ടിട്ടുണ്ട്. പരിക്കേറ്റവർക്കും മരണം സംഭവിച്ചവരുടെ ആശ്രിതർക്കും ധനസഹായം നൽകാനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞിട്ടില്ല. അത്തരക്കാർക്ക് യഥാസമയം ഈ തുക നൽകാൻ വേണ്ട നടപടികൾ ഗവൺമെന്റ് സ്വീകരിക്കണം. കാലവർഷക്കെടുതികളുടെ കണക്ക് കൃത്യമായി എടുക്കേണ്ടതാണ്. ഗവൺമെന്റിന്റെ കണക്കിൽ ഇവിടെ പ്രസ്താവിച്ചത് 32 മരണം സംഭവിച്ചിട്ടുണ്ടെന്നാണ്. 172 പേർക്ക് പരിക്കേറ്റിട്ടുണ്ടെന്നാണ്. 15,000 രൂപയാണ് സഹായധ

LIBRARY ARCHIVES Kerala Legislative Assembly

നമായിണ്ട് മരിച്ചവരുടെ കുടുംബങ്ങൾക്ക് നൽകുന്നത്. 12,000 രൂപ ആയിരുന്ന താണ് ഇപ്പോൾ ഗവൺമെന്റ് മൂവായിരം രൂപയുടെ വർദ്ധനവ് വരുത്തി 15,000 രൂപയാക്കി മാറ്റിയിട്ടുള്ളത്. എന്നാൽ ആ തുക തന്നെ നീതീകരിക്കാൻ പറ്റാ ത്തതാണ്. അതുകൊണ്ട് അത് കുറേക്കൂടി വർദ്ധിപ്പിക്കാനുള്ള സംവിധാനമു ണ്ടാവണം. 12,341 വീടുകൾ പൂർണ്ണമായും തകർന്നു. ഭാഗികമായി തകർന്ന വീടുകളുടെ കണക്കും സർക്കാർ പറയുന്നത് ശരിയല്ല. ഭാഗികമായി തകർന്ന വീടുകളുടെ കണക്ക് സർക്കാർ പറയുന്നത് 11,207-ഉം പൂർണ്ണമായി തകർന്ന വീടുകളുടെ എണ്ണം 1134 ആണെന്നുമാണ്. എന്നാൽ ഇതൊന്നും ശരിയാ യിട്ടുള്ള കണക്കല്ല വീടിന്റെ ചുവരുകൾക്ക് വിള്ളലുകളുണ്ടാകുകയോ, മേൽക്കൂര തകർന്നുപോകുകയോ ചെയ്താൽ അതൊക്കെ പൂർണ്ണമായും തകർന്നുപോയവയുടെ കൂട്ടത്തിൽപ്പെടുത്തേണ്ടതായിട്ടുണ്ട്. അതൊക്കെ വീടു കൾ പൂർണ്ണമായും തകർന്നതായിട്ട് കണക്കാക്കണം എന്നാണ് റവന്യൂവകുപ്പു മന്ത്രിയോട് എനിക്ക് പറയാനുള്ളത്. അങ്ങനെ ഭാഗികമായി വീടുകൾ തകർന്നവർക്ക് കൊടുക്കുന്നത് വെറും മൂവായിരം രൂപയാണ്. അതിപ്പോൾ 5,000 രൂപയായിട്ട് വർദ്ധിപ്പിച്ചിട്ടുണ്ട്. എന്നാൽ ഇത് മതിയായ തുകയല്ല. പൂർണ്ണമായും വീട് നശിച്ചവർക്ക് ഇപ്പോൾ കൊടുക്കുന്നത് 15,000 രൂപയാണ്. കൃഷിനാശം സംഭവിച്ചവർക്ക് 27 കോടി രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ടെ ന്നാണ് കണക്കാക്കിയിരിക്കുന്നത്. അതിന്റെ മുഴുവൻ കണക്കും ഇതേവരെ വന്നുചേർന്നിട്ടില്ല. മുൻഗവൺമെന്റ് കൃഷിനാശം സംഭവിച്ചവർക്ക് തുക നൽകിയില്ല. കൃഷി ഡിപ്പാർട്ടുമെന്റ് യഥാസമയം കണക്കുകൾ ശേഖരിച്ചതായി കാണുന്നില്ല. ഈ കണക്കുകളും ശരിയായിട്ടുള്ള കണക്കല്ല എന്നാണെന്റെ അഭിപ്രായം. കൃഷിനാശം സംഭവിച്ചിട്ടുള്ള പ്രദേശങ്ങൾ ഒരാഴ്ച കഴിഞ്ഞിട്ടും സന്ദർശിക്കാത്ത വകുപ്പുദ്യോഗസ്ഥന്മാരെ എനിക്കറിയാം. പത്തു കോടിയുറു പ്പികയുടെ പൊതുസ്വത്തിന് നാശമുണ്ടായിട്ടുണ്ടെന്നാണ് ഗവൺമെന്റ് പറയു ന്നത്. ഇതിൽ പറയുന്നത് സ്കൂൾ കെട്ടിടങ്ങൾക്കുണ്ടായ നാശനഷ്ടത്തിന്റെ കണക്കു മാത്രമല്ല, വായനശാല, അംഗൻവാടി കെട്ടിടങ്ങൾ, ഇവയെല്ലാം തകർന്നുപോയിട്ടുണ്ട്. പൊതുസ്വത്ത് നഷ്ടപ്പെട്ടാൽ ഒരുനയാപൈസപോലും നഷ്ടപരിഹാരം കൊടുക്കാനുള്ള സംവിധാനം ഇന്നില്ല. അംഗൻവാടിക്കാരുടെ കെട്ടിടത്തിന് നഷ്ടപരിഹാരം കൊടുക്കുന്നില്ല, സ്കൂൾ കെട്ടിടത്തിന് നഷ്ടപ രിഹാരം കൊടുക്കുന്നില്ല. എന്നാൽ അവയൊക്കെ കൊടുക്കണമെന്നുള്ള ആവശ്യമാണ് നമ്മുടെ മുൻപിലുള്ളത്. അതുപോലെതന്നെ മറ്റൊരുപ്രധാന പ്പെട്ട പ്രശ്നം ഇവിടെ ശേഖരിച്ച കണക്കുകളെ സംബന്ധിച്ചാണ്. കണക്കു കൾ എല്ലാം തന്നെ യഥാർത്ഥമായ കണക്കുകളല്ല. കോഴിക്കോടു ജില്ലയിലു ണ്ടായിട്ടുള്ള കാലവർഷക്കെടുതികളുടെ നഷ്ടം രണ്ടുകോടി രൂപയെന്നാണ് ഗവൺമെന്റിന്റെ കണക്കിൽ പറയുന്നത്. എന്നാൽ ആറരക്കോടി രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. യഥാർത്ഥമായ കണക്കെടുത്തുകഴിഞ്ഞാൽ അതിനേ ക്കാൾ എത്രയോ കോടിരൂപയുടെ നഷ്ടമാണ് സംഭവിച്ചിട്ടുള്ളതെന്ന് കാണാൻ സാധിക്കും. ഇതിനെ സംബന്ധിച്ച് എടുത്തുപറയാനുള്ളത് കാല വർഷക്കെടുതികൊണ്ട് വിഷമതഅനുഭവിക്കുന്നവരെ സഹായിക്കാൻ റവന്യൂ ഡിപ്പാർട്ടുമെന്റ് ശക്തമായ നടപടി സ്വീകരിച്ചിട്ടുണ്ടെന്നുള്ളതാണ്. ഓരോ താലൂക്കിലും ഡെപ്യൂട്ടി കളക്ടർമാരെ പ്രത്യേകമായിട്ട് ഉത്തരവാദപ്പെടുത്തി യിട്ടുണ്ട്. എന്നാൽ കൃഷിനാശം സംഭവിച്ചിട്ടുള്ള കർഷകരെ സഹായിക്കാൻ വേണ്ടി എടുത്തിട്ടുള്ള നടപടികൾ തൃപ്തികരമല്ല. അതുപോലെതന്നെ വേറൊരുപ്രശ്നം എനിക്ക് പറയാനുള്ളത് ഇൻഷ്വർ ചെയ്ത തെങ്ങിന് ന്ദേസിഅം ഉറുപ്പിക നൽകുമ്പോൾ ഇൻഷ്വർ ചെയ്യാത്ത തെങ്ങിന് നൽകുന്നത്

LIBRARY ARCHIVES Kerala Legislative Assembly

വെറും 300 ഉറുപ്പികമാത്രമാണ്. ഇവിടെ പത്ത് തെങ്ങുള്ള ഒരു പാവപ്പെട്ട കുടികിടപ്പുകാരന് ഒരു വർഷം ഒരു തെങ്ങിൽ നിന്നും 200 നാളീകേരമെങ്കിലും കിട്ടും. ഒരു വർഷത്തിൽ അയാൾക്ക് രണ്ടായിരം നാളീകേരം കിട്ടും.രണ്ടായിരം നാളികേരത്തിന് അയാൾക്ക് 8,000 ഉറുപ്പിക കിട്ടും. ഒരു തെങ്ങിൽനിന്നും 40 മുതൽ 50 കൊല്ലം വരെ ആദായം കിട്ടുന്നു. അങ്ങനെ ഏകദേശം 40 കൊല്ലം കണക്കിലെടുത്താൽ 3,20,000 ഉറുപ്പിക അദ്ദേഹത്തിന് ആദായം കിട്ടുന്നതാണ്. അത്തരം നഷ്ടം സംഭവിക്കുന്ന ഉടമകൾക്ക് 10 എണ്ണത്തിന് 3000 രൂപയാണ് നൽകുന്നത്. ഒരു തെങ്ങ് നശിച്ചുപോകുന്നത്കൊണ്ട് വലിയ നഷ്ടമാണ് 50 കൊല്ലംവരെ ഒരു കൃഷിക്കാരനുണ്ടാവുന്നത്. എന്നാൽ ഒരു തെങ്ങിന്റെ നഷ്ടത്തിന് ഡിപ്പാർട്ടുമെന്റ് കൊടുക്കുന്നത് കേവലം 300 ഉറുപ്പിക മാത്രമാണ്. ദീർഘകാലവിളയാണ് തെങ്ങ് തരുന്നത്. അതുകൊണ്ട് തെങ്ങിന് നഷ്ടപരിഹാരമായി കൊടുത്തുകൊണ്ടിരിക്കുന്ന തുകയിൽ മാറ്റം വരുത്തണം. തെങ്ങ്, കുരുമുളക്, കവുങ്ങ്, റബർ, മുതലായവ ദീർഘകാല വിളകളാണ്. ആ ദീർഘകാല വിളകൾക്ക് നഷ്ടം വന്നു കഴിഞ്ഞാൽ അവർക്ക് നഷ്ടപരിഹാരമായി കൊടുക്കുന്ന തുക വർദ്ധിപ്പിക്കുന്നതിനുവേണ്ട ഏർപ്പാടുണ്ടാക്കണം. വാഴകൃഷിക്കാർക്ക് നാശനഷ്ടമുണ്ടായാൽ അവർക്ക് വാഴ ഒന്നിന് 50 രൂപവച്ചാണ് ഇന്ന് കൊടുക്കുന്നത്. എന്നാൽ ഒരു വാഴക്കുല വിറ്റാൽ കിട്ടുന്നത് ഇരുന്നൂറ് ഇരുന്നൂറ്റിയമ്പത് രൂപയാണ്. ഇരുന്നൂറ് ഇരുന്നൂറ്റിയൻപത് ഉറുപ്പിക കിട്ടേണ്ട വാഴക്കുല വീണ് നശിച്ചാൽ കിട്ടുന്നത് 50 രൂപയാണ്. ഈ തുക വളരെക്കുറവാണ്. അതിന് മാറ്റം വരുത്താനുള്ള ഏർപ്പാട് ഉണ്ടാവണം. വീട് നഷ്ടപ്പെട്ടവർക്ക് വീട് വയ്ക്കുന്നതിനായി കൊടുത്തുകൊണ്ടിരിക്കുന്ന ധനസഹായം മൂവായിരം രൂപയായി വർദ്ധിപ്പിച്ചു. ഇപ്പോൾ 15,000 രൂപയാണ് അവർക്ക് കൊടുക്കുന്നത്. ഈ 15,000 രൂപ കൊണ്ട് എങ്ങനെ അവർക്ക് ഒരു പുതിയ വീട് ഉണ്ടാക്കാൻ സാധിക്കും? അതുകൊണ്ട് അവർക്ക് പാർപ്പിടമുണ്ടാക്കുവാൻ വേണ്ടി ആവശ്യമായ തുക നൽകാനുള്ള സംവിധാനം വേണം. എനിക്ക് നിർദ്ദേശിക്കാനുള്ളത് 25,000 രൂപയെങ്കിലും വീട് നഷ്ടപ്പെട്ടവർക്ക് കൊടുക്കാനുള്ള സംവിധാനമുണ്ടാകണം എന്നാണ്. പ്രകൃതിക്ഷോഭത്തിന്റെയും വെള്ളപ്പൊക്കത്തിന്റെയും ഫലമായി നിരവധി റോഡുകൾ തകർന്നിട്ടുണ്ട്. ഗതാഗതം തടസ്സപ്പെട്ടിട്ടുണ്ട്. വഴിപോകാൻ പോലും സാധിക്കാത്ത അവസ്ഥ അവിടെയൊക്കെ ഉണ്ടായിട്ടുണ്ട്. അവ പുനഃരുദ്ധരിക്കുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റിന്റെ സഹായം കിട്ടാനുള്ള സംവിധാനം ഏർപ്പെടുത്തണം. ഗവൺമെന്റ് ഫണ്ട് യഥാവസരം ലഭ്യമാക്കാനുള്ള സംവിധാനമുണ്ടാകണം. ഗ്രാമപ്പഞ്ചായത്തുകൾ, ജില്ലാപ്പഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ ഇവ മുഖേന നാശനഷ്ടങ്ങളുണ്ടായതിന്റെ കണക്കുണ്ടാക്കി, നഷ്ടം സംഭവിച്ചവർക്ക് ഈ തുക കൊടുക്കാനുള്ള സംവിധാനം ഉണ്ടാക്കേണ്ടതാണ്. അതുപോലെതന്നെ മഴ നമ്മുടെ സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും ഇപ്പോഴും പെയ്തുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് മത്സ്യത്തൊഴിലാളികൾ കയർ തൊഴിലാളികൾ, കൈത്തറി, കശുവണ്ടിത്തൊഴിലാളികൾ ഇവരെല്ലാംതന്നെ തൊഴിലില്ലാതായിരിക്കുകയാണ്. അതുകൊണ്ട് അവർക്കെല്ലാംതന്നെ ഒരാഴ്ചത്തേയ്ക്കെങ്കിലും സൗജന്യറേഷൻ നൽകാനുള്ള സംവിധാനം ഗവൺമെന്റ് നടപ്പിലാക്കണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുണ്ടായ അഴിമതികളെക്കുറിച്ച് വളരെ നിഷ്പക്ഷവും നീതിപൂർവ്വവുമായ അന്വേഷണം നടത്തണം. കേന്ദ്രഗവൺമെന്റ് ദുരിതാശ്വാസത്തിനു നൽകിയ പണം സ്വന്തം പാർശ്വവർത്തികൾക്കും ശിങ്കിടികൾക്കും കൊടുത്തതും സ്വന്തം മോടിപിടിപ്പിക്കുന്നതിനുവേണ്ടി ചെലവഴിച്ചതും വിശദമായി അന്വേഷിച്ച് വേണ്ട നടപടികൾ

LIBRARY ARCHIVES Kerala Legislative Assembly

സ്വീകരിക്കുന്നതിനും വേണ്ട നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും സത്വരമായി ഉണ്ടാവണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : ഇവിടെ ബഹുമാനപ്പെട്ട മെമ്പർ ശ്രീ. കണാരൻ പറഞ്ഞ വിഷയങ്ങൾ വളരെ പ്രസക്തമാണ്. ഈ വർഷത്തെ കാലവർഷക്കെടുതിയുമായി ബന്ധപ്പെട്ട ചില പ്രശ്നങ്ങൾ ഞാനിവിടെ പറയാം. ഈ വർഷം നമുക്ക് കിട്ടേണ്ട മഴ കിട്ടിയിട്ടില്ലായെന്നുള്ളതാണ് വസ്തുത. ജൂലായ് മാസത്തിലാണ് നമുക്ക് കുറച്ച് മഴ ലഭിച്ചത്. തിരുവനന്തപുരത്തെ കാലാവസ്ഥ നിരീക്ഷകർ പറയുന്നത് ജൂൺ ഒന്നുമുതൽ ജൂലായ് 17 വരെയുള്ള കാലയളവിൽ ഇടുക്കി, എറണാകുളം, കൊല്ലം, കണ്ണൂർ, കാസർകോട്, എന്നീ അഞ്ചു ജില്ലകളിൽ മാത്രമേ സാധാരണ ലഭിക്കാറുള്ള മഴ ലഭിച്ചിട്ടുള്ളു. കേരളത്തിന്റെ മറ്റു ജില്ലകളിലൊന്നും തന്നെ വേണ്ടത്ര മഴ ലഭിച്ചിട്ടില്ലായെന്നാണ്. അത്തരത്തിൽ നോക്കുമ്പോൾ ജൂൺ, ജൂലായ് മാസങ്ങളിൽ നമുക്ക് ലഭിക്കേണ്ടതായ മഴ മറ്റു വർഷങ്ങളിൽ ഇതേ സമയത്ത് ലഭിച്ചിട്ടുള്ള പോലെ ഈ കാലയളവിൽ ലഭിച്ചിട്ടില്ലെന്ന് കാണാൻ കഴിയും. എന്നാൽ സാധാരണ വർഷങ്ങളിൽ ലഭിക്കുന്ന മഴ ഇത്തവണ ലഭിക്കാതെതന്നെ കാർഷിക മേഖലയിലും അതുപോലെതന്നെ മറ്റ് മേഖലകളിലും കാലവർഷക്കെടുതിയുടെ ഫലമായി ധാരാളം നാശനഷ്ടങ്ങൾ ഉണ്ടായി. ഈ സന്ദർഭങ്ങളിൽ പ്രത്യേകിച്ചും ഇടുക്കി, കാസർകോട്, തുടങ്ങിയ ജില്ലകളിൽ സാമാന്യം നല്ല മഴയാണ് ഉണ്ടായത്. ആ പ്രദേശങ്ങളിലൊക്കെ കനത്ത നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. അതുപോലെതന്നെ തിരുവനന്തപുരം, കൊല്ലം, കോഴിക്കോട്, തൃശൂർ തുടങ്ങിയ കടലോരമേഖലകളിലൊക്കെതന്നെ കടൽക്ഷോഭവും അതിന്റെ ഭാഗമായിട്ടുണ്ടായി. കടൽക്ഷോഭത്തിന്റെ ഫലമായിട്ടും നാശനഷ്ടങ്ങൾ ധാരാളമുണ്ടായിട്ടുണ്ട്. നമുക്ക് കിട്ടിയ മഴയുടെ അളവ് താരതമ്യേന കുറവായിരുന്നെങ്കിലും വളരെയധികം നാശനഷ്ടങ്ങൾ ഈ സന്ദർഭത്തിൽ കേരളത്തിലൊട്ടാകെ ഉണ്ടായിട്ടുണ്ട്. ഗവൺമെന്റിന് കിട്ടിയ കണക്കിന്റെ അടിസ്ഥാനത്തിൽ കാലവർഷക്കെടുതിയിൽ ഇന്നുവരെ 63 പേർ മരിച്ചതായിട്ടാണ് റിപ്പോർട്ട്. അട്ടപപാടിയിലെ 21 പേരെയും ഇതിലുൾപ്പെടുത്തിയിട്ടുണ്ട്. ഛർദ്യതിസാരം കാരണമാണ് അട്ടപ്പാടിയിലെ ആളുകൾ മരണപ്പെട്ടതെങ്കിലും അതും കാലവർഷക്കെടുതിയുടെ ഭാഗമായിട്ടുണ്ടായിട്ടുള്ളതായിട്ടാണ് കണക്കാക്കുന്നത്. അതുകൊണ്ട് മരണപ്പെട്ട 63 പേരുടെ കൂട്ടത്തിൽ അട്ടപ്പാടിയിലെ 21 പേരെയും ഉൾപ്പെടുത്തിയിട്ടുള്ളത്. വിവിധ ജില്ലകളിലായി 179 പേർക്ക് കാലവർഷക്കെടുതിയുടെ ഫലമായി പരിക്കേറ്റിട്ടുണ്ട്. 1353 വീടുകളാണ് പൂർണ്ണമായും നശിച്ചത്. 12,468 വീടുകൾക്ക് ഭാഗികമായി തകരാറ് സംഭവിച്ചിട്ടുണ്ട്. കൃഷി ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ടു കിട്ടിയ കണക്കിന്റെ അടിസ്ഥാനത്തിൽ 59.45 കോടി ഉറുപ്പികയുടെ കൃഷിനാശം സംഭവിച്ചിട്ടുണ്ട്. 9 കോടി 82 ലക്ഷം രൂപയുടെ പൊതു സൊത്തുനാശം ഉണ്ടായതായി കണക്കാക്കപ്പെടുന്നുണ്ട്. ഇതിന്റെ ഇനം തിരിച്ചുള്ള കണക്കുകൾ ഇവിടെയുണ്ട്. അതൊന്നും ഞാൻ വായിക്കുന്നില്ല. ഈ കാര്യങ്ങളിലൊക്കെ കഴിഞ്ഞ കാലങ്ങളിൽ നടപ്പിലാക്കിയ നടപടികൾ ഒരു കീഴ്വഴക്കമായി ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല. കീഴ്വഴക്കമായി സ്വീകരിച്ചാൽ ഇതിനൊന്നും മര്യാദയ്ക്ക് പൈസ കൊടുക്കുവാൻ പറ്റുമായിരുന്നില്ല. ഇവിടെ മരിച്ച കുടുംബങ്ങളെ ആശ്വസിപ്പിക്കുന്നതിന് യഥാസമയം പൈസ കൊടുത്തിട്ടുണ്ട്.അതിനെക്കുറിച്ച് എന്തെങ്കിലും ആക്ഷേപം ഏതെങ്കിലും പ്രദേശത്തുണ്ടെങ്കിൽ അത് പരിശോധിക്കാം. 63 പേർ മരിച്ചു എന്നു പറയപ്പെടുന്നു. ഈ 63 പേരുടെ വീടുകളിലും 15,000 ഉറുപ്പികവച്ച് ഗവൺമെന്റ് കൊടുക്കാൻ തീരുമാനിക്കുകയും കൊടുക്കുകയും



LIBRARY ARCHIVES Kerala Legislative Assembly

ചെയ്തിട്ടുണ്ട്. അതുകൊണ്ട് അതിലൊന്നുംതെറ്റിദ്ധാരണയുണ്ടാകരുത്. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ എല്ലാവർക്കും വേണ്ട വിധത്തിൽ ഈ തുക കിട്ടിയിട്ടില്ലെന്നു പറഞ്ഞു, അത് ശരിയല്ല. ഈ 63 വീടുകൾക്കും 15,000 ഉറുപ്പി കവച്ച് നഷ്ടപരിഹാരം കൊടുക്കുകയും വീട്ടുകാരെ ആശ്വസിപ്പിക്കുന്നതി നുള്ള നടപടികൾ എടുക്കുകയും ചെയ്തിട്ടുണ്ട്. കുറെ വീടുകളിൽ നേരിട്ട് ഞാൻ തന്നെ പോയി പൈസ കൊടുക്കുകയും ചെയ്തിട്ടുള്ളതാണ്. അതു പോലെതന്നെ പരിക്കേറ്റവർക്ക് പൈസ കൊടുക്കുന്നതിന് ഇപ്പോൾ നിലവി ലുള്ള വ്യവസ്ഥയെപ്പറ്റി ശ്രീ. എ. കണാരൻ നേരത്തെ ഇവിടെ പറഞ്ഞു. ഒരാൾ മരിച്ചാൽ ആ വീട്ടുകാരെ ആശ്വസിപ്പിക്കുന്നതിന് നഷ്ടപരിഹാരമായി നമ്മൾ കൊടുക്കുന്നത് 15,000 ഉറുപ്പികയാണ്. അതുപോലെതന്നെ പ്രായ പൂർത്തിയാകാത്തവർ മരിച്ചാൽ ആശ്രിതർക്ക് 7,500 ഉറുപ്പികയും വീട് പൂർണ്ണ മായി നഷ്ടപ്പെട്ടാൽ 12,000 ഉറുപ്പികയും, ഭാഗികമായി നശിച്ച വീടുകൾക്ക് 3,000 ഉറുപ്പികയും എന്ന തോതിലാണ് കൊടുക്കുന്നത്. ഇപ്പോൾ 1,353 വീടുക ളാണ് പൂർണ്ണമായി നഷ്ടപ്പെട്ടത്. വീട് നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. ഏതെങ്കിലും പ്രദേശങ്ങളിൽ, ജില്ലകളിൽ ഈ നഷ്ടപരി ഹാരം കിട്ടിയിട്ടില്ലെന്ന് ആക്ഷേപമുണ്ടെങ്കിൽ അത് പരിശോധിക്കാവുന്നതാ ണ്. ഈ തുക കൊടുക്കണമെന്ന് കർശനമായി നിർദ്ദേശം നൽകുകയും കൊടുക്കാനാവശ്യമായ തീരുമാനമെടുക്കുകയും അതിനുള്ള ഫണ്ട് അനുവദി ക്കുകയും ചെയ്തിട്ടുണ്ട് എന്നുള്ളതുകൊണ്ടാണ് എല്ലാ സ്ഥലങ്ങളിലും ഇത് കൊടുത്തിട്ടുണ്ടെന്ന് ഞാൻ നിർബന്ധമായി പറയുന്നത്. അതുപോലെ 12,468 വീടുകൾ ഭാഗികമായി നഷ്ടപ്പെട്ടിട്ടുണ്ട്. ഭാഗീകമായി തകർന്ന വീടുകൾക്ക് പരമാവധി 3,000 ഉറുപ്പികവച്ചാണ് കൊടുക്കുന്നത്. ഇതിൽ പലതും 3,000-ഉം 2,000-ഉം ഉറുപ്പികയിൽ താഴെ ചെലവുവരുന്ന ചെറിയ വീടുകളാണ്. അപ്പോൾ നാശനഷ്ടം കണക്കാക്കി അതിന്റെ അടിസ്ഥാനത്തിലുള്ള നഷ്ടവിഹിതമാണ് അവിടെ കൊടുക്കുക. പൊഴിയൂർ മേഖലയിൽ 300-ഓളം വീടുകൾ നഷ്ടപ്പെട്ട പ്രദേശത്ത് ഞാൻതന്നെ പോയിരുന്നു. അതൊക്കെ ചെറിയചെറിയ കുടിലുക ളാണ്. അതുമുഴുവനും കടലെടുത്തു കൊണ്ടുപോയി. അവർക്ക് പകരം സംവി ധാനമുണ്ടാക്കിക്കൊടുക്കുന്നതിനും നഷ്ടപരിഹാരം യഥാസമയം തന്നെ കൊടുക്കുന്നതിനും ആവശ്യമായ നടപടികൾ എടുത്തതാണ്. അതുകൊണ്ട് നഷ്ടപരിഹാരം കൃത്യമായി കൊടുത്തിട്ടുണ്ട്. നഷ്ടപരിഹാരം കൊടുക്കാ ത്തത് ഇപ്പോൾ കൃഷിയുടെ നാശനഷ്ടങ്ങൾക്കാണ്. അത് ഉടനെതന്നെ കൊടുക്കാൻ കഴിയുന്ന ഒന്നല്ല. കൃഷിവകുപ്പുമായി ബന്ധപ്പെട്ടുകൊണ്ട് നാശ നഷ്ടങ്ങളുടെ കണക്കുകളെടുത്ത് അത് റവന്യൂ ഡിപ്പാർട്ടുമെന്റിന് കിട്ടുന്ന മുറക്ക് നഷ്ടപരിഹാരം കൊടുക്കണമെന്നാണ് ഞങ്ങൾ തീരുമാനിച്ചിട്ടുള്ളത്. കഴിഞ്ഞകാലങ്ങളിലൊന്നും അങ്ങനെ കിട്ടിയതായി ഒരു നടപടിക്രമം കണ്ടില്ല ഞാൻ അതൊക്കെ പരിശോധിച്ചു. കൃഷിനാശങ്ങൾക്കു വേണ്ടിയഥാസമയം നഷ്ടപരിഹാരം കൊടുത്തതിന്റെ കണക്കുകളൊന്നും കഴിഞ്ഞ കാലങ്ങളിൽ കണ്ടില്ല. എന്നാലും ഈ ഗവൺമെന്റ് കൃഷിക്കാരോട് താല്പര്യമുള്ള പ്രതിബ ദ്ധതയുള്ള ഒരു ഗവൺമെന്റാണെന്നുള്ളതുകൊണ്ട് അവർക്ക് നഷ്ടപരിഹാരം കൊടുക്കണമെന്ന് തീരുമാനിച്ചിട്ടുണ്ട്. ഏറ്റവും കൂടുതൽ നാശനഷ്ടങ്ങളു ണ്ടായ പ്രദേശങ്ങളിലെ കൃഷിക്കാർക്ക് ഉടനെതന്നെ പ്രാഥമികമായ നഷ്ടപരി ഹാരം നൽകണമെന്ന അടിസ്ഥാനത്തിൽ 5 കോടി ഉറുപ്പിക അതിനുവേണ്ടി നീക്കിവച്ചിട്ടുണ്ട്. അതുടനെതന്നെ കൊടുക്കും. ബാക്കി അതിന്റെ വിശദാംശ ങ്ങളൊക്കെ കിട്ടുന്ന മുറയ്ക്ക് ഫണ്ടിന്റെ പ്രയാസം എത്രയുണ്ടെങ്കിലും ശരി, കൊടുക്കണമെന്നു തന്നെയാണ് എന്റെ അഭിപ്രായം. അത് കൊടുക്കുമെ

LIBRARY ARCHIVES Kerala Legislative Assembly

ന്നുള്ള കാര്യത്തിൽ തർക്കമില്ല. കൊടുക്കണമെന്നാണ് തീരുമാനിച്ചിരിക്കുന്നത്. പഴയകാലത്തുള്ള അതിന്റെ നിരക്ക് ഇപ്പോൾ ശാസ്ത്രീയമായി പരിഷ്ക്കരിക്കേണ്ടതാണെന്നുള്ള അഭിപ്രായം ഗവൺമെന്റിനുണ്ട്. അതുകൊണ്ട് ഒരു കമ്മിറ്റികൂടി ഇതിന്റെ സംഖ്യ ഒന്ന് വർദ്ധിപ്പിക്കണമെന്ന് തീരുമാനിച്ചു. മരിച്ചവരുടെ ആശ്രിതർക്ക് കൊടുത്തുകൊണ്ടിരുന്ന 15,000 രൂപ 25,000 രൂപയാക്കണമെന്ന് തീരുമാനിച്ചിട്ടുണ്ട്. അതുപോലെ പ്രായപൂർത്തിയാകാത്തവർ മരിച്ചാൽ ഇപ്പോൾ കൊടുക്കുന്ന 7,500 രൂപ 10,000 രൂപയാക്കി വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പൂർണ്ണമായി വീട് നശിച്ചാൽ 12,000 രൂപ കൊടുക്കുന്നതിനു പകരം ഇനി 15,000 രൂപയാണ് കൊടുക്കുക. അതൊന്നും ഈ കാലവർഷക്കെടുതിയിൽ ഉൾപ്പെടുത്തുന്നതല്ല. ഇവയെല്ലാം ഇനി വരുന്ന കാലവർഷക്കെടുതികൾക്കു കൂടി നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള തീരുമാനമാണ്. അതുപോലെതന്നെ ഭാഗികമായി നഷ്ടപ്പെട്ട വീടുകൾക്ക് 3,000 ഉറുപ്പികവരെ കൊടുത്തിരുന്നത് 5,000 രൂപവരെയാക്കി മാറ്റുന്നതിനും സ്വകാര്യ ആശുപത്രികളിൽ ചികിത്സിക്കുന്നവർക്ക് 1000 ഉറുപ്പികയെന്നുള്ളത് 1,500 ഉറുപ്പികവരെ നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇതുമാത്രമല്ല, ഇവിടെ ശ്രീ. എ. കണാരൻ അംഗൻവാടി സ്കൂളുകൾ പോലെയുള്ള സ്ഥാപനങ്ങളൊക്കെ നശിച്ചാൽ അതിനൊന്നും നഷ്ടപരിഹാരം കിട്ടുന്നില്ല എന്നു പറഞ്ഞു. നിലവിൽ അവയ്ക്കൊന്നും നഷ്ടപരിഹാരം കൊടുക്കാൻ വ്യവസ്ഥയില്ല. ഈ സ്ഥാപനങ്ങൾക്ക് മുഴുവൻ നഷ്ടപരിഹാരം കൊടുക്കാൻ കഴിയുമോ എന്നതൊക്കെ കഴിഞ്ഞ കാലത്തെ നടപടികൾ ഒന്ന് പരിശോധിച്ചാൽ കാണാൻ കഴിയുന്ന കാര്യമാണ്. ഈ കാര്യത്തിൽ അങ്ങനെയൊരു നടപടിയില്ല. എന്നാൽ സ്കൂൾ കെട്ടിടങ്ങൾ തകർന്നതിൽ ചില പ്രദേശങ്ങളുടെ പ്രത്യേക പരിതസ്ഥിതി കണക്കിലെടുത്തുകൊണ്ട് സാമ്പത്തികസഹായം ചെയ്യണമെന്ന് തീരുമാനിച്ചിട്ടുണ്ട്. കാസർകോട് ജില്ലയിലെ ലിംഗ്വിസ്റ്റിക് മൈനോറിറ്റി മേഖലകളിലെ ചില സ്കൂളുകൾക്കു പ്രത്യേക പരിഗണന വേണമെന്ന് തീരുമാനിക്കുകയും മൂന്ന് നാല് സ്കൂളുകൾക്കു വേണ്ടി പണം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. അതുപോലെ അട്ടപ്പാടി ആദിവാസി മേഖലയിലെ 6 സ്കൂളുകൾ ഒന്നിച്ചു തകർന്നു വീണു. ആ സ്കൂളുകൾക്കും നഷ്ടപരിഹാരം കൊടുക്കണമെന്ന് തീരുമാനിച്ചു. ആലപ്പുഴയിലെ ഒരു സ്കൂളിനും നഷ്ടപരിഹാരം കൊടുക്കാൻ തീരുമാനിച്ചു. പൊന്നാനി പ്രദേശങ്ങളിലേയും മലപ്പുറം ജില്ലയിലെ മത്സ്യത്തൊഴിലാളി മേഖലയിലേയും രണ്ടുമൂന്ന് സ്കൂളുകൾക്ക് നഷ്ടപരിഹാരം കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. അങ്ങനെ കുറെ സ്കൂളുകൾക്ക് ഫണ്ട് കൊടുത്തിട്ടുണ്ട്. അതുകൊണ്ട് ഒരു സ്കൂളിനും കൊടുത്തിട്ടില്ലെന്നു പറയുന്നത്. ശരിയല്ല. കാരണം മലബാർ മേഖലകളിൽ മിക്കവാറും ഗവൺമെന്റ് സ്കൂളുകൾ മുഴുവൻതന്നെ 10-ഉം 100-ഉം കൊല്ലത്തെ പഴഞ്ചൻ കെട്ടിടങ്ങൾ പ്രവർത്തിക്കുന്നതുകൊണ്ട് ഒരു നല്ല കാറ്റോ മഴയോ വന്നാൽ തകർന്നു വീഴാവുന്ന അവസ്ഥയിലാണ്. അവിടെ മുഴുവൻ സ്കൂളുകൾക്കും ഈ കലാമിറ്റി റിലീഫ് ഫണ്ടിൽനിന്നും ഫണ്ട് കൊടുക്കണമെന്ന നില വന്നാൽ ഇതു മുഴുവൻ സ്കൂളുകൾക്ക് കൊടുക്കാൻ മാത്രമേ നമുക്ക് കഴിയൂ എന്നുള്ളതുകൊണ്ട് വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റ് ഒരു പ്രത്യേക പരിഗണനയോടുകൂടി നിർവ്വഹിക്കേണ്ട കാര്യമാണിത്. എന്നാലും അദ്ധ്യയനം മുടങ്ങാതിരിക്കാൻ ആവശ്യമായ ചില നടപടികൾ എന്നുള്ള നിലയ്ക്കാണ് കുറെ സ്കൂളുകൾക്ക് ഫണ്ട് കൊടുത്തത്. സത്യത്തിൽ എന്റെ നിയോജകമണ്ഡലമായ പട്ടാമ്പിക്ക് ഒന്നും കൊടുത്തിട്ടില്ല, ഒരു നയാപൈസപോലും ഇതുവരെ ഞാൻ കൊടുത്തിട്ടില്ല. മറ്റുള്ള പ്രദേശങ്ങൾക്കെന്നപോലെ നീതിപൂർവ്വമായ ഒരു നിലപാട് മാത്രമേ

LIBRARY ARCHIVES Kerala Legislative Assembly

പട്ടാമ്പിക്കും ഉണ്ടാവുകയുള്ളു. മാണിസാറിനെപ്പോലെയാണെങ്കിൽ ഞാൻ കൊടുക്കേണ്ടതു മുഴുവൻ പട്ടാമ്പിക്കാണ്. പക്ഷേ ഞാനതു ചെയ്തില്ല.

ശ്രീ.ടി.എം. ജേക്കബ് : സർ, പട്ടാമ്പി, പിറവംപോലെയുള്ള പിന്നോക്ക പ്രദേശങ്ങൾക്ക് പ്രത്യേകമായിട്ട് പരിഗണന കൊടുക്കുമോ?

ശ്രീ. കെ.ഇ. ഇസ്മയിൽ : സർ, പിന്നോക്ക പ്രദേശങ്ങളെയൊക്കെ ത്തന്നെ പരിഗണിക്കും. ഇതിനുമുൻപ് ഇതിനെ സംബന്ധിച്ച ചോദ്യം നിയമ സഭയിൽ വന്നപ്പോഴും ഞാൻ പറഞ്ഞതാണ്. നിർഭാഗ്യവാൻമാരായ കുറെ എം.എൽ.എ.മാരും കുറെയേറെ പ്രദേശങ്ങളുമുണ്ട് അവരുടെ കാര്യം പ്രത്യേകം പരിഗണിക്കേണ്ടതാണ്. എനിക്ക് ആ കാര്യം ബോദ്ധ്യമുണ്ട്. അതു കൊണ്ട് അത് പരിഗണിക്കും. ഈ കാര്യങ്ങളിലൊക്കെ ആവശ്യമായ നിഷ്ക്കർഷയും ശുഷ്ക്കാന്തിയും ഇപ്പോൾ പുലർത്തുന്നുണ്ട്. പിന്നെ ഇത്തരം നാശനഷ്ടങ്ങളും സംഭവങ്ങളും ഉണ്ടാകുമ്പോൾ ആവശ്യാനുസരണം ഇതിനു ചെലവാക്കാനുള്ള ഫണ്ട് ഇപ്പോൾ കിട്ടുന്നില്ല. ഇത് ഞാൻ ഇതിനുമുമ്പ് ഒരി ക്കൽ പറഞ്ഞതാണ്. 9-ാം ധനകാര്യകമ്മീഷന്റെ നിർദ്ദേശത്തിനനുസരിച്ച് നമുക്ക് ഒരു നിശ്ചിത സംഖ്യയാണ് കിട്ടിക്കൊണ്ടിരിക്കുന്നത്. 10-ാം ധനകാര്യ കമ്മീഷൻ ആയപ്പോഴും ആ തോതനുസരിച്ചാണ് കിട്ടുന്നത്. 54.40 കോടി ഉറു പ്പികയാണ് നമുക്ക് ഈ വർഷം ചെലവാക്കാൻ കിട്ടുക. സർ, കൃഷിനാശം എത്രയുണ്ടായാലും പൊതുസ്വത്ത് എത്ര നശിച്ചാലും എന്തെല്ലാം നാശനഷ്ട ങ്ങളുണ്ടായാലും അതിനെക്കാൾ കൂടുതൽ പണം കിട്ടാനുള്ള സാദ്ധ്യതകൾ ഇന്ന് കുറവാണ്. 1992-ലാണ് കേരളത്തിൽ ഏറ്റവും വലിയ കാലവർഷക്കെടു തിയുണ്ടായത്. 1500 കോടി രൂപയുടെ കൃഷിനാശം അന്നുണ്ടാക്കി. അത്തര മൊരു സാഹചര്യത്തിൽ കേന്ദ്രഗവൺമെന്റിനെ ഈ കാര്യം ബോദ്ധ്യപ്പെടുത്ത ണം. പഠനസംഘത്തെ കേരളത്തിൽ കൊണ്ടുവരണം. കൂടുതൽ ഫണ്ട് അനു വദിച്ചുവാങ്ങണമെന്ന ആവശ്യം ഈ നിയമസഭയിൽ പൊതുവികാരമായി ഉയർന്നുവന്നു. അങ്ങനെ കേരളത്തിന്റെ പ്രതിനിധികൾ കേന്ദ്രത്തിൽപ്പോയി. അന്ന് കൃഷിവകുപ്പു മന്ത്രിയായിരുന്ന ശ്രീ. ബൽറാംത്ധാക്കർ വന്നു. ഇൻഡ്യ യുടെ പ്രധാനമന്ത്രിയായിരുന്ന ശ്രീ. നരസിംഹറാവു തന്നെ ഇവിടെവന്നു. അവരൊക്കെ വന്നു തിരിച്ചുപോയശേഷവും 9-ാം ധനകാര്യകമ്മീഷന്റെയും പത്താം ധനകാര്യകമ്മിഷന്റെയും നിർദ്ദേശങ്ങൾക്കപ്പുറം ഒരിഞ്ചു മുന്നോട്ടു പോകാൻ തയ്യാറാക്കുകയോ ഇതിനുവേണ്ടി ഒരു നയാപൈസ പ്രത്യേകമായി നമുക്ക് നൽകി സഹായിക്കുകയോ ചെയ്തിട്ടില്ല. എന്നാലും ഈ കേരള ത്തിന്റെ ഇന്നത്തെ പ്രത്യേക സ്ഥിതിഗതികൾ കണക്കിലെടുത്തുകൊണ്ട് കേന്ദ്രഗവൺമെന്റിൽ നിന്ന് എന്തെങ്കിലും പ്രത്യേക സഹായ ആവശ്യപ്പെടണ മെന്നു തന്നെയാണ് കേരള ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്. ഞങ്ങൾ നിവേ ദനം കൊടുക്കാൻ പോകുന്നുണ്ട്. ഞാൻ ആഗസ്റ്റുമാസം 4-ാം തീയതി ഡൽഹിയിൽ പോകുന്നുണ്ട്. കൃഷിവകുപ്പു മന്ത്രി പാർലമെന്റിൽ പറഞ്ഞുവെ ന്നൊരു തെറ്റിദ്ധാരണ ഇവിടെ ഉണ്ടാക്കിയതിന്റെ അടിസ്ഥാനത്തിൽ കൃഷി വകുപ്പുമന്ത്രിയെ കണ്ടുതന്നെ കൃഷിനാശത്തിനു വേണ്ടി ഫണ്ട് അനുവദിക്ക ണമെന്ന് ആവശ്യപ്പെടാൻ പോവുകയാണ്. അത് ഞാൻ ഈ വരുന്ന നാലാം തീയതി ചെയ്യും.

സർ, അതുപോലെതന്നെ ഇപ്പോൾ ഭൂമികുലുക്കത്തിന്റെ പ്രത്യേക പ്രശ്നമുണ്ട്. അതിനൊരു സ്കീം തയ്യാറാക്കി, പ്രത്യേക പഠനം നടത്തുന്ന തിനും അപകട സാഹചര്യമുണ്ടാകുമ്പോൾ അവരെ മാറ്റിപ്പാർപ്പിക്കുന്നതി നുള്ള സൗകര്യങ്ങളുണ്ടാക്കാനും ഫണ്ട് അനുവദിക്കണമെന്ന് കേന്ദ്രഗ

LIBRARY ARCHIVES Kerala Legislative Assembly

വൺമെന്റിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചിട്ടുണ്ട്. അത്തരം കാര്യങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി ഉന്നയിക്കാൻ പോവുകയാണ്.

ശ്രീ. പി.പി. തങ്കച്ചൻ : കൃഷിക്കാരെ സംബന്ധിച്ചിടത്തോളം വളരെ അനുഭാവപൂർവ്വമായ ഒരു നിലപാട് സ്വീകരിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഇവിടെ 54-ൽ ചില്വാനം കോടി രൂപ ഒമ്പതാം ധനകാര്യകമ്മിഷൻ ഈ വർഷം ചെലവാക്കാനുണ്ടെന്ന് പറഞ്ഞു. അതിൽ അഞ്ചുകോടി രൂപ യാണ് കൃഷിക്കാർക്കുവേണ്ടി മാറ്റിയത്. ഈ പാവങ്ങൾക്ക് വേറൊരു ഗതിയു മില്ല. കേന്ദ്ര ഗവൺമെന്റിനോട് ചോദിക്കാൻ പോകുന്ന അങ്ങേയ്ക്ക് കുറേ ക്കൂടി രൂപ കൃഷിവകുപ്പിന് കൊടുത്തുകൂടേ?

റവന്യൂവകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : ഈ വർഷം ഒട്ടാകെ. കിട്ടുന്നത് 54 കോടി രൂപയാണ്. ആ 54 കോടി രൂപയിൽ രണ്ടു ക്വാർട്ടർ സംഖ്യ കഴിഞ്ഞ വർഷം തന്നെ ഈ ഗവൺമെന്റ് വാങ്ങിച്ചു. അതു വാങ്ങിച്ചു കഴിഞ്ഞാൽ പിന്നെ കേന്ദ്രഗവൺമെന്റ് തരേണ്ടത് 40 കോടി രൂപയാണ്. 75 ശതമാനമാണല്ലോ കേന്ദ്രം തരുന്നത്. ബാക്കി കേരളം കൊടുക്കേണ്ടതാണ്. ഈ നാൽപത് കോടി രൂപയിൽ 20 കോടി രൂപ വാങ്ങിക്കഴിഞ്ഞാൽ 20 കോടിയെ കിട്ടാനുള്ളു. ഈ ഗവൺമെന്റ് വന്നതിനുശേഷം ആ 20 കോടിയിൽ 12 കോടി 65 ലക്ഷം രൂപ വരൾച്ചയ്ക്കു വേണ്ടി ചെലവാക്കി. വരൾച്ചയ്ക്കു വേണ്ടി നേരിട്ട് ജില്ലകൾക്ക് പണം കൊടുത്ത്, മന്ത്രിമാർ ചുമതലയെടുത്ത് ജില്ലകളിൽപോയി കുടിവെള്ളം എത്തിക്കാത്ത പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കാൻ ആവശ്യമായ നടപടിയെടുത്തു. കുട്ടനാട്ടിൽ ഇപ്പോഴും ടാങ്കറിൽ കുടിവെള്ളം കൊണ്ടുപോയി കൊടുക്കുകയാണ്. അതിന് ഈ ഗവൺമെന്റ് ഫണ്ട് കൊടുക്കണം. അങ്ങനെ 12 കോടി 65 ലക്ഷം രൂപ കുടിവെള്ളം കൊടു ക്കുന്നതിനുമാത്രം ഈ കഴിഞ്ഞ മേയ് മാസം 20-ാം തീയതി അധികാരത്തിൽ വന്ന ഗവൺമെന്റ് ചെലവാക്കി. അതിനുശേഷം ഇപ്പോൾ 5 കോടി രൂപയോളം കാലവർഷക്കെടുതിയുടെ കണക്കിലുൾപ്പെടുത്തി ഫണ്ട് അനുവദിച്ചു. കഴിഞ്ഞ കാലങ്ങളിൽ എടുത്ത വർക്കുകളുടെ ബിൽ എന്ന നിലയിൽ 9 കോടി 76 ലക്ഷം രൂപ റോഡുകൾക്കും കെട്ടിടങ്ങൾക്കും വേണ്ടി ഈ ഗവൺമെന്റ് വന്നശേഷം കൊടുത്തു. അതുകൊണ്ട് ഫണ്ടില്ലാത്ത അവസ്ഥയി ലാണ് നിൽക്കുന്നത്. ഈ ഫണ്ടില്ലായ്മയിൽ നിന്നുകൊണ്ടാണെങ്കിലും കൃഷി ക്കാരെ സഹായിക്കണമെന്ന മനോഭാവത്തിന്റെ അടിസ്ഥാനത്തിലാണ് ഉടനെ തന്നെ അഞ്ചുകോടി രൂപ കൊടുക്കുമെന്നും കൂടുതൽ ഫണ്ട് കിട്ടി പരമാവധി സഹായം ചെയ്യാൻ ശ്രമിക്കുമെന്നും പറഞ്ഞത്. അതുകൊണ്ട് ഇത്രയും കാര്യ ങ്ങൾ ഇപ്പോൾ വന്നിടത്തോളം വീഴ്ച കൂടാതെ ചെയ്തിട്ടുണ്ട്. മാത്രമല്ല കുറെയേറെ സ്ഥലങ്ങളിൽ സൗജന്യറേഷൻ കൊടുക്കേണ്ട സാഹചര്യമുണ്ടാ യപ്പോൾ സൗജന്യറേഷൻ കൊടുക്കാനും ഈ ഗവൺമെന്റ് സന്നദ്ധമായിട്ടു ണ്ട്. വിശേഷിച്ചും അട്ടപ്പാടിപോലുള്ള പ്രദേശങ്ങളിൽ സൗജന്യറേഷൻകൊടു ത്തു. അതുപോലെ കടൽക്ഷോഭം വന്ന് മാറ്റിപ്പാർപ്പിക്കേണ്ട കുറെ സ്ഥലങ്ങ ളിൽ സൗജന്യറേഷൻ കൊടുത്തിട്ടുണ്ട്. ആലപ്പുഴയിലൊക്കെ സ്ഥിതി വളരെ രൂക്ഷമാണെന്ന് പ്രതിപക്ഷനേതാവും പല ബഹുമാനപ്പെട്ട മെമ്പർമാരും ചൂണ്ടിക്കാണിക്കുകയുണ്ടായി. അതുപോലെ ഇനിയും സൗജന്യറേഷൻ കൊടുക്കേണ്ട സ്ഥലങ്ങളും സാഹചര്യങ്ങളും ഉയർന്നുവരികയാണ്. ഇതൊക്കെ അതിന്റെ ഗൗരവത്തോടുകൂടിതന്നെ പരിഗണിക്കുമെന്നും പരിഹാ രത്തിനു വേണ്ടിയുള്ള പരിശ്രമങ്ങൾ നടത്തുമെന്നും ഞാൻ ഈ സന്ദർഭ ത്തിൽ ബഹുമാനപ്പെട്ട അംഗങ്ങൾക്ക് ഉറപ്പു നൽകുകയാണ്.



LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ഇനി ചോദ്യോത്തരങ്ങളാണ്. ചോദ്യങ്ങൾ നേരത്തെ എഴുതിത്തന്നിട്ടാണ് ഉന്നയിക്കേണ്ടത്. എഴുതിത്തരാതെ കൈ പൊക്കിയാൽ അനുവദിക്കാൻ നിർവ്വാഹമില്ല. ഈ ചോദ്യങ്ങൾ ചോദിക്കുന്നതു സംബന്ധിച്ച് നമ്മുടെ റൂൾസിൽ ഒന്നും പറയുന്നില്ല. പക്ഷെ കൗൾ ആന്റ് ശക്തറിൽ നാല് ചോദ്യം വരെയാകാമെന്ന് പറയുന്നുണ്ട്. അതുകൊണ്ട് ടൈം ലിമിറ്റ് ചെയ്ത് നമുക്ക് കൊണ്ടുപോകാം.

ശ്രീ. ആര്യാടൻ മുഹമ്മദ് : റൂൾസിൽ മെമ്പർമാർക്ക് ചോദ്യങ്ങൾ ചോദിക്കാമെന്ന് പറയുന്നുണ്ട്. അതിൽ ഇത്ര മെമ്പർമാർക്കേ ചോദിക്കാവൂ യെന്ന് പറഞ്ഞിട്ടില്ല.

മി. സ്പീക്കർ : എത്ര മെമ്പർമാർക്കും ചോദിക്കാം. പക്ഷെ, അരമണിക്കൂർ ചർച്ചയാണെന്ന് ഓർക്കണം.

ശ്രീ. ടി.എം. ജേക്കബ് : പ്രകൃതിക്ഷോഭം മൂലമുള്ള കൃഷിനാശമാണ് പലപ്പോഴും കൂടുതലായി സംഭവിക്കുന്നത്. ഉണ്ടാകുന്ന നാശനഷ്ടത്തിന്റെ കണക്കെടുക്കുകയല്ലാതെ അതിന് പണം കൊടുക്കാൻ പലപ്പോഴും സാധിക്കുന്നില്ല. അതിനൊരു മാറ്റമുണ്ടാക്കി, കൃത്യമായി പണം കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

റവന്യൂ വകുപ്പു മന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : അതിന്റെ ഒരു തുടക്കമെന്നുള്ള നിലയിലാണ് ഈ ഗവൺമെന്റ് ഇപ്പോൾ കിട്ടിയ കൃഷിനാശത്തിന്റെ കണക്കുകൾ പരിഗണിച്ചുകൊണ്ട് ആദ്യഘട്ടമെന്നുള്ള നിലയിൽ അഞ്ചുകോടി രൂപ കൃഷിവകുപ്പിനെ ഏൽപിക്കണമെന്ന് തീരുമാനിച്ചത്. ഇത് പാസ്സായതിന്റെ അടിസ്ഥാനത്തിൽ അടിയന്തിരമായിത്തന്നെ കൃഷിവകുപ്പിന് ആ ഫണ്ട് അനുവദിക്കും. ആരംഭഘട്ടമെന്നുള്ള നിലയിൽ അത് കൊടുക്കും. ബാക്കി സംഖ്യ എങ്ങനെ കൊടുക്കണമെന്നുള്ള കാര്യം ഗവൺമെന്റ് ആലോചിക്കുകയും, കൊടുക്കാനുള്ള ശ്രമം നടത്തുകയും ചെയ്യും.

ശ്രീ. എ.വി. താമരാക്ഷൻ : ആലപ്പുഴ മെഡിക്കൽ കോളേജിൽ കോളറ പിടിപെട്ട് ഇന്നലെ നാലുപേർ മരിച്ചു. ഇതുവരെ 21 പേർ ആലപ്പുഴ മെഡിക്കൽ കോളേജിൽവച്ച് മരണമടയുകയുണ്ടായി. ആ ജില്ലയിൽ വളരെ ഉൽക്കണ്ഠ നിറഞ്ഞ സാഹചര്യം നിലനിൽക്കുകയാണ്. കടൽക്ഷോഭം കൊണ്ട് ആലപ്പുഴ ജില്ലയുടെ പടിഞ്ഞാറൻ തീരങ്ങളിലാകെ തെങ്ങ് നഷ്ടപ്പെടുകയും വീട് നഷ്ടപ്പെടുകയും അതുപോലെതന്നെ കിഴക്കൻ പ്രദേശങ്ങളായ കുട്ടനാട്, ഹരിപ്പാട് എല്ലാംതന്നെ വെള്ളത്തിലായിരിക്കുകയുമാണ്. ആ ജില്ലയുടെ പ്രത്യേകത കണക്കിലെടുത്തുകൊണ്ട് ഡി.ഡി.സി. തന്നെ സഹായം നൽകണമെന്ന് ഞാനാവശ്യപ്പെടുകയുണ്ടായി. ആ ജില്ലയിൽ വെള്ളപ്പൊക്കത്തിന്റെയും കടൽക്ഷോഭത്തിന്റെയും പ്രയാസം അനുഭവിക്കുന്നവർക്ക് സൗജന്യറേഷൻ അനുവദിക്കാനും കോളറ പിടിപെട്ട് മരണമടഞ്ഞ പാവപ്പെട്ട കുടുംബങ്ങൾക്ക് സംസ്ഥാന ഗവൺമെന്റ് 25,000 രൂപ കൊടുത്ത് സഹായിക്കാനും അതിന് എന്തെങ്കിലും പ്രയാസമുണ്ടെങ്കിൽ ഇൻഡ്യൻ പ്രധാനമന്ത്രിയുടെ ഫണ്ടിൽ നിന്നെങ്കിലും ആ കുടുബത്തെ സഹായിക്കാൻ സംസ്ഥാന ഗവൺമെന്റ് മുൻകൈയെടുക്കുമോ?

റവന്യൂ വകുപ്പു മന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : ആലപ്പുഴയിലെ ഈ പ്രത്യേക പ്രശ്നം ഇന്നലെ ഡി.ഡി.സി.യിലും സജീവപ്രശ്നമായിരിക്കുന്നുവെന്ന് അറിയാനിടയായി. പ്രതിപക്ഷനേതാവ് തന്നെ ഈ പ്രശ്നങ്ങൾ കാണിച്ച് എനിക്ക് കത്ത് തന്നിരുന്നു. അതുപോലെ ബഹുമാനപ്പെട്ട എ.വി.താ

LIBRARY ARCHIVES Kerala Legislative Assembly

മരാക്ഷനും കെ.സി.വേണുഗോപാലുംആലപ്പുഴയിലെ മറ്റെല്ലാ മെമ്പർമാരും ഇത് പറഞ്ഞിരുന്നു. അതുകൊണ്ട് ഉടനെതന്നെ കളക്ടറുമായി ബന്ധപ്പെട്ടു. ഏതൊക്കെ പ്രദേശങ്ങളിലാണ് അടിയന്തിരമായി സൗജന്യറേഷൻ നൽകേണ്ട തെന്നുള്ളതിനെ സംബന്ധിച്ച റിപ്പോർട്ട് അടിയന്തിരമായിത്തന്നെ ആവശ്യപ്പെട്ടിട്ടുണ്ട്. അതുകൂടി കിട്ടിയിട്ട് സൗജന്യറേഷൻ കൊടുക്കേണ്ട സാഹചര്യമുണ്ടെങ്കിൽ തീർച്ചയായും ആ പ്രദേശങ്ങളിൽ സൗജന്യറേഷൻ കൊടുക്കും. അതുപോലെതന്നെ ഇവർക്ക് സാമ്പത്തികസഹായം ഇതുവരെ നൽകിയിട്ടില്ല. ആ സാമ്പത്തികസഹായം എങ്ങനെയാണ് നൽകാൻ കഴിയുകയെന്നുള്ളതു സംബന്ധിച്ച് ഞങ്ങൾ ആലോചിക്കും. അടിയന്തിരമായും അതിനെ സംബന്ധിച്ചുള്ള തീരുമാനം പിന്നെ അറിയിക്കുന്നതാണ്.

ശ്രീ. കെ.സി. വേണുഗോപാൽ : ബഹുമാനപ്പെട്ട എ.വി. താമരാക്ഷൻ ഉന്നയിച്ച കാര്യം തന്നെയാണ് ഞാനും ഉന്നയിക്കാൻ ആഗ്രഹിച്ചത്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. മരണമടഞ്ഞ 63 പേർക്ക് സർക്കാർ ധനസഹായം നൽകിയിട്ടുണ്ട്, അട്ടപ്പാടിയിൽ മരിച്ചവരെയും ആ കണക്കികൂട്ടിയിട്ടുണ്ടെന്ന് ആലപ്പുഴയിൽ 21 പേരുടെ മരണത്തിനിടയാക്കിയ സാഹചര്യമുണ്ടായിട്ട് അവരെ സഹായിക്കുന്നതിനുവേണ്ടി ഗവൺമെൻറ് ആലോചിക്കുമെന്നാണോ പറയേണ്ടത്? മറ്റു 63 പേരുടെ കൂടെ തന്നെ അവർക്കും ധനസഹായം നൽകാൻ നടപടി സ്വീകരിക്കുമെന്ന് പറയേണ്ടതല്ലേ? അതുപോലെ തന്നെ വേറൊരു പ്രധാനപ്പെട്ട പ്രശ്നം അവിടെയുള്ളത്. കടലാക്രമണത്തിലൂടെ തെങ്ങുകൾ നഷ്ടപ്പെട്ടവർക്ക് ഇൻഷ്വറൻസുണ്ടെങ്കിൽ മാത്രമേ 1000 രൂപ കൊടുക്കുകയുള്ളൂ. ഇൻഷ്വറൻസ് ഇല്ലാത്തവർക്ക് വെറും 300 രൂപ മാത്രമാണ് കൊടുക്കുന്നത്. പല പാവപ്പെട്ട തൊഴിലാളികൾക്കും ഈ ഇൻഷ്വറൻസ് എടുക്കേണ്ടത് എങ്ങനെയാണെന്നു അറിയുകയില്ല. അതിനെക്കുറിച്ച് അവബോധമില്ല. അതുകൊണ്ട് തെങ്ങുകൾ നഷ്ടപ്പെട്ടവർക്ക് സഹായം ലഭിക്കാനുള്ള നടപടി ഇപ്പോൾ നിലവിലില്ല. അതുകൊണ്ട് കടലാക്രമണംമൂലം തെങ്ങു നഷ്ടപ്പെട്ടവർക്ക് ഇൻഷ്വറൻസ് ഇല്ലെങ്കിലും സഹായം കൊടുക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ? സൗജന്യറേഷൻ അടക്കമുള്ള സൗകര്യങ്ങൾ പ്രഖ്യാപിക്കാൻ ബഹുമാനപ്പെട്ട മന്ത്രി സന്നദ്ധമാകുമോ?

റവന്യൂവകുപ്പു മന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : സൗജന്യറേഷൻ കൊടുക്കേണ്ട കാര്യവും അതുപോലെതന്നെ മരിച്ച കുടുംബങ്ങളെ ആശ്വസിപ്പിക്കുന്നതിന് സാമ്പത്തികസഹായം നൽകേണ്ട കാര്യങ്ങളെ സംബന്ധിച്ചും വിശദമായ റിപ്പോർട്ട് ഇന്നു തന്നെ കളക്ടർമാരോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആ റിപ്പോർട്ട് കിട്ടിയിട്ട് അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ തീരുമാനമെടുക്കും. അനുഭാവപൂർവ്വം ഈ കാര്യത്തിൽ ഒരു പരിഹാരമുണ്ടാക്കണമെന്നുതന്നെയാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. അതുകൊണ്ട് അതനുസരിച്ചുള്ള നിലപാടായിരിക്കും ഗവൺമെന്റ് സ്വീകരിക്കുക.

പ്രതിപക്ഷ നേതാവ് (ശ്രീ. എ.കെ. ആന്റണി) : സർ, കാർത്തികപ്പള്ളി മുതൽ അരൂർ വരെയുള്ള ആലപ്പുഴ ജില്ലയുടെ തീരപ്രദേശം മുഴുവൻ കടലാക്രമണത്തിന്റെ ഭീഷണിയിലാണ്. ഞാൻ ചേർത്തല നിയോജകമണ്ഡലത്തിലെ പ്രശ്നങ്ങളെല്ലാം കാണിച്ചാണ് അങ്ങേയ്ക്കു കത്ത് നൽകിയത്. വീടു നശിക്കുന്നവരുടെ കാര്യവും മറ്റു നാശനഷ്ടങ്ങളുടെ സഹായവുമെല്ലാം ഒന്നു രണ്ടു ദിവസം കഴിഞ്ഞു തീരുമാനിച്ചാലും മതി. പക്ഷേ കടലിൽ പോകാൻ നിവൃത്തിയില്ലാതെ കൊടും പട്ടിണിയിലായിരിക്കുന്ന ആ തീരപ്രദേശത്തെ

LIBRARY ARCHIVES Kerala Legislative Assembly

പാവപ്പെട്ടവർക്ക് ഒരു ആഴ്ചത്തെ സൗജന്യറേഷനെങ്കിലും അടിയന്തിരമായി നൽകുന്നതിന് അങ്ങു നിർദ്ദേശം നൽകുമോ?

റവന്യൂവകുപ്പു മന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : സർ, കളക്ടറോടു അതിന്റെ വിവരങ്ങൾ അന്വേഷിച്ചപ്പോൾ ഒരുപാട് മേഖലകൾ, ഒന്നിച്ച് സൗജന്യറേഷൻ കൊടുക്കേണ്ട സാഹചര്യമുണ്ടെന്നാണ് അദ്ദേഹം റിപ്പോർട്ടു ചെയ്തത്. അങ്ങനെ വരുമ്പോൾ ഒരാഴ്ചത്തെ സൗജന്യറേഷൻ കൊടുക്കാൻ ഒന്നരകോടി രൂപയുടെ ബാധ്യത വരും. വളരെ രൂക്ഷമായ പ്രശ്നങ്ങൾ ഏതൊക്കെ പ്രദേശങ്ങളിലാണ്, മേഖലകളിലാണ് എന്നു ചൂണ്ടിക്കാണിച്ച് ഉടനെ അറിയിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഇന്നു സഭ പിരിയുന്നതിനു മുൻപു തന്നെ അതിന്റെ റിപ്പോർട്ടു കിട്ടും.. അതു കിട്ടിക്കഴിഞ്ഞാൽ ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവു പറഞ്ഞ പ്രദേശങ്ങൾ കൂടി ഉൾപ്പെടുത്തി സൗജന്യറേഷൻകൊടുക്കുന്ന കാര്യം ആലോചിക്കുന്നതാണ്.

(ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, തൃശ്ശൂർ ജില്ലയുടെ തീര പ്രദേശത്ത് ശക്തമായ കടലാക്രമണം ഉണ്ട്. അതിന്റെ ഫലമായി ഒട്ടേറെ വീടു കൾ നശിച്ചിട്ടുണ്ട്. വളരെയേറെ ഏക്കർ പട്ടയഭൂമി കടലെടുത്തു പോയിരിക്കു കയാണ്. ഈ കടലാക്രമണം താൽക്കാലികമായി തടയാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കണം. കടൽ ശക്തമായി ക്ഷോഭിച്ചിരിക്കുന്നതു കൊണ്ട് തൃശ്ശൂർ ജില്ലയിലെ തീരപ്രദേശത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളി കൾക്ക് മത്സ്യബന്ധനവുമായി ബന്ധപ്പെടാൻ കഴിയുന്നില്ല. അതുകൊണ്ട് അവർക്കു കൂടി സൗജന്യറേഷൻ കൊടുക്കുന്നതിനും കടലാക്രമണത്തിന്റെ ഭാഗമായി വീടു നശിച്ചവർക്കും തെങ്ങ് നഷ്ടപ്പെട്ടവർക്കും പട്ടയഭൂമി നഷ്ട പ്പെട്ടവർക്കും നഷ്ടപരിഹാരം കൊടുക്കുന്നതിനും ഗവൺമെന്റ് തയ്യാറാ കുമോ?

റവന്യൂ വകുപ്പു മന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : സർ, കടൽക്ഷോ ഭമുണ്ടായതിനെത്തുടർന്നുണ്ടാകുന്ന നാശനഷ്ടങ്ങൾക്കു മുഴുവൻ നടപടിക ളെടുക്കാൻ കലാമിറ്റി റിലീഫ് ഫണ്ടു കൊണ്ടു സാധിക്കുകയില്ല. എല്ലാ സ്ഥല ങ്ങളിലും കടൽഭിത്തി കെട്ടണമെന്ന ആവശ്യം ഉയർന്നു വരുന്നുണ്ട്. കഴിഞ്ഞ കാലങ്ങളിൽ കേന്ദ്ര ഗവൺമെന്റാണ് ഒരു നാഷണൽ ബൗണ്ടറി എന്ന നില യിൽ അതിന്റെ സംരക്ഷണ ചുമതലകൾ ഏറ്റെടുത്തിരുന്നത്. 1991-നു ശേഷം അത്തരം ചുമതലകൾ കേന്ദ്ര ഗവൺമെന്റ് നിർവഹിക്കുന്നില്ല. അതിനാൽ കടൽഭിത്തി നിർമ്മാണം ഇറിഗേഷൻ ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ടു നിർവ്വ ഹിക്കേണ്ട ഒരു ബാധ്യതയായി കിടക്കുകയാണ്. ഇപ്പോൾ വർഷാവർഷങ്ങ ളിൽ മെയിന്റനൻസു പോലും നടക്കുന്നില്ല. ഒരുപാടു പ്രദേശങ്ങളിൽ കടൽക്ഷോഭമുണ്ടാകുന്നതു നോക്കി നിൽക്കാനല്ലാതെ അതു ശാശ്വതമായി തടയാനോ പരിഹാരം ഉണ്ടാക്കുവാനോ സാധിക്കുന്നില്ല. മണൽച്ചാക്കിടു കയും താൽക്കാലികമായി കലാമിറ്റി റിലീഫ് ഫണ്ട് ഉപയോഗിച്ചുകൊണ്ടുള്ള പ്രതിരോധ നടപടികൾ നടപ്പാക്കുകയും ചെയ്യുന്നത് കടലിൽ കല്ലിടുക എന്ന പരിഹാസ്യമായ നിലപാട് മാത്രമാണ്. അതൊരു നാഷണൽ വെയ്സ്റ്റായി അധഃപതിക്കുകയാണ്. താൽക്കാലികമായ ഒരു നടപടി എന്ന നിലയിലാണ് നമ്മൾ ഈ ഫണ്ട് ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. അതും കേന്ദ്രഗ വൺമെന്റിന്റെ ഒരു പ്രത്യേക സ്കീമിൽ ഉൾപ്പെടുത്തി പഴയതുപോലെ നാഷ ണൽ ബൗണ്ടറി സംരക്ഷിക്കുന്നതിനുള്ള ചുമതല കേന്ദ്രഗവൺമെന്റ് ഏറ്റെടു ക്കണമെന്ന ഒരു നില എടുക്കാത്തിടത്തോളം കാലം ഈ ഭീഷണിയെ നമുക്ക്

LIBRARY ARCHIVES Kerala Legislative Assembly

നേരിടാൻ കഴിയുകയില്ല. അതുകൊണ്ട് ആ മേഖലകളിലെ പട്ടയഭൂമി പോലും ഇപ്പോൾ കടലെടുത്തു പോയ ഒരുപാട് അനുവങ്ങളുണ്ട്. ആ പ്രശ്നങ്ങളൊക്കെ എങ്ങനെ പരിഹരിക്കണമെന്ന് ഗൗരവമായി ഗവൺമെന്റ് പരിശോധിക്കുന്നുണ്ട്. വീടു നഷ്ടപ്പെട്ടവരെ മാറ്റി പാർപ്പിച്ച് അവർക്കൊക്കെ സൗജന്യ റേഷനും വൈദ്യസഹായവും കൊടുക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. അവർക്ക് അതാതു പ്രദേശങ്ങളിൽ നിന്നുസ്ഥലമെടുത്ത് നാലു സെന്റ് സ്ഥലത്ത് വീടു വച്ചു കൊടുക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് സജീവമായി ആലോചിക്കുന്നുണ്ട്. ഇവരെ പുനരധിവസിപ്പിക്കുന്നതും സൗജന്യറേഷൻ കൊടുക്കുന്നതടക്കമുള്ള പ്രശ്നങ്ങൾ ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണെന്നു മാത്രമാണ് എനിക്കു പറയാനുള്ളത്.

ഡോ. എം.എ. കുട്ടപ്പൻ : സർ, അങ്ങിവിടെ പറഞ്ഞ പ്രകാരം കൃഷിനാശം 59.45 കോടി രൂപയും പൊതുസ്വത്ത് നാശം 9.82 കോടി രൂപയും ഉൾപ്പെടെ മൊത്തം 69 കോടി രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. പക്ഷേ ഈ വർഷത്തെ പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിന് മൊത്തം വകയിരുത്തിയിരിക്കുന്നത് 52.40 കോടി രൂപയാണ്. അതിൽ 75% കേന്ദ്ര ഗവൺമെന്റ് നമുക്കു തരേണ്ടതാണ്. അങ്ങു പറഞ്ഞ കണക്കു പ്രകാരം നാൽപതു കോടിയിൽ 20 കോടി രൂപ നേരത്തെ വാങ്ങിക്കഴിഞ്ഞിരുന്നു. ബാക്കിയുള്ള ഇരുപതു കോടിയിൽ പന്ത്രണ്ടിൽ ചില്വാനം രൂപ ചെലവഴിച്ചു കഴിഞ്ഞിരിക്കുന്നു. കേന്ദ്ര ഗവൺമെന്റിൽ നിന്ന് ബാക്കി കിട്ടുകയാണെങ്കിൽ ചെലവഴിച്ച തുകയിൽ അഡ്ജസ്റ്റു ചെയ്യുകയല്ലാതെ മുഴുവൻ തുകയും കിട്ടില്ല. അതുകൊണ്ടുതന്നെ ദുരിതാശ്വാസത്തിന് തികയുകയില്ല. ഫലം ഉണ്ടാവുകയില്ല. 69 കോടിയോളം രൂപ നഷ്ടം വന്നിരിക്കെ അവർക്കൊന്നും കൊടുക്കാതെ ലഭിക്കുന്ന കേന്ദ്ര വിഹിതം മറ്റാവശ്യത്തിന് വിനിയോഗിക്കുന്നതു ശരിയാണോ, ഇതു വസ്തുതകൾക്കു നിരക്കുന്നതാണോ എന്നു പറഞ്ഞാൽ കൊള്ളാം.

റവന്യൂ വകുപ്പു മന്ത്രി (ശ്രീ.കെ.ഇ. ഇസ്മയിൽ) : സർ, ഈ കണക്കുകൾ ഒരു വസ്തുതയാണ്. കാലവർഷക്കെടുതികൾ ഉണ്ടാകുമ്പോൾ അതു നേരിടുന്നതിനാവശ്യമായ ഫണ്ടുകൾ ജില്ലാകളക്ടറെ ഏൽപ്പിച്ചിട്ടുണ്ട്. 2 കോടി 82 ലക്ഷം രൂപ ആദ്യം കൊടുത്തിരുന്നു. കഴിഞ്ഞ രണ്ടു ദിവസത്തിനു മുമ്പ് ചോദ്യത്തിനു മറുപടി പറയുമ്പോൾ എല്ലാ ജില്ലകൾക്കും അതിനു ശേഷം വീണ്ടും ഫണ്ട് അനുവദിച്ച കാര്യം പറഞ്ഞു. ഒരു കോടി 40 ലക്ഷം രൂപ അതിനുശേഷം അനുവദിച്ചു. അങ്ങനെ 5 കോടി രൂപ ഈ ആവശ്യത്തിനുവേണ്ടി ജില്ലാ കളക്ടർമാർ കൊടുത്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ യുദ്ധകാല പരിത:സ്ഥിതിയിൽ ആവശ്യമായി വരുന്ന ചെലവുകൾ നിർവ്വഹിച്ചുകൊള്ളണമെന്ന് നിർദ്ദേശം കൊടുക്കുന്നുണ്ട്. അതിനാവശ്യമായ ഫണ്ടുകൾ കൊടുക്കും. അതുകൊണ്ട് ഇപ്പോൾ കിട്ടാനുള്ള ഫണ്ടിന്റെ ലഭ്യത കണക്കാക്കി ഇക്കാര്യങ്ങൾ മുഴുവൻ നിർവഹിക്കുവാൻ കഴിയുമോ എന്ന ആശങ്കയുടെ പ്രശ്നമൊന്നും ഇക്കാര്യത്തിലില്ല. സമയാസമയങ്ങളിൽ ചെയ്യേണ്ട ജോലികൾ വീഴ്ച കൂടാതെ ചെയ്യുകയും ആക്ഷേപരഹിതമായി അതു നടപ്പിലാക്കാൻ ശ്രമിക്കുകയും ചെയ്യുമെന്നാണ് ഞാൻ പറഞ്ഞതിന്റെ അർത്ഥം. അതിനു അഡ്വാൻസ് വാങ്ങാൻ കഴിയുമെങ്കിൽ വാങ്ങിക്കും. മറ്റേതെങ്കിലും തരത്തിൽ എങ്ങനെയാണ് ഇതു കൈകാര്യം ചെയ്യേണ്ടത് എന്നുള്ളത് ഗവൺമെന്റ് അതാതു അവസരത്തിൽ ആലോചിക്കുകയും തീരുമാനമെടുക്കുകയും ചെയ്യും.



LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സത്യൻ മൊകേരി : സർ, കാലവർഷക്കെടുതിയിൽപ്പെട്ട് പൂർണ്ണമായും തകർന്നുപോകുന്ന വീടുകൾ, ഭാഗികമായി തകർന്നുപോകുന്ന വീടുകൾ ഇവയ്ക്കു ഗവൺമെന്റ് നൽകുന്ന നഷ്ടപരിഹാര തുകകൾ വളരെ വൈകിയാണ് - ചിലപ്പോൾ ആറുമാസവും ഒരു വർഷവും കഴിഞ്ഞിട്ടാണ് ഇതുമായി ബന്ധപ്പെട്ട ആളുകൾക്ക് കിട്ടുന്നത്. അതുപോലെ കാലവർഷക്കെടുതിയുടെ ഫലമായി മരണം സംഭവിക്കുന്നവരുടെ ആശ്രിതർക്കുംഅപകടം സംഭവിക്കുന്ന ആളുകൾക്കും ലഭിക്കേണ്ട നഷ്ടപരിഹാരവും വളരെ വൈകിയാണ് കിട്ടുന്നത്. അതു ഒഴിവാക്കി രണ്ടു മൂന്നു ദിവസത്തിനകം സഹായം ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണം. മരണത്തിന്റെ കാര്യത്തിൽ നഷ്ടപരിഹാരം അടുത്ത ദിവസംതന്നെ ബന്ധപ്പെട്ടവർക്ക് എത്തിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുമോ?

റവന്യൂ വകുപ്പുമന്ത്രി(ശ്രീ. കെ.ഇ. ഇസ്മയിൽ) : സർ, പഴയ കഥകളാണ്ഇവിടെ പറഞ്ഞതെന്നു ഞാൻ ഉറപ്പിച്ചു പറയുന്നു. മരിച്ചവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം ഏത് വീട്ടിൽ കിട്ടിയിട്ടില്ലായെന്നുള്ളത് തെളിവു സഹിതം പറയണം. മരിച്ചു പോയ ആളുകളുടെ വീട്ടിൽ 15,000 രൂപ വീതം 24 മണിക്കൂറിനകം കൊടുക്കണമെന്ന് നിർദേശം കൊടുത്തിട്ടുണ്ട്. അങ്ങനെ കൊടുക്കാത്ത ഏതെങ്കിലും കേസുകളുണ്ടെങ്കിൽ വളരെ ഗൗരവമായിട്ടെടുക്കാം. ഇപ്പോൾ അത്തരം വീഴ്ചകളൊന്നും വന്നിട്ടില്ല. പരിക്കുപറ്റിയവർക്കും മരണമടഞ്ഞ ആളുകളുടെ വീടുകളിലുമൊക്കെ സമയാസമയങ്ങളിൽ പൈസ കൊടുത്തിട്ടുണ്ട്. വീട് നഷ്ടപ്പെട്ടതും ഭാഗീകമായി തകർന്നിട്ടുള്ളതും സംബന്ധിച്ച കാര്യത്തിൽ അല്പസ്വല്പം കാലതാമസം ചിലപ്പോൾ വന്നുവെന്നു വരാം. അതൊഴിച്ചാൽ ബാക്കി കാര്യങ്ങളൊക്കെ കൃത്യമായി നിർവഹിക്കുന്നുണ്ട്. ഇല്ലെങ്കിൽ ആക്ഷേപം എഴുതി തന്നാൽ അതു പരിശോധിച്ചു നടപടിയെടുക്കുന്നതാണ്.

ശ്രീ. സി.എഫ്. തോമസ് : സർ, കോട്ടയം ജില്ലയുടെ പടിഞ്ഞാറൻ പ്രദേശങ്ങൾ മുഴുവൻ വെള്ളത്തിനടിയിലാണ്. ശനിയാഴ്ച കോട്ടയം ജില്ലയിൽ വച്ചുകൂടേണ്ട ഡി.സി.സി. യോഗം അവിടെ കൂടിയിട്ടില്ല. മറ്റു പലയിടങ്ങളിലും കൂടുകയുണ്ടായി. വിവരങ്ങൾ ഒന്നും അറിഞ്ഞിട്ടില്ല. അങ്ങനെ വെള്ളത്തിനടിയിലായ, അഫക്ടഡ് ഏരിയായിൽ താമസിക്കുന്ന ആളുകൾക്ക് ഉടനടി സൗജന്യറേഷൻ കൊടുക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

റവന്യൂ വകുപ്പു മന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : സർ, സൗജന്യറേഷന്റെ കാര്യം പലവട്ടം പറഞ്ഞുകഴിഞ്ഞു. സൗജന്യറേഷന്റെ കാര്യം ഒരു പ്രശ്നമാണ്. സാമ്പത്തികബാധ്യത വരുത്തുന്നതാണെങ്കിലും സൗജന്യറേഷൻ കൊടുക്കേണ്ട പ്രദേശങ്ങൾ ഏതൊക്കെയാണെന്നു ഐഡന്റിഫൈ ചെയ്തു അടിയന്തിരമായും അതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. ലോനപ്പൻ നമ്പാടൻ : സർ, കാലവർഷക്കെടുതികൾ സംബന്ധിച്ച് തൃശ്ശൂർ ജില്ലയെ ഗൗരവമായി കണക്കിലെടുത്തിട്ടില്ല എന്നൊരു ആക്ഷേപമുണ്ട്. വീടുകൾ പൂർണ്ണമായും നഷ്ടപ്പെട്ടവർക്ക് പരമാവധി മൂവായിരം രൂപ വീതമാണ് അവിടെ കൊടുത്തിട്ടുള്ളത്. മരിച്ചവരുടെ കുടുംബത്തിലെ ആശ്രിതർക്ക് പരമാവധി പ്രതിഫലമായി കൊടുത്തിട്ടുള്ളത് 10,000 രൂപയാണ്. 15,000 രൂപയെന്നാണ് മന്ത്രി ഇവിടെ പറഞ്ഞത്. 10,000 രൂപയാണ് അവിടെ കൊടുത്തിട്ടുള്ളത്. വീടു നഷ്ടപ്പെട്ടവർക്കു മൂവായിരം രൂപയും കൊടുത്ത് ബാക്കിയുള്ള തുക കൊടുക്കാൻ നടപടി സ്വീകരിക്കുമോ; ഈ

LIBRARY ARCHIVES Kerala Legislative Assembly

തുക അപര്യാപ്തമായതിനാൽ അതു വർദ്ധിപ്പിക്കുന്നതിനു നടപടി സ്വീകരിക്കുമോ?

ശ്രീ. കെ.ഇ. ഇസ്മയിൽ : സർ, തുക അപര്യാപ്തമാണെന്നു ഗവൺമെന്റിനു ബോദ്ധ്യമായി അതുകൊണ്ടു തുക വർദ്ധിപ്പിക്കാൻ തീരുമാനിച്ചുവെന്ന് ഞാനിവിടെ പറഞ്ഞു. ഈ വർഷത്തെ കാലവർഷക്കെടുതിയിൽ ഉൾപ്പെടുത്തി. ഇതുവരെ തുക കൊടുത്തവർക്ക് ഇതു ബാധകമല്ല. ഇനി അടുത്തവർഷം മുതലാണ് അതു നടപ്പാക്കുക. ഇപ്പോൾ കൊടുക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ടെങ്കിൽ, കിട്ടിയിട്ടില്ല എന്ന ആക്ഷേപം എവിടെയെങ്കിലും ഉണ്ടായെങ്കിൽ അന്വേഷിക്കുകയും ഉടനെതന്നെ കൊടുക്കാനാവശ്യമായ നടപടികൾ എടുക്കുകയും ചെയ്യും.

## (2) 1996 ജൂലായ് 23-ാംതീയതിയിലെ 99-ാം നമ്പർ നക്ഷത്രചിഹ്നമിട്ട ചോദ്യത്തിന്റെ മറുപടിയിൽ നിന്ന് ഉളവായ പൊതുപ്രാധാന്യമുള്ള കാര്യം

മി. സ്പീക്കർ : 23.7.1996-ലെ നക്ഷത്ര ചിഹ്നമിട്ട 99-ാം നമ്പർ ചോദ്യത്തിന് ബഹുമാനപ്പെട്ട വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ നിന്നുത്ഭവിച്ച് പൊതു പ്രാധാന്യമുള്ള സംഗതിയെക്കുറിച്ച് അര മണിക്കൂർ ചർച്ച ഉന്നയിക്കുന്നതിന് ശ്രീ. ഇ.എം.അഗസ്തി എം.എൽ.എ.യ്ക്കു അനുവാദം നൽകിയിട്ടുണ്ട്.

ശ്രീ. ഇ.എം. അഗസ്തി : സർ, ബഹുമാനപ്പെട്ട ചെയർ ഇവിടെ സൂചിപ്പിച്ചതുപോലെ 23.7.96-ൽ ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി ഈ സഭയിൽ നൽകിയ ഉത്തരത്തിൻമേലുണ്ടായ ഒരു പ്രശ്നം ഉന്നയിക്കാനാണ് ഞാൻ ഈ ചർച്ച ആവശ്യപ്പെട്ടിരിക്കുന്നത്. എന്റെ ചോദ്യം നിലവിലുള്ള പവർക്കട്ടും ലോഡ്ഷെഡിംഗും പിൻവലിക്കാനുള്ള കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ എന്നാണ്. അതിന് അദ്ദേഹം നൽകിയ മറുപടിയിൽ കാലവർഷം ശരിയായി ലഭിക്കാത്ത സാഹചര്യത്തിൽ പവർക്കട്ടും ലോഡ് ഷെഡ്ഡിംഗും പിൻവലിക്കുന്ന കാര്യം തൽക്കാലം പരിഗണനയിൽ ഇല്ലെന്നാണ്. ഈ ചോദ്യത്തിനു മറുപടി ലഭിച്ചശേഷം അന്നേദിവസം അദ്ദേഹം ഈ സഭയിൽ നൽകിയ എല്ലാ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങളും ഞാൻ പരിശോധിക്കുകയുണ്ടായി. അങ്ങനെ പരിശോധിച്ചപ്പോൾ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1265-നും അതുപോലെ നക്ഷത്രചിഹ്നമിടാത്ത 1239-ാം നമ്പർ ചോദ്യത്തിനും നക്ഷത്രചിഹ്നമിട്ട 89-ാം നമ്പർ ചോദ്യത്തിനും പറഞ്ഞിരിക്കുന്ന മറുപടികളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് പവർക്കട്ടും ലോഡ്ഷെഡ്ഡിംഗും നടപ്പിലാക്കേണ്ട യാതൊരു സാഹചര്യവുമില്ല. കേരളത്തിന് ആവശ്യമുള്ള വൈദ്യുതി ഇപ്പോൾ ലഭ്യമാണ്. വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയുന്ന സാഹചര്യം സംസ്ഥാനത്ത് ഉണ്ടെന്നാണ് അറിയുന്നത്. അതുകൊണ്ട് ബഹുമാനപ്പെട്ട വൈദ്യുതി മന്ത്രിയോട് എനിക്ക് അപേക്ഷിക്കാനുള്ളത് സംസ്ഥാനത്തു നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ലോഡ്ഷെഡ്ഡിംഗും പവർക്കട്ടും പിൻവലിക്കണമെന്നാണ്. അതിനുള്ള സാഹചര്യമുണ്ട്. ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ ഒന്നാമത്തെ കാര്യം കാലവർഷം ശക്തിയായിട്ടില്ല എന്നതാണെങ്കിൽ ഇപ്പോൾ കാലവർഷം ശക്തമാണ്. കേരളത്തിലെ ജലസംഭരണികളിൽ സ്റ്റോറേജ് കപ്പാസിറ്റിയുള്ളത് ഇടുക്കി പദ്ധതിയിലാണ്. കൂടാതെ നമുക്ക് കുറെയേറെ പദ്ധതികളുണ്ടെങ്കിലും എല്ലാ പദ്ധതികളും രണ്ടു മഴ കഴിഞ്ഞാൽ ഓവർഫ്ളോ ചെയ്യുന്നതാണ്. മാക്സിമം വെള്ളം സ്റ്റോർ ചെയ്യാൻ കഴിയുന്ന

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിലെ ഏക ജലസംഭരണി എന്നു പറയുന്നത് ഇടുക്കി പദ്ധതിയാണ്. ആ പദ്ധതിയിൽ ശേഖരിക്കാൻ കഴിയുന്ന വെള്ളത്തിന്റെ അളവ് 2403 അടിയാണ്. ഞാൻ പത്രവാർത്തകളെല്ലാം പരിശോധിച്ചു. 27-ാം തീയതിയിലെ പത്രവാർത്ത ജലനിരപ്പ് നാലടിയോളം ഉയർന്നു. അടുത്ത റിപ്പോർട്ടിൽ ഇടുക്കി ജലസംഭരണിയിലെ ജലനിരപ്പ് നാലടിയോളം വീണ്ടും ഉയർന്നു എന്നാണ് പറഞ്ഞിരിക്കുന്നത്. 2327.83 അടിയാണ് ഇന്നത്തെ ജലനിരപ്പ്. പദ്ധതിപ്രദേശത്ത് 6.47 സെന്റീമീറ്റർ മഴ ലഭിച്ചുവെന്നാണ് റിപ്പോർട്ട്. അങ്ങനെയാണെങ്കിൽ 25-ാം തീയതിയിലെ റിപ്പോർട്ടിൽ പറയുന്നത് ഇടുക്കിയിൽ ജലനിരപ്പ് വീണ്ടും ഉയർന്നു. ഇടുക്കിയിൽ മഴ കുറഞ്ഞെങ്കിലും നീരൊഴുക്കുള്ളതുകൊണ്ട് ഡാമിലെ ജലനിരപ്പ് രണ്ടര അടി വർദ്ധിച്ചു. 2320.71 അടിയായി. പദ്ധതിപ്രദേശത്ത് 34.3 മില്ലിമീറ്റർ മഴ രേഖപ്പെടുത്തി എന്നാണ് റിപ്പോർട്ട്. 23-ാം തീയതിക്കുശേഷമുള്ള എല്ലാ ദിവസങ്ങളിലും മഴയുടെ തോത് വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട ഡെപ്യൂട്ടിസ്പീക്കറുടെയും എന്റെയും നിയോജകമണ്ഡലത്തിൽപ്പെട്ട പ്രദേശമാണ്. ഇടുക്കി പ്രോജക്ടിന്റെ വൃഷ്ടിപ്രദേശമാണ്. അവിടെയുള്ള എല്ലാ റോഡുകളും ഗതാഗത യോഗ്യമല്ലാതായിത്തീർന്നിട്ടുണ്ട്. അവിടെ മഴകൊണ്ട് മനുഷ്യനു പുറത്തിറങ്ങാൻ വയ്യാത്ത സ്ഥിതിയാണ്. എല്ലാ പുഴകളും കവിഞ്ഞൊഴുകുകയാണ്. ജീവിത ക്രമമാകെ താളം തെറ്റിയിരിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ കുറ്റപ്പെടുത്തുന്നില്ല അദ്ദേഹം സഭയിൽ മറുപടി പറഞ്ഞതിനുശേഷം സംസ്ഥാനത്ത് എല്ലാ ദിവസവും മഴയുണ്ട്. സംഭരണശേഷിയുള്ള പദ്ധതി പ്രദേശത്ത് കനത്ത തോതിൽ മഴ ലഭിച്ചതിന്റെ ഫലമായി അദ്ദേഹം ഉത്തരം നൽകിയപ്പോഴുണ്ടായിരുന്ന സാഹചര്യം ഇപ്പോൾ സംസ്ഥാനത്ത് ഇല്ല. ആ കാര്യം അങ്ങ് ഗൗരവമായി പരിഗണിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഞാൻ നമ്മുടെ ജലസംഭരണികളിൽ ലഭിക്കുന്ന വെള്ളത്തിന്റെ കണക്കുകളെ സംബന്ധിച്ച് ഒരന്വേഷണം നടത്തുകയുണ്ടായി. ആ അന്വേഷണത്തിൽ കിട്ടിയത് 28.7.95, അതായത് ഇന്നലത്തെ കണക്കനുസരിച്ച് 2332.81 അടി വെള്ളമാണ് ഉണ്ടായിരുന്നത്. എന്നാൽ ഇപ്പോഴുള്ളത് 2340.45 അടി വെള്ളമാണ്. അതിന്റെ വ്യത്യാസം കേവലം എട്ട് അടി മാത്രമാണ്. കഴിഞ്ഞ വർഷം കാലവർഷം നേരത്തെ ആരംഭിച്ചു. ഈ വർഷം കാലവർഷം വൈകി ആരംഭിച്ചു. അതുകൊണ്ട് ജൂലായ് മാസത്തിൽ കാലവർഷം ശക്തമായിട്ടുണ്ട്. ജലനിരപ്പ് ജലസംഭരണികളിൽ ഉയർന്നിട്ടുണ്ട്. വെള്ളം ഒഴുകി എത്തിക്കൊണ്ടിരിക്കുന്നു. അപ്പോൾ കാലവർഷം ശക്തമല്ല എന്നുള്ള ന്യായം പറഞ്ഞ് ഇനിയും പവർക്കട്ടും ലോഡ്ഷെഡ്ഡിംഗും നീട്ടിക്കൊണ്ടുപോകുന്നതിന് ന്യായീകരണമില്ലെന്നാണ് എന്റെ അഭിപ്രായം. രണ്ടാമത്തെ കാര്യം ചൂണ്ടിക്കാണിക്കാനുള്ളത് കാലവർഷത്തിന്റെ കാര്യം മാത്രമല്ല. ബഹുമാനപ്പെട്ട മന്ത്രിസഭയിൽ പറഞ്ഞിരിക്കുന്ന ഉത്തരമനുസരിച്ച് നമ്മുടെ വൈദ്യുതി ഉല്പാദനത്തിൽ വലിയ വർദ്ധനവു വന്നിരിക്കുന്നു. സഭയിൽ നടത്തുന്ന പ്രസംഗങ്ങളുടേയും പൊതുവിൽ നടക്കുന്ന ചർച്ചകളുടേയും അടിസ്ഥാനത്തിൽ നമ്മുടെ വൈദ്യുതി ഉല്പാദനം വളരെ മോശമാണെന്നാണ് ഞാനും ധരിച്ചിരുന്നത്. 10-ാം കേരള നിയമസഭയുടെ നക്ഷത്രചിഹ്നമിടാത്ത 1260-ാം നമ്പർ ചോദ്യത്തിന് 23-ാം തീയതി നൽകിയ മറുപടിയിൽ ബഹുമാനപ്പെട്ട സത്യൻ മൊകേരി, ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ, പ്രൊഫ: മീനാക്ഷി തമ്പാൻ, ശ്രീമതി ആർ. ലതാദേവി ശ്രീ. ജോസ്ബേബി എന്നിവരുടെ ചോദ്യങ്ങൾക്കു നൽകിയ മറുപടിയിൽ സംസ്ഥാനത്ത് ഏതെല്ലാം മേഖലകളിൽ ക്യാപ്റ്റീവ് പവർ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്; അവ എവിടെയെല്ലാമെന്നു വ്യക്തമാക്കാമോ: ഇവയിൽ നിന്നും എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പി

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നുണ്ട്? ഒന്നാമത്തെ ചോദ്യത്തിന് താഴെപ്പറയുന്ന വ്യവസായശാലകൾ കാപ്റ്റീവ് പവർപ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ആ പട്ടിക അനുസരിച്ച് വ്യവസായസ്ഥാപനങ്ങളുടെ പേര് പ്രീമിയർ ടയേഴ്സ് 2.45 മെഗാവാട്ട്, ടെൽക് 1.5 മെഗാവാട്ട് ഗ്രാഫൈറ്റ് ഇൻഡസ്ട്രീസ് മാവൂർ 3.1 മെഗാവാട്ട്, കോമിൽകോബിനാനി 5 മെഗാവാട്ട്, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് 2.166 മെഗാവാട്ട്, അപ്പോളോ ടയേഴ്സ് 5.45 മെഗാവാട്ട്, എച്ച്.ഒ.സി.8 മെഗാവാട്ട്, ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് 18 മെഗാവാട്ട്, കാർഗോ ആന്റ് കെമിക്കൽസ് ലിമിറ്റഡ് 1.75 മെഗാവാട്ട്, ഐ.ടി.ഐ. 2.9 മെഗാവാട്ട് കാർബറാണ്ടം യൂണിവേഴ്സൽ മണിയാർ ജലവൈദ്യുത പദ്ധതി 12 മെഗാവാട്ട് കൊച്ചിൻ റിഫൈനറീസ് 22 മെഗാവാട്ട് ഇത്രയും വൈദ്യുതി ഉല്പാദിപ്പിക്കുന്നു എന്നാണ് അദ്ദേഹം സഭയിൽ പറഞ്ഞിരിക്കുന്ന കണക്ക്. ഇതനുസരിച്ച് 76 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്നുണ്ട്. അടുത്ത ചോദ്യം. ഇത്തരം പ്ലാന്റുകൾ പുതിയതായി ആരംഭിക്കാൻ നിർദ്ദേശമുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാമെന്നു വ്യക്തമാക്കാമോ എന്ന ചോദ്യത്തിനു പറഞ്ഞിരിക്കുന്ന മറുപടിയിൽ 27 പദ്ധതികൾ പുതിയതായി തുടങ്ങുമെന്നും അതിനു മൊത്തം 82 എം.ക്യൂബ് വൈദ്യുതി ലഭ്യമാകുമെന്നും ബഹുമാനപ്പെട്ട മന്ത്രി സഭയിൽ ഉറപ്പു പറഞ്ഞിരിക്കുന്നു. 72 മെഗാവാട്ട് വൈദ്യുതി അധികമായി നമുക്ക് ഇപ്പോൾ ലഭിച്ചിട്ടുണ്ട്. അപ്പോൾ വൈദ്യുതി ഉല്പാദനത്തിന്റെ തോത് വർദ്ധിച്ചിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി സഭയിൽ പറഞ്ഞിരിക്കുന്ന ഉറപ്പിൽനിന്നു വ്യക്തമാണ്. വൈദ്യുതി ഉല്പാദനം ഇപ്പോൾ ആരംഭിച്ചിരിക്കുന്ന സ്രോതസ്സുകളെപ്പറ്റിയാണ് ഞാൻ പറഞ്ഞത്. ബഹുമാനപ്പെട്ട മന്ത്രി സഭയിൽ പറഞ്ഞിരിക്കുന്ന മറുപടി അനുസരിച്ച് നമ്മുടെ സംസ്ഥാനത്ത് വലിയ പ്രതീക്ഷയോടുകൂടി നോക്കി കാണുന്ന രണ്ടു പദ്ധതികളാണ് ബ്രഹ്മപുരം ഡീസൽ പ്രോജക്ടും ലോവർ പെരിയാർ ജലവൈദ്യുത പദ്ധതിയും. ലോവർപെരിയാർ പദ്ധതിയും ബ്രഹ്മപുരം പദ്ധതിയും 1996 ഡിസംബർ മാസം കമ്മിഷൻ ചെയ്യാൻ കഴിയുമെന്നറിയുന്നു. ലോവർ പെരിയാർ പദ്ധതി നവംബർ മാസത്തിൽ നമുക്ക് ട്രയൽറൺ നടത്താൻ കഴിയുമെന്ന് മന്ത്രി പറഞ്ഞിരിക്കുന്ന ഉറപ്പുകളിൽനിന്നും കാണാൻ കഴിയും. ബ്രഹ്മപുരം ഡീസൽ പദ്ധതിയെ സംബന്ധിച്ച് നക്ഷത്രചിഹ്നമിട്ട 89-ാം നമ്പർ ചോദ്യത്തിന് 23.7.96-ൽ ബഹുമാനപ്പെട്ട മെമ്പർ എം.എ.തോമസ്, ശ്രീ.എം.പി. വർഗ്ഗീസ്, ശ്രീ. എളമരം കരീം, ശ്രീ.കെ.പി. സതീശ്ചന്ദ്രൻ ശ്രീ. ജോണി നെല്ലൂർ എന്നിവരുടെ ചോദ്യത്തിന് പറഞ്ഞിരിക്കുന്ന മറുപടി, സംസ്ഥാനത്തു സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ഡീസൽ വൈദ്യുത നിലയങ്ങളുടെ പണി ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കാമോ? മറുപടി ബ്രഹ്മപുരം ഡീസൽ നിലയത്തിന്റെ ഒന്നാമത്തെ യൂണിറ്റ് 1996 ഡിസംബർ മാസത്തിൽ കമ്മിഷൻ ചെയ്യത്തക്ക നിലയിൽ പണികൾ പുരോഗമിച്ചുവരുന്നു. അരീക്കോട് സ്ഥാപിക്കുന്ന 5 എം.ക്യൂബ് ഡീസൽ വൈദ്യുത പദ്ധതിയുടെ പ്രാരംഭ പണികൾ ആരംഭിച്ചിട്ടുണ്ട്. അതിന്റെ (ബി) ചോദ്യം പ്രസ്തുത വൈദ്യുത നിലയങ്ങൾ എത്ര യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുന്നുണ്ട് വ്യക്തമാക്കാമോ? അതിനു പറഞ്ഞിരിക്കുന്ന മറുപടി മേൽപ്പറഞ്ഞ രണ്ടു പദ്ധതികൾ വഴി പ്രതിവർഷം 620 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയുമെന്ന് കണക്കാക്കിയിട്ടുണ്ട് എന്നാണ് അതുപോലെ ലോവർപെരിയാർ പദ്ധതിയെ സംബന്ധിച്ച് മന്ത്രി പറഞ്ഞിരിക്കുന്ന മറുപടി 1996 ഡിസംബർ മാസത്തിൽ ഈ പ്രോജക്ട് കമ്മിഷൻ ചെയ്യാൻ കഴിയും. അതിന്റെ ട്രയൽ റൺ നവംബർ മാസത്തിൽ പൂർത്തിയാക്കാൻ കഴിയുമെന്നു ഉത്തരത്തിൽ പറഞ്ഞിട്ടുണ്ട്. ഇതനുസരിച്ച് ലോവർപെരിയാർ പദ്ധതിയുടെ സ്ഥാപിതശേഷിയായി ഉയർത്തിയിരിക്കുന്നത് 180 മെഗാവാ.



LIBRARY ARCHIVES Kerala Legislative Assembly

ട്ടാണെന്ന് സഭയിൽ പറഞ്ഞിട്ടുള്ള ഉത്തരത്തിൽ നിന്നും വ്യക്തമാണ്. ബ്രഹ്മപുരം ഡീസൽ പദ്ധതിയിൽ നിന്നും ഉദ്ദേശിക്കുന്ന സ്ഥാപിതശേഷി 100 മെഗാവാട്ടാണ്. അപ്പോൾ ഡിസംബർ മാസമാകുമ്പോൾ 280 മെഗാവാട്ട് വൈദ്യുതി അധികമായി ഉല്പാദിപ്പിക്കാൻ കഴിയുന്ന സാഹചര്യം ഈ സംസ്ഥാനത്തുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി രേഖാമൂലം ഈ സഭയിൽ മറുപടി പറഞ്ഞിട്ടുണ്ട്. 280 മെഗാവാട്ട് വൈദ്യുതി അധികമായി ഉൽപ്പാദിപ്പിക്കുവാൻ കഴിയുകയും നമ്മുടെ ജലസംഭരണികളിൽ കഴിഞ്ഞ കാലത്ത് ലഭ്യമായത് ലഭ്യമാക്കുകയും ക്യാപ്റ്റീവ് ജനറേഷന്റെ അടിസ്ഥാനത്തിൽ 76 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ കഴിയുകയും ചെയ്യണമെന്നിരിക്കേ ഒരു പ്രത്യേക സാഹചര്യത്തിൽ സംസ്ഥാനത്തെ ജനജീവിതത്തെ ദോഷകരമായി ബാധിക്കുന്ന വിധത്തിൽ ഏർപ്പെടുത്തിയിരിക്കുന്ന നിയന്ത്രണം പിൻവലിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അപേക്ഷിക്കുകയാണ്. ഈ പവർകട്ട് മൂലം സംസ്ഥാനത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന ബുദ്ധിമുട്ടുകൾ നമ്മുടെ വ്യവസായ മേഖലകളെ തകരാറിൽ ആക്കുകയാണ്. വ്യവസായമേഖലയുടെ സ്തംഭനാവസ്ഥ മൂലം 2000 കോടി രൂപ നഷ്ടം ഈ സംസ്ഥാനത്തിന് സംഭവിച്ചിരിക്കുന്നു എന്നാണ് എനിക്ക് ലഭ്യമായ കണക്കുകളിൽ നിന്ന് മനസ്സിലാക്കുവാൻ സാധിക്കുന്നത്. ഇപ്പോൾ തന്നെ ഇളവുകൾ പ്രഖ്യാപിക്കുവാൻ പോകുന്നതായി ചില പത്രവാർത്തകൾ കണ്ടു. ആ ഇളവുകൾ കൊണ്ട് നമ്മുടെ വ്യവസായത്തിന് ഒരു ഗുണവും താൽക്കാലികമായി ഉണ്ടാകുവാൻ പോകുന്നില്ല. ഒരു ഉദാഹരണം ഞാൻ ചൂണ്ടിക്കാണിക്കാം, ഇവിടെ ബഹുമാനപ്പെട്ട മുൻ സ്പീക്കർ ശ്രീ. പി.പി. തങ്കച്ചന്റെ നിയോജകമണ്ഡലമായ പെരുമ്പാവൂരിൽ പ്രവർത്തിക്കുന്ന റയോൺസ് ഫാക്ടറിക്ക് 30% പവർകട്ട് ആണ് ഏർപ്പെടുത്തിയിരിക്കുന്നത്. പക്ഷേ ആ റയോൺസ് ഫാക്ടറി പ്രവർത്തിക്കണമെങ്കിൽ 80% പവർവേണം. 70% പവർ ലഭ്യമാകുന്നതുകൊണ്ട് ആ ഫാക്ടറി പ്രവർത്തിപ്പിക്കാനാവില്ല. എന്നുപറഞ്ഞാൽ രണ്ടായിരത്തിൽപ്പരം തൊഴിലാളികൾക്ക് തൊഴിൽ നഷ്ടമാകും എന്നാണ് അതിന്റെ അർത്ഥം. ഒന്നുരണ്ടു കാര്യങ്ങൾ കൂടി ഞാൻ സൂചിപ്പിക്കുന്നു. കർണ്ണാടക സംസ്ഥാനത്തിൽ വ്യവസായങ്ങൾക്ക് പവർകട്ട് ഏർപ്പെടുത്തുന്നില്ല. കാരണം, വ്യവസായങ്ങൾക്ക് പവർകട്ട് ഏർപ്പെടുത്തിയാൽ സംസ്ഥാനത്തിന്റെ വ്യവസായ ഉൽപ്പാദനം കുറയുമെന്നും അതുവഴി സംസ്ഥാനത്തിന്റെ സമ്പദ്ഘടന താറുമാറാകുമെന്നും ബോദ്ധ്യമുള്ളതുകൊണ്ടാണ് അവർ അങ്ങനെയൊരു സമീപനം സ്വീകരിച്ചിരിക്കുന്നത് എങ്കിൽ നമ്മുടെ വ്യവസായ ഉൽപ്പാദനത്തെ വളരെ ദോഷകരമായി ബാധിക്കുന്ന വിധത്തിലുള്ള പവർകട്ടും ലോഡ്ഷെഡ്ഡിംഗും ആണ് ഇപ്പോൾ നമ്മുടെ സംസ്ഥാനത്ത് ഏർപ്പെടുത്തിയിരിക്കുന്നത്. അത് സംസ്ഥാനത്ത് വളരെ ദോഷം ചെയ്യും. അതുപോലെ തന്നെ നമ്മുടെ ഗാർഹിക ഉപഭോക്താക്കൾക്ക് ഉണ്ടായിരിക്കുന്ന നിയന്ത്രണം. അതുമൂലം നമ്മുടെ സാമൂഹിക ജീവിതത്തിന്റെ താളം തെറ്റിയിരിക്കുന്നു. പ്രധാനമായും നമ്മുടെ കുട്ടികൾക്ക് ഇപ്പോഴത്തെ വിദ്യാഭ്യാസ രീതിക്കനുസരിച്ച് തീർത്താൽ തീരാത്ത ഗൃഹപാഠം ചെയ്യണം. രാത്രികാലങ്ങളിൽ ലോഡ് ഷെഡ്ഡിംഗും പവർകട്ടും മൂലം വിദ്യാർത്ഥികൾക്ക് വലിയ ബുദ്ധിമുട്ട് ഉണ്ടാകുന്നു. രാത്രി കാലങ്ങളിൽ പവർകട്ടിന്റെ ബുദ്ധിമുട്ടുകൾ ഏറ്റവും കൂടുതൽ അനുഭവിക്കുന്നത് നമ്മുടെ ഉദ്യോഗസ്ഥകളായ സഹോദരിമാരാണ്. ജോലി കഴിഞ്ഞ് വീട്ടിൽ മടങ്ങിയെത്തി ഭർത്താവിനും കുടുംബത്തിനും ഭക്ഷണം ഉണ്ടാക്കി വീട്ടിലെ എല്ലാ ജോലികളും ചെയ്തുതീർക്കേണ്ടി വരുന്ന ആ സഹോദരിമാരുടെ ജീവിതഭാരവും ഏറിയിരിക്കുകയാണ്. ഈ സാഹചര്യമൊക്കെ ഉണ്ടെങ്കിലും ബഹുമാനപ്പെട്ട വൈദ്യുതി

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രി യാഥാർത്ഥ്യത്തിൽ അധിഷ്ഠിതമല്ലാത്ത നിലയിൽ ഈ സഭയിൽ നൽകിയ മറുപടികൾക്കും ഈ സംസ്ഥാനത്ത് നിലനിൽക്കുന്ന യാഥാർത്ഥ്യങ്ങൾക്കും വ്യത്യസ്തമായ പവർകട്ടും ലോഡ്ഷെഡ്ഡിംഗും മുന്നോട്ടു കൊണ്ടുപോകുന്നത് തിരുത്തണമെന്നാണ് എനിക്ക് അദ്ദേഹത്തോട് അപേക്ഷിക്കാനുള്ളത്. ഏറ്റവും കുറഞ്ഞത്, രാത്രികാല പവർകട്ട് എങ്കിലും പിൻവലിച്ച് നമ്മുടെ ഗാർഹിക ഉപഭോക്താക്കളെസംരക്ഷിക്കാനുള്ള നടപടി അദ്ദേഹത്തിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പു മന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ, ബഹുമാനപ്പെട്ട അഗസ്തി നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്ന പവർകട്ട് തുടരാൻ ഒരു തരത്തിലും ന്യായീകരണമില്ലെന്നാണ് വാദിച്ചത്. തുടരാൻ ന്യായീകരണം ഇല്ലാത്ത ഒരു പവർകട്ട് ആണെങ്കിൽ അത് ഏറ്റവും അടുത്ത നാളുകളിൽത്തന്നെ അവസാനിപ്പിക്കുന്നതിന് ഗവൺമെന്റിന് യാതൊരു മടിയും ഉണ്ടാവുകയില്ല എന്നാണ് എനിക്ക് ആദ്യമായി പറയാനുള്ളത്. നമ്മുടെ ജലസംഭരണികളിലെ ജലനിരപ്പ് കൂടിയിട്ടുണ്ട് എന്നത് ശരിയാണ്. മഴക്കാലം ആരംഭിച്ചപ്പോൾ ഉണ്ടായിരുന്ന അവസ്ഥ വല്ലാതെ വറ്റിവരണ്ട ഒരു നിലയായിരുന്നു. അതിൽ നിന്ന് വ്യത്യസ്തമായി ജലസംഭരണികളിൽ ജലം കൂടിയിട്ടുണ്ട്. പക്ഷേ ആ ജലമാകെ പെട്ടെന്നുതന്നെ ഉപയോഗിച്ചു തീർക്കണമെന്ന ഒരു സമീപനം അല്ല ഞങ്ങൾ സ്വീകരിക്കുന്നത്. നമുക്ക് വർഷം മുഴുവൻ ആവശ്യമായി വരുന്ന വൈദ്യുതി കണക്കാക്കി അതിന് എത്ര ജലം വേണ്ടി വരും എന്നു കൂടി കണക്കിലെടുത്തുകൊണ്ടാണ് ഇവിടെ ഉൽപ്പാദനം നടത്തുന്നത്. അല്ലെങ്കിൽ കുറെ മാസം ശരിയായ രീതിയിൽ വൈദ്യുതി ഉണ്ടാവുകയും കുറെ മാസം ഒന്നുമില്ലാത്ത അവസ്ഥ വന്നുചേരുകയും ചെയ്യും. അത് നമ്മൾ എന്തായാലും ആഗ്രഹിക്കുന്നില്ല. എന്റെ പക്കലുള്ള കണക്കനുസരിച്ച് 29.7.1996-ൽ 1512.88 മില്യൺ യൂണിറ്റ് വൈദ്യുതി ഉല്പ്പാദിപ്പിക്കാനുള്ള ജലമാണ് സംഭരണികളിൽ ഉള്ളത്. 1991 വരെയുള്ള കണക്കെടുത്ത് പരിശോധിച്ചാൽ ഇക്കഴിഞ്ഞ എല്ലാ വർഷങ്ങളേയും അപേക്ഷിച്ച് കുറവാണ്.

29.7.1991-ൽ ഇതേ തീയതിയിൽ 2072 മില്യൺ യൂണിറ്റ് ഉൽപ്പാദിപ്പിക്കാനുള്ള വെള്ളം നമുക്ക് ഉണ്ടായിരുന്നു. 1992-ൽ 2076 മില്യൺ യൂണിറ്റ് ഉൽപ്പാദിപ്പിക്കാനുള്ള വെള്ളം ഉണ്ടായിരുന്നു. 1994-ൽ 2074 മില്യൺ യൂണിറ്റ് ഉൽപ്പാദിപ്പിക്കാനുള്ള വെള്ളം ഉണ്ടായിരുന്നു. 1995-ൽ 1550 മില്യൺ യൂണിറ്റ് ഉൽപ്പാദിപ്പാദിപ്പിക്കാനുള്ള വെള്ളമേ ഉണ്ടായിരുന്നുള്ളു. ഇപ്പോൾ അതിലും കുറഞ്ഞ 1512 മില്യൺ യൂണിറ്റ് ഉൽപ്പാദിപ്പിക്കാനുള്ള വെള്ളമേ നമുക്ക് ഉള്ളൂ. അപ്പോൾ കഴിഞ്ഞ കാലത്തെ കണക്ക് എടുത്ത് പരിശോധിച്ചാൽ അതിനെക്കാൾ കൂടുതൽ ജലം സംഭരണികളിൽ വന്ന അവസ്ഥ നിലനിൽക്കുന്നില്ല. നാം കാണേണ്ടത്, 1996-97-ൽ നമുക്ക് 10,816 ദശലക്ഷം യൂണിറ്റ് വൈദ്യുതി ആവശ്യമുണ്ട്. നമുക്ക് എല്ലാംകൂടി ഉൽപ്പാദിപ്പിക്കുവാൻ കഴിയുന്നത് 6194 ദശലക്ഷം യൂണിറ്റ് ആണ്. അതിനുപുറമേ കേന്ദ്രവിഹിതമായി കിട്ടേണ്ടതായ 2825 ദശലക്ഷം യൂണിറ്റ് കൂടി കിട്ടും. അപ്പോൾ 9019 ദശലക്ഷം യൂണിറ്റ് വൈദ്യുതിയാണ് നമ്മുടെ കയ്യിൽ ഉണ്ടാവുക. നമുക്ക് ആവശ്യം 10,816 ദശലക്ഷം യൂണിറ്റ്. അപ്പോൾ 1797 ദശലക്ഷം യൂണിറ്റിന്റെ കമ്മി ഈ 1996-97 വർഷത്തിൽ നിലനില്ക്കും എന്നാണ് ഇപ്പോൾ കണക്കാക്കിയിരിക്കുന്നത്. ഇതിൽ നാം മനസ്സിലാക്കേണ്ടത്, വർഷംതോറും ഉപഭോഗം വർദ്ധിക്കുകയാണ്. അതിനനുസരിച്ച് ഉൽപ്പാദനം വർദ്ധിക്കുന്നില്ലായെന്ന അവസ്ഥ വിശദീകരിക്കേണ്ട ആവശ്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly

നമുക്ക് അത്രത്തോളം ആവശ്യത്തിനനുസരിച്ച് ഉൽപ്പാദനം വർദ്ധിക്കുന്ന അവസ്ഥ ഉണ്ടായിട്ടില്ല. ഇവിടെ വൈദ്യുതിയുടെ ഏറ്റവും കൂടുതൽ ഉപഭോഗം നടക്കുന്ന സമയം വൈകുന്നേരം ആദ്യത്തെ മണിക്കൂറുകളിലാണ്. പീക്ക് അവർ സമയങ്ങളിൽ നമ്മുടെ ഉപഭോഗം 1650 മെഗാവാട്ട് വരെ ആകാറുണ്ട്. ഇവിടെയുള്ള ഏറ്റവും വലിയ തകരാർ, 1100 മെഗാവാട്ടിനും 1200 മെഗാവാട്ടിനും ഇടയിൽവരുന്ന വൈദ്യുതി വഹിക്കാനുള്ള സ്ഥാപിതശേഷി മാത്രമേ നമ്മുടെ ലൈനുകൾക്ക് ഉള്ളൂ. ഇത് കേരളത്തിലെ ഏറ്റവും ഗൗരവമായിട്ടുള്ള പ്രശ്നമാണ്. നമ്മുടെ ലൈനുകളുടെ സ്ഥാപിതശേഷി 1100 മെഗാവാട്ടിനും 1200 മെഗാവാട്ടിനും ഇടയിലായിരിക്കേ പീക്ക് അവർ സമയത്ത് 1650 മെഗാവാട്ട് വൈദ്യുതി വരെ ഉപഭോഗം നടക്കുമ്പോൾ, നമ്മുടെ സിസ്റ്റം തകരാറിലാണെന്നുള്ളതുകൊണ്ട് പെട്ടെന്ന് രാത്രികാലത്തെ പവർ കട്ട് ഒഴിവാക്കുന്നത് ഗുണകരമായിരിക്കുകയില്ല, അങ്ങനെ പവർകട്ട് ഒഴിവാക്കിയാലും അപ്രഖ്യാപിത പവർകട്ട് വരുമെന്നർത്ഥം. അതാണല്ലോ നമ്മളെല്ലാപേരും മുമ്പ് ആക്ഷേപിച്ചിരുന്ന ഒരു കാര്യം. മഴകൂടി വെള്ളം സംഭരണികളിൽ വർദ്ധിച്ചു. അങ്ങനെ വന്നപ്പോൾ ഒരു പിടിവാശിയും ഇക്കാര്യത്തിൽ ഉണ്ടായിട്ടില്ല. ഇന്നത്തെ കണക്കാണ് ഞാൻ നേരത്തേ പറഞ്ഞത്. 1019 ദശലക്ഷം യൂണിറ്റിനുള്ള വെള്ളമുണ്ടെന്ന് അറിയിച്ചപ്പോൾ ആ സാഹചര്യം വച്ചുകൊണ്ട് കാര്യങ്ങൾ ആലോചിച്ചിട്ടുണ്ട്. ആ ആലോചനയുടെ ഭാഗമായി ആഗസ്റ്റ് ഒന്നു മുതൽ എക്സ്ട്രാ ഹൈടെൻഷൻ, ഹൈടെൻഷൻ ഉപഭോക്താക്കൾക്കാണ് പവർകട്ട് നിലനിൽക്കുക.

ആ പവർകട്ട് 30 ശതമാനമാക്കി ഇളവുചെയ്തു. നാം കാണേണ്ടത് 70 ശതമാനവും 50 ശതമാനവും നിലനിന്നതാണ് ഏകീകരിച്ച് 30 ശതമാനമാക്കി കുറച്ചത്. അതോടെ മറ്റു ചിലസംശയങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. ആ സംശയങ്ങൾ എക്സ്ട്രാ ഹൈ ടെൻഷനും ഹൈടെൻഷനും പുറമേയുള്ള സ്മാൾ സ്കെയിൽ ഇൻഡസ്ട്രീസിന്റെ കാര്യമെന്താണ്? ചിലർ ഹൈടെൻഷനിൽപ്പെടുമായിരിക്കും. അതിൽപ്പെടാതിരിക്കുന്ന സ്മാൾ സ്കെയിൽ ഇൻഡസ്ട്രീസിന്റെ കഥയെന്താണ്? സ്മാൾ സ്കെയിൽ ഇൻഡസ്ട്രീസിനും വരുന്ന 1-ാം തീയതി മുതൽ പവർകട്ട് ബാധകമായിരിക്കുകയില്ലെന്നു തന്നെയാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അതുപോലെതന്നെ പുതിയ കണക്ഷനുകൾ കൊടുക്കുന്ന കാര്യത്തിൽ ഒരു കൂട്ടരുടെ കാര്യത്തിലൊഴികെ ആ നിരോധനം എടുത്തുകളയുകയാണ്. അതായത് വൈദ്യുതി ഏറ്റവും കൂടുതൽ ആവശ്യമായി വരുന്ന ചില വ്യവസായങ്ങളുണ്ട്. പവർ ഇന്റൻസീവ് യൂണിറ്റ്സ് ഒഴികെ എല്ലാ പുതിയ വ്യവസായങ്ങൾക്കും ഗാർഹിക കണക്ഷനുകൾക്കുമൊക്കെ വൈദ്യുതി കൊടുക്കാനാണ് പോകുന്നത്. അപ്പോൾ ആ നിരോധനം എടുത്തുകളയുകയാണ്. ഇവിടെ ബഹുമാനപ്പെട്ട അഗസ്തി ചൂണ്ടിക്കാണിച്ച അരമണിക്കൂർ ലോഡ് ഷെഡ്ഡിംഗിന്റെ പ്രശ്നം കുറെക്കൂടി സാങ്കേതിക പ്രശ്നങ്ങൾ കൂടി ഉൾക്കൊള്ളുന്നതാണെന്ന് ഞാൻ നേരത്തെ പറഞ്ഞതിൽനിന്നും മനസ്സിലായിട്ടുണ്ടാകും. അത് ചർച്ച ചെയ്ത് എന്താണ് ചെയ്യാൻ സാധിക്കുന്നതെന്നുള്ളത് പരിശോധിക്കുന്നതാണ്. നമുക്കാവശ്യത്തിന് ഏകദേശം വെള്ളം ലഭിച്ചതോടുകൂടി വൈദ്യുതിരംഗത്ത് നിലനിന്നിരുന്ന ഒരുപാട് നിയന്ത്രണങ്ങൾ ഇതോടെ ഇല്ലാതാകുന്നുവെന്ന് അർത്ഥം. എക്സ്ട്രാ ഹൈടെൻഷനും ഹൈടെൻഷനുമുള്ള 30% കട്ട് നിലനിൽക്കും. അതിനുപുറമേ പവർ ഇന്റൻസീവ് യൂണിറ്റിന് കണക്ഷൻ കൊടുക്കുകയില്ല. രാത്രിയിലെ അര മണിക്കൂർ ലോഡ്ഷെഡ്ഡിംഗ് നിലനിൽക്കും. ഇത്രയുമാണ് ഇപ്പോൾ നില

LIBRARY ARCHIVES Kerala Legislative Assembly

നിൽക്കുന്ന നിയന്ത്രണങ്ങൾ. രാത്രിയിലെ ലോഡ് ഷെഡ്ഡിംഗിന്റെ കാര്യം ഒന്നു കൂടി ചർച്ച ചെയ്ത് എന്തുചെയ്യാൻ കഴിയുമെന്ന് പരിശോധിക്കുന്നതുമാണ്.

അതുപോലെതന്നെ ഇവിടെ നിലവിലുള്ള വൈദ്യുതി പദ്ധതികളെക്കുറിച്ച് പറയുകയുണ്ടായി. എന്റെ കൈയിൽ അതിന്റെ വിശദാംശങ്ങളുണ്ട്. ഞാൻ അതിലേക്ക് പോകുന്നില്ല. ഇതെല്ലാം കൂടി എടുത്താൽ മൊത്തം സ്ഥാപിതശേഷി 1508.5 മെഗാവാട്ടാണ്. വാർഷിക ഉൽപ്പാദനം 5748.5 മില്യൻ യൂണിറ്റാണ് നമ്മുടെ എല്ലാ പദ്ധതികളിലുംകൂടി നടക്കുന്നത്. ഇവിടെ ബഹുമാനപ്പെട്ട അഗസ്തി തന്നെ പണി നടക്കുന്ന ചില പദ്ധതികളെപ്പറ്റി പറഞ്ഞു. ഞാൻ അതിന്റെ ലിസ്റ്റിലേക്ക് പോകുന്നില്ല. പക്ഷേ ഇവിടെ ചൂണ്ടിക്കാണിച്ചതു പോലെ ലോവർ പെരിയാർ പദ്ധതി നമുക്ക് അടുത്തുതന്നെ കമ്മിഷൻ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതായത് നവംബറിൽ കമ്മിഷൻ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷ. ആ ലക്ഷ്യം വച്ചുകൊണ്ട് നിർമ്മാണ പ്രവർത്തനം നടന്നുകൊണ്ടിരിക്കുകയാണ്. ഇവിടെ പറഞ്ഞ കണക്ക് ശരിയാണ്. അതിന്റെ സ്ഥാപിത ശേഷി 180 മെഗാവാട്ടാണ്. അങ്ങ് പറയാത്ത ഒരു കാര്യമുണ്ട്. കക്കാട് പദ്ധതിക്ക് 50 മെഗാവാട്ടാണ്. അത് 1998 ആദ്യത്തോടുകൂടി കമ്മിഷൻ ചെയ്യാൻ കഴിയും. പിന്നെ ഒരു ചെറിയ പദ്ധതിയുണ്ട്, പെരിങ്ങൽക്കുത്ത്. അത് 1997 മേയ്മാസത്തോടുകൂടി അവസാനിപ്പിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. അവിടെ 16 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയും. അതുപോലെ കുറ്റ്യാടി പദ്ധതിവച്ച് 223 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതും വേഗംതന്നെ കമ്മിഷൻ ചെയ്യാൻകഴിയുമെന്നാണ് പ്രതീക്ഷ. ഇതിനു പുറമേ നിർമ്മാണത്തിലിരിക്കുന്ന ചെറുകിട ഇടത്തരം പദ്ധതികളുണ്ട്. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് പോകുന്നില്ല. മൊത്തം 29.5 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ളതാണ് സ്കീം. അതിൽ ചില പദ്ധതികൾ വേഗം തന്നെ പൂർത്തീകരിക്കാൻ കഴിയും. മലമ്പുഴ, മാട്ടുപ്പെട്ടി തുടങ്ങിയ പദ്ധതികൾ പെട്ടെന്ന് പൂർത്തീകരിക്കാൻ കഴിയുന്ന അവസ്ഥയിലാണ്. നിൽക്കുന്നത്. ഇതിനു പുറമേയാണ് സ്വകാര്യ ഏജൻസികൾ നിർമ്മിക്കുന്ന ചെറുകിട ജലവൈദ്യുത പദ്ധതികളുള്ളത്. അതിൽ ഭൂതത്താൻകെട്ട്, കുത്തുങ്കൽ, ഉള്ളുങ്കൽ, കാരിക്കയം തുടങ്ങിയ നാലു പദ്ധതികളാണ് സ്വകാര്യ ഏജൻസികൾ പൂർത്തിയാക്കിക്കൊണ്ടിരിക്കുന്നത്. അതിന്റെ പ്രാരംഭ പ്രവർത്തനം മാത്രമേ ആരംഭിച്ചിട്ടുള്ളു. നാം നിർമ്മാണമേറ്റെടുക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുണ്ട്. അത് ഞാൻ മുമ്പും ഇവിടെ പറഞ്ഞിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ട പദ്ധതികളിൽ ഒന്ന് ആണ് ആതിരപ്പള്ളി. അത് 163 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന പദ്ധതിയാണ്. അവിടെയുള്ള വെള്ളച്ചാട്ടങ്ങൾ നിലനിർത്തിക്കൊണ്ടുതന്നെ പുതിയ പദ്ധതിക്കുള്ള നിർദ്ദേശമാണ് കേന്ദ്രത്തിന് സമർപ്പിച്ചിട്ടുള്ളത്. പരിസ്ഥിതി വകുപ്പിന്റേയും വനം വകുപ്പിന്റേയും മറ്റും അനുമതി കിട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതുപോലെതന്നെ കുരിയാർകുറ്റി-കാരപ്പാറ പദ്ധതിയുടെ കാര്യത്തിൽ പറമ്പിക്കുളം വന്യമൃഗ സംരക്ഷണ കേന്ദ്രത്തിന്റെ പരിധിയിൽപെട്ട 14.39 ഹെക്ടർ സ്ഥലം വിട്ടുകിട്ടുന്നതിന് നിയമസഭ ഒരു പ്രമേയം പാസ്സാക്കേണ്ടതായിട്ടുണ്ട്. അത് അടുത്തുതന്നെ പാസ്സാക്കാൻ കഴിയുന്നതാണ്. അതോടെ കേന്ദ്ര ഇലക്ട്രിസിറ്റി അതോറിറ്റിയുടേയും വനം പരിസ്ഥിതി മന്ത്രാലയത്തിന്റേയും മറ്റും അനുമതി കിട്ടുകയും ചെയ്യുമെന്നാണ് പ്രതീക്ഷിക്കുന്നത്. പൂയംകുട്ടിയുടെ കാര്യമാണ് പ്രതിസന്ധിയിൽ കിടക്കുന്ന പ്രശ്നം. അതിന് അനുമതി നിഷേധിച്ചിരിക്കുകയാണ്. ഞാൻ മുൻപ് ഇവിടെ പ്രസ്താവിച്ചതുപോലെ കേന്ദ്ര



LIBRARY ARCHIVES Kerala Legislative Assembly

ഊർജ്ജമന്ത്രി അതുമായി ബന്ധപ്പെട്ട ഒരു കോൺഫറൻസ് വിളിക്കുമെന്ന് പറഞ്ഞിരുന്നു. അത് ഇപ്പോൾ വിളിച്ചിട്ടുണ്ട്. ഈ വരുന്ന 1-ാം തീയതി കേന്ദ്ര ഊർജ്ജ മന്ത്രിയും കേന്ദ്ര പരിസ്ഥിതി മന്ത്രിയുംകൂടി നമ്മുടെ കേസ് കേൾക്കുന്നതിനു വേണ്ടി ഒരു കോൺഫറൻസ് വിളിച്ചിരിക്കുകയാണ്. ആ കോൺഫറൻസിൽവച്ച് നമുക്ക് അനുകൂലമായ നിലപാട് വരുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതുപോലെ ബഹുമാനപ്പെട്ട അഗസ്തി പറഞ്ഞ രീതിയിൽ ബ്രഹ്മപുരത്തെ താപനിലയത്തിന്റെ പണി ഡിസംബർ മാസത്തോടുകൂടി കമ്മീഷൻ ചെയ്യാൻ കഴിയത്തക്കരീതിയിലാണ് പ്രവർത്തനം നീങ്ങിക്കൊണ്ടിരിക്കുന്നത്. അതുപോലെതന്നെ കോഴിക്കോട് ഒരു താപനിലയത്തിന്റെ പ്രൊപ്പോസലുണ്ട്. അതു സംബന്ധിച്ച് എന്തുചെയ്യണമെന്ന് നാം ആലോചിക്കേണ്ടതായിട്ടായിരിക്കുന്നത്. കായംകുളത്ത് 400 മെഗാവാട്ടിന്റെ പദ്ധതിയാണ്. അത് നാം മുൻപ് വിശദമായി ചർച്ചചെയ്തതാണ് കേന്ദ്രത്തിൽ നിന്ന് അനുമതി കിട്ടുമെന്ന പ്രതീക്ഷയാണ് ചർച്ചയുടെ ഭാഗമായി ഞാൻ ഇവിടെ പ്രകടിപ്പിച്ചിരുന്നത്. ഇപ്പോഴും കേന്ദ്ര ഊർജ്ജ മന്ത്രിയുമായി സംസാരിച്ചിരുന്നു. അദ്ദേഹം പറയുന്നത് അന്ന് പറഞ്ഞതിൽ നിന്ന് വളരെ പുരോഗതി ഇപ്പോഴുണ്ടായിട്ടുണ്ടെന്നാണ്. എൻ.ടി.പി.സി. കേന്ദ്ര ഊർജ്ജ വകുപ്പിനയച്ചു. കേന്ദ്ര ഊർജ്ജ വകുപ്പ് ക്യാബിനറ്റ് കമ്മിറ്റിയുടെ ക്ലിയറൻസിനുവേണ്ടി അയച്ചുകഴിഞ്ഞു. ഇനി ക്യാബിനറ്റ് കമ്മിറ്റിയുടെ മുമ്പാകെ വയ്ക്കേണ്ട പ്രശ്നംമാത്രമേ നിലനിൽക്കുന്നുള്ളു. അത് കിട്ടുമെന്നുതന്നെയാണ് ഇപ്പോൾ പ്രതീക്ഷിക്കുന്നത്. തൃക്കരിപ്പൂർ 420 മെഗാവാട്ടിന്റെ ഒരു താപനിലയത്തിന്റെ നിർദ്ദേശം മുൻപുണ്ടായിരുന്നു. ആദ്യം ഇതിൽ സതേൺ നേവൽ കമാന്റിന്റെ തടസ്സമുണ്ടായിരുന്നു. അത് അവസാനിപ്പിച്ചുകൊണ്ട് ശരത്പവാർ രാജ്യരക്ഷാ മന്ത്രിയായിരിക്കുമ്പോൾ പുതിയ ഒരു നിർദ്ദേശം 1992 സെപ്റ്റംബറിൽ നമ്മുടെ ഗവൺമെന്റിനെ അറിയിച്ചിരുന്നു. അന്ന് ശ്രീ. പത്മരാജനാണ് നമ്മുടെ വിദ്യുച്ഛക്തി വകുപ്പുമന്ത്രി. ആദ്യത്തെ സ്ഥലം അവർ എതിർത്തിരുന്നു. നേവൽ അക്കാഡമിയുടെ പ്രശ്നമൊക്കെ പറഞ്ഞുകൊണ്ട് സതേൺ നേവൽ കമാന്റായിരുന്നു എതിർത്തത്. ഇതിൽ അവർ പറഞ്ഞത്.

We would therefore earnestly request you kindly to consider location of the STPP North of Karingte River. This would allow adequate separation and also ensure that the Kavvayi back waters which flow past the Naval Academy site do not bring the effluents into the Academy area. The re-location of the STPP as suggested above would be acceptable to the Naval Head Quarters and the Ministry of Defence.

അപ്പോൾ അവർക്ക് തർക്കമില്ലെന്ന് പറഞ്ഞു.

പക്ഷെ എന്ത് കാരണത്താലാണെന്ന് അറിയില്ല 92 സെപ്റ്റംബറിനു ശേഷം നാം ആ പദ്ധതിയെക്കുറിച്ച് ആലോചിച്ചിട്ടില്ല. ആ ഫയലിൽ കാരണമൊന്നും കാണുന്നില്ല. ഇപ്പോൾ മുഖ്യമന്ത്രിയുടെ കൂടി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഇത് പരിശോധനയ്ക്കു വിധേയമാക്കിയപ്പോഴാണ് ഈ കാര്യങ്ങളൊക്കെ കാണുന്നത്. അത് വീണ്ടുമൊരു ആലോചനയ്ക്കു വച്ചിരിക്കുകയാണ്. കാരിങ്ങോട്ട് റിവറിന്റെ വടക്ക് ഭാഗത്ത് ഒരു താപനിലയം സ്ഥാപിക്കാൻ പറ്റുമോയെന്ന് പരിശോധിക്കുന്നതാണ്. അത് പ്രാരംഭഘട്ടം മാത്രമേയായിട്ടുള്ളുവെന്ന് അർത്ഥം. നേവൽ അക്കാഡമിയുടെ ഭാഗത്തുനിന്നുമാണ് എതിർപ്പുണ്ടായത്. നേവൽ അക്കാഡമി എതിർത്തതിന്റെ ഫലമായിട്ടാണ് അത് തുടരാൻ അന്ന് കഴിയാതെ വന്നത്. നേവൽ അക്കാഡമി സൈറ്റ് മാറ്റി

പറഞ്ഞു. സ്വകാര്യമേഖലയിൽ താപനിലയങ്ങൾ തുടങ്ങുന്നതിന് ധാരണ പത്രം ഒപ്പ് വച്ചിട്ടുണ്ട്. 1991 അവസാനത്തിൽ കേന്ദ്രഗവൺമെന്റ് ഇറക്കിയ ഒരു ഉത്തരവിന്റെ ഭാഗമായിട്ടാണ് വൈദ്യുതിമേഖലയിൽ സ്വകാര്യസ്ഥാപനങ്ങളാകാമെന്നു വന്നത്. അതിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ 9 വൻകിട താപ വൈദ്യുതി നിലയങ്ങൾ സ്ഥാപിക്കുന്നതിന്റെ എം.ഒ.യും ഒപ്പുവച്ചത്. അത് പ്രാരംഭദശയിലാണ് നിൽക്കുന്നത്. ഇപ്പോൾ അതിന്റെ പ്രവർത്തനം കുറച്ചു കൂടി മുന്നോട്ടു പോയിട്ടുണ്ട്. ഇതോടൊപ്പം കൊച്ചിൻ റിഫൈനറീസിൽ 500 മെഗാവാട്ടിന്റെ ഒരു പദ്ധതി ആരംഭിക്കുന്നതിനുവേണ്ടി ഉദ്ദേശിക്കുന്നുണ്ട്. അതിന് അനുമതി കിട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത്. അനുമതി കിട്ടിയാൽ വേഗം പൂർത്തിയാക്കാൻ കഴിയുന്ന ഒരു പദ്ധതിയാണ്. അതിനു പുറമെ ചില പദ്ധതികൾ കൂടി ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. സ്വകാര്യമേഖലയിൽ കെ.എസ്.ഐ.ഡി.സി. സ്പോൺസർ ചെയ്ത ചില പദ്ധതികളുണ്ട്. അത് ഗവൺമെന്റിന്റെ പരിഗണനയിലിരിക്കുകയാണ്. ഗവൺമെന്റിന്റെ പരിഗണനയ്ക്ക് 27 പദ്ധതികൾ കൂടി വരുന്നുണ്ട്. ഇതിനു പുറമെ കാറ്റിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനു വേണ്ടി രാമക്കൽമേട്ടിൽ ഒരു പദ്ധതിക്ക് അനുമതി കൊടുത്തിട്ടുണ്ട്. അതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ മാത്രമേയായിട്ടുള്ളു. ചവറിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുവേണ്ടി തിരുവനന്തപുരം, കോഴിക്കോട്, കൊച്ചി എന്നീ കോർപ്പറേഷനുകളിൽ മൂന്ന് മെഗാവാട്ട് വീതം വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള ഓരോ പദ്ധതിയ്ക്കുള്ള നിർദ്ദേശമുണ്ട്. അതുപോലെതന്നെ ബാർജ് മൗണ്ടഡ് പവർപ്ലാന്റ് വേഗം പൂർത്തിയാക്കി വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന ഒരു പദ്ധതിയാണ്. ഇതും ഗവൺമെന്റ് പരിശോധിച്ചു വരികയാണ്. എങ്ങനെ വൈദ്യുതിമേഖല വികസിപ്പിക്കാൻ കഴിയും, വൈദ്യുതിരംഗത്തുള്ള പ്രശ്നങ്ങൾ എന്തൊക്കെയാണ്, ഇതിനുള്ള വിഭവസമാഹരണം എങ്ങനെ നടത്താൻ കഴിയുമെന്നുള്ളതെല്ലാം ഗൗരവമായി പരിശോധിക്കേണ്ട വിഷയങ്ങളാണ്. കേരളത്തിലെ എല്ലാവരുടെയും പിൻതുണ ഇക്കാര്യത്തിൽ ആവശ്യമാണ്. സമഗ്രമായ പഠനം ഇക്കാര്യത്തിൽ നടത്തേണ്ടതാണ്. അതായത് വൈദ്യുതി മേഖലയിലെ വിദഗ്ദ്ധന്മാർ അടക്കമുള്ള എല്ലാവരുമുൾക്കൊള്ളുന്ന ഒരു സമിതി ഇതിനെക്കുറിച്ച് പഠിക്കേണ്ടതുണ്ട് എന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം അതിനാവശ്യമായിട്ടുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

ശ്രീ. എ.വി. താമരാക്ഷൻ : ഈ വർഷം 1700 ദശലക്ഷം യൂണിറ്റിനു മേൽ കുറവുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ ചൂണ്ടിക്കാണിച്ചു. ഈ വർഷം കമ്മീഷൻ ചെയ്യുന്ന പദ്ധതികളുടെ കാര്യവും വിശദീകരിച്ചു. ഒന്ന് രണ്ട് വർഷത്തിനുള്ളിൽ കമ്മീഷൻ ചെയ്യാൻ പോകുന്ന എല്ലാ പദ്ധതികളും പൂർത്തിയായിക്കഴിഞ്ഞാൽ നമ്മുടെ സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി എന്ത് ചെയ്യാൻ കഴിയുമെന്നുകൂടി ഗവൺമെന്റ് ഗൗരവമായിട്ടു കാണണം. രണ്ടര മൂന്നു രൂപ ചെലവിൽ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി ഈ സംസ്ഥാനത്തിന്റെ ആവശ്യം കഴിഞ്ഞാൽ നമുക്ക് ഉപയോഗിക്കാൻ വല്ല മാർഗ്ഗവുമുണ്ടോ എന്നുകൂടി വൈദ്യുതി മന്ത്രി പരിശോധിക്കുമോ?

ശ്രീ. പിണറായി വിജയൻ : ഇതൊരു ആശങ്കയാണ്. അതായത് നമ്മുടെ സംസ്ഥാനത്തിനാവശ്യമുള്ളതിനെക്കാൾ കൂടുതൽ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന അവസ്ഥ വരും, അപ്പോൾ നമുക്ക് അത് താങ്ങാൻ കഴിയുമോയെന്നുള്ളതാണ് ആശങ്ക. ഈ പദ്ധതികളിൽ ഏതൊക്കെയാണ് രൂപപ്പെട്ടു വരുന്നതെന്ന് നമുക്കിപ്പോൾ പറയാൻ കഴിയുകയില്ല. ഏതായാലും നമ്മൾ

LIBRARY ARCHIVES Kerala Legislative Assembly

ഇത് സ്വാഗതം ചെയ്യുന്ന അവസ്ഥയാണ്. അങ്ങനെ ആവശ്യത്തിൽ കൂടുതൽ വൈദ്യുതി കിട്ടിയാൽ അത് ഉപയോഗിക്കുന്നതിനുള്ള പദ്ധതികൾ നമുക്ക് ഉണ്ടാക്കാവുന്നതാണ്.

ശ്രീ. പാലോട് രവി : അങ്ങ് ഇവിടെ പറഞ്ഞു എക്സിസ്റ്റിംഗ് ലൈനിൽ കൂടി 1100നും 1200നും മദ്ധ്യേയുള്ള വൈദ്യുതിയാണ് ഓടിക്കൊണ്ടിരിക്കുന്നത് എന്ന്. പീക്ക് അവറിൽ 1650 മെഗാവാട്ടാണ് എടുക്കുന്നത്. നമ്മുടെ സിസ്റ്റം തന്നെ ആകെ തകരാറിലാണെന്നു പറഞ്ഞു. ഈ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള ശ്രമം നടത്തുന്നതോടൊപ്പം തന്നെ നമ്മുടെ ട്രാൻസ്മിഷൻ സിസ്റ്റം എഫക്ടീവാക്കിയില്ലെങ്കിൽ ഈ അധികമുണ്ടാക്കുന്ന വൈദ്യുതി കൊണ്ടുപോകാൻ കഴിയുകയില്ല. ഈ പവർ കട്ട് എന്നും നിലനിൽക്കേണ്ടി വരും. അതുകൊണ്ട് സിസ്റ്റം എഫക്ടീവ് ആക്കുന്നതിന് എന്തെങ്കിലും നടപടി വൈദ്യുതി ബോർഡ് ശുപാർശ ചെയ്തിട്ടുണ്ടോ?

ശ്രീ. പിണറായി വിജയൻ : നമ്മൾ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതോടൊപ്പം ട്രാൻസ്മിഷൻ ലൈൻ ശക്തിപ്പെടുത്തിയാൽ മാത്രമേ നമുക്ക് ഈ പ്രശ്നം പരിഹരിക്കാൻ കഴിയുകയുള്ളു. ട്രാൻസ്മിഷൻ ലൈൻ ശക്തമാക്കുന്നതിനുള്ള ഒരു പദ്ധതിതന്നെയുണ്ട്.

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : ഹൗസ് കണക്ഷൻ നൽകുന്നതിന് ഉണ്ടായിരുന്ന നിബന്ധനകൾ ഈ വരുന്ന ആഗസ്റ്റ് മാസം മുതൽ പിൻവലിക്കാൻ പോകുന്നുവെന്ന് മന്ത്രി പറയുകയുണ്ടായി. ആഗസ്റ്റിന് ശേഷം എത്ര ഹൗസ് കണക്ഷനുകൾ കൊടുക്കാനാണ് ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്?

ശ്രീ. പിണറായി വിജയൻ : നിരോധനമാണ് നമ്മൾ പിൻവലിച്ചിരിക്കുന്നത്. ആ ബാൻ എടുത്തു കളയുകയാണ്. അങ്ങനെ വരുമ്പോൾ എത്ര കണക്ഷനുകൾ കൊടുക്കാൻ കഴിയുമെന്നുള്ളതിനെ സംബന്ധിച്ച കണക്ക് ഇപ്പോൾ എന്റെ കൈയിലില്ല.

ശ്രീ. ടി.എം. ജേക്കബ് : നമ്മുടെ സംസ്ഥാനത്ത് ഏറ്റവുമടുത്ത് തീരുന്ന ഒരു പ്രോജക്ടാണ് ലോവർ പെരിയാർ പ്രോജക്ട്. അടുത്ത കാലത്തുണ്ടായ ഫ്ലഡിൽ അതിന്റെ ചില ടർബയിനറുകൾക്ക് കേടു പറ്റുകയും ചെയ്തിട്ടുണ്ട്. അങ്ങനെ സംഭവിക്കാനുള്ള കാരണം എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത് ഇതിന്റെ മുകളിൽ കെട്ടിയിട്ടുള്ള വിയറിനിടേണ്ട ഷട്ടർ ഇതുവരെ വന്നിട്ടില്ലയെന്നതാണ്. വളരെ നാളുകൾക്കു മുമ്പ് ഓർഡർ ചെയ്ത ആ ഷട്ടർ വരാനുള്ള കാലതാമസം എന്താണ്? അത് കഴിയുന്നതും വേഗം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ : മുമ്പ് അത് പറഞ്ഞിട്ടുണ്ട്. ഈ ഷട്ടറുകൾ ഉയർത്താനുള്ള ഹോയ്സ്റ്റ് അത് കിട്ടാനാണ് നമുക്ക് പ്രയാസം വന്നത്. ഹോയ്സ്റ്റ് ഉണ്ടാക്കുന്ന കമ്പനിയുമായിട്ട് ബന്ധപ്പെടുന്നതിന് കേന്ദ്ര വ്യവസായമന്ത്രിയെ തന്നെ ഞങ്ങൾ പോയികണ്ടിരുന്നു. അത് വേഗം ഉത്പ്പാദിപ്പിക്കാനുള്ള നിർദ്ദേശം അദ്ദേഹം കൊടുത്തിട്ടുണ്ട്. വേഗം കിട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത്. എന്തെങ്കിലും പ്രയാസം വരുന്നുവെങ്കിൽ അതിന് ചില പാരലൽ സംവിധാനങ്ങളും ഉണ്ടാക്കുന്നുണ്ട്.

ശ്രീ. എ. നീലലോഹിതദാസൻ നാടാർ : സംസ്ഥാനത്ത് പൊതുവേ, ദേശസാൽകൃതമേഖലയിൽ പ്രത്യേകിച്ച് അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന യാത്രാക്ലേശത്തെക്കുറിച്ച് ബഹുമാനപ്പെട്ട അങ്ങേയ്ക്കും ഈ സഭയിലെ

LIBRARY ARCHIVES Kerala Legislative Assembly

എല്ലാവർക്കും അറിയാവുന്നതാണ്. പാപ്പനംകോട് സെൻട്രൽ വർക്സിൽ ഏർപ്പെടുത്തിയിട്ടുള്ള പവർകട്ട് പുതിയ ബസ്സുകൾ പുറത്തിറക്കുന്നതിന് തടസ്സമായിട്ട് നിൽക്കുന്നു. അതുകൊണ്ട് സെൻട്രൽ വർക്സിൽ ഏർപ്പെടുത്തിയിരിക്കുന്ന പവർകട്ട് പിൻവലിക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ?

ശ്രീ. പിണറായി വിജയൻ : അത് ഇതിന്റെ ഭാഗമായിട്ട് പറയേണ്ടതുണ്ടായിരുന്നില്ല അത് ഇതിനു മുമ്പ് തന്നെ പറഞ്ഞിരുന്നുവെങ്കിൽ ഒഴിവാക്കുന്ന പ്രശ്നമേയുള്ളു.

ശ്രീ. പി.പി. തങ്കച്ചൻ : സർ. അങ്ങയുടെ ഒരു പ്രസ്താവന കണ്ടു നമുക്ക് ഇപ്പോൾ ഈ പറയുന്ന വൈദ്യുതിക്ക് പുറമേ കേന്ദ്ര പൂളിൽ നിന്നും അതുപോലെതന്നെ പശ്ചിമബംഗാളിൽ നിന്നും ഒരു പർട്ടിക്കുലർ യൂണിറ്റ് വൈദ്യുതി കിട്ടാൻ സാദ്ധ്യതയുണ്ടെന്ന്. അതിന് എന്തെങ്കിലും നടപടികളായോ? കിട്ടാൻ സാദ്ധ്യതയുണ്ടോ?

ശ്രീ. പിണറായി വിജയൻ : പശ്ചിമബംഗാൾ വൈദ്യുതി തരാൻ തയ്യാറാണ്. അതിനുള്ള സാങ്കേതികപ്രശ്നം ആന്ധ്ര വരെയാണ് അവർക്കു ലൈനുള്ളത്. ആന്ധ്രയിൽ എത്തിയിട്ട് അവിടെ നിന്നു നാം ഇങ്ങോട്ടു എടുക്കണം. അപ്പോൾ രണ്ടു ലൈനിന്റേയും കപ്പാസിറ്റി എത്രയാണെന്നുള്ള പ്രശ്നം ഉയർന്നുവരുന്നുണ്ട്. അതു സംബന്ധിച്ച് പരിശോധിക്കാൻവേണ്ടി ഇവിടെ നിന്നു സാങ്കേതിക വിദഗ്ദ്ധരെ ചുമതലപ്പെടുത്തിയിരുന്നു. അടുത്ത ദിവസം സതേൺ ഗ്രിഡിന്റെ യോഗത്തിനുവേണ്ടി കെ.എസ്.ഇ.ബി. ചെയർമാൻ പോയിരുന്നു. അപ്പോൾ ആന്ധ്ര ഇലക്ട്രിസിറ്റി ബോർഡിന്റെ ചെയർമാനുമായി സംസാരിക്കാമെന്നായിരുന്നു വിചാരിച്ചിരുന്നത്. അദ്ദേഹം ആ യോഗത്തിൽ എത്തിയില്ല. അതുകൊണ്ട് കൂടുതൽ സംസാരം അന്നു നടത്താൻ കഴിഞ്ഞില്ല. ഏതായാലും അതു പരിശോധിച്ചു കൊണ്ടിരിക്കുകയാണ്. കേന്ദ്രത്തിന്റേത് ആദ്യം പറഞ്ഞത് കുറച്ചു നാളത്തേക്ക് ഏഴുലക്ഷം യൂണിറ്റ് വൈദ്യുതി തരാമെന്നാണ്. അതവർ തന്നിട്ടുണ്ട്. അപ്പോൾ മഴ വന്നു. വല്ലാതെ കാറ്റടിച്ചു. നമ്മുടെ സിസ്റ്റം ആകെ തകരാറിലായി. വേണ്ടത്ര ഉപയോഗിക്കാൻ കുറെ ദിവസങ്ങളിൽ കഴിഞ്ഞില്ലയെന്നുള്ള പ്രശ്നം ഉണ്ടായിരുന്നു.

ശ്രീ. ബാബുദിവാകരൻ : നമ്മൾ ഇപ്പോൾ ജലവൈദ്യുത പദ്ധതികൾക്കുപരിയായി മറ്റു പദ്ധതികളാണ് വിഭാവന ചെയ്തിട്ടുള്ളത്. ഇതിന്റെ യൂണിറ്റുവൈസായുള്ള പ്രൊഡക്ഷൻ കോസ്റ്റ് ജലവൈദ്യുതിയുമായി താരതമ്യപ്പെടുത്തുമ്പോൾ വളരെ വലിയ വ്യത്യാസമുണ്ടെന്നുള്ളതു കൊണ്ട് ജലവൈദ്യുത പദ്ധതികൾ കൂടി ഇതിനോടൊപ്പം തന്നെ. എങ്കിൽ മാത്രമേ നമുക്ക് ഗാർഹികാവശ്യത്തിനെങ്കിലും മിതമായ വിലയ്ക്ക് വൈദ്യുതി നൽകാൻ കഴിയൂ എന്നത് പരിഗണിച്ച്, സംയുക്തമായി കൊണ്ടു പോകാനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ : അതു തന്നെയാണ് ഉദ്ദേശിക്കുന്നത്. ഇതു രണ്ടും സംയുക്തമായി പൂൾ ചെയ്ത് കൊടുക്കാനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ : ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ ഡിമാൻഡും സപ്ലൈയും തമ്മിലുള്ള അന്തരം തന്നെയാണ് ഇവിടത്തെ വലിയ പ്രശ്നമെന്നു പറയുകയുണ്ടായി.

അതുതന്നെയാണ് ശരി. അപ്പോൾ കെ.എസ്.ഇ.ബി. പവർ ഉൽപ്പാദിപ്പിച്ച് എല്ലാ പ്രൈവറ്റുകാർക്കും വിതരണം ചെയ്യുന്നതിന് നേതൃത്വം കൊടുക്കുക എന്നതിനു പകരം പവർ ജനറേഷന് പ്രൈവറ്റ് സെക്ടറെ ഉയർത്തി



LIBRARY ARCHIVES Kerala Legislative Assembly

ക്കൊണ്ടു വരുന്ന കാര്യത്തിൽ ഉദാരമായ ഒരു നയം എടുക്കുകയാണ് വേണ്ടത്. ആ കാര്യത്തിൽ നടപടിക്രമങ്ങൾ ലഘൂകരിച്ച് ഫാക്ടറികൾക്കൊക്കെത്തന്നെ അവരുടെ ജനറേഷനുവേണ്ടി എൻ.ഒ.സി. കൊടുക്കുന്ന വിധത്തിലുള്ള ഒരു സമീപനം സ്വീകരിക്കാൻ സാധിക്കുമോ? അതോടൊപ്പം തന്നെ ഇവിടെ പറഞ്ഞതുപോലെ നോൺ - കൺവെൻഷണൽ എനർജി തുടങ്ങിയവയ്ക്കൊക്കെ നേതൃത്വം കൊടുക്കുന്ന അനെർട്ട് പോലെയുള്ള സംഘടനകളെ ഈ രംഗത്ത് കൊണ്ടുവന്ന് ഡൊമസ്റ്റിക് കൺസംഷന്റെ ഒരു നല്ല വശം അവർ മുഖേന നിർവഹിക്കാൻ സാധിക്കുമോ? ഈ രണ്ടു കാര്യത്തിലും ക്ലീയറായ മറുപടി പറയാമോ?

ശ്രീ. പിണറായി വിജയൻ : ഇതു രണ്ടും പ്രോത്സാഹിപ്പിക്കുന്ന സമീപനം തന്നെയാണ് ഇപ്പോഴുള്ളത്. സ്വകാര്യ ഫാക്ടറികൾക്ക് അവരുടേതായിട്ടുള്ള ജനറേറ്ററുകൾ വയ്ക്കുന്നതിന് ഇപ്പോൾ ഒരു തടസ്സവുമില്ല. അവരെ പ്രോത്സാഹിപ്പിക്കുന്ന സമീപനം തന്നെയാണ് ഗവൺമെന്റ് തുടർന്നു വരുന്നത്. അനെർട്ടിനും ഇപ്പോൾ തന്നെ പ്രോത്സാഹനം ഉണ്ട്. ഇനിയും പ്രോത്സാഹിപ്പിക്കാവുന്നതാണ്.

ശ്രീ. സി.പി.ബാലൻവൈദ്യർ : അങ്ങ് ഇവിടെ പറഞ്ഞ സ്റ്റേറ്റുമെന്റ് ഒരാശ്വാസം തരുന്നതാണ്. ആശ്വാസം തരുന്നുണ്ടെങ്കിലും ജലവൈദ്യുത പദ്ധതികൾക്ക് കൂടുതൽ ഊന്നൽ കൊടുക്കുക എന്ന ഒരു സമീപനം ഗവൺമെന്റ് സ്വീകരിക്കുമോ? അതിൽ സൈലന്റുവാലി പദ്ധതി നേരത്തെ ഏതോ ഒരു കുരങ്ങിന്റെ പേരു പറഞ്ഞാണ് ഉപേക്ഷിച്ചത്. പൂയംകുട്ടി പദ്ധതി പോലുള്ള മറ്റു പദ്ധതികൾക്ക് വരുന്നത്ര ബുദ്ധിമുട്ട് സൈലന്റ് വാലി പദ്ധതിയെ സംബന്ധിച്ച് ഇല്ലെന്നു വിദഗ്ദ്ധന്മാർ പറയുന്നുണ്ട്. അതുകൊണ്ട് ഒരു കുരങ്ങിന്റെ പേരിൽ മാറ്റി വയ്ക്കാൻ ആലോചിച്ച സൈലന്റുവാലി പദ്ധതിയെക്കുറിച്ചു വീണ്ടുമൊരു പരിശോധനയ്ക്ക് ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. പിണറായി വിജയൻ : വിദഗ്ദ്ധന്മാർ പലതരമുണ്ടല്ലോ. ഏതു തരം വിദഗ്ദ്ധന്മാരെയാണ് ബഹുമാനപ്പെട്ട വൈദ്യർ ഉദ്ദേശിച്ചതെന്നറിയില്ല. സൈലന്റുവാലിയെ സംബന്ധിച്ചാണ് ഏറ്റവും കടുത്ത എതിർപ്പ് ഇവിടെ ഉയർന്നുവന്നിരുന്നത്. അതിനുശേഷമാണ് പൂയംകുട്ടിയുടെ പ്രശ്നം നമുക്ക് വാഗ്ദത്തമായി കിട്ടിയത്. ആ പൂയംകുട്ടിയുടെ പ്രശ്നം തന്നെ ഇപ്പോൾ എതിർപ്പിൽ കിടക്കുകയാണ്. ആദ്യം അതിനു അനുമതി വാങ്ങാനാണ് നാം ശ്രമിക്കേണ്ടത്. ആ ശ്രമമാണ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്.

മി. സ്പീക്കർ : ഇവിടെ 17 പേർ എഴുതി തന്നു. എട്ടുപേരെ വിളിച്ചു. മതിയാക്കാമെങ്കിൽ അവസാനിപ്പിക്കാം. അപ്പോൾ അവസാനിപ്പിക്കാമെന്ന ഒപ്പീനിയൻ വന്നതുകൊണ്ട് ഞാൻ ദീർഘിപ്പിക്കുന്നില്ല.

## XIII. അവകാശലംഘന പ്രശ്നങ്ങൾ

മി. സ്പീക്കർ : 1996 ജൂലായ് 18-ാം തീയതി അടിയന്തിരപ്രമേയത്തിന്റെ നോട്ടീസിന് മറുപടി പറയവെ മുഖ്യമന്ത്രി നടത്തിയ ചില പരാമർശങ്ങളെ ആധാരമാക്കി അദ്ദേഹത്തിനെതിരെ അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് ശ്രീ. എം.കെ. മുനീറും ശ്രീമതി റോസമ്മ ചാക്കോയും അന്നേദിവസം തന്നെ മുഖ്യമന്ത്രി സഭയിൽ നടത്തിയ ഒരു പ്രസ്താവനയിലെ ചില പരാമർശങ്ങളെ ആധാരമാക്കി അദ്ദേഹത്തിനെതിരെ അവകാശലംഘന പ്രശ്നമുന്നയിക്കുന്നതിന് ശ്രീ. ഇ.എം.അഗസ്തിയും 1996 ജൂലൈ 19.23 എന്നീ തീയതിക

LIBRARY ARCHIVES Kerala Legislative Assembly

ളിലെ മലയാള മനോരമ പത്രത്തിൽ അവകാശ ലംഘന നോട്ടീസുകളെപ്പറ്റി വന്ന വാർത്തയെ അടിസ്ഥാനമാക്കി പ്രസ്തുത പത്രത്തിന്റെ ചീഫ് എഡിറ്റർ ശ്രീ.കെ.എം. മാത്യു, തിരുവനന്തപുരം എഡിഷൻ പ്രിന്റർ ആന്റ് പബ്ലിഷർ ശ്രീ. ജേക്കബ് മാത്യു. നിയമസഭാ സാമാജികരായ ശ്രീ എം.കെ. മുനീർ, ശ്രീമതി റോസമ്മ ചാക്കോ എന്നിവർക്കെതിരെ അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് ശ്രീ. സി.പി. ബാലൻവൈദ്യരും നൽകിയിട്ടുള്ള നോട്ടീസുകൾ ചെയറിന്റെ പരിഗണനയിലാണ്.

ശ്രീ. കെ.സി. ജോസഫ് : സഭ ഇന്നു പിരിയുന്ന ദിവസമാണ് മുഖ്യമന്ത്രി ഇല്ല.

മി. സ്പീക്കർ : അതൊക്കെ ഇവിടെ ഉണ്ടായിട്ടുണ്ട്.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, മുഖ്യമന്ത്രി എന്നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഗവൺമെന്റിന് ഉടനെ മറ്റു ബിസിനസ്സുകളൊന്നും നടത്താനില്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേക്ക് പിരിയണമെന്ന് ഞാൻ ഗവൺമെന്റിനുവേണ്ടി അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : ചെയറിനോട് സഹകരിച്ചതിന് എല്ലാവർക്കും നന്ദിരേഖപ്പെടുത്തികൊണ്ട് സഭ അനിശ്ചിത കാലത്തേക്ക് പിരിയുന്നു.

(സഭ വൈകുന്നേരം 4.15-ന് അനിശ്ചിതകാലത്തേക്കു പിരിഞ്ഞു)

Editor of Debates : Smt. P. Vasanthakumari.

LIBRARY ARCHIVES Kerala Legislative Assembly

## അനുബന്ധം - I

**(29/7/96-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 37(2388) കാണുക)**

5 ലക്ഷം രൂപയിൽ കൂടുതൽ ഇളവു നൽകിയ സ്ഥാപനങ്ങളുടെ പേരു വിവരം താഴെ ചേർക്കുന്നു. അവ എല്ലാം തന്നെ സിക്ക് യൂണിറ്റുകൾ ആയിരുന്നു. നൽകിയ ആനുകൂല്യം പേരിനോടൊപ്പം ചേർത്തിരിക്കുന്നു.

| | (രൂപ ലക്ഷത്തിൽ) |
|---|---|
| 1. ഏഷ്യൻ പ്ലാസ്റ്റിക്സ്, പത്തനംതിട്ട | 10.73 |
| 2. വേങ്ങൽ അലുമിനിയം ഇൻഡസ്ട്രീസ്, പത്തനംതിട്ട | 5.28 |
| 3. അയോദ്ധ്യാ പ്രിന്റേഴ്സ്, എറണാകുളം | 6.65 |
| 4. സൂപ്പർ ഇൻഡസ്ട്രീസ് ആന്റ് സൂപ്പർ ഫാസ്റ്റ് നേഴ്സ്, എറണാകുളം | 5.88 |
| 5. അമ്പിളി ഇൻഡസ്ട്രീസ്, കൊല്ലം | 6.64 |
| 6. സ്റ്റാർ സീഫുഡ്സ്, കണ്ണൂർ | 12.55 |
| 7. വെസ്റ്റേൺ ഇൻഡ്യ സോപ്പ്സ്, കണ്ണൂർ | 6.63 |
| 8. വിനായകാ ഫാസ്നേഴ്സ്, തൃശ്ശൂർ | 6.27 |

## അനുബന്ധം - II

**(29/7/96-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 60(2415) കാണുക)**

GOVERNMENT OF KERALA

Abstract

Abkari – Enlisting Public Co-operation in the detection of illicit distillation, transport, Sale of Arrack – Peoples Committee – Constituted – Orders issued –

Taxes (G) Department

G.O.(MS)No.109/96/TD Dated, Thiruvananthapuram, 15-7-1996

Read:- 1. G.O.(MS)No.64/96/TD dated 26-3-1996.

2. G.O. letter No.XA1-25000/95 dated 9-7-1996 from the Member, Board of Revenue and Commissioner of Excise, Thiruvananthapuram.

LIBRARY ARCHIVES Kerala Legislative Assembly

## ORDER

In the G.O. read as first paper above, Government constituted a high level committee for the review of implementation of arrack ban in the State with effect from 1-4-1996. There are reports of clandestine distillation and illegal sale of arrack in various parts of the State. Government are therefore pleased to constitute the following committees to monitor and arrest the illicit distillation, transport and sale of arrack in the State.

I. State level Committee

| | |
|---|---|
| Chief Minister | - Chairman |
| Minister (Finance & Excise) | - Vice Chairman |
| Minister (Revenue) | - Member |
| Minister (Local Administration) | - Member |
| Leader of Opposition | - Member |
| Sri. Baby John, Minister (Irrigation and Labour) | - Member |
| Sri. A.C. Shanmuga Das, Minister (Health & Sports) | - Member |
| Sri. P.J. Joseph, Minister (Education & P.W.D) | - Member |
| Sri. P.R. Kurup, Minister (Transport & Forest) | - Member |
| Sri. K.M. Mani, M.L.A. | - Member |
| Sri. T.M. Jacob, M.L.A. | - Member |
| Sri. P.K. Kunhalikutty, M.L.A. | - Member |
| Sri. R. Balakrishna Pillai, M.L.A. | - Member |
| Chief Secretary | - Member |
| Director General of Police | - Member |
| Excise Commissioner | - Member |
| Secretary (Taxes) | - Member& Convener |

This committee will meet at least once in two months to review the position and suggest remedial measures to prevent illegal distillation etc. of arrack. T.A./D.A. will be given to the non-official members of the committee treating the committee as First Class Committee.

II. District Level Committee

| | |
|---|---|
| District Collector | - Chairman |
| Superintendent of Police | - Member |
| President of the District Panchayat | - Member |
| M.L.A's & M.P.'s of the District | - Members |
| Mayor of the Municipal Corporation/ Municipal Chairman of the District | - Members |



LIBRARY ARCHIVES Kerala Legislative Assembly

| | | |
|---|---|---|
| Presidents of Block Panchayats in the District | - | Member |
| Assistant Excise Commissioner | - | Member & Convener. |

This committee will review the progress of implementation of the commition and discuss the shortcomings in the implementation, if any. The members will provide information to the committee for taking action in such cases. This committee will meet once in a month. The members of the committee will be eligible for T.A. as per rules.

III. Block Level Committee

| | | |
|---|---|---|
| Revenue Divisional officer | - | Chairman |
| Panchayat President of all Panchayats in the Block | - | Member |
| Block Panchayat President | - | Member |
| Deputy Superintendent of Police | - | Members |
| Circle Inspectors of Excise | - | Members |
| Circle Inspector of Police | - | Member |
| Tahsildar of the Taluk | - | Member |

One of the Circle Inspectors of the concerned of the Block will be the convenor of the committee. This committee will be responsible for collecting information on the illegal distillation and illegal sale of arrack as well as to formulate effective measures for preventing such illegal activities by passing on information to the concerned Excise, Revenue and Police Officers for most urgent action in such cases. The Circle Inspectors of Excise and Police will report action being taken to control illegal sale and illegal distillation of liquor in their jurisdiction in the meetings of the committee. The members of the committee will be eligible for T.A./D.A. as per rules.

The District Collectors will send review reports of the functioning of these committees every month to the Excise Minister.

By Order of the Governor,
N.M. SAMURL
Secretary to Government

To

P.S. to Chief Minister
P.S. to Minister (Finance & Excise)
P.S. to Minister(Revenue)
P.S. to Minister (Local Administration)
P.S. to Minister (Irrigation & Labor)

LIBRARY ARCHIVES Kerala Legislative Assembly

P.S. to Minister (Health & sports)

P.S. to Minister (Education & P.W.D.)

P.S. to Minister (Transport & Forest)

The Leader of Opposition and other leaders of Political Parties who are represented in the Assembly.

All M.L.A.'s and M.P.'s

Deputy Secretary to Chief Secretary.

Director General of Police, Thiruvananthapuram.

All District Collectors

All Superintendents of Police.

Excise Commissioner, Board of Revenue, Thiruvananthapuram.

Revenue Divisional Officers.

All panchayat Presidents.

Block Panchayat Presidents.

Circle Inspectors of Excise and Police.

Tahsildars.

Municipal Chairman of the District.

All Assistant Excise Commissioners.

Copy to:- Director of Public Relations, Thiruvananthapuram.

Forwarded/By Order

Section Officer

## അനുബന്ധം - III

(29/7/96-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 81(2443) കാണുക)

### പഞ്ചായത്തുകളുടെ ജില്ല തിരിച്ചുള്ള കണക്ക്

| ജില്ലയുടെ പേര് | ഗ്രാമ പഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് | ജില്ലാ പഞ്ചായത്ത് |
|---|---|---|---|
| 1. തിരുവനന്തപുരം | 84 | 12 | 1 |
| 2. കൊല്ലം | 71 | 13 | 1 |
| 3. ആലപ്പുഴ | 71 | 12 | 1 |
| 4. പത്തനംതിട്ട | 54 | 9 | 1 |
| 5. കോട്ടയം | 73 | 11 | 1 |

2/1203/2002.

LIBRARY ARCHIVES Kerala Legislative Assembly

| | | | |
|---|---|---|---|
| 6. ഇടുക്കി | 51 | 8 | 1 |
| 7. എറണാകുളം | 86 | 15 | 1 |
| 8. തൃശൂർ | 98 | 17 | 1 |
| 9. പാലക്കാട് | 90 | 17 | 1 |
| 10. മലപ്പുറം | 94 | 14 | 1 |
| 11. കോഴിക്കോട് | 76 | 12 | 1 |
| 12. വയനാട് | 24 | 3 | 1 |
| 13. കണ്ണൂർ | 82 | 9 | 1 |
| 14. കാസറഗോഡ് | 37 | 4 | 1 |
| **ആകെ** | **991** | **152** | **14** |

## അനുബന്ധം - IV

**(29/7/96-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 168(2545) കാണുക)**

### ഗ്രാമപ്പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ

1. നെൽകൃഷി വികസനത്തിന് ഗ്രൂപ്പ് ഫാമിംഗ്
2. ഗ്രൂപ്പ് ഫാമിംഗ് സമിതികൾ/സർവീസ് സഹകരണ സംഘങ്ങൾ വഴി ഭക്ഷ്യ ധാന്യ വിത്തുല്പാദന പരിപാടി.
3. നിയന്ത്രണാതീതമായ കീടബാധകൾക്കെതിരെ സാമൂഹ്യാടിസ്ഥാനത്തിലുള്ള നിയന്ത്രണ സംവിധാനം
4. കർഷക സംഘടനകൾ മുഖാന്തിരമുള്ള ജൈവവള വികസനം.
5. സമഗ്ര നാളികേര വികസന പദ്ധതി
6. കശുമാവ് കൃഷിയുടെ വിസ്തൃതി വർദ്ധിപ്പിക്കലും പുതിയ നടീലും
7. പയറു വർഗ വികസനം
8. ചെറുകിട കൃഷിയിടങ്ങൾക്കനുയോജ്യമായ യന്ത്രവൽക്കരണം.
9. പഴവർഗവികസനം
10. പച്ചക്കറി വികസനം
11. ഔഷധസസ്യങ്ങളുടെ വികസനം
12. പഞ്ചക പദ്ധതി
13. കാർഷിക ഉൽപാദന പരിപാടികളിൽ പൊതുജന പങ്കാളിത്തം

### ജില്ലാ പഞ്ചായത്ത്

1. പ്രത്യേക പ്രശ്നങ്ങൾ ഉള്ള പ്രദേശങ്ങളിലെ നെൽകൃഷി വികസനം.

LIBRARY ARCHIVES Kerala Legislative Assembly

2. കൃഷിവകുപ്പിന്റെ നഴ്സറികളിലൂടെ തെങ്ങിൻ തൈകളുടെ ഉത്പാദനവും വിതരണവും.
3. ഡിപ്പാർട്ടുമെന്റ് കൃഷിസ്ഥലങ്ങൾ മുഖേന നടീൽ വസ്തുക്കളുടെ ഉത്പാദനം വർദ്ധിപ്പിക്കൽ.
4. രാസവളങ്ങളുടെയും കീടനാശിനികളുടേയും ഗുണനിയന്ത്രണം - അധികം സൗകര്യങ്ങൾ ഏർപ്പെടുത്തൽ.
5. അധിക വിളവു വരുന്ന കിഴങ്ങുവർഗ്ഗങ്ങളുടെ ഉല്പാദനം വികസനം.
6. ട്രാക്ടർ വാങ്ങൽ ഉൾപ്പെടെ കാർഷിക എഞ്ചിനീയറിംഗ് സർവീസുകൾക്കുള്ള അറ്റകുറ്റപണികൾ.
7. പ്രത്യേക പ്രദേശങ്ങളിൽ മാത്രം വളരുന്ന വിളകളുടെ വികസനം.
8. സ്വകാര്യമേഖലയിൽ അംഗീകൃത നേഴ്സറികൾക്ക് പ്രോത്സാഹനം നൽകൽ.

LIBRARY ARCHIVES Kerala Legislative Assembly